# ദേവനന്ദ

Devanandha | Author : Villi | www.kambistories.com

" ഇനി ഇപ്പൊ ഞാൻ എന്ത് ചെയ്യും ഹരി ..?. "

" ഇനി എന്ത് ചെയ്യാൻ. കെട്ടും കഴിഞ്ഞു പെണ്ണ് നിന്റെ വീട്ടിലും വന്നു. നിന്റെ അമ്മയും ചേച്ചിയും ഒക്കെ അവളെ നിന്റെ ഭാര്യ ആയിട്ട് അംഗീകരിക്കുകയും ചെയ്തു. ഇനി ഇതിൽ എന്ത് ചെയ്യാൻ ? "

" അതല്ല കോപ്പേ. ഞാൻ എങ്ങനെ അവളെ..... ഒരു ഭാര്യ ആയിട്ട്... അതും ഒരു പരിചയവും ഇല്ലാത്ത ഒരുത്തിയെ ... അതും അത്തരക്കാരിയായ ഒരുത്തിയെ... "

" ഹേ അവളെ കണ്ടിട് എനിക്ക് തോന്നുന്നില്ല അളൊരു പിഴ ആണെന്ന്. അതൊരു പാവം പെണ്ണായിട്ടാ എനിക്ക് തോന്നുന്നേ.... "

" ഈ കോളേജ് പിള്ളേർ ഫീസ് അടക്കാനും മറ്റും ഒക്കെ ഇത്തരത്തിൽ ഉള്ള പണിക് ഇറങ്ങാർ ഉണ്ട് എന്ന് ഞാൻ കേട്ടിട്ടുണ്ട്. ബാംഗ്ലൂർ പോലുള്ള വലിയ സിറ്റികളിൽ. പക്ഷെ അതൊക്കെ നമ്മുടെ ഈ നാട്ടിലും അതും നമ്മുടെ കോളേജിലെ ഒരു കുട്ടി..... ശേ.. അങ്ങനെ ഒക്കെ ഉണ്ടാകും എന്ന് ഞാൻ സ്വപ്നത്തിൽ പോലും പ്രതീക്ഷിച്ചിട്ടില്ല... "

"' നീ വെറുതെ എഴുതാപ്പുറം വായിക്കല്ലേ. നീ അവളോട് ഒന്ന് പോയി സംസാരിക്കു. ചിലപ്പോ നീ കരുതുന്ന പോലെ ഒന്നും ആകില്ല സത്യം.. "

" ഇനി എന്ത് ചോദിക്കാനാ അവളെ കാണുമ്പോ തന്നെ എനിക്ക് എന്തോ വെറുപ്പാ....

ഇതിപ്പോ വീട്ടുകാർ അറിഞ്ഞു പോയി ഒന്നും ചെയ്യാൻ പറ്റാത്ത അവസ്ഥ. ഇല്ലേ വരുന്ന വഴിയിലെവിടെ എങ്കിലും ഇറക്കി വിട്ടേനെ പുല്ലിനെ...... "

" നിന്റെ 'അമ്മ എന്ത് പറഞ്ഞു... "

" നിന്നിൽ നിന്നും ഞാൻ ഇത്ര ഒക്കെയേ പ്രതീക്ഷിക്കുന്നുള്ളു എന്ന് മാത്രം പറഞ്ഞു. .....' എനിക്ക് എന്താ പറയാൻ ഉള്ളത് എന്ന് കൂടി കേൾക്കാൻ 'അമ്മ കൂട്ടാക്കിട്ടില്ല. പിന്നെ ഉള്ള ഏക ആശ്വാസം ഏടത്തിയാ പറഞ്ഞത് ഒന്നും വിശ്വസിച്ചിട്ടില്ലെങ്കിലും അവര്ക്ക് വലിയ പ്രോബ്ലം ഇല്ല. പിന്നെ ഏട്ടൻ വിളിച്ചിരുന്നു കുറേ ഉപദേശിച്ചു ചീത്ത പറഞ്ഞു ... "

" പോട്ടെടാ.. എല്ലാം നല്ലതിനാ എന്ന് കരുതാം."

" എന്ത് നല്ലത്? അനാശ്യാസത്തിന് എന്നെ പോലീസ് പിടിക്കുന്നത് ആണോടാ കോപ്പേ നല്ലത്. അതോ അതുപോലെ ഒരെണ്ണത്തിനെ ഭാര്യ ആക്കേണ്ടി വന്നതാണോ നല്ലത്.. "

" എടാ ഞാൻ അതല്ല ഉദ്ദേശിച്ചത്.... "

www.kambistories.com

" നിനക്കൊന്നും എന്റെ അവസ്ഥ പറഞ്ഞാൽ മനസിലാവില്ല. "

എനിക്ക് ഒന്നും മിണ്ടാൻ ഇല്ലായിരുന്ന. കലങ്ങിയ കണ്ണും മനസുമായി ഞാൻ വീട്ടിലേക്കു നടന്നു.

ഈ ഒരൊറ്റ ദിവസം കൊണ്ട് എന്തൊക്കെയാണ് എനിക്ക് സംഭവിച്ചത്. ഈ നാശം പിടിച്ച ദിവസം.....

അമ്മ എത്ര തവണ പറഞ്ഞു ഈ നശിച്ച ക്രിക്കറ്റ് കളി നിർത്താൻ ? ന്നിട്ടും കേൾക്കാതെ ഞാൻ എന്തിനാ ടൂർണമെന്റിന് അവിടെ പോയി ? അന്ന് തന്നെ തിരിച്ചു വരമായിരുന്നിട്ടും എന്തിന് ഞാൻ അവിടെ ഹോട്ടലിൽ റൂം എടുത്തു. അതിനെല്ലാം അവസാനമായി ആ പിഴച്ചവൾ എന്തിന് എന്റെ റൂമിലേക്കു കേറി വന്നു ?

റൂം മാറി കേറിയതാവും അതിനുള്ള ഉത്തരം ഞാൻ തന്നെ കണ്ടെത്തി..

എങ്കിലും ആ കൃത്യ സമയത്ത് എങ്ങനെ അവിടെ അത്രയും ആളുകൾ എത്തി ?

അവർ കയറി വന്നതേ

" നായിന്റെ മോനെ ഈ കൊച്ചും നീയും തമ്മിൽ എന്താടാ ബന്ധം? "

എന്ന് ചോതിക്കലും മുഖം അടച്ചൊരു അടിയും ഒരുമിച്ച് ആയിരുന്നു. കണ്ണ് തുറക്കുമ്പോൾ എന്റെ ചുറ്റും ആളുകൾ ആണ് കൂടെ പോലീസും.

www.kambistories.com

ആ റൂമിൽ അമ്മയെയും ഏടത്തിയെയും അല്ലാതെ എനിക്ക് വേറെ ആരെയും പരിജയം ഇല്ലായിരുന്നു.

അവരുടെ മുഖത്തെ എന്നോടുള്ള ദേഷ്യവും

ആ പെണ്ണിന്റെ കരച്ചിലും അതിന്റെ 'അമ്മ എന്ന് തോന്നിക്കുന്ന ഒരു തള്ളയുടെ പ്രാക്കും എല്ലാം കേട്ടപ്പോൾ തന്നെ എന്തോ പന്തികേട് ഉണ്ട് എന്ന് എനിക്ക് തോന്നിയത് ആണ്. പക്ഷെ എന്റെ കല്യാണം ആണ് അവരുടെ മനസ്സിൽ എന്ന് അറിഞ്ഞിരുന്നില്ല.

അറിഞ്ഞിരുന്നു എങ്കിലും ഗുണം ഉണ്ടാകുമായിരുന്നു എന്നെനിക് തോന്നുന്നില്ല..

എല്ലാം അവർ ഉറപ്പിച്ചിരുന്നു. ഈ നാണക്കേടിൽ നിന്ന് രക്ഷപെടാൻ ഇരു വീട്ടുകാർക്കും അതെ വഴി ഉണ്ടായിരുന്നുള്ളു. എങ്കിലും എതിർത്ത് നോക്കി ഞാൻ. എന്റെ വാക്കിന് അവിടെ ഒരു പ്രസക്തിയും ഇല്ലെന്നു ആ പോലീസ് കാരന്റെ തെറി വിളിയിൽ നിന്നെനിക്ക് മനസിലായി...

" കഴുവേറീടെ മോനെ മിണ്ടാതെ നിന്നോ. പ്രേമിച്ചു നടന്നിട്ട് കണ്ട ഹോട്ടലിൽ റൂമും എടുത്ത് കണ്ട തന്ത ഇല്ലാ തരം കാട്ടിതും പോരാ നിന്ന് പ്രസംഗിക്കുന്നോ. നാവടക്കി നിന്നോ നീയ്. "

പിന്നെ എല്ലാം പെട്ടന്ന് ആയിരുന്നു. രെജിസ്റ്റർ ഓഫീസിൽ പോയതും എല്ലാം. എന്തോ അവളെ എന്റെ തലയിൽ കെട്ടിവെക്കാൻ എല്ലാവർക്കും വലിയ ആവേശം ഉള്ളത് പോലെ തോന്നി ....

എല്ലാം കഴിഞ്ഞു ഇറങ്ങാൻ നേരം മേലാൽ രണ്ടാളും ആ വീടിന്റെ പടി ചവിട്ടരുത് എന്ന് പറഞ്ഞു അവളുടെ തള്ള ആട്ടുമ്പോളും ആ പെണ്ണ് കരയുക ആയിരുന്നു.

എല്ലാം വിധി. എന്റെ തലയിലെഴുത്. ഇനി ഞാൻ എങ്ങനെ കോളേജിൽ പോകും ഫ്രണ്ട്സിന്റെ മുഖത്തു എങ്ങനെ നോക്കും.. ഈ നശിച്ച നാട്ടുകാരെ എങ്ങനെ ഫേസ് ചെയ്യും..

മനസ്സിൽ ഒരുപാട് ചോദ്യങ്ങളോടെ ആണ് വീടിന്റെ ഉള്ളിലേക്കു കടന്നു ചെന്നത്. സമയം വൈകിട്ട ഏഴു മണി അടുത്തായിക്കാണും. സംഭവം കേട്ടറിഞ്ഞു അടുത്ത ചില ബന്ധുക്കളും അയൽക്കാരും വന്നിട്ടുണ്ട് എന്ന് അറിഞ്ഞിട്ട് ആണ് അയൽക്കാരും വന്നിട്ടുണ്ട് എന്ന് അറിഞ്ഞിട്ട് ആണ് ഞാൻ ഇത്രയും താമസിച്ചു വീട്ടിൽ എത്തിയത്. എങ്കിലും ചിലരിപ്പോഴും അവിടെ തമ്പടിച്ചിട്ടുണ്ടായിരുന്നു....

" ആഹ് വന്നല്ലോ മണവാള ചെക്കൻ. ?

എന്നാലും എന്റെ നന്ദൂട്ടാ നിനക്ക് ഇങ്ങനെ ഒരു ആഗ്രഹം ഉണ്ടായിയുന്നേൽ അത് അങ്ങ് പറഞ്ഞാൽ പോരായിരുന്നോ. ഈ വിളിച്ചിറക്കി കൊണ്ട് വന്നത് ശരി ആയില്ല..അതും ഈ പഠിക്കേണ്ട സമയത്തു .
"

വകയിൽ ഒരു ആന്റി ആണ് അത് പറഞ്ഞത്. വെറുതെ വിളിച്ചു കൊണ്ട് വന്നു എന്നാണെല്ലാവരും വിചാരിച്ചിരിക്കുന്നത് എന്നറിഞ്ഞപ്പോ തന്നെ ഒരു ആശ്വാസം തോന്നി.

" നീ ഇതെവിടെ ആരുന്നു നന്ദൂട്ടാ ? "

www.kambistories.com

റൂമിൽ നിന്നിറങ്ങി വന്ന ഏടത്തി എന്നോട് ചോതിച്ചു. ?

":നിന്നെ കാണാഞ്ഞു അമ്മാവൻ ദേ ഇപ്പൊ ഇറങ്ങിയേ ഒള്ളു... "

നന്നായി എന്ന് മനസ്സിൽ പറഞ്ഞു കൊണ്ട് ഞാൻ റൂമിലേക്കു നടന്നു. റൂമിൽ ചെന്നതേ ഒരു കൂട്ടം പെൺ പടകളെ ആണ് കണ്ടത്. ആന്റിയുടെ മോളും വേറെ കുറെ പെണ്ണുങ്ങളും ഒക്കെ കൂടി അവളുടെ ചുറ്റും ഇരുന്നു ചിരിയും കളിയും...

അവളുടെ ചിരിക്കുന്ന മുഖം കണ്ടതേ ഒരു തൊഴി വച്ചു കൊടുക്കാൻ തോന്നി. പിശാശ് ഇത്ര നേരം എന്ത് അഭിനയം ആയിരുന്നോ...

" ആ വന്നോ കള്ള കാമുകൻ? "

എന്നെ റൂമിൽ കണ്ടത്തെ അമ്മായിയുടെ മകൾ. മാളു ചോദിച്ചു ..

" എന്റെ പൊന്നു നന്ദു എന്ത് പാവം ആടാ ഈ പെണ്ണ്. എങ്ങനെ നീ ഇവളെ വളച്ചെടുത്തെടാ.. ഇത്രേം നേരോം കരച്ചിലും പിഴിച്ചിലും ആയിരുന്നു. ഇപ്പോള ഇതൊന്നു ചിരിച്ചു കാണുന്നെ... "

മാളു എന്നേക്കാൾ ഒരു വയസ്സിന് ഇളയതാണ് ങ്കിലും അവൾ എന്നെ പേരെ വിളിക്കാറുള്ളു...

" ഏതായാലും മോനു ലോട്ടറി ആണല്ലോ അടിച്ചിരിക്കുന്നെ.... "

" ലോട്ടറി.  നിന്റെ അമ്മേടെ തല..  മിണ്ടാണ്ട് പൊക്കോ മാളു നീയ് ..   "

" എന്റെ അമ്മെ നീ എന്തിനാടാ എന്നെ ചീത്ത വിളിക്കുന്നെ. ? ഞാൻ എന്ത് ചെയ്തിട്ടാ. "

" എന്റെ പൊന്നു മാളു ഒന്നും ഇല്ല.  നിങ്ങൾ ഒന്ന് പുറത്തേക്ക് പോയെ..  ദേ അതിനേം കൂട്ടിക്കോ. "

" അതോ?  ഏത് ?   "

മാളു തിരിച്ചു ചോദിച്ചു.

എന്നെ കണ്ടതും ചാടി എഴുന്നേറ്റ് നിന്നിരുന്ന അവൾ.  ഞാൻ ഉദ്ദേശിച്ചത് തന്നെ ആണെന്ന് മനസിലാക്കി ഒന്നും മിണ്ടാതെ മാളുവിന്റെ കൈ പിടിച്ചു പുറത്തേക് പോയി  ? കൂടെ ആ  വാനരപ്പടയും...

ഒരു സമാധാമം കിട്ടിയ പോലെ ഞാൻ ആ കട്ടിലിൽ കിടന്നു മെല്ലെ മയങ്ങി പോയി.....

" എടാ.... .  എഴുന്നേൽക്ക് വാ എന്തേലും വന്നു കഴിക്കു..  "

മാളു ആണ് നല്ല ഉറക്കത്തിൽ ആയിരുന്ന എന്നെ തട്ടി വിളിച്ചത്.

" എനിക്ക് വേണ്ട.  "

www.kambistories.com

ഞാൻ പതിയെ അവൾ നിന്നിരുന്നതിന് എതിർ വശത്തേക് തിരിഞ്ഞു കിടന്നു..

" ഫുഡ് വേണ്ടെങ്കിൽ വേണ്ട.  എഴുന്നേറ്റേ  ഞങ്ങൾക്കു ഈ ബെഡ് ഒക്കെ ഒന്ന് റെഡി ആകണം... "

" ബെഡോ എന്തിന് അതൊന്നും വേണ്ട "

" അത് നീ ആണോ തീരുമാനിക്കണേ.  അങ്ങോട് മാറിക്കെ നന്ദൂട്ടാ  നീയ്. "

ഏടത്തി റൂമിലേക്കു കയറി വന്നു എന്നെ കട്ടിലിൽ നിന്നും തള്ളി ഇറക്കി..

" ഏടത്തി ഇതെന്നാ ഭാവിച്ചാ "

" നിനക്കു എന്നാ ചെക്കാ.?   ഒരു പെണ്ണ് റൂമിൽ ആദ്യം ആയി വരുന്നതല്ലേ ഇത്തിരി നീറ്റക്കി ഇടനാടാ...

നീ ഒന്ന് പുറത്തേക്കു പൊക്കെ... "

വായിൽ തോന്നിയ തെറിയും വിളിച്ചു ഞാൻ റൂമിന് പുറത്തേക്ക് ഇറങ്ങി.  എന്തുകൊണ്ടോ ഭക്ഷണം കഴിക്കാൻ എനിക്ക് തോന്നി ഇല്ല.  ബഹളങ്ങൾ എല്ലാം കുറഞ്ഞു എല്ലാരും ഓരോ റൂമിൽ ചേക്കേറിയപ്പോൾ ഞാൻ പതിയെ എന്റെ റൂമിനുള്ളിലേക് കയറി.  നോക്കുമ്പോ ആരെയോ കാത്തു എന്ന വണ്ണം അവൾ ആ കട്ടിലിൽ ഇരിപ്പുണ്ടായിരുന്നു.. എന്നെ കണ്ടത്തെ കട്ടിലിൽ നിന്ന് ചാടി എഴുന്നേറ്റു ജനലിനരികിലേക്ക് നീങ്ങി നിന്നു അവൾ.  എനിക്ക് എന്തോ ദേഷ്യം ഇരച്ചു കയറി വന്നു...

ഇത്രയും നേരം എന്റെ വീട്ടുകാരുടെ മുന്നിൽ ഞാൻ അനുഭവിച്ചതെല്ലാം ഇവളോട് തീർക്കണം എന്ന് തോന്നി എനിക്ക്.

ങ്കിലും സംയമനം പാലിച്ചു ഞാൻ കട്ടിലിൽ വന്നിരുന്നു.

" എത്ര നാളായി ഈ പണി തുടങ്ങിയിട്ട്? "

എന്ത് ചെയ്യണം എന്നറിയാതെ നിന്ന അവളോട് ഞാൻ ചോദിച്ചു . അവൾ എന്നെ സംശയത്തോടെ എന്നെ നോക്കി. ഞാൻ ചോതിച്ചതിനർദ്ധം അവൾക് മനസിലാവാത്ത പോലെ..

" ഈ ശരീരം വിറ്റു ജീവിക്കാൻ തുടങ്ങിയിട്ടേ. എത്ര നാളായി എന്ന്. "

ഇടിവെട്ടേറ്റ പോലെ ആയിരുന്നു അവളുടെ മുഖം അപ്പോൾ.

" അവിടെ ഉണ്ടായത് എന്താണെന്നു എനിക്ക് നന്നായിട്ട് അറിയാം. നിനക്കും. രക്ഷപെടാൻ വേണ്ടി ആണ് നീ ഈ കല്യാണത്തിന് സമ്മതിച്ചത് എന്നും എനിക്ക് അറിയാം. പക്ഷെ അതിന്റെ പേരിൽ ഒരു ഭാര്യ എന്ന സ്ഥാനം നിനക്കു ഞാൻ തരും എന്ന് നീ ഒരിക്കലും കരുതണ്ടാ... എന്റെ മുന്നിൽ ഇപ്പോളും നീ റൂം മാറി കയറി വന്ന ശരീരം വിറ്റു ജീവിക്കുന്ന ഒരു വേശ്യ ആണ്. .. നീ വെറും................. . "

അത് പറഞ്ഞു മുഴുവിപ്പിക്കാൻ അവൾ എന്നെ അനുവദിച്ചില്ല. അതിന് മുന്നേ കിട്ടി കരണം തീർത്തൊരു അടി എനിക്കിട്ട്. ആ നിമിഷം

പെണ്ണിന്റ കയ്യുടെ ചൂട് ഞാൻ അറിഞ്ഞു. എന്നെ അറപ്പോടെ ഒന്ന് നോക്കിയിട് അവൾ റൂമിന് വെളിയിലേക്കു ഇറങ്ങി ഓടി..........

" ഹ ഹ ഹ.... "

സംഭവം കെട്ടാതെ ഹരി പൊട്ടിച്ചിരിക്കാൻ തുടങ്ങി.

" എന്തിനാടാ കോപ്പേ നി ഈ കിണിക്കുന്നത്.... "

" ഒന്നുമില്ല അളിയാ ഇന്നലെ കേറി വന്നവൾ വരെ നിനക്കു പുല്ല് വില ആണല്ലോ തന്നത് എന്നോർത്തു ചിരിച്ചതാ .. "

" ഈ വരുന്നവരും പോകുന്നവർക്കും ഒക്കെ കൈ വക്കാൻ ഞാൻ എന്താ ചെണ്ടയോ. "

" പിന്നെ എന്റെ അളിയാ. ഒരു പെണ്ണിന്റെ മുഖത്തു നോക്കി പറയാവുന്ന കാര്യം ആണോ നീ ഇന്നലെ അവളോട് പറഞ്ഞത്. അന്തസ് ഉള്ള ഏതൊരുത്തി ആണെങ്കിലും അതേ ചെയ്യൂ... "

" അതിന് ആ പെണ്ണിന് എവിടെയാ അന്തസ്.. അവൾ ഒരു...... "

":അതിന് നിനക്കു എന്താ ഇത്ര ഉറപ്പ്? "

www.kambistories.com

ഞൻ പറഞ്ഞു തീരുന്നതിന് മുന്നേ അവൻ ചോദിച്ചു .

": അവൾ വേറെ ആവശ്യത്തിന് ആ ഹോട്ടലിൽ വന്നതാണെങ്കിലോ ?  റൂം മാറി നിന്റെ റൂമിൽ കയറിയതാണെങ്കിലോ? "

ഹരിയുടെ ചോദ്യത്തിന് എനിക്ക് ഉത്തരം ഇല്ലായിരുന്നു.

":അതാ നിന്നോട് ഞാൻ അവളോട് പോയി സംസാരിക്കു എന്താ സംഭവിച്ചത് എന്ന് ചോദിച്ചു മനസിലാക്കാൻ  എന്ന്. "

അവൻ പറഞ്ഞതിലും കാര്യം ഉണ്ടെന്നു തോന്നി എനിക്ക്.

ബൈക്ക് സ്റ്റാർട്ട് ചെയ്ത് ഞാൻ നേരെ വീട്ടിലേക്കു ചെന്നു.  ചെന്നതേ അവളെ ആണ് അന്വേഷിച്ചത്. ചേച്ചിയോടും മാളുവിനോടും എന്തൊക്കെയോ സംസാരിച്ചിരിക്കയാണവൾ. എന്നെ കണ്ടതും ഒന്നും മിണ്ടാതെ അവൾ അകത്തേക്കു കയറി പോയി..

" ആഹ് പുതു മണവാളൻ രാവിലെ എവിടെ പോയതാ.... മസിലു പെരുപ്പിക്കാൻ ജിമ്മിലോ? "

മാളുവിന്റേതായിരുന്നു ആ ചോദ്യം

"'നിനക്കു വീട്ടിൽ ഒന്നും പോകേണ്ടെടീ ശവമേ? "

www.kambistories.com

"'  ഒന്ന് പോടാ.. "

ഞങ്ങളുടെ വീടിന് തൊട്ടടുത്തു തന്നെ ആയിരുന്നു മാളുവിന്റെയും വീട്.  ഞാൻ ഒന്നും മിണ്ടാതെ നേരെ റൂമിലേക്കു കയറി ചെന്നു.  എന്നെ കണ്ടത്തെ പെണ്ണ് റൂമിന് വെളിയിലേക്കു ഇറങ്ങാൻ തുടങ്ങി...

" അതെ ഒന്നു നിന്നെ "

ഞാൻ അവളെ വിളിച്ചു നിർത്തി.  എന്റെ മുഖത്തേക്ക് കൂടി നോക്കാതെ അവൾ തിരിഞ്ഞു തന്നെ നിന്ന്..

" ശരിക്കും അന്ന് എന്താ ഉണ്ടായത്? "

വലച്ചു കെട്ടില്ലാതെ ഞാൻ ചോദിച്ചു...

" നിങ്ങൾ തന്നെ അല്ലെ അതിനൊരു ഉത്തരം കണ്ടെത്തിയത്..  തത്കാലം അത് തന്നെ കരുതിയാൽ മതി.  ഞാൻ...  ഞാൻ ഒരു പിഴ ആണെന്ന്. ...  "

ഇടറിയ ശബ്ദത്തോടെ  പറഞ്ഞൊപ്പിച്ചു അവൾ മുറിയിൽ നിന്നും ഇറങ്ങി പോയി..

എന്ത് ചെയ്യണം എന്നറിയാതെ ഞാൻ അവളെയും നോക്കി ഇരുന്നു..

... ..................

" ഏടത്തി 'അമ്മ വല്ലതും പറഞ്ഞോ? "

വെറുതെ അതിലെ പോയ ഏടത്തിയെ പിടിച്ചു നിർത്തി ഞാൻ ചോദിച്ചു.

" അമ്മക്ക നല്ല വിഷമം ഉണ്ടെടാ. സ്നേഹിച്ചു വളർത്തിയ ഒരുത്തൻ ഇങ്ങനെ... അല്ലെങ്കിൽ ഇതുപോലെ ഒരു സാഹചര്യത്തിൽ ഓരോന്ന് ചെയ്തിട്ട്... അമ്മയ്ക്കും ദേഷ്യം ഉണ്ടാകാതെ ഇരിക്കുവോ.. "

" അമ്മ എന്നോട് ഇത് വരെ മിണ്ടിട്ടില്ല. എന്തിന് ഇതുവരെ എന്റെ മുഖത്തേക് ഒന്നു നോക്കിട്ട് കൂടി ഇല്ല. "

" സാരമില്ലെടാ നമ്മുടെ അമ്മ അല്ലേ "

" ഞാൻ എല്ലാം പറഞ്ഞതല്ലേ പിന്നെ എന്താ? "

" നീ പറഞ്ഞത് ഒക്കെ ആരെങ്കിലും വിശ്വസിക്കുന്ന കാര്യങ്ങൾ ആണോ... അതും ഇതുപോലെ ഒരു പാവം പെണ്ണ് അങ്ങനെ ഒക്കെ പോവുക എന്ന് പറഞ്ഞാൽ ആരും നീ പറഞ്ഞതിനെ വിശ്വസിക്കത്തില്ല. "

www.kambistories.com

എനിക്കവളെ ഒട്ടും ഇഷ്ടപ്പെടുന്നില്ല. ഇന്നലെ അവളെന്നെ തല്ലി. അതും ഒരു ആണെന്ന് കൂടി ഓർക്കാതെ. അതും മറന്നു സംഭവിച്ചത് എന്തെന്ന് ചോദിച്ചപ്പോ അവളുടെ കോപ്പിലെ മറുപടിയും. എല്ലാം പോരാത്തതിന് അവൾ നല്ലവൾ പോലെ അഭിനയിക്കുക ആണ്. വീട്ടിലെ എല്ലാവരെയും അവൾ സ്വാതീനിച്ചു നിർത്തി ഇരിക്കുക ആണ്....

വീട്ടിൽ ഇരുന്നാൽ ആ അലവലാതി പെണ്ണിന്റെ മുഖം കാണണം എന്ന കാരണത്തിൽ പകൽ മുഴുവൻ പുറത്തായിരുന്നു.

വൈകിട് ഗ്രൗണ്ടിൽ പിള്ളേരുടെ ക്രിക്കറ്റ് മാച്ച് കണ്ടുകൊണ്ടിരിക്കുമ്പോൾ ആണ് ഹരിയുടെ കാൾ വന്നത്.

" എടാ. നാട്ടിൽ ഒക്കെ അറിഞ്ഞത് പോലെയേ കോളേജിലും അറിഞ്ഞിട്ടുള്ളു. നീ അവളെ വിളിച്ചിറക്കി കൊണ്ട് വന്നതാണെന്ന്. അല്ലാതെ ഒരു സംസാരം ഒന്നും ആർക്കിടയിലും ഇല്ല. നീ ധൈര്യം ആയി നാളെ കോളേജിൽ പോരെ... "

അത് കേട്ടപ്പോൾ തന്നെ പാതി ആശ്വാസം തോന്നി. കാരണം കോളേജിൽ ഉള്ളവർ നടന്നത് വല്ലതും അറിഞ്ഞാൽ പിന്നെ എനിക്ക് അങ്ങോട്ടേക്ക് പോകാൻ കൂടി കഴിയില്ല എന്നൊരു പേടി ഉണ്ടായിരുന്നു എനിക്ക് ... കോളേജ് ക്രിക്കറ്റ് ടീം ക്യാപ്റ്റൻ എന്ന നിലയിലും അത്യാവശ്യം ഒരു കുഞ്ഞി ഗായകൻ എന്ന നിലയിലും തരക്കേടില്ലാത്ത ഒരു ഇമേജ് ഞാൻ നില നിർത്തി പോന്നിരുന്നു .. പെട്ടന്നതൊക്കെ പോകുന്നു എന്ന് ഓർത്തപ്പോ ഒരു പേടി അതുകൊണ്ട് തന്നെയാണ് ഇന്ന് ഞാൻ കോളേജിൽ പോകാതെ ഇരുന്നതും. ഇനി ഇപ്പൊ ഏതായാലും നാളെ കോളേജിൽ പോണം.

നേരം കുറെ വൈകി ആണ് ഞാൻ വീട്ടിൽ ചെന്ന് കേറിയത്.

" ആഹ് നീ വന്നോ ? എന്ന വേഗം പോയി കുളിച്ചിട്ട് വാ. ഭക്ഷണം കഴിക്കാം. ഇന്ന് നിന്റെ ഭാര്യയുടെ സ്പെഷ്യൽ ഐറ്റംസ് ആ. കൂടെ നിന്റെ ഫേവ്‌റിറ്റ് മീൻ കറിയും ഉണ്ട്. ഉള്ളത് പറയാലോ എന്താ ടേസ്റ്റു. നോക്കി നിക്കാതെ പോയി കുളിച്ചിട്ട് വാടാ.. "

" എനിക്ക് വിശക്കുന്നില്ല ഏടത്തി നിങ്ങൾ കഴിച്ചിട്ട് കിടന്നോ "

" പിന്നെ ഞാൻ നാളെ കോളേജി പോകും "

റൂമിലേക്കു പോകാൻ നേരം ഞാൻ പറഞ്ഞു.

പാതി ഉറക്കത്തിനിടയിൽ ആണ് കട്ടിലിന് ഒരനക്കം തോന്നി ഞാൻ കണ്ണ് തുറന്നു നോക്കുമ്പോ ബെഡിനടുത് നിൽക്കുന്ന അവളെ ആണ് കണ്ടത് .

"എന്താ ? "

" ഏടത്തി പറഞ്ഞു ഇവിടെ കിടക്കാൻ.. "

" അതിന് എന്റെ കട്ടിലിൽ കിടക്കണോ നിനക്കു ?

അആഹ് താഴേ എവിടെ എങ്കിലും കിടക്കു. "

www.kambistories.com

പറഞ്ഞു തീരുന്നതിന് മുന്നേ അവൾ തറയിലേക് ഇരുന്നിരുന്നു. നോക്കുമ്പോ കിടക്കാൻ ഉള്ള എല്ലാ സാധനങ്ങളും റെഡി ആക്കി വെച്ചിട്ടുണ്ടായിരുന്നു എന്ന് മനസിലായത്. ഇവൾ ഇത് എന്ത് ഭവിച്ചാണാവോ ?

രാത്രി ഇടക്കെപ്പോളോ കണ്ണ് തുറന്നു നോക്കുമ്പോ ഒരു ഏങ്ങലടി ശബ്ദം മാത്രം മുഴങ്ങി കേട്ടത് രാവിലെയും ഞാൻ ഓർത്തു.. രാവിലെ തന്നെ എഴുന്നേറ്റു ആർക്കും വലിയ മുഖം കൊടുക്കാതെ വേഗം റെഡി ആയി കോളജിലേക്ക് പോന്നു. കോളേജിലെ അവസ്ഥ മോശം ഒന്നും അല്ലായിരുന്നു. കല്യാണം കഴിഞ്ഞതറിഞ്ഞ പലരുടെയും കാര്യന്വേക്ഷണത്തിൽ നിന്നും വേറെ ചിലരുടെ ട്രീറ്റ് ചോദിക്കലിൽ നിന്നും വേറെ തെണ്ടികളുടെ കളിയാക്കലുകളിൽ നിന്നും ഒക്കെ ഞാൻ മനപ്പൂർവം ഒഴിഞ്ഞു മാറി...

" കോളേജ് ജീവിതം ഒറ്റ ദിവസം കൊണ്ട് മടുത്തു ഞാൻ. പിന്നെ വീട്ടിൽ ഇരിക്കുന്നതിനേക്കാൾ കൂടുതൽ സമാധാനം എനിക്ക് ഇവിടെ ഉണ്ട്.. "

":അതിന് വീട്ടിലെന്താടാ നിനക്കിത്ര സമാധാനക്കേട്.. "

" ആ പെണ്ണിന്റെ ശബ്ധം കേൾക്കുന്നതെ എനിക്ക് കാലിയാ ഇപ്പോ. കൂടെ അമ്മേനേം ഏടത്തിനേം ഒക്കെ കറക്കി കുപ്പിയിലാക്കിയിരിക്കുകയാ അവൾ. എങ്ങനെ എങ്കിലും അതിനെ എന്റെ തലയിൽ നിന്നും ഒഴിവാക്കണം എന്ന് വിചാരിക്കുമ്പോളാ അവളുടെ ഒരു കോപ്പിലെ ഭാര്യാ കളി. ഇതിപ്പോ നാട്ടുകാരും വീട്ടുകാരും എല്ലാം അറിഞ്ഞുപോയില്ലേ. പെട്ടന്ന് അവളെ പറഞ്ഞു വിട്ടാൽ എല്ലാരുടെ ഭാഗത്തു നിന്നും ചോദ്യമുണ്ടാകും. അതുകൊണ്ടാ ഇല്ലേ പണ്ടാരത്തിനെ പണ്ടേ ചവിട്ടി

പുറത്താക്കിയേനെ.. എത്ര കിട്ടിയാലും ഒരു നാണവും ഇല്ലാത്ത ഒരെണ്ണം ആണളിയാ അത്. എത്ര തെറി പറഞ്ഞു ഒഴിവാക്കിയാലും രത്രി കിടക്കാനാണ് എന്നും പറഞ്ഞു റൂമിലേക്കു കേറി വരും ശവം.... "

എനിക്ക് അവളോട് ഉള്ള വെറുപ്പ് മുഴുവൻ ഹരിയോട് ഒറ്റ ശ്വാസത്തിൽ ഞാൻ പറഞ്ഞു തീർത്തു..

" അപ്പോ നിങ്ങൾ രണ്ടും ഒരേ റൂമിലാനോ കിടക്കുന്നെ "

" പന്ന പട്ടി നിനക്കു അതാണോ ഇപ്പൊ അറിയേണ്ടേ"

" അതല്ലെടാ. നിങ്ങൾ പ്രേമിച്ചു കല്യാണം കഴിച്ചു എന്ന് തന്നല്ലേ നിന്റെ അമ്മയും ഏടത്തിയും ഇപ്പോളും വിചാരിച്ചിരിക്കുന്നെ. അപ്പൊ പിന്നെ ആ പെണ്ണ് എങ്ങനെ ആട നിന്റെ മുറീന്ന് ഇറങ്ങി പുറത്തു പോയി കിടക്കുന്നെ. മണ്ടാ.. അവൾക്കും അവിടെ നിൽക്കാൻ ഉള്ള ആകെയുള്ള പിടിവള്ളി നീയാ. "

" അതും ശരിയാ. നീ എങ്ങനെ എങ്കിലും അവളെ ഒഴിവാക്കാൻ ഒന്ന് സഹായിക്കെട ഹരി.. "

" മ്മ്.. നോക്കാം നീ ഇപ്പോ ഏതായാലും ഒന്ന് ക്ഷമിക്കു. നമുക് വഴി കണ്ടെത്താം. "

എന്നത്തേയും പോലെ പരമാവധി താമസിച്ചാണ് വീട്ടിൽ ചെന്നു കേറിയത്.

":മോളേ ദേ അവൻ വന്നു അവന് കഴിക്കാൻ എടുത്ത് കൊടുക്ക് . "

അമ്മ എന്നെ കണ്ടത്തെ അതും പറഞ്ഞു അമ്മയുടെ മുറിയിലേക്കു കയറി പോയി.

'അമ്മ ന്റെ മുഖത്തേക്കു പോലും നോക്കാതെ തിരിഞ്ഞു നടന്നതിൽ എനിക്ക് വിഷമം തോന്നി.

അമ്മ പോയതേ റൂമിൽ നിന്നും അവൾ ഇറങ്ങി വന്നു. എന്റെ മുഖത്തേക്ക് പോലും നോക്കാതെ അവൾ എനിക്ക് ഭക്ഷണം വിളമ്പാൻ തുടങ്ങി...

" എനിക്ക് ഒന്നും വേണ്ട. "

ഞാൻ എങ്ങോട്ടെന്നില്ലാതെ നോക്കി കൊണ്ട് പറഞ്ഞു. അവളൊരു ചോദ്യഭാവത്തിൽ എന്നെ ഒന്ന് നോക്കി

" അല്ല എനിക്ക് അറിയാൻ പാടില്ലാത്തതു കൊണ്ട് ചോദിക്കാ എന്താ നിന്റെ ഉദ്ദേശ്യം? അമ്മേനേം ഏടത്തിനേം കയ്യിൽ എടുത്ത് എന്റെ ഭാര്യ ആയിട്ട് ഇവിടെ കഴിയാം എന്നാണ് നിന്റെ ഉദ്ദേശ്യം എങ്കിൽ പൊന്നു മോളെ അതങ്ങു മറന്നേക്കൂ... എന്റെ അവസ്ഥ ഇതായിപോയത് കൊണ്ടാ. പക്ഷേ നല്ലൊരു സമയം വരുമ്പോ നിനക്കു ഇവിടുന്നു ഇറങ്ങേണ്ടി വരും. ഓർത്തോ ! നിനക്കൊരിക്കലും ഈ വീട്ടിൽ സ്ഥാനം ഉണ്ടാകില്ല.. "

.

പറഞ്ഞു തീർന്നതേ കരഞ്ഞു കൊണ്ട് അടുക്കളയിലേക്ക് ഒരൊറ്റ ഓട്ടം ആയിരുന്നു അവൾ.

www.kambistories.com

.....

" നീ ഇതെങ്ങോട്ടാ ഈ രാവിലെ? "

പുറത്തേക് ഇറങ്ങാൻ തുടങ്ങിയ എന്നോട്  അമ്മയാണ് ചോദിച്ചത്.  ഇന്ന് ശനി  ആയത് കൊണ്ട് കോളേജിലെക്കു എന്ന് പറയാൻ പറ്റിയില്ല.

" അമ്മേ ഞാൻ വെറുതെ പുറത്തു വരെ. "

" കല്യാണം കഴിഞ്ഞതിൽ പിന്നെ വീട്ടിൽ ഇരിക്കാൻ സമയം ഇല്ലാതെ ആയല്ലോ നിനക്കു.  പ്രേമിച്ച പെണ്ണിനെ കാണാൻ വയ്യാത്ത കൊണ്ട് ആണോ. അതോ ഞങ്ങളുടെ ഒക്കെ മുഖത്തു നോക്കാൻ ഉള്ള പ്രയാസം കൊണ്ടാണോ.. "

ഞാൻ മറുപടി ഒന്നും കൊടുക്കാതെ തല താഴ്ത്തി നിന്നതേ ഒള്ളു.

" ആ പെണ്ണിനെ ഇങ്ങനെ വീട്ടിൽ അടച്ചിടാനാണോ നിന്റെ തീരുമാനം.  ആ കൊച്ചും നിന്റെ കൂടെ ആ കോളേജിൽ തന്നല്ലേ പഠിക്കുന്നത്.  അതിനെ പഠിക്കാൻ വിടണ്ടാ എന്നാണോ നിന്റെ തീരുമാനം.  "

" അമ്മേ ഞാൻ അതിനെക്കുറിച്ചൊന്നും തീരുമാനിച്ചിട്ടില്ല... "

" എന്നാ ഞാൻ തീരുമാനിച്ചു.  അടുത്ത ദിവസം മുതൽ അവളും വരും നിന്റെ ഒപ്പം കോളേജിൽ.  "

www.kambistories.com

"  അമ്മേ അത്....... "

" നീ വേറെ ഒന്നും പറയണ്ടാ..  നിന്റെ കൂടെ ഇറങ്ങി വന്നു അവൾ കാണിച്ച ആ മണ്ടത്തരം അവളുടെ പ്രായത്തിന്റെ പക്വത ഇല്ലായിമ ആണെന്ന് കരുതാം.  പക്ഷെ പിന്നെ ഒരിക്കൽ അവളുടെ ജീവിതം നശിപ്പിച്ചത് നീ ആന്നെന്നോ അവളുടെ ഭാവി ഇല്ലാതാക്കിയത് എന്റെ മോൻ ആണെന്നോ കേൾക്കാൻ നീ ഇടവരുത്തരുത്.  അത് കൊണ്ട് നാളെ മുതൽ അവൾ നിന്റെ കൂടെ കോളേജിൽ വരും.   ":

അമ്മ തനി ടീച്ചർ ആവുക ആയിരുന്നു അപ്പോൾ.  എനിക്ക് ഒന്നും പറയാൻ കഴിയാതെ എല്ലാം തല കുലുക്കി സമ്മതിച്ചു.

" എടാ നീ ഇവളെയും കൂട്ടി ഇവളുടെ വീട് വരെ ഒന്ന് പോകണം.. "

അമ്മ അകത്തേക്കു പോയതേ ഏടത്തി ഓടി വന്നു പറഞ്ഞു.

" എന്തിന് ?   "

" അത് കൊള്ളം.  അടുത്ത ദിവസം  മുതൽ അവൾക് കോളേജിൽ പോകണ്ടേ?  "

" അതിന് പൊക്കോട്ടെ...  "

" എടാ ചെക്കാ കളിക്കല്ലേ.  അവളുടെ ബുക്കും പിന്നെ അവളുടെ കുറെ ഡ്രെസ്സും ഒക്കെ അവിടെയാ. ഒന്നും ഇല്ലാതെ അല്ലെ ഇങ്ങോട് ആ കൊച്ചു കേറി വന്നേ.  അതൊക്കെ പോയി എടുത്തിട്ട് വരണം..  "

" എന്നെ കൊണ്ട് വയ്യാ.  ഏടത്തി അങ്ങു പോയാ മതി.. "

" ദേ നന്ദുട്ടാ നീ എന്റെ കയ്യിൽ നിന്ന് വാങ്ങിക്കൂട്ടോ.  ഈ കൊച്ചിനെ കൊണ്ട് നിനക്ക് അതിന്റെ വീട്ടിൽ വരെ പോയാൽ എന്താ കുഴപ്പം? "

":അതൊന്നും ശരിയാവില്ല ഏടത്തി "

" അതെന്താ ശെരി ആവാത്തെ? "

അമ്മയുടെ ആ  ചോദ്യം കേട്ടതേ ഒന്നും മിണ്ടാതെ നാളെ പോകാം എന്ന് ഞാൻ വാക്കു കൊടുത്തു.

ഇന്നും രാത്രി അവൾ തറയിലും ഞാൻ കട്ടിലിലും ആണ് കിടന്നത്.  പതിവ് കരച്ചിൽ കോറസ് അന്നും രാത്രി റൂമിൽ അലയടിക്കുണ്ടായിരുന്നു...

രാവിലെ എഴുന്നേറ്റു കുളിയും കഴിഞ്ഞു വന്നു നോക്കുമ്പോൾ ആ പെണ്ണെന്റെ ഷർട്ട് അയൺ ചെയ്യുക ആയിരുന്നു..  ഈ പെണ്ണിന് ഒരു നാണവും ഇല്ലേ എന്ന് മനസ്സിൽ ചോദിച്ചു റൂമിലേക്കു കടന്നതേ. എനിക്ക് മുഖം തരാതെ അവൾ ആ ഷർട്ട് കട്ടിലിലേക് ഇട്ടിട്ട് റൂമിന് വെളിയിലേക്കു പോയി..

ചീത്ത കേൾക്കും എന്ന പേടി കൊണ്ടാകും...

www.kambistories.com

വേഗം റെഡി ആയി. കാർ സ്റ്റാർട്ട് ചെയ്ത് അവർക്കു വേണ്ടി വെയിറ്റ് ചെയ്തു നിൽക്കുമ്പോൾ ആണ് അവൾ വന്നു കാറിന്റെ ഉള്ളിൽ കയറിയത്.  ഏടത്തിയുടെ ഒരു ചുരിദാർ ആണ് വേഷം.  എന്റെ കൂടെ വരുന്നതിന്റെ ആണോ അതോ കാറിൽ എന്റെ കൂടെ മുന്നിൽ കയറി ഇരുന്നതിന്റെ ആണോ എന്നറിയില്ല അവളുടെ മുഖത്തു ഒരു പരിഭ്രമം ഉണ്ടാട്ടിരുന്നു...

" ഏടത്തി വരുന്നില്ലേ? "

" പിന്നെ നിങ്ങൾ പുതുമോടി കറങ്ങാൻ പോകുന്നതിനിടക്ക് എനിക്ക് എനിക്ക് എന്താ കാര്യം.  നിങ്ങൾ സൂക്ഷിച്ചു പോയിട്ട് വാ.  "

" ഈ ഏടത്തിയോട് ഒന്നും പറഞ്ഞിട്ട് കാര്യം ഇല്ല.

എത്ര തവണ പറഞ്ഞു ഞാൻ. "

" മിണ്ടാണ്ട് പോയിട്ട് വാടാ നീയ്... "

വണ്ടി സാധാരണയിലും അല്പം വേഗത്തിൽ ആണ് ഞാൻ ഓടിച്ചത്.  അവളോട് ഉള്ള ദേഷ്യം മുഴുവൻ ഞാൻ എന്റെ ഡ്രൈവിങ്ങിൽ കാണിക്കുന്നുണ്ട് എന്ന് മനസിലാക്കിയിട്ട് ആകണം അവൾ പേടിച്ചാണ് വണ്ടിയിൽ ഇരുന്നത്...

കുറെ ദൂരം എത്തിയപ്പോൾ ആണ് ഞാൻ ഒരു കാര്യം ഓർത്തത്.. എനിക്ക് ഇവളുടെ വീട് അറിയില്ലല്ലോ

" എടീ പെണ്ണെ നിന്റെ വീട് എവിടെയാ... ? "

വണ്ടിയുടെ വേഗത കണ്ട് പേടിച്ചു കണ്ണടച്ചിരിക്ക ആയിരുന്ന അവൾ എന്നെ കലങ്ങിയ കണ്ണുകളോടെ നോക്കി.

ഞാൻ കാറിന്റെ സ്പീഡ് അല്പം കുറച്ചു.

"'പറ നിന്റെ വീട് എവിടെയാ? "

പതിയെ ആണെങ്കിലും അവൾ വാ തുറന്നു.

അവൾ പറഞ്ഞ വഴിയേ പോയി അവൾ പറഞ്ഞ വീടിനു മുന്നിൽ ഞാൻ വണ്ടി നിർത്തി...

ഒരു കുഞ്ഞി വീടായിരുന്നു അത്. പണി മുഴവനായും പൂർത്തി ആകാത്ത ഒരു വീട്. വലിയ മുറ്റത്ത് അഴകുള്ള കുറെ പൂച്ചെടികൾ ആയിരുന്നു ആ വീടിന്റെ ആകർഷണം.. റോഡിന് അടുത്ത് തന്നെ ആയിരുന്നു അവളുടെ വീട് എങ്കിലും വണ്ടി മുറ്റത്തേക്കു പോകാൻ ഉള്ള വീതി ആ വഴിക്കു ഇല്ലായിരുന്നു..

" ഞാൻ വേഗം വരാം. "

www.kambistories.com

കാറിൽ നിന്നും ഇറങ്ങാൻ നേരം അവൾ പറഞ്ഞു.

" വേണ്ട ഞാനും വരാം "

വെറുതെ അവളുടെ വീടും പരിസരവും കാണാൻ ഒരു കൗതുകം തോന്നിയത് കൊണ്ട് അവളുടെ പിന്നാലെ ഞാനും ആ വീട്ടിലേക്കു നടന്നു..

" നിൽക്കെടീ അവിടേ "

ഒരു അലർച്ച കേട്ട് ഞാനും അവളും ഒരേ സമയം ഞെട്ടി തരിച്ചു നിന്നു.

" 'അമ്മ "

അവളുടെ വാക്കിൽ ഭയം നിഴലിച്ചത് ഞാൻ തിരിച്ചറിഞ്ഞു.. .

" എന്ത് ധൈര്യത്തിൽ ആടി കഴുകേറീടെ മോളെ നീ ഈ നാറിയെയും കൂട്ടി ഈ വീട്ടിലേക്കു വന്നത്. കണ്ട അരുവാണിച്ചികൾക്ക് ഒന്നും കയറി ഇറങ്ങാൻ ഇത് സത്രം ഒന്നും അല്ല എന്റെ വീടാ..

വീടിനുള്ളിൽ നിന്നും ഇറങ്ങി വന്ന ആ സ്ത്രീയുടെ വാക്കുകൾ എനിക്ക് അരോചകം ആയി തോന്നി.

" അമ്മേ ഞാൻ എന്റെ ബുക്കും സാധനങ്ങളും എടുക്കാൻ വന്നതാ. അതെടുത്തിട്ട് ഞാൻ പൊയ്ക്കോളാം. "

" ആരാടീ നിന്റെ അമ്മ ? കണ്ടവന്മാരുടെ കൂടെ കണ്ട ഹോട്ടലും ലോഡ്ജും നിരങ്ങി നടക്കുന്ന നിന്നെ ഒന്നും ഈ വീടിനകത്തു ഞാൻ കേട്ടില്ല. എന്നിട്ടും അവൾ അവന്റെ കൂടെ ഞളിഞ്ഞു നടക്കുന്നു..

ഈ അലവലാതി ചെക്കനേയും കൊണ്ട് ഇപ്പോ ഇറങ്ങണം എന്റെ വീട്ടിൽ നിന്ന് നീ.... "

എന്റെ മുന്നിൽ നിന്നു കരയുക ആയിരുന്ന അവളുടെ ഉള്ളുരുകുന്നത് ഞാൻ അറിഞ്ഞു. എനിക്ക് എന്തോ അത് കേട്ടുനിൽക്കാൻ തോന്നിയില്ല..

" ദേ തള്ളെ. അതികം ഒച്ചവെക്കണ്ടാ. അല്ലേലും ഞങ്ങൾ ഈ വീട്ടിൽ കയറി പൊറുക്കാൻ വന്നതൊന്നും അല്ല. അവൾക് ആവശ്യമുള്ള സാധനങ്ങൾ എടുത്തിട്ട് ഞങ്ങൾ അങ്ങു പൊക്കോളാം.. "

" ഈ പിഴച്ചവളുടെ ഒരു സാധനവും ഈ വീട്ടിൽ ഇല്ല ".

എനിക്ക് ശെരിക്കും കലി ഇളകി..

" അത് നിങ്ങൾ ആണോ തീരുമാനിക്കുന്നത്.. അങ്ങ് മാറു തള്ളേ . ... "

വാതിലിൽ ചാരി നിന്നിരുന്ന അവരെ തള്ളി മാറ്റി ഞാൻ ആദ്യം അകത്തേക്ക് കടന്നു.

", നീ ഇതെന്നാ മിഴിച്ചു നിൽക്കുവാ. അകത്തു പോയി ന്താ വേണ്ടെന്നു വച്ചാ പോയി എടുത്തിട്ട് വാ.... "

കലങ്ങിയ കണ്ണുകളോടെ എന്നെ തന്നെ നോക്കി നിന്ന അവളോട് ഞാൻ അത് പറഞ്ഞതും പെണ്ണ് ചാടി അകത്തു കയറി ഒരു മുറിയിലേക്കു കയറി...

ഒരു അഞ്ചു മിനിറ്റിനുള്ളിൽ എല്ലാം ഒരു ബാഗിൽ ആക്കി അവൾ ഇറങ്ങി വന്നു.. അപ്പോളും ആ തള്ളയുടെ വായ അടഞ്ഞിട്ട് ഇല്ലായിരുന്നു.. ഒരെണ്ണം വച്ചു കൊടുത്താലോ എന്ന് പലതവണ തോന്നിയതാണ്.

" എഡീ ഇനീ ഈ നാറിനെ കൊണ്ട് നീ ഈ പടി കയറിയ ഈ ജാനകി ആരാന്നു അറിയും. "

പോകാൻ ഇറങ്ങിയ ഞങ്ങളോട് ആ തള്ള പറഞ്ഞത് എനിക്ക് തീരെ ഇഷ്ടപ്പെട്ടില്ല.

പിന്നീട് അവിടം ഒരു വലിയ വാക്കു തർക്കത്തിലേക് വഴി മാറി. സഹികെട്ടു തള്ളയെ തല്ലാൻ കൈ ഓങ്ങിയ എന്നെ ആ പെണ്ണാണ് പിടിച്ചു വലിച്ചു കാറിൽ കയറ്റിയത്.

എന്ത് ചെയ്തിട്ടും എനിക്ക് കലി അടക്കാൻ കഴിഞ്ഞില്ല . അവൾക് കരച്ചിലും...

" ആ തള്ള ശെരിക്കും നിന്റെ അമ്മ തന്നാണോ?

www.kambistories.com

എടീ നിന്നോടാ ചോദിച്ചത് നിന്റെ അമ്മ തന്നാണോ ആ സാധനം എന്ന്.. "

" അല്ല "

എന്നവൾ മറുപടി തന്നു

" പിന്നെ നിന്റെ  ആരാ ആ തള്ള ?

എടീ കോപ്പേ വായ തുറന്നു എന്തേലും പറ... "

"അതെന്റെ ആരും അല്ല..  എനിക്ക് ആരും ഇല്ല..  ആരും...."

സങ്കടത്തിനിടയിൽ അവൾ പറഞ്ഞൊപ്പിച്ചു അലറി കരയാൻ തുടങ്ങി.

പെട്ടന്നവൾ അങ്ങനെ പറഞ്ഞപ്പോൾ ഞാൻ വല്ലാതെ ആയി..  പിന്നെ ഞാൻ ഒന്നും മിണ്ടിയില്ല.. കാറിനുള്ളിൽ അവളുടെ ഏങ്ങലടി മുഴങ്ങി കേട്ടുകൊണ്ടിരുന്നു .

വെറുപ്പ് എന്നതിൽ നിന്നും ആദ്യമായി എനിക്ക് അവളോട് സഹതാപം തോന്നി..

ഏറെ ദൂരം മടങ്ങി എത്തി എങ്കിലും അവളുടെ കരച്ചിലിന് ഒരു കുറവും ഉണ്ടായിരുന്നില്ല. ആശ്വസിപ്പിക്കാൻ മനസ് പലവട്ടം പറഞ്ഞത് ആണ് .  പക്ഷേ എന്തോ എനിക്ക് കഴിഞ്ഞില്ല.

www.kambistories.com

ആ വീട് അവൾക്ക് ഒരു നരകം ആയിരുന്നു എന്നെനിക് മനസിലായി. ആ തള്ള അത് ഇവളുടെ അമ്മ അല്ലെങ്കിൽ പിന്നെ ആരാണ്.  എന്താണ് ഇവൾ എന്നറിയാൻ ഒരു ആഗ്രഹം തോന്നി എനിക്ക് ..  ഇനി എന്ത് വന്നാലും  എന്റെ ജീവിതത്തിൽ നിന്ന് പറിച്ചു മാറ്റുമ്പോൾ  അവളെ ആ നരകത്തിലേക് തിരിച്ചയക്കില്ല എന്ന് ഞാൻ ഉറപ്പിച്ചു.  വണ്ടി വീട്ടുവളയിലേക്ക് കയറുമ്പോഴും അവളുടെ കണ്ണുനീരിന് യാതൊരു കുറവും ഉണ്ടായിരുന്നില്ല.  വണ്ടി നിന്നതേ അവൾ ചാടി ഇറങ്ങിയതും ഓടി അകത്തെക്ക് പോയതും എല്ലാം ഒരു മിന്നായം പോലെ ഞാൻ നോക്കി നിന്നു.

വണ്ടി ഒതുക്കി  അവളുടെ ബാഗും എടുത്ത് ഞാൻ വീടിനകത്തേക്ക് നടന്നു..  അവളുടെ ഭാവം കണ്ടു ഭയന്ന പോയ ഏടത്തിയും അമ്മയും കാര്യം തിരക്കിയപ്പോൾ ഞാൻ ഉണ്ടായതെല്ലാം പറഞ്ഞു നേരെ റൂമിലേക്കു കയറി .അവളെ ഞാൻ റൂമിൽ എങ്ങും കണ്ടില്ല വല്ല ബാത്‌റൂമിലും ആയിരിക്കണം.  ബാഗ് എടുത്ത് ടേബിളിനു മുകളിൽ വച്ചതും അലക്ഷ്യമായി കുത്തി തിരുകി വച്ചിരുന്ന സിബ് പോയ ആ ബാഗിനുള്ളിലെ പല സാധനങ്ങളും പുറത്തേക്കു ചാടി.

" കോപ്പ് "

രണ്ടു ചീത്തയും വിളിച്ചു ചിതറി പോയ അവളുടെ ബുക്കുകൾ എടുക്കുന്നതിനിടയിൽ ആണ് മനോഹരമായി വർണങ്ങൾ ചാലിച്ചു വരച്ച കൃഷ്ണ രൂപം ഉള്ള ഒരു ഡയറി എന്റെ കണ്ണിൽ പെട്ടത്. ഞാൻ അതെടുത്തു ആദ്യ പേജ് മറിച്ചു നോക്കി..

" പ്രണയമാണ് കണ്ണാ നിന്നോട്.

പ്രതിഷ്ഠിച്ചു പോയി ഞാൻ എൻ ഉള്ളിൽ.

പറിച്ചെറിയാനാവാത്ത വിധം.

പറയുവാൻ കഴിയില്ലെനിക്ക്

പ്രാണനാണ് നീ എനിക്ക് എന്ന്. "

അർദ്ധം മനസിലായില്ലെങ്കിലും ആദ്യ പേജിലെ വരികൾ എന്നെ വല്ലാതെ ആകർഷിച്ചു...

പിന്നീട് കണ്ണ് തിരഞ്ഞത് വളരെ മനോഹരം ആയി വരച്ചിരിക്കുന്ന ആ മയിൽപ്പീലിയിലേക്കും അതിനു താഴെ ഉള്ള അവളുടെ പേരിലേക്കും ആണ്.

"ദേവനന്ദ"

എന്റെ ചുണ്ടുകൾ പതിയെ ആ പേരു വായിച്ചു...

ഇത്ര നാളായിട്ടും ഇന്നാണ് ഞാൻ അവളുടെ പേരു അറിയുന്നത് എന്ന സത്യം അപ്പോൾ ആണ് ഞാൻ ഓർത്തത്.

" ദേവനന്ദ ദേവനന്ദ "

www.kambistories.com

എന്ന് പലവട്ടം മനസിലാ പേരു ഉരുവിട്ട് കൊണ്ട് അടുത്ത പേജ് മറിച്ചതും എവിടെ നിന്നോ ഓടി എത്തിയ അവൾ എന്റെ കയ്യിൽ നിന്നും ആ ഡയറി തട്ടി പറിച്ചു..

അനുവാദം കൂടാതെ ഡയറി തുറന്നതിന് ഒരു സോറിയും പറഞ്ഞു ഞാൻ മുറിയിൽ നിന്ന് പുറത്തേക്കിറങ്ങി...

........................

അന്ന് മുഴുവൻ അവളുടെ വീട്ടിൽ പോയപ്പോൾ നടന്ന സംഭവം ആയിരുന്നു മനസ് മുഴുവൻ. അന്ന് മുഴുവൻ ഞാൻ റൂമിൽ തന്നെ ആയിരുന്നു. ഫുഡ് കഴിക്കാൻ അല്ലാതെ പുറത്തേക്ക് കൂടി ഇറങ്ങി ഇല്ല .. ഞാൻ റൂമിൽ ഉണ്ടായിരുന്നത് കൊണ്ട് അവൾ ഇന്ന് അങ്ങോട് വന്നതേ ഇല്ല. ഭക്ഷണം കഴിക്കാൻ ഇരുന്നപ്പോളും ഒരുമിച്ച് കഴിക്കാൻ ഏടത്തി പറഞ്ഞെങ്കിലും എന്തൊക്കെയോ പറഞ്ഞു അവൾ ഒഴിഞ്ഞു മാറി.. എന്നെ പേടിച്ചിട്ടാവാം.

വൈകിട്ടാണ് ഞാൻ പുറത്തേക്ക് ഇറങ്ങിയത്. അന്നത്തെ ആ സംഭവത്തിന് ശേഷം പിന്നെ ഇന്നാണ് ഞാൻ ക്രിക്കറ്റ് കളിക്കാൻ എത്തുന്നത്. ഒത്തിരി ലേറ്റ് ആയാണ് വീട്ടിൽ തിരിച്ചെത്തിയതും. കുറച്ചു നാളത്തെ ഇടവേളക്കു ശേഷം ശരീരം അനങ്ങിയത് കൊണ്ടാവാം നല്ല ക്ഷീണവും ശരീരത്തിന് വേദനയും ഉണ്ടായിരുന്നു ..

ഒന്ന് കുളിച്ചേക്കാം എന്നു കരുതി റൂമിൽ കയറി ഡോറും ലോക്ക് ചെയ്ത് ടീഷർട്ടും പാന്റും ഊരി ഇട്ടു ഷെട്ടി പുറത്തു നിക്കുമ്പോൾ ആണ് ബാത്‌റൂമിൽ നിന്നും ദേവിക ഇറങ്ങി വന്നത്..

എന്നെ ആ വേഷത്തിൽ കണ്ടതത്തെ  ഞെട്ടി പോയ അവൾ വേഗം തന്നെ തിരിഞ്ഞു നിന്ന്..

താൻ ഏറെ വെറുക്കുന്ന ഒരുത്തിയുടെ മുന്നിൽ നാണംകെട്ടതിന്റെ വിഷമത്തിൽ നിന്ന ഞാൻ ഓടി പോയി ഒരു കൈലി എടുത്ത് ഉടുത്തു.  പിന്നെ അവിടെ പൂരപ്പാട്ട് ആയിരുന്നു ...  എനിക്ക് വായിൽ തോന്നിയത് എല്ലാം ഞാൻ വിളിച്ചു പറഞ്ഞു...

ഒന്നും മിണ്ടാതെ മുഖം പൊത്തി കരയുക മാത്രം ആണവൾ ചെയ്തത്..

" നീ എന്നാ നോക്കി ഇരിക്കുവാ.  ഇറങ്ങി പോടീ പുല്ലേ..  "

പറഞ്ഞു തീരേണ്ട താമസം.  കരഞ്ഞു കലങ്ങിയ കണ്ണുകളോടെ അവൾ മുറിക്ക് പുറത്തേക്ക് ഓടി..

രാത്രി ഭക്ഷണം കഴിക്കുന്നിടത്തേക് അവളെ കണ്ടതേ ഇല്ല. എല്ലാം കഴിഞ്ഞു ഇന്ത്യ ഓസ്‌ട്രേലിയ ക്രിക്കറ്റ് മാച്ച് കണ്ടു കൊണ്ട് ഇരിക്കുമ്പോൾ ആണ് ഏടത്തി അടുത്ത് വന്നിരുന്നത്...

" എടാ നന്ദു എന്താ നിന്റെ പ്രശ്നം.. "

വന്നിരുന്നതെ ഏടത്തി ചോദിച്ചു.

" എന്ത് പ്രശ്നം ?  എനിക്ക് ഒരു പ്രശ്നവും ഇല്ല.. "

ഞാൻ കുറച്ചായി ശ്രദ്ധിക്കുന്നു.  നീ  എന്തിനാ ആ കൊച്ചിനോട് എപ്പോളും ഇങ്ങനെ വഴക്ക് ഉണ്ടാക്കണേ .  നീ വീട്ടിൽ ഇരിക്കുന്ന സമയത്ത് ഒക്കെ അതിന് കറയാനെ നേരം ഉള്ളു..

ഞാൻ ഒന്നും മിണ്ടാതെ ടീവിയിലേക്ക് നോക്കി ഇരിക്കുന്നത് കണ്ട ഏടത്തി എന്റെ തലക്കിട്ട് ഒരു തട്ട് തന്നു..

"എന്താ ഏടത്തി  ?? "

":ഞാൻ ഒരു കാര്യം ചോദിച്ചാ നീ സത്യം പറയുവോ?

ശെരിക്കും നിനക്കു അവളെ ഇഷ്ടം അല്ലെ?

ഇഷ്ടം അല്ലായിരുന്നു എങ്കിൽ നീ പിന്നെ എന്തിനാ അന്ന് അവളെ കൊണ്ട് ഹോട്ടലിൽ പോയേ. ഏതായാലും നീ അത്രക് ചീപ് ആണെന്ന് എനിക്ക് തോന്നുന്നില്ല.. "

"എന്റെ ഏടത്തി ഞാൻ പല തവണ പറഞ്ഞതല്ലേ അവളെ എനിക്ക് അറിയില്ല എന്ന്. അവൾക്കു എന്നേം അറിയില്ല.  റൂം മാറി കയറിയത് ആകാനേ വഴി ഒള്ളൂ എന്ന് ഞാൻ ഒരു നൂറ് പ്രാവശ്യം പറഞ്ഞില്ലേ?"

":അറിയാഞ്ഞിട്ടാണോ   നിന്റെ കോളേജിലെ വിശേഷങ്ങൾ എല്ലാം അവൾ പറഞ്ഞത് ?  ..  എന്നിട്ട് തമ്മിൽ അറിയില്ല പോലും. ..  "

www.kambistories.com

ഞാൻ ഒന്ന് ഞെട്ടി.

"എന്റെ പൊന്നേടത്തീ  അതൊക്കെ അവൾ ചുമ്മാ പറയുന്നതാ ഇവിടെ നിക്കാൻ വേണ്ടി. അവൾ പഠിച്ച കള്ളിയ.  "

"പിന്നെ കോപ്പാ... നിന്നോട് ചോദിക്കാൻ വന്ന എന്നെ പറഞ്ഞാൽ മതി അല്ലോ.  വെറുതെ ആ പെണ്ണിനെ കരയിച്ച പാപം കിട്ടും നിനക്കു. "

"ഉവ്വ. "

ഞാൻ പുച്ച്ചത്തോടെ പറഞ്ഞു..

നിന്നോട് പറഞ്ഞിട്ട് കാര്യം ഇല്ല.  അടുത്ത ആഴ്ച ഏട്ടൻ വരട്ടെ ശെരി ആക്കി തരാം.

" ഏയ്... ചേട്ടൻ വരുന്നുണ്ടോ? എന്തിന് ?"

"പിന്നെ പുന്നാര അനിയന്റെ കെട്ടു കഴിഞ്ഞിട്ട് ചേട്ടൻ ഒന്നു വന്നു കാണണ്ടേ .  അതും അല്ല അങ്ങേരു അങ്ങോട്ട് പോയിട്ട് ഒരു മാസം കഴിഞ്ഞു..."

ഏട്ടൻ മുംബൈയിൽ ഒരു കമ്പനി യിൽ ആണ് ജോലി ചെയ്യുന്നത് .  ഒരു മാസം കൂടുമ്പോളാണ് ലീവിന് വരാറുണ്ട് ചേട്ടൻ  ..  ഞാൻ ഈ ക്രിക്കറ്റ് കളി എന്നും പറഞ്ഞു നടന്നു തോന്നുമ്പോൾ കയറി വരുന്നു പോകുന്നു അമ്മ ഒറ്റക്കാണ് എന്ന പരാതി പരിഗണിച്ചാണ് ഏടത്തി മുംബൈക്ക് പോകാത്തത്.

എല്ലാരും പറയുന്ന പോലെ ഏട്ടനെ എനിക്ക് പേടി ആണ്.  അച്ഛൻ മരിച്ചതിന് ശേഷം അച്ഛന്റെ സ്ഥാനത് നിന്ന് എന്നെ നോക്കിയത് ഏട്ടൻ ആണ്.

ഏട്ടൻ വരുന്നു എന്ന് അറിഞ്ഞതേ ഉള്ള പ്രസരിപ്പ് അങ്ങ് പോയിക്കിട്ടി.  ടീവി ഓഫ് ചെയ്തു റൂമിൽ കയറുമ്പോൾ അവൾ ഇരുന്നു പഠിക്കയായിരുന്നു.   എന്റെ ബെഡ് ഒക്കെ വിരിച്ചിട്ടു താഴെ  അവൾക്കു കിടക്കാനുള്ള പായും വിരിച്ചു അതിലിരുന്നു പഠികയാണവൾ.

" നാളെ എക്സാം ഒന്നുല്ലല്ലോ. "

കേറി ചെന്നതേ ഞാൻ ചോദിച്ചു.

അവൾ എന്നെ തല ഉയർത്തി ഒന്നു നോക്കിയതേ ഒള്ളു.

" ബുക്ക് എടുത്തു വച്ചിട്ട് കിടക്ക് എനിക്ക് ലൈറ്റ് ഓഫ് ചെയ്യണം.. "

ഇത്രയും ദിവസം റൂമിലെ ലൈറ്റ് ഓഫ് ആകാതെ ആണ് ഞങ്ങൾ കിടന്നിരുന്നത് പെട്ടന്ന് അങ്ങനെ പറഞ്ഞപ്പോ അവൾ എന്നെ സൂക്ഷിച്ചു നോക്കി.

" ന്താടീ നോക്കുന്നത് "

www.kambistories.com

" എനിക്ക് ഇരുട്ട് പേടിയാ.. "

" അതിന് ഞാൻ ന്തു വേണം .. ഈ നശിച്ച ലൈറ്റ് വെട്ടം കാരണം രാത്രി മനുഷ്യന് ഉറങ്ങാനേ പറ്റുന്നില്ല. പറ്റില്ലാന്നുണ്ടേൽ ഏടത്തീടെ റൂമിൽ പോയി കിടന്നോ ... "

അവൾ ഒന്നും മറുത്ത് പറയാതെ ബുക്ക് മടക്കി ടേബിളിൽ വച്ച് തനിക്കായി തയാറാക്കിയ പായയിൽ പോയി കിടന്നു.

ഇന്നും രാത്രി അവളുടെ പതിവ് കരച്ചിൽ കച്ചേരി ഉണ്ടായിരുന്നു. അത് കേട്ട് എന്റെ ഉറക്കം പോയി എന്ന് പറഞ്ഞാൽ മതി അല്ലോ.

" ഇതിന് ഒന്നും ഉറക്കം ഇല്ലേ ദൈവമേ?

നീ എന്തിനാ പെണ്ണേ ഈ കിടന്നു കാറുന്നേ. ബാക്കി ഉള്ളവന്റെ കൂടി ഉറക്കം കളയാൻ. "

" എനിക്ക് പേടി ആകുന്നു "

അവൾ എങ്ങനെയോ പറഞ്ഞൊപ്പിച്ചു..

" പണ്ടാരമടങ്ങാൻ... "

കലിപ്പിച്ചാണെങ്കിലും ഞാൻ എഴുന്നേറ്റു ലൈറ്റ് ഓൺ ചെയ്തു..

" ഇനി മിണ്ടാതെ കിടന്നില്ലേൽ ചവിട്ടു വാങ്ങിക്കും നീയ് . .... "

പിന്നെ അന്ന് വേറെ ശല്യം ഒന്നും ഉണ്ടായിരുന്നില്ല.

രാവിലെ റെഡി ആയി പോകാൻ ഇറങ്ങുമ്പോൾ ആണ് ഏടത്തിയുടെ പുതിയ തീരുമാനം വരുന്നത്. എന്റെ കൂടെ അവളെയും ബൈക്കിൽ കോളേജിൽ എത്തിക്കാൻ. എത്ര എതിർത്തിട്ടും ഏടത്തി അമ്പിനും വില്ലിനും അടുക്കാതെ വന്നപ്പോ വേറെ വഴി ഇല്ലാതെ ഞാൻ സമ്മതിച്ചു.

ഒരുപാട് താമസിപ്പിക്കാതെ അവൾ വന്നു വണ്ടിയിൽ കയറി. എന്റെ ഒരു പഴയ ബാഗ് ആണ് അവളുടെ കയ്യിൽ ഉണ്ടായിരുന്നത്. ഇന്നലെ ഒരുപാട് സാധനങ്ങൾ കുത്തിനിറച്ചത് കൊണ്ടാകാം അവളുടെ ബാഗ് കീരി പോയിരുന്നു.. എന്റെ ശ്രദ്ധ ബാഗിലേക്ക് ആണ് എന്ന് കണ്ട അവൾ പരിഭ്രമത്തോടെ അത് മറച്ചു പിടിക്കാൻ ശ്രെമിച്ചു.. ബൈക്കിൽ ഒരു സൈഡിലേക് ചരിഞ്ഞാണ് അവൾ ഇരുന്നത്. ബൈക്ക് സ്റ്റാർട്ട് ചെയ്ത് മുന്നോട്ടു കുറച്ചു ചെന്നതേ അവൾക് ബൈക്കിൽ കയറി വലിയ പരിചയമില്ല എന്നെനിക്ക് മനസിലായി . ഒരു താങ്ങിനായി കൈ എവിടെ പിടിക്കണം എന്ന സംശയത്തിൽ ഇരുന്ന അവൾ ഓരോ വളവ് തിരിയുമ്പോളും വേച്ചു പോകുന്നുണ്ടായിരുന്നു അതുകൊണ്ട് തന്നെ ബൈക്ക് ചെറുതായി പാളുന്നുമുണ്ടായിരുന്നു... അടുത്തുള്ള ഒരു കവലയിലെ ബസ് സ്റ്റോപ്പിന് മുന്നിൽ ഞാൻ വണ്ടി നിർത്തി അവളോട് ഇറങ്ങാൻ അജ്ഞാപിച്ചു.

അവൾ ഒരു വിധം പേടിച്ചു വണ്ടിയിൽ നിന്നിറങ്ങി..

www.kambistories.com

" താനിത് വരെ ബൈക്കിൽ കേറിയിട്ടില്ലേ?  "

എന്റെ ചോദ്യത്തിന് മറപടി പറയാതെ അവൾ തല കുമ്പിട്ട് നിന്നു..

" തന്നേം കൊണ്ട് ഈ പോക്ക് പോയാൽ കോളേജിൽ ആയിരിക്കില്ല ഞാൻ എത്തുന്നത്.  അതുകൊണ്ട് റിസ്കെടുക്കാൻ ഞാൻ ഇല്ലാ.  താൻ അവിടുന്ന് ബസിനു കേറി പോരെ.  ആ നിക്കുന്ന കുട്ടികൾ കോളേജിലേക്കാ... "

ബസ്റ്റോപ്പിൽ നിന്ന രണ്ടു പെൺകുട്ടികളെ ചൂണ്ടി ഞാൻ പറഞ്ഞു..

വണ്ടി മുന്നോട്ടെടുക്കാൻ നേരം അവൾ എന്തോ പറയാൻ വന്നത് പോലെ തോന്നി

" ഇനി എന്താ? "

" ബസ്സിന് കൊടുക്കാൻ എന്റെ കയ്യിൽ പൈസ ഒന്നും ഇല്ല.. "

പോക്കറ്റിൽ നിന്നും കാശെടുത്ത് കൊടുത്തു വൈകിട്ട് ഇവിടെ നിന്നാൽ മതി ഞാൻ വന്നു കൂട്ടികൊണ്ട് പൊക്കോളാം എന്ന് പറഞ്ഞു ഞാൻ വണ്ടി മുന്നോട്ടു പായിച്ചു..

എന്നെ തന്നെ നോക്കി മിഴികൾ തുടക്കുന്ന അവളെ ഒരുനിമിഷം ഞാൻ മിററിലൂടെ കണ്ടു..

അപമാനിക്കാവുന്നതിന്റെ പരമാവധി ഞാൻ അവളോട് കാണിക്കുന്നുണ്ട് എങ്കിലും എന്ത് കൊണ്ടാണ് അവൾ ഇതെല്ലം സഹിച്ചു ഇനിയും ഇവിടെ നിൽക്കുന്നത് ??

അവളുടെ ആ വീട്ടിലേക്കാൾ ഭേദം ആയിരിക്കും ..  ഇവിടെ എന്നെ മാത്രം സഹിച്ചാൽ മതിയാലോ ...

മനസ്സിൽ ഉണ്ടായ സംശയത്തിന് ഞാൻ തന്നെ ഒരു ഉത്തരം കണ്ടെത്തി..

രാവിലെ തന്നെ ക്രിക്കറ്റ് പ്രാക്ടിസിനു ഗ്രൗണ്ടിൽ നിൽക്കുമ്പോൾ ആണ് ദേവിക ഞങ്ങളുടെ മുന്നിലൂടെ കടന്നു പോകുന്നത് .

" എടാ ഇതല്ലേ നിന്റെ പെണ്ണ്.?  ഞങ്ങളെ ഒന്ന് പരിചയപ്പെടുത്തേട.. "

എന്റെ തോളിൽ തട്ടി അജിത് പറഞ്ഞു.

" ഒന്നു പോയെടാ.  അത്രക് മുട്ടി നിക്കയാണെങ്കിൽ തന്നെ അങ്ങ് പോയി പരിചയപ്പെട്ടോ..? "

" ഏത് ആ ബ്ലൂ ചുരിദാർ ആണോ ഇവന്റെ..? "

ഇടയിലേക്ക് കയറി വന്ന അരുൺ ചോദിച്ചതിന് അജിത് അതെ എന്ന് മറുപടി കൊടുത്തു

" ഇവളല്ലേ എല്ലാ ദിവസവും മാച്ച് ഉള്ളപ്പോ ദേ ആ ഗാലറിയിൽ വന്നിരിക്കാറുള്ളത്.  ഞാൻ കരുതി വല്ല പഠിക്കാൻ വന്നിരിക്കുന്നത് ആകും എന്ന്.  ഇപ്പോഴല്ലേ മനസിലായത് എന്തായിരുന്നു പഠനമെന്നു   .  "

" നിനക്കു ഒക്കെ എന്തിന്റെ കഴപ്പാ? "

പ്രാക്ടീസ് മതിയാക്കി ഞാൻ ഒന്നും മിണ്ടാതെ ക്ലാസ്സിലേക് പൊന്നു..

അജിതിനേം അരുണിനെയും പോലെ തന്നെ ആയിരുന്നു എല്ലാവരും. എല്ലാവർക്കും അവളെ കുറിച്ചാണ് അറിയേണ്ടത്.. മനസമാധാനം നഷപെട്ട അവസ്ഥ ..

വൈകിട്ട് ബസ്റ്റോപ്പിൽ നിന്നും അവളെയും കൂട്ടി നേരെ വീട്ടിലേക്കു ചെന്നു. കോളേജിൽ ഇവൾ മൂലം ഞാനനുഭവിക്കുന്ന അപമാനങ്ങൾ ഓർത്തപ്പോ കൊള്ളാൻ ഉള്ള കലി വന്നു എനിക്ക്..

എന്നത്തേയും പോലെ തന്നെ അന്നത്തെ രാത്രിയും തള്ളി നീക്കി. രാവിലെ ഓടി വന്നു ബൈക്കിൽ കയറാൻ തുടങ്ങുമ്പോൾ ആണ് ഏടത്തി ആ കാര്യം ശ്രദ്ധിച്ചത്.

":അല്ല ദേവു നീ സിന്ദൂരം തൊടാറില്ലേ.. "

പരിഭ്രമത്തോടെ ഞാനും അവളും മുഖത്തോട് മുഖം നോക്കി

":നീ അവനെ ന്തിനാ നോക്കുന്നേ. അവനോ വെളിവില്ല അതുപോലെ ആണോ നിയ്യ്.... കല്യാണം കഴിഞ്ഞ കുട്ടികൾ സിന്ദൂരം വച്ചു നടക്കുന്നതാ അതിന്റെ ഐശ്വര്യം... പോ അകത്തു പോയി സിന്ദൂരം വച്ചിട്ട് വാ.. "

www.kambistories.com

":ചേച്ചി അത്...

എന്റെ കയ്യിൽ സിന്ദൂരം ഇല്ല. "

":ദേ ഒരൊറ്റ വീക്ക് വച്ചു തന്നാൽ ഉണ്ടല്ലോ. സിന്ദുരം ഇല്ലാ പോലും. ഈ താലി കഴുത്തിൽ ഇട്ടുകൊണ്ട് നടക്കാൻ അറിയാമല്ലോ.. ഈ പൊട്ടനോ വെളിവില്ല. രണ്ടും കണക്കാണല്ലോ ഈശ്വര.. "

അവളുടെ കണ്ണുകൾ നിറഞ്ഞൊഴുകാൻ തുടങ്ങി ഇരുന്നു.

":ഇനി അതിന് കൂടി കരയണ്ടാ... വാ.. "

ചേച്ചി അകത്തേക്കു അവളെയും കൂട്ടികൊണ്ട് പോയി. തിരിച്ചു വരുമ്പോൾ അവളുടെ നെറുകയിൽ സിന്ദൂരം ഉണ്ടായിരുന്നു.

" ഇനി എപ്പോളും സിന്ദൂരം തൊട്ട് നടന്നോണം ഇല്ലേ എന്റെ സ്വഭാവം മാറും. "

വണ്ടിയിൽ കയറാൻ നേരം ഏടത്തിയുടെ അന്തിമ ശാസനം വന്നു.

അന്ന് ബസ് കാശിന്റെ കൂടെ സിന്ദൂരം വാങ്ങാൻ ഉള്ള കാശുകൂടി കൊടുത്തിട്ട് ആണ് ഞാൻ പോയത്. ഇനി ഏടത്തി അതിന്റെ പേരിൽ എന്റെ നെഞ്ചത്തേക്ക് കരരുതല്ലോ എന്ന് കരുതി .......

.......................

ഏട്ടൻ എത്തിയിട്ടുണ്ട് എന്നറിഞ്ഞാണ് ഓടി പിടിച്ചു വീട്ടിലേക്കു എത്തിയത്. ഞാൻ പ്രതീക്ഷിച്ച പോലെ അല്ല. എല്ലാവരെ പോലെയും ഏട്ടനേയും അവൾ കയ്യിലെടുത്തിരുന്നു.. " നല്ല കുട്ടി ആടാ " എന്ന ഒരു അഭിപ്രായം മാത്രമേ ഏട്ടനിൽ നിന്നുണ്ടായുള്ളു....

...........................

അന്ന് വൈകിട്ട് ബസിൽ നിന്നിറങ്ങി ഓടി എന്റെ അടുത്തേക്ക് വരുമ്പോൾ ആണ് മോളെ എന്നൊരു വിളിയുമായി ഒരാൾ ഞങ്ങളുടെ അടുത്തേക്ക് വന്നത്..

അയാളെ കണ്ടതത്തെ ഭയന്ന അവൾ എന്റെ പിന്നിലേക്കു കയറി ഒളിച്ചു നിന്നു.

":അയ്യോ മോളെന്തിനാ പേടിക്കുന്നെ. ഇത് ഞാനാ രാഘവൻ അമ്മാവൻ "

ഒരു വലിച്ച ചിരിയോടെ അയാൾ പറഞ്ഞു.

സംഭവം എന്തെന്ന് മനസിലാകാതെ നിന്ന എന്നെ നോക്കി അയാൾ പറഞ്ഞു..

":മോനെന്നെ മനസിലായില്ലേ. ഞാൻ ഇവളുടെ അമ്മാവനാ . ഇവളുടെ അമ്മ ഇല്ലേ ജാനകി അവരുടെ ബന്ധുവാ.... "

www.kambistories.com

ഓഹ് ആ തള്ളയുടെ ബന്ധു ആണല്ലേ വെറുതെ അല്ല ഇവൾ പേടിച്ചത്...

": മോനെന്നെ ഓർമ ഇല്ലേ ? അന്ന് ഹോട്ടലിൽ വച്ച്... . അന്ന് ഞാനും ഉണ്ടായിരുന്നു. . "

അപ്പോളാണ് എനിക്ക് അയാളെ ശെരിക്കും മനസിലായത്...

അന്ന് അവൾ റൂമിലേക്കു കയറി വന്നതിന് പുറകെ കയറി വന്ന ആൾ. കാര്യം അറിയാതെ എന്നെ തല്ലിയ ആ മഹാൻ..

" നിങ്ങൾ എന്താ വീട്ടിലേക്കു ഒന്നും വരാതെ ഇരുന്നേ? ഒരു ദിവസം മോനേം കൂട്ടി വീട്ടിലേക്കു വരണം കേട്ടോ മോളെ ... നീ അങ്ങോട്ട് തിരിഞ്ഞു നോക്കുന്നില്ല എന്ന് ജാനകി എന്നും പരാതി പറയും . അല്ലെങ്കിൽ വേണ്ടാ അടുത്ത ദിവസം ഞങ്ങൾ അങ്ങോട്ട് വരാം മോന്റെ വീട്ടിലേക്കു എന്താ ?? "

" ഓഹ് അത് വേണ്ട അമ്മാവാ.. സമയം കിട്ടുമ്പോ അവളേം കൂട്ടി ഞാൻ അങ്ങോട്ട് വന്നോളാം.. അപ്പൊ പോട്ടെ അമ്മാവാ ...... "

അവളെയും കയറ്റി ഞാൻ ബൈക്ക് സ്റ്റാർട്ട് ചെയ്തു മുന്നോട്ടു പോയി. ഞങ്ങൾ പോകുന്നതും നോക്കി നിന്ന് അയാൾ അറപ്പിച്ചൊന്നു തുപ്പുന്നത് ഞാൻ മിററിലൂടെ കണ്ടു...

ഉറങ്ങാൻ കിടക്കുമ്പോൾ മുഴുവൻ അയാളുടെ വളിച്ച ചിരിയും. ആ ആക്കിയുള്ള സംസാരവും ആയിരുന്നു മനസു മുഴുവൻ..

ഞാൻ പതിയെ തല ഉയർത്തി അവളെ നോക്കി.  ഒന്നും അറിയാത്ത പോലെ ഉറങ്ങുക ആണ്..

ഇവളിൽ എന്തൊക്കെയോ ദുരൂഹതകൾ ഒളിഞ്ഞു കിടപ്പുണ്ട്.  എന്തൊക്കെയോ രഹസ്യങ്ങൾ ആരോടും പറയാതെ അവൾ ഒളിപ്പിച്ചു വച്ചിട്ടുണ്ട്.  ഒക്കെ ഒന്ന് അന്വേഷിച്ചാൽ ഇവൾ ശെരിക്കും ആരെന്ന സത്യം മനസിലാക്കാം..

ഇവൾ ആരെന്നു ഞാൻ എന്തിന് അറിയണം?

ഇന്നല്ലെങ്കിൽ നാളെ എന്റെ ജീവിതത്തിൽ നിന്നും ഒഴിഞ്ഞു പോകേണ്ടവൾ ആണിവൾ..?

വേണ്ട എനിക്ക് അതറിയണം.  അവൾ എന്തിന് അന്നെന്റെ റൂമിലേക്കു കയറി വന്നു എന്നറിയണം.. ഇവൾ എന്റെ ജീവിതത്തിലേക്കു കയറി വന്നത് യാദൃശ്ചികമായിട്ടാണോ അല്ലയോ എന്നെനിക്കറിയണം.. ചിലപ്പോ ഇവൾ അന്വേഷിച്ചു വരുമ്പോ ഞാൻ ഇവളെ കുറിച്ചു ധരിച്ചു വച്ചിരിക്കുന്നത് എല്ലാം തെറ്റായിരിക്കാം....

ഒരു നിമിഷമെങ്കിലും അത് വെറും തെറ്റുധാരണ ആകണം എന്ന് ഞാനും ആഗ്രഹിച്ചു പോയി...

മനസിൽ മുഴങ്ങിയ ചോദ്യങ്ങൾക്ക് എല്ലാം ഉത്തരം തരാൻ കഴിയുന്നത് ഇവൾക്ക് മാത്രം ആണ്.. പക്ഷേ ഇവൾ അത് പറയില്ല.  അപ്പൊ അതറിയാനുള്ള വഴി ആ അമ്മാവൻ ആണ്.  പക്ഷെ ഇപ്പോൾ അയാളുടെ പിറകെ പോകണ്ട എന്ന് മനസെന്നോട് പറഞ്ഞു കൊണ്ട് ഇരുന്നു.  പിന്നെ ഉള്ള മാർഗം കോളേജ് ആണ്.  എന്റെ രഹശ്യങ്ങൾ ഹരിക്ക് അറിയാവുന്നത് പോലെ അവൾക്കും കാണില്ലേ ഒരു മനസാക്ഷി സൂക്ഷിപ്പുകാരി..  നാളെ തന്നെ അവളെ കണ്ടെത്തണം....

എല്ലാം മനസ്സിൽ ഉറപ്പിച്ചു ഞാൻ മെല്ലെ ഉറക്കത്തിക്ക് വഴുതി വീണു

.......

കോളേജിൽ എത്തി ഹരിയേയും കൂട്ടി ഞാൻ ദേവുവിനെ  പിന്തുടർന്നു ആ ദിവസം മുഴങ്ങുവാൻ നടന്നിട്ട് ഒരാളെ ഞങ്ങൾ കണ്ടെത്തി.  എന്തിനും ഏതിനും അവളുടെ ഒപ്പം ഉള്ള ഒരുവൾ അഞ്ചു. !

"  അനന്തു ചേട്ടാ എനിക്ക് അറിയില്ല അവളെ കുറിച്ച് ഒന്നും.  ചോതിക്കുമ്പോളൊക്കെ എന്തെങ്കിലും ഒക്കെ പറഞ്ഞു അവൾ ഒഴിഞ്ഞു മാറും.  എന്തിന് ചേട്ടനോട് ഉള്ള ഇഷ്ടം പോലും അവൾ ഞങ്ങളോട് പറഞ്ഞിട്ടില്ല..  കല്യാണത്തിനെ കുറിച്ചോ ഒന്നും...  ആകെ അറിയാവുന്നത് അവളുടെ അമ്മ കുഞ്ഞിലേ മരിച്ചു പോയി എന്നും പിന്നീട് അവളുടെ അച്ഛൻ രണ്ടാമത് കല്യാണം കഴിച്ചിരുന്നു  എന്നും മാത്രാ... കുറെ നാളായി അവൾ ക്ലാസ്സിൽ വരാതെ ഇരിക്കയായിരുന്നു.  പിന്നെയാ കേട്ടത് കല്യാണം കഴിഞ്ഞു എന്നു.... "

അഞ്ചുവിൽ നിന്നും എനിക്ക് ആവശ്യം ഉള്ള ഒന്നും കിട്ടിയില്ല.

" നിങ്ങൾ തമ്മിൽ എന്തെങ്കിലും പ്രശ്നം ഉണ്ടോ?  "

പോകാൻ നേരം അവൾ എന്നോട് ചോദിച്ചു.

" അല്ല കല്യാണം കഴിഞ്ഞു വന്നതിൽ പിന്നെ അവൾ ഒന്നു ചിരിച്ചു പോലും ഞാൻl കണ്ടിട്ടില്ല. എപ്പോളും വിഷമിച്ചിരുന്ന പോലെ ഒരു തോന്നൽ. അല്ലേൽ എപ്പോളും ചിരിച്ചു കളിച്ചിരിക്കുന്നവളാ...... "

എന്റെ മുഖംഭാവം കണ്ടിട്ടാകണം അവൾ തന്നെ അതിന് മറുപടിയും പറഞ്ഞു..

" ഇച്ചിരി നാക്കു കൂടുതൽ ഉണ്ടെന്നേ ഒള്ളു ദേവു ഒരു പാവം ആണ് ചേട്ടാ "..

അതുകൂടി പറഞ്ഞു തീർത്തു അവൾ അവിടെ നിന്നും നടന്നകന്നു...

എന്ത് ചെയ്യണം എന്നറിയാതെ നിൽക്കുമ്പോൾ ആണ് എനിക്ക് ദേവയുടെ ഡയറി ഓർമ വന്നത്. അതിൽ നിന്നും എന്തായാലും എന്തെങ്കിലും ഒരു വിവരം കിട്ടാതെ ഇരിക്കില്ല...

രാത്രി അവൾ ഉറങ്ങി എന്ന് ഉറപ്പു വരുത്തി ഞാൻ അവളുടെ ഡയറി എടുത്ത് തുറന്നു നോക്കി. ആദ്യം കണ്ണിൽ പെട്ടത് ഒരു സ്ത്രീയുടെ ഫോട്ടോ ആണ്. അമ്മ ആയിരിക്കണം ഞാൻ ഊഹിച്ചു. ഫോട്ടോ അവിടെ തന്നെ വച്ച് ഞാൻ ഓരോ താളുകളായി മറിച്ചു നോക്കി.അതിൽ കുറേ കവിതകളും വർണനകളും മാത്രം ആയിരുന്നു ഉണ്ടായിരുന്നത്... ഒന്നും കിട്ടാതെ ഞാൻ തോൽവി സമ്മതിച്ചു ഡയറി മടക്കി യാഥാ സ്ഥാനത്ത് വച്ചു തിരിയുമ്പോൾ കണ്ടത്.. എന്നെ തന്നെ നോക്കി ഇരിക്കുന്ന ദേവികയെ ആണ്. പിടിക്കപ്പെട്ട ഒരു കള്ളന്റെ ജ്യാള്യതയോടെ ഒന്നും മിണ്ടാതെ ഞാൻ കട്ടിലിൽ പോയി കിടന്നു..

പിറ്റേന്നു രാവിലെ ഞാൻ വളരെ ശാന്തൻ ആയിരുന്നു. പതിവു ബസ്റ്റോപ്പിന് മുന്നിൽ ബൈക്ക് നിർത്തി അവൾ ഇറങ്ങുന്നതും കാത്തു നിന്നിട്ട് ഏറെ നേരം ആയും അവൾ ഇറങ്ങാതെ ഇരുന്നപ്പോൾ ഞാൻ കാര്യം തിരക്കി

www.kambistories.com

" ഇറങ്ങുന്നില്ലേ ? "

" ഇല്ല "

" പിന്നെ? "

" നന്ദുവേട്ടന് എന്താ എന്നെ കുറിച്ചറിയേണ്ടത്? "

" എനിക്ക്.... എനിക്ക് ഒന്നും അറിയേണ്ടാ.... "

" പിന്നെ എന്തിനാ ഇന്നലെ മുതൽ എന്നെ ഫോളോ ചെയ്യുന്നേ? "

അതിന് എനിക്ക് ഉത്തരം ഇല്ലായിരുന്നു.

" ചേട്ടൻ വണ്ടി എടുക്കു.. നന്ദുവേട്ടന്റെ സംശയങ്ങൾക്ക് ഉള്ള ഉത്തരം എനിക്ക് മാത്രമേ തരാൻ കഴിയു..... "

പിന്നെ ഒന്നും നോക്കിയില്ല ബൈക്ക് മുന്നോട്ട് പാഞ്ഞു. അവൾ നിർത്തു എന്ന് പറയുന്നത് വരെ.

പാർക്കിന്റെ ആളൊഴിഞ്ഞ ഭാഗത്തായി ഞങ്ങൾ ചെന്നിരുന്നു. ഒരു ബെഞ്ചിന്റെ ഇരു വശങ്ങളിൽ ഒരു അപരിചിതരെ പോലെ..

ഏറെ നേരത്തെ നിശ്ശബ്ദതക്ക് ശേഷം അവൾ അവൾ പറഞ്ഞു തുടങ്ങി.

" അമ്മ മരിക്കുമ്പോൾ എനിക്ക് ഏഴു വയസ് ആണ്. ഒരു രണ്ടാം ക്ലാസ്സുകാരിയെ എങ്ങനെ നോക്കും എന്ന് അറിയാത്ത കൊണ്ടാകാം അധികം വൈകാതെ അച്ഛൻ വേറെ വിവാഹം കഴിച്ചത്. അച്ഛനെ പോലെ തന്നെ ചെറിയമ്മക്കും എന്നെ ജീവനായിരുന്നു. ഇന്നലെ കണ്ടില്ലേ? ചെറിയമ്മയുടെ അകന്ന ബന്ധുവായ രാഘവൻ.. അയ്യാൾ വരുന്ന വരെ? അയാൾ വന്നതോടെ അമ്മ ശെരിക്കും മാറി പോയി..

അച്ഛനില്ലാത്ത പല സമയങ്ങളിലും അയാളൊരു സ്ഥിരം സന്ദർശകൻ ആയി.. ഒരു ദിവസം അതിനെ കുറിച്ച് ചോദിച്ച അവരെന്നെ തല്ലി... ഒരുപാടു....

ആരോടെങ്കിലും പറഞ്ഞാൽ കൊന്നു കളയും എന്ന് ഭീഷണിപ്പെടുത്തി. "

അത് പറയുമ്പോൾ അവളുടെ ശംബ്ദം ഇടറുന്നുണ്ടായിരുന്നു. ഞാൻ ഒരു കേൾവികാരൻ എന്ന നിലയിൽ മാത്രം അവളെ നോക്കി കണ്ടു .

" അച്ഛൻ ഇതൊന്നും അറിയുന്നില്ല എന്ന വേദന എന്നെ വല്ലാതെ അലട്ടി. പിന്നീട് അവിടെ മറ്റുപലരും വന്നു പോകാൻ തുടങ്ങി പകലെന്നോ രാത്രി എന്നോ ഇല്ലാതെ. അതൊരു വേശ്യാലയം ആണ് . എന്റെ മുന്നിൽ വച്ച് ഒരു മറയും ഇല്ലാതെ ആ സ്ത്രീ മറ്റൊരാളുടെ കൂടെ...ഛീ.. . "

www.kambistories.com

അവൾക്കത് പറയാൻ അറപ്പുള്ളത് പോലെ.

" പിന്നെ എനിക്ക് മനസിലായി അച്ഛൻ ഇതറിഞ്ഞിട്ടും അറിയാത്ത പോലെ അഭിനയിക്കുക ആണെന്ന്. അയാൾ ആ രാഘവൻ എന്ന ചെകുത്താൻ അച്ഛനെയും ഭീഷണിപ്പെടുത്തി ഇരിക്കയാണെന്നു എനിക്ക് മനസിലായി. എല്ലാം മനസിലൊതുക്കി എന്റെ അച്ഛൻ.ഒന്നു പ്രതികരിക്കാൻ കൂടി ആകാതെ .. "

അവളുടെ കണ്ണുനീർ എന്നെ വല്ലാതാക്കി...

" പക്ഷെ അച്ഛനിപ്പോ എവിടെ ആണെന്നറിയില്ല... പലയിടത്തും അന്വേഷിച്ചു. കണ്ടില്ല. എവിടെ ആണെന്നോ എന്തിനു പോയെന്നോ ഒന്നും അറിയില്ല. Vഅച്ഛൻ ഇല്ലാതെ എനിക്ക് പറ്റില്ല. ചിലപ്പോ ഇതൊന്നും കാണാനോ കേൾക്കാനോ കഴിയാതേ ഈ പൊട്ടി പെണ്ണിനെ ഉപേക്ഷിച്ചു എവിടേക്കെങ്കിലും പോയതാവാം. ഒന്നും അറിയില്ല.. എനിക്ക് പേടിയാ എല്ലാവരോടും...."

" എനിക്കറിയാം നന്ദുവേട്ടൻ ഈ ലോകത്തേറ്റവും വെറുക്കുന്നത് ഈ എന്നെ ആണെന്ന്.. പക്ഷേ എനിക്ക് വേറെ വഴിയില്ല. സഹായിക്കാൻ വേറെ ആരുമില്ല .. വീട്ടിലേക്കു പോകാൻ എനിക്ക് പേടിയാ. ചിലപ്പോൾ അവരെന്നെ ..???... "

അത് മുഴുവിപ്പിക്കാൻ അവൾക് കഴിയുമായിരുന്നില്ല. പെട്ടന്ന് അവളെന്റെ കാല്കീഴില് ഇരുന്നെന്റെ കാലിൽ മുറുകെ പിടിച്ചു...

" നന്ദുവേട്ടൻ എന്നെ സഹായിക്കണം ...  സഹായം ചോദിച്ചു  ചെല്ലാൻ എനിക്കീ ലോകത്ത് വേറെ ആരും ഇല്ല.   എന്റെ അച്ഛനെ കണ്ടു പിടിക്കാൻ എന്നെ സഹായിക്കണം ..  അല്ല കണ്ടു പിടിച്ചു തരണം . അച്ഛൻ വരുന്ന വരെ എങ്കിലും എന്നെ വീട്ടിൽ താമസിപ്പിക്കാൻ അനുവതിക്കണം.   അച്ഛൻ വന്നാൽ പിന്നെ ഞാൻ നന്ദുവേട്ടനെ ശല്യം ചെയ്യൂല.  നന്ദുവേട്ടന്റെ കണ്മുന്നിൽ പോലും പെടാതെ ഞാൻ എന്റെ അച്ഛനും എങ്ങോട്ടെങ്കിലും പോയിക്കോളാം...   കൈ വിടല്ലേ നന്ദുവേട്ട.  പ്ലീസ്........ "

അവളുടെ കണ്ണുനീരെന്റെ കാല് നനച്ചു..   എന്ത് പറയണം എന്നറിയാതെ ഞാൻ കുഴങ്ങി..  ഇത്രയും വിഷമം മനസിലൊതുക്കിയ ആ പെണ്ണിനെ എങ്ങനെ ഞാൻ കൈ വിടും ?

ഒടുവിൽ ഞാൻ അവൾക്കു വാക്ക് കൊടുത്തു അവൾക്ക് അവളുടെ അച്ഛനെ കണ്ടെത്തി  കൊടുക്കാം എന്ന്...

കണ്ണ് നീരൊഴുകിയ മുഖത്തു അവൾ അപ്പോൾ വരുത്തിയ ആ പ്രതീക്ഷയുടെ പുഞ്ചിരിക്ക് അഴക് ഏറെ ആയിരുന്നു.....

" ഹ ഹ ഹ....  "

സംഭവം കെട്ടാതെ ഹരി പൊട്ടിച്ചിരിക്കാൻ തുടങ്ങി.

" എന്തിനാടാ  കോപ്പേ നി ഈ കിണിക്കുന്നത്.... "

" ഒന്നുമില്ല അളിയാ ഇന്നലെ കേറി വന്നവൾ വരെ നിനക്കു പുല്ല് വില ആണല്ലോ തന്നത് എന്നോർത്തു ചിരിച്ചതാ .. "

" ഈ വരുന്നവരും പോകുന്നവർക്കും  ഒക്കെ കൈ വക്കാൻ ഞാൻ എന്താ ചെണ്ടയോ.  "

" പിന്നെ എന്റെ അളിയാ.  ഒരു പെണ്ണിന്റെ മുഖത്തു നോക്കി പറയാവുന്ന കാര്യം ആണോ നീ ഇന്നലെ അവളോട് പറഞ്ഞത്.  അന്തസ് ഉള്ള ഏതൊരുത്തി ആണെങ്കിലും അതേ ചെയ്യൂ... "

" അതിന് ആ പെണ്ണിന് എവിടെയാ അന്തസ്..  അവൾ ഒരു...... "

":അതിന് നിനക്കു എന്താ ഇത്ര ഉറപ്പ്? "

ഞൻ പറഞ്ഞു തീരുന്നതിന് മുന്നേ അവൻ ചോദിച്ചു .

": അവൾ വേറെ ആവശ്യത്തിന് ആ ഹോട്ടലിൽ വന്നതാണെങ്കിലോ ?  റൂം മാറി നിന്റെ റൂമിൽ കയറിയതാണെങ്കിലോ? "

ഹരിയുടെ ചോദ്യത്തിന് എനിക്ക് ഉത്തരം ഇല്ലായിരുന്നു.

":അതാ നിന്നോട് ഞാൻ അവളോട് പോയി സംസാരിക്കു എന്താ സംഭവിച്ചത് എന്ന് ചോദിച്ചു മനസിലാക്കാൻ  എന്ന്. "

www.kambistories.com

അവൻ പറഞ്ഞതിലും കാര്യം ഉണ്ടെന്നു തോന്നി എനിക്ക്.

ബൈക്ക് സ്റ്റാർട്ട് ചെയ്ത് ഞാൻ നേരെ വീട്ടിലേക്കു ചെന്നു. ചെന്നതേ അവളെ ആണ് അന്വേഷിച്ചത്. ചേച്ചിയോടും മാളുവിനോടും എന്തൊക്കെയോ സംസാരിച്ചിരിക്കയാണവൾ. എന്നെ കണ്ടതും ഒന്നും മിണ്ടാതെ അവൾ അകത്തേക്കു കയറി പോയി..

" ആഹ് പുതു മണവാളൻ രാവിലെ എവിടെ പോയതാ.... മസിലു പെരുപ്പിക്കാൻ ജിമ്മിലോ? "

മാളുവിന്റേതായിരുന്നു ആ ചോദ്യം

"'നിനക്കു വീട്ടിൽ ഒന്നും പോകേണ്ടെടീ ശവമേ? "

"' ഒന്ന് പോടാ.. "

ഞങ്ങളുടെ വീടിന് തൊട്ടടുത്തു തന്നെ ആയിരുന്നു മാളുവിന്റെയും വീട്. ഞാൻ ഒന്നും മിണ്ടാതെ നേരെ റൂമിലേക്കു കയറി ചെന്നു. എന്നെ കണ്ടത്തെ പെണ്ണ് റൂമിന് വെളിയിലേക്കു ഇറങ്ങാൻ തുടങ്ങി...

" അതെ ഒന്നു നിന്നെ "

ഞാൻ അവളെ വിളിച്ചു നിർത്തി. എന്റെ മുഖത്തേക്ക് കൂടി നോക്കാതെ അവൾ തിരിഞ്ഞു തന്നെ നിന്ന്..

www.kambistories.com

" ശരിക്കും അന്ന് എന്താ ഉണ്ടായത്? "

വലച്ചു കെട്ടില്ലാതെ ഞാൻ ചോദിച്ചു...

" നിങ്ങൾ തന്നെ അല്ലെ അതിനൊരു ഉത്തരം കണ്ടെത്തിയത്.. തത്കാലം അത് തന്നെ കരുതിയാൽ മതി. ഞാൻ... ഞാൻ ഒരു പിഴ ആണെന്ന്. ... "

ഇടറിയ ശബ്ദത്തോടെ പറഞ്ഞൊപ്പിച്ചു അവൾ മുറിയിൽ നിന്നും ഇറങ്ങി പോയി..

എന്ത് ചെയ്യണം എന്നറിയാതെ ഞാൻ അവളെയും നോക്കി ഇരുന്നു..

... ..................

" ഏടത്തി 'അമ്മ വല്ലതും പറഞ്ഞോ? "

വെറുതെ അതിലെ പോയ ഏടത്തിയെ പിടിച്ചു നിർത്തി ഞാൻ ചോദിച്ചു.

" അമ്മക്ക നല്ല വിഷമം ഉണ്ടെടാ. സ്നേഹിച്ചു വളർത്തിയ ഒരുത്തൻ ഇങ്ങനെ... അല്ലെങ്കിൽ ഇതുപോലെ ഒരു സാഹചര്യത്തിൽ ഓരോന്ന് ചെയ്തിട്ട്... അമ്മയ്ക്കും ദേഷ്യം ഉണ്ടാകാതെ ഇരിക്കുവോ.. "

" അമ്മ എന്നോട് ഇത് വരെ മിണ്ടിട്ടില്ല. എന്തിന് ഇതുവരെ എന്റെ മുഖത്തേക് ഒന്നു നോക്കിട്ട് കൂടി ഇല്ല. "

" സാരമില്ലെടാ നമ്മുടെ അമ്മ അല്ലേ "

" ഞാൻ എല്ലാം പറഞ്ഞതല്ലേ പിന്നെ എന്താ? "

" നീ പറഞ്ഞത് ഒക്കെ ആരെങ്കിലും വിശ്വസിക്കുന്ന കാര്യങ്ങൾ ആണോ... അതും ഇതുപോലെ ഒരു പാവം പെണ്ണ് അങ്ങനെ ഒക്കെ പോവുക എന്ന് പറഞ്ഞാൽ ആരും നീ പറഞ്ഞതിനെ വിശ്വസിക്കത്തില്ല. "

എനിക്കവളെ ഒട്ടും ഇഷ്ടപ്പെടുന്നില്ല. ഇന്നലെ അവളെന്നെ തല്ലി. അതും ഒരു ആണെന്ന് കൂടി ഓർക്കാതെ. അതും മറന്നു സംഭവിച്ചത് എന്തെന്ന് ചോദിച്ചപ്പോ അവളുടെ കോപ്പിലെ മറുപടിയും. എല്ലാം പോരാത്തതിന് അവൾ നല്ലവൾ പോലെ അഭിനയിക്കുക ആണ്. വീട്ടിലെ എല്ലാവരെയും അവൾ സ്വാതീനിച്ചു നിർത്തി ഇരിക്കുക ആണ്....

വീട്ടിൽ ഇരുന്നാൽ ആ അലവലാതി പെണ്ണിന്റെ മുഖം കാണണം എന്ന കാരണത്തിൽ പകൽ മുഴുവൻ പുറത്തായിരുന്നു.

വൈകിട് ഗ്രൗണ്ടിൽ പിള്ളേരുടെ ക്രിക്കറ്റ് മാച്ച് കണ്ടുകൊണ്ടിരിക്കുമ്പോൾ ആണ് ഹരിയുടെ കാൾ വന്നത്.

" എടാ. നാട്ടിൽ ഒക്കെ അറിഞ്ഞത് പോലെയേ കോളേജിലും അറിഞ്ഞിട്ടുള്ളു. നീ അവളെ വിളിച്ചിറക്കി കൊണ്ട് വന്നതാണെന്ന്. അല്ലാതെ ഒരു സംസാരം ഒന്നും ആർക്കിടയിലും ഇല്ല. നീ ധൈര്യം ആയി നാളെ കോളേജിൽ പോരെ... "

അത് കേട്ടപ്പോൾ തന്നെ പാതി ആശ്വാസം തോന്നി. കാരണം കോളേജിൽ ഉള്ളവർ നടന്നത് വല്ലതും അറിഞ്ഞാൽ പിന്നെ എനിക്ക് അങ്ങോട്ടേക്ക് പോകാൻ കൂടി കഴിയില്ല എന്നൊരു പേടി ഉണ്ടായിരുന്നു എനിക്ക് ... കോളേജ് ക്രിക്കറ്റ് ടീം ക്യാപ്റ്റൻ എന്ന നിലയിലും അത്യാവശ്യം ഒരു കുഞ്ഞി ഗായകൻ എന്ന നിലയിലും തരക്കേടില്ലാത്ത ഒരു ഇമേജ് ഞാൻ നില നിർത്തി പോന്നിരുന്നു .. പെട്ടന്നതൊക്കെ പോകുന്നു എന്ന് ഓർത്തപ്പോ ഒരു പേടി അതുകൊണ്ട് തന്നെയാണ് ഇന്ന് ഞാൻ കോളേജിൽ പോകാതെ ഇരുന്നതും. ഇനി ഇപ്പൊ ഏതായാലും നാളെ കോളേജിൽ പോണം.

നേരം കുറെ വൈകി ആണ് ഞാൻ വീട്ടിൽ ചെന്ന് കേറിയത്.

" ആഹ് നീ വന്നോ ? എന്ന വേഗം പോയി കുളിച്ചിട്ട് വാ. ഭക്ഷണം കഴിക്കാം. ഇന്ന് നിന്റെ ഭാര്യയുടെ സ്പെഷ്യൽ ഐറ്റംസ് ആ. കൂടെ നിന്റെ ഫേവ്റിറ്റ് മീൻ കറിയും ഉണ്ട്. ഉള്ളത് പറയാലോ എന്താ ടേസ്റ്റു. നോക്കി നിക്കാതെ പോയി കുളിച്ചിട്ട് വാടാ.. "

" എനിക്ക് വിശക്കുന്നില്ല ഏടത്തി നിങ്ങൾ കഴിച്ചിട്ട് കിടന്നോ "

" പിന്നെ ഞാൻ നാളെ കോളേജി പോകും "

റൂമിലേക്കു പോകാൻ നേരം ഞാൻ പറഞ്ഞു.

പാതി ഉറക്കത്തിനിടയിൽ ആണ് കട്ടിലിന് ഒരനക്കം തോന്നി ഞാൻ കണ്ണ് തുറന്നു നോക്കുമ്പോ ബെഡിനടുത് നിൽക്കുന്ന അവളെ ആണ് കണ്ടത് .

"എന്താ ? "

" ഏടത്തി പറഞ്ഞു ഇവിടെ കിടക്കാൻ.. "

" അതിന് എന്റെ കട്ടിലിൽ കിടക്കണോ നിനക്കു ?

അആഹ് താഴേ എവിടെ എങ്കിലും കിടക്കു. "

പറഞ്ഞു തീരുന്നതിന് മുന്നേ അവൾ തറയിലേക് ഇരുന്നിരുന്നു. നോക്കുമ്പോ കിടക്കാൻ ഉള്ള എല്ലാ സാധനങ്ങളും റെഡി ആക്കി വെച്ചിട്ടുണ്ടായിരുന്നു എന്ന് മനസിലായത്. ഇവൾ ഇത് എന്ത് ഭവിച്ചാണാവോ ?

രാത്രി ഇടക്കെപ്പോളോ കണ്ണ് തുറന്നു നോക്കുമ്പോ ഒരു ഏങ്ങലടി ശബ്ദം മാത്രം മുഴങ്ങി കേട്ടത് രാവിലെയും ഞാൻ ഓർത്തു.. രാവിലെ തന്നെ എഴുന്നേറ്റു ആർക്കും വലിയ മുഖം കൊടുക്കാതെ വേഗം റെഡി ആയി കോളജിലേക്ക് പോന്നു. കോളേജിലെ അവസ്ഥ മോശം ഒന്നും അല്ലായിരുന്നു. കല്യാണം കഴിഞ്ഞതറിഞ്ഞ പലരുടെയും കാര്യന്വേക്ഷണത്തിൽ നിന്നും വേറെ ചിലരുടെ ട്രീറ്റ് ചോദിക്കലിൽ നിന്നും വേറെ തെണ്ടികളുടെ കളിയാക്കലുകളിൽ നിന്നും ഒക്കെ ഞാൻ മനപ്പൂർവം ഒഴിഞ്ഞു മാറി...

" കോളേജ് ജീവിതം ഒറ്റ ദിവസം കൊണ്ട് മടുത്തു ഞാൻ. പിന്നെ വീട്ടിൽ ഇരിക്കുന്നതിനേക്കാൾ കൂടുതൽ സമാധാനം എനിക്ക് ഇവിടെ ഉണ്ട്.. "

":അതിന് വീട്ടിലെന്താടാ നിനക്കിത്ര സമാധാനക്കേട്.. "

" ആ പെണ്ണിന്റെ ശബ്ധം കേൾക്കുന്നതെ എനിക്ക് കാലിയാ ഇപ്പോ. കൂടെ അമ്മേനേം ഏടത്തിനേം ഒക്കെ കറക്കി കുപ്പിയിലാക്കിയിരിക്കുകയാ അവൾ. എങ്ങനെ എങ്കിലും അതിനെ എന്റെ തലയിൽ നിന്നും ഒഴിവാക്കണം എന്ന് വിചാരിക്കുമ്പോളാ അവളുടെ ഒരു കോപ്പിലെ ഭാര്യാ കളി. ഇതിപ്പോ നാട്ടുകാരും വീട്ടുകാരും എല്ലാം അറിഞ്ഞുപോയില്ലേ. പെട്ടന്ന് അവളെ പറഞ്ഞു വിട്ടാൽ എല്ലാരുടെ ഭാഗത്തു നിന്നും ചോദ്യമുണ്ടാകും. അതുകൊണ്ടാ ഇല്ലേ പണ്ടാരത്തിനെ പണ്ടേ ചവിട്ടി പുറത്താക്കിയേനെ.. എത്ര കിട്ടിയാലും ഒരു നാണവും ഇല്ലാത്ത ഒരെണ്ണം ആണളിയാ അത്. എത്ര തെറി പറഞ്ഞു ഒഴിവാക്കിയാലും രത്രി കിടക്കാനാണ് എന്നും പറഞ്ഞു റൂമിലേക്കു കേറി വരും ശവം.... "

എനിക്ക് അവളോട് ഉള്ള വെറുപ്പ് മുഴുവൻ ഹരിയോട് ഒറ്റ ശ്വാസത്തിൽ ഞാൻ പറഞ്ഞു തീർത്തു..

" അപ്പോ നിങ്ങൾ രണ്ടും ഒരേ റൂമിലാനോ കിടക്കുന്നെ "

" പന്ന പട്ടി നിനക്കു അതാണോ ഇപ്പൊ അറിയേണ്ടേ"

www.kambistories.com

" അതല്ലെടാ.  നിങ്ങൾ പ്രേമിച്ചു കല്യാണം കഴിച്ചു എന്ന് തന്നല്ലേ നിന്റെ അമ്മയും ഏടത്തിയും ഇപ്പോളും വിചാരിച്ചിരിക്കുന്നെ. അപ്പൊ പിന്നെ ആ പെണ്ണ് എങ്ങനെ ആട നിന്റെ മുറീന്ന് ഇറങ്ങി പുറത്തു പോയി കിടക്കുന്നെ.  മണ്ടാ..  അവൾക്കും അവിടെ നിൽക്കാൻ ഉള്ള ആകെയുള്ള പിടിവള്ളി നീയാ. "

" അതും ശരിയാ.  നീ എങ്ങനെ എങ്കിലും അവളെ ഒഴിവാക്കാൻ ഒന്ന് സഹായിക്കെട ഹരി.. "

" മ്മ്..  നോക്കാം നീ ഇപ്പോ ഏതായാലും ഒന്ന് ക്ഷമിക്കു.  നമുക് വഴി കണ്ടെത്താം.  "

എന്നത്തേയും പോലെ പരമാവധി താമസിച്ചാണ് വീട്ടിൽ ചെന്നു കേറിയത്.

":മോളേ ദേ അവൻ വന്നു അവന് കഴിക്കാൻ എടുത്ത് കൊടുക്ക് . "

അമ്മ എന്നെ കണ്ടത്തെ അതും പറഞ്ഞു അമ്മയുടെ മുറിയിലേക്കു കയറി പോയി.

'അമ്മ ന്റെ മുഖത്തേക്കു പോലും നോക്കാതെ തിരിഞ്ഞു നടന്നതിൽ എനിക്ക് വിഷമം തോന്നി.

അമ്മ പോയതേ  റൂമിൽ നിന്നും അവൾ ഇറങ്ങി വന്നു.  എന്റെ മുഖത്തേക്ക് പോലും നോക്കാതെ അവൾ എനിക്ക് ഭക്ഷണം വിളമ്പാൻ തുടങ്ങി...

" എനിക്ക് ഒന്നും വേണ്ട. "

ഞാൻ എങ്ങോട്ടെന്നില്ലാതെ നോക്കി കൊണ്ട് പറഞ്ഞു.  അവളൊരു ചോദ്യഭാവത്തിൽ എന്നെ ഒന്ന് നോക്കി

" അല്ല എനിക്ക് അറിയാൻ പാടില്ലാത്തതു കൊണ്ട് ചോദിക്കാ എന്താ നിന്റെ ഉദ്ദേശ്യം? അമ്മേനേം ഏടത്തിനേം കയ്യിൽ എടുത്ത് എന്റെ ഭാര്യ ആയിട്ട്   ഇവിടെ കഴിയാം എന്നാണ് നിന്റെ ഉദ്ദേശ്യം എങ്കിൽ പൊന്നു മോളെ അതങ്ങു മറന്നേക്കൂ...  എന്റെ അവസ്ഥ ഇതായിപോയത് കൊണ്ടാ.  പക്ഷേ നല്ലൊരു സമയം വരുമ്പോ നിനക്കു ഇവിടുന്നു ഇറങ്ങേണ്ടി വരും.  ഓർത്തോ ! നിനക്കൊരിക്കലും ഈ വീട്ടിൽ സ്ഥാനം ഉണ്ടാകില്ല..  "

.

പറഞ്ഞു തീർന്നതേ കരഞ്ഞു കൊണ്ട് അടുക്കളയിലേക്ക് ഒരൊറ്റ ഓട്ടം ആയിരുന്നു അവൾ.

.....

" നീ ഇതെങ്ങോട്ടാ ഈ രാവിലെ? "

പുറത്തേക് ഇറങ്ങാൻ തുടങ്ങിയ എന്നോട്  അമ്മയാണ് ചോദിച്ചത്.  ഇന്ന് ശനി  ആയത് കൊണ്ട് കോളേജിലെക്കു എന്ന് പറയാൻ പറ്റിയില്ല.

" അമ്മേ ഞാൻ വെറുതെ പുറത്തു വരെ. "

" കല്യാണം കഴിഞ്ഞതിൽ പിന്നെ വീട്ടിൽ ഇരിക്കാൻ സമയം ഇല്ലാതെ ആയല്ലോ നിനക്കു.  പ്രേമിച്ച പെണ്ണിനെ കാണാൻ വയ്യാത്ത കൊണ്ട് ആണോ. അതോ ഞങ്ങളുടെ ഒക്കെ മുഖത്തു നോക്കാൻ ഉള്ള പ്രയാസം കൊണ്ടാണോ.. "

ഞാൻ മറുപടി ഒന്നും കൊടുക്കാതെ തല താഴ്ത്തി നിന്നതേ ഒള്ളു.

" ആ പെണ്ണിനെ ഇങ്ങനെ വീട്ടിൽ അടച്ചിടാനാണോ നിന്റെ തീരുമാനം.  ആ കൊച്ചും നിന്റെ കൂടെ ആ കോളേജിൽ തന്നല്ലേ പഠിക്കുന്നത്.  അതിനെ പഠിക്കാൻ വിടണ്ടാ എന്നാണോ നിന്റെ തീരുമാനം.  "

" അമ്മേ ഞാൻ അതിനെക്കുറിച്ചൊന്നും തീരുമാനിച്ചിട്ടില്ല... "

" എന്നാ ഞാൻ തീരുമാനിച്ചു.  അടുത്ത ദിവസം മുതൽ അവളും വരും നിന്റെ ഒപ്പം കോളേജിൽ.  "

"  അമ്മേ അത്....... "

" നീ വേറെ ഒന്നും പറയണ്ടാ..  നിന്റെ കൂടെ ഇറങ്ങി വന്നു അവൾ കാണിച്ച ആ മണ്ടത്തരം അവളുടെ പ്രായത്തിന്റെ പക്വത ഇല്ലായിമ ആണെന്ന് കരുതാം.  പക്ഷെ പിന്നെ ഒരിക്കൽ അവളുടെ ജീവിതം നശിപ്പിച്ചത് നീ ആന്നെന്നോ അവളുടെ ഭാവി ഇല്ലാതാക്കിയത് എന്റെ മോൻ ആണെന്നോ കേൾക്കാൻ നീ ഇടവരുത്തരുത്.  അത് കൊണ്ട് നാളെ മുതൽ അവൾ നിന്റെ കൂടെ കോളേജിൽ വരും.   ":

അമ്മ തനി ടീച്ചർ ആവുക ആയിരുന്നു അപ്പോൾ.  എനിക്ക് ഒന്നും പറയാൻ കഴിയാതെ എല്ലാം തല കുലുക്കി സമ്മതിച്ചു.

" എടാ നീ ഇവളെയും കൂട്ടി ഇവളുടെ വീട് വരെ ഒന്ന് പോകണം.. "

അമ്മ അകത്തേക്കു പോയതേ ഏടത്തി ഓടി വന്നു പറഞ്ഞു.

" എന്തിന് ?   "

" അത് കൊള്ളം.  അടുത്ത ദിവസം  മുതൽ അവൾക് കോളേജിൽ പോകണ്ടേ?  "

" അതിന് പൊക്കോട്ടെ...  "

" എടാ ചെക്കാ കളിക്കല്ലേ.   അവളുടെ ബുക്കും പിന്നെ അവളുടെ കുറെ ഡ്രെസ്സും ഒക്കെ അവിടെയാ. ഒന്നും ഇല്ലാതെ അല്ലെ ഇങ്ങോട് ആ കൊച്ചു കേറി വന്നേ.  അതൊക്കെ പോയി എടുത്തിട്ട് വരണം..  "

" എന്നെ കൊണ്ട് വയ്യാ.  ഏടത്തി അങ്ങു പോയാ മതി.. "

" ദേ നന്ദുട്ടാ നീ എന്റെ കയ്യിൽ നിന്ന് വാങ്ങിക്കൂട്ടോ.  ഈ കൊച്ചിനെ കൊണ്ട് നിനക്ക് അതിന്റെ വീട്ടിൽ വരെ പോയാൽ എന്താ കുഴപ്പം? "

":അതൊന്നും ശരിയാവില്ല ഏടത്തി "

" അതെന്താ ശെരി ആവാത്തെ? "

അമ്മയുടെ ആ  ചോദ്യം കേട്ടതേ ഒന്നും മിണ്ടാതെ നാളെ പോകാം എന്ന് ഞാൻ വാക്കു കൊടുത്തു.

ഇന്നും രാത്രി അവൾ തറയിലും ഞാൻ കട്ടിലിലും ആണ് കിടന്നത്.  പതിവ് കരച്ചിൽ കോറസ് അന്നും രാത്രി റൂമിൽ അലയടിക്കുണ്ടായിരുന്നു...

രാവിലെ എഴുന്നേറ്റു കുളിയും കഴിഞ്ഞു വന്നു നോക്കുമ്പോൾ ആ പെണ്ണെന്റെ ഷർട്ട് അയൺ ചെയ്യുക ആയിരുന്നു..  ഈ പെണ്ണിന് ഒരു നാണവും ഇല്ലേ എന്ന് മനസ്സിൽ ചോദിച്ചു റൂമിലേക്കു കടന്നതേ. എനിക്ക് മുഖം തരാതെ അവൾ ആ ഷർട്ട് കട്ടിലിലേക് ഇട്ടിട്ട് റൂമിന് വെളിയിലേക്കു പോയി..

ചീത്ത കേൾക്കും എന്ന പേടി കൊണ്ടാകും...

വേഗം റെഡി ആയി. കാർ സ്റ്റാർട്ട് ചെയ്ത് അവർക്കു വേണ്ടി വെയിറ്റ് ചെയ്തു നിൽക്കുമ്പോൾ ആണ് അവൾ വന്നു കാറിന്റെ ഉള്ളിൽ കയറിയത്.  ഏടത്തിയുടെ ഒരു ചുരിദാർ ആണ് വേഷം.  എന്റെ കൂടെ വരുന്നതിന്റെ ആണോ അതോ കാറിൽ എന്റെ കൂടെ മുന്നിൽ കയറി ഇരുന്നതിന്റെ ആണോ എന്നറിയില്ല അവളുടെ മുഖത്തു ഒരു പരിഭ്രമം ഉണ്ടാട്ടിരുന്നു...

" ഏടത്തി വരുന്നില്ലേ? "

" പിന്നെ നിങ്ങൾ പുതുമോടി കറങ്ങാൻ പോകുന്നതിനിടക്ക് എനിക്ക് എനിക്ക് എന്താ കാര്യം.  നിങ്ങൾ സൂക്ഷിച്ചു പോയിട്ട് വാ.  "

www.kambistories.com

" ഈ ഏടത്തിയോട് ഒന്നും പറഞ്ഞിട്ട് കാര്യം ഇല്ല.

എത്ര തവണ പറഞ്ഞു ഞാൻ. "

" മിണ്ടാണ്ട് പോയിട്ട് വാടാ നീയ്... "

വണ്ടി സാധാരണയിലും അല്പം വേഗത്തിൽ ആണ് ഞാൻ ഓടിച്ചത്.  അവളോട് ഉള്ള ദേഷ്യം മുഴുവൻ ഞാൻ എന്റെ ഡ്രൈവിങ്ങിൽ കാണിക്കുന്നുണ്ട് എന്ന് മനസിലാക്കിയിട്ട് ആകണം അവൾ പേടിച്ചാണ് വണ്ടിയിൽ ഇരുന്നത്...

കുറെ ദൂരം എത്തിയപ്പോൾ ആണ് ഞാൻ ഒരു കാര്യം ഓർത്തത്..  എനിക്ക് ഇവളുടെ വീട് അറിയില്ലല്ലോ

" എടീ പെണ്ണെ നിന്റെ വീട് എവിടെയാ... ? "

വണ്ടിയുടെ വേഗത കണ്ട് പേടിച്ചു കണ്ണടച്ചിരിക്ക ആയിരുന്ന അവൾ എന്നെ കലങ്ങിയ കണ്ണുകളോടെ നോക്കി.

ഞാൻ കാറിന്റെ സ്പീഡ് അല്പം കുറച്ചു.

"'പറ നിന്റെ വീട് എവിടെയാ? "

പതിയെ ആണെങ്കിലും അവൾ വാ തുറന്നു.

അവൾ പറഞ്ഞ വഴിയേ പോയി  അവൾ പറഞ്ഞ വീടിനു മുന്നിൽ ഞാൻ വണ്ടി നിർത്തി...

ഒരു കുഞ്ഞി വീടായിരുന്നു അത്.  പണി മുഴവനായും പൂർത്തി ആകാത്ത ഒരു വീട്.  വലിയ മുറ്റത്ത് അഴകുള്ള കുറെ പൂച്ചെടികൾ ആയിരുന്നു ആ വീടിന്റെ ആകർഷണം..  റോഡിന് അടുത്ത് തന്നെ ആയിരുന്നു അവളുടെ വീട് എങ്കിലും വണ്ടി മുറ്റത്തേക്കു പോകാൻ ഉള്ള വീതി  ആ വഴിക്കു ഇല്ലായിരുന്നു..

" ഞാൻ വേഗം വരാം. "

കാറിൽ നിന്നും ഇറങ്ങാൻ നേരം അവൾ പറഞ്ഞു.

" വേണ്ട ഞാനും വരാം "

വെറുതെ അവളുടെ വീടും പരിസരവും കാണാൻ ഒരു കൗതുകം തോന്നിയത് കൊണ്ട് അവളുടെ പിന്നാലെ ഞാനും ആ വീട്ടിലേക്കു നടന്നു..

" നിൽക്കെടീ അവിടേ "

ഒരു അലർച്ച കേട്ട് ഞാനും അവളും ഒരേ സമയം ഞെട്ടി തരിച്ചു നിന്നു.

" 'അമ്മ "

അവളുടെ വാക്കിൽ ഭയം നിഴലിച്ചത് ഞാൻ തിരിച്ചറിഞ്ഞു.. .

" എന്ത് ധൈര്യത്തിൽ ആടി കഴുകേറീടെ മോളെ നീ ഈ നാറിയെയും കൂട്ടി ഈ വീട്ടിലേക്കു വന്നത്. കണ്ട അരുവാണിച്ചികൾക്ക് ഒന്നും കയറി ഇറങ്ങാൻ ഇത് സത്രം ഒന്നും അല്ല എന്റെ വീടാ..

വീടിനുള്ളിൽ നിന്നും ഇറങ്ങി വന്ന ആ സ്ത്രീയുടെ വാക്കുകൾ എനിക്ക് അരോചകം ആയി തോന്നി.

" അമ്മേ ഞാൻ എന്റെ ബുക്കും സാധനങ്ങളും എടുക്കാൻ വന്നതാ.   അതെടുത്തിട്ട് ഞാൻ പൊയ്ക്കോളാം.  "

" ആരാടീ നിന്റെ അമ്മ ?  കണ്ടവന്മാരുടെ കൂടെ കണ്ട ഹോട്ടലും ലോഡ്ജും നിരങ്ങി നടക്കുന്ന നിന്നെ ഒന്നും ഈ വീടിനകത്തു ഞാൻ കേറ്റില്ല.  എന്നിട്ടും അവൾ അവന്റെ കൂടെ ഞളിഞ്ഞു നടക്കുന്നു..

ഈ അലവലാതി ചെക്കനേയും കൊണ്ട് ഇപ്പോ ഇറങ്ങണം എന്റെ വീട്ടിൽ നിന്ന് നീ.... "

എന്റെ മുന്നിൽ നിന്നു കരയുക ആയിരുന്ന അവളുടെ ഉള്ളുരുകുന്നത് ഞാൻ അറിഞ്ഞു.  എനിക്ക് എന്തോ അത് കേട്ടുനിൽക്കാൻ തോന്നിയില്ല..

" ദേ തള്ളെ. അതികം ഒച്ചവെക്കണ്ടാ. അല്ലേലും ഞങ്ങൾ ഈ വീട്ടിൽ കയറി പൊറുക്കാൻ വന്നതൊന്നും അല്ല. അവൾക് ആവശ്യമുള്ള സാധനങ്ങൾ എടുത്തിട്ട് ഞങ്ങൾ അങ്ങു പൊക്കോളാം.. "

" ഈ പിഴച്ചവളുടെ ഒരു സാധനവും ഈ വീട്ടിൽ ഇല്ല ".

എനിക്ക് ശെരിക്കും കലി ഇളകി..

" അത് നിങ്ങൾ ആണോ തീരുമാനിക്കുന്നത്.. അങ്ങ് മാറു തള്ളേ . ... "

വാതിലിൽ ചാരി നിന്നിരുന്ന അവരെ തള്ളി മാറ്റി ഞാൻ ആദ്യം അകത്തേക്ക് കടന്നു.

", നീ ഇതെന്നാ മിഴിച്ചു നിൽക്കുവാ. അകത്തു പോയി ന്താ വേണ്ടെന്നു വച്ചാ പോയി എടുത്തിട്ട് വാ.... "

കലങ്ങിയ കണ്ണുകളോടെ എന്നെ തന്നെ നോക്കി നിന്ന അവളോട് ഞാൻ അത് പറഞ്ഞതും പെണ്ണ് ചാടി അകത്തു കയറി ഒരു മുറിയിലേക്കു കയറി...

ഒരു അഞ്ചു മിനിറ്റിനുള്ളിൽ എല്ലാം ഒരു ബാഗിൽ ആക്കി അവൾ ഇറങ്ങി വന്നു.. അപ്പോളും ആ തള്ളയുടെ വായ അടഞ്ഞിട്ട് ഇല്ലായിരുന്നു.. ഒരെണ്ണം വച്ചു കൊടുത്താലോ എന്ന് പലതവണ തോന്നിയതാണ്.

" എഡീ ഇനീ ഈ നാറിനെ കൊണ്ട് നീ ഈ പടി കയറിയ ഈ ജാനകി ആരാന്നു അറിയും. "

പോകാൻ ഇറങ്ങിയ ഞങ്ങളോട് ആ തള്ള പറഞ്ഞത് എനിക്ക് തീരെ ഇഷ്ടപ്പെട്ടില്ല.

പിന്നീട് അവിടം ഒരു വലിയ വാക്കു തർക്കത്തിലേക് വഴി മാറി. സഹികെട്ടു തള്ളയെ തല്ലാൻ കൈ ഓങ്ങിയ എന്നെ ആ പെണ്ണാണ് പിടിച്ചു വലിച്ചു കാറിൽ കയറ്റിയത്.

എന്ത് ചെയ്തിട്ടും എനിക്ക് കലി അടക്കാൻ കഴിഞ്ഞില്ല . അവൾക് കരച്ചിലും...

" ആ തള്ള ശെരിക്കും നിന്റെ അമ്മ തന്നാണോ?

എടീ നിന്നോടാ ചോദിച്ചത് നിന്റെ അമ്മ തന്നാണോ ആ സാധനം എന്ന്.. "

" അല്ല "

എന്നവൾ മറുപടി തന്നു

" പിന്നെ നിന്റെ ആരാ ആ തള്ള ?

എടീ കോപ്പേ വായ തുറന്നു എന്തേലും പറ... "

"അതെന്റെ ആരും അല്ല.. എനിക്ക് ആരും ഇല്ല.. ആരും...."

സങ്കടത്തിനിടയിൽ അവൾ പറഞ്ഞൊപ്പിച്ചു അലറി കരയാൻ തുടങ്ങി.

പെട്ടന്നവൾ അങ്ങനെ പറഞ്ഞപ്പോൾ ഞാൻ വല്ലാതെ ആയി.. പിന്നെ ഞാൻ ഒന്നും മിണ്ടിയില്ല.. കാറിനുള്ളിൽ അവളുടെ ഏങ്ങലടി മുഴങ്ങി കേട്ടുകൊണ്ടിരുന്നു .

വെറുപ്പ് എന്നതിൽ നിന്നും ആദ്യമായി എനിക്ക് അവളോട് സഹതാപം തോന്നി..

ഏറെ ദൂരം മടങ്ങി എത്തി എങ്കിലും അവളുടെ കരച്ചിലിന് ഒരു കുറവും ഉണ്ടായിരുന്നില്ല. ആശ്വസിപ്പിക്കാൻ മനസ് പലവട്ടം പറഞ്ഞത് ആണ് . പക്ഷേ എന്തോ എനിക്ക് കഴിഞ്ഞില്ല.

ആ വീട് അവൾക്ക് ഒരു നരകം ആയിരുന്നു എന്നെനിക് മനസിലായി. ആ തള്ള അത് ഇവളുടെ അമ്മ അല്ലെങ്കിൽ പിന്നെ ആരാണ്. എന്താണ് ഇവൾ എന്നറിയാൻ ഒരു ആഗ്രഹം തോന്നി എനിക്ക് .. ഇനി എന്ത് വന്നാലും എന്റെ ജീവിതത്തിൽ നിന്ന് പറിച്ചു മാറ്റുമ്പോൾ അവളെ ആ നരകത്തിലേക് തിരിച്ചയക്കില്ല എന്ന് ഞാൻ ഉറപ്പിച്ചു. വണ്ടി വീട്ടുവളയിലേക്ക് കയറുമ്പോഴും അവളുടെ കണ്ണുനീരിന് യാതൊരു കുറവും ഉണ്ടായിരുന്നില്ല. വണ്ടി നിന്നതേ അവൾ ചാടി ഇറങ്ങിയതും ഓടി അകത്തെക്ക് പോയതും എല്ലാം ഒരു മിന്നായം പോലെ ഞാൻ നോക്കി നിന്നു.

വണ്ടി ഒതുക്കി അവളുടെ ബാഗും എടുത്ത് ഞാൻ വീടിനകത്തേക്ക് നടന്നു.. അവളുടെ ഭാവം കണ്ടു ഭയന്ന പോയ ഏടത്തിയും അമ്മയും കാര്യം തിരക്കിയപ്പോൾ ഞാൻ ഉണ്ടായതെല്ലാം പറഞ്ഞു നേരെ റൂമിലേക്കു കയറി .അവളെ ഞാൻ റൂമിൽ എങ്ങും കണ്ടില്ല വല്ല ബാത്റൂമിലും ആയിരിക്കണം. ബാഗ് എടുത്ത് ടേബിളിനു മുകളിൽ വച്ചതും അലഷ്യമായി കുത്തി തിരുകി വച്ചിരുന്ന സിബ് പോയ ആ ബാഗിനുള്ളിലെ പല സാധനങ്ങളും പുറത്തേക്കു ചാടി.

" കോപ്പ് "

രണ്ടു ചീത്തയും വിളിച്ചു ചിതറി പോയ അവളുടെ ബുക്കുകൾ എടുക്കുന്നതിനിടയിൽ ആണ് മനോഹരമായി വർണങ്ങൾ ചാലിച്ചു വരച്ച കൃഷ്ണ രൂപം ഉള്ള ഒരു ഡയറി എന്റെ കണ്ണിൽ പെട്ടത്. ഞാൻ അതെടുത്തു ആദ്യ പേജ് മറിച്ചു നോക്കി..

" പ്രണയമാണ് കണ്ണാ നിന്നോട്.

പ്രതിഷ്ഠിച്ചു പോയി ഞാൻ എൻ ഉള്ളിൽ.

പറിച്ചെറിയാനാവാത്ത വിധം.

പറയുവാൻ കഴിയില്ലെനിക്ക്

പ്രാണനാണ് നീ എനിക്ക് എന്ന്. "

അർദ്ധം മനസിലായില്ലെങ്കിലും ആദ്യ പേജിലെ വരികൾ എന്നെ വല്ലാതെ ആകർഷിച്ചു...

www.kambistories.com

പിന്നീട് കണ്ണ് തിരഞ്ഞത് വളരെ മനോഹരം ആയി വരച്ചിരിക്കുന്ന ആ മയിൽപ്പീലിയിലേക്കും അതിനു താഴെ ഉള്ള അവളുടെ പേരിലേക്കും ആണ്.

"ദേവനന്ദ"

എന്റെ ചുണ്ടുകൾ പതിയെ ആ പേരു വായിച്ചു...

ഇത്ര നാളായിട്ടും ഇന്നാണ് ഞാൻ അവളുടെ പേരു അറിയുന്നത് എന്ന സത്യം അപ്പോൾ ആണ് ഞാൻ ഓർത്തത്.

" ദേവനന്ദ ദേവനന്ദ "

എന്ന് പലവട്ടം മനസിലാ പേരു ഉരുവിട്ട് കൊണ്ട് അടുത്ത പേജ് മറിച്ചതും എവിടെ നിന്നോ ഓടി എത്തിയ അവൾ എന്റെ കയ്യിൽ നിന്നും ആ ഡയറി തട്ടി പറിച്ചു..

അനുവാദം കൂടാതെ ഡയറി തുറന്നതിന് ഒരു സോറിയും പറഞ്ഞു ഞാൻ മുറിയിൽ നിന്ന് പുറത്തേക്കിറങ്ങി...

........................

അന്ന് മുഴുവൻ അവളുടെ വീട്ടിൽ പോയപ്പോൾ നടന്ന സംഭവം ആയിരുന്നു മനസ് മുഴുവൻ. അന്ന് മുഴുവൻ ഞാൻ റൂമിൽ തന്നെ ആയിരുന്നു. ഫുഡ് കഴിക്കാൻ അല്ലാതെ പുറത്തേക്ക് കൂടി ഇറങ്ങി ഇല്ല .. ഞാൻ റൂമിൽ ഉണ്ടായിരുന്നത് കൊണ്ട് അവൾ ഇന്ന് അങ്ങോട് വന്നതേ ഇല്ല. ഭക്ഷണം കഴിക്കാൻ ഇരുന്നപ്പോളും ഒരുമിച്ച് കഴിക്കാൻ ഏടത്തി പറഞ്ഞെങ്കിലും എന്തൊക്കെയോ പറഞ്ഞു അവൾ ഒഴിഞ്ഞു മാറി.. എന്നെ പേടിച്ചിട്ടാവാം.

വൈകിട്ടാണ് ഞാൻ പുറത്തേക്ക് ഇറങ്ങിയത്. അന്നത്തെ ആ സംഭവത്തിന് ശേഷം പിന്നെ ഇന്നാണ് ഞാൻ ക്രിക്കറ്റ് കളിക്കാൻ എത്തുന്നത്. ഒത്തിരി ലേറ്റ് ആയാണ് വീട്ടിൽ തിരിച്ചെത്തിയതും. കുറച്ചു നാളത്തെ ഇടവേളക്കു ശേഷം ശരീരം അനങ്ങിയത് കൊണ്ടാവാം നല്ല ക്ഷീണവും ശരീരത്തിന് വേദനയും ഉണ്ടായിരുന്നു ..

ഒന്ന് കുളിച്ചേക്കാം എന്നു കരുതി റൂമിൽ കയറി ഡോറും ലോക്ക് ചെയ്ത് ടീഷർട്ടും പാന്റും ഊരി ഇട്ടു ഷെട്ടി പുറത്തു നിക്കുമ്പോൾ ആണ് ബാത്റൂമിൽ നിന്നും ദേവിക ഇറങ്ങി വന്നത്..

എന്നെ ആ വേഷത്തിൽ കണ്ടത്തെ ഞെട്ടി പോയ അവൾ വേഗം തന്നെ തിരിഞ്ഞു നിന്ന്..

താൻ ഏറെ വെറുക്കുന്ന ഒരുത്തിയുടെ മുന്നിൽ നാണംകെട്ടതിന്റെ വിഷമത്തിൽ നിന്ന ഞാൻ ഓടി പോയി ഒരു കൈലി എടുത്ത് ഉടുത്തു. പിന്നെ അവിടെ പൂരപ്പാട്ട് ആയിരുന്നു ... എനിക്ക് വായിൽ തോന്നിയത് എല്ലാം ഞാൻ വിളിച്ചു പറഞ്ഞു...

ഒന്നും മിണ്ടാതെ മുഖം പൊത്തി കരയുക മാത്രം ആണവൾ ചെയ്തത്..

" നീ എന്നാ നോക്കി ഇരിക്കുവാ. ഇറങ്ങി പോടീ പുല്ലേ.. "

പറഞ്ഞു തീരേണ്ട താമസം.  കരഞ്ഞു കലങ്ങിയ കണ്ണുകളോടെ അവൾ മുറിക്ക് പുറത്തേക്ക് ഓടി..

രാത്രി ഭക്ഷണം കഴിക്കുന്നിടത്തേക് അവളെ കണ്ടതേ ഇല്ല. എല്ലാം കഴിഞ്ഞു ഇന്ത്യ ഓസ്ട്രേലിയ ക്രിക്കറ്റ് മാച്ച് കണ്ടു കൊണ്ട് ഇരിക്കുമ്പോൾ ആണ് ഏടത്തി അടുത്ത് വന്നിരുന്നത്...

" എടാ നന്ദു എന്താ നിന്റെ പ്രശ്നം.. "

വന്നിരുന്നതെ ഏടത്തി ചോദിച്ചു.

" എന്ത് പ്രശ്നം ?  എനിക്ക് ഒരു പ്രശ്നവും ഇല്ല.. "

ഞാൻ കുറച്ചായി ശ്രെദ്ധിക്കുന്നു.  നീ  എന്തിനാ ആ കൊച്ചിനോട് എപ്പോളും ഇങ്ങനെ വഴക്ക് ഉണ്ടാക്കണേ .  നീ വീട്ടിൽ ഇരിക്കുന്ന സമയത്ത് ഒക്കെ അതിന് കറയാനെ നേരം ഉള്ളു..

ഞാൻ ഒന്നും മിണ്ടാതെ ടീവിയിലേക്ക് നോക്കി ഇരിക്കുന്നത് കണ്ട ഏടത്തി എന്റെ തലക്കിട്ട് ഒരു തട്ട് തന്നു..

"എന്താ ഏടത്തി  ?? "

":ഞാൻ ഒരു കാര്യം ചോദിച്ചാ നീ സത്യം പറയുവോ?

www.kambistories.com

ശെരിക്കും നിനക്കു അവളെ ഇഷ്ടം അല്ലെ?

ഇഷ്ടം അല്ലായിരുന്നു എങ്കിൽ നീ പിന്നെ എന്തിനാ അന്ന് അവളെ കൊണ്ട് ഹോട്ടലിൽ പോയേ. ഏതായാലും നീ അത്രക് ചീപ് ആണെന്ന് എനിക്ക് തോന്നുന്നില്ല.. "

"എന്റെ ഏടത്തി ഞാൻ പല തവണ പറഞ്ഞതല്ലേ അവളെ എനിക്ക് അറിയില്ല എന്ന്. അവൾക്കു എന്നേം അറിയില്ല.  റൂം മാറി കയറിയത് ആകാനേ വഴി ഒള്ളൂ എന്ന് ഞാൻ ഒരു നൂറ് പ്രാവശ്യം പറഞ്ഞില്ലേ?"

":അറിയാഞ്ഞിട്ടാണോ   നിന്റെ കോളേജിലെ വിശേഷങ്ങൾ എല്ലാം അവൾ പറഞ്ഞത് ?  ..  എന്നിട്ട് തമ്മിൽ അറിയില്ല പോലും. ..  "

ഞാൻ ഒന്ന് ഞെട്ടി.

"എന്റെ പൊന്നേടത്തീ  അതൊക്കെ അവൾ ചുമ്മാ പറയുന്നതാ ഇവിടെ നിക്കാൻ വേണ്ടി. അവൾ പഠിച്ച കള്ളിയ.  "

"പിന്നെ കോപ്പാ... നിന്നോട് ചോദിക്കാൻ വന്ന എന്നെ പറഞ്ഞാൽ മതി അല്ലോ.  വെറുതെ ആ പെണ്ണിനെ കരയിച്ച പാപം കിട്ടും നിനക്കു. "

"ഉവ്വ. "

ഞാൻ പുച്ഛത്തോടെ പറഞ്ഞു..

നിന്നോട് പറഞ്ഞിട്ട് കാര്യം ഇല്ല.  അടുത്ത ആഴ്ച ഏട്ടൻ വരട്ടെ ശെരി ആക്കി തരാം.

" ഏയ്... ചേട്ടൻ വരുന്നുണ്ടോ? എന്തിന് ?"

"പിന്നെ പുന്നാര അനിയന്റെ കെട്ടു കഴിഞ്ഞിട്ട് ചേട്ടൻ ഒന്നു വന്നു കാണണ്ടേ .  അതും അല്ല അങ്ങേരു അങ്ങോട്ട് പോയിട്ട് ഒരു മാസം കഴിഞ്ഞു..."

ഏട്ടൻ മുംബൈയിൽ ഒരു കമ്പനി യിൽ ആണ് ജോലി ചെയ്യുന്നത് .  ഒരു മാസം കൂടുമ്പോളാണ് ലീവിന് വരാറുണ്ട് ചേട്ടൻ  ..  ഞാൻ ഈ ക്രിക്കറ്റ് കളി എന്നും പറഞ്ഞു നടന്നു തോന്നുമ്പോൾ കയറി വരുന്നു പോകുന്നു അമ്മ ഒറ്റക്കാണ് എന്ന പരാതി പരിഗണിച്ചാണ് ഏടത്തി മുംബൈക്ക് പോകാത്തത്.

എല്ലാരും പറയുന്ന പോലെ ഏട്ടനെ എനിക്ക് പേടി ആണ്.  അച്ഛൻ മരിച്ചതിന് ശേഷം അച്ഛന്റെ സ്ഥാനത് നിന്ന് എന്നെ നോക്കിയത് ഏട്ടൻ ആണ്.

ഏട്ടൻ വരുന്നു എന്ന് അറിഞ്ഞതേ ഉള്ള പ്രസരിപ്പ് അങ്ങ് പോയിക്കിട്ടി.  ടീവി ഓഫ് ചെയ്തു റൂമിൽ കയറുമ്പോൾ അവൾ ഇരുന്നു പഠിക്കയായിരുന്നു.   എന്റെ ബെഡ് ഒക്കെ വിരിച്ചിട്ടു താഴെ  അവൾക്കു കിടക്കാനുള്ള പായും വിരിച്ചു അതിലിരുന്നു പഠികയാണവൾ.

" നാളെ എക്സാം ഒന്നുല്ലല്ലോ. "

www.kambistories.com

കേറി ചെന്നതേ ഞാൻ ചോദിച്ചു.

അവൾ എന്നെ തല ഉയർത്തി ഒന്നു നോക്കിയതേ ഒള്ളു.

" ബുക്ക് എടുത്തു വച്ചിട്ട് കിടക്ക് എനിക്ക് ലൈറ്റ് ഓഫ് ചെയ്യണം.. "

ഇത്രയും ദിവസം റൂമിലെ ലൈറ്റ് ഓഫ് ആകാതെ ആണ് ഞങ്ങൾ കിടന്നിരുന്നത് പെട്ടന്ന് അങ്ങനെ പറഞ്ഞപ്പോ അവൾ എന്നെ സൂക്ഷിച്ചു നോക്കി.

" ന്താടീ നോക്കുന്നത് "

" എനിക്ക് ഇരുട്ട് പേടിയാ.. "

" അതിന് ഞാൻ ന്തു വേണം ..  ഈ നശിച്ച ലൈറ്റ് വെട്ടം കാരണം രാത്രി മനുഷ്യന് ഉറങ്ങാനേ പറ്റുന്നില്ല. പറ്റില്ലാന്നുണ്ടേൽ ഏടത്തീടെ റൂമിൽ പോയി കിടന്നോ ... "

അവൾ ഒന്നും മറുത്ത് പറയാതെ ബുക്ക് മടക്കി ടേബിളിൽ വച്ച്  തനിക്കായി തയാറാക്കിയ പായയിൽ പോയി കിടന്നു.

ഇന്നും രാത്രി അവളുടെ പതിവ് കരച്ചിൽ കച്ചേരി ഉണ്ടായിരുന്നു.  അത് കേട്ട് എന്റെ ഉറക്കം പോയി എന്ന് പറഞ്ഞാൽ മതി അല്ലോ.

" ഇതിന് ഒന്നും ഉറക്കം ഇല്ലേ ദൈവമേ?

നീ എന്തിനാ പെണ്ണേ ഈ കിടന്നു കാറുന്നേ. ബാക്കി ഉള്ളവന്റെ കൂടി ഉറക്കം കളയാൻ. "

" എനിക്ക് പേടി ആകുന്നു "

അവൾ എങ്ങനെയോ പറഞ്ഞൊപ്പിച്ചു..

" പണ്ടാരമടങ്ങാൻ... "

കലിപ്പിച്ചാണെങ്കിലും ഞാൻ എഴുന്നേറ്റു ലൈറ്റ് ഓൺ ചെയ്തു..

" ഇനി മിണ്ടാതെ കിടന്നില്ലേൽ ചവിട്ടു വാങ്ങിക്കും നീയ് . .... "

പിന്നെ അന്ന് വേറെ ശല്യം ഒന്നും ഉണ്ടായിരുന്നില്ല.

രാവിലെ റെഡി ആയി പോകാൻ ഇറങ്ങുമ്പോൾ ആണ് ഏടത്തിയുടെ പുതിയ തീരുമാനം വരുന്നത്. എന്റെ കൂടെ അവളെയും ബൈക്കിൽ കോളേജിൽ എത്തിക്കാൻ. എത്ര എതിർത്തിട്ടും ഏടത്തി അമ്പിനും വില്ലിനും അടുക്കാതെ വന്നപ്പോ വേറെ വഴി ഇല്ലാതെ ഞാൻ സമ്മതിച്ചു.

ഒരുപാട് താമസിപ്പിക്കാതെ അവൾ വന്നു വണ്ടിയിൽ കയറി. എന്റെ ഒരു പഴയ ബാഗ് ആണ് അവളുടെ കയ്യിൽ ഉണ്ടായിരുന്നത്. ഇന്നലെ ഒരുപാട് സാധനങ്ങൾ കുത്തിനിറച്ചത് കൊണ്ടാകാം അവളുടെ ബാഗ് കീരി പോയിരുന്നു.. എന്റെ ശ്രദ്ധ ബാഗിലേക്ക് ആണ് എന്ന് കണ്ട അവൾ പരിഭ്രമത്തോടെ അത് മറച്ചു പിടിക്കാൻ ശ്രെമിച്ചു.. ബൈക്ക്ൽ ഒരു സൈഡിലേക് ചരിഞ്ഞാണ് അവൾ ഇരുന്നത്. ബൈക്ക് സ്റ്റാർട്ട് ചെയ്ത് മുന്നോട്ടു കുറച്ചു ചെന്നതേ അവൾക് ബൈക്കിൽ കയറി വലിയ പരിചയമില്ല എന്നെനിക്ക് മനസിലായി . ഒരു താങ്ങിനായി കൈ എവിടെ പിടിക്കണം എന്ന സംശയത്തിൽ ഇരുന്ന അവൾ ഓരോ വളവ് തിരിയുമ്പോളും വേച്ചു പോകുന്നുണ്ടായിരുന്നു അതുകൊണ്ട് തന്നെ ബൈക്ക് ചെറുതായി പാളുന്നുമുണ്ടായിരുന്നു... അടുത്തുള്ള ഒരു കവലയിലെ ബസ് സ്റ്റോപ്പിന് മുന്നിൽ ഞാൻ വണ്ടി നിർത്തി അവളോട് ഇറങ്ങാൻ അജ്ഞാപിച്ചു.

അവൾ ഒരു വിധം പേടിച്ചു വണ്ടിയിൽ നിന്നിറങ്ങി..

" താനിത് വരെ ബൈക്കിൽ കേറിയിട്ടില്ലേ? "

എന്റെ ചോദ്യത്തിന് മറപടി പറയാതെ അവൾ തല കുമ്പിട്ട് നിന്നു..

" തന്നേം കൊണ്ട് ഈ പോക്ക് പോയാൽ കോളേജിൽ ആയിരിക്കില്ല ഞാൻ എത്തുന്നത്. അതുകൊണ്ട് റിസ്കെടുക്കാൻ ഞാൻ ഇല്ലാ. താൻ അവിടുന്ന് ബസിനു കേറി പോരെ. ആ നിക്കുന്ന കുട്ടികൾ കോളേജിലേക്കാ... "

ബസ്റ്റോപ്പിൽ നിന്ന രണ്ടു പെൺകുട്ടികളെ ചൂണ്ടി ഞാൻ പറഞ്ഞു..

വണ്ടി മുന്നോട്ടെടുക്കാൻ നേരം അവൾ എന്തോ പറയാൻ വന്നത് പോലെ തോന്നി

" ഇനി എന്താ? "

" ബസ്സിന് കൊടുക്കാൻ എന്റെ കയ്യിൽ പൈസ ഒന്നും ഇല്ല.. "

പോക്കറ്റിൽ നിന്നും കാശെടുത്ത് കൊടുത്തു വൈകിട്ട് ഇവിടെ നിന്നാൽ മതി ഞാൻ വന്നു കൂട്ടികൊണ്ട് പൊക്കോളാം എന്ന് പറഞ്ഞു ഞാൻ വണ്ടി മുന്നോട്ടു പായിച്ചു..

എന്നെ തന്നെ നോക്കി മിഴികൾ തുടക്കുന്ന അവളെ ഒരുനിമിഷം ഞാൻ മിററിലൂടെ കണ്ടു..

അപമാനിക്കാവുന്നതിന്റെ പരമാവധി ഞാൻ അവളോട് കാണിക്കുന്നുണ്ട് എങ്കിലും എന്ത് കൊണ്ടാണ് അവൾ ഇതെല്ലം സഹിച്ചു ഇനിയും ഇവിടെ നിൽക്കുന്നത് ??

അവളുടെ ആ വീട്ടിലേക്കാൾ ഭേദം ആയിരിക്കും .. ഇവിടെ എന്നെ മാത്രം സഹിച്ചാൽ മതിയാലോ ...

മനസ്സിൽ ഉണ്ടായ സംശയത്തിന് ഞാൻ തന്നെ ഒരു ഉത്തരം കണ്ടെത്തി..

രാവിലെ തന്നെ ക്രിക്കറ്റ് പ്രാക്ടിസിനു ഗ്രൗണ്ടിൽ നിൽക്കുമ്പോൾ ആണ് ദേവിക ഞങ്ങളുടെ മുന്നിലൂടെ കടന്നു പോകുന്നത് .

" എടാ ഇതല്ലേ നിന്റെ പെണ്ണ്.? ഞങ്ങളെ ഒന്ന് പരിചയപ്പെടുത്തേട.. "

എന്റെ തോളിൽ തട്ടി അജിത് പറഞ്ഞു.

" ഒന്നു പോയെടാ. അത്രക് മുട്ടി നിക്കയാണെങ്കിൽ തന്നെ അങ്ങ് പോയി പരിചയപ്പെട്ടോ..? "

" ഏത് ആ ബ്ലൂ ചുരിദാർ ആണോ ഇവന്റെ..? "

ഇടയിലേക്ക് കയറി വന്ന അരുൺ ചോദിച്ചതിന് അജിത് അതെ എന്ന് മറുപടി കൊടുത്തു

" ഇവളല്ലേ എല്ലാ ദിവസവും മാച്ച് ഉള്ളപ്പോ ദേ ആ ഗാലറിയിൽ വന്നിരിക്കാറുള്ളത്. ഞാൻ കരുതി വല്ല പഠിക്കാൻ വന്നിരിക്കുന്നത് ആകും എന്ന്. ഇപ്പോഴല്ലേ മനസിലായത് എന്തായിരുന്നു പഠനമെന്നു . "

" നിനക്കു ഒക്കെ എന്തിന്റെ കഴപ്പാ? "

പ്രാക്ടീസ് മതിയാക്കി ഞാൻ ഒന്നും മിണ്ടാതെ ക്ലാസ്സിലേക് പൊന്നു..

അജിതിനേം അരുണിനെയും പോലെ തന്നെ ആയിരുന്നു എല്ലാവരും. എല്ലാവർക്കും അവളെ കുറിച്ചാണ് അറിയേണ്ടത്.. മനസമാധാനം നഷപെട്ട അവസ്ഥ ..

വൈകിട്ട് ബസ്റ്റോപ്പിൽ നിന്നും അവളെയും കൂട്ടി നേരെ വീട്ടിലേക്കു ചെന്നു. കോളേജിൽ ഇവൾ മൂലം ഞാനനുഭവിക്കുന്ന അപമാനങ്ങൾ ഓർത്തപ്പോ കൊള്ളാൻ ഉള്ള കലി വന്നു എനിക്ക്..

www.kambistories.com

എന്നത്തേയും പോലെ തന്നെ അന്നത്തെ രാത്രിയും തള്ളി നീക്കി. രാവിലെ ഓടി വന്നു ബൈക്കിൽ കയറാൻ തുടങ്ങുമ്പോൾ ആണ് ഏടത്തി ആ കാര്യം ശ്രദ്ധിച്ചത്.

":അല്ല ദേവു നീ സിന്ദൂരം തൊടാറില്ലേ.. "

പരിഭ്രമത്തോടെ ഞാനും അവളും മുഖത്തോട് മുഖം നോക്കി

":നീ അവനെ ന്തിനാ നോക്കുന്നേ. അവനോ വെളിവില്ല അതുപോലെ ആണോ നിയ്യ്.... കല്യാണം കഴിഞ്ഞ കുട്ടികൾ സിന്ദൂരം വച്ചു നടക്കുന്നതാ അതിന്റെ ഐശ്വര്യം... പോ അകത്തു പോയി സിന്ദൂരം വച്ചിട്ട് വാ.. "

":ചേച്ചി അത്...

എന്റെ കയ്യിൽ സിന്ദൂരം ഇല്ല. "

":ദേ ഒരൊറ്റ വീക്ക് വച്ചു തന്നാൽ ഉണ്ടല്ലോ. സിന്ദുരം ഇല്ലാ പോലും. ഈ താലി കഴുത്തിൽ ഇട്ടുകൊണ്ട് നടക്കാൻ അറിയാമല്ലോ.. ഈ പൊട്ടനോ വെളിവില്ല. രണ്ടും കണക്കാണല്ലോ ഈശ്വര.. "

അവളുടെ കണ്ണുകൾ നിറഞ്ഞൊഴുകാൻ തുടങ്ങി ഇരുന്നു.

":ഇനി അതിന് കൂടി കരയണ്ടാ... വാ.. "

ചേച്ചി അകത്തേക്കു അവളെയും കൂട്ടികൊണ്ട് പോയി. തിരിച്ചു വരുമ്പോൾ അവളുടെ നെറുകയിൽ സിന്ദൂരം ഉണ്ടായിരുന്നു.

" ഇനി എപ്പോളും സിന്ദൂരം തൊട്ട് നടന്നോണം ഇല്ലേ എന്റെ സ്വഭാവം മാറും. "

വണ്ടിയിൽ കയറാൻ നേരം ഏടത്തിയുടെ അന്തിമ ശാസനം വന്നു.

അന്ന് ബസ് കാശിന്റെ കൂടെ സിന്ദൂരം വാങ്ങാൻ ഉള്ള കാശുകൂടി കൊടുത്തിട്ട് ആണ് ഞാൻ പോയത്. ഇനി ഏടത്തി അതിന്റെ പേരിൽ എന്റെ നെഞ്ചത്തേക്ക് കരരുതല്ലോ എന്ന് കരുതി .......

........................

ഏട്ടൻ എത്തിയിട്ടുണ്ട് എന്നറിഞ്ഞാണ് ഓടി പിടിച്ചു വീട്ടിലേക്കു എത്തിയത്. ഞാൻ പ്രതീക്ഷിച്ച പോലെ അല്ല. എല്ലാവരെ പോലെയും ഏട്ടനേയും അവൾ കയ്യിലെടുത്തിരുന്നു.. " നല്ല കുട്ടി ആടാ " എന്ന ഒരു അഭിപ്രായം മാത്രമേ ഏട്ടനിൽ നിന്നുണ്ടായുള്ളു....

............................

അന്ന് വൈകിട്ട് ബസിൽ നിന്നിറങ്ങി ഓടി എന്റെ അടുത്തേക്ക് വരുമ്പോൾ ആണ് മോളെ എന്നൊരു വിളിയുമായി ഒരാൾ ഞങ്ങളുടെ അടുത്തേക്ക് വന്നത്..

അയാളെ കണ്ടത്തെ ഭയന്ന അവൾ എന്റെ പിന്നിലേക്കു കയറി ഒളിച്ചു നിന്നു.

":അയ്യോ മോളെന്തിനാ പേടിക്കുന്നെ.  ഇത് ഞാനാ രാഘവൻ അമ്മാവൻ    "

ഒരു വലിച്ച ചിരിയോടെ അയാൾ പറഞ്ഞു.

സംഭവം എന്തെന്ന് മനസിലാകാതെ നിന്ന എന്നെ നോക്കി അയാൾ പറഞ്ഞു..

":മോനെന്നെ മനസിലായില്ലേ.  ഞാൻ ഇവളുടെ അമ്മാവനാ .  ഇവളുടെ അമ്മ ഇല്ലേ ജാനകി അവരുടെ ബന്ധുവാ.... "

ഓഹ് ആ തള്ളയുടെ ബന്ധു ആണല്ലേ വെറുതെ അല്ല ഇവൾ പേടിച്ചത്...

":  മോനെന്നെ ഓർമ ഇല്ലേ ?  അന്ന് ഹോട്ടലിൽ വച്ച്... . അന്ന് ഞാനും ഉണ്ടായിരുന്നു. . "

അപ്പോളാണ് എനിക്ക്  അയാളെ ശെരിക്കും മനസിലായത്...

അന്ന് അവൾ റൂമിലേക്കു കയറി വന്നതിന് പുറകെ കയറി വന്ന ആൾ.  കാര്യം അറിയാതെ എന്നെ തല്ലിയ ആ മഹാൻ..

" നിങ്ങൾ എന്താ വീട്ടിലേക്കു ഒന്നും വരാതെ ഇരുന്നേ?  ഒരു ദിവസം മോനേം കൂട്ടി വീട്ടിലേക്കു വരണം കേട്ടോ മോളെ  ...  നീ അങ്ങോട്ട് തിരിഞ്ഞു നോക്കുന്നില്ല എന്ന് ജാനകി എന്നും പരാതി പറയും  . അല്ലെങ്കിൽ വേണ്ടാ അടുത്ത ദിവസം ഞങ്ങൾ അങ്ങോട്ട് വരാം മോന്റെ വീട്ടിലേക്കു എന്താ ?? "

"  ഓഹ് അത് വേണ്ട അമ്മാവാ..  സമയം കിട്ടുമ്പോ അവളേം കൂട്ടി ഞാൻ അങ്ങോട്ട് വന്നോളാം.. അപ്പൊ പോട്ടെ അമ്മാവാ ...... "

അവളെയും കയറ്റി ഞാൻ ബൈക്ക് സ്റ്റാർട്ട് ചെയ്തു മുന്നോട്ടു പോയി.  ഞങ്ങൾ പോകുന്നതും നോക്കി നിന്ന് അയാൾ അറപ്പിച്ചൊന്നു തുപ്പുന്നത് ഞാൻ മിററിലൂടെ കണ്ടു...

ഉറങ്ങാൻ കിടക്കുമ്പോൾ മുഴുവൻ അയാളുടെ വളിച്ച ചിരിയും.  ആ ആക്കിയുള്ള സംസാരവും ആയിരുന്നു മനസു മുഴുവൻ..

ഞാൻ പതിയെ തല ഉയർത്തി അവളെ നോക്കി.  ഒന്നും അറിയാത്ത പോലെ ഉറങ്ങുക ആണ്..

ഇവളിൽ എന്തൊക്കെയോ ദുരൂഹതകൾ ഒളിഞ്ഞു കിടപ്പുണ്ട്.  എന്തൊക്കെയോ രഹസ്യങ്ങൾ ആരോടും പറയാതെ അവൾ ഒളിപ്പിച്ചു വച്ചിട്ടുണ്ട്.  ഒക്കെ ഒന്ന് അന്വേഷിച്ചാൽ ഇവൾ ശെരിക്കും ആരെന്ന സത്യം മനസിലാക്കാം..

ഇവൾ ആരെന്നു ഞാൻ എന്തിന് അറിയണം?

ഇന്നല്ലെങ്കിൽ നാളെ എന്റെ ജീവിതത്തിൽ നിന്നും ഒഴിഞ്ഞു പോകേണ്ടവൾ ആണിവൾ..?

വേണ്ട എനിക്ക് അതറിയണം. അവൾ എന്തിന് അന്നെന്റെ റൂമിലേക്കു കയറി വന്നു എന്നറിയണം.. ഇവൾ എന്റെ ജീവിതത്തിലേക്കു കയറി വന്നത് യാദൃശ്ചികമായിട്ടാണോ അല്ലയോ എന്നെനിക്കറിയണം.. ചിലപ്പോ ഇവൾ അന്വേഷിച്ചു വരുമ്പോ ഞാൻ ഇവളെ കുറിച്ചു ധരിച്ചു വച്ചിരിക്കുന്നത് എല്ലാം തെറ്റായിരിക്കാം....

ഒരു നിമിഷമെങ്കിലും അത് വെറും തെറ്റുധാരണ ആകണം എന്ന് ഞാനും ആഗ്രഹിച്ചു പോയി...

മനസിൽ മുഴങ്ങിയ ചോദ്യങ്ങൾക്ക് എല്ലാം ഉത്തരം തരാൻ കഴിയുന്നത് ഇവൾക്ക് മാത്രം ആണ്.. പക്ഷേ ഇവൾ അത് പറയില്ല. അപ്പൊ അതറിയാനുള്ള വഴി ആ അമ്മാവൻ ആണ്. പക്ഷെ ഇപ്പോൾ അയാളുടെ പിറകെ പോകണ്ട എന്ന് മനസെന്നോട് പറഞ്ഞു കൊണ്ട് ഇരുന്നു. പിന്നെ ഉള്ള മാർഗം കോളേജ് ആണ്. എന്റെ രഹസ്യങ്ങൾ ഹരിക്ക് അറിയാവുന്നത് പോലെ അവൾക്കും കാണില്ലേ ഒരു മനസാക്ഷി സൂക്ഷിപ്പുകാരി.. നാളെ തന്നെ അവളെ കണ്ടെത്തണം....

എല്ലാം മനസ്സിൽ ഉറപ്പിച്ചു ഞാൻ മെല്ലെ ഉറക്കത്തിക്ക് വഴുതി വീണു

.......

കോളേജിൽ എത്തി ഹരിയേയും കൂട്ടി ഞാൻ ദേവുവിനെ പിന്തുടർന്നു ആ ദിവസം മുഴങ്ങുവാൻ നടന്നിട്ട് ഒരാളെ ഞങ്ങൾ കണ്ടെത്തി. എന്തിനും ഏതിനും അവളുടെ ഒപ്പം ഉള്ള ഒരുവൾ അഞ്ചു. !

" അനന്തു ചേട്ടാ എനിക്ക് അറിയില്ല അവളെ കുറിച്ച് ഒന്നും. ചോതിക്കുമ്പോളൊക്കെ എന്തെങ്കിലും ഒക്കെ പറഞ്ഞു അവൾ ഒഴിഞ്ഞു മാറും. എന്തിന് ചേട്ടനോട് ഉള്ള ഇഷ്ടം പോലും അവൾ ഞങ്ങളോട് പറഞ്ഞിട്ടില്ല.. കല്യാണത്തിനെ കുറിച്ചോ ഒന്നും... ആകെ അറിയാവുന്നത് അവളുടെ അമ്മ കുഞ്ഞിലേ മരിച്ചു പോയി എന്നും പിന്നീട് അവളുടെ അച്ഛൻ രണ്ടാമത് കല്യാണം കഴിച്ചിരുന്നു എന്നും മാത്രാ... കുറെ നാളായി അവൾ ക്ലാസ്സിൽ വരാതെ ഇരിക്കയായിരുന്നു. പിന്നെയാ കേട്ടത് കല്യാണം കഴിഞ്ഞു എന്നു.... "

അഞ്ചുവിൽ നിന്നും എനിക്ക് ആവശ്യം ഉള്ള ഒന്നും കിട്ടിയില്ല.

" നിങ്ങൾ തമ്മിൽ എന്തെങ്കിലും പ്രശ്നം ഉണ്ടോ? "

പോകാൻ നേരം അവൾ എന്നോട് ചോദിച്ചു.

" അല്ല കല്യാണം കഴിഞ്ഞു വന്നതിൽ പിന്നെ അവൾ ഒന്നു ചിരിച്ചു പോലും ഞാൻl കണ്ടിട്ടില്ല. എപ്പോളും വിഷമിച്ചിരുന്ന പോലെ ഒരു തോന്നൽ. അല്ലേൽ എപ്പോളും ചിരിച്ചു കളിച്ചിരിക്കുന്നവളാ...... "

എന്റെ മുഖംഭാവം കണ്ടിട്ടാകണം അവൾ തന്നെ അതിന് മറുപടിയും പറഞ്ഞു..

" ഇച്ചിരി നാക്കു കൂടുതൽ ഉണ്ടെന്നേ ഒള്ളു ദേവു ഒരു പാവം ആണ് ചേട്ടാ "..

അതുകൂടി പറഞ്ഞു തീർത്തു അവൾ അവിടെ നിന്നും നടന്നകന്നു...

എന്ത് ചെയ്യണം എന്നറിയാതെ നിൽക്കുമ്പോൾ ആണ് എനിക്ക് ദേവയുടെ ഡയറി ഓർമ വന്നത്. അതിൽ നിന്നും എന്തായാലും എന്തെങ്കിലും ഒരു വിവരം കിട്ടാതെ ഇരിക്കില്ല...

രാത്രി അവൾ ഉറങ്ങി എന്ന് ഉറപ്പു വരുത്തി ഞാൻ അവളുടെ ഡയറി എടുത്ത് തുറന്നു നോക്കി. ആദ്യം കണ്ണിൽ പെട്ടത് ഒരു സ്ത്രീയുടെ ഫോട്ടോ ആണ്. അമ്മ ആയിരിക്കണം ഞാൻ ഊഹിച്ചു. ഫോട്ടോ അവിടെ തന്നെ വച്ച് ഞാൻ ഓരോ താളുകളായി മറിച്ചു നോക്കി.അതിൽ കുറേ കവിതകളും വർണനകളും മാത്രം ആയിരുന്നു ഉണ്ടായിരുന്നത്... ഒന്നും കിട്ടാതെ ഞാൻ തോൽവി സമ്മതിച്ചു ഡയറി മടക്കി യാഥാ സ്ഥാനത്ത് വച്ചു തിരിയുമ്പോൾ കണ്ടത്.. എന്നെ തന്നെ നോക്കി ഇരിക്കുന്ന ദേവികയെ ആണ്. പിടിക്കപ്പെട്ട ഒരു കള്ളന്റെ ജ്യാള്യതയോടെ ഒന്നും മിണ്ടാതെ ഞാൻ കട്ടിലിൽ പോയി കിടന്നു..

പിറ്റേന്നു രാവിലെ ഞാൻ വളരെ ശാന്തൻ ആയിരുന്നു. പതിവു ബസ്റ്റോപ്പിന് മുന്നിൽ ബൈക്ക് നിർത്തി അവൾ ഇറങ്ങുന്നതും കാത്തു നിന്നിട്ട് ഏറെ നേരം ആയും അവൾ ഇറങ്ങാതെ ഇരുന്നപ്പോൾ ഞാൻ കാര്യം തിരക്കി

" ഇറങ്ങുന്നില്ലേ ? "

" ഇല്ല "

" പിന്നെ? "

" നന്ദുവേട്ടന് എന്താ എന്നെ കുറിച്ചറിയേണ്ടത്? "

" എനിക്ക്.... എനിക്ക് ഒന്നും അറിയേണ്ടാ.... "

" പിന്നെ എന്തിനാ ഇന്നലെ മുതൽ എന്നെ ഫോള്ളോ ചെയ്യുന്നേ? "

അതിന് എനിക്ക് ഉത്തരം ഇല്ലായിരുന്നു.

" ചേട്ടൻ വണ്ടി എടുക്കു.. നന്ദുവേട്ടന്റെ സംശയങ്ങൾക്ക് ഉള്ള ഉത്തരം എനിക്ക് മാത്രമേ തരാൻ കഴിയു..... "

പിന്നെ ഒന്നും നോക്കിയില്ല ബൈക്ക് മുന്നോട്ട് പാഞ്ഞു. അവൾ നിർത്തു എന്ന് പറയുന്നത് വരെ.

പാർക്കിന്റെ ആളൊഴിഞ്ഞ ഭാഗത്തായി ഞങ്ങൾ ചെന്നിരുന്നു. ഒരു ബെഞ്ചിന്റെ ഇരു വശങ്ങളിൽ ഒരു അപരിചിതരെ പോലെ..

ഏറെ നേരത്തെ നിശ്ശബ്ദതക്ക് ശേഷം അവൾ അവൾ പറഞ്ഞു തുടങ്ങി.

" അമ്മ മരിക്കുമ്പോൾ എനിക്ക് ഏഴു വയസ് ആണ്. ഒരു രണ്ടാം ക്ലാസ്സുകാരിയെ എങ്ങനെ നോക്കും എന്ന് അറിയാത്ത കൊണ്ടാകാം അധികം വൈകാതെ അച്ഛൻ വേറെ വിവാഹം കഴിച്ചത്. അച്ഛനെ പോലെ തന്നെ ചെറിയമ്മക്കും എന്നെ ജീവനായിരുന്നു. ഇന്നലെ കണ്ടില്ലേ? ചെറിയമ്മയുടെ അകന്ന ബന്ധുവായ രാഘവൻ.. അയ്യാൾ വരുന്ന വരെ? അയാൾ വന്നതോടെ അമ്മ ശെരിക്കും മാറി പോയി..

അച്ഛനില്ലാത്ത പല സമയങ്ങളിലും അയാളൊരു സ്ഥിരം സന്ദർശകൻ ആയി.. ഒരു ദിവസം അതിനെ കുറിച്ച് ചോദിച്ച അവരെന്നെ തല്ലി... ഒരുപാടു....

ആരോടെങ്കിലും പറഞ്ഞാൽ കൊന്നു കളയും എന്ന് ഭീഷണിപ്പെടുത്തി. "

അത് പറയുമ്പോൾ അവളുടെ ശംബ്ദം ഇടറുന്നുണ്ടായിരുന്നു. ഞാൻ ഒരു കേൾവികാരൻ എന്ന നിലയിൽ മാത്രം അവളെ നോക്കി കണ്ടു .

" അച്ഛൻ ഇതൊന്നും അറിയുന്നില്ല എന്ന വേദന എന്നെ വല്ലാതെ അലട്ടി. പിന്നീട് അവിടെ മറ്റുപലരും വന്നു പോകാൻ തുടങ്ങി പകലെന്നോ രാത്രി എന്നോ ഇല്ലാതെ. അതൊരു വേശ്യാലയം ആണ് . എന്റെ മുന്നിൽ വച്ച് ഒരു മറയും ഇല്ലാതെ ആ സ്ത്രീ മറ്റൊരാളുടെ കൂടെ...ഛീ.. . "

അവൾക്കത് പറയാൻ അറപ്പുള്ളത് പോലെ.

" പിന്നെ എനിക്ക് മനസിലായി അച്ഛൻ ഇതറിഞ്ഞിട്ടും അറിയാത്ത പോലെ അഭിനയിക്കുക ആണെന്ന്. അയാൾ ആ രാഘവൻ എന്ന ചെകുത്താൻ അച്ഛനെയും ഭീഷണിപ്പെടുത്തി ഇരിക്കയാണെന്നു എനിക്ക് മനസിലായി. എല്ലാം മനസിലൊതുക്കി എന്റെ അച്ഛൻ.ഒന്നു പ്രതികരിക്കാൻ കൂടി ആകാതെ .. "

അവളുടെ കണ്ണുനീർ എന്നെ വല്ലാതാക്കി...

" പക്ഷെ അച്ഛനിപ്പോ എവിടെ ആണെന്നറിയില്ല... പലയിടത്തും അന്വേഷിച്ചു. കണ്ടില്ല. എവിടെ ആണെന്നോ എന്തിനു പോയെന്നോ ഒന്നും അറിയില്ല. Vഅച്ഛൻ ഇല്ലാതെ എനിക്ക് പറ്റില്ല. ചിലപ്പോ ഇതൊന്നും കാണാനോ കേൾക്കാനോ കഴിയാതേ ഈ പൊട്ടി പെണ്ണിനെ ഉപേക്ഷിച്ചു എവിടേക്കെങ്കിലും പോയതാവാം. ഒന്നും അറിയില്ല.. എനിക്ക് പേടിയാ എല്ലാവരോടും...."

" എനിക്കറിയാം നന്ദുവേട്ടൻ ഈ ലോകത്തേറ്റവും വെറുക്കുന്നത് ഈ എന്നെ ആണെന്ന്.. പക്ഷേ എനിക്ക് വേറെ വഴിയില്ല. സഹായിക്കാൻ വേറെ ആരുമില്ല .. വീട്ടിലേക്കു പോകാൻ എനിക്ക് പേടിയാ. ചിലപ്പോൾ അവരെന്നെ ..???... "

അത് മുഴുവിപ്പിക്കാൻ അവൾക് കഴിയുമായിരുന്നില്ല. പെട്ടന്ന് അവളെന്റെ കാല്കീഴില് ഇരുന്നെന്റെ കാലിൽ മുറുകെ പിടിച്ചു...

" നന്ദുവേട്ടൻ എന്നെ സഹായിക്കണം ... സഹായം ചോദിച്ചു ചെല്ലാൻ എനിക്കീ ലോകത്ത് വേറെ ആരും ഇല്ല. എന്റെ അച്ഛനെ കണ്ടു പിടിക്കാൻ എന്നെ സഹായിക്കണം .. അല്ല കണ്ടു പിടിച്ചു തരണം . അച്ഛൻ വരുന്ന വരെ എങ്കിലും എന്നെ വീട്ടിൽ താമസിപ്പിക്കാൻ അനുവതിക്കണം. അച്ഛൻ വന്നാൽ പിന്നെ ഞാൻ നന്ദുവേട്ടനെ ശല്യം ചെയ്യൂല. നന്ദുവേട്ടന്റെ കണ്മുന്നിൽ പോലും പെടാതെ ഞാൻ എന്റെ അച്ഛനും എങ്ങോട്ടെങ്കിലും പോയിക്കോളാം... കൈ വിടല്ലേ നന്ദുവേട്ട. പ്ലീസ്........ "

അവളുടെ കണ്ണുനീരെന്റെ കാല് നനച്ചു.. എന്ത് പറയണം എന്നറിയാതെ ഞാൻ കുഴങ്ങി.. ഇത്രയും വിഷമം മനസിലൊതുക്കിയ ആ പെണ്ണിനെ എങ്ങനെ ഞാൻ കൈ വിടും ?

ഒടുവിൽ ഞാൻ അവൾക്കു വാക്ക് കൊടുത്തു അവൾക്ക് അവളുടെ അച്ഛനെ കണ്ടെത്തി കൊടുക്കാം എന്ന്...

കണ്ണ് നീരൊഴുകിയ മുഖത്തു അവൾ അപ്പോൾ വരുത്തിയ ആ പ്രതീക്ഷയുടെ പുഞ്ചിരിക്ക് അഴക് ഏറെ ആയിരുന്നു.....

" നന്ദുവേട്ട... "

കട്ടിലിൽ കണ്ണടച്ചാണ് കിടന്നതെങ്കിലും ദേവു ആണതെന്നെനിക്ക് മനസിലായി..

" വിഷമമായോ... സാരമില്ല ഏട്ടനല്ലേ? "

അവൾ ആശ്വസിപ്പിക്കാൻ വന്നതാണോ. പക്ഷെ അത് കേൾക്കാനുള്ള അവസ്ഥയിൽ ആയിരുന്നില്ല ഞാൻ.

" താൻ കിടന്നോ എനിക്ക് നല്ല തലവേദന "

എല്ലാറ്റിനും കാരണക്കാരി അവളാണെന്നു മനസ്സു പലതവണ വിളിച്ചു പറഞ്ഞിട്ടും അവളെ വെറുക്കനോ അവളോട് ദേഷ്യപ്പെടാനോ എനിക്ക് ആവില്ലായിരുന്നു ..

ഒന്നും മിണ്ടാതെ അവൾ കിടന്നുറങ്ങി..

......................

www.kambistories.com

രാവിലെ അവൾ തന്ന അച്ഛന്റെ ഫോട്ടോയുമായി അയാൾ പോകാനിടയുള്ള സ്ഥലങ്ങളിൽ ഒക്കെ ഹരിയേയും കൂട്ടി ഒന്നന്വേഷിച്ചു നോക്കി. എങ്കിലും നിരാശ മാത്രം ആയിരുന്നു ഫലം...

എങ്കിലും അവസാന ശ്രമം എന്നോണം ഒന്നുകൂടി അന്വേഷിച്ചപ്പോളാണ് ദേവു പറയാത്ത അല്ലെങ്കിൽ അവൾ പോലും അറിയാത്ത അവളുടെ അച്ഛന്റെ ഒരു സുഹൃത്തിനെ കണ്ടത്തിയത് ..

ഗോവിന്ദൻ ! അവളുടെ അച്ഛനെക്കാൾ പ്രായം കൂടുതലാണ് എങ്കിലും ഇപ്പോളും നല്ല ആരോഗ്യവാനാണ് അദ്ദേഹം.. ...

ഞാൻ ആരാണെന്നു അറിഞ്ഞപ്പോൾ തന്നെ ഉള്ള അയാളുടെ സ്നേഹ പ്രകടനത്തിൽ നിന്ന് എനിക്കൊരു കാര്യം ഉറപ്പായിരുന്നു . അച്ഛനെ കുറിച്ചിയാൾക്ക് എന്തൊക്കെയോ അറിയാം എന്ന്.

" അജയൻ എനിക്ക് ഒരു അനിയനെ പോലെ ആയിരുന്നു. എല്ലാത്തിലും അവനെനിക്ക് ഒരു സഹായി ആയിരുന്നു. പല വിഷമങ്ങളും അവനുണ്ടായിരുന്നു എന്നെനിക്ക് അറിയാമായിരുന്നു. പക്ഷെ അവന്റെ സ്വഭാവം അങ്ങനെ ആണ് ഒന്നും ആരോടും പറയില്ല. എല്ലാം സ്വയം അനുഭവിച്ചു അങ്ങ് തീർക്കും.. ഇടക്ക് ഞാൻ കുറച്ചു കാശൊക്കെ കൊടുത്തു സഹായിക്കുമായിരുന്നു എങ്കിലും വേറെ ഒന്നും എനിക്കുമറിയില്ല..

ഒരു ദിവസം അവൻ ഇവിടെ വന്നിരുന്നു. വീട്ടിലെന്തൊക്കെയോ പ്രശ്നങ്ങൾ ആണെന്നോ. അതുകൊണ്ട് മോളെയും കൂട്ടി വീട്ടിൽ നിന്നിറങ്ങുക ആണെന്നോ... അത്യാവശ്യമായി ഒരു വീട് വാടകക്ക്

എടുത്ത് തരണമെന്നൊക്കെ പറഞ്ഞു..

അതനുസരിച്ചു ഞാൻ അവനെയും കൂട്ടി ഒരു വീട് കാണിച്ചു കൊടുത്തതും ആണ്. അടുത്ത ദിവസം തന്നെ താമസം മാറാം.... കുറച്ചു കാശു കിട്ടാനുണ്ട്. കിട്ടിയാൽ ഉടനെ വരാം എന്നു പറഞ്ഞു പോയത് ആണ് .. പിന്നെ ഞാൻ കണ്ടിട്ടില്ല അവനെ... എന്താ മോനെ അവനെന്തിങ്കിലും അപകടം...... ? "

" അങ്ങനെ ഒന്നുമില്ല ചേട്ടാ.. രണ്ടു ദിവസം ആയിട്ടു വിളിച്ചിട്ടു കിട്ടുന്നില്ല എന്നവൾ പരാതി പറഞ്ഞു. അച്ഛനോട് പറയാതെ ഇറങ്ങി പോന്നതിന്റെ ദേഷ്യം ഇപ്പോളും ഉണ്ട് അച്ഛന് അവളോട്. അതിന്റെ ആകും എന്ന് പറഞ്ഞിട്ട് കേൾക്കണ്ടേ .. സമാധാനം തരുന്നില്ല അപ്പൊ ചുമ്മാ ഒന്ന് വന്നു അന്വേഷിച്ചിട്ട് പോകാമെന്നു കരുതി അത്രെ ഒള്ളൂ.. "

ഞാൻ എനിക്ക് അപ്പോൾ തോന്നിയ ഒരു നുണ തട്ടിവിട്ടു.. കാണാനില്ല എന്ന് വെറുതെ പറഞ്ഞു പ്രശ്നം ആക്കേണ്ട എന്നും കരുതി. ഏതായാലും അയാളത് വിശ്വസിച്ചു..

" അവൻ പൊന്നു പോലെ നോക്കിയതല്ലേ ആ മോളെ ? അപ്പോൾ അതിന്റേതായാ ദേഷ്യമൊക്കെ ആർക്കാണെങ്കിലും കാണും...അവനെക്കാൾ നന്നായി ദേവു മോളെ മോന് നോക്കൻ പറ്റുമെന്ന് അവന് തോന്നിയാൽ ഈ പിണക്കം ഒക്കെ അങ്ങ് മാറിക്കോളും.. അവനുടനെ തന്നെ വരും മോനെ പിണക്കം ഒക്കെ മറന്നു .. "

അവിടെ നിന്ന് യാത്ര പറഞ്ഞിറങ്ങുമ്പോൾ അച്ഛൻ വരികയോ വിളിക്കുകയോ എന്തെങ്കിലും ചെയ്താൽ അറിയിക്കാം എന്ന് പറഞ്ഞു എന്റെ ഫോൺ നമ്പറും വാങ്ങിയാണ് അയാൾ ഞങ്ങളെ യാത്ര ആക്കിയത്

ആ ചേട്ടൻ പറഞ്ഞു തന്ന ഒന്ന് രണ്ടിടങ്ങളിൽ കൂടി ഒന്ന് കയറിയിട്ടാണ് വീട്ടിലേക്കു തിരിച്ചത്. പക്ഷെ അവിടെ നിന്നും യാതൊന്നുമറിയാൻ കഴിഞ്ഞില്ല.

ഹരിയെ യാത്ര ആക്കി വീട്ടിലെത്തുമ്പോൾ നേരം ഇരുട്ടിയിരുന്നു ..

കയറി ചെന്നതേ ദേവു എന്റെ അടുത്തേക്ക് ഓടി വന്നു.. അവളുടെ മുഖത്തു ഭയവും പരിഭ്രാന്തിയും നിഴലിച്ചിരുന്നത് എന്റെ ശ്രദ്ധയിൽ പെട്ടു...

" ഏട്ടനിതെവിടെ ആയിരുന്നു ഇതുവരെ ? "

" എന്താഡോ എന്താ പ്രശ്നം "

"അയ്യാൾ ആ രാഘവൻ ഇവിടെ വന്നിട്ടുണ്ടായിരുന്നു "

നെഞ്ചിൽ ഒരു കൊള്ളിയാൻ മിന്നിയ അവസ്ഥയിലായിരുന്നു ഞാൻ. അല്പ നേരത്തേക്ക് പരിസരം മറന്ന ഞാൻ പെട്ടന്ന് അവളുടെ കയ്യിൽ പിടിച്ചു വലിച്ചു കൊണ്ട് മുറിയിലേക്കു പോയി . മുറിയിൽ എത്തി ഡോർ ലോക്ക് ചെയ്ത് അവളുടെ നേരെ തിരിഞ്ഞു ..

" ന്നിട്ട്? "

" എന്റെ അമ്മാവനാ... ഇതുവഴി പോയപ്പോൾ കയറിയതാ എന്നൊക്കെയാ ഏടത്തിയോടൊക്കെ പറഞ്ഞെ .ഇവിടുത്തെ വിശേഷങ്ങളും ഒക്കെ ചോതിച്ചു .... അവിടുത്തെ വിശേഷങ്ങൾ കുറെ പറഞ്ഞു . പക്ഷെ അത് മുഴുവൻ നുണയായിരുന്നു... .. ! "

" അപ്പൊ അയാൾ ചുമ്മാ വന്നതാണോ. "

ചെറിയൊരു ആശ്വാസം തോന്നിയ നിമിഷം.

" അല്ല ! പോകാൻ നേരം അയാളെന്റെ അടുത്ത് വന്നിരുന്നു. അച്ഛനെ തപ്പി നടക്കുന്നതൊക്കെ കൊള്ളാം.. അതിന്റെ പേരിൽ നമ്മളോ അല്ലെങ്കിൽ പോലീസോ ആ വീട്ടിലേക്ക് ഇനി വന്നാൽ ഏട്ടനേം എന്നേം കൊല്ലുന്നു പറഞ്ഞു... ഏട്ടനിന്നെവിടെയ പോയെ അച്ഛനെ തിരക്കി അയാളുടെ അടുത്തുവല്ലതും പോയോ ? എനിക്ക് പേടിയാകുന്നു നന്ദുവേട്ടാ.. അയാളൊരു ചെകുത്താനാ.. എന്തിനും മടിയില്ലാത്ത ആൾ. .. "

പെട്ടന്ന് അത് കേട്ട ഷോക്കിൽ ഞാൻ കട്ടിലിലേക് ഇരുന്നു പോയി. ഞാൻ ഇവളുടെ അച്ഛനെ അന്വേഷിച്ചിറങ്ങി എന്ന് ഇയാൾ എങ്ങനെ അറിഞ്ഞു.. ഇവിടെ വരെ വന്നു ഒരു ഭീഷണി നടത്തണം എങ്കിൽ അച്ഛന്റെ തിരോധാനത്തിന് പിന്നിൽ അയാൾക്കും എന്തെങ്കിലും പങ്കുണ്ടാവണം.....

" എനിക്ക് പേടി ആകുവാ നന്ദുവേട്ടാ... അയാളിനി നമ്മളെ എന്തേലും ചെയ്താലോ ? "

ഭയം മനസിനെ ബാധിച്ചു എങ്കിലും അത് പുറത്തു കാട്ടാൻ മനസ്സനുവദിച്ചില്ല...

" താൻ പേടിക്കാതെ ഇരിക്ക്. അയാളൊരു ചുക്കും ചെയ്യാൻ പോണില്ല .. തന്റെ അച്ഛനെ കണ്ടു പിടിച്ചു തരാമെന്നു പറഞ്ഞത് ഞാൻ ആണെങ്കിൽ ഞാൻ ആ വാക്ക് പാലിക്കും "

അപ്പോളവളുടെ മുഖത്തുണ്ടായ പ്രതീക്ഷയുടെ പ്രകാശം എന്റെ കണ്ണിലും മിന്നി തിളങ്ങി. .

അവൾ മുഖത്തു അഴകുള്ളൊരു പുഞ്ചിരി വിടർത്തി നിറഞ്ഞിഴുകാൻ തുടങ്ങിയിരുന്ന മിഴികൾ തുടച്ചു പുറത്തേക്കിറങ്ങി പോയി .

വീട്ടിൽ വന്നൊരു താക്കീത് നൽകണം എന്നുണ്ടെങ്കിൽ തീർച്ചയായും ഇവൾക്ക് പിന്നിൽ ഇവൾ പോലും അറിയാത്ത എന്തൊക്കെയോ.... അല്ലെങ്കിൽ എന്നോട് പറയാത്ത രഹസ്യങ്ങൾ ഇനിയും ഉണ്ടെന്നു ഞാൻ ഉറപ്പിച്ചു... ആ രാഘവനിൽ തെല്ലൊരു പേടി തോന്നി എങ്കിലും അവളുടെ അച്ഛനെ കണ്ടു പിടിച്ചു കൊടുക്കേണ്ടത് അവളെക്കാൾ ആവശ്യം എനിക്കാണ്. അവൾ മൂലം എന്റെ ആഗ്രഹങ്ങൾ ഇല്ലാതാക്കാൻ ഞാൻ ആഗ്രഹിക്കുന്നുണ്ടായിരുന്നില്ല.. . അത്കൊണ്ട് തന്നെ എന്ത് വില കൊടുത്തും അവളുടെ അച്ഛനെ കണ്ടെത്തുക തന്നെ വേണം എന്ന് ഞാൻ മനസ്സിലുറപ്പിച്ചു...

കുറച്ചു കഴിഞ്ഞു അവൾ വീണ്ടും മുറിയിലേക്ക് കടന്നു വന്നു...

അവളുടെ മുഖത്തപ്പോഴും ഭയം ഉണ്ടായിരുന്നു ...

" അച്ഛനെ കുറിച്ച് വല്ല അറിവും കിട്ടിയോ.. "

അവൾ ആകാംഷയോടെ ചോദിച്ചു ....

" ഇല്ലെടോ താൻ പറഞ്ഞിടത്തൊക്കെ അന്വേഷിച്ചു. അവർക്കൊന്നും അറിയില്ല. "

" അച്ഛന് ഒരു കൂട്ടുകാരൻ ഉണ്ട്.  ഒരു രാമൻ. നാട്ടിൽ ആണ്.  അയ്യാളുടെ അടുത്ത് കുറച്ചു കാശു ചോദിച്ചിട്ടുണ്ട്..  റെഡി ആയാൽ അവിടെ വരെ പോകേണ്ടി വരും.  ഒരു ദിവസത്തെ യാത്ര ഉണ്ട് എന്ന് ഒരിക്കെ അച്ഛൻ എന്നോട് പറഞ്ഞിരുന്നു...

ഇനി ചിലപ്പോ അവിടെ പോയത് ആണോ ?  കാശു ശെരി ആവാത്തത് കൊണ്ട് വരാൻ വൈകുന്നതാണോ ?  "

ഒന്നാലോചിച്ചപ്പോൾ അങ്ങനെ ആകാനും വഴി ഉണ്ട്  .  കാരണം ഗോവിന്ദൻ ചേട്ടൻ പറഞ്ഞത് പോലെ വീട് എടുക്കാൻ തീരുമാനിച്ചിരുന്നു എങ്കിൽ തീർച്ചയായും അദ്ദേഹത്തിന് കാശിന്റെ ആവശ്യം ഉണ്ടായിരുന്നിരിക്കണം ..

" അയ്യാളുടെ ഫോൺ നമ്പറോ അഡ്രെസ്സൊ എന്തെങ്കിലും ഉണ്ടോ തന്റെ കയ്യിൽ  "

നമ്പറും കാര്യങ്ങളും ഒക്കെ അച്ഛന്റെ ഫോണിലാ....  അഡ്രെസ്സ് അച്ഛന്റെ ഒരു ബുക്കിൽ ഉണ്ട്.  ഇതാ അത്..  അവളൊരു പേപ്പർ കഷ്ണം എനിക്ക് നേരെ നീട്ടി...

" ഈ സ്ഥലം എനിക്കറിയാം.. പക്ഷെ നല്ല ദൂരം ഉണ്ട്. പോയി വരാൻ രണ്ടു  ദിവസം എങ്കിലും എടുക്കും. ഏതായാലും ഞാൻ നാളെ തന്നെ ഹരിയേയും കൂട്ടി ഒന്ന് പോയി നോക്കാം.  "

" ഹരിയേട്ടനെ കൊണ്ട് പോകണ്ടാ നന്ദുവേട്ട ഞാൻ വരാം കൂടെ..  എന്നെയും കൊണ്ട് പോകുവോ . ചിലപ്പോ അച്ഛൻ അവിടെ ഉണ്ടെങ്കിലോ ?  എനിക്ക് കാണണം അച്ഛനെ   "

" അത് വേണ്ടെടോ.  ഞാനെന്ത് പറഞ്ഞ തന്നെയും കൂട്ടി പോകുക..  അതും രണ്ടു ദിവസം ഒക്കെ എന്റെ കൂടെ ഒറ്റക്ക് ..  "

" നന്ദുവേട്ടന്റെ കൂടെ അല്ലെ ?  എനിക്ക് ഒരു കുഴപ്പവും ഇല്ല "

" ആഹ് നോക്കട്ടെ... അതെന്താടോ ഞാൻ ഒറ്റക്ക് പോയാൽ ഉഴപ്പും.. ഞാൻ  അച്ഛനെ അന്വേഷിച്ചു പോവില്ല എന്ന് കരുതിയിട്ടു വല്ലതും ആണോ എന്റെ കൂടെ വരാൻ വാശി കാണിക്കുന്നത്?  "

" അതൊന്നും അല്ല. എനിക്ക് ഇവിടെ ഇരുന്നാൽ ഒരു സമാധാനവും ഉണ്ടാവില്ല നന്ദുവേട്ട അതുകൊണ്ടാ. പിന്നെ  അച്ഛനെ കണ്ടു പിടിക്കേണ്ട കാര്യത്തിൽ നന്ദുവേട്ടനിനി ഉഴപ്പില്ലെന്നെനിക്കറിയാം..  കാരണം ഞാൻ അച്ഛന്റെ കൂടെ പോകേണ്ടത് ഇപ്പൊ എന്നേക്കാൾ ആവശ്യം നന്ദുവേട്ടന് അല്ലെ ?  "

എന്റെ ശ്വാസം നിലച്ചു പോയ നിമിഷം ആയിരുന്നു അത്.. ഞാൻ മാത്രം മനസ്സിൽ കണ്ട കാര്യം ഇവളെങ്ങനെ അറിഞ്ഞു.. ഒരുത്തരം പറയാനാവാതെ ഞാൻ തലതാഴ്ത്തി ഇരുന്നു.   ഒരു ഭാവവും ഇല്ലാതെ നിൽക്കുക ആയിരുന്നു ദേവു അപ്പോൾ.

" നന്ദുവേട്ടനെ ഞാൻ ഒരിക്കലും തെറ്റു പറയില്ല. ഏട്ടന്റെ ആഗ്രഹങ്ങൾക്ക് ഇടയിൽ തടസമായി നിൽക്കുന്നത് ഞാൻ ആണെങ്കിൽ ഞാൻ പൊയ്ക്കൊള്ളാം.. ആരോടും ഒന്നും പറയണ്ടാ അച്ഛൻ അവിടെ ഉണ്ടെങ്കിൽ പിന്നെ ഞാൻ ഇങ്ങോട്ടു മടങ്ങി വരില്ലാ.. "

മുൻകൂട്ടി നിശ്ചയിച്ചുറപ്പിച്ച വാക്കുകൾ..... അവളുടെ ഓരോ വാക്കുകളും എന്നിൽ കുറ്റബോധം ഉണർത്തി. എന്ത് ചെയ്യണമെന്നോ എന്ത് പറയണം എന്നോ ഒന്നുമെനിക്ക് അറിയില്ലായിരുന്നു ..

" നന്ദുവേട്ട ! "

ഞൻ അവളെ തല ഉയർത്തി നോക്കി.

" എന്നാ നമ്മൾ പോകുന്നെ ഹണിമൂണിന് പൊള്ളാച്ചിക്കു. ? "

അവൾ എന്നെ നോക്കി പുഞ്ചിരിച്ചു കൊണ്ട് ചോദിച്ചു.. എന്റെ മുഖഭാവം കണ്ടിട്ടാകണം അവളെങ്ങനെ ഒരു തമാശ പറഞ്ഞതെന്നാണ് ഞാൻ ആദ്യം കരുതിയത്. പക്ഷെ പിന്നീട് ആണ് എനിക്ക് മനസിലായത് അച്ഛനെ തേടി പോകാൻ വീട്ടിൽ പറയേണ്ട അവൾ കണ്ടെത്തിയ കാരണം ആയിരുന്നു അതെന്നു... അവൾ എല്ലാം കരുതി ആന്നെന്നു എനിക്ക് മനസിലായി.....

" ഈ ലോകത്ത് അവളുടെ അത്രയും നിന്നെ മനസിലാക്കിയ വേറെ പെണ്ണില്ലട്ടോ അളിയാ.. "

ഇന്നലത്തെ സംഭവങ്ങളെല്ലാം കേട്ടപ്പോൾ ഹരിയുടെ വക വന്ന തമാശ ആയിരുന്നു അതെങ്കിലും. അത് ശെരി ആണെന്നെനിക്കും തോന്നി. എന്നെ ഇത്രക് മനസിലാക്കിയ പെണ്ണ് വേറെ ഇല്ല.

" നിനക്കും ഇത് പോലെ നിന്നെ അറിയുന്ന ഒരു പെണ്ണ് വേണം എന്നല്ലായിരുന്നോ ആഗ്രഹം. എന്നാ അവളെ അവളുടെ തന്തപ്പടിയുടെ കൂടെ വിട്ടിട്ട് പോരാതെ ഇങ്ങു തിരികെ കൊണ്ട് പൊന്നാലോ ? എങ്ങനെ ഉണ്ട്. പറഞ്ഞു കേട്ടിടത്തോളം ഈ ദേവനന്ദ ആള് പാവം ആ..... "

" എന്റെ അളിയാ അത് തന്നെയാ പ്രശ്നം. ആ പാവത്തിനെ എന്തിനാ എന്റെ കൂടെ കൂട്ടി ഇനിയും കഷ്ടപ്പെടുത്തുന്നെ.. രക്ഷപ്പെടുന്നെ രക്ഷപെടട്ടെടാ.... "

" പിന്നെ ഇത്ര റിസ്ക് എടുത്തവളെ രക്ഷപ്പെടുത്താൻ നീ ആര് ഡിങ്കനോ? അളിയാ സത്യം പറഞ്ഞോ നിനക്കു അവളോട് വല്ല പ്രേമവും ആണോടാ ? "

" പോടാ കോപ്പേ അവളെങ്ങനെ എങ്കിലും തലേന്ന് ഒഴിവാക്കാൻ നോക്കുമ്പോൾ ഓരോന്ന് പറഞ്ഞു എന്റെ മനസ്സ് മറ്റാൻ നോക്കുന്നോ ? "

" എന്റെ പൊന്നളിയാ ഞാൻ ചുമ്മാ പറഞ്ഞതാ . അതൊക്കെ പോട്ടെ എന്ന നിങ്ങടെ ഹണിമൂൺ ? "

" മറ്റന്നാൾ... അമ്മയൊക്കെ വലിയ എതിർപ്പായിരുന്നു. പിന്നെ ഏടത്തി കട്ടക്ക് കൂടെ നിന്നുകൊണ്ട് രക്ഷപെട്ടു ... ഏട്ടൻ പോയത് നന്നായി. ഇവിടെ ഉണ്ടായിരുന്നെ എല്ലാം പൊളിഞ്ഞേനെ...പിന്നത്തെ പ്രോബ്ലം എവിടെ പോകുമെന്നായിരുന്നു അവർക്കു. പൊള്ളാച്ചിയിലേക്കാണെന്നു പറഞ്ഞപ്പോ ആരും സമ്മതിച്ചില്ല . പിന്നെ നീ പ്ലാൻ ചെയ്തതാ ആ വഴി ഊട്ടി ഒക്കെ പോയെ വരൂ എന്ന് പറഞ്ഞു. "

www.kambistories.com

"എടാ ചതിയാ.. അതിനെന്തിനാ എന്റെ പേര് പറഞ്ഞത്.. അതുപോട്ടെ ! അളിയാ രണ്ടാളും ഒരുമിച്ചൊക്കെയാ പോകുന്നെ കൺട്രോൾ ഒന്നും കളഞ്ഞു അബദ്ധം ഒന്നും കാട്ടരുത് കേട്ടോ. പിന്നെ പെണ്ണ് സ്ഥിരം ആയി വീട്ടിൽ തന്നെ നിക്കും. "

" പോടാ പുല്ലേ. അതിന് നിയല്ലല്ലോ ഞാൻ. എന്നെ കൺട്രോൾ ചെയ്യാൻ എനിക്ക് അറിയാം "

" മ്... കണ്ടാൽ മതി "

അവനൊന്നാക്കിയ പോലെ പറഞ്ഞു നിർത്തി

" പോകുന്നതിന് മുൻപ് നമുക്കാ രാഘവനെ ഒന്ന് കാണണ്ടേ ഹരി ? അയാളെ ഒതുക്കണം നമുക്കു .. "

" എന്തിന് നിനക്ക് ഭ്രാന്തുണ്ടോ? "

ഹരി എന്റെ അഭിപ്രായത്തോട് എതിർപ്പ് പ്രകടിപ്പിച്ചു.....

" പിന്നെ വീട് വരെ കേറിവന്നു ഭീഷണിപെടുത്താൻ അവനു ധൈര്യമുണ്ടെങ്കിൽ വീട്ടിൽ കയറി രണ്ടെണ്ണം പൊട്ടിക്കാൻ നമുക്കും ഉണ്ട് ധൈര്യം എന്ന് കാണിച്ചു കൊടുക്കണ്ടേ? "

" എന്റെ പൊന്നനന്ദു ചുമ്മാ ഗ്രൗണ്ടിൽ ഇറങ്ങി സിക്സ് അടിക്കുന്ന പോലെ അത്ര എളുപ്പം അല്ലാട്ടോ ഒരാളെ തല്ലാൻ ഒക്കെ. അതൊക്കെ വലിയ വിഷയം ആകും. നീ ആദ്യം പോയിട്ട് വാ എന്നിട്ട് നമുക്കിതിനെ കുറിച്ചാലോചിക്കാം..... "

www.kambistories.com

അവൻ പറഞ്ഞതെനിക്ക് ബോധിച്ചില്ലെങ്കിലും ഞാൻ അത് അംഗീകരിച്ചു...

" പൊള്ളാച്ചിക്ക് ഇവിടെ നിന്നും എത്ര ദൂരം ഉണ്ട് ? "

കട്ടിലിനു താഴെ തറയിൽ കിടന്നു കൊണ്ടവൾ സംശയങ്ങൾ ചോദിച്ചു.

" ഒരു നൂറ്റമ്പത് അടുത്തുണ്ടാകും "

" അതിനാണോ ഈ രണ്ടു ദിവസത്തെ യാത്ര ? ഒറ്റ ദിവസം പോരെ ? "

അച്ഛനെ കാണാൻ പോകുന്നതിന്റെ ആകാംക്ഷയിലാണ് അവൾ. എത്രയും വേഗം അച്ഛനെ കാണുക .. നടന്നതെല്ലാം പറയുക... അച്ഛന്റെ ഒപ്പം കൂടുക. അത് മാത്രമാണിപ്പോൾ ദേവുവിന്റെ മനസ്സിൽ എന്നെനിക്ക് തോന്നി. ....

" എടൊ അത്ര ദൂരം ഒന്നും കാർ ഓടിച്ചു എനിക്ക് ശീലം ഇല്ല. മടുത്തു മനുഷ്യന്റെ പരിപ്പിളകും. പിന്നെ നിന്റെ അച്ഛന്റെ കൂട്ടുകാരൻ പോളച്ചിയിൽ എവിടെ ആണെന്ന് കണ്ടുപിടിക്കണ്ടേ.. അതിന് ഒക്കെ കൂടിയാ ഞാൻ രണ്ടു ദിവസം പോയി വരാൻ ഉണ്ടെന്നു പറഞ്ഞത് "

" ഓ‌ഓ. ഈ പോണ്ടിച്ചേരി ഒത്തിരി വലിയ ടൗൺ ആണോ നന്ദുവേട്ട "

" ഞാൻ പോയിട്ടില്ലെടോ "

കുഞ്ഞി കുട്ടികളിരുന്നു സംശയം ചോദിക്കുന്നത് പോലെ അവളും ഓരോന്ന് ചോദിച്ചു കൊണ്ടേ ഇരുന്നു.. ഞാൻ എല്ലാറ്റിനും മറുപടിയും കൊടുത്തു കൊണ്ടിരുന്നു.

" ഞാനും ആദ്യം ആയിട്ട.. അത്രേ ദൂരം വരെ പോകുന്നത്. അപ്പൊ നമ്മൾ കാറിന് ആണോ പോകുന്നത് ? "

" അതെ "

" ആഹ് ... അവിടെ മുഴുവൻ തമിഴ്ക്കാരല്ലേ എങ്ങനെ രാമൻ മാമനെ കണ്ടു പിടിക്കും ? നന്ദുവേട്ടന് തമിഴ് അറിയാമോ ? "

" അറിയില്ല "

" അയ്യോ അപ്പോ എന്ത് ചെയ്യും നന്ദുവേട്ടാ നമ്മൾ ? "

" അതൊക്കെ കണ്ടു പിടിക്കാഡോ "

" പിന്നെ നന്ദുവേട്ട........ "

അവളുടെ സംശയത്തിന് ഒരു അവസാനമില്ലേ???

" താനാ വായടച്ചു കുറച്ചു നേരം ഒന്ന് ഉറങ്ങാമോ. എന്തായാലും നമ്മൾ അങ്ങോട്ടല്ലേ പോണേ... "

ഞാൻ തമാശ ടോണിൽ പറഞ്ഞു നിർത്തിയതും.. താഴെ നിന്നവൾ കൊഞ്ഞനം കുത്തുന്ന ശബ്ദം ഉയരുന്നു .. അച്ഛനെ കാണാൻ പോകുന്ന സന്തോഷം ആണ് അവൾക്. എങ്കിലും അച്ഛൻ പൊള്ളാച്ചി ഉണ്ട് എന്നതിനിനിയും ഉറപ്പില്ലെന്ന ചിന്ത എന്നെ അലട്ടിയിരുന്നു...

............. .......

പിറ്റേന്ന് പോകാനുള്ള ഒരുക്കത്തിലും.. . സാധനങ്ങൾ എടുത്തു വക്കുന്നതിലും എല്ലാം ദേവ വളരെ ഉത്സാഹം കാട്ടി .. പക്ഷെ എല്ലാവരോടും യാത്ര ചോദിച്ചു കാറിൽ കയറുമ്പോൾ അവളുടെ കണ്ണുകൾ നിറഞ്ഞിരുന്നു ... ഇനി ഒരു മടങ്ങി വരവ് ഇല്ലെന്നു മനസിലുറപ്പിച്ച പോലെ.

കാർ മുന്നോട്ടു പോകുന്തോറും അവളുടെ സങ്കടങ്ങളും ഇല്ലാതെ ആയി . വഴിയോരക്കാഴ്ചകൾ എല്ലാം ആദ്യമായി കാണുന്ന കുട്ടിയുടെ കൗതുകത്തോടെ അവൾ നോക്കി കണ്ടു....

" അച്ഛനെ അന്വേഷിച്ചു നമ്മളവിടെ എത്തുമ്പോ അച്ഛന് അതിശയം ആയിരിക്കും അല്ലെ നന്ദുവേട്ട ? "

ഇടക്കെപ്പോഴോ ആണ് അവൾ ഒന്ന് മിണ്ടി തുടങ്ങിയത് . അച്ഛനിപ്പോളും അവിടെ ഉണ്ടോ എന്നുപോലും ഉറപ്പില്ലെങ്കിലും അവളുടെ പ്രതീക്ഷ തകർക്കാൻ എനിക്ക് തോന്നിയില്ല. അവളുടെ ചോദ്യത്തിന് ഞാനൊരു മൂളൽ മാത്രം മറുപടി നൽകി.

" ആദ്യം ആയിട്ടാ അച്ഛനിത്രെ നാളൊക്കെ എന്നെ ഒറ്റക്കാക്കിട്ടു പോകുന്നെ... അങ്ങോട്ട് ചെന്നിട്ട് ഒന്ന് കണ്ടു പിടിച്ചോട്ടെ. വച്ചിട്ടുണ്ട് ഞാൻ.... "

അവളാരോടെന്നില്ലാതെ പുലമ്പിക്കൊണ്ടിരുന്നു...

" വഴക്കു പറയാനാണോ ? "

ഒരു തമാശ എന്നോണം ചോദിച്ചു .

", പറയും.. വേണ്ടി വന്നാൽ രണ്ട് അടിയും കൊടുക്കും. എന്നെ ഒറ്റക്ക് ആക്കിട്ടു പോയിട്ടല്ലേ ? "

ഞാൻ അവളുടെ സംസാരം കേട്ട് രസിച്ചതല്ലാതെ മറുപടി ഒന്നും കൊടുത്തില്ല.

" നന്ദുവേട്ടൻ അച്ഛനും ആയിട്ട് വഴക്ക് കൂടിട്ടുണ്ടോ? "

" ഇല്ലെടോ ? എന്നോട് വഴക്ക് കൂടാൻ പോലും നിക്കാതെ പുള്ളി നേരത്തെ അങ്ങ് പോയില്ലേ ! "

എന്റെ മറുപടി കേട്ട് അവളുടെ മുഖം കറുത്തു. ചോദിച്ചത് അബദ്ധം ആയിപോയി എന്നവൾക്ക് തോന്നിയിരിക്കണം... എനിക്ക് ഒരു വയസാകുന്നതിന് മുന്നേ ഒരു ആക്സിഡന്റിൽ എന്റെ അച്ഛൻ മരിച്ചിരുന്നു . പിന്നെ ടീച്ചർ ആയ അമ്മയായിരുന്നു ഞങ്ങൾക്കെല്ലാം. അത് അവൾക്കും അറിയാം. ഏടത്തി പറഞ്ഞിട്ടുണ്ടാകണം.. എങ്കിലും ഒരു ആവേശത്തിന് പുറത്തു ചോതിച്ചതാണവൾ. പാവം ചോദിച്ചു കഴിഞ്ഞാണ് അബദ്ധം മനസിലായത്..

" സോറി "

" എന്തിന് ? "

"'ചോദിച്ചത് വിഷമം ആയോ? ""

" ഹേയ് ! ഓർമകളിൽ പോലും ഇല്ലാത്ത ഒരാളെ കുറിച് ഓർത്തു വിഷമിച്ചിട്ട് എന്ത് കിട്ടാനാ "

എന്റെ ഉത്തരം കേട്ടു മുഖത്തൊരു ചിരി വരുത്തി അവൾ കാറിന് പുറത്തേക്കു നോക്കി ഇരുന്നു.

"'എന്റെ അമ്മയെ പോലെ അല്ലെ ! "

പെട്ടന്നായിരുന്നു അവളുടെ ചോദ്യം. ഞാൻ അവളെ ചോദ്യഭാവത്തിൽ ഒന്ന് നോക്കി.

" എനിക്കും ഓർമ്മ ഇല്ല അമ്മയെ .. ഓർക്കാൻ ഒന്നും തന്നിട്ടുമില്ല.. എങ്കിലും ഇടക്ക് ഒക്കെ തോന്നും 'അമ്മ ഉണ്ടായിരുന്നു എങ്കിൽ എനിക്ക് ഇങ്ങനെ ഒന്നും ഉണ്ടാവില്ലായിരുന്നു എന്ന്.. "

അവളുടെ കണ്ണുകൾ നിറയുന്നത് ഞാൻ കണ്ടു. എന്റെ നോട്ടം എതിരിടാനാവാതെ വീണ്ടും അവൾ മുഖം തിരിച്ചിരുന്നു..

" അയ്യേ താൻ വീണ്ടും കരയുകയാ?? എന്തോന്നാടോ ഇത് ഒരു വക കുഞ്ഞു പിള്ളേരെ പോലെ എപ്പോളും ഈ കരച്ചിൽ തന്നെ... താൻ ആ കണ്ണൊക്കെ തുടച്ചിട്ട് നേരെ ഇരുന്നേ.. "

യാത്ര പകുതി ദൂരമെങ്കിലും എത്തിയപ്പോൾ ആണ് വിശപ്പിന്റെ വിളി വന്നത് ..

" തനിക്കു വിശക്കുന്നില്ലേ. "

ഡോർ ഗ്ലാസിൽ എന്തോ കുറിച്ചു കൊണ്ടിരുന്ന ദേവുവിനോട് ഞാൻ ചോദിച്ചു.

" എനിക്ക് വേണ്ട നന്ദുവേട്ട. . "

" അല്ല അറിയാൻ പാടില്ലാത്ത കൊണ്ട് ചോദിക്കുവാ. തനിക്കീ വിശപ്പൊന്നും ഇല്ലേ. എനിക്കാണേൽ വിശന്നിട്ടൊരു രക്ഷയുമില്ല.. അതെങ്ങനാ അല്ലേലും കഴിക്കാറില്ലല്ലോ? എന്നിട് രാത്രിയൊക്കെ ചീവീട് കാറുന്ന പോലെ ഉറക്കമിളച്ചു ഇരുന്നു കരച്ചിലും. വെറുതെ അല്ലെടോ താനിങ്ങനെ മെലിഞ്ഞു ഒണക്ക ചുള്ളി പോലെ ആയി പോയത്. "

അവളെ കളിയാക്കാൻ കിട്ടിയ അവസരം ഞാൻ നല്ലപോലെ വിനിയോഗിച്ചു..

" ഈ പറയുന്ന ആള് പിന്നെ അർണോൾഡ് ആണല്ലോ ? "

ദേവുവിൽ നിന്നും അപ്പൊ തന്നെ കിട്ടി നല്ല ചുട്ട മറുപടി...

" താനെന്തു പറഞ്ഞാലും അടുത്തു കാണുന്ന ഹോട്ടലിന് മുന്നിൽ ഞാൻ വണ്ടി നിർത്തും. വലിയ ജാഡ കാട്ടാതെ വേണേൽ എന്റെ കൂടെ വന്നു കഴിച്ചോ.. "

ദേവുവിനോട് കൂടുതൽ അടുത്തിടപഴകാൻ എനിക്ക് ലഭിച്ച അവസരമായിരുന്നു അത്. അത് പോലെ അവൾക്ക് തിരിച്ചും. ഒരാണിന്റെ കൂടെ ഒറ്റക്ക് പോകാൻ പെൺകുട്ടികൾ മടിക്കുന്ന ഈ കാലത്തും എന്റെ കൂടെ വരാൻ അവളെന്നിൽ വച്ചിരിക്കുന്ന വിശ്വാസം വലുതാണെന്ന ചിന്ത എന്നിൽ ഉണ്ടായി.. അവളെ എന്റെ ജീവിതത്തിൽ നിന്നുമൊഴിവാക്കുക എന്നതിലുപരി അവളെ അവളുടെ അച്ഛന്റെ സുരക്ഷിത കരങ്ങളിൽ എത്തിക്കുക എന്നതാണ് മഹത്തായ കാര്യമെന്ന് എനിക്ക് തോന്നി. എന്തിരുന്നാലും ലാഭം എനിക്ക് തന്നെ ആണ് .. അവൾക്ക് അവളുടെ അച്ഛനെ കിട്ടിയാൽ എനിക്ക് വീണ്ടും പഴയതു പോലെ നൂൽ ഇല്ലാത്ത പട്ടം പോലെ പാറി പറന്നു നടക്കാം.....

" ഇതെന്താലോജിചിരിക്കാ . വിശക്കുന്നു എന്ന് പറഞ്ഞിട്ടു കഴിക്കുന്നില്ലേ ? "

ഹോട്ടലിനുള്ളിൽ കയറി ഭക്ഷണത്തിന് മുന്നിൽ ഇരുന്നാണെന്റെ ചിന്ത എന്ന് ദേവുവിന്റെ ചോദ്യം കേട്ടപ്പോളാണ് ഓർമ വന്നത്..

വിശക്കുന്നില്ലെന്ന് പറഞ്ഞെങ്കിലും അവൾക് നല്ല വിശപ്പുണ്ടെന്നവളുടെ ഭക്ഷണം കഴിക്കുന്ന രീതിയിൽ നിന്നെനിക് മനസിലായി..

" ഇതാണോ തനിക്കൊന്നും കഴിക്കാൻ വേണ്ടാന്ന് പറഞ്ഞത് ? "

വായിൽ നിറയെ മസാലദോശ ആയതു കൊണ്ടാകാം എന്റെ തമാശക്ക് മറുപടി ഒരു ചിരി മാത്രമായി അവൾ ഒതുക്കിയത്..

ഞങ്ങൾ യാത്ര തുടർന്നു. വഴിയിൽ കാണുന്ന എന്തും അവൾക്ക് കൗതുകമുണർത്തുന്ന കാഴ്ചകൾ ആയിരുന്നു. കൂട്ടിൽ നിന്നും പരത്തി വിട്ട പ്രാവിനെ ആണെനിക്ക് അപ്പോൾ ഓർമ വന്നതും.

കേരള തമിഴ്നാട് അതിർത്തി കടന്നതേ കാഴ്ച ഭംഗി ഏറുന്ന മുന്തിരി തോട്ടങ്ങൾ എത്തി. കണ്ണെത്താ ദൂരത്തോളം പടർന്നു കിടക്കുന്ന മുന്തിരി..... ചോളം.. നെല്ലു..തെങ്ങു ... അങ്ങനെ കേരളത്തിൽ നിന്നടിച്ചിറക്കപ്പെട്ടതെല്ലാ നല്ല തലയെടുപ്പോൾടെ ഞങ്ങളെ നോക്കി പുച്ഛത്തോടെ നിൽക്കുന്നതായി തോന്നി. . വള്ളിപ്പടർപ്പുകയിൽ ആടി ഉലയുന്ന മുന്തിരി കുലകൾ ആരെയും ആകർഷിക്കുന്ന അല്ലെങ്കിൽ കൊതിപ്പിക്കുന്ന ഒരു കാഴ്ച തന്നെ ആയിരുന്നു.

മുണ്ടിരി കണ്ട കൗതുകത്തിൽ ഞാൻ ഇടയ്ക്കു കാർ വഴിയരികിൽ നിർത്തി ഇറങ്ങി. കൂടെ അവളും....

" എഡോ നമുക്ക് മുന്തിരി കഴിച്ചാലോ ? "

എന്റെ ചോദ്യം കേട്ടു എന്റെ അരികിലേക്ക് നീങ്ങി നിന്ന അവൾ ചോദ്യഭാവത്തിൽ എന്നെ നോക്കി.. ഞാനവളെ പിരികം പൊക്കി ഒന്ന് ചിരിച്ചു കാട്ടിയതും..

എന്റെ ഉദ്ദേശ്യം മനസിലാക്കിയ അവൾ മിന്നൽ വേഗത്തിൽ തോട്ടത്തിലേക്ക് ചാടി ഇറങ്ങി ഒരു പിടി മുന്തിരി കുല വലിച്ചു പറിച്ചു കൊണ്ട് ഓടി വണ്ടിക്കടുത്തേക്കു വന്നു.. പിറകെ ആ തോട്ടത്തിന്റെ ഉടമസ്ഥനും..

" ഡെയ് യാരുടാ അത് തിരുട്ടു പസങ്കളാ...(.തമിഴ് .) "

" നന്ദുവേട്ട വേഗം വണ്ടി എടുത്തോ.. "

അതും പറഞ്ഞു ദേവു ചാടി വണ്ടിയിൽ കയറി.

ഭാഷ അറിയില്ലെങ്കിലും ഓടി വരുന്നതിനിടയിൽ അയാൾ പറഞ്ഞത് തെറി ആണന്നു മനസിലാക്കി ഞങ്ങൾ വേഗം അവിടെന്നു സ്ഥലം വിട്ടു.

കാറിൽ കയറിയിട്ടും ഞങ്ങൾക്ക് ചിരി നിർത്താൻ കഴിയുന്നുണ്ടായിരുന്നില്ല.

" താനെന്ത് പണിയാടോ കാണിച്ചത്.. ഇത്തിരി പറിച്ചെടുക്കാൻ ഉള്ളതിന് ആ തോട്ടം മൊത്തവും പറിച്ചിങ്ങടുത്തല്ലോ ? ആ പാണ്ടിയുടെ തല്ലു കൊള്ളാതെ രക്ഷപ്പെട്ടത് ഭാഗ്യം. "

" ആഹാ. നന്ദുവേട്ടനല്ലേ പറഞ്ഞെ മുന്തിരി പറിക്കാൻ. ന്നിട്ടിപ്പോ ഞാൻ കുറ്റക്കാരി "

അവളുടെ മുഖത്തിന് അഴകുകൂട്ടുന്ന ആ നുണക്കുഴി കാണത്തക്ക വിധം അവൾ ചുണ്ടു കൂർപ്പിച്ചു..

" അതിന് ഇത്രയും പറിച്ചെടുക്കണം ആയിരുന്നോ. അത് പോട്ടെ ! ആ ഇരിക്കുന്ന കുപ്പിയിൽ വെള്ളം കാണും. അതെടുത്താ മുന്തിരി ഒന്നു കഴുകി എടുക്കു. കണ്ടിട്ട് തന്നെ കൊതിയാകുന്നു... "

" അയ്യടാ മോനെ. അങ്ങനെ ഇപ്പൊ അങ്ങ് കഴിക്കണ്ടാ... എന്നെ കുറ്റം പറഞ്ഞതല്ലേ.. ഇതേ ഞാൻ തന്നെ തിന്നോളം... "

" എന്റെ പൊന്നെടോ. ചതിക്കല്ലേ... ഞാൻ പറഞ്ഞതൊക്കെ പിൻവലിച്ചു..... സോറി.... "

എന്റെ മുഖത്തേക്ക് ഒന്ന് നോക്കി ചിരിച്ചു അവൾ മുന്തിരി കുപ്പിയിലെ വെള്ളത്തിൽ കഴുകി എനിക്ക് നേരെ നീട്ടി ... ആദ്യമായാണ് അവളിത്ര സന്തോഷിച്ചു കാണുന്നത്. ഇന്നലെ വരെ സങ്കടങ്ങളും കണ്ണുനീരും തോരാത്ത ദേവുവിൽ നിന്നും വളരെ കുറുമ്പും കുട്ടിത്തവും നിറഞ്ഞ ഒരു ദേവു അവൾക്കുള്ളിൽ ഇന്നും ഉണ്ട് ഞാൻ തിരിച്ചറിഞ്ഞു.

"മുഴുവനും തീർക്കല്ലേ നന്ദുവേട്ട. ഇത്തിരി അച്ഛന് കൊടുക്കണം. "

മുന്തിരി കഴിക്കുന്നതിനിടയിൽ അവൾ എന്നോട് പറഞ്ഞു.

" ആഹ് കൊടുത്തേക്കാം.. മോള് കട്ടോണ്ട് വന്നതാണെന്ന് പറഞ്ഞു തന്നെ കൊടുക്കാം..പോരെ.. . "

" ഓഹ് പിന്നെ.. ഞാൻ ഒറ്റക്കല്ലല്ലോ കൂട്ടിനു ഈ കള്ളനും ഉണ്ടായിരുന്നു എന്ന് ഞാനും പറയും "

" അല്ലെടോ.. അപ്പൊ എന്നെ കാണുമ്പോൾ അച്ഛനോട് ഞാൻ ആരാണെന്നു പറയും താൻ ? "

പെട്ടന്നവളുടെ മുഖം കരുത്തു. സന്തോഷം നിറഞ്ഞിരുന്ന അവളുടെ മുഖത്തു വിഷമത്തിന്റെ കാർമേഘം വന്നു മൂടുന്നത് ഞാൻ കണ്ടു . അവൾക് അതിന് ഒരു ഉത്തരം പറയാൻ കഴിയില്ല എന്നെനിക് മനസിലായി. അതിനൊരു ഉത്തരം എന്റെ പക്കലും ഉണ്ടായിരുന്നില്ല. ഒന്ന് നോക്കുമ്പോൾ അവളുടെ ആരാണ് ഞാൻ ? അവളുടെ കഴുത്തിൽ താലി കെട്ടിയ അവളുടെ ഭർത്താവോ? വീട്ടിൽ വന്നു കയറിയ അന്ന് മുതൽ അവളുടെ കണ്ണു നനയിപ്പിച്ച ദുഷ്ടനോ? അതോ അവളുടെ അച്ഛനെ കണ്ടെത്തി കൊടുത്തു അവളുടെ ജീവിതത്തിൽ വീണ്ടും സന്തോഷം വിതക്കാൻ വന്ന രക്ഷകനോ. ? ഉത്തരമില്ലാത്ത ചിന്തകൾ എന്റെ ഉള്ളിലും അടിഞ്ഞു കൂടി.

" നന്ദുവേട്ടന് ഞാൻ ആരാ ? "

അവളുടെ ചോദ്യം എന്റെ മനസിനെ വല്ലാതെ ഉലച്ചു.. അവളുടെ കണ്ണിലൂടെ നോക്കുമ്പോൾ അവളിന്നും എനിക്കൊരു ബാധ്യത ആണ്. ആഹ് ബാധ്യത തീർക്കാൻ അവളെ അവളുടെ അച്ചനെ ഏല്പിച്ചു മടങ്ങാൻ വന്ന വെറും ഒരു അപരിചിതൻ മാത്രം ആണ് ഞാൻ.. .

":എനിക്കറിയില്ലേടോ... ഇന്നലെ വരെ താൻ എനിക്ക് ആരോ ആയിരുന്നു. പക്ഷെ ഇന്ന്....... "

"'ഇന്ന്..? . "

ആ വാക്കുകൾ എനിക്ക് മുഴുവിപ്പിക്കാനാകാതെ വന്നപ്പോൾ അവൾ ചോദിച്ചു.. അവളുടെആ കണ്ണുനീർ ഒഴുകിയ കണ്ണുകളിൽ നിറഞ്ഞ ആകാംഷ ഞാൻ കണ്ടില്ലെന്നു നടിച്ചു.. അവളെന്നിൽ നിന്നെന്തോ പ്രതീക്ഷിക്കുന്ന പോലെ..

അവളുടെ കണ്ണുകളെ നേരിടാനാകാതെ ഞാൻ വേഗം മുഖം തിരിച്ചു.

ഏറെ നേരം നീണ്ടു നിന്ന മൗനം...

സൂര്യൻ പടിഞ്ഞാറു മറയുന്നതും നോക്കി ഇരിപ്പാണ് ദേവു. വളരെ വൈകി ആണ് ഞങ്ങൾ പൊള്ളാച്ചി എത്തിയത്. ആദ്യം ഉണ്ടായിരുന്ന പ്രസരിപ്പൊന്നും ഇപ്പോൾ പെണ്ണിൽ കാണാനുണ്ടായിരുന്നില്ല. ഇനി അച്ഛനിവിടെയും ഉണ്ടായില്ലെങ്കിലോ എന്ന ചിന്ത അവളെ വല്ലാതെ അലട്ടുന്ന പോലെ തോന്നി. അവൾ തന്ന വിലാസം വച്ച് വീട് കണ്ടുപിടിക്കാൻ ഞങ്ങളൽപ്പം ബുദ്ധിമുട്ടി. .

അവിടെ ഒരു ട്രാൻസ്പോർട് കമ്പനി നടത്തുകയാണ് ഈ രാമൻ എന്ന ആൾ എന്ന് അന്വേഷിച്ചപ്പോൾ അറിയാൻ കഴിഞ്ഞു. വീടിനു മുന്നിൽ കാർ നിർത്തി ഇറങ്ങുമ്പോൾ തന്നെ വീടിന്റെ ഉള്ളിൽ നിന്നൊരു ശബ്ദം കേട്ടു. ഒരു കിളി നാദം

" അമ്മാ അപ്പാ വന്തിട്ടാ ( തമിഴ് ) "

പറഞ്ഞു തീർന്നതും കതകു തുറന്നൊരു പെൺകുട്ടി പുറത്തേക്കു വന്നു. ഇരു നിറത്തിൽ ഉള്ള എന്നാൽ ഭംഗി ഒട്ടും ചോർന്നു പോകാത്ത അഴകുള്ള ഒരു പക്കാ തമിഴ് പെൺകുട്ടി. ഞാൻ കേട്ട ശബ്ദത്തിന്റെ ഉടമ ഇവളാകണം എന്ന് ഞാൻ ഊഹിച്ചു..

www.kambistories.com

കതകു തുറന്നു പുറത്തേക്കു നോക്കിയ അവളുടെ മുന്നിൽ നിൽക്കുന്ന എന്നെ കണ്ടവൾ ആദ്യം ഒന്ന് അമ്പരന്നു.

" യാര് ? എന്ന വേണും? (തമിഴ് ) "

വേഗം തന്നെ പരിസരബോധം വീണ്ടെടുത്ത്

എന്നെ നോക്കി അവൾ ചോദിച്ചു.

" ഈ രാമൻ ചേട്ടന്റെ വീട് ഇതല്ലേ ? "

" ഓഹ് നീങ്ക മലയാളിയാ.. അപ്പാ ഇങ്ക ഇല്ലേ..

നിങ്ങൾക്കു എന്ന വേണും? "

മലയാളം കലർത്തിയ ഭാഷയിൽ ആ കുട്ടി പറഞ്ഞൊപ്പിച്ചു..

" രാമൻ ചേട്ടനെ ഒന്ന് കാണണം. . ഞങ്ങൾ കേരളത്തിൽ നിന്നു വരുന്നതാ... "

" അമ്മാ അപ്പാവെ പാക്ക യാരോ കേരളവിലെ ഇരുന്ത് വന്തിരുക്കാ..(. തമിഴ് )"

അവൾ ഉള്ളിലേക്ക് നോക്കി വിളിച്ചു പറഞ്ഞതും ഒരു സ്ത്രീ പുറത്തേക്കിറങ്ങി വന്നു. വസ്ത്രധാരണത്തിലേ മികവ് കണ്ടു അവരാകാം ആ വീടിന്റെ ഗൃഹനാഥ എന്ന് ഞാൻ ഊഹിച്ചു. ആ സ്ത്രീ വന്നതേ ആ കുട്ടി വീടിനകത്തേക്ക് കയറി പോയി. പോകുന്നതിനിടയിൽ അവൾ എന്നെ ഒന്ന് തിരിഞ്ഞു നോക്കിയത് ഞാൻ ശ്രദ്ധിച്ചു.

" യാര്പ്പാ ഉനക്ക് എന്ന വേണം? ( തമിഴ് ) "

വന്ന ആ സ്ത്രീയോടും രാമൻ ചേട്ടനെ കാണണം

എന്ന ആവശ്യം ഞാൻ അറിയിച്ചു. .

" ഓഹ്.... അവർ ഇങ്കെ ഇല്ലേ ! ( തമിഴ് )"

" ഓഫീസ് എവിടെ ആണെന്ന് പറഞ്ഞാൽ ഞങ്ങൾ പോയി കണ്ടോളാം.. "

" പറവായില്ലേ... അവരിപ്പോ വന്തിടും... നീ വെയിറ്റ് പണ്ണു ... "

അവര് ഞങ്ങളോട് അവിടെ നിൽക്കാൻ ആവസ്യപ്പെട്ടതനുസരിച്ചു ഞാൻ തിരിഞ്ഞു കാറിനടുത്തേക്ക് നടന്നു. അപ്പോളാകണം കാറിനുള്ളിൽ ഇരിക്കുന്ന ദേവുവിനെ ആ സ്ത്രീ കണ്ടത് ..

അവളെ പുറത്തു നിർത്തുന്നത് എങ്ങനെ എന്ന് കരുതി ആകണം അവർ ഞങ്ങളെ നിർബന്ധിച്ചു വീടിന്റെ ഉള്ളിൽ കയറ്റി ഇരുത്തി.. അടുക്കും ചിട്ടയോടെയും വീട് കത്ത് സൂക്ഷിക്കുന്ന ഇവരെ കണ്ടപ്പോൾ എനിക്ക് അസൂയ തോന്നി.

ഒരു മിഡിൽക്ലാസ് വീടായിരുന്നു അത്.

" ഇരിക്കൂ "

വീടിനകത്തു കയറിയാതെ അവർ ഞങ്ങളോട് ആവശ്യപ്പെട്ടു.

" എന്താ കുടിക്കാൻ? "

" ഒന്നും വേണ്ട ചേച്ചി. "

ഞാൻ മറുപടി നൽകി.

അവർക്ക് തമിഴും മലയാളവും ഒരുപോലെ വശമാണെന്നു എനിക്ക് മനസിലായി..

" പ്രിയാ രണ്ടു കോഫീ കൊണ്ട് വാ "

ആ സ്ത്രീ അകത്തേക്ക് നോക്കി വിളിച്ചു പറഞ്ഞു ഞങ്ങൾക്ക് എതിരെ ഉള്ള കസേരയിൽ ഇരുന്നു.

" അവരെ നിങ്ങൾക് എങ്ങനെ പരിജയം ?  "

അവര് വീണ്ടും ചോദിച്ചു.

" എന്റെ അച്ഛന്റെ സുഹൃത്താണ്..  "

ദേവു ആണവർക്കു മറുപടി നൽകിയത്.

" ഓഹ്..  ഇതു യാരു ഉൻ ഹസ്ബെന്റാ? "

അവരുടെ ചോത്യത്തിനു മുന്നിൽ ആദ്യം ഞങ്ങൾ ഒന്ന് പരുങ്ങി എങ്കിലും അതെ എന്നവൾ തലയാട്ടി.

പിന്നെ എന്തോ അവര് ചോദിക്കാൻ തുനിഞ്ഞതും പുറത്തു കാർ വന്നു നിന്നതും ഒന്നിച്ചായിരുന്നു..

ആ സ്ത്രീ ഇറങ്ങി പുറത്തേക്കു പോയി  ...

", ആരാ വന്നത് ?  പുറത്തൊരു കാർ കിടക്കുന്നുണ്ടല്ലോ ?  "

കാറിൽ നിന്നറങ്ങിയ ആൾ ആ സ്ത്രീയോടായി ചോദിക്കുന്നത് കേട്ടു.

" ഉങ്ങളോട ഏതോ ഫ്രണ്ടോടാ പൊന്നും അവളോട ഹസ്ബെന്റും  ഉങ്കളെ പക്കാ വന്തത് (തമിഴ് ) "

www.kambistories.com

ആ സ്ത്രീയുടെ മറുപടിയും കേട്ടു.

" എന്നെ കാണണോ അതാരാണാവോ?  "

വീടിനുള്ളിലേക് കയറി അയാൾ ഞങ്ങളെ ഒന്ന് സൂക്ഷിച്ചു നോക്കി..

വെള്ള മുണ്ടും ഷർട്ടും ആയിരുന്നു വേഷം.  കാണാൻ മാന്യനായ ഒരു വ്യക്തി..

ഞങ്ങൾ അയാളെ കണ്ടതും ഇരുന്നിടത് നിന്ന് എഴുന്നേറ്റു നിന്നു.

" ആരാ?   എന്ത് വേണം ?   "

" അങ്കിൾ ഞങ്ങൾ ഒരാളെ അന്വേഷിച്ചു വന്നതാണ്   "

" ആരെ ?   "

" അജയൻ. എന്റെ അച്ഛനാ...   "

ദേവു മറുപടി കൊടുത്തു..

ആ പേരു കേട്ടപ്പോൾ അദ്ദേഹത്തിന്റെ മുഖത്തുണ്ടായ സന്തോഷം അളവറ്റതായിരുന്നു...

അജയന്റെ മോളാണോ നീയ് ? അയാൾ ഓടി അവളുടെ അടുത്തേക്ക് നീങ്ങി നിന്നു.

" ഞാൻ കുഞ്ഞിലേ കണ്ടതാ മോളെ.. ഇപ്പൊ വളർന്നു വലിയ കുട്ടി ആയി.... "

അവളൊന്നും മനസിലാകാത്തവളെ പോലെ എന്റെ മുഖത്തേക്ക് നോക്കി . ഞാൻ തിരിച്ചും...

" അച്ഛനെ കുറച്ചു ദിവസമായി കാണാനില്ല... "

പറഞ്ഞു തീർന്നതേ കരച്ചിലായിരുന്നു ദേവുവിൽ ബാക്കി നിന്നത്. ഒന്നും മനസിലാവാതെ അയാളും എങ്ങനെ ദേവുവിനെ ആശ്വസിപ്പിക്കണം എന്നറിയാതെ ഞാനും ഇരുന്നു..

" കാണാനില്ല..? എന്തൊക്കെയാ മോളെ നീ ഈ പറയുന്നേ ? "

" സത്യമാണ് സർ. കുറച്ചു ദിവസം ആയി ഇവളുടെ അച്ഛനെ കാണാതെ ആയിട്ട്. എവിടെ പോയി എന്നൊരു അറിവും ഇല്ല. അപ്പോൾ ആണ് ഇവൾ പറഞ്ഞത് സാറിന് കാണാൻ ഇങ്ങോട്ടു വരും എന്ന് ഇടക്കെപ്പോളോ പറഞ്ഞിരുന്നു എന്ന് .. ... "

എന്റെ വിശദീകരണം കേട്ടയുടനെ അയാൾ കസേരയിലേക്ക് ചാരി ഇരുന്നു. എന്ത് പറയണമെന്നറിയാതെ...... അപ്പോളും ദേവു തലതാഴ്ത്തി ഇരുന്നു കരയുക ആയിരുന്നു..

" ദേവു മോള് കരയാതെ .. കുറച്ചു ദിവസം മുൻപ് അവൻ എന്നെ വിളിച്ചിരുന്നു .. കുറച്ചു കാശ് ആവശ്യമാണ് സഹായിക്കണം എന്ന് പറഞ്ഞു. അന്നെന്റെ കയ്യിൽ എടുക്കാൻ ഒന്നും ഉണ്ടായിരുന്നില്ല. കാശ് ഒക്കെ റെഡി ആക്കി വച്ചിട്ട് അവനെ വിളിച്ചിട്ടു ഒട്ടു കിട്ടിയതും ഇല്ല. ഞാൻ കരുതി അവനു പണം കിട്ടിക്കാണും എന്ന്... . "

എരി തീയിൽ എണ്ണ ഒഴിക്കുന്ന പോലെ ആയിരുന്നു അയാളുടെ വാക്കുകൾ... ദേവുവിന്റെ സങ്കട കടലിന്റെ ആഴം കൂടിയാതെ ഉള്ളു...

" മോള് കരയാതെ ഞാൻ പറയട്ടെ.. "

അയ്യാൾ വീണ്ടും പറഞ്ഞു തുടങ്ങി

" പിന്നെ ഒരു ദിവസം അവൻ വിളിച്ചിരുന്നു. അവൻ എവിടെയോ ഒരു ജോലി ശെരി ആയിട്ടുണ്ടെന്നു പറഞ്ഞു..നാട്ടിൽ നിക്കാൻ ഇനി താല്പര്യമില്ല എന്ന് പറഞ്ഞു. . അവൻ അടുത്ത് തന്നെ ജോലി സ്ഥലത്തേക്ക് പോകുമെന്നും. അതിനുമുൻപ് മോളെയും കൂട്ടി ഇവിടെ വരാം... ദേവുമോളെ കുറച്ചു ദിവസം ഇവിടേ എന്റെ കൂടെ നിർത്തണം എന്നും പറഞ്ഞു.. അല്ലാതെ അവൻ ഇവിടേക്ക് വന്നിട്ടില്ല. വിളിച്ചിട്ടൊട്ടു കിട്ടുന്നുമുണ്ടായിരുന്നില്ല.

മോളോട് അവനൊന്നും പറഞ്ഞിട്ടില്ലേ ? "

ഇങ്ങനെ ഒന്ന് നടന്നതായി അറിയാതെ ഇരുന്ന അവൾ അയാളെ അത്ഭുതത്തോടെ നോക്കി ഇല്ല എന്നവൾ തല അനക്കി...

" എനിക്കറിയില്ല.    ഒന്നും അറിയില്ല...  എന്നോട് അച്ഛൻ ഒന്നു പറഞ്ഞിട്ടില്ല...  നാട്ടിൽ നിക്കാൻ പറ്റാത്ത ഒരു കാരണവും എനിക്ക് അറിയില....  "

അവളുടെ കരച്ചിലിന് ആഴം കൂടി..

" മോള് കരയാതെ..  അച്ഛൻ ചിലപ്പോൾ ആ ജോലിക്കു പോയതായിരിക്കും...   "

" പോകുന്നെ എന്നോട് പറഞ്ഞിട്ട് പോകാമായിരുന്നില്ലേ...  എന്നോട് പറയാതെ എങ്ങോട്ടും പോകാറില്ല അച്ഛൻ.     "

അവളുടെ ശബ്ദം ആ മുറി നിറയെ അലയടിച്ചു കേട്ടു.

എങ്ങനെ ആശ്വസിപ്പിക്കണം എന്നറിയാതെ നിന്ന ഞാൻ അവളുടെ കയ്യിൽ മുറുകെ പിടിച്ചു.  ഒരു ആശ്വാസവാക്കെന്ന പോലെ...

അവളെന്നെ ഒന്ന് നോക്കിയതല്ലാതെ കൈ എടുത്തു മാറ്റാനോ ഒന്നും പറയാനോ നിന്നില്ല .  ശരിക്കും അവളും അങ്ങനെ ഒന്നെങ്കിലും എന്നിൽ നിന്ന്   കൊതിക്കുന്നുണ്ടാകാം.....

ഏറെ നേരം ഞങ്ങൾ അങ്ങിനെ തന്നെ ഇരുന്നു.   അവളുടെ കരച്ചിലിന്റെ ആഴം ഒന്ന് അടങ്ങിയപ്പോൾ അവൾ എന്നെ ഒന്ന് നോക്കി കണ്ണുകൾ തുടച്ചു..

www.kambistories.com

" നമുക്ക് പോകാം നന്ദുവേട്ടാ..?   "

ഞാൻ ഒരു മൂളലിൽ അവൾക്ക് അനുവാദം നൽകി.  എഴുന്നേറ്റു പുറത്തേക്കു പോകാൻ ഒരുങ്ങി..

" അല്ല നിങ്ങൾ ഇന്ന് പോകുവാണോ? "

അപ്പോളാണ് രാമൻ ചേട്ടന്റെ ചോദ്യം ഉയർന്നത്..

" അതെ സർ..  ഇവളുടെ അച്ഛൻ ഇവിടെ ഇല്ലാത്ത നിലയിൽ ഞങ്ങൾ ഇവിടെ നിൽക്കേണ്ട ആവശ്യം ഇല്ലല്ലോ... ?  "

ഞാനാണ് അയാൾക് മറുപടി കൊടുത്തത്..

അയാളിലപ്പോളും എന്തൊക്കെയോ ചോദ്യങ്ങൾ ബാക്കി  ഉള്ളതുപോലെ തോന്നി എനിക്ക്..  അത്ര നേരം വരെ ഞാൻ ആരെന്ന ചോദ്യം അയാളിൽ നിന്ന് ഞാൻ  പ്രതീക്ഷിച്ചു എങ്കിലും ഇത് വരെ അങ്ങനെ ഒന്നയാളിൽ നിന്നുയർന്നു കേട്ടില്ല..

അസമയത്ത് തന്റെ സുഹൃത്തിന്റെ മകളുടെ കൂടെ ഒരു ചെക്കനെ കണ്ട പരിഭ്രമാം അയാളിൽ ഞാൻ ആദ്യം മുതലേ ശ്രെധിച്ചിരുന്നു.  അവളുടെ കൈകളിൽ ഞാൻ പിടിച്ചപ്പോൾ അയാളുടെ മുഖത്തുണ്ടായ ഭാവമാറ്റം ഞാൻ കണ്ടതും ആണ്...

" അല്ല ഈ രാത്രി ഒറ്റക്ക് പോണോ മോളെ. ? "

" പോണം അങ്കിൾ . ഒറ്റക്കല്ലല്ലോ. നന്ദുവേട്ടനില്ലേ കൂടെ.. "

അവൾ മറുപടി കൊടുത്തു.. അയാളപ്പോഴും എന്നെ തന്നെ ആണ് നോക്കി നിന്നിരുന്നത് .. ഞാൻ ഇവളുടെ കഴുത്തിൽ താലി കെട്ടിയ ഇവളുടെ ഭർത്താവാണ് എന്ന് പറയാൻ നാവ് പലതവണ പൊന്തി വന്നതാണ്. പക്ഷെ ദേവു എന്ത് കരുതുമെന്നു കരുതിയാണ് ഞാൻ ഒന്നും പറയാതെ ഇരുന്നത്. സത്യത്തിൽ ആ ഒരു ഉത്തരം ആയിരുന്നു അയാൾക്കും വേണ്ടി ഇരുന്നത് ...

അവൾക്കും അത് മനസിലായികാണണം.... കാരണം അവൾ അയാൾക് കൊടുത്ത മറുപടി എന്നെയും അയാളെയും ഒരുപോലെ ഞെട്ടിച്ചു.

അവളുടെ കഴുത്തിൽ ഞാൻ അണിയിച്ച ആ താലി ഉയർത്തി അയാൾക് നേരെ അവൾ കാട്ടി.. അതിലുണ്ടായിരുന്നു അയാൾക്ക് വേണ്ടിയിരുന്ന എല്ലാ ഉത്തരങ്ങളും..

ഒരു വിഗാര വിചാരങ്ങളും കലരാതെ ഉള്ള ദേവുവിന്റെ ആ നീക്കത്തിൽ അയാൾ അന്താളിച്ചു നിന്നു പോയി. ഞാനും. ദേവുവിൽ നിന്നു അങ്ങനെ ഒരു നീക്കം ഞാൻ പ്രതീക്ഷിച്ചിരുന്നില്ല .... അവളെന്റെ മുഖത്തേക്ക് കൂടി നോക്കിയില്ല .....

", മോളെ ഇത് ? "

അയാളുടെ മുഖത്തപ്പോൾ പല ഭാവങ്ങളും മിന്നിമറയുന്നുണ്ടായിരുന്നു..

" എനിക്ക് വേറെ വഴി ഇല്ലായിരുന്നു അങ്കിൾ "

എന്നെയും അവളെയും മാറി മാറി നോക്കികൊണ്ടിരുന്ന അയാളോട് ദേവു പറഞ്ഞു.

അവളുടെ വീട്ടു സാഹചര്യങ്ങൾ അച്ഛൻ പറഞ്ഞു നന്നായി അറിയാമായിരുന്നത് കൊണ്ടാകണം ആ ഷോക്കിൽ നിന്നയാൾ വേഗം പുറത്തു വന്നു. പിന്നെ അവിടെ ഒരു സ്നേഹ പ്രകടനം ആയിരുന്നു.. തന്റെ സുഹൃത്തിന്റെ മകളെയും അവളുടെ ഭർത്താവിനെയും അച്ഛന്റെ സ്ഥാനത്തു നിന്ന് അനുഗ്രഹിക്കാനും അയാൾ മറന്നില്ല...

നിഷ്കളങ്കമായ ഒരു മനസ്സിനുടമയാണ് അദ്ദേഹമെന്നു എനിക്ക് കുറച്ചു സമയത്തിനുള്ളിൽ തന്നെ മനസിലായി ..

. എന്നെ കുറിച്ചും എന്റെ വിശേഷങ്ങളും ചോദിച്ചറിയുന്നതിനിടയിൽ പുതുമോടികളെ വീട്ടിലേക്കു ക്ഷണിക്കാനും അദ്ദേഹം മറന്നില്ല..

പക്ഷെ ദേവുവിന് അതിൽ താല്പര്യം ഉണ്ടായിരുന്നില്ല.

എത്ര എതിർത്തിട്ടും അയാൾ ഞങ്ങളെ ആ രത്രി പോകാൻ അനുവദിച്ചില്ല... .

കാറിൽ രാമൻ ചേട്ടന്റെ കാറിനെ പിന്തുടരുമ്പോൾ

www.kambistories.com

ആണ് ദേവു എന്നെ തന്നെ നോക്കി ഇരിക്കുന്നത് ഞാൻ ശ്രദ്ധിച്ചത്.

" താനെന്താടോ ഇങ്ങനെ നോക്കുന്നെ ? "

" നന്ദുവേട്ടന് എന്തിനാ എന്നെ ഇങ്ങനെ സഹായിക്കണേ? ഞാൻ നന്ദുവേട്ടന് വേണ്ടി ഒന്നും ചെയ്തിട്ടില്ലല്ലോ? പിന്നേം എന്തിനാ എന്നെ ഇങ്ങനെ കൂടെ കൊണ്ട് നടക്കണേ? "

അവളുടെ ചോദ്യത്തിനർദ്ധം എനിക്ക് മനസിലാകാതെ ഞാൻ അവളെ നോക്കി.

" നന്ദുവേട്ടന്റെ ഭാര്യയാണ് ഞാൻ എന്നു പറഞ്ഞപ്പോ ദേഷ്യം തോന്നിയോ എന്നോട്.? "

" താനിതെന്തൊക്കെയാടോ ചോദിക്കുന്നത്. വെറുതെ ഓരോന്ന് വിചാരിച്ചു കൂട്ടണ്ട. അതിന് ഞാൻ ഒന്നും പറഞ്ഞില്ലല്ലോ.. ദേ എന്നെ കണ്ടാൽ ദേഷ്യം ഉള്ളവനെ പോലെ ആണോ തോന്നുന്നത്? "

ഞാനതും ചോദിച്ചു ദേവുവിനെ നോക്കി ഒന്ന് ചിരിച്ചു കാണിച്ചു.

" എന്നാലും നന്ദുവേട്ട .. "

" താനൊന്നു മിണ്ടാതെ ഇരിക്കാമോ.. ഞാൻ ഈ വണ്ടി ഒന്ന് ഓടിച്ചോട്ടെ ? "

ഞാൻ അവൾക്കു ഇനിയും സംസാരിക്കാൻ ഒരവസരം കൊടുത്തില്ല ... പിന്നെ അവളൊന്നും മിണ്ടിയില്ല. തല താഴ്ത്തി എന്തോ ചിന്തിച്ചിരുന്നതേ ഒള്ളു.
എന്നെ കുറിച്ചും എന്റെ വിശേഷങ്ങളും ചോദിച്ചറിയുന്നതിനിടയിൽ പുതുമോടികളെ വീട്ടിൽ തങ്ങാൻ ആഗ്രഹം പ്രകടിപ്പിക്കാനും അദ്ദേഹം മറന്നില്ല..

പക്ഷെ ദേവുവിന് അതിൽ താല്പര്യം ഉണ്ടായിരുന്നില്ല.

എത്ര എതിർത്തിട്ടും അയാൾ ഞങ്ങളെ ആ രത്രി പോകാൻ അനുവദിച്ചില്ല... .

യാത്ര ക്ഷീണം നന്നേ അലട്ടിയിരുന്ന എനിക്ക് അതൊരു ആശ്വാസമാണെന്നു കരുതി തന്നെ ആകണം മറ്റു വഴികളില്ലാതെ സമ്മതിച്ചു .

.....................#########.........................

അപ്പോളേക്കും ചായ എത്തിയിരുന്നു..

" ഇത് എന്റെ ഭാര്യ ആണ്. കാവേരി... "

. ചായ ഗ്ലാസ് ഏറ്റുവാങ്ങുമ്പോൾ ചായ തന്ന സ്ത്രീയെ ചൂണ്ടി രാമൻ ചേട്ടൻ പറഞ്ഞു.

പേര് കേട്ടപ്പോൾ എനിക്ക് എന്തോ പന്തികേട് തോന്നി..

" സൂക്ഷിച്ചു നോക്കണ്ട ഇവൾ പക്കാ പോണ്ടിച്ചേരികാരി തന്നെയാ "

എന്റെ മനസ് വായിച്ചതു പോലെ അയാൾ പറഞ്ഞു

" പക്ഷെ എനിക്ക് മലയാളം അറിയാം. "

രാമൻചേട്ടൻ പറഞ്ഞതിന് പിറകെ ആ സ്ത്രീ അത് കൂടി കൂട്ടിച്ചേർത്തു.. ഞങ്ങൾ പരസ്പരം ചെറു പുഞ്ചിരി കൈമാറി...

" നിങ്ങൾ ചായ കുടിക്ക് "

രാമൻ ചേട്ടൻ ആവശ്യപ്പെട്ടു. കയ്യിൽ എടുത്താൽ പൊങ്ങാത്ത ഒരു ബാഗും ആയി ആ വീടിന്റെ ഭംഗി ആസ്വദിക്കയായിരുന്നു ദേവു അപ്പോൾ.

ഞാനും ദേവുവും അകന്നൊരിടങ്ങളിൽ ഇരിപ്പുറപ്പിച്ചത് അയാൾ ശ്രെധിച്ചതായി എനിക്ക് തോന്നി.

" നാട്ടിൽ നിന്ന് ഇവിടെ വന്നപ്പോ കിട്ടിയ ആകെയുള്ള കൂട്ടാ അവൾ. പിന്നെ ആ കൂട്ട് ജീവിതകാലം മുഴുവൻ തുടർന്നാലോ എന്നവള് ചോദിച്ചപ്പോ വേറെ ഒന്നും ചിന്തിച്ചില്ല അങ്ങ് കെട്ടി. അവളുടെ അപ്പൻ തന്നതാണ് ആ ട്രാൻസ്‌പോർട് കമ്പനിയും ഈ കാണുന്ന വീടും ഒക്കെ. "

.

ചായ കുടിക്കുന്നതിനിടയിൽ രാമൻ ചേട്ടൻ പറഞ്ഞു പൂർത്തിയാക്കി... അപ്പോളാണ് ആദ്യം കണ്ട കുട്ടി കടന്ന് വന്നത്.

" ഇത് മോളാ പ്രിയ.. ഡിഗ്രീ ഫസ്റ്റ് ഇയർ ആ.... "

ഞാൻ അവളെ നോക്കി ഒന്ന് പുഞ്ചിരിച്ചു

" എന്താ മോളെ വീടിഷ്ടപ്പെട്ടോ? "

ഇരുന്നിട്ടും ഇരിപ്പുറക്കാത്ത പോലെ അങ്ങോട്ടും ഇങ്ങോട്ടും നോക്കിയിരുന്ന ദേവു രാമൻ ചേട്ടന്റെ ചോദ്യത്തിന് ഉവ്വെന്നു തലയനക്കി.

" നല്ല യാത്ര ക്ഷീണം ഉണ്ടാകും അല്ലെ. .. നിങ്ങൾക്കുള്ള റൂം ഇപ്പോ റെഡി ആക്കാം കേട്ടോ. "

കാവേരി ചേച്ചി പറഞ്ഞു.

" ചേച്ചി നന്നായി മലയാളം പറയുന്നുണ്ടല്ലോ. "

അവരുടെ കയ്യിൽ ചായഗ്ലാസ് തിരികെ ഏൽപ്പിക്കുന്നതിനിടയിൽ ഞാൻ പറഞ്ഞു. അഭിമാനത്തോടെ ഒരു ചെറുചിരി മാത്രമാണതിനവർ അതിന് മറുപടി തന്നത്..

www.kambistories.com

അകത്തേക്ക് തിരികെ പോകുമ്പോൾ അവർ ദേവുവിനെയും കൂട്ടി . ആദ്യം ഒന്ന് മടിച്ചെങ്കിലും അവളവരുടെ കൂടെ അകത്തേക്ക് കയറി പോയി. പിന്നെ ഞാനും രാമൻ ചേട്ടനും തമ്മിലുള്ള കത്തി വച്ചുകൊണ്ടിരുന്നു. ഏറെ നേരം കഴിഞ്ഞാണ് ദേവുവും ചേച്ചിയും പുറത്തേക്കു വന്നത്.

" ഇന്നും തീരലിയാ ഉങ്ക പേച്ചു ( തമിഴ് ) "

ഇറങ്ങി വന്നതേ ചേച്ചി രാമൻ ചേട്ടനോട് ചോദിച്ചു.

" യരായവത് കിട്ടിയാൽ സംസാരിച്ചു കൊന്നു കളയും "

" നീ പോടീ... "

ചേച്ചിയുടെ തമാശക്ക് അദ്ദേഹം അത്രമാത്രമേ പറഞ്ഞോളു.

" മോൻ പോയി കുളിച്ചു ഫ്രഷ് ആയിട്ട് വാ. എന്നിട്ടു നമുക്ക് കഴിക്കാം. "

രാമൻ ചേട്ടനതും പറഞ്ഞു അകത്തേക്കു തന്റെ സ്വന്തം മുറിയിലേക്ക് കയറി പോയി. പിന്നാലെ കാവേരി ചേച്ചിയും.

"'റൂം അതാണ് "

എങ്ങോട്ടു പോകണമെന്നറിയാതെ നിന്ന എന്നോട് ദേവു പറഞ്ഞു. റൂമിൽ പോയപ്പോൾ അവൾ കുളിച്ചു ഫ്രഷ് ആയിട്ടുണ്ടെന്നു തോന്നി. .. ഞാൻ നേരെ റൂമിലേക്ക് കയറി. റൂമിനുള്ളിൽ തന്നെ ബാത്രൂം ഉണ്ടായിരുന്നു .. കുളിക്കാൻ അകത്തേക്ക് കയറാൻ തുടങ്ങുമ്പോൾ ആണ് ദേവു കയറി വന്നത്.

ഞാൻ കയ്യിൽ കരുതി ഇരുന്ന ബാഗ് ദേവു നേരത്തെ റൂമിനകത്തേക്കു കൊണ്ട് വന്നിരുന്നു. അത് തിരയുന്നതിനിടയിലാണ് അവൾ കയറി വന്നത്.

അവൾ അടുത്തുള്ള അലമാരയിൽ നിന്നും എന്തൊക്കെയോ പരതിയ ശേഷം ബാഗിൽ നിന്നും ഒരു എനിക്ക് ഉടുത്തുമാറാൻ ആവശ്യത്തിനുള്ള ഡ്രസ്സ് എടുത്തു തന്നു. അച്ഛനെ കാണാത്തതിന്റെ വിഷമം അവളുടെ മുഖത്തു നല്ലത് പോലെ തെളിഞ്ഞു കാണാമായിരുന്നു. ഒന്നും മിണ്ടാതെ ഞാൻ കുളിക്കാൻ കയറി. എന്ത് പറഞ്ഞാണവളെ ആശ്വസിപ്പിക്കുക എന്നെനിക്കു അറിയില്ലായിരുന്നു.. എനിക്ക് എന്തോ അവളോട് വല്ലാത്തൊരു സഹതാപം തോന്നി തുടങ്ങി ഇരിക്കുന്നു. ഇത്ര ചെറുപ്പത്തിലേ എന്തെല്ലാം ആണ് ആ പാവം അനുഭവിക്കുന്നത് എന്നോർത്തപ്പോൾ വല്ലാത്ത വിഷമം തോന്നി. എന്ത് ചെയ്തിട്ടാണെങ്കിലും അവളുടെ അച്ഛനെ കണ്ടെത്തി കൊടുക്കണം എന്ന് മനസിനുള്ളിൽ നിന്നും ആരോ പറയുന്ന പോലെ. അവൾക് വേറെ ആരാ ഉള്ളത് എന്നൊരു ചോദ്യവും എവിടെ നിന്നോ കതിലലയടിക്കുന്നത് പോലെ ..... അതിലും ഉപരി അവളുടെ ഈ സങ്കട ഭാവം ഇല്ലാതാക്കുക എന്നതാണ് ഏറ്റവും ആദ്യം ഞാൻ ചെയ്യേണ്ടത്.. അതിന് എന്താണൊരു വഴി?

ഷവറിൽ നിന്നും ഇറ്റു വീഴുന്ന തണുത്ത വെള്ളത്തിന് പോലും എന്റെ ചിന്തയുടെ ചൂടിനെ കുറക്കാൻ കഴിഞ്ഞില്ല.

കുളി കഴിഞ്ഞിറങ്ങുമ്പോൾ ഭക്ഷണം കഴിക്കാനായി കാവേരി അക്ക വന്നു വിളിച്ചു. ദേവു അടുക്കളയിൽ കാവേരി അക്കയെയും പ്രിയയെയും സഹായിച്ചും എന്തൊക്കെയോ മിണ്ടിയും പറഞ്ഞും ഇരിക്കുന്നത് കണ്ടു.

മോൾ പറയുന്ന തമിഴ് തമാശകൾ ഒക്കെ കാവേരി അക്ക ദേവുവിന് പറഞ്ഞു മനസിലാക്കി കൊടുത്തു കൊണ്ടിരിക്കുന്നുണ്ട് . പ്രിയക്ക് മലയാളം നന്നായി അറിയില്ല എന്ന് തോന്നുന്നു. എന്തൊക്കെയോ തമാശകൾ പറഞ്ഞു ചിരിക്കുന്നതിനിടയിൽ ആണ് അവരെ തന്നെ നോക്കി നിക്കുന്ന എന്നെ ദേവു കണ്ടത് . പെട്ടന്നവളുടെ മുഖത്തു ഒരു ചമ്മൽ ഉണ്ടായതായി എനിക്ക് തോന്നി. എങ്കിലും അവൾ എന്റെ മുഖത്ത് നിന്ന് കണ്ണെടുത്തതുമില്ല. അപ്പോളാണ് രാമൻ ചേട്ടൻ എന്റെ അടുത്തേക്ക് വന്നത്.

" വിശക്കുന്നില്ലെടോ തനിക്കു ? "

എന്റെ അടുത്തേക്ക് നീങ്ങി നിന്ന് എന്റെ തോളിൽ തട്ടിയുള്ള അദ്ദേഹത്തിന്റെ ചോദ്യത്തിന് ഞാൻ ഉവ്വെന്നു മറുപടി കൊടുത്തു.

ഒരുപാട് വിഭവങ്ങൾ ഇല്ലെങ്കിലും ഭക്ഷണം എല്ലാം അടിപൊളി ആയിരുന്നു. എല്ലാവരും ഒരുമിച്ചു കഴിച്ചെഴുന്നേറ്റ ശേഷം പുറത്തേക്കു ഇറങ്ങി നടന്നാലോ എന്ന രാമൻ ചേട്ടന്റെ ചോദ്യത്തിന് നല്ല ക്ഷീണം ഉണ്ടായിരുന്നു എങ്കിലും ഇല്ല എന്ന് പറയാൻ എനിക്ക് കഴിഞ്ഞില്ല. ഇരുവശവും വീടുകളാൽ നിറഞ്ഞ ആ തെരുവിലെ വഴിവിളക്കിന്റെ വെളിച്ചത്തിൽ ഞങ്ങൾ എങ്ങോട്ടെന്നില്ലാതെ നടന്നു. കുറച്ചു നേരത്തേക്ക് ആരും തമ്മിൽ ഒന്നും മിണ്ടിയില്ല.

" ദേവു മോളെക്കുറിച്ചെല്ലാം അറിയമോ തനിക്കു?ദേവു മോൾ പറഞ്ഞിട്ടുണ്ടോ എന്തെങ്കിലും ? "

മുഖവര ഒന്നും കൂടാതെ രാമേട്ടൻ ചോദിച്ചു തുടങ്ങി.

" കുറിച്ചൊക്കെ അവൾ പറഞ്ഞിട്ടുണ്ട്. "

" അവളുടെ വീട്ടിലെ കാര്യങ്ങളും ? "

" ഉണ്ട്. വീട്ടിലെ കാര്യവും ... അവളുടെ അച്ഛനെ കുറിച്ചും എല്ലാം. "

", അമ്മയെ കുറിച്ചോ ? "

അദ്ദേഹത്തിൽ നിന്നാ ചോദ്യം വന്നതേ എനിക്ക് മനസിലായായി അയാളെന്താണ് ഉദ്ദേശിക്കുന്നതെന്ന്.

" ഉണ്ട്. അവളുടെ അമ്മ ഒരു..... "

വേശ്യ എന്ന വാക്ക് ഉപയോഗിക്കാൻ അദ്ദേഹത്തിന്റെ പ്രായം അപ്പോളെന്നെ അനുവദിച്ചില്ല.

" അമ്മ അല്ല. "

അയാളെന്നെ തിരുത്തി

" അവളുടെ അമ്മ മരിക്കുമ്പോ ദേവു മോൾക്ക് രണ്ടോ മൂന്നോ വയസേ ഒള്ളു. ആ സമയത്താണ് കടം കേറി നിക്കക്കള്ളിയില്ലാതെ എനിക്ക് നാട് വിടേണ്ടി വന്നത്. "

.

" പിന്നെ എപ്പോളോ അജയൻ ജാനകിയെ വിവാഹം ചെയ്തു. അജയൻ ജീവിതത്തിൽ ചെയ്ത ഏറ്റവും വലിയ തെറ്റ്. തനിക്കും മോൾക്കും ഒരു കൂട്ടിന് എന്ന് കരുതി വീട്ടിലേക്കു കയറ്റിയ ജാനകിക്കു കൂട്ടിന് അവര് മതിയാവാതെ വന്നു.. എല്ലാ അപമാനങ്ങളും സഹിച്ചു എന്തിനാണ് അജയൻ വീണ്ടും അവളോടൊപ്പം ആ വീട്ടിൽ താമസിച്ചതെന്നു എനിക്കിനിയും അറിയില്ല. ചോതിക്കുമ്പോളെല്ലാം എല്ലാം മോൾക്ക് വേണ്ടി എന്ന് പറയും. വീട്ടിൽ എത്തുന്ന കഴുകാൻ കണ്ണുകളിൽ നിന്നും അവൻ ദേവുവിനെ ഒളിപ്പിച്ചു വച്ചു... "

എന്തൊക്കെയോ പറയുന്ന രാമേട്ടനെ ഞാൻ വെറും കേൾവിക്കാരന്റെ ലാഘവത്തോടെ നോക്കി കണ്ടു.

" എന്നും അവനു ദേവു മോളെ ഉണ്ടായിരുന്നുള്ളു. മോളായിരുന്നു അവന്റെ ലോകം. "

" അവൾക്കും അങ്ങനെ തന്നെ ആണ്. "

എന്റെ അറിവിലെ ദേവുവിനും അവളുടെ അച്ഛൻ തന്നെ ആണ് ലോകം..

" ഇപ്പോളോ? "

www.kambistories.com

അയാളുടെ ചോദ്യത്തിനർദ്ധം മനസിലാവാതെ ഞാൻ അയാളെ നോക്കി.

" നിങ്ങൾ ചെയ്തത് തെറ്റാണെന്നു ഞാൻ ഒരിക്കലും പറയില്ല. ദേവു മോളുടെ സാഹചര്യങ്ങൾ വച്ചു.. അജയൻ കൂടി ഇല്ലാത്ത സ്ഥിതിക് ദേവു മോൾക്ക് ഒരിക്കലും അവിടേം സുരക്ഷിതമല്ലെന്ന് എനിക്ക് അറിയാം.. മോൻ ചെയ്തത് നല്ല കാര്യം ആണ് . അവളുടെ സാഹചര്യങ്ങളെല്ലാം അറിഞ്ഞും അവളെ സ്വീകരിക്കാൻ കിട്ടിയ മനസ് അത് വലുതാണ് . അതെന്റെ അജയന് മനസിലാകും. അവളും അച്ഛനും മാത്രം ഉള്ള ലോകത്തേക് അവൾ തിരഞ്ഞെടുത്ത പുതിയ ആളിൽ മോൾക്ക് തെറ്റ് പറ്റിയിട്ടില്ലെന്ന്.ആണ് എന്റെ വിശ്വാസവും .. "

കാര്യങ്ങൾ ഒന്നും അറിയാതെയാണ് രാമേട്ടന്റെ സംസാരം. എങ്കിലും അയാളെ തിരുത്താൻ ഞാൻ നിന്നില്ല. അന്നത്തെ സംഭവങ്ങൾ ആദ്യം മുതൽക്കേ വിവരിക്കാൻ നിന്നാൽ ചിലപ്പോൾ എല്ലാവരെയും പോലെ ആയാളും എന്നെ അവിശ്വസിക്കും അല്ലെങ്കിൽ രാമേട്ടൻ ദേവുവിനെ ഒരു ചീത്ത പെണ്ണായി കാണും . എന്തിനു അങ്ങനെ ഇന്നിന് ഇടവരുത്തണം. ഞങ്ങൾക്കു സത്യം ബോധ്യപ്പെടുത്തേണ്ടത് രണ്ടുപേർക്കു മുന്നിൽ മാത്രം ആണ്. അവളുടെ അച്ഛന്റെ മുന്നിലും എന്റെ അമ്മയുടെ മുന്നിലും.. .

" താനെന്താ ഈ ആലോചിക്കുന്നത് ? "

" വെറുതെ.. "

" ഈ ജാനകി. അവരെങ്ങനെ ആണ്....... അവരുടെ കൂടെ .. എങ്ങനെ ? "

ഞാൻ അറിയാനൊരു ആകാംക്ഷയിൽ ചോദിച്ചു.

" വേശ്യയായ ഒരു സ്ത്രീയിൽ അച്ഛനാരെന്നറിയാതെ ജനിച്ച ഒരു അബദ്ധം . അത് മാത്രമായിരുന്നു അന്നത്തെ ജാനകിയുടെ വിലാസം. എത്ര കഴുകി കളഞ്ഞാലും പോവാത്ത കറ. പക്ഷെ ആ കറ ദേവുവിൽ പുരളാതിരിക്കാൻ അജയൻ നന്നേ പാടുപെട്ടു. "

അയാൾ കൂട്ടിച്ചേർത്തു.

" നല്ലൊരു ജീവിതം നയിക്കാനവൾക്ക് അതിയായ ആഗ്രഹം ഉണ്ടായിരുന്നെങ്കിലും ജാനകിക്ക് വിവാഹാലോചനകൾ ഒന്നും വന്നില്ല. . എല്ലാം അറിഞ്ഞു അജയനവളെ വീട്ടിലേക്കു കൂട്ടികൊണ്ട് പൊന്നു ... അവളാഗ്രഹിച്ച ജീവിതത്തിലേക്ക്. പക്ഷെ എപ്പോളോ അവളും അവളുടെ അമ്മയുടെ വഴിയിലേക്ക് തിരിഞ്ഞു നടന്നു..... "

രാമേട്ടൻ പറഞ്ഞു നിർത്തി..... " എല്ലാം കേട്ടറിവുകൾ മാത്രമാണ് ." രാമേട്ടൻ കൂട്ടിച്ചേർത്തു.

"എല്ലാറ്റിനും കാരണം അവനാ .. ആ..... "

രാമേട്ടൻ പറയാൻ വന്ന പേര് പുറത്തേക്കു വന്നില്ല... ഉള്ളിൽ തന്നെ ഒതുക്കി. അയാൾക് ആ പേര് പറയാൻ പോലും അറപ്പുള്ള പോലെ. എങ്കിലും രാമേട്ടൻ പറയാൻ വന്ന പേര് എനിക്ക് നന്നായി പരിചയമുള്ളതാണെന്നു രാമേട്ടനറിയില്ല.....

", അല്ല മോനോട് അതൊന്നും പറഞ്ഞിട്ട് കാര്യമില്ല. എല്ലാം അവരുടെ വിധി. മോനെപ്പോലെ ഉള്ളവരൊക്കെ വരാൻ മടിക്കുന്ന അഴുക്കു പിടിച്ച ലോകത്തു ജീവിക്കുന്നവരാ അവര്. ദേവു മോളും അതിലൊരാളാ.. കളങ്കമില്ലാത്ത ചേറിലെ താമര.. ചിലപ്പോ സാഹചര്യങ്ങൾ അവളെയും ആ ചേറിലേക്കു തള്ളി വിട്ടേക്കാമായിരുന്നു. അവളും ചിലപ്പോൾ.. "

...

രാമേട്ടനത് മുഴുവിപ്പിക്കാൻ ഉള്ള ശ്രമം നടത്തിയില്ല.

മോന്റെ നല്ല മനസ്സ്..അതാണവൾ ഇപ്പോളും ഇങ്ങനെ ഇവിടെ വരെ എന്താണെങ്കിലും കാരണമായത് .. അത് അജയൻ കാണാതിരിക്കില്ല... "

രാമേട്ടൻ പറഞ്ഞതിലഭിമാനം തോന്നി എങ്കിലും ഞാൻ പുറത്തു കാട്ടാൻ പോയില്ല

" രാമേട്ടൻ ഒരു സാഹിത്യകാണണോ ? "

അയ്യാളുടെ സംസാര രീതിയിലെ പ്രത്യേകത ആണ് എന്നെ അങ്ങനെ ഒന്ന് ചോദിക്കാൻ പ്രയരിപ്പിച്ചത്. എന്റെ ചോദ്യം കേട്ട് രാമേട്ടൻ പൊട്ടി ചിരിച്ചു. കൂടെ ഞാനും ആ ചിരിയിൽ പങ്കാളി ആയി.

" ജീവിതത്തിൽ നമ്മൾ എടുക്കുന്ന ചില തീരുമാനങ്ങൾ തെറ്റായി പോയി എന്ന് തോന്നിയേക്കാം .... "

രാമേട്ടൻ തുടർന്നു.

" പക്ഷെ.  ദേവുമോൾ ചെയ്തത് ശെരി ആണെന്ന് എനിക്ക് തോന്നുന്നു. മോനവളെ  ഒരിക്കലും കൈ വിടരുത്..  "

ദേവുവിനെ അവളുടെ അച്ഛന്റെ കൈയിൽ ഏല്പിച്ചു

മടങ്ങാൻ വന്ന എന്നോട്  അദ്ദേഹം അങ്ങനെ പറഞ്ഞപ്പോൾ വിഷമം തോന്നാതിരുന്നില്ല.

ഒരു സുഹൃത്തിൻറെ മകൾ എന്ന നിലയിൽ കൂടിയും ഇത് വരെ ഒന്ന് കണ്ടിട്ട് കൂടി ഉണ്ടായിരുന്നില്ല എങ്കിലും അയാൾ ദേവുവിന് കൊടുക്കുന്ന കരുതലിൽ എനിക്കയാളോട് ബഹുമാനം തോന്നി.

" മോനിപ്പോൾ പഠിക്കുക ആണല്ലേ ?  "

എന്തൊക്കെയോ ആലോചിച്ചു നടക്കുക ആയിരുന്നു ഞാൻ...

" അആഹ്... അതെ... "

" അത് കഴിഞ്ഞേന്ത പ്ലാൻ?  ജോലി നോക്കണ്ടേ.  ഇങ്ങനെ നടന്നാൽ മതിയോ   "

", ഇല്ല അങ്കിൾ...  എന്തെങ്കിലും നോക്കണം.  പഠിത്തം കഴിയട്ടെ എന്ന് കരുതി നിക്ക.. "

", മ്മ്  ..  എന്തെങ്കിലും ആവശ്യം ഉണ്ടേൽ എന്നോട് ചോദിക്കാൻ മറക്കരുത് കേട്ടോ ..? ""

അയ്യാളുടെ നല്ല മനസിന് ഞാൻ ഉള്ളിൽ നന്ദി പറഞ്ഞു..

....  ###.....##...##...##...##  .......##...##....##......

തിരികെ വീട്ടിൽ വന്നു കേറുമ്പോൾ കാവേരി ചേച്ചിയും പ്രിയയും ദേവുവും എന്തൊക്കെയോ സംസാരിക്കുകയായിരുന്നു...  കളിയും ചിരിയും പുറത്തു വന്നപ്പോഴേ കേൾക്കാൻ കഴിഞ്ഞു...  ഞങ്ങൾ കേറി ചെന്നതേ അവർ നിശബ്ദരായി..

" എന്താ മോളെ മോൾക്കിഷ്ടയോ എല്ലാരേം?  "

രാമൻ ചേട്ടൻ ദേവുവിന്റെ അടുത്തേക്ക് ചെന്ന് അവളുടെ തോളിൽ തട്ടികൊണ്ട് ചോദിച്ചു.  ഉവ്വെന്നവൾ തലയനക്കി ഉത്തരവും കൊടുത്തു..

" എങ്ങെ പോയി?  "

കാവേരി ചേച്ചിയുടെ വക ചോദ്യം ഉയർന്നു.

" ചുമ്മാ ഞങ്ങൾ ഒന്നു നടക്കാൻ ഇറങ്ങിയതാ....  "

രാമൻ ചേട്ടൻ ഉത്തരവും കൊടുത്തു. ദേവുവും പ്രിയയും അകത്തേക്ക് കയറി പോയി. ഞാനും രാമേട്ടനും കാവേരിയക്കയും വെറുതെ സംസാരിച്ചു കൊണ്ടിരുന്നു സമയം പോയതേ അറിഞ്ഞില്ല. നാട്ടിലെ വിശേഷങ്ങളും ഇവിടെത്തെ വിശേഷങ്ങളും കാലാവസ്ഥാ, വ്യവസായം, രാഷ്ട്രീയം അങ്ങനെ എന്തൊക്കെയോ ഞങ്ങളുടെ സംസാര വിഷയമായി കടന്നു വന്നു.

അപ്പോളാണ് എന്റെ ഫോൺ ബെല്ലടിക്കുന്നത്. എടുത്തു നോക്കുമ്പോൾ ഏടത്തി ആണ് . സംസാരത്തിനിടയിൽ ഫോൺ വന്നത് ഇത്തിരി നീരസത്തോടെ ആണെങ്കിലും അവരുടെ അടുത്ത് നിന്ന് നീങ്ങി നിന്ന് ഞാൻ കാൾ അറ്റന്റ് ചെയ്തു.

" ഹലോ ഏടത്തി.... "

" നിങ്ങൾ ഇപ്പൊ എവിടെയാ? "

" ഞങ്ങൾ പോണ്ടിച്ചേരിയിൽ ആണ്. "

" അവളെവിടെ? "

" അപ്പുറത്തുണ്ട് "

" ഫോൺ കൊടുക്ക് "

ഏടത്തി ഒരു അധികാര ഭാവത്തിൽ പറഞ്ഞു.

" എന്തിന്? "

" നീ അവളെ കൊണ്ട് കളഞ്ഞോ എന്നറിയണ്ടേ.. "

" പിന്നെ കൊണ്ട് കളയാൻ അവളു പൂച്ചകുഞ്ഞാണോ? "

" ഡാ ചെക്കാ .... കളിക്കല്ലേ... ഇത്ര ദിവസം കീരിയും പാമ്പും ആയി നടന്നിട്ടു ഒറ്റ ദിവസം അവനു സ്നേഹം കൂടി ഹണിമൂൺ പോണമെന്നു പറയുമ്പോളേ ബാക്കി ഉള്ളോരു വിശ്വസിച്ചാലും ഈ ഞാൻ വിശ്വസിക്കില്ല.. നീ അത് പറഞ്ഞപ്പോൾ തന്നെ എനിക്ക് എന്തോ പന്തികേട് മണത്തതാ... നീ കളിക്കാതെ ഫോൺ കൊടുക്കവൾക്ക് "

ഇത്ര നേരവും തമാശ ആയിട്ട് പറഞ്ഞിരുന്ന ഏടത്തി അങ്ങനെ ഒന്ന് പറഞ്ഞപ്പോൾ എന്തോ ശരിക്കും വിഷമം തോന്നി എനിക്ക്. എന്തോ ഏടത്തിക്കു പോലും എന്നെ വിശ്വാസമില്ല എന്ന തോന്നൽ... ഒന്നും മിണ്ടാതെ ഞാൻ അവൾ ഉണ്ടായിരുന്ന റൂമിന്റെ കതകു തുറന്നു അകത്തേക്ക് കയറി ചെന്നു. പ്രിയയും ആയി സംസാരിച്ചു കൊണ്ടിരുന്ന ദേവു എന്നെ കണ്ടതും എഴുന്നേറ്റു നിന്നു .

ഏടത്തി ആണ് ഫോണിൽ എന്ന് പറഞ്ഞു ഫോൺ ഞാനവൾക്ക് കൊടുത്തു. എന്താണവൾ സംസാരിച്ചതെന്നെനിക് അറിയില്ല. അടുത്ത് നിന്നിരുന്നു എങ്കിലും മൂളലും ചിരിയും മാത്രം ആയിരുന്നു ദേവുവിന്റെ മറുപടികൾ. എല്ലാം കഴിഞ്ഞു ഫോൺ അവൾ എന്റെ കയ്യിൽ തിരിച്ചേൽപ്പിച്ചു.

" ഇപ്പൊ വിശ്വാസം ആയല്ലോ അല്ലെ? "

ഫോൺ കയ്യിൽ കിട്ടിയതേ ഞാൻ ഏടത്തിയോട് ചോദിച്ചു.

" നിന്നെ ഒന്നും വിശ്വസിക്കാൻ കൊള്ളത്തില്ലെടാ ചെക്കാ.. "

മറുതലക്കൽ നിന്ന് ചിരിച്ചു കൊണ്ട് ഏടത്തി പറഞ്ഞു.

" ഉവ്വാ ... അത്രക് വിശ്വാസം ഇല്ലെങ്കിലേ ഏടത്തി ഇനി അവളെ നേരിട്ടങ്ങു വിളിച്ചാൽ മതി കേട്ടോ "

" ഇതാ ഞാൻ പറഞ്ഞത് നീ ആള് ശെരി അല്ലെന്നു.... ഈ ഫോൺ ഇല്ലാത്ത പെണ്ണിനെ ഞാൻ എന്തെടുത്തു വിളിക്കാനാ? "

അപ്പോളാണ് ദേവുവിന് സ്വന്തമായി ഒരു ഫോൺ പോലും ഇല്ലാന്ന് ഞാൻ അറിയുന്നത് പോലും.

" ആഹ് ഞാൻ ചുമ്മാ വിളിച്ചതാടാ.. നീ കാര്യം ആക്കണ്ട കേട്ടോ.. "

ഞാൻ തിരിച്ചൊന്നും പറയുന്നില്ല എന്ന് കണ്ടപ്പോൾ ഏടത്തി പറഞ്ഞു. ആദ്യം അങ്ങനെയൊക്കെ പറഞ്ഞതിൽ ഒരു മാപ്പു ചോദിക്കാതെ ചോദിക്കുകയാണ് ഏടത്തി എന്ന് തോന്നി.

" നിങ്ങൾ എവിടെയാ ഹോട്ടലിൽ അവിടെ റൂം എടുത്തോ? "

www.kambistories.com

ഏടത്തിയുടെ അടുത്ത ചോദ്യം.

" ഇല്ല ഹരിയുടെ ഒരു കസിന്റെ വീട്ടിലാണ്... നാളെ ഞങ്ങൾ ഇവിടുന്നു ആണ് പോവുക. ഇവിടെ അടുത്ത് കുറച്ചു സ്ഥലങ്ങളിൽ "

വെറുതെ ഞാൻ അങ്ങനെ ഒരു കള്ളം പറഞ്ഞു.

ഏടത്തിയുടെ കാൾ കട്ട് ചെയ്ത ഞാൻ മുറിയിൽ നിന്നും ഇറങ്ങാൻ തുനിഞ്ഞതും ദേവു എന്നെ പിന്നിൽ നിന്നു വിളിച്ചു ...

" രാമേട്ടനെന്താ പറഞ്ഞെ.? അച്ഛനെ കുറിച്ച് വല്ലതും.? "

ഞാൻ ഊഹിച്ചു അവൾക് ചോദിക്കാനുള്ളത് അത് തന്നെ ആയിരിക്കും എന്ന്.

" അച്ഛൻ പോകാൻ സാധ്യത ഉള്ള രണ്ടു ഇടങ്ങളിൽ കൂടി അന്വേഷിക്കണം. അത് അന്വേഷിച്ചു നാളെ പറയാം എന്ന് രാമേട്ടൻ പറഞ്ഞിട്ടുണ്ട്. "

" മ് ... നന്ദുവേട്ടന് ഇവിടെ വന്നത് ഇഷ്ടായില്ലന്നുണ്ടോ .? "

" അതെന്താപ്പോ..? ഒരു കുഴപ്പവും ഇല്ല. ഇവരെല്ലാം സൂപ്പർ അല്ലെ. "

ഞങ്ങൾ എന്താണ് സംസാരിക്കുന്നത് എന്ന് പോലും മനസിലാവാതെ ഞങ്ങളെ തന്നെ നോക്കി മാറി മാറി നോക്കി കൊണ്ടിരിക്കയായിരുന്ന പ്രിയയെ അപ്പോളാണ് ഞാൻ ശ്രെധിച്ചത്.

" നിങ്ങൾ അപ്പോളേക്കും കൂട്ടായോ? "

" മ്മ് ... പാവം കുട്ട്യാ... അച്ഛൻ മലയാളി ആണെന്നെ ഒള്ളു ഒരിറ്റ് മലയാളം അറിയില്ല ആ കുട്ടിക്ക്... അവളുടെ മലയാളം കേട്ട നമുക് ചിരി വരും.. "

" അതിന് തനിക് തമിഴ് അറിയുവോ ? "

" ഇല്ലന്നെ. ആ കുട്ടി പറയണത് എനിക്ക് പകുതി തിരിയാനില്ല. എന്നാലും ചിലതൊക്കെ മനസിലാകും. "

കൂട്ടിനു ഒരാളെ കിട്ടിയപ്പോൾ ദേവുവിന്റെ പാതി വിഷമം കുറഞ്ഞതായി തോന്നി.

" മ്മ് .. എല്ലാര്ക്കും തന്നെ വലിയ കാര്യം ആണല്ലോ .. "

" ആഹ്... അതാ എനിക്കും മനസിലാകാതെ.... ഞാനിതുവരെ കണ്ടു ഓർമ്മപോലും ഇല്ലാത്ത ഒരാളും അയാളുടെ കുടുംബവും എന്നെ സ്വന്തം കുട്ടിയെ പോലെ നോക്കുന്നെ. "

കുറച്ചു നേരം കൊണ്ട് തന്നെ ദേവുവിനു ഇവിടം വല്ലാതെ ഇഷ്ടമായി എന്നെനിക് മനസിലായി

www.kambistories.com

" അല്ല.. ഇനി അച്ഛൻ വരുന്ന വരെ തനിക് ഇതൊക്കെ കണ്ടു ഇവിടെ നിക്കനുള്ള വല്ല പ്ലാനും ഉണ്ടോ ആവോ? നാട്ടിലേക്കു വരുന്നില്ലേ.? "

ഞാൻ വെറുതെ ഒരു തമാശക്കെന്നോണം ചോദിച്ചു .

" ഞാൻ ഇവിടെ നിക്കുന്നതാണോ നന്ദുവേട്ടന് ഇഷ്ടം. അവിടെ എനിക്ക് ആരാ ഉള്ളെ? "

പെട്ടന്നാണ് ദേവുവിന്റെ ചോദ്യം ഉയർന്നത്.

" തനിക്കേന്താടോ.. ഞാൻ അങ്ങനെ ഉദ്ദേശിച്ചൊന്നും പറഞ്ഞതല്ല .. ഇവിടെ അതിന് തനിക്ക് ആരാ ഉള്ളത് .. ഇതിനോടിപ്പോ ഒന്നും പറയാൻ വയ്യാതായല്ലോ ദൈവമേ...... "

ഞാൻ ആരോടെന്നില്ലാതെ പറഞ്ഞു.

" എന്നക്കാ എന്നച്ചു? ( തമിഴ് ) "

ദേവുവിന്റെ കണ്ണ് നിറയുന്ന കണ്ടു എന്തോ പന്തികേട് തോന്നിട്ടാകണം പ്രിയ ഇടപ്പെട്ടു.

" ഒന്നും ഇല്ല. ഉങ്ക അക്ക അപ്പിടി താൻ. എന്ത് പറഞ്ഞാലും ഒരേ കരച്ചിൽ.. "

എനിക്കറിയാവുന്ന തമിഴിൽ ഞാൻ ആ കുട്ടിയോട് പറഞ്ഞു . അവൾക് അത് മനസ്സിലാവുകയും ചെയ്തു.

" നീയേ നോക്ക്. കരഞ്ഞു കരഞ്ഞു അവളോട ഗ്ലാമർ എല്ലാം പൊച്ചു. അല്ലെ? "

ഞാൻ ഒരു തമാശക്ക് ഓരോന്ന് തട്ടിവിട്ടു

" അക്ക അഴകാ താൻ ഇറുക്കാ.. "

അപ്പോൾ ദേവുവിന്റെ ചുണ്ടിൽ വിരിഞ്ഞ പുഞ്ചിരി ആരും കാണാതെ ഇരിക്കാൻ അവൾ പാടുപെട്ടു.

" എപ്പോതും കരഞ്ഞോണ്ട് ഇരുന്ന എപ്പടി അഴകാ ഇരിക്കും? ഇതെല്ലം ഒരു അഴകാ.. "

" എന്നെ കരായിക്കുക എന്നതാ പ്രിയ നന്ദുവേട്ടന് ഏറ്റവും വലിയ ഹോബ്ബി ... "

കണ്ണുനീർ തുടച്ചു ദേവു പറഞ്ഞു . ദേവുവിന്റെ മലയാളം അവൾക് നന്നായി മനസിലായി എന്ന് അറിഞ്ഞപ്പോൾ എനിക്ക് ആശ്ചര്യം തോന്നി .

" നന്ദുവേട്ടൻ തമിഴ് പറഞ്ഞു കഷ്ടപെടണ്ടാ. അവൾക് മലയാളം പറഞ്ഞാൽ മനസിലാകും. "

ഒരു പരിഹാസ ചിരിയോടെ അവൾ പറഞ്ഞു.

www.kambistories.com

" അപ്പിടി ഒന്നും എനിക്ക് തോന്നുന്നില്ല. പാത്താ പാവമാ താനിരിക്കു "

പ്രിയ എന്നെ സപ്പോർട്ട് ചെയ്തു

" എല്ലാം ചുമ്മാ ആക്ടിങ് ആ "

" രണ്ടും കൂടി എനിക്കിട്ടു വച്ചോ.. . ഞാൻ ഒന്നും പറഞ്ഞില്ല ... എന്റെ പൊന്നോ.. .ഞാൻ പോയികൊള്ളാം "

രണ്ടുപേരും വാ പൊത്തി ചിരിക്കാൻ തുടങ്ങി. ദേവുവിന്റെ സങ്കടം മാറി എന്ന് കണ്ടപ്പോൾ തന്നെ എനിക്ക് ആശ്വാസമായി.

രാത്രി കിടക്കാൻ നേരം നിലത്തു കിടക്കാൻ പായ തപ്പുന്ന ദേവുവിനെ നിർബന്ധിച്ചു ഞാനന്ന് കട്ടിലിൽ കിടത്തി . കാരണം അവളാണല്ലോ ആ വീട്ടിലെ അഥിതി. ആ വലിയ മുറിയുടെ മൂലയിൽ ഉണ്ടായിരുന്ന സോഫായിൽ ഞാനും ചുരുണ്ടു കൂടി...

" നന്ദുവേട്ടൻ നന്നയോ? "

അവളുടെ ചോദ്യം കേട്ടു ഞാനവളെ തലയുയർത്തി നോക്കി

"അതോ...... എന്നോടിപ്പോ എന്താ നന്ദുവേട്ടന്..ആരും ഇല്ലാത്തവൾ എന്ന സഹതാപം ആണോ "

എനിക്കവൾ ചോദിച്ചത് മനസിലായില്ല....

" എന്തോ നന്ദുവേട്ടനെന്നോട് പെരുമാറുന്നത് കാണുമ്പോൾ എനിക്കങ്ങനെ തോന്നും. നേരത്തെ നന്ദുവേട്ടൻ ദേഷ്യപ്പെടുമ്പോൾ അതിലൊരു സത്യം ഉണ്ടായിരുന്നു. പക്ഷെ ഇപ്പൊ സത്യം ഏതാ കള്ളം ഏതാണ് തിരിച്ചറിയാൻ പറ്റുന്നില്ല... "

അവൾ ചോദിച്ചു വരുന്നതിന്റെ ഗൗരവം എനിക്ക് മനസിലായി. ഞാൻ സോഫയിൽ അവൾക്കു നേരെ തിരിഞ്ഞിരുന്നു.

" അച്ഛൻ കൂടെ ഉണ്ടായിരുന്നപ്പോൾ എന്നും അച്ഛൻ ഉണ്ടാകും കൂടെ എന്ന് കരുതി. പക്ഷെ ഇപ്പൊ. എവിടെ ആണെന്ന് പോലും അറിയില്ല. പോയപ്പോ ഒരു വാക്ക് പോലും പറഞ്ഞില്ല. എല്ലാവരും എന്നോട് കാണിക്കുന്ന സ്നേഹം വെറും കള്ളം ആണെന്ന് തോന്നി പോകുവാ .. "

അവളെന്തൊക്കെയോ പുലമ്പി കൊണ്ടിരുന്നു.

" തനിക്കിപ്പോ എത്ര വയസായി.. "

എന്റെ ചോദ്യം കേട്ടു അവളെന്നെ ഒന്ന് നോക്കിയതേ ഒള്ളൂ. അവൾക് ഒന്നും മനസിലായിട്ടില്ല..

"പറ എത്ര ആയി. "

" ഇരുപത്തിയൊന്ന് "

" ഈ ഇരുപത്തൊന്നു വയസിൽ ഉള്ള പെൺകുട്ടികൾ ചിന്തിക്കുന്നതിൽ അതികം ആയിട്ട് താനിപ്പോ ചിന്ദിക്കുന്നുണ്ട്.. അതിന്റെയാ ഈ ആവശ്യം ഇല്ലാത്ത തോന്നലൊക്കെ.. "

ഒരുപദേശം എന്നോണം ഞാൻ അവളോട് പറഞ്ഞു.

" ഈ ഇരുപത്തൊന്നു വയസിൽ അനുഭവിക്കാവുന്നതൊക്കെ ഞാൻ അനുഭവിച്ചു .."

അവളാരോടെന്നില്ലാതെ പറഞ്ഞു. പക്ഷേ എനിക്കതിനു മറുപടി കൊടുക്കാൻ ഇല്ലായിരുന്നു.

" ഇനിയും എന്തൊക്കെയോ സങ്കടങ്ങൾ എനിക്ക് ബാക്കി ഉണ്ടെന്നൊരു തോന്നൽ. "

" അതൊക്കെ തന്റെ തോന്നലുകൾ അല്ലെ. അങ്ങനെ ഒന്നും ഉണ്ടാവില്ല. അച്ഛനെ കണ്ടു പിടിച്ചു കഴിഞ്ഞാൽ പിന്നെ തനിക് വീണ്ടും പഴയതു പോലെ സന്തോഷമായിട്ടു ഇരിക്കലോ. "

"'എനിക്ക് ആ പ്രതീക്ഷ ഇല്ല നന്ദുവേട്ട. അച്ഛനിനി വരില്ലെന്ന് എന്റെ മനസ് പറയുന്നു. "

" താനങ്ങനെ ഒന്നും ചിന്ദിക്കണ്ടാ.. അച്ഛനെന്തെങ്കിലും പ്രശ്നം മൂലം എവിടെയെങ്കിലും പെട്ടുകിടക്കയായിരിക്കും. ഉടനെ വരും എന്ന എന്റെ വിശ്വാസം. "

www.kambistories.com

ഞാനവൾക്കു ഉറപ്പില്ലാത്ത ഒരു പ്രതീക്ഷ നൽകി.

" നന്ദുവേട്ടന് 'അമ്മ കഴിഞ്ഞാൽ ഏറ്റവും ഇഷ്ടം ആരോടാ? "

ആ ചോദ്യത്തിന് ഉത്തരം എനിക്ക് ആലോചിക്കണം ആയിരുന്നു.

" എല്ലാരും നമുക് ഒരു പോലെ അല്ലെ ? "

" എനിക്ക് എല്ലാം എന്റെ അച്ഛൻ ആയിരുന്നു അച്ഛൻ കഴിഞ്ഞാൽ നിക്ക് വേറെ ആരും ഇല്ലാ..... "

ദേവുവിന്റെ ശബ്ദം ഇടറുന്ന പോലെ...

" . അച്ഛനിവിടെ വന്നിട്ടില്ല എന്നല്ലേ ഒള്ളൂ. അച്ഛൻ പോകാനിടയുള്ള രണ്ടിടത്തു അന്വേക്ഷിച്ചിട്ട് പറയാമെന്നു പറഞ്ഞിട്ടുണ്ട് രാമേട്ടൻ. അത് വരെ എന്റെ പൊന്നു ദേവു ഒന്ന് കരയാതെ ഇരിക്കാമോ "

പെട്ടന്നവൾ നിശബ്ദയായി...

" ആദ്യം ആയിട്ട നന്ദുവേട്ടൻ എന്നെ പേരുവിളിക്കുന്നത്.. "

അവളതു പറഞ്ഞപ്പോൾ ആണ് എനിക്കും അത് ഓർമവന്നത്. ഒരു ഒഴുക്കിൽ അങ്ങ് വിളിച്ചു പോയതാണെങ്കിലും പേര് വിളിച്ചപ്പോൾ ദേവുവിന്റെ കണ്ണിലുണ്ടായ തിളക്കം ഒന്ന് കാണേണ്ടതായിരുന്നു... പക്ഷേ അതിനെന്താണിത്ര സന്തോഷക്കനുള്ളത്?

എന്ത് പറയാൻ തുടങ്ങിയാലും നന്ദുവേട്ടൻ എന്ന് വിളിച്ചു തുടങ്ങുന്ന ദേവുവിനെ ഞാനാദ്യമായാണ് പേര് വിളിക്കുന്നതെന്ന് ഓർത്തപ്പോ എനിക്ക് എന്നോട് തന്നെ പുച്ഛം തോന്നി ..

" തനിക്കു സ്വന്തമായിട്ടൊരു ഫോൺ ഇല്ലേ? "

ഞാൻ വിഷയം മാറ്റാനെന്ന വണ്ണം ചോദിച്ചു.

" ഇല്ലാ. എനിക്ക് അങ്ങനെ വിളിക്കാനും പറയാനും ഒന്നും ആരുമില്ല. പിന്നെ എനിക്ക് അതിന്റെ ആവശ്യവും തോന്നിട്ടില്ല. അച്ഛന്റെ കയ്യിലുണ്ട് ഒരെണ്ണം. അതിലേക്കാ കൂട്ടുകാരൊക്കെ എന്തെങ്കിലും ആവശ്യം ഉണ്ടേൽ വിളിക്കാറ്. "

" ഇക്കാലത്തും ഫോൺ ഒന്നും ഇല്ലാത്ത ഒരു പെൺകുട്ടിയെ കാണുന്നത് തന്നെ കുറവാണു.. "

അവളതൊരു മൂളലിൽ ഒതുക്കി.

" നല്ല ക്ഷീണം ഇല്ലേ നന്ദുവേട്ടന്. ഉറങ്ങിക്കോ എന്നാൽ. "

പറഞ്ഞു തീരേണ്ട താമസം ഒരു ശുഭരാത്രിയും പറഞ്ഞു ഞാൻ സോഫയിലേക്ക് ചരിഞ്ഞു. എങ്കിലും എന്നിൽ ഒരു സംശയം..

" ദേവു ....  "'

ഉറങ്ങി തുടങ്ങിയ ദേവുവിൽ നിന്ന് ഒരുമൂളലായിരുന്നു മറുപടി.

" താൻ അത്  വെറുതെ പറഞ്ഞതല്ലേ ?  "

"'എന്ത്? .. "

" അച്ഛനല്ലാതെ തനിക്ക് വേറെ ആരും ഇല്ലെന്നു.  തനിക്കാരോടോ പ്രേമം ഇല്ലേ ?  "

കേട്ട പാതി കേൾക്കാത്ത പാതി അവൾ കട്ടിലിൽ ചാടി എഴുന്നേറ്റിരുന്നെനെ തുറിച്ചു നോക്കി

" അല്ല അന്ന് തന്റെ ഡയറി വായിച്ചപ്പോൾ തോന്നിയതാ...  "

" നന്ദുവേട്ടൻ എന്തിനാ എന്റെ ഡയറി ഒക്കെ നോക്കണേ..  "

അവൾ ദേഷ്യത്തിൽ ചോദിച്ചു.

"'അതെന്നെടുത്തു നോക്കിയപ്പൊ കണ്ടതാ.  കുറെ കവിതകൾ..  "

"'അതൊക്കെ ഞാൻ വെറുതെ എഴുതീതാ..  അല്ലാതെ വേറൊന്നുല്ല... "

www.kambistories.com

"വേറെ ഒന്നല്ല?   " ഞാൻ ഒന്നു കൂടി ചോദിച്ചു.

"'ഇല്ലെന്നു പറഞ്ഞില്ലേ.  നന്ദുവേട്ടൻ കിടന്നുറങ്ങിക്കെ. "

" അതിന് നീ എന്തിനാ ദേഷ്യപ്പെടുന്നെ.. ഒന്നുമില്ലെ ങ്കിൽ  അതങ്ങു പറഞ്ഞാൽ പോരെ.. .  "

കയ്യിൽ കരുതിയ പുതപ്പു തല വഴി മൂടി വീണ്ടും ഞാൻ ഉറങ്ങാൻ കിടന്നു.

" നന്ദുവേട്ടന് ആരോടേലും ഇഷ്ടോണ്ടോ?  "

ഞാൻ പുതപ്പു മുഖത്തു നിന്നു മാറ്റി അവളെ ഒന്നുകൂടി നോക്കി. എന്നെ തന്നെ നോക്കി എന്റെ മറുപടിക്കായി കാത്തിരിക്കയായിരുന്നു അവൾ.

" പറയാൻ പാകത്തിന് ഒന്നും ഇല്ലാരുന്നെടോ... "

" അപ്പൊ ഉണ്ടായിരുന്നോ ? "

" മ്മ്..  ഡിഗ്രി ഫസ്റ്റ് ഇയർ പഠിക്കുമ്പോ.  ഡബിൾ സൈഡ് ഒന്നും അല്ല സിംഗിൾ...  "

" എന്നിട്ടു....    "

ദേവു ആകാംഷയോടെ ചോദിച്ചു.

" എന്നിട്ടെന്താ..  അവൾ ഇപ്പൊ കെട്ടി പെണ്ണിന് ഒരു കുട്ടിയും ആയി...  "

" അതെന്താ നന്ദുവേട്ടൻ പോയി പറഞ്ഞില്ലേ അവളോട്.  "

" ഇല്ലെടോ....  പേടി ആയിരുന്നു.  അവളിനി സമ്മതിച്ചില്ലെങ്കിലോ എന്നോർത്തു.  നമുക്കു ശരി ആകുമോ എന്നോർത്തു. പറയാൻ പറ്റിയില്ല..  "

" അയ്യോ കഷ്ടം ആയി പോയി... "

" അന്ന് എനിക്ക് ഒരു കാര്യം മനസിലായി.  നമുക് ആരോടേലും ഇഷ്ടം തോന്നിയാൽ അപ്പൊ തന്നെ അങ്ങ് പറഞ്ഞേക്കണം..  പിന്നെ അത് പോയി എന്നും പറഞ്ഞു കരഞ്ഞിട്ടൊരു കാര്യോം ഇല്ല...  "

പെട്ടന്നെവളുടെ ഭാവം മാറി.  ചിരിച്ചു കൊണ്ടിരുന്ന അവളെന്തോ ചിന്തിച്ചു കൊണ്ട് കട്ടിലിലേക്ക് കിടന്നു.

ഞാൻ ഇനി വല്ലതും പറഞ്ഞിട്ടാണോ അവളങ്ങനെ പെരുമാറിയതെന്നറിയാതെ ഓരോന്ന് ചിന്തിച്ചു ഞാനും ഉറങ്ങി...

രാവിലെ എഴുന്നേറ്റ ഉടൻ പോയത് രാമേട്ടന്റെ അടുത്തേക്കാണ്...

ദേവൂന്റെ അച്ഛനെ കുറിച്ച് വല്ല അറിവും കിട്ടിയോ എന്നറിയാൻ. പക്ഷെ നിരാശ ആയിരുന്നു ഫലം  . അദ്ദേഹം അവിടെ എങ്ങും എത്തിയിട്ടില്ല..  എങ്കിലും ദേവുവിനെ ഇതറിയിച്ചു വിഷമിപ്പിക്കണ്ട എന്ന് കരുതി ഞാനും ഒന്നും പറയാനും നിന്നില്ല. അവളൊട്ട് ചോദിച്ചതും ഇല്ല.

എല്ലാവരോടും യാത്ര പറഞ്ഞിറങ്ങുമ്പോൾ എന്താവശ്യം ഉണ്ടെങ്കിലും വിളിക്കണം എന്ന് രമേട്ടൻ പറഞ്ഞത് ഞാൻ ഓർത്തെടുത്തു.  കൂടെ അയാൾ പറഞ്ഞ ആ സംശയവും.

"" അന്വേഷിച്ച എവിടെയും അജയൻ എത്തിയിട്ടില്ല എങ്കിൽ ഇനി അവനു വല്ല അപകടവും???? """

എന്നെയും ആ പേടി അലട്ടാതിരുന്നില്ല.. അങ്ങനെ വല്ലതും സംഭവിച്ചാൽ ഈ പെണ്ണിന്റെ അവസ്ഥ എന്താകും എന്ന് എനിക്ക് ഓർക്കാൻ കൂടി വയ്യ.

രാവിലെ മുതലേ ദേവു എന്തോ ആലോചനയിൽ ആണ്.  എന്തൊക്കെയോ ചിന്തകൾ അവളെ അലട്ടുന്നത് പോലെ തോന്നി. അച്ഛനെ ഇവിടെയും കാണാത്തതിലുള്ള വിഷമം ആകാമെന്ന് കരുതി.

" സുന്ദരി ആയിരുന്നോ ആ ചേച്ചി ?  "

" ഏത് ചേച്ചി ? "

" നന്ദുവേട്ടന് ഇഷ്ടം ഉണ്ടായിരുന്നില്ലേ ഒരു ചേച്ചി..  അത് ..  "

" അവളോ?  തനിനിയും അത് വിട്ടില്ലേ ?  കാണാൻ തരക്കേടില്ലായിരുന്നു. ?   "

" അത്രേ ഒള്ളോ ?   "

" അങ്ങനെ ചോദിച്ചാൽ..  അത്രക്ക് ഒക്കെയേ ഉണ്ടായിരുന്നുള്ളു....വേറെ ഒന്നുമില്ല......  "

" ആ ചേച്ചി പോയതിൽ വിഷമം ഒന്നുല്ലേ നന്ദുവേട്ടന്  "

" എന്തിന്.?  എന്റെ ഇഷ്ടം അവള് പോലും അറിഞ്ഞിട്ടില്ല.  വെറുതെ മനസ്സിൽ വച്ചിരുന്നിട്ട് അത് ഓർത്തു സങ്കടപ്പെട്ടിരുന്നിട്ട് എന്ത് കാര്യം.?  "

വീണ്ടും രംഗം നിശ്ശബ്ദതയിലേക്ക് വഴി മാറി. ഞാൻ നോക്കുമ്പോളൊക്കെ എന്തോ വലിയ ആലോചനയിൽ ആണവൾ എന്ന് തോന്നി. ..

" നന്ദുവേട്ട എനിക്ക് വിശക്കുന്നു   ....  "

പൊള്ളാച്ചി കഴിഞ്ഞതേ അവൾ പറഞ്ഞു.  രാവിലെ തന്നെ രാമേട്ടന്റെ അടുത്തുനിന്നറങ്ങിയത് കൊണ്ട് ഒന്നും കഴിക്കാൻ നിന്നിരുന്നില്ല...

വഴിയോരത്തു കണ്ട ഒരു കുഞ്ഞി ഹോട്ടലിനു മുന്നിൽ വണ്ടി നിർത്തി ഇറങ്ങി.

" ലൈറ്റ് ആയിട്ട് എന്തെങ്കിലും കഴിക്കാം  .  ഇവിടുത്തെ ഭക്ഷണം ചിലപ്പോൾ വയറിനു പിടിച്ചെന്ന് വരില്ല... "

www.kambistories.com

കടയിൽ കയറാൻ നേരം ഞാൻ പറഞ്ഞു. ... എങ്കിലും അവൾക്കു നല്ല വിശപ്പുണ്ടായിരുന്നു എന്ന് അവളുടെ കഴിക്കുന്ന രീതിയിൽ നിന്ന് എനിക്ക് മനസിലായി..  ...

കഴിക്കുന്നതിനിടയിൽ അവളെ തന്നെ നോക്കി ഇരിക്കയായിരുന്ന എന്നെ കണ്ടവൾ എന്താണെന്നു പുരികം പൊക്കി ആംഗ്യത്തിലൂടെ ചോദിച്ചു.

" നേരത്തെ ഒക്കെ പേടി കാരണം മുഖത്തു പോലും നോക്കാൻ മടി കാണിച്ച ആളാണല്ലോ .  ഇപ്പൊ എന്റെ മുന്നിലിയുന്നു മസാലദോശ കഴിക്കുന്നത് എന്നോർത്ത് നോക്കിയാത..... "

ഞാൻ കളിയാക്കുന്ന രീതിയിൽ പറഞ്ഞു.  അവളിൽ ചെറിയൊരു നാണം ഉണ്ടായത് ഞാൻ ശ്രദ്ധിച്ചു.

"  എന്നെ കണ്ടാൽ കടിച്ചു കീറാൻ വന്നിരുന്ന ആളാ എനിക്കിപ്പോ ഈ മസാലദോശ വാങ്ങിത്തരണേ... അപ്പോൾ അതോ.... "

വായിൽ കിടന്ന  ബാക്കി ദോശ കൂടി  ചവച്ചിറക്കി കൊണ്ട് അവൾ പറഞ്ഞു..

" അത് വെറും പ്രഹസനം അല്ലെ...  ഞാൻ ഒരു നല്ലവനാണെന്നു തന്നെ കാണിക്കാൻ വേണ്ടി മാത്രം... "...

" ഓഹോ...  "

വില കുറഞ്ഞ തമാശ ആയിരുന്നു എങ്കിലും

ഞങ്ങൾ മുഖത്തോടു മുഖം നോക്കി ഒന്ന് ചിരിച്ചു...

" നല്ലവനാണെന്നു കാണിക്കാൻ നന്ദുവേട്ടൻ അഭിനയിക്കുവൊന്നും വേണ്ടാ. എനിക്കറിയാം നന്ദുവേട്ടാ..... "

അവൾ പറഞ്ഞ വാക്കുകൾ എന്നിൽ അഭിമാനം ഉളവാക്കി. വീട്ടിൽ വന്നു കയറ്റിയ അന്ന് മുതൽ എന്നാൽ അപമാനിക്കുകയും ദ്രോഹിക്കയും ചെയ്തിട്ടും അവൾ പറയുന്നു ഞാൻ നല്ലവനെന്നു.. എന്തൊരു വിരോധാഭാസം... എന്തുകൊണ്ടാകാം അവളെങ്ങനെ പറഞ്ഞത് എന്നായി പിന്നെ എന്റെ ചിന്ത.. എങ്കിലും അതിനുത്തരം എനിക്കറിയില്ലായിരുന്നു. .

അതികം സമയമെടുക്കാതെ കഴിച്ചു തീർത്തു ഞങ്ങൾ യാത്ര തുടർന്ന്. ഇന്നലെ വരെ ഞാൻ കണ്ട ദേവു അല്ലായിരുന്നു ഇന്ന്. എപ്പോളും എന്തൊക്കെയോ ചിന്തിച്ചിരിക്കുന്ന ഞാൻ ചോദിക്കുന്നതിന് മാത്രം ഉത്തരം തരുന്ന ഒരു ദേവു ആയിരുന്നു ഇന്ന്.. ഈ പെണ്ണിന് ഓരോ ദിവസം ഓരോ സ്വഭാവമാണോ എന്ന് ചിന്തിക്കാതിരുനില്ല ഞാൻ.

" ആ ചേച്ചി പോയിട്ടു ഇപ്പൊ എത്ര വർഷമായി നന്ദുവേട്ട ? "

ദേവുവിന്റെ അടുത്ത ചോദ്യം.

" തനിക്കെന്താ പറ്റ്യേ.. ഞാൻ അതന്നേ മറന്നു . പിന്നെ തനിക്കെന്താടോ? "

" വെറുതെ. . പറ "

" ഒരു രണ്ടു വർഷം ആയി കാണും. എന്തെ ? "

" ഈ രണ്ടു വർഷത്തിനിടക്ക് വേറെ ആരോടും ഇഷ്ടം കൂടാതെ ഇരുന്നതെന്താ... ? "

" പിന്നെ അവള് പോയതിന്റെ വിഷമം മാറാൻ തന്നെ വേണ്ടി വന്നു ഒന്നൊന്നര വർഷം. അപ്പോളാ അതിന്റെ ഇടക്ക് വേറൊരുത്തി.... "

ഞാൻ പറയുന്നതെല്ലാം വളരെ ശ്രദ്ധയോടെ കേട്ടിരിക്കയാണ് ദേവു. ഞാൻ എന്തോ ലോക കാര്യം പറയുന്നു എന്ന പോലെ..

" നമുക്കു ഈ ഒത്തിരി ഇഷ്ടം തോന്നുന്ന ആളെ ഉണ്ടല്ലോ.... അയാള് പോയി കഴിഞ്ഞാലും നമുക്ക് അങ്ങനെ ഒന്നും അയാളെ മറക്കാൻ പറ്റില്ലെടോ.. അത്ര നാള് അടുത്തുണ്ടായിരുന്നിട്ടും നമ്മുടെ ഇഷ്ടം തുറന്നു പറയാതെ ആ ആളങ്ങു പോകുമ്പോ ഉള്ള സങ്കടം ഉണ്ടല്ലോ... ഭയങ്കരം ആണത്.... "

ആ കുട്ടി പോയതിൽ അന്ന് അത്ര സങ്കടം തോന്നിയിരുന്നില്ല എങ്കിലും കേട്ടിരിക്കാൻ ദേവു ഉള്ളപ്പോ അല്പം സാഹിത്യം ഒകെ കൂട്ടി അങ്ങ് പറഞ്ഞൊപ്പിച്ചു . അവളുടെ മുഖത്തു പല ഭാവങ്ങളും മിന്നി മറയുന്നുണ്ടായിരുന്നു..

" പിന്നെ ഉണ്ടല്ലോ....  "

ഞാൻ വീണ്ടും പറഞ്ഞത് മുഴുവിപ്പിക്കാനായി വാ തുറന്നതും അവളെന്നെ തടഞ്ഞു..

" മതി..  എനിക്ക് നല്ല തലവേദന...   "

ദേവുവൊരല്പം നീരസം കലർന്ന സ്വരത്തിൽ പറഞ്ഞു തിരിഞ്ഞിരുന്നു..

" ആഹ്  ..  ഹോസ്പിറ്റലിൽ വല്ലതും പോകണോ ?  "

" വേണ്ട..  "

" എന്നാ കുറച്ചു കൂടി ക്ഷമിക്കു.  വേഗം വീടെത്തും..  "

മറുപടി നൽകാതെ ദേവു ദേവു ഡോർ ഗ്ലാസിൽ തലവച്ചു കണ്ണടച്ചിരുന്നു.

":അച്ഛനെ കുറിച്ച് വല്ലതും രാമേട്ടൻ പറഞ്ഞോ നന്ദുവേട്ടാ ?  "

ഇടക്കെപ്പോളോ ഓർത്തെടുത്ത പോലെ ദേവു ചോദിച്ചു.

" ഇല്ലെടോ..  ഇതുവരെയും ഒന്നുമറിയില്ല.  രാമേട്ടൻ പറഞ്ഞ ആരുടേയും അടുത്തെത്തിട്ടില്ല.  "

" പക്ഷെ താൻ വിഷമിക്കണ്ട.  നമുക്കു കണ്ടുപിടിക്കന്നെ ....  "

കേട്ടു പഴകിയതോ  അല്ലെങ്കിൽ ഉത്തരം അതായിരിക്കും എന്നറിയാവുന്നത് കൊണ്ടോ ആകണം അവളിൽ വലിയ ഭാവ മാറ്റങ്ങൾ ഒന്നും കണ്ടില്ല  .  എങ്കിലുമവൾ വീണ്ടും തന്റെ ചിന്താ ലോകത്തേക്ക് തിരിഞ്ഞിരുന്നു.  എന്തൊക്കെയാണവളുടെ മനസ്സിലെന്നു മനസിലാകുന്നില്ല.  എന്തൊക്കെയോ തീരുമാനങ്ങളെടുക്കുന്ന പോലെ..

" താനെന്താ ആലോചിച്ചിരുന്നത്?  "

സംസാരത്തിനു നിക്കാതെ എന്തൊക്കെയോ  ചിന്തിച്ചിരിക്കുന്ന ദേവുവിനോട് ഞാൻ ചോദിച്ചു.

"നമ്മൾ എത്താറയോ നന്ദുവേട്ട?  "

" ആഹ് ഇവിടുന്നു കുറച്ചു ദൂരമേ ഒള്ളൂ.  ഇപ്പൊ എത്തും..  "

":നമുക് നേരെ ബസ് സ്റ്റാന്റിലേക്കു പോകാം..  "

" അവിടെ ആരെ കാണാനാ?  ഹോസ്പിറ്റലിൽ പോകാൻ വല്ലതും ആണോ "

ഡ്രൈവിങിനിടയിലും ശ്രദ്ധ തെറ്റാതെ ഞാൻ അവളെ ഒന്ന് പകച്ചു നോക്കി.

" ഞാൻ ഇനി നന്ദുവേട്ടന്റെ കൂടെ വീട്ടിലേക്കു വരുന്നില്ല. എന്നെ ബസ്റ്റാന്റിൽ ഇറക്കിയാൽ മതി. .ഞാൻ എന്റെ വീട്ടിലേക്കു പോയിക്കൊള്ളാം. .. "

ദേവു അത് പറഞ്ഞു തീർന്നതും. വണ്ടി സഡ്ഡൻ ബ്രേക്ക് ഇട്ടു നിന്നതും ഒരുമിച്ചായിരുന്നു..

" താനെന്താ ഇപ്പോ പറഞ്ഞെ ? "

അവൾ പറഞ്ഞത് വിശ്വസിക്കാനാവാതെ ഞാൻ ഒന്നു കൂടി ചോദിച്ചു.

" ഞാൻ എന്റെ വീട്ടിലെക് പൊയ്ക്കോളാം നന്ദുവേട്ട.. "

" ദേ പെണ്ണെ നീ ചുമ്മാ കളിക്കല്ലേ.. "

" ഇല്ല നന്ദുവേട്ട ഞാൻ കാര്യമായി പറഞ്ഞതാ.. എനിക്ക് പോണം... "

തീരുമാനിച്ചുറപ്പിച്ച മറുപടി ആയിരുന്നു അത്.

" അതിന് ഇപ്പൊ എന്താ ഉണ്ടായത്. അവിടേക്കു പോകാൻ മാത്രം എന്ത് പ്രശ്നമാ തനിക്കു ഉള്ളത് ? "

" എനിക്ക് നന്ദുവേട്ടന്റെ വീട്ടിൽ ഇനിയും പറ്റില്ല. എനിക്ക് വയ്യാ...അവിടം.. . "

" ദേവു നീ കാര്യം എന്താണെന്നു പറ. വീട്ടിലെന്താ പ്രശ്നം നിനക്കു.. ആരെങ്കിലും എന്തെങ്കിലും പറഞ്ഞോ തന്നോട് ? "

"ഇല്ല. അവിടെ...എല്ലാവരും എന്നെ സ്നേഹിക്കുന്നുണ്ട്.. ഒരു മോളെ പോലെ ഒരു പെങ്ങളെ പോലെ.... "

അവളുടെ തൊണ്ട ഇടറുന്ന പോലെ തോന്നി

" പിന്നെ തനിക്കെന്താ പ്രശ്നം ? "

" പ്രശ്നങ്ങൾ അല്ല..... എനിക്കിനിയും അഭിനയിക്കാൻ വയ്യാ നന്ദുവേട്ട. ..നന്ദുവേട്ടൻ എന്റെ അവസ്ഥ മനസ്സിലാക്കു. എനിക്കവിടെ പറ്റില്ല ഇനിയും. .. .."

" എഡോ.. താൻ പറയുന്നതെന്താണെന്നു എനിക്ക് മനസിലാവുന്നില്ല. എന്താണെങ്കിലും നമുക് വീട്ടിൽ പോയി സമാധാനം ആയിട്ട് സംസാരിക്കാം.. എന്ത് പ്രശ്നം ആണെങ്കിലും പരിഹരിക്കാം "

", നന്ദുവേട്ട പ്ലീസ് ... വേണ്ടാ ..... "

ഞാൻ കാർ മുന്നോട്ടെടുക്കാൻ തുനിഞ്ഞതും അവളെന്നെ തടഞ്ഞു. ഞാൻ കാർ വീണ്ടും നിർത്തി.

" നീ വെറുതെ എന്നെ പൊട്ടൻ കലിപ്പിക്കാതെ കാര്യം എന്താന്ന് പറ. "

എനിക്ക് എന്റെ നിയന്ത്രണം വിട്ടു തുടങ്ങിയിരുന്നു

" എടൊ തന്നോടാ ചോദിച്ചത്... വീട്ടിലേക്കു വരാൻ കഴിയാത്ത വിതം ഇത്ര നാളില്ലാത്ത എന്ത് പ്രശ്നമാ തനിക്കവിടെ ഉള്ളെതെന്നു ? "

എന്റെ ശബ്ദം കാറിനുള്ളിൽ മുഴങ്ങി കേട്ടു. എന്റെ ഉച്ചത്തിലുള്ള ചോദ്യം കേട്ടു അവൾ ഒന്നു ഞെട്ടി.. കണ്ണിലൂടെ കണ്ണു നീർ പൊട്ടി ഒഴുകാൻതുടങ്ങി.. അത് കണ്ടപ്പോൾ എനിക്ക് വല്ലാതെയായി..

"'എടൊ.. തനിക്കറിയാമല്ലോ. താനില്ലാതെ എനിക്ക് വീട്ടിലേക്കു ചെല്ലാൻ പറ്റില്ലെന്ന്.. തനിക്കാ നരകത്തിലേക്ക് പോയിട്ടു എന്ത് കിട്ടാനാ? അച്ഛൻ വരുന്ന വരെ തനിക്കു ആ വീട് സേഫ് അല്ല. "

അതിനവൾക്കു ഉത്തരമില്ലായിരുന്നു..

"നന്ദുവേട്ടനെന്തു പറഞ്ഞാലും ഞാൻ പോകും. "

ദേവു ഉറപ്പിച്ചു പറഞ്ഞു. കാര്യം എന്തെന്ന് മനസിലാവാതെ ഞാൻ അവളെ ദയനീയമായി നോക്കി ഇരുന്നു.

" ദേവു.. "

അവളെന്നെ തലയുയർത്തി നോക്കി.

" ഞാൻ പറയുന്ന കേൾക്കു. എന്റെ വീട്ടിൽ എന്ത് പ്രശ്നമുണ്ടെങ്കിലും നമുക്ക് പറഞ്ഞു തീർക്കാം.. "

" എനിക്കവിടെ ഒരു പ്രശനവും ഇല്ല നന്ദുവേട്ട.. "

" പിന്നെന്താ ഡോ.. ഇനി ഞാൻ എന്തെങ്കിലും തെറ്റ് ചെയ്തിട്ടാണോ ? "

" തെറ്റ് ചെയ്തത് ഞാനാ.... ഈ ഞാൻ... "

അവളുടെ കരച്ചിലിനാഴം കൂടി. ഒന്നും മനസിലാവാത്തവനെ പോലെ ഞാൻ ......

" എനിക്ക് വയ്യ.. ഇനിയും നന്ദുവേട്ടന്റെ കൂടെ ഇങ്ങനെ...... . എന്റെ പ്രശനം നിങ്ങള നന്ദുവേട്ടാ...... "

" ഞാനോ.. "

ഒരുനിമിഷമെങ്കിലും ഞാൻ പകച്ചു നിന്നു പോയി. അത്ര മാത്രം മനസ്സിൽ തട്ടി പറയാൻ മാത്രം എന്തപരാധം ആണവളോട് ഞാൻ ചെയ്തത്.

" തെറ്റ് എന്റെയാ... ഈ എന്റെ.... "

" അന്ന് ഞാൻ നന്ദുവേട്ടന്റെ കണ്ടത് തെറ്റ് . അന്ന് നന്ദുവേട്ടന്റെ റൂമിൽ കയറി വന്നത് തെറ്റ്. . .. കല്യാണമെന്നു എല്ലാവരും പറഞ്ഞപ്പോൾ എതിർക്കാതിരുന്നതും തെറ്റ്. നന്ദുവേട്ടന്റെ ഭാര്യയാവാൻ

കഴുത്തു നീട്ടിയത് തെറ്റ്...... നന്ദുവേട്ടന്റെ വീട്ടിലേക്കു വന്നത് തെറ്റ്. നന്ദുവേട്ടനെ കുറിച്ച് അറിഞ്ഞത് തെറ്റു. മിണ്ടിയത് മിണ്ടിയത് തെറ്റ്..... നന്ദുവേട്ടന്റെ ജീവിതത്തിൽ സ്ഥാനമില്ലെന്നറിഞ്ഞിട്ടും സ്നേഹിച്ചു പോയത് തെറ്റ്.. എല്ലാ തെറ്റും എന്റെയാ ഈ എന്റെ....... "

കാറിനുള്ളിലിരുന്നു ദേവു അലറി... അവൾ പറഞ്ഞ വാക്കുകൾ കാറിനുള്ളിലെ ഇടുങ്ങിയ ഇടങ്ങളിൽ തട്ടി പ്രതിധ്വനി ആയി എന്റെ കാതുകളിൽ മുഴങ്ങി കേട്ടു..

" ദേവു.. താൻ... "

അവൾ പറഞ്ഞത് വിശ്വാസം വരാതെ ഞാൻ ചോദിച്ചു ..

" സ്നേഹിച്ചു പോയി നന്ദുവേട്ടാ ഞാൻ നിങ്ങളെ.. .ഒരുപാട്.... ഇന്നല്ല ........ കോളേജിൽ വച്ച് കണ്ട അന്ന് തൊട്ടു.. മനസ്സിൽ ആരോടും പറയാതെ സൂക്ഷിച്ചു പോയി.... എനിക്ക് പറ്റുന്നില്ല ഇനിയും നന്ദുവേട്ടന്റെ മുന്നിൽ അഭിനയിക്കാൻ. . "

ദേവുവിന്റെ വാക്കുകൾ എന്റെ ഹൃദയത്തെ തകർക്കാൻ പോന്നതായിരുന്നു...

" എന്നെ അങ്ങനെ നോക്കല്ലേ നന്ദുവേട്ട... എനിക്ക് പറ്റുന്നില്ല. .."

എന്റെ നോട്ടം നേരിടാനാവാതെ ദേവു മുഖം പൊത്തി ഇരുന്നു .. അവളുടെ ഓരോ വാക്കു കഴിയുന്തോറും അവളുടെ കരച്ചിലിനാഴവും കൂടി കൊണ്ടിരുന്നു...

" കിട്ടില്ലെന്നറിഞ്ഞിട്ടും.. സ്വന്തമാക്കാൻ കഴിയില്ലെന്ന് നന്നായി അറിയാമായിരുന്നിട്ടും കൊതിച്ച ജീവിതം ദൈവം കയ്യിൽ കൊണ്ടുവന്നു തന്നിട്ടും ഞാൻ ഇത്ര നാളും പിടിച്ചു നിന്നു . പക്ഷെ ഇടക്കെപ്പോളൊക്കേയൊ മനസു പതറി പോകുവാ .. ഇയ്യാളെന്റെ ആണെന്ന് മനസില് തോന്നി പോകുവാ...ഒന്നുമില്ലെങ്കിലും ഞാനും ഒരു പെണ്ണല്ലേ.. എനിക്കും ഇല്ലേ ആഗ്രഹങ്ങൾ.. .. "

ഒരിക്കലും ദേവുവിൽ നിന്നും പ്രതീക്ഷിക്കാത്ത ഒന്ന് അവൾ പറഞ്ഞു കേട്ടതിന്റെ നടുക്കം വിട്ടുമാറാതെ ഞാൻ അങ്ങിനെ ഇരുന്നു പോയി . ദേവുവിന്റെ വാക്കുകൾക്കെന്റെ കയ്യിൽ മറുപടികളില്ലായിരുന്നു. സങ്കടമോ ദേഷ്യമോ സന്തോഷമോ എന്തെന്നറിയാത്ത ഒരു വികാരം മനസിലൂടെ കൊള്ളിയാൻ മിന്നുന്ന പോലെ പാഞ്ഞു കൊണ്ടിരുന്നു. എന്റെ ഒരു മറുപടിക്കായി കാത്തിരിക്കയാണ് ദേവു എന്ന് തോന്നി . എങ്കിലും എന്ത് പറയണമെന്നറിയില്ല ...

" എനിക്കറിയാം നന്ദുവേട്ടന് എന്നെ ഒരിക്കലും സ്വീകരിക്കില്ലെന്ന്. എങ്കിലും ആഗ്രഹിച്ചു പോകും. ആ മുഖം കാണുമ്പോ കൊതിച്ചു പോകും. എന്നും കൂടെ ഉണ്ടായിരുന്നു എങ്കിൽ എന്ന്.... പറ്റുന്നില്ല നന്ദുവേട്ട.... ഇനിയും എല്ലാം ഉള്ളിൽ വച്ചഭിനയിക്കാൻ...... എന്നെ എന്റെ വീട്ടിൽ കൊണ്ട് വിട് നന്ദുവേട്ടാ ഞാൻ ഇനി നന്ദുവേട്ടന്റെ ജീവിതത്തിലേക്ക് വരില്ലാ. ശല്ല്യം ആവില്ല... അച്ഛൻ വന്നാലും വന്നില്ലെങ്കിലും ഞാൻ ഇനി ആ വീട്ടിലേക്കില്ല... "

എന്റെ ഭാഗം മൗനമാണെന്നു കണ്ടു ദേവു അതു കൂടി കൂട്ടിച്ചേർത്തു .

" ആഗ്രഹിച്ചതിന്റെ തെറ്റാ എന്റെ... ...... "

ദേവു കരയുന്നതിനിടയിലും എന്തോക്കെയോ പുലമ്പിക്കൊണ്ടിരുന്നു . അവളുടെ വാക്കുകൾ പലതും മുറിഞ്ഞു പോകുന്നുണ്ടായിരുന്നു.

കാറിനുള്ളിൽ പരസ്പരം ഞങ്ങൾ ഒന്നും മിണ്ടാതെ ഏറെ നേരം ഇരുന്നു. ദേവുവിനോട് എന്ത് പറയണമെന്നോ എന്ത് ചെയ്യണമെന്നോ എനിക്ക് അറിയില്ല . മുന്നിലേക്ക് തല കുമ്പിട്ടു കൈ കൊണ്ട് മുഖം പൊത്തി ഇരുന്നു അപ്പോളും കരച്ചിലടക്കാതെ ഇരിക്കുകയാണ് ദേവു .. ദേവുവിന്റെ ഏങ്ങലടി മാത്രം മുഴങ്ങി കേട്ട കുറെ നിമിഷങ്ങൾ കടന്നു പോയി. പരസപരം ഒന്ന് നോക്കുക പോലും ചെയ്യാതെ ഞങ്ങൾ രണ്ടു പേരും അങ്ങിനെ ഒരുപാട് നേരം ഇരുന്നു ..

" പോകാം .. "

ഏറെ സമയമെടുത്തു എനിക്ക് അതവളോട് ചോദിക്കാൻ ഉള്ള ധൈര്യം സംഭരിക്കാനായി.. എന്റെ ചോദ്യം കേട്ട അവൾ തല ഉയർത്തി എന്റെ തീരുമാനം എന്തെന്നറിയാനായി കാത്തിരുന്നു.

" വീട്ടിലേക്ക് ആണ് . തന്റെ അച്ഛൻ വരുന്ന വരെ താനെങ്ങും പോകുന്നില്ല. "

ഞാനെന്റെ തീരുമാനമറിയിച്ചു കാർ മുന്നിലേക്ക് എടുത്തു . മറുത്തൊന്നും പറയാതെ ദേവു എന്നെ തന്നെ നോക്കി ഇരുന്നു..

ദേവാനന്ദക്കു എന്നോട് പ്രണയമാണെന്ന്. അതും കാലങ്ങളായി. എനിക്ക് വിശ്വസിക്കാനാവുന്നില്ല. ഞാൻ ഒരിക്കലും അവളിൽ നിന്നും പ്രതീക്ഷിക്കാത്ത ഒന്ന്. ഇതുവരെയും ആഗ്രഹിക്കാത്ത ഒന്ന്. അവൾ പറഞ്ഞത് സത്യമാണോ അല്ലയോ എന്ന് പോലും എനിക്ക് അറിയില്ല. എങ്കിലും ഈ രണ്ടു ദിവസം ദേവുവിന്റെ സാമിപ്യം എന്നിൽ വല്ലാത്ത മാറ്റങ്ങളുണ്ടാക്കിയിരുന്നതായ് എനിക്ക് തോന്നി . അവൾ കൂടെയുള്ളപ്പോൾ ചുറ്റുമുള്ളതെല്ലാം മറക്കുന്ന പോലെ. എല്ലാം അവളിലേക്ക് ഒതുങ്ങുന്ന പോലെ . പക്ഷേ അതിനെ പ്രണയമെന്നു പേരിട്ടു വിളിക്കാൻ കഴിയുമോ എന്ന ചോദ്യം ഞാൻ എന്നോട് തന്നെ ഈ ചുരുങ്ങിയ സമയത്തിൽ ഒരു നൂറു തവണയെങ്കിലും ചോതിച്ചിരിക്കണം.. മനസ്സിൽ കുറെ ചോദ്യങ്ങൾ ബാക്കി ആണിന്നും.

ദേവു പറഞ്ഞതെല്ലാം സത്യം തന്നെ ആണോ ?

എങ്കിലും അവളുടെ വാക്കുകളിൽ ഒരു തരി പോലും കള്ളം കലർന്നിരുന്നതായി തോന്നിയില്ല എനിക്ക് . അവൾ മനസിൽ തട്ടി പറഞ്ഞ വാക്കുകൾ ഇന്നെന്റെ മനസ്സിൽ തന്നെ തറച്ചു കയറിയിരിക്കുന്നു.

ആഹാ ഹണിമൂണിന് പോയ പിള്ളേര് നേരത്തെ ഇങ്ങു പോന്നോ ? "

വീട്ടുമുറ്റത്തേക്കു കാർ കയറിയാതെ പുറത്തേക്കു എത്തിയ ഏടത്തി അതിശയത്തോടെ ചോദിച്ചു.

അപ്പോളാണ് കരഞ്ഞു കലങ്ങിയ കണ്ണുകളോടെ കാറിനുള്ളിൽ നിന്നിറങ്ങി വരുന്ന ദേവുവിനെ ഏടത്തി കാണുന്നത്.

" അയ്യോ.. ഇതെന്തു പറ്റി . എന്താ പറ്റ്യേ ദേവു നിനക്കു ? കരഞ്ഞോ നിയൂ.. "

ഏടത്തി ദേവുവിന്റെ അടുത്തേക്ക് എത്തുന്നതിനുള്ളിൽ ഏറെ ചോത്യങ്ങൾ ചോദിച്ചു.

" എന്താടാ ഇവൾക്ക് പറ്റ്യേ.  നീ വല്ലതും പറഞ്ഞോ ?  "

ദേവുവിൽ നിന്ന് മറുപടി കിട്ടാതെ വന്നപ്പോ ഏടത്തി എന്നോടായി ചോദിച്ചു.

"'അവൾക്കു അവിടുത്തെ ഫുഡ് പിടിച്ചില്ലെന്നു തോന്നുന്നു. ഇന്നലെ വൈകിട്ട് മുതൽ എന്തോ വയ്യായിക. ഛർദി ഒക്കെ ആയിരുന്നു .   എന്താ ചെയ്യണ്ടേ എന്ന് എനിക്ക് അറിയില്ല  .  അതാ തിരിച്ചു പോന്നത് . "

ഈ ചോദ്യം മുൻകൂട്ടി കണ്ടു പറയാൻ കരുതി വച്ച മറുപടി ഏടത്തിയോട് ഞാൻ പറഞ്ഞു.

" എന്നിട്ടു ഹോസ്പിറ്റലിൽ പോയില്ലേ  നിങ്ങൾ? "

" അവിടെ അടുത്ത് ഒരു ലോക്കൽ ഹോസ്പിറ്റലിൽ പോയി.  പക്ഷെ കുറഞ്ഞില്ല.  അതാ തിരിച്ചു പോന്നത് .  "

" ഇപ്പൊ എങ്ങനെ ഉണ്ട് മോളെ.  കുറവ് ഉണ്ടോ. "

കാറിനുള്ളിൽ നിന്നും എന്റെയും ദേവുവിന്റെയും ബാഗുകൾ എടുത്തു ഞാൻ  നടക്കുമ്പോൾ ഏടത്തിയുടെ ചോദ്യത്തിന് മറുപടി പോലും പറയാനാവാത്ത അവസ്ഥയിൽ നിൽക്കുകയായിരുന്നു ദേവു .

www.kambistories.com

അന്നത്തെ ദിവസം ഞാൻ ദേവുവിന്റെ മുന്നിൽ ചെന്നു പെടാതെ ഇരിക്കാൻ  പ്രത്യേകം ശ്രെധിച്ചു. എന്നെ കാണുമ്പോൾ ഒക്കെ എന്തോ പറയാനായി മുതിരുന്ന അവളെ ഞാൻ മനപ്പൂർവം കണ്ടില്ലെന്നു നടിച്ചു .   അവളെ അഭിമുഘീകരിക്കുക എന്നത് ശ്രെമകരമായ ഒന്നായി എനിക്ക് തോന്നി തുടങ്ങിയിരിക്കുന്നു . കാരണം അവളുടെ ഒരു ചോദ്യത്തിനും എന്റെ കയ്യിൽ ഉത്തരങ്ങൾ ഇല്ലായിരുന്നു എന്നതാണ് സത്യം.  വാടിയ റോസാപൂ കണക്കേ ആയിരുന്നു ദേവുവിന്റെ മുഖം അന്ന് മുഴുവൻ.

രാത്രി കിടക്കാൻ നേരം,  "ദേവുവിന് ഇനിയും വയ്യാതെ വന്നാലെന്തു ചെയ്യും... അത് കൊണ്ട് അവളെയും  ഏടത്തിയുടെ മുറിയിൽ കിടത്തു"  എന്ന എന്റെ അഭിപ്രായത്തിന് ഏടത്തിയും ശരി വച്ചു. എന്നെ കടന്നു ഏടത്തിയുടെ മുറിയിലേക്ക് പോകുന്ന ദേവുവിന്റെ മിഴികൾ അപ്പോളും തോർന്നിരുന്നില്ല.

......... ####....... ###......... ###....... ###...

" ഓഹ്   .  അപ്പൊ നിന്നെ കാണാൻ ആണല്ലേ അവൾ സ്ഥിരം. ക്രിക്കറ്റ് ഗ്രൗണ്ട് വലം വച്ചു കൊണ്ടിരുന്നത്?  "

സംഭവം എല്ലാം കേട്ട ഹരിയുടെ ആദ്യ പ്രതികരണം അതായിരുന്നു  ..

" ഇനി ഇപ്പൊ.  അവളെ അവളുടെ അച്ഛന്റെ കൂടെ വിടുന്നതെന്തിനാ..?   "

" എന്റെ ഹരി.  നീ എന്തൊക്കെയാ ഈ പറയുന്നേ?  "

" അപ്പൊ   നിനക്കു അവളെ ഇഷ്ടമല്ലേ..?  "

"  എന്നെ കൊണ്ട് പറ്റുന്നില്ല.  അവളെ അങ്ങനെ കാണാൻ. "

" ഒന്നുമില്ലേലും അവൾ ഇപ്പോ നിന്റെ ഭാര്യയല്ലേ.  അവളെ അല്ലാതെ വേറെ ആരെയാ അങ്ങനെ ഒക്കെ കാണണ്ടേ ? അവളെ ആകുമ്പോ നിനക്കു എങ്ങനെ ആണെങ്കിലും കാണാലോ ?  "

അവനെന്നെ കളിയാക്കുന്ന രീതിയിലാണത് പറഞ്ഞതെന്ന് എനിക്ക് മനസിലായി.

", നീ ഒന്ന് പോയെ...  മനുഷ്യന്റെ ഉള്ള സമാധാനവും കൂടി കളയാൻ ..  അവളുടെ അച്ഛനെ കണ്ടു പിടിക്കാൻ എന്തേലും വഴി പറഞ്ഞു തരാൻ പറഞ്ഞിട്ട് നീ  എനിക്ക് ദാമ്പത്യം ഉണ്ടാക്കാൻ നടക്കുന്നോ ? "

" എനിക്ക് ചുറ്റും നടക്കുന്നത് എന്താണെന്നു  എനിക്ക് തന്നെ  മനസിലാവാതെ  ഇരിക്കെയാ.  അപ്പോളാ ഒരു പ്രേമവും മണ്ണാങ്കട്ടയും.. "

" അളിയാ ഞാൻ ഒരു തമാശ പറഞ്ഞതാ നീ ചൂടാവല്ലേ. .. "

ഹരി എനിക്ക് കുഞ്ഞിലേ തൊട്ടുള്ള കൂട്ടാണ്  .  എന്ത് കാര്യം പറഞ്ഞാലും തുടക്കത്തിൽ ഇതുപോലെ തമാശിക്കുമെങ്കിലും കാര്യത്തോട് അടുക്കുമ്പോൾ എനിക്ക് താങ്ങും തണലും എന്നും അവൻ തന്നെ ആണ്.

" അയാളെവിടെ പോയി എന്നൊരു സൂചനയും ഇല്ലാതെ എവിടെ പോയി കണ്ടുപിടിക്കാനാ.?  ഇനി ആ രാമൻ ചേട്ടൻ പറഞ്ഞത് പോലെ അയാൾക്ക് വല്ലതും സംഭവിച്ചു കാണുമോ ?  "

ഹരിയുടെ സംശയം എനിക്കും ഇല്ലാതിരുന്നില്ല.

"  എനിക്കും  സംശയമുണ്ട്  ഹരി.   ആ  രാഘവനെ.   അല്ലെങ്കിൽ  അച്ഛനെ  അന്വേഷിച്ചു  നമ്മൾ നടക്കുന്നതിന്  അയാൾക്  എന്താ  ?   ഒന്നെങ്കിൽ  അവളുടെ  അച്ഛനെ  അയാളെന്തെങ്കിലും ചെയ്തിട്ടുണ്ടാവണം. അല്ലെങ്കിൽ അച്ഛന്റെ ഈ തിരോധാനത്തിനു  പിന്നിൽ അയാൾക്കും എന്തെങ്കിലും പങ്കുണ്ടാവണം..  "

" അല്ല.   നമ്മൾ അച്ഛനെ അന്വേഷിച്ചു നടക്കുന്ന കാര്യം അയാളെങ്ങനെ അറിഞ്ഞു ?  "

ഹരിയുടെ സംശയം അപ്പോളാണ് എനിക്കും തോന്നിയത്

" ഇനി നമ്മൾ അന്വേഷിച്ചു പോയ അച്ഛന്റെ കൂട്ടുകാർ ആരെങ്കിലും ഒറ്റിയതാണോ?  "

" അങ്ങനെ ആവാനും സാധ്യത ഉണ്ട് അളിയാ  ...   "

"  ശ്യേ.    ഒന്നിനും  ഒരു  തലയും  വാലും  ഇല്ലാതെ  എല്ലാം  ചുരുണ്ടു  കൂടി  കിടക്കയാണല്ലോ.?  എവിടെ തുടങ്ങണം എന്നോ എവിടെ പിടിച്ചാൽ കാര്യം എളുപ്പം നടക്കുമെന്നോ ഒന്നും അറിയില്ലല്ലോ.?  "

" എനിക്ക് തോന്നുന്നു നിന്നോട് പറഞ്ഞതിനും അപ്പുറം എന്തൊക്കെയോ രഹസ്യങ്ങൾ ഇപ്പോളും ആ കുട്ടിയിൽ ഉണ്ടെന്ന . നീ കാര്യമായി ഒന്ന് കൂടി ചോതിച്ചാൽ ചിലപ്പോൾ അറിയാൻ കഴിയും. "

" ആ ചോദിക്കാൻ പറ്റിയ സമയം. ഇപ്പൊ അച്ഛനെ കുറിച്ച് ചോദിക്കാൻ ചെന്നാൽ അവള് കരുതില്ലേ അവളെ ഞാൻ ഒഴിവാക്കാൻ ശ്രമിക്കയാണെന്നു. "

":അവളെന്തെങ്കിലും വിചാരിക്കട്ടെ . അതിന് നിനക്കു എന്താ ? കാര്യം നടക്കണമെങ്കിൽ ഇതേ മാർഗം ഒള്ളൂ മോനെ.. "

" എന്ത് പണ്ടാരമെങ്കിലും ആകട്ടെ. പോയി ചോദിച്ചു കളയാം . ആവശ്യം എന്റെ ആയി പോയില്ലേ "

ആ വാക്കുകളിലൂടെ ഞാൻ ഞാൻ അനുഭവിക്കുന്ന എല്ലാറ്റിനോടുമുള്ള വെറുപ്പ് ഞാൻ ഹരിക്കു തെളിയിക്കുക ആയിരുന്നു...

....

കുറച്ചു നാളുകൾക്കുള്ളിൽ എനിക്ക് സംഭവിച്ച മാറ്റങ്ങൾ ഞാൻ ചിന്തിച്ചു പോയി. പലതും ഉത്തരങ്ങൾ കണ്ടെത്താത്ത ചോദ്യങ്ങളായി മാത്രം അവശേഷിക്കുന്നു.. ദേവാനന്ദയുടെ കഥ എന്നും ഒരു നിഗൂഢത നിറഞ്ഞതാണ്. പക്ഷെ എനിക്ക് അറിയേണ്ടത് അതല്ലല്ലോ. അവളുടെ കഥയിലെ എന്റെ വേഷം എന്തെന്നുള്ളതാണ്.. നായകനോ .. വില്ലനോ അതോ വെറും ഹാസ്യനടനോ??

മനസിലായിരം ചിന്തകൾ ഓടി മറയുന്നതിനിടയിൽ ആണ് ഏതോ ഒരു പെൺകുട്ടി എന്റെ മുന്നിലേക്ക് ഓടി കിതച്ചെത്തിയത്.. മുൻപ് കണ്ടു പരിജയം പോലും ഇല്ലാത്ത ആ കുട്ടി എന്നെ പേര് വിളിച്ചഭിസംബോധന ചെയ്തത് എനിക്ക് ആശ്ചര്യമയി തോന്നി..

" എന്താ ഡീ.. നീ എന്തിനാ ഈ കിടന്നു കിതക്കുന്നെ.... "

ഓടിപിടിച്ചു വരുന്നതിനിടയിൽ ശ്വാസം എടുക്കാൻ ബുദ്ധിമുട്ടുന്ന ആ കുട്ടിയോട് ഹരിയാണ് അത് ചോദിച്ചത്..

" അനന്ദു ചേട്ടാ.... ദേവനന്ദ ക്ലാസ്സിൽ തല കറങ്ങി വീണു.. "

കേട്ട പാതി കേൾക്കാത്ത പാതി പിന്നെ ഒരു ഓട്ടമായിരുന്നു. . ക്ലാസ്സിനുള്ളിൽ തിങ്ങി നിക്കുന്ന ആളുകളെ വകഞ്ഞു മാറ്റി ദേവുവിന്റെ അടുത്തെത്തുമ്പോൾ ബോധമില്ലാതെ ആരുടെയോ മടിയിൽ കിടക്കുകയായിരുന്നു അവൾ. ഒന്നും നോക്കാതെ മറ്റൊന്നും ചിന്തിക്കാതെ അവളെ എടുത്തുയർത്തി ഞാൻ കാറിനരികിലേക്കു ഓടി. നടന്നതൊന്നും എന്റെ സ്വബോധത്തോടെ അല്ലെന്നു എനിക്ക് ഹോസ്പിറ്റലിലെ വരാന്തയിൽ ഇരിക്കുമ്പോളാണ് മനസിലാകുന്നത്. എല്ലാം ഒരു വെപ്രാളം ആയിരുന്നു.
.

" എന്ത് പറ്റിയതാ ഡാ "

എന്ന ഹരിയുടെ ചോദ്യത്തിന് മനസ് പല ഉത്തരണങ്ങളും കണ്ടെത്തി എങ്കിലും അതൊന്നും ആകരുതേ എന്ന് ഞാൻ പ്രാർഥിച്ചു..

" നീ വെറുതെ ടെൻഷൻ അടിക്കണ്ടാ.  അവൾക്ക് കുഴപ്പം ഒന്നുമുണ്ടാകില്ല.. "

എന്റെ അവസ്ഥ കണ്ടിട്ടാകണം അവൻ അങ്ങനെ പറഞ്ഞത്.

ഒരുപാടു നേരം കാത്തു നിൽക്കേണ്ടി വന്നില്ല ഡോർ തുറന്നു പുറത്തേക്കിറങ്ങി വന്ന ലേഡി ഡോക്ടറെ കണ്ടു ഞങ്ങൾ രണ്ടു പേരും എഴുന്നേറ്റു നിന്നു.

" ഡോക്ടർ ഇത് ദേവാനന്ദയുടെ ഭർത്താവാണ്.  "

ഡോക്ടറെ കണ്ടയുടൻ ഒരാവശ്യവും ഇല്ലാതെ ഹരി ചാടി കയറി പറഞ്ഞു.

" അതിന്?  "

ആ ഡോക്ടറുടെ മറുപടി കേട്ട് ഞങ്ങൾ രണ്ടുപേരും ഒരു പോലെ ചൂളി  പോയി... പറഞ്ഞു തീരുന്നതിന് മുൻപേ അവരെന്റെ നേരെ തിരിഞ്ഞു.

" നിങ്ങൾ ആ കുട്ടിക്ക് കഴിക്കാനൊന്നും കൊടുക്കാറില്ലെ ഡോ?  "

ഡോക്ടർ പറഞ്ഞതിനർദ്ധം മനസിലാവാതെ ഞാൻ നിന്നു

" ഡോക്ടർ എന്തെങ്കിലും കുഴപ്പമുണ്ടോ?  "

" എന്ത് കുഴപ്പം.  ആ കുട്ടി ഭക്ഷണം കഴിക്കാത്ത കൊണ്ട് തലകറങ്ങി വീണതാണ്. അല്ലാതെ അതിന് യാതൊരു കുഴപ്പവും ഇല്ല.  ഭർത്താവാണെന്നു പറഞ്ഞിട്ട് കാര്യമില്ല ഭാര്യമാരെ നന്നായ് നോക്കാൻ പഠിക്കണം. അതെങ്ങനെയാ മൊട്ടേന്നു വിരിയുന്നെന് മുൻപേ കെട്ടാൻ മുട്ടി നിക്കും..  കെട്ടിക്കഴിഞ്ഞു തിരിഞ്ഞു നോക്കരുത്... ... കൂടുതലൊന്നും ഞാൻ  പറയുന്നില്ല...... "

അവരെന്തിനാണ് ഇത്രക് ദേഷ്യപ്പെടാൻ കാരണം എന്ന് എനിക്ക് മനസിലായില്ല.  എങ്കിലും അവർ പറഞ്ഞതെല്ലാം കേട്ട് തല താഴ്ത്തി നിൽക്കാനേ എനിക്കപ്പോൾ കഴിഞ്ഞുള്ളു...

പുശ്ചത്തോടെ അവരതും പറഞ്ഞു ഞങ്ങളെ മറികടന്നു പോയി  ..  എല്ലാം കേട്ട് ഡോക്ടറുടെ കൂടെ ഉണ്ടായിരുന്ന നേഴ്സ് മാത്രം ഞങ്ങൾക്ക് ഒപ്പം നിന്നു.

" ആ ഡോക്ടറിന് അങ്ങനെയാ..ഈ അടുത്ത അവരുടെ  കെട്ട്യോൻ ഇട്ടിട്ടു പോയതു.  അതിന്റെ കലിപ്പാ അവർക്കു . നിങ്ങളത് കാര്യം ആക്കണ്ട  .. ആ കുട്ടിക്ക് കുഴപ്പൊന്നുല്ല..  ഡ്രിപ്പ് ഇട്ടിട്ടുണ്ട്. കഴിഞ്ഞാൽ വീട്ടിലേക്കു പോകാം. "

സമാധാനവാക്കെന്ന വണ്ണം അവരതു പറഞ്ഞു.

" കാണാമോ?  "

" കണ്ടോ  ! ഉറങ്ങുക ആണന്നു തോന്നുന്നു   "

അതുംപറഞ്ഞവർ ഞങ്ങളെ അകന്നു പോകുമ്പോൾ ഞാനും ഹരിയും ദേവു കിടന്ന റൂമിനുള്ളിലേക്ക് കയറി.

" ഒന്ന് തല കറങ്ങി വീണതിനാണോ ഇത്ര വലിയ റൂമിൽ കൊണ്ട് വന്നത് വല്ല വാർഡിലും കൊണ്ട് കിടത്തിയാൽ മതി ആയിരുന്നല്ലോ. "

കയറി വന്നതേ ഹരി അങ്ങനെ പറഞ്ഞതിൽ തെറ്റൊന്നും എനിക്കും തോന്നിയില്ല. വിശാലമായ ആ മുറിയിൽ അവൾ മാത്രമേ ഉണ്ടായിരുന്നുള്ളു.

നല്ല ഉറക്കത്തിലാണ് ദേവു. ഞാൻ നടന്നു അവളുടെ കട്ടിലിനരികിൽ ഉള്ള കസേരയിൽ ചെന്നിരുന്നു. അവളുടെ ആ കിടപ്പു നോക്കി നിൽക്കെ എനിക്ക് സഹതാപത്തെക്കാൾ കുറ്റബോധം ആണ് തോന്നിയത്. ഇവളുടെ ഈ അവസ്ഥക്കും കാരണക്കാരൻ ഞാനാണല്ലോ എന്നോർത്ത്. എനിക്ക് എന്നോട് തന്നെ എന്തെന്നില്ലാത്ത ദേഷ്യം തോന്നി.

" പാവം കുട്ടി "

ദേവുവിന്റെ കിടപ്പു നോക്കി ഇരിക്കുന്ന എന്റെ തോളിൽ കൈ അമർത്തി ഹരി അത് പറഞ്ഞു.

അപ്പോളേക്കും കതകു തുറന്നു മുൻപ് കണ്ട അതെ നേഴ്സ് വീണ്ടും കടന്നു വന്നു.

അവരകത്തെക്ക് കയറി വന്നു ദേവുവിന്റെ അടുത്തെത്തി എന്തൊക്കെയോ ചെയ്യുന്നത് ഞാൻ കൗതുകത്തോടെ നോക്കി നിന്നു. ഇടക്കെപ്പോളോ എന്നെ നോക്കിയാ അവരൊരു ചിരി പാസാക്കി. തിരിച്ചു ഞാനും..

" ആഹാ എഴുന്നേറ്റോ? "

അപ്പോളാണ് പാതി മയക്കത്തിൽ നിന്നും. ഒന്നും മനസിലാവാത്തവളെ പോലെ കണ്ണും മിഴിച്ചു എന്നെയും നേഴ്സിനെയും നോക്കി കിടക്കുന്ന ദേവുവിനെ ഞങ്ങൾ ശ്രദ്ധിച്ചത്.

" പേടിക്കാനൊന്നുല്ല ... കൃത്യ സമയത്ത് ഫുഡ് കഴിക്കാത്തതിന്റെയാ.. "

ആ നേഴ്സ് ദേവുവിനോടായി പറഞ്ഞു.

" ഒന്നാമത് എല്ലും തോലും പോലെ ഇച്ചിരി ഒള്ളൂ ആള്. ഇനി പട്ടിണി കൂടെ കിടക്കല്ലെ. "

അത്രയും പറഞ്ഞു അവർ മുറിക്കുള്ളിൽ നിന്നിറങ്ങി പോയി.. അപ്പോളാണ് ഹരി അടുത്തെങ്ങും ഇല്ലെന്ന കാര്യം ഞാൻ ശ്രെധിച്ചത്. അവരുടെ കൂടെ അവനും ഇറങ്ങി പോയി ഇരിക്കണം. " കാട്ടു കോഴി... " ഞാൻ മനസ്സിൽ കളിയാക്കി വിളിച്ചു.

" നന്ദുവേട്ടാ ..... "

ദേവുവിന്റെ ആ വിളിയിൽ അവൾക്കുണ്ടായിരുന്ന ക്ഷീണമത്രയും പ്രകടമായിരുന്നു..

" ദേഷ്യം ആണോ എന്നോട് ?  "

ആഹ് വയ്യായികയിലും അവൾക്കറിയേണ്ടതത്ര മാത്രമേ ഒള്ളോ എന്ന് എനിക്ക് തോന്നി   ..

" മ്മ്.. " അതെ എന്ന അർഥത്തിൽ ഞാൻ ഒന്ന്  മൂളി.

" ആ ഡോക്ടറുടെ വായിലെ തെറി മുഴുവനെന്നെ കേൾപ്പിച്ചില്ലേ താൻ?  "

" അവര് ചീത്ത വിളിച്ചോ?  എന്തിന് ? "

" തന്നെ പട്ടിണിക്കിട്ടതിന്.  "

അവൾ പെട്ടന്ന് തല വെട്ടിച്ചു എന്റെ നോട്ടത്തിൽ നിന്നു ഒഴിഞ്ഞു മാറി...

" സോറി..  "

കുറച്ചു നേരത്തെ മൗനം വെടിഞ്ഞു അവൾ പറഞ്ഞു.

":എന്തിന് ?  "

" ചീത്ത കേട്ടില്ലേ അതിന്.  "

" മ്മ് സാരമില്ല.  "

വീണ്ടും മൗനം.  റൂമിനുള്ളിൽ കറങ്ങുന്ന ഫാനിന്റെ ശബ്ദത്തിനു അപ്പുറം ഒന്നും ആ മുറിയിൽ കേൾക്കനുണ്ടായിരുന്നില്ല.  തൊട്ടടുതുണ്ടായിരുന്നിട്ടും പരസ്പരം തമ്മിൽ ഒന്ന് നോക്കനോ മിണ്ടനോ രണ്ടാൾക്കും മടി ആയിരുന്നു. ദേവുവിലൂടെ  ഓരോ തവണ കണ്ണോടിക്കുമ്പോളും  എല്ലാറ്റിനും കാരണക്കാരൻ താനാണെന്ന് മനസിനുള്ളിൽ ഇരുന്നാരോ കുറ്റപ്പെടുത്തുന്ന പോലെ തോന്നി.

" നല്ല ക്ഷീണം ഉണ്ടോ  ?  "

.  ഉണ്ടെന്നവൾ മറുപടി തന്നു.

" സാരമില്ല   ഇതിപ്പോ തീരും..  എന്നിട്ടു വീട്ടിലേക്ക്  പോകാമെന്ന് പറഞ്ഞിട്ടുണ്ട്.  "

" നമ്മൾ വന്നിട്ട് ഒത്തിരി നേരം ആയോ ?  "

കറങ്ങുന്ന ഫാനിലേക്കു മാത്രം ശ്രദ്ധ വച്ചുകൊണ്ട് ദേവു ചോദിച്ചു.

" മ്മ്  ..  കുറച്ചായി...  "

" അമ്മയും ചേച്ചിയും?  "

www.kambistories.com

" ഞാൻ പറഞ്ഞിട്ടില്ല.  ഇനി വേണം  വിളിച്ചറിയിക്കാൻ.  "

താനെന്താ ഒന്നും കഴിക്കാതിരുന്നത്. "

മൗനമായിരുന്നു അതിനുള്ള മറുപടി എങ്കിലും ഉത്തരം അവളുടെ കണ്ണുകൾ എനിക്ക് പറഞ്ഞു തരുന്നുണ്ടായിരുന്നു . നിറഞ്ഞൊഴുകാൻ വെമ്പി നിൽക്കുന്ന ആ മിഴികളിലെ ദുഃഖം ഞാൻ കണ്ടില്ലെന്നു നടിച്ചു ..

പെട്ടന്ന് കതകു തള്ളിത്തുറന്നു ഹരി കയറി വന്നു.  കൂടെ അമ്മയും ഏടത്തിയും ഉണ്ടായിരുന്നു....

" ഞാനന്നേ പറഞ്ഞതാ ഈ കുട്ടിയോട് വയ്യാന്നുണ്ടേൽ ഹോസ്പിറ്റലിൽ പോകാമെന്നു..  ഇപ്പൊ എങ്ങനെ ഉണ്ട് ?  "

കയറി വന്നതേ ശകാരമെന്നോണം ഏടത്തി പറഞ്ഞു.

", കുഴപ്പമൊന്നും ഇല്ല ചേച്ചി.. "

" എന്നിട്ടാണോ തല കറങ്ങി വീണത്?  " അവരെ കണ്ടു എഴുന്നേൽക്കാൻ ഭാവിച്ച ദേവുവിനെ പിടിച്ചു വീണ്ടും കിടത്തി കൊണ്ട് ഏടത്തി പറഞ്ഞു

ഇവൾ ഹോസ്പിറ്റലിൽ ഉള്ള കാര്യം വീട്ടുകാരോട് ആര് പറഞ്ഞു എന്ന് ഞാൻ ആലോചിച്ചിരിക്കുമ്പോളാണ് വളിച്ച ചിരിയുമായി ഹരി മുറിക്കു വെളിയിലേക്കു ഇറങ്ങിപ്പോയത് കണ്ടത് .

അമ്മക്ക് ഇരിക്കാൻ കസേര ഒഴിഞ്ഞു കൊടുത്തു ഞാൻ മുറിയുടെ ഒരു മൂലയിലേക്ക് ഒതുങ്ങി നിന്നു.

" കുറവുണ്ടോ മോളെ?  "

ദേവുവിന്റെ നെറുകയിലൂടെ കൈയടിച്ചു അമ്മ ചോദിച്ചു.

" ഉണ്ടമ്മേ.... "

ദേവുവിന്റെ മറുപടിക്കു കാത്തുനിൽക്കത്തെ അമ്മ എന്റെ നേരെ തിരിഞ്ഞു.

" ഡോക്ടർ എന്ത് പറഞ്ഞെടാ?  "

" ഈ ഡ്രിപ്പ് കഴിഞ്ഞാൽ വീട്ടിൽ പോകാമെന്നു പറഞ്ഞു.  "

" ക്ഷീണം ഉണ്ടെങ്കിൽ നമുക്കിന്നൊരു ദിവസം കൂടി ഇവിടെ കിടക്കാം മോളെ?  "

അമ്മയുടെ അഭിപ്രായം ദേവു സ്നേഹത്തോടെ നിരസിച്ചു.. സ്വന്തം മകൾ എന്ന രീതിയിൽ ഏടത്തിക്കു നൽകുന്ന അതെ സ്നേഹവും പരിഗണയും അമ്മ ആരും ആഗ്രഹിക്കാത്ത ഒരവസ്ഥയിൽ വീട്ടിലേക്കു

കയറി വന്ന ദേവുവിനും നൽകുന്നതു കണ്ട് എനിക്ക് അമ്മയോട് ബഹുമാനം തോന്നി. അമ്മയുടെ തലോടലിൽ കണ്ണടച്ച് കിടക്കുന്ന ദേവുവിനെ കണ്ട് എനിക്ക് അസൂയ തോന്നി . എന്നോട് മാത്രമാണിപ്പോളും അമ്മക്കു അകൽച്ച. എന്ന വസ്തുത എന്നിൽ നേരിയ തോതിൽ വിഷമവും ഉണ്ടാക്കി.

":ഇവന്റെ കൂടെ നാട്ടിൽ പോയി വന്നപ്പോൾ മുതൽ തുടങ്ങിയ അസുഖവും ക്ഷീണവും ആണ് ഈ കുട്ടിക്ക്. "

" അതിന് ഞാനെന്തു ചെയ്തിട്ടാ... ? "

ഏടത്തി കുറ്റപ്പെടുത്തൽ മുഴുവിപ്പിക്കുന്നതിന് മുന്നേ ഞാൻ ചോദിച്ചു.

" നീ എന്തെങ്കിലും ചെയ്തോ എന്ന ഞാനും ചോദിക്കുന്നത്. നീ ഒന്നും ചെയ്യണ്ടും പറയാണ്ടും ഈ കുട്ടി വെറുതെ പട്ടിണി കിടക്കോ . ? "

ഏടത്തി പറഞ്ഞത് ശരി ആകാം എന്ന ഭാവത്തിൽ അമ്മയും എന്നെ സൂക്ഷിച്ചു നോക്കി

" നന്ദുവേട്ടനൊന്നും ചെയ്തതല്ല.. അമ്മേ... എനിക്ക് വിശപ്പില്ലാത്ത കൊണ്ടാ ഞാൻ കഴിക്കാഞ്ഞത്.. "

എല്ലാം കേട്ടുകൊണ്ട് മാത്രം ഇരുന്ന ദേവു ചാടി പറഞ്ഞു. എല്ലാറ്റിനും കാരണക്കാരൻ ഞാൻ ആയിരുന്നു എങ്കിലും എന്നെ ന്യായികരിക്കാൻ അവൾ ശ്രമിക്കുന്നത് കണ്ടപ്പോൾ എനിക്ക് അവളോടെന്തെന്നില്ലാത്ത ബഹുമാനം തോന്നി.

www.kambistories.com

" അതെങ്ങനെയാ.. നീ അങ്ങനെയേ പറയു എന്നെനിക്ക് അറിയാം. രണ്ടും കണക്കാ... "

വെറുതെ ഒരു കളിയാക്കലെന്ന വണ്ണം ഏടത്തി അങ്ങനെ പറഞ്ഞു നിർത്തി.

" മോളെ. ആരെങ്കിലും എന്തെങ്കിലും പറഞ്ഞു എന്ന് വിചാരിച്ചു ആഹാരം കഴിക്കാതിരിക്കുകയല്ലാ വേണ്ടത്. അത് മോളുടെ ആരോഗ്യത്തിന് തന്നെയാ കേടു... അവനങ്ങനെ പലതും പറയും... "

അമ്മ ഒളിഞ്ഞും മറഞ്ഞും എന്നെ ഉദ്ദേശിച്ചാണങ്ങനെ പറഞ്ഞതെന്ന് എനിക്ക് വ്യക്തമായി മനസിലായി.

" അങ്ങെനെ വല്ലതും ഇനി ഉണ്ടെങ്കിൽ മോളെന്നോട് പറഞ്ഞൽ മതി ട്ടോ.. "

അമ്മയുടെ തലോടലിനു പുറമെ ആ സ്വാന്ത്വന വാക്കുകൾ കൂടി കേട്ട് ദേവു അമ്മക്കു ഒരു ചെറു പുഞ്ചിരി സമ്മാനിച്ചു. അമ്മക്ക് ദേവുവിനോടുള്ള സ്നേഹം ഞാൻ കണ്ടറിയുക ആയിരുന്നു. അമ്മയുടെ ലാളന ഏറ്റു കണ്ണടച്ച് കിടക്കുന്ന ദേവുവിനെ ഞാൻ അസൂയയോടെ നോക്കി നിന്നു.

എല്ലാം കഴിഞ്ഞു അമ്മയുടെ തോളും ചാരി അവൾ ആശുപത്രി വരാന്ത നടന്നു നീങ്ങുമ്പോൾ അമ്മക്ക് അവളോടുള്ള സ്നേഹവും കരുതലും ഞാൻ കണ്ടറിയുക ആയിരുന്നു.

###......... #####....... ###..........

പകൽ  ദേവുവിന് വയ്യാതെ ആയി എന്നറിഞ്ഞപ്പോൾ മനസിന് ഒരു സമാധാനവും തോന്നിയിരുന്നില്ല. എന്തൊക്കെയാണ് ഞാൻ അപ്പോൾ ചെയ്തു കൂട്ടിയതെന്നു പോലും എനിക്ക് ഓർമ ഇല്ല.  അവളെയും എടുത്ത് ഹോസ്പിറ്റലിലേക്ക് പോകാൻ എന്നെ  പ്രേരിപ്പിച്ച ഘടകം  എന്താണ്? . അങ്ങനെയൊക്കെ ചെയ്യാൻ അവളെന്റെ ആരും അല്ലല്ലോ

" ആ സമയത്ത് ആരായാലും അതു തന്നെ അല്ലെ ചെയ്യൂ... "

എന്റെ മനസേന്നോട് മന്ത്രിച്ചു.

" എടാ ചെക്കാ നിനക്ക് ഉറക്കമൊന്നും ഇല്ലേ?  "

രാത്രി ഉറക്കം വരാതെ കട്ടിലിൽ എന്തൊക്കെയോ ആലോചിച്ചു തിരിഞ്ഞും മറിഞ്ഞും കിടക്കുമ്പോളാണ് ഏടത്തി കയറി വന്നത്.

കയറി വന്നതേ ഏടത്തി ദേവുവിന്റെ ബുക്കുകൾ വച്ചിരിക്കുന്ന മേശയുടെ ഭാഗത്തേക്ക് തിരിഞ്ഞു എന്തോ തിരയാൻ ആരംഭിച്ചു.

" എന്താ?  "

":എന്ത്?  "

" ഏടത്തി എന്താ ഈ തപ്പുന്നതെന്നു?  "

" അതോ. .  ആ പെണ്ണിന്റെ രണ്ടു ബുക്ക്.. ഇന്ന് അവൾ എന്റെ കൂടെയാ... ഇന്നും രാത്രി വയ്യാതായാലോ? നിനക് ശ്രെദ്ധിക്കാൻ നേരമില്ലല്ലോ  "

" മ്മ്. .. അതാ നല്ലത് ?  "

എന്റെ മറുപടി കേട്ട് ഏടത്തി എന്നെ രൂക്ഷമായി ഒന്ന് നോക്കി

" എന്ത് കെട്ട്യോനാടാ നീയ്? ആ പെണ്ണിന്  വയ്യാതിരിക്കുമ്പോൾ കൂടെ ഇരിക്കേണ്ടവനാ...ഇവിടെ സുഖിച്ചു കിടക്കുന്നത്.  എന്നെ കൊണ്ട് ഒന്നും പറയിപ്പിക്കണ്ടാ... "

" അതിനല്ലേ ഏടത്തിയും അമ്മയും ഒകെ ഉള്ളത്   "

" ഞങ്ങളെ പോലെ ആണോ അവൾക് നീയ്?  "

ഏടത്തി പറഞ്ഞതിന്റെ പൊരുൾ എനിക്കപ്പോൾ ഒട്ടും മനസിലായില്ല

" അതെന്താ എനിക്ക് കൊമ്പുണ്ടോ?  "

" കൊമ്പ് ...  ഒന്ന് പോടാ ചെക്കാ നീയ്...  അല്ലേലും ഈ ആണുങ്ങൾക്ക് ഒന്നും ഞങ്ങൾ ഭാര്യമാരുടെ വിഷമം  അറിയ്യണ്ടല്ലോ..  ചേട്ടനും കണക്കാ അനിയനും കണക്കാ?  "

www.kambistories.com

ബുക്ക് തപ്പുന്നതിനിടയിൽ ഏടത്തി ആരോടെന്നില്ലാതെ പറഞ്ഞു.

" ദേ... എന്നെ വേണേൽ പറഞ്ഞോ. പക്ഷെ എന്റെ മണുങ്ങൂസൻ ചേട്ടനെ പറ്റി പറഞ്ഞാൽ ഉണ്ടല്ലോ? "

വെറുതെ ഏടത്തിയെ ചൊടുപ്പിക്കാനാണ് അത് പറഞ്ഞത് എങ്കിലും ഏടത്തിക്കു അത് ശരിക്കും ദേഷ്യമാണുണ്ടാക്കിയത്... കയ്യിൽ കിട്ടിയ കട്ടിയുള്ള ഒരു ബുക്ക് എടുത്ത് എന്റെ നേരെ ഒറ്റ ഏറായിരുന്നു അവർ. ഏടത്തിക്ക് ഉന്നം ഇല്ലാത്തതു കൊണ്ടും എന്റെ ഭാഗ്യം കൊണ്ടും അത് ദേഹത്ത് കൊള്ളാതെ എനിക്ക് ഒഴിഞ്ഞു മാറാൻ സാധിച്ചു.

എന്നിട്ടും കലി തീരതെ അവര് മറ്റൊരു ബുക്കും കയ്യിലോങ്ങി കൊണ്ട് എന്റെ നേർക്കു പാഞ്ഞടുത്തു...

"'കെട്ടിയവളെ മര്യാതക്ക് നോക്കത്തും ഇല്ല. എന്നിട്ടു ഉപദേശിച്ച നന്നായാലോ എന്ന് കരുതി ഓരോന്ന് പറയുമ്പോൾ കളിയാക്കുന്നോ ? "

കയ്യിലിരുന്ന ബുക്ക് കൊണ്ട് അവരെന്നെ തല്ലാൻ കൈ ഓങ്ങിയതും ഞാൻ ഏടത്തിയുടെ കയ്യിൽ നിന്നും ബുക്ക് തട്ടിപ്പറിച്ചു.

" ഏടത്തി സോറി . ഞാൻ വെറുതെ പറഞ്ഞതാ.... "

എന്റെ ക്ഷമാപണത്തിൽ വലിയ ആത്മാർത്ഥത ഉണ്ടായിരുന്നില്ല എങ്കിലും ഏടത്തിയെ തണുപ്പിക്കാൻ അത് മതിയായിരുന്നു.

" എടാ നന്ദു നീ എന്താടാ ഇങ്ങനെ? ഒന്നുമില്ലെങ്കിലും നിന്നെ വിശ്വസിച്ചു ഇറങ്ങി വന്നതല്ലേ അവൾ.. എന്നിട്ട് നീയിപ്പോഴും ഈ കുട്ടികളിയും മറ്റുമായി നടന്നാലോ... "

കട്ടിലിൽ എന്റെ അരികിലായി ഇരുന്നു ഏടത്തി വീണ്ടും ഉപദേശം തുടങ്ങി. അവരെ സത്യാവസ്ഥ പലതവണ പറഞ്ഞു മനസിലാക്കാൻ ശ്രമിച്ചിട്ടും അതൊന്നും കാര്യമാക്കാതെയുള്ള ഏടത്തിയുടെ സംസാരം എനിക് അരോചകം ആയി തോന്നി. അവരുടെ സംസാരം ശ്രദ്ധിക്കാതെ കയ്യിൽ ഇരുന്ന പുസ്തകത്തിന്റെ താളുകൾ തുറന്നും അടച്ചും ഇരുന്ന് ഞാൻ എന്റെ പ്രതിഷേധം അറിയിച്ചു..

ഇതൊന്നും വകവെക്കാതെ എന്തൊക്കെയോ പറഞ്ഞു കൊണ്ടിരിക്കയാണ് ഏടത്തി.

ഏടത്തിയിൽ നിന്നും എന്റെ ശ്രദ്ധ പൂർണമായും ആ പുസ്തക താളുകളിലേക്കു തിരിഞ്ഞപ്പോളാണ് കയ്യിലിരിക്കുന്നത് ദേവുവിന്റെ ഡയറി ആണെന്ന് മനസിലായത്. ഒരുതവണ തുറന്നു നോക്കിയപ്പോൾ ദേവുവിന്റെ വക ശകാരം കിട്ടിയതാണ് എങ്കിലും കയ്യിലിരുന്നപ്പോൾ തുറന്നു നോക്കാതിരിക്കാൻ സാധിച്ചില്ല. പിടിച്ചു വാങ്ങിക്കാൻ ഇപ്പോൾ അവളിവിടെ ഇല്ലല്ലോ.

ആദ്യ താളു മറിച്ചതെ കണ്ട കാഴ്ച എന്റെ ഹൃദയം നിലക്കാൻ പോകുന്നതായിരുന്നു.

കഴുത്തിൽ തുളസി മാല. അതിനുമിടയിൽ നെഞ്ചോടു ചേർന്നു ഒളിഞ്ഞു കിടക്കുന്ന ആലില താലി.... നെറുകയിൽ സിന്ദൂര രേഖ...... എല്ലാറ്റിനും അപ്പുറം എല്ലാം പിടിച്ചടക്കിയവുളുടെ കൊല്ലുന്ന പുഞ്ചിരിയോടെ എന്നെ ചേർന്നു നിൽക്കുന്ന ദേവു. ... ഞങ്ങളുടെ വിവാഹ ഫോട്ടോ... ആരെയും

കാണിക്കാതെ അവൾ സൂക്ഷിച്ചു വച്ചിരുന്ന വിവാഹ ഫോട്ടോ എന്റെ വിറയാർന്ന കയ്യിൽ ഇരുന്നു വിറച്ചു..........

" ഏടത്തി ഇത്? "

കയ്യിലിരുന്ന ഫോട്ടോ ഉയർത്തി കാട്ടി ഞാൻ ചോദിച്ചു..

" ഇത് നിന്റെ കല്യാണ ഫോട്ടോ.. അതിനിപ്പോ എന്താ? "

" ഇതിപ്പോ എടുത്തു.. "

" ഇത് നല്ല കൂത്ത്.. കല്യാണം കഴിഞ്ഞു രെജിസ്റ്റർ ഓഫീസിൽ നിന്നിറങ്ങിയ പാടെ പിടിച്ചു നിർത്തി എടുത്ത ഫോട്ടോയ ഇത്. എത്ര നിർബന്ധിച്ചിട്ട നീ ഒന്ന് നിന്നു തന്നതെന്നറിയാമോ? "

അന്നത്തെ ആ അവസ്ഥയിൽ ഇങ്ങനെ ഒരു സംഭവം നടന്നത് പോലും എന്റെ ഓർമയിൽ ഉണ്ടായിരുന്നില്ല. അന്നൊരുവിധം മനസ്സ് മരവിച്ച അവസ്ഥയിൽ ആയിരുന്നു... അല്ലെങ്കിലും ഞാൻ അന്ന് വെറുമൊരു ബൊമ്മ മാത്രമായിരുന്നല്ലോ. മറ്റുള്ളവരുടെ അഭിപ്രായത്തിനും ആഗ്രഹത്തിനും ഒത്തു ചലിക്കുന്ന വെറും ബൊമ്മ...

" അത് ഞാൻ നിന്നെ കാണിക്കാൻ ദേവുവിന്റെ കയ്യിൽ കൊടുത്തിട്ടു നാള് കുറെ ആയല്ലോ? ഇത് വരെ കണ്ടില്ലേ നീയ് ഇത്? "

www.kambistories.com

മനഃപൂർവ്വമായിരിക്കണം അവൾ ഇതെന്നെ കാണിക്കാതെ ഇരുന്നത് . കാണിച്ചിരുന്നുവെങ്കിൽ അന്നേ ഞാൻ ഇത് കീറി പറിച്ചു ചവറ്റുകൊട്ടയിലെറിയുമായിരുന്നു എന്നവൾക്ക് നന്നായി അറിയാം...

" ഫോട്ടോയും നോക്കി ഇരിക്കാൻ എന്താ അതിലിത്ര പ്രത്യേകത? എന്നതാണെന്നും മോനതും നോക്കി ഇവിടെ ഇരിക്ക് ഞാൻ പോണു.. "

കയ്യിൽ കിട്ടിയ ബുക്ക് എല്ലാം പെറുക്കി ഏടത്തി മുറി വിട്ടു പുറത്തിറങ്ങി.

പഴയ ഓർമകളെന്നിൽ വല്ലാതെ മുറിവേൽപ്പിച്ചിരുന്നതായി എനിക്കിന്നും തോന്നുന്നു.. എല്ലാം ഇന്നലെ കഴിഞ്ഞത് പോലെ എന്റെ മനസ്സിൽ മായാതെ കിടക്കുന്നുണ്ട്. എന്തിന് അന്ന് ഹോട്ടൽ റൂമിലേക്ക് ഓടി കയറി വന്ന ദേവുവിന്റെ പേടിച്ചരണ്ട മുഖം പോലും ഇന്നും എന്റെ മനസ്സിൽ മായാതെ കിടക്കുന്നുണ്ട്...

അതെ ആ ഹോട്ടൽ.... അതാണെന്റെ ജീവിതം മാറ്റി മറിച്ചത്. അവളെന്തിനാണ് അന്ന് ആ റൂമിലേക്ക് ഓടി കയറി വന്നത്? എല്ലാം ഇനി എങ്കിലും എനിക്ക് അറിയേണ്ടേ.? അറിയേണ്ട സമയം ആയിരിക്കുന്നു.....

ഏറെ നേരം ആ ഫോട്ടോയിലേക്കു നോക്കി ഇരുന്നു ഞാൻ. അതിൽ ഏതോ ലോകം കീഴടക്കിയ ഒരു സന്തോഷം ദേവു അവളുടെ പുഞ്ചിരിയിൽ ഒളിപ്പിച്ചു വച്ചിട്ടുണ്ടെന്ന് എനിക്ക് തോന്നി.
ആത്മാർഥത ഇല്ലെങ്കിലും ഞാനും എന്തിനോ വേണ്ടി പുഞ്ചിരിക്കുന്നുണ്ട്. ആരുടെയോ നിർബന്ധത്തിനു വഴങ്ങി എന്ന മട്ടിൽ. സത്യത്തിൽ അതൊരു വിവാഹം ആയിരുന്നോ. രണ്ടു

മനസുകളും ചേരാതെ രണ്ടു പേരുടെ സമ്മതം പോലും ഇല്ലതെ നടന്ന ആ ഒരു പ്രഹസനത്തെ വിവാഹം എന്നൊരിക്കലും വിളിക്കാൻ കഴിയുമോ ?

#########

കണ്ണു തുറക്കുമ്പോൾ ആദ്യം കാണുന്നത് ദേവുവിന്റെ മുഖം ആണ് . റൂമിനുള്ളിൽ കയറി വന്നു എന്തോ തിരയുകയാണവളെന്നു എനിക്ക് തോന്നി . ഇന്നലെ എന്റെ കൈ വശം ഉണ്ടായിരുന്ന ഫോട്ടോ ആകണം അത് എന്ന് ഞാൻ ഊഹിച്ചു. ഞാനത് നശിപ്പിച്ചു കാണുമോ എന്ന പേടി അവളുടെ മുഖത്തു നിഴലിച്ചിരുന്നു.

എന്റെ മേശ വിരിപ്പിനുള്ളിലും ബുക്കിനുള്ളിലും ഒക്കെ തിരഞ്ഞു നിരാശയോടെ എന്നേ നോക്കിയ ദേവു കാണുന്നത് അവളെ തന്നെ നോക്കി കിടക്കുന്ന എന്നേ ആണ്. കള്ളി പിടിക്കപ്പെട്ടവളുടെ ജ്യാളിതയിൽ അവളും ഒരു കള്ളം കണ്ടുപിടിച്ചവന്റെ പുശ്ചത്തോടെ ഞാനും പരസ്പരം നോക്കി..

എന്താ എന്നുള്ള എന്റെ ആംഗ്യത്തിലൂടെ ഉള്ള ചോദ്യത്തിന് ഒന്നുമില്ല എന്ന് ആംഗ്യത്തിൽ മറുപടി തന്നു മുറിയിൽ നിന്നും ഇറങ്ങി ഓടീ...

അവളുടെ ആ ചെയ്തി കണ്ട് എനിക്ക് ചിരി ആണ് വന്നത് .

" പാവം പെണ്ണ്.. "

തലയണക്കടിയിൽ ഞാൻ സൂക്ഷിച്ച ഫോട്ടോ കയ്യിലെടുത്തു അതിലെ ദേവുവിനെ നോക്കി ഞാൻ പറഞ്ഞു.....

###########

..................... #....##...###.....####...........

" എന്താ അളിയാ അവളിന്നു വന്നില്ലേ? "

കോളജിലേക്ക് എന്നത്തേയും പോലെ അല്ലാതെ ഒറ്റക് ബൈക്കിൽ എത്തിയ എന്നെ കണ്ട് ഹരി ചോദിച്ചു.

ഇല്ലെടാ ഇന്നവൾക് റസ്റ്റ് പ്രഖ്യാപിച്ചിരിക്കയാ ഏടത്തി..

" നിന്റെ അമ്മയ്ക്കും ഏടതിക്കും അവളെ ശെരിക്കു അങ്ങ് ബോധിച്ചെന്നു തോന്നുന്നല്ലോ "

ഹരിയുടെ വക തമാശ ആയിരുന്നു അതെങ്കിലും സംഭവം സത്യമായിരുന്നു. അവൾക്കും ഇന്നാ വീട്ടിൽ ഒരു സ്ഥാനം ഉണ്ടെന്നു എനിക്ക് ബോധ്യപ്പെടുക ആയിരുന്നു ഇന്നലെ ..

" ശെരിക്കും... ! എന്ത് കൊടുത്തു മയക്കിയതാണെന്ന് അറിയില്ലളിയാ... ഇനി ഇപ്പോ അവളുടെ അച്ഛൻ വന്നാലും അവളെ കൂടെ പറഞ്ഞു വിടാൻ അവര് സമ്മതിക്കുമെന്നു എനിക്ക് തോന്നുന്നില്ല. "

" അപ്പൊ അവളെ അവളുടെ അച്ഛന്റെ കൂടെ പറഞ്ഞു വിടാൻ തന്നെ ആണോ നിന്റെ തീരുമാനം? "

" അല്ലാതെ പിന്നെ? അതല്ലേ നല്ലതു. രണ്ടുപേർക്കും? "

ഹരിയുടെ ചോദ്യം കേട്ട് ആദ്യം ഒന്ന് പകച്ചുവെങ്കിലും ഉടനെ തന്നേ ഞാൻ മറുപടി കൊടുത്തു.

ഓഹ് ഞാൻ കരുതി....... !

" എന്ത് കരുതി.....? "

" അല്ല ഇന്നലത്തെ നിന്റെ പ്രകടനം കണ്ടപ്പോൾ ഞാൻ കരുതി....... നിനക്കു അവളോട് ഇഷ്ടം ആകും എന്ന്... "

" ഇഷ്ടമോ അവളെയോ? നീ എന്താ ഈ പറയുന്നത്? അതിന് ഇന്നലെ എന്ത് സംഭവിച്ചു.? അവളെ ആശുപത്രിയിൽ എത്തിച്ചതാണോ? ആരായാലും അത് തന്നെ അല്ലെ ചെയ്യൂ? "

അവന്റെ ചോദ്യത്തിന് എന്റെ പക്കൽ കൃത്യമായ മറുപടി ഉണ്ടായിരുന്നു.

" അതൊക്കെ ശെരി .. ഇന്നലെ അവൾക്കു വയ്യെന്ന് കേട്ടപ്പോൾ ഓടി ചെന്നു വാരി എടുത്ത് ഹോസ്പിറ്റലിൽ എത്തിച്ചത് പോട്ടേ.. ഈ ലേബർ റൂമിൽ കയറ്റിയ ഭാര്യയെ കാത്തു പുറത്തു നിൽക്കുന്ന ഭർത്താവിനെ പോലെ ഉള്ള ഇന്നലത്തെ നിന്റെ പ്രകടനമുണ്ടല്ലോ... അതിന് എന്താ ഞാൻ പറയേണ്ടത്? അതൊക്കെ കണ്ടാൽ ആരായാലും അങ്ങനെ ഒക്കെയേ കരുതൂ. "

അവന്റെ വാക്കുകൾക്ക് എനിക്ക് ഒരു നിമിഷമെങ്കിലും ഉത്തരം മുട്ടി. എന്ത് പറയണം എന്നറിയാതെ ഞാൻ കുഴങ്ങി.

" നീ എന്താ ഈ പറഞ്ഞു വരുന്നത് എനിക്കവളോട് പ്രേമം ആണെന്നോ? "

" എന്ന് ഞാൻ പറയില്ല.... ആ പെണ്ണിന്റെ സ്നേഹം നീ കാണാതെ പോകരുതെന്നേ എനിക്ക് ഒള്ളൂ... നീ പറഞ്ഞില്ലേ അവളെ അച്ഛന്റെ കൂടെ വിടണം എന്ന്. അയാളുടെ കൂടെ പോയാലും അവൾ സുഖമായി ജീവിക്കും എന്ന് നിനക്കു ഉറപ്പുണ്ടോ? ഒരു രണ്ടാം കെട്ടുകാരീ എന്ന നിലയിൽ അവൾക്കിനി നല്ലൊരു ജീവിതം കിട്ടുമെന്ന് നിനക്കു തോന്നുന്നുണ്ടോ? ഒക്കെ പോട്ടേ അച്ഛൻ വന്നിട്ട് അവളെ സ്വീകരിച്ചില്ലെങ്കിലോ . അവള് പറയുന്നതൊന്നും അയാൾ വിശ്വസിച്ചില്ലെങ്കിലോ ?"

ഞാൻ ഇതുവരെ ചിന്തിച്ചു പോലും എത്താത്ത തലങ്ങളിൽ ഉള്ള ഹരിയുടെ അഭിപ്രായം എന്നേ വല്ലാത്തൊരു ആശയക്കുഴപ്പത്തിൽ ആക്കി..

നീ എന്താ ഹരി ഇപ്പോൾ പറഞ്ഞു വരുന്നത്? ഞാൻ എന്താ ചെയ്യേണ്ടത്? "

" നിന്റെ കാര്യത്തിൽ അഭിപ്രായം പറയാൻ ഞാൻ ആളല്ല എന്നെനിക്കറിയാം. പക്ഷെ അവളുടെ കഥയൊക്കെ കേട്ടപ്പോൾ അവളെ അടുത്തറിഞ്ഞപ്പോൾ എന്തോ എപ്പോളോ അവൾ നിനക്കുള്ളതാണെന്നു മനസിലൊരു തോന്നൽ.

" എടാ ഞാൻ.. "

" ഞാൻ വെറുതെ ഒരു ആഗ്രഹം പറഞ്ഞെന്നെ ഒള്ളൂ..   അവളുടെ ജീവിതത്തിലെ ആ ഒരു ആഗ്രഹം എങ്കിലും നടക്കട്ടെ എന്ന് കരുതി. .....  "

ഹരി ആദ്യമായി വിഗാരഭരിതനായി കാണപ്പെട്ടത് അന്നാണ്.  അതും അവൾക്കു വേണ്ടി എന്റെ മുന്നിലൊരു യജനെ പോലെ  .  സഹിക്കാൻ ആവുന്നതിലും അപ്പുറമായിരുന്നു എനിക്കതു.

" എനിക്ക് തോന്നുന്നത് ദൈവം  നിനക്ക് വിധിച്ചിട്ടുള്ള പെണ്ണ് അവള...  അല്ലെങ്കിൽ ഇങ്ങനെ ഒക്കെ സംഭവിക്കുമോ ? നീ കരുതുന്ന പോലെ ആ പെണ്ണൊരു കള്ളം അല്ലടാ...  അവൾ സത്യം ആണ്...   നിന്റെ മനസിലുള്ള സംശയങ്ങൾ എല്ലാം തീരുമ്പോൾ നിനക്ക് മനസിലാകും അവൾ നന്മയുള്ള ഒരു പാവം പിടിച്ച പെണ്ണാണെന്ന് ..  വിട്ടുകളഞ്ഞേടാ അതിന്റെ  ..... "

പറഞ്ഞു പൂർത്തിയാക്കിയ വാക്കുകൾക്കൊടുവിൽ പറയാനെന്തൊക്കെയോ ബാക്കി വച്ചു ഹരി അവിടെ നിന്നു നടന്നകന്നു.  എന്റെ മനഃസമാധാവനവും കൊണ്ട്.........

എന്ത് ചെയ്യണം ചെയ്യണ്ട എന്ന ചിന്ത മനസിനുള്ളിൽ പലതും അലയടിച്ചുയരുന്നുണ്ടായിരുന്നു. ഹരി പറഞ്ഞ വാക്കുകൾ അത്രക്ക് ഉള്ളിൽ തട്ടുന്നതയിരുന്നത് കൊണ്ടാകാം.

എന്റെ ജീവിതത്തിൽ ഞാൻ  എടുത്ത പല തീരുമാനങ്ങളും തെറ്റായി തോന്നിയപ്പോളും ഹരി ഒരു ശെരിയായി എന്റെ മുന്നിൽ പലപ്പോളും പ്രക്ത്യക്ഷപ്പെട്ടിട്ടുണ്ട്.  പക്ഷെ ഈ തീരുമാനം ഒരു ശെരി ആയിരിക്കുമോ എന്ന് ഇനിയും തീരുമാനിക്കേണ്ടതുണ്ടെന്നൊരു തോന്നൽ..

മനസിനുള്ളിൽ ഒരു കനൽ ഊതി കത്തിച്ചാണ് ഹരി പോയത്.  അവന്റെ ഉള്ളിലെ ആഗ്രഹങ്ങൾ എന്നിൽ അടിച്ചേൽപ്പിക്കുന്ന പോലെയൊരു തോന്നൽ. പതിവ് ക്രിക്കറ്റ് പ്രാക്റ്റീസും കാന്റീൻ ചായയും സ്റ്റെല്ല മിസ്സിന്റെ ക്ലാസും എല്ലാം ഞാൻ ബഹിഷ്ക്കരിച്ചു. മനസ് മുഴുവൻ അവളായിരുന്നു.  ദേവനന്ദ. അവളെന്റെ ജീവിതത്തിലേക്ക് കടന്നു വന്ന ആ നിമിഷം മുതലുള്ള ഓരോ കാര്യങ്ങളും എന്റെ മനസിലേക്ക് ഓടി വന്നു നിറഞ്ഞു.  എല്ലാം  ഞാൻ ഓർത്തെടുത്തു. എന്റെ ഓർമകളിലെ ദേവനന്ദക്ക് എപ്പോളും വിഷാദത്തിൽ അല്ലെങ്കിൽ പേടിച്ചരണ്ട ഒരുവളുടെ മുഖം ആണ്. നടന്ന കാര്യങ്ങൾ ഒന്നും യാദൃച്ഛികമായി സംഭവിച്ചതല്ലെന്നു ഒരു തോന്നൽ. എന്തൊക്കെയോ രഹസ്യങ്ങളും എന്നോടുള്ള പ്രണയവും ചേർന്ന ആ പെണ്ണ് സത്യമോ അതോ മിദ്യയോ.  അറിയില്ല ! തിരിച്ചറിയാനാവാത്ത എന്തോ ഒരു ആത്മബന്ധം ഞങ്ങൾക്കിടയിലുണ്ടെന്നു ഒരു തോന്നൽ.  അല്ലെങ്കിൽ ഇങ്ങനെ ഒക്കെ സംഭവിക്കുമോ?  മനസ്സറിയാതെ മന്ദ്രിച്ചു.

മനസ്സിലിപ്പോഴും സംശയങ്ങളണ്   .  എന്നിലുദിച്ചത് സത്യത്തിൽ പ്രണയം തന്നെ ആണോ അതോ ഹരിയുടെ വാക്കുകൾ എന്നിൽ അവളോടുള്ള പ്രണയം അടിച്ചേല്പിക്ക പെട്ടതാണോ എന്നുള്ള ഒട്ടനവധി സംശയങ്ങൾ..

ദേവുവിന്റെ പ്രണയം ഇനിയും കണ്ടില്ലെന്നു നടിക്കുന്നത് മോശം ആണെന്ന് എനിക്ക് തോന്നി. അവളിലൊളിച്ചിരിക്കുന്ന നിഗൂഢതകൾ  മാറ്റി നിർത്തിയാൽ അവളെ പോലെ ഒരു പെൺകുട്ടിയെ വേറെ കാണാൻ പോലും കിട്ടില്ല.  അവൾ നല്ലവളാണ്..
 അവളോട് തോന്നിയ ദേഷ്യം  സഹതാപമായി മാറിയത്  അവളിലെ നന്മ കണ്ടിട്ട് തന്നെ ആണ്. ഓരോരോ ചിന്തകൾ മനസിനെ പിടിച്ചുലക്കുമ്പോൾ എവിടെയോ ദേവുവിന്റെ മുഖം തെളിഞ്ഞു വന്നു..

എപ്പോളും ശോകം നിറഞ്ഞ മുഖം.  നിറഞ്ഞൊഴുകാൻ വെമ്പി നിൽക്കുന്ന കണ്ണുകൾ... എത്ര മാറ്റി ചിന്തിക്കാൻ നോക്കിയിട്ടും അവളുടെ മുഖത്തിനു എപ്പോളും ആ ഭാവം തന്നെ ആണ്.  പാവം എപ്പോളും ഓരോരോ കാരണങ്ങൾ ആണ് അവൾക്കു സങ്കടപ്പെടാൻ.  ഇപ്പോഴത്തെ അവളുടെ വിഷമത്തിന് കാരണം ഞാൻ ആണ്.  എന്നോടുള്ള അവളുടെ പ്രണയമാണ്. ......ദേവുവിന്റെ ചിന്തകൾ മനസിനെ പിടിച്ചു പിഴിഞ്ഞെടുക്കുന്ന പോലെ തോന്നി..  മനസ്സിൽ ഒരു തീരുമാനം എടുത്താണ് ഞാൻ അന്ന് ക്ലാസ്സിൽ കയറിയത്..

ഹരിയോടൊപ്പം സ്മിത  മിസ്സിന്റെ ക്ലാസിൽ ഇരിക്കുമ്പോളും എനിക്ക് ഒരു സമാധാനവും ഉണ്ടായിരുന്നില്ല.

" എടാ അവൾക്കു എന്നോട് ശരിക്കും പ്രേമം ആണോ ?  "

ആർക്കു?  "

മിസ്സിന്റെ ദേഹത്തുനിന്നു കണ്ണെടുക്കാതെ ഹരി ചോദിച്ചു.

" ആ പെണ്ണിന് ...  "

" പിന്നെ ഇഷ്ടമല്ലാഞ്ഞിട്ടാകുമോ നിന്നേം സഹിച്ചു നിന്റെ വായിലിരിക്കുന്ന തെറിയും കേട്ട് നിന്റെ വീട്ടിൽ താമസിക്കുന്നത്... "

" അപ്പൊ അവൾക്കെന്നെ ശെരിക്കും ഇഷ്ടം ആണല്ലേ....?  "

എന്റെ സംസാരത്തിൽ ഉണ്ടായ മാറ്റം കണ്ടിട്ടാകണം മറുപടി എല്ലാം ഒരു ചുഴിഞ്ഞ നോട്ടത്തിൽ അവൻ ഒതുക്കി..

" എടാ ഞാൻ ആലോചിച്ചു നോക്കി... "

ശ്രദ്ധ മുഴുവൻ മിസ്സിൽ ആയിരുന്നത് കൊണ്ട് ഞാൻ പറഞ്ഞത് അവൻ കേട്ടില്ലന്നു തോന്നി.  ഞാൻ അവനെ തട്ടി വിളിച്ചു...

" എന്താടാ ?  "

" എടാ ഞാൻ ആലോചിച്ചു... ന്നു "

" എന്ത്?  "

" ആ പെണ്ണിന്റെ കാര്യം.. .?  "

" എന്നിട്ട്.. "

ഹരി ആകാംഷയോടെ ചോദിച്ചു.

" എന്നിട്ടെന്താ... എനിക്ക് ഒരു തീരുമാനം എടുക്കൻ പറ്റുന്നില്ലടാ... അവൾ. സുന്ദരി ആണ്.. നല്ലവളാണ്.. പാവം ആണ്.. അന്നൊരിക്കൽ നീ പറഞ്ഞത് പോലെ അവൾ എന്നേ മനസിലാക്കിയത് പോലെ വേറെ ആരും മനസിലാക്കിട്ടുണ്ടാവില്ല... എങ്കിലും.... എന്തോ .....? "

" എന്ത് എങ്കിലും നിനക്കു അവളെ ഇഷ്ടം ആണെങ്കിൽ അങ്ങ് തുറന്നു പറയണം.. ഒന്നുമില്ലെങ്കിലും അവളിപ്പോ നിന്റെ ഭാര്യ അല്ലെ? "

" അതൊക്കെ ശെരി തന്നെ. പക്ഷെ.... "

" എന്താ നീ ഇപ്പൊ എന്ത് ഉദ്ദേശിക്കുന്നത്. എനിക്ക് മനസിലാകുന്നില്ല... അവളെ നിനക്കു ഇഷ്ടമാണെന്നോ അല്ലെന്നോ? "

" ഞാൻ അവളുടെ അടുത്തു ചെന്നു പറയാൻ പോകുവാ.... "

" എന്ത്? "

ഹരിക്കു ആകാംഷ ഏറി വരുന്നത് ഞാൻ അറിഞ്ഞു..

" അച്ഛൻ വന്നാലും കൂടെ പോകേണ്ടാ എന്ന്.... "

" പൊളിച്ചു അളിയാ... .. "

www.kambistories.com

സന്തോഷം കൊണ്ടാകാം അവനതു പറഞ്ഞപ്പോൾ അല്പം ശബ്ദം ഉയർന്നു പോയി.. അവന്റെ ശബ്ദം ക്ലാസ്സിൽ മുഴങ്ങി കൊണ്ടിരുന്നു.....

സ്മിത മിസ്സിന്റെ അലർച്ച കേട്ട് ക്ലാസ്സിൽ നിന്നിറങ്ങി പോരുമ്പോൾ ഹരിയുടെ മുഖത് എന്നേക്കാൾ സന്തോഷം പ്രകടമായിരുന്നു. അത് കൂട്ടുകാരന് നല്ലൊരു ജീവിതം കിട്ടുന്നു എന്നോർത്തിട്ടാണോ അതോ ഞാനും പെട്ടു എന്ന സന്തോഷത്തിൽ ആണോ എന്ന് എനിക്ക് മനസിലായില്ല...

":എടാ.. കോപ്പേ.. എനിക്കപ്പോഴേ സംശയം ഉണ്ടായിരുന്നു നിനക്കു അവളെ ഇഷ്ടം ആണെന്ന്..

ഒരുമിച്ചു കാറിനു കോളേജിൽ വരുന്നു...

ഒരുമിച്ചു പൊള്ളാച്ചിക്കു പോകുന്നു... എന്തൊക്കെ ആയിരുന്നു .. പിന്നെ പിന്നെ എന്ത് പറഞ്ഞാലും നിനക്കു അവളുടെ കാര്യമേ പറയാനുള്ളു എന്നാകുന്നു .. എല്ലാം കഴിഞ്ഞു ഇന്നലത്തെ നിന്റെ ആ പ്രകടനം കൂടി ആയപ്പോൾ ഞാൻ ഉറപ്പിച്ചത.. പിന്നെ രാവിലെ വെറുതെ ഒന്ന് ചൂണ്ട ഇട്ടു നോക്കിയതാ.. അതിൽ നീ കറക്റ്റ് ആയിട്ട് കൊത്തി..... "

അവസാനം എന്റെ ഉള്ളിലെവിടെയോ ഉണ്ടായിരുന്ന ദേവുവിനോടുള്ള ഇഷ്ടം ഒരു പ്രണയമായി രൂപപ്പെടുത്തി ഹരി എന്നേ വീണ്ടും ഒരു കാമുകനാക്കി...

പിടിക്കപ്പെട്ടവന്റെ ജ്യാളിതയോടെ ഞാൻ അവന്റെ മുന്നിൽ തല താഴ്ത്തി നിന്നു..

" ഞാൻ ഇതെങ്ങനെ ആടാ അവളുടെ അടുത്ത് പോയി അവതരിപ്പിക്കുന്നത്? പോയി പറഞ്ഞു കഴിഞ്ഞൽ അവളെന്തു കരുതുമെന്നൊരു പേടി.. "

" എന്ത് കരുതാൻ. നീ എന്തിനാ പേടിക്കുന്നത് വേറെ ആരും അല്ലല്ലോ അവള് നിന്റെ ഭാര്യ അല്ലെ... ധൈര്യം ആയിട്ട് പോയി പറ.... "

###. #....... ####

ഹരി നൽകിയ ആവശ്യമില്ലാത്ത ധൈര്യവും സംഭരിച്ചാണ് ഞാൻ വീടിനുള്ളിലേക്ക് ചെന്ന് കയറിയത് .. കയറി ചെന്നതേ കണ്ണുകൾ ഓടിയത് ഏടത്തിയുടെ മുറിയിലേക്കാണ് . അവളെ കാണാൻ. ഇതുവരെ നോക്കി കാണാത്ത കാമുകന്റെ കണ്ണിലൂടെ അവളെ ഒന്ന് കാണാൻ ഒരു കൊതി തോന്നി. മുറിക്കുള്ളിൽ ആളനക്കം ഒന്നും കേട്ടില്ല. ഞാൻ പതിയെ അടുക്കയിലേക്കു നടന്നു. അവിടെ ഏടത്തി ഉണ്ട്.

" ആഹ് എത്തിയോ ? "

എന്നേ കണ്ടതേ ഏടത്തി ചോദിച്ചു.

" ഇന്നെന്താ പതിവില്ലാതെ അടുക്കളയിലേക്കു.? "

" അവളെവിടെ ? "

" മുറിയിലുണ്ട് എന്താടാ? "

", കുറവുണ്ടോ .... .... "

മ്മ്.... അവളുടെ കാര്യം ചോദിച്ചിട്ടാണോ എന്നറിയില്ല ഏടത്തിയിൽ പതിവില്ലാത്ത ഒരു ഗൗരവം.

എന്തോ പന്തികേടുള്ള പോലെ അവരുടെ മുഖഭാവത്തിൽ നിന്നും ഞാൻ വായിച്ചു.

" അമ്മ വന്നില്ലേ.. "

" അപ്പുറത്തുണ്ട് "

ഞാൻ നേരെ ഏടത്തിയുടെ മുറിയുടെ മുന്നിലെത്തി.. അകത്തു നിന്നു കൊളുത്തിട്ടുണ്ടെന്നു തോന്നുന്നു . തുറക്കാൻ ശ്രമിച്ചിട്ട് നടന്നില്ല. ചിലപ്പോൾ ദേവു ഉറങ്ങുകയാകുമെന്നു കരുതി ഞാൻ എന്റെ മുറിയിലേക്ക് കയറി. ... ഇടക്ക് അവളുണർന്നോ എന്നറിയാൻ ഏടത്തിയുടെ മുറിയുടെ മുന്നിലൂടെ ഒന്ന് നടന്നു നോക്കി. ഒരു രക്ഷയുമില്ല. കഴിഞ്ഞ ദിവസത്തിന്റെ ക്ഷീണം ആകാം അവൾക്കു ഇപ്പോളും .

രാത്രി എപ്പോളോ അവളുടെ ശബ്ദം കേട്ടാണ് പിന്നെ ഞാൻ റൂമിന് വെളിയിലേക്കു ഇറങ്ങുന്നത്. ചെന്നിറങ്ങിയതേ അമ്മയുടെ മുന്നിലേക്കായിരുന്നു. ഒന്നും മിണ്ടാതെ തിരിച്ചു കയറ്റി പോന്നു...... അത്താഴം കഴിക്കുന്നിടത്തും അവളെ കണ്ടില്ല. എന്ത് പറ്റി എന്നറിയില്ല. അല്ലെങ്കിൽ ഏടത്തി നിർബന്ധിച്ചു എന്റെ അടുത്ത് കൊണ്ടിരുത്തുന്നതാണ് ഇന്നതും ഉണ്ടായില്ല.. മുൻപ് കാണാതെ

www.kambistories.com

ഇരിക്കാൻ ശ്രമിക്കുമ്പോൾ മുന്നിൽ നിന്നു മാറാത്തവൾ ഇന്ന് കാണാൻ കൊതിക്കുമ്പോ കണ്മുന്നിൽ കൂടി കാണാൻ ഇല്ല... എന്റെ ഗതികേട്.. എല്ലാവരും ഇന്ന് മൗനത്തിലായിരുന്നു . അമ്മ എന്നോട് മിണ്ടിയിട്ട് കാലം കുറച്ചായതു കൊണ്ട് അമ്മയെ ഞാൻ ശ്രദ്ധിച്ചില്ല. പക്ഷെ എപ്പോളും എന്തെങ്കിലും ഒക്കെ സംസാരിക്കുന്ന ഏടത്തി വരെ ഇന്ന് മൗനം ആയിരുന്നു.. എന്ത് പറ്റി എന്നൊരു പിടിയും കിട്ടിയില്ല .. ഭക്ഷണം കഴിച്ചു ടീവിക്കു മുന്നിൽ ചെന്നിരുന്നു. അവളതു വഴി വല്ലതും പോയാൽ ഒന്ന് കാണാമല്ലോ എന്ന് കരുതി. പക്ഷെ ഫലം ഉണ്ടായില്ല. റിമോട്ടിൽ കുത്തി ചാനൽ മാറ്റി കളിക്കുമ്പോൾ ആണ് അമ്മ എന്റെ അടുത്ത് വന്നിരുന്നത്.

അന്നത്തെ സംഭവത്തിന്റെ ദേഷ്യം മാറാത്തത് കൊണ്ടാകാം അമ്മ എന്നോട് മിണ്ടുകയോ ഇങ്ങനെ ഒന്ന് അടുത്ത് വന്നിരിക്കുകയോ ചെയ്തിട്ട് നാളുകളായി ... അമ്മ അടുത്തിരുന്നതേ ഞാൻ എഴുന്നേറ്റു പോകാൻ ആയി ഒരുങ്ങി..

" നന്ദുട്ട .... "

അമ്മയുടെ വിളി. നാളുകൾക്കു ശേഷം .. സ്നേഹത്തോടെ ഉള്ള ഒരു വിളി... സന്തോഷം കൊണ്ടാണോ എന്നറിയില്ല എന്റെ കണ്ണുകൾ ഈറനണിഞ്ഞു പോയി.. തിരിഞ്ഞു അമ്മയെ നോക്കിയപ്പോൾ അമ്മ എന്നേ അടുത്തേക്ക് വിളിച്ചു... എനിക്ക് എന്തെന്നില്ലാത്ത സംന്തോഷം തോന്നി എനിക്ക്.. ഓടി അമ്മയുടെ അരികിൽ ചെന്ന് ഇരുന്നു. അമ്മയെ കെട്ടിപ്പിടിച്ചു...

" അമ്മാ സോറി.... "

കുഞ്ഞി കുട്ടിയെ പോലെ ഞാൻ അമ്മയുടെ മാറിൽ തല ചായ്ച്ചപ്പോൾ അമ്മ എന്നേ കൈകൾ കൊണ്ട് തലോടി.

" എന്തിനാടാ? "

" ചെയ്തത് തെറ്റായിരുന്നു എന്ന് എനിക്ക് അറിയാം.. പറ്റിപ്പോയി അമ്മേ.... "

" അതിനു തെറ്റ് ചെയ്തത് ഞങ്ങൾ അല്ലെ...? "

അമ്മയുടെ മറുപടി കേട്ട് ഞാൻ ഒരുനിമിഷം പകച്ചു പോയി.. എന്താണമ്മ ഉദ്ദേശിച്ചത് എന്നറിയാൻ ആവാതെ ഞാൻ അമ്മയെ നോക്കി. അപ്പോളേക്കും ഏടത്തിയും ഞങ്ങളുടെ അടുത്തേക്ക് വന്നിരുന്നു.

" ചെയ്യാത്ത തെറ്റിന് കുറ്റം ചാർത്തി

ഒരു ചേരിയിലെ പെണ്ണിനെ നിന്റെ തലേൽ കെട്ടിവെക്കാൻ ഞങ്ങളും കൂട്ട് നിന്നു എന്ന് തോന്നുന്നുണ്ടോ നിനക്കു? ദേഷ്യം ആണോ നിനക് ഞങ്ങളോട് "

ഏടത്തിയുടെ ചോദ്യം കേട്ട് ഒന്ന് ഞെട്ടി എങ്കിലും എനിക്കൊരു കാര്യം മനസിലായി അവരെല്ലാം എല്ലാം അറിഞ്ഞിരിക്കുന്നു.

" ദേവു അവളെല്ലാം പറഞ്ഞു "

എന്റെ സംശയത്തിനുള്ള ഉത്തരം ഏടത്തി തന്നെ നൽകി..

www.kambistories.com

" പൊറുക്കാൻ ആവാത്ത തെറ്റാ ഞങ്ങൾ എല്ലാരും നിന്നോട് ചെയ്തത് .. ഇഷ്ടമില്ലാത്ത ഒരു ജീവിതമാണ് ഞങ്ങളെല്ലാം നിനക്ക് സമ്മാനിച്ചതെന്നു ഞങ്ങൾക്കു അറിയില്ലായിരുന്നു.. അന്ന് നിനക്കു പറയാനുള്ളത് കൂടി ഈ അമ്മ കേൾക്കണമായിരുന്നു അല്ലെ? "

അമ്മയുടെ വാക്കുകളിൽ കുറ്റബോധം നിറഞ്ഞു നിന്നതു പോലെ തോന്നി.. അടുക്കള വാതുക്കളിൽ നിന്നും എത്തി നോക്കുന്ന ദേവുവിനെ അപ്പോളാണ് എന്റെ കണ്ണിൽ പെട്ടത് ...

" ഇല്ല അമ്മേ ഞാൻ ആരെയും കുറ്റപ്പെടുത്തുന്നില്ല. അമ്മയെയോ ദേവുവിനെയോ ആരെയും... എല്ലാം എന്റെ വിധി ആണ് . ഞാനങ്ങനെ സമദാനി ........ "

" വേണ്ട മോനെ .. ഇഷ്ടമില്ലാത്ത ഒരു ജീവിതം അത് ആർക്കും ഒരു സന്ദോഷവും തരില്ല... മോനും ദേവുമോൾക്കും ആർക്കും . "

പറഞ്ഞു തീരുന്നതിനു മുമ്പേ അമ്മ പറഞ്ഞു തുടങ്ങി ..

" എന്റെ മോന് ദേവുമോളെ സ്വീകരിക്കാൻ പറ്റില്ല എന്ന് അറിയാം .. . അത് കൊണ്ട് നിന്റെ ഇഷ്ടം പോലെ അവളെ അവളുടെ വീട്ടിലേക്കു നമുക്ക് തിരിച്ചു വിടാം. "

അമ്മയുടെ വാക്കുകൾ കൂരമ്പു പോലെ ആണ് മനസിൽ തറച്ചു കയറിയത്. ആഗ്രഹിച്ചത് എല്ലാം തലകീഴായി നടക്കുകയാണെന്ന സത്യം ഞാൻ തിരിച്ചറിഞ്ഞു .. എന്തു പറയണം എന്നറിയാതെ ഞാൻ അമ്മയെയും ഏടത്തിയെയും മാറി മാറി നോക്കി.. അവരുടെ മുഖത്തു കുറ്റബോധം മാത്രമേ നിഴലിച്ചിരുന്നൊള്ളു ... അപ്പോളും ദേവു വെറും നിർവിഗാരയായി നിൽക്കയായിരുന്നു .

" പക്ഷെ അവളുടെ അച്ഛൻ വരുന്നതു വരെ അവളിവിടെ നിക്കട്ടെ.. മോൻ സമ്മതിക്കണം. "

അമ്മ പറഞ്ഞു നിർത്തി . മറുപടി പറയാൻ നാവ് പൊങ്ങുന്നുണ്ടായിരുന്നില്ല.. ഞാൻ ആഗ്രഹിച്ച ദേവുവും ദേവുവിന്റെ പ്രണയവും ഒറ്റ നിമിഷം കൊണ്ട് ഇല്ലാതെ ആവാൻ പോകുന്നു എന്ന സത്യം എന്നേ വല്ലാതെയാക്കിയിരുന്നു...

" നിനക്കു അവളെ ഇഷ്ടമല്ലെന്നു ഞങ്ങൾക്കു അറിയാം. പക്ഷെ അവളെ കുറിച്ച് എല്ലാം അറിഞ്ഞിട്ടും അവളെ കൈവിടാൻ തോന്നുന്നില്ലടാ.. ഒന്നുമില്ലെങ്കിലും നിന്റെ പെണ്ണായി അവളെ ഞങ്ങൾ കണ്ടു പോയില്ലേ. കൊണ്ട് കളയാൻ മനസ്സനുവദിക്കുന്നില്ല .. "

" നീ എന്താ ഒന്നും മിണ്ടാത്തത്. നീ സമ്മതിക്കണം...അവളെ നിനക്കു ഒരിക്കലും സ്വീകരിക്കാൻ കഴിയില്ലെന്ന് ഞങ്ങളേക്കാൾ നന്നായി അറിയാവുന്നത് ദേവുമോൾക്കാണ്. അച്ഛൻ വരുന്നത് വരെ അവളിവിടെ നിൽക്കട്ടെ നന്ദുട്ട.. നീ എതിര് പറയരുത് .. "

അമ്മയും ഏടത്തിയും ഒരേ സ്വരത്തിൽ പറഞ്ഞു നിർത്തി. അവർക്കിനിയും എന്നേ മനസിലാക്കിയിട്ടില്ല..ആർക്കും. എന്നിൽ പൂവിട്ട ദേവുവിനോടുള്ള പ്രണയം ഞാൻ അറിയിക്കുന്നതിന് മുൻപേ അവളിവിടം വിട്ട് എന്നേ വിട്ട് പോകാൻ ഒരുങ്ങുകയെന്നറിഞ്ഞപ്പോൾ എല്ലാം അവസാനിച്ച പോലെ തോന്നി എനിക്ക്. മറുപടികൾ ഒന്നും ഉണ്ടായിരുന്നില്ല എനിക്ക്. അമ്മയും ഏടത്തിയും പറഞ്ഞ നിബന്ധനകളെല്ലാ കേട്ടു ഞാൻ അങ്ങനെ തന്നെ ഇരുന്നു.

മറുപടിക്കൊന്നും അവർ  കാത്തു നിന്നില്ല. അന്നത്തെ പോലെ  എല്ലാ തീരുമാനങ്ങളും അവരുടേതായിരുന്നു.  അവരകത്തേക്കു കയറി പോകുന്നത് വരെ ദേവു കതകിൽ ചാരി ആ നിൽപ്പ് അങ്ങനെ തന്നെ നിന്നു .  അവരകത്തേക്കു പോയി എന്നുറപ്പു വരുത്തിയ ശേഷം അവളെന്റെ അരികിലേക്ക് വന്നു.  ദേവു...  "കരഞ്ഞു കലങ്ങിയ കണ്ണുകൾ.  വിഗാരങ്ങളൊന്നും തൊട്ടു തീണ്ടാത്ത മുഖഭാവം .

"നന്ദുവേട്ടന് ഇതായിരുന്നില്ലേ  ആഗ്രഹിച്ചത് ? ഇനി പേടിക്കണ്ടല്ലോ..  നന്ദുവേട്ടന്റെ എങ്കിലും ആഗ്രഹങ്ങൾ  നടക്കട്ടെ..ഇനി... ഇനി ഞാൻ ഒരു തടസ്സമാവില്ല..    "

പറഞ്ഞു മുഴുവിപ്പിക്കുവാനൊന്നും അവൾക്കു കഴിഞ്ഞില്ല  .  കരഞ്ഞു പോയി പാവം.  ദേവുവിന്റെ കണ്ണിൽ നിന്നൊഴുകി വീണ കണ്ണുനീർ കണ്ടു എന്നിലെവിടെ നിന്നോ രക്തം വാർന്നു പോകുന്നപോലെ തോന്നി എനിക്ക് .

എന്നേ നോക്കാനോ  എനിക്ക് പറയാനുള്ളത് കേൾക്കാനോ നിൽക്കാതെ അവളോടി മുറിക്കകത്തു കയറി.

ഞാൻ ആഗ്രഹിച്ചതെന്ത് എന്ന് അവളോട്  പറയാൻ പോലും ആകാത്ത വിധം ഞാൻ തളർന്നു പോയിരുന്നു.  ഇതായിരുന്നില്ലല്ലോ  ഞാൻ ഇന്ന് ആഗ്രഹിച്ചത്...... ദേവുവിന്റെ ആ വാക്കുകൾ കൂടി ആയപ്പോൾ ഞാൻ  ജീവിച്ചിരിക്കുന്നതിൽ അർത്ഥമില്ലെന്ന് വരെ തോന്നി പോയി..

സത്യത്തിൽ എന്ത് മണ്ടത്തരം ആണവൾ കാട്ടിയത്.  കുറച്ചു കൂടി കാക്കാമായിരുന്നില്ലേ എനിക്ക് വേണ്ടി എന്ന് മനസ്സ് പറഞ്ഞു .. എന്തിനു അവളുടെ പ്രതീക്ഷകളെല്ലാം മങ്ങിയിരിക്കാം .  മുറിയിലെ കണ്ണാടിയുടെ മുന്നിലെത്തി ഞാൻ എന്നോട് തന്നെ പറഞ്ഞു.

ചിലപ്പോൾ ഇതിലും  നേരത്തെ അവൾ അവരോട് പറയേണ്ടതായിരുന്നു .. എനിക്ക് വേണ്ടി കാത്തിരുന്നതാകാം.....  എന്നെങ്കിലും അവളുടെ പ്രണയം  ഞാൻ തിരിച്ചറിയുമെന്ന് അവൾക്കു പ്രതീക്ഷ ഉണ്ടായിരുന്നിരിക്കാം .. പക്ഷെ ഇപ്പൊ എല്ലാ പ്രതീക്ഷയും  അറ്റ് ഇനി എനിക്ക് വേണ്ടി കാത്തിരിക്കുന്നതിൽ അർഥമില്ലെന്നവൾക്കു തോന്നി കാണാം.... . പാവം..

......... # . . ##....##...##...

എല്ലാം അറിഞ്ഞിട്ടും ഹരിക്കു പോലും അതിൽ ഒരു മാർഗം നിർദ്ദേശിക്കാനുണ്ടായിരുന്നില്ല..

" ഇതിപ്പോ വിഷം കഴിച്ചു ആത്മഹത്യ ചെയ്യാൻ പോയവൻ അത് ഉപേക്ഷിച്ചു  തിരികെ വന്നപ്പോൾ പാമ്പു കടിച്ചു മരിച്ച അവസ്ഥ പോലെ ആയി  എന്റെ അവസ്ഥ.. "

" അതിന് നീ എന്തിനാ വിഷമിക്കുന്നത്.  അവളെങ്ങും പോയിട്ടില്ലല്ലോ.  നീ അവളോട് സംസാരിക്കു.  ഉള്ള കാര്യം തുറന്നു പറ.  "

ഹരിയുടെ ആ നിർദ്ദേശം എനിക്ക് സ്വീകാര്യം ആയിരുന്നില്ല.

" ഇല്ലെടാ. ഇപ്പോൾ ഞാൻ അവളോട് പറഞ്ഞാലും അവൾ വിശ്വസിക്കുമെന്നു തോന്നുന്നില്ല. അവളെന്നിൽ നിന്നും ഒഴിഞ്ഞു മാറാൻ നോക്കുക ആണ്. എല്ലാം കൊണ്ടും.. അവൾക്കു മടുത്തു കാണുമെടാ.. "

"'ശ്യേ . . അവളിത്രയ്ക് എടുത്തു ചാടേണ്ടി ഇരുന്നില്ല അല്ലെ ... "

ഹരിയുടെ സംസാരത്തിലും നിരാശ കാണപ്പെട്ടു.

" അവളെ കുറ്റം പറയാൻ വയ്യല്ലോ. അവളെ ഇഷ്ടമാണെന്നു തോന്നിക്കുന്ന ഒന്നും ഞാൻ അവൾക്കു ഇതുവരെ കൊടുത്തിട്ടില്ലല്ലോ.. എല്ലാം പോരാഞ്ഞിട്ട് ഒരു തേപ്പ് കിട്ടിയ കഥ കൂടി പറഞ്ഞു കൊടുത്തു .. "

" അതും നീ പറഞ്ഞു കൊടുത്തോ. കഷ്ടം... തല്ക്കാലം അവളെവിടെയും പോകുന്നില്ലല്ലോ വീട്ടിൽ തന്നെ ഇല്ലേ? സമയം കിട്ടുമ്പോൾ പറയാവുന്നതല്ലേ ഒള്ളൂ. . "

" അതല്ലെടാ.... കാര്യങ്ങളെല്ലാം അറിഞ്ഞതിൽ പിന്നെ അമ്മയും ഏടത്തിയും എല്ലാം അവളെ എന്റെ മുന്നിൽ നിന്നു ഒളിപ്പിച്ചു കൊണ്ട് നടക്കുന്ന പോലെ ഒരു തോന്നൽ. ഒന്നു നേരിട്ട് കാണണോ സംസാരിക്കാനോ ഇതുവരെ പറ്റിയില്ല . ഇന്ന് തന്നെ കണ്ടില്ലെ ഇന്നലെ രാത്രി തന്നെ വിളിച്ചു അവളുടെ കോളേജിലേക്കുള്ള പോക്കും വരവും എല്ലാം കോളജ് ബസ്സിലേക്ക് ആക്കിയിരിക്കു.. ഇതെല്ലം മാറ്റിവച്ചിട്ടു ഇനി ഞാൻ അവളെ ഇഷ്ടമാണെന്നു ചെന്ന് പറഞ്ഞാൽ അമ്മയും ഏടത്തിയും എന്നേ ചിരവ കൊണ്ട് വീക്കും ഉറപ്പു.. "

www.kambistories.com

" അപ്പൊ ചുരുക്കി പറഞ്ഞാൽ മോൻ മൂഞ്ചി എന്നാർദ്ധം... "

ഹരിയുടെ വക തമാശ.

" നീ മിണ്ടരുത് . നീ ഒറ്റ ഒരുത്തനാ .. മാങ്ങാ തേങ്ങാ ഒലക്ക എന്നും പറഞ്ഞു. ഞാൻ പോലും അറിയാതെയിരുന്ന അവളോടുള്ള പ്രേമം കുത്തിപൊക്കി കൊണ്ട് വന്നത് എന്നിട് കളിയാക്കുന്നോ... എല്ലാം കൊണ്ടും വട്ടു പിടിക്കുന്ന അവസ്ഥയ.... അവളോടുള്ള ഇഷ്ടം അത് അങ്ങനെ തന്നെ കിടന്നാൽ മതിയായിരുന്നു. ഇതിപ്പോ ഒറ്റ ദിവസം കൊണ്ട് ആഗ്രഹിച്ചു കൂട്ടിയതെല്ലാം ഒറ്റ നിമിഷം കൊണ്ട് ഇല്ലാതെ ആയി.. "

എന്റെ വിഷമങ്ങളെല്ലാം ഞാൻ ഹരിയോട് പറഞ്ഞു തീർത്തു. കരയാൻ ഒന്നും തോന്നിയില്ലെനിക്ക്. അതിനുള്ള ശേഷി പോലും എനിക്കില്ലെന്നു തോന്നിപോയി അപ്പോൾ.

" സമയവും കാലവും നോക്കി ഇരുന്നാൽ അവളുടെ തന്തപ്പടി വരുമ്പോൾ അവളാ കൂടെ അങ്ങ് പോകും. അതിനു മുൻപ് വല്ലതും നടത്താൻ നോക്ക് .. "

ഹരി അവസാനമായി തന്ന താക്കിത് ശരിയാണെന്നു എനിക്കും തോന്നി. എങ്ങനെ എങ്കിലും അവളെ എന്റെ പ്രേമം അറിയിക്കണം എന്ന് എന്റെ മനസ്സ് പറഞ്ഞു... പക്ഷെ എങ്ങനെ എന്ന് മാത്രം ഒരു പിടിയും കിട്ടിയിരുന്നില്ല.......

രാവിലെ രണ്ടു ഹവർ ക്ലാസ്സിൽ കയറാതെ ദേവുവിന്റെ ക്ലാസിനു മുന്നിലൂടെ ഒന്ന് രണ്ടു പ്രാവശ്യം നടന്നു.. വേരുതേ ഒന്ന് കാണാൻ.

എന്നേ ഒന്ന് ശ്രദ്ധിക്കുന്നു കൂടി ഉണ്ടായിരുന്നില്ല അവൾ. ഇടക്കെപ്പോളോ ഒരു കൂട്ടുകാരിയാണ് അവളെ അതിലെ ഉലാത്തുന്ന എന്നേ കാട്ടി കൊടുത്തത്.. അപ്പോൾ അവൾ നോക്കിയ ഒരു നോട്ടം ഉണ്ട്.. ഞാൻ ആണെന്ന് വിശ്വസിക്കാൻ കഴിയാതെ അവള് ഒന്ന് കൂടി സൂക്ഷിച്ചു നോക്കി. എന്നിട്ടു ക്ലാസിൽ ശ്രദ്ധിക്കാനെന്ന പോലെ മുന്നിലേക്ക് തിരിഞ്ഞിരുന്നു.. പിന്നെ അവിടെ നിൽക്കാൻ തോന്നിയില്ല എനിക്ക്. വീട്ടിൽ എത്തുമ്പോഴും ദേവുവിനെ മാത്രം കാണാൻ കഴിഞ്ഞില്ല. ഏടത്തിയുടെ വാലിൽ തൂങ്ങി എന്നേ കാണാതെ ഒഴിഞ്ഞു മാറി നടക്കുകയാണവൾ എന്ന് എനിക്ക് മനസിലായി . അന്ന് മുതൽ ദേവു കുടികൊള്ളുന്ന അടുക്കളയിലേക്കും ഏടത്തിയുടെ മുറിയിലേക്കും ഉള്ള എന്റെ പ്രവേശനം നിഷേധിക്കപ്പെട്ടു. വീട്ടിൽ വച്ചു അവളോട് മനസ്സ് തുറന്നു സംസാരിക്കുക എന്നതു പ്രയാസമുള്ള കാര്യം ആണെന്നു എനിക്ക് അന്നത്തോടെ മനസിലായി പിന്നെ ഉള്ള ഒരു മാർഗം കോളേജ് തന്നെ ആണ്.

പിറ്റേന്ന് കോളേജിൽ അവൾ വന്നെത്തുന്നതും കാത്തു ഞാൻ നിന്നു .

" ഇപ്പൊ കണ്ടാൽ ആ പഴയ കോഴി അനന്തു ആണെന്നെ പറയു.. "

ബൈക്കിൽ ചാരി ദേവുവിനെയും കാത്തുള്ള എന്റെ നിൽപ്പ് കണ്ട് ഹരി കളിയാക്കി പറഞ്ഞു.

വന്നെത്തിയ പെൺകുട്ടികൾക്കിടയിൽ നിന്നും ദേവുവിനെ ഞാൻ കണ്ടെത്തി . പക്ഷെ ഫലം ഉണ്ടായില്ല . എന്നേ കണ്ടതും കൂട്ടുകാരികൾക്കൊപ്പം അവൾ സ്ഥലം വിട്ടു. . എന്റെ മുന്നിൽ പെടാതെ ഇരിക്കാൻ അവൾ പ്രത്യേകം ശ്രദ്ധിക്കുന്നുണ്ടെന്നു എനിക്ക് മനസിലായി. അത് കോളേജിൽ ആയാലും വീട്ടിൽ ആയാലും .. എങ്ങനെ എങ്കിലും അവളെ ഒന്ന് കാണാനും മിണ്ടാനുമുള്ള ആഗ്രഹം വർധിച്ചു കൊണ്ടിരുന്നു എനിക്ക്.. ഓരോ ദിവസം കഴിയുംതോറും അവളെന്നിൽ നിന്നു കൂടുതൽ അകന്നു പോകുന്നത് പോലെ. ... അവൾക്കു എന്നോടുണ്ടായിരുന്ന അവളുടെ പ്രണയം വെറും അഭിനയം മാത്രമായിരുന്നോ എന്ന് വരെ ചിന്ദിച്ചു പോയ നിമിഷങ്ങൾ ഉണ്ട് എന്നിൽ.... ഏട്ടൻ ഒരാഴ്ചത്തെ പതിവ് ലീവിന് വന്നതോടെ അവളുടെ ഉറക്കവും മറ്റും അമ്മയുടെ റൂമിലേക്ക് മാറ്റപ്പെട്ടു. അതോടെ വീട്ടിൽ വച്ചു അവളോടു സംസാരിക്കാം എന്ന എന്റെ ആഗ്രഹം ഞാൻ ഉപേക്ഷിച്ചു. ഒരു ദിവസത്തിൽ ഉദിച്ചു വന്ന എന്റെ പ്രണയം മറക്കാൻ മൂന്ന് ദിവസങ്ങൾ എടുത്തിട്ടും എനിക്കായില്ല. ദേവു എന്റെ ഉള്ളിൽ നേരത്തേയെ വേരുറപ്പിച്ചിരുന്നിരിക്കണം. ഞാൻ അറിയാൻ വൈകി പോയി.. .. ഇനി എന്ത് എന്ന ചോദ്യം ഞാൻ എന്നോട് തന്നെ ചോദിച്ച നിമിഷങ്ങൾ...

#### ...... ####......?

രാവിലെ കതകിൽ ശക്തമായി മുട്ട് കേട്ടുകൊണ്ടാണ് ഞാൻ കുളി കഴിഞ്ഞു ബാത്റൂമിൽ നിന്നിറങ്ങി വന്നത് ..

" നന്ദുവേട്ടാ കതകു തുറക്ക്... "

ശബ്ദം കെട്ടാതെ അത് സാക്ഷാൽ ദേവു ആണെന്ന് മനസിലായി. ഇട്ടുകൊണ്ടിരുന്ന പാന്റു ഒറ്റ വലിക്കു കയറ്റി ഇട്ടു വെപ്രാളത്തിൽ കതകു തുറക്കുമ്പോൾ പേടിച്ചു പരിഭ്രമത്തോടെ എന്റെ മുന്നിൽ നിൽക്കുകയായിരുന്നു ദേവു...

" നന്ദുവേട്ടാ . ഏടത്തിക്കു എന്തോ ഒരു വയ്യായിക.. രാവിലെ മുതൽ തുടങ്ങിയ ഛർദിയാ.. ഇപ്പൊ ദേ തലകറങ്ങുന്നെന്നു പറയുന്നു. എനിക്കാണേൽ പേടിയാകുവാ ..... ഏട്ടനാണെൽ രാവിലെ എവിടെയോ പോയി. . നന്ദുവേട്ടനൊന്നു വന്നേ... "

എല്ലാം ഒറ്റ ശ്വാസത്തിൽ പറഞ്ഞു ദേവു നിർത്തി ..

ഞാൻ അവളെ മറികടന്നു ഏടത്തിയുടെ മുറിയിലേക്ക് നടന്നു..

" അമ്മ പോയോ? "

മുറിയിലേക്ക് കടക്കുന്നതിനു മുൻപ് ഞാൻ ചോദിച്ചു...

" മ്മ്.... പോയി . "

ഞാൻ ചെന്ന് നോക്കുമ്പോൾ ഏടത്തി കിടപ്പാണ്.. നല്ല ക്ഷീണമുണ്ടെന്നു ഏടത്തിയെ കണ്ടപ്പോൾ തന്നെ മനസിലായി. ഇല്ലെങ്കിൽ രാവിലെ മുതൽ അടുക്കളയിലൂടെ ഓടി നടക്കുന്ന ആളാ...

" എന്തു പറ്റി ഏടത്തി .. ? "

" ഒരു തലകറക്കം പോലെ. .. നിനക്കു കോളേജിൽ പോകണ്ടേ ? "

" മ്മ്... പോണം . വാ എഴുന്നേൽക്കു നമുക്ക് ഹോസ്പിറ്റലിൽ പോകാം... "

" ഹേയ്... അതിനു മാത്രം ഒന്നുമില്ലെടാ... ഒന്ന് കിടന്നാൽ മാറുമാറിയിരിക്കും .. "

" സാരമില്ല നമുക് ഒന്ന് പോയി നോക്കാലോ... "

എത്ര നിർബന്ധിച്ചിട്ടും ഏടത്തി വരാൻ കൂട്ടാക്കിയില്ല. പിന്നെ ഞാനും ദേവുവും ചേർന്ന് പിടിച്ചു വലിച്ചു വണ്ടിയിൽ കയറ്റുകയായിരുന്നു... ഏറെ നേരം ഞാനും ദേവുവും ഒറ്റക്കാ ആശുപത്രി വരാന്തയിൽ നിന്നു.. ഞാൻ നോക്കുമ്പോളൊക്കെ ദേവുവിന്റെ മുഖത് പരിഭ്രമം നിഴലിച്ചിരുന്നു.. ഇടക്ക് ഞങ്ങളുടെ കണ്ണുകൾ തമ്മിൽ ഉടക്കിയ നിമിഷം അവൾ മനപ്പൂർവം നോട്ടം പിൻവലിച്ചു...

ഏറെ നേരത്തെ കാത്തിരിപ്പിനു ഒടുവിൽ ഡോക്ടർ വന്നു. ." ഏടത്തി ഗർഭിണിയാണ്... "

ഡോക്ടറുടെ വാക്കുകൾ വിശ്വസിക്കാനാവാതെ ഞാൻ നിന്നുപോയി... നീണ്ട മൂന്നു വർഷത്തെ ഏട്ടന്റെയും ഏടത്തിയുടെയും കാത്തിരിപ്പു സഫലം ആകാൻ പോകുന്നു.. ഏട്ടനൊരു അച്ഛനാകാൻ പോകുന്നു .. വീട്ടിൽ പുതിയ ഒരു ആൾ കൂടി വരുന്നു.. സന്തോഷത്തിനു അതിരുകൾ ഇല്ലായിരുന്നു..

വാർത്ത അറിഞ്ഞു അമ്മയും ഏട്ടനും പാഞ്ഞെത്തി... എല്ലാവരുടെ മുഖത്തും സന്തോഷം... ഏട്ടനെ കണ്ട ഏടത്തിയുടെ മിഴികൾ ഈറനണിയുന്നത് മുറിയുടെ ഇരു മൂലകളിൽ നിന്നു ഞാനും ദേവുവും കൗതുകത്തോടെ നോക്കി കണ്ടു....

" എനിക്ക് സംശയം ഉണ്ടായിരുന്നു.. ഏട്ടൻ വന്നിട്ട് ആശുപത്രിയിൽ ഒന്നിച്ചു പോകാനിരുന്നത.... ഈ ചെക്കനും പെണ്ണും കൂടി എല്ലാം നശിപ്പിച്ചു..... "

ഏടത്തി അങ്ങനെ പറഞ്ഞപ്പോൾ ആണ്.. രാവിലെ വരാൻ മടികാണിച്ചതിന്റെ പിന്നിലെ രഹസ്യം എനിക്കും ദേവുവിനും മനസിലായത്... ഏട്ടനെ കണ്ടതേ ഏടത്തിയിൽ പഴയ പ്രസരിപ്പ് നിറഞ്ഞു..

അവരുടെ സന്തോഷത്തിൽ പങ്കുചേരാനെന്ന വണ്ണം ഞങ്ങൾ രണ്ടുപേരും അന്ന് കോളേജിലേക്കില്ല എന്ന് ഉറപ്പിച്ചു.. ഏടത്തിക്ക് ഇനിയും ഒന്ന് രണ്ടു ചെക്കപ്പുകൾ കൂടി ഉണ്ടെന്നു നേഴ്സ് വന്നു പറഞ്ഞു .. അപ്പോളിനിയും സമയമെടുക്കും എന്ന് മനസിലായി .

അമ്മയും ഏടത്തിയും ദേവുവും ചേർന്ന് ഏറെ നേരമായി എന്തൊക്കെയോ സംസാരികയാണ്. ഏട്ടനാണെങ്കിൽ അച്ഛൻ ആകാൻ പോകുന്നു എന്നറിഞ്ഞപ്പോൾ മുതൽ ഇവിടെ എങ്ങും അല്ല... ആരെയൊക്കെയോ വിളിച്ചു വിശേഷങ്ങൾ അറിയിക്കുകയാണ് ..

"ഏടത്തിക്കു വല്ലതും കഴിക്കാൻ വേണോ ? "

അവരുടെ അടുത്തേക്ക് നീങ്ങി നിന്നു ഞാൻ ചോദിച്ചു ...

" എനിക്ക് ഒന്നും വേണ്ടെടാ... ദേ ദേവൂന് വല്ലതും വാങ്ങി കൊണ്ടു വാ. രാവിലെ മുതൽ കഴിച്ചിട്ടില്ലെന്നു തോന്നുന്നു...വയ്യെന്ന് പറഞ്ഞപ്പോൾ മുതൽ എന്റെ അടുത്ത് നിന്ന് മാറീട്ടില്ല.. "

" അതെന്തിനാ വാങ്ങി കൊണ്ട് വരുന്നത്. വന്നാൽ വാങ്ങി കൊടുക്കാം.. എനിക്കും എന്തെങ്കിലും കഴിക്കാം അല്ലോ.? "

ദേവുവിനെ ഒന്ന് ഒറ്റയ്ക്ക് കിട്ടാൻ ആഗ്രഹിച്ചിരുന്ന എനിക്ക് അതൊരു നല്ല അവസരമെന്നു തോന്നിയാണ് ഞാൻ അങ്ങനെ പറഞ്ഞത്..

" എങ്കിൽ അമ്മയും പോയി എന്തെങ്കിലും കഴിച്ചിട്ട് വരൂ . "

ഏടത്തി എല്ലാം തകർത്തെറിഞ്ഞു കൊണ്ട് അഭിപ്രായം ഉന്നയിച്ചു..

" എനിക്ക് വിശപ്പില്ല മോളെ .... എന്നേലും ഞാൻ വരാം കൂടെ... "

" വേണ്ട അമ്മേ ഞാൻ നന്ദുവേട്ടന്റെ കൂടെ പോയിട്ടു വരാം.. അമ്മ വരണമെന്നില്ല.. "

അവൾ അങ്ങനെ പറയുമെന്ന് ഞങ്ങൾ ആരും കരുതിയില്ല... ഇത്തിരി വിഷമിച്ചാണെങ്കിലും ദേവുവിനെ അവരെന്റെ ഒപ്പം ഭക്ഷണം കഴിക്കാനായി പറഞ്ഞയച്ചു

ആശുപതി വളപ്പിൽ നിന്നും ഹോട്ടലിലേക്കു കയറുന്ന വരെ ഞങ്ങൾ ആരും ഒന്നും സംസാരിച്ചില്ല. എന്റെ പിന്നാലെ അവളും വന്നു ഹോട്ടലിലേക്ക് കയറി.. എന്റെ എതിരെ വന്നിരിക്കുമ്പോളോ ഭക്ഷണത്തിനായി കാത്തു നിൽക്കുമ്പോളോ ഒന്നും അവളെന്റെ

മുഖത്തേക്ക് കൂടി നോക്കാൻ മുതിർന്നില്ല.

ഓർഡർ കൊടുത്തു അല്പസമയം ഞാൻ അവളെ തന്നെ നോക്കി ഇരുന്നു . പ്രണയവും പ്രണയിക്കപ്പെടുന്നവളും എന്നും വാക്കുകൾ കൊണ്ടുള്ള വർണകൾക്കും അപുറം ആണ് . .. അത് വിവരിക്കാൻ എത്ര വാക്കുകൾ കൂട്ടിവച്ചാലും മതിയാവില്ലെന്നു ചിലപ്പോളൊക്കെ തോന്നിപോകും.... അവളെന്നെ ഒന്ന് ശ്രദ്ധിക്കുന്നത് കൂടി ഉണ്ടായിരുന്നില്ല. മനപ്പൂർവം എന്നപോലെ....

ഇടക്കെപ്പോളോ എന്നിലൂടെ ഒന്ന് കണ്ണു പായിച്ച അവൾ കാണുന്നത് അവളെ തന്നെ നോക്കി ഇരിക്കുന്ന എന്നേ ആണ്...

" എന്താ? "

" ആ താലി എവിടെ ? "

കഴുത്തിലണിഞ്ഞവളെന്നും സൂക്ഷിച്ച താലി ഇന്നവളിൽ കാണാതിരുന്നത് ഞാൻ എപ്പോളോ ശ്രദ്ധിച്ചിരുന്നു.

" അതോ..... അത് ഞാൻ അഴിച്ചു വച്ചു.. ഇനിയും അത് ഇട്ടുകൊണ്ട് നടക്കുന്നതിൽ അർത്ഥമില്ലല്ലോ... "

അവൾ മുഖത്തേക്ക് നോക്കാതെ പറഞ്ഞു തീർത്തു.. അവളുടെ വാക്കിൽ എന്തൊക്കെയോ തീരുമാനിച്ചുറപ്പിച്ച പോലെയൊരു തോന്നൽ എനിക്ക് അനുഭവപ്പെട്ടു...

www.kambistories.com

" നന്ദുവേട്ടൻ ആ ഫോട്ടോ എന്ത് ചെയ്തു ?

" നശിപ്പിച്ചിട്ടില്ല. . "

" അത് കളഞ്ഞേക്കു..... ഇനി അതിന്റെയും ആവശ്യമില്ലല്ലോ.. "

ഒരു ഭാവങ്ങളുമില്ലതേ ദേവു അത്കൂടി പറഞ്ഞപ്പോൾ എനിക്ക് ഇതോടു കൂടി എല്ലാം അവസാനിച്ചതായി തോന്നി.. അവൾ പറഞ്ഞതത്രയും ഉള്ളിൽ തട്ടി പറഞ്ഞതാവരുതേ എന്ന് ഞാൻ മനസിൽ പ്രാർഥിച്ചു....

" താൻ ഹാപ്പി ആണോ ? "

ചായ ഊതി കുടിക്കുന്നതിനിടയിൽ ഞാൻ പറഞ്ഞത് മനസിലാകാത്ത പോലെ അവളെന്നേ ഒന്ന് നോക്കി..

മ്മ്..... " അതെ എന്നായർത്ഥത്തിലൊരു മൂളൽ മാത്രം മറുപടിയായി തന്നു അവൾ ചായ ഊതി കുടിക്കാൻ തുടങ്ങി.

ഇഷ്ടമാണെന്നുള്ള അവളുടെയൊരൊറ്റ വാക്കിൽ എന്റെ സന്തോഷമെല്ലാം പിഴിഞ്ഞെടുത്തിട്ടിന്നവൾ പറയുന്നു അവൾ സന്ദോഷവതി ആണെന്ന്....

" എനിക്കറിയില്ല നന്ദുവേട്ടാ ..   നിങ്ങളുടെ അമ്മയും ചേച്ചിയും എന്നേ എന്തിനാണിത്ര അധികവും സ്നേഹിക്കുന്നതെന്നു... എല്ലാം അറിഞ്ഞിട്ടും എന്നേ കൈ വിടാത്ത അവർക്ക് ഞാൻ എന്താ തിരികെ കൊടുക്കുക? എന്റെ കയ്യിൽ ഒന്നുമില്ലല്ലോ...
ആകെയുള്ളത് അറിയ്യാതെ എങ്കിലും ഞാൻ മൂലം അകപ്പെട്ടു പോയ അവരുടെ മകൻ മാത്രം അല്ലെ ഒള്ളൂ .. അത് ഞാൻ അവർക്കു തിരിച്ചു കൊടുക്കും . എന്നേ കൊണ്ട് അത് മാത്രമേ കഴിയു.. "

കരയാൻ വെമ്പി നിൽക്കുന്ന മിഴികൾ തുടച്ചുകൊണ്ടവൾ പറഞ്ഞു പൂർത്തിയാക്കി. അവളുടെ വാക്കുകൾക്കു മുന്നിൽ എനിക്ക് മറുപടി ഉണ്ടായിരുന്നില്ല.. അവളോട് എന്ത് പറയണം എന്ന് അറിയില്ല. ഈ സാഹചര്യത്തിൽ ഞാൻ അവളോടെന്റെ പ്രണയം പറഞ്ഞാൽ തീർച്ചയായും അവൾ നിരസിക്കുകയെ ഉള്ളു എന്നെനിക്കു നന്നായി അറിയാമായിരുന്നു... ഒന്നും മിണ്ടാനാവാതെ ഞാൻ ദേവുവിനെ തന്നെ നോക്കി ഇരുന്നു പോയി....

" ദേവു മോളെ..... "

പണ്ടെങ്ങോ കേട്ടതും എന്നാലത്ര തന്നെ അരോചകവുമായ ആ ശബ്ദം കേട്ടു ഞങ്ങളിരുവരും ഞെട്ടി തിരിഞ്ഞു നോക്കി...... അതെ രാഘവൻ.. ! അയാളെ കണ്ടതേ ദേവു ചാടി എഴുന്നേറ്റു. ഭയമോ വെറുപ്പോ ദേഷ്യമോ എന്തെന്നറിയാൻ കഴിയാത്തൊരു ഭാവം അവളുടെ മുഖത്തൊഴികി നിറഞ്ഞതു ഞാൻ കണ്ടു...

" മോളെന്താ ഇവിടെ? "

ഒരു വൃത്തികെട്ട ചിരി മുഖത്തു വരുത്തി തീർത്തു അയാൾ ഞങ്ങൾക്കിടയിലേക്കു കടന്നു വന്നു.. പക്ഷെ ദേവുവിൽ നിന്നൊരു മറുപടി അയാൾക്ക് ലഭിച്ചില്ല. ഇയാളെ കുറിച്ച് പലതും അറിയാവുന്നതിനാലും അന്ന് വീട്ടിൽ കയറി വന്നുണ്ടായ വിഷയങ്ങൾ അറിഞ്ഞത് കൊണ്ടും അയാളെ കണ്ടതേ എന്നിലും ദേഷ്യവും വെറുപ്പും പ്രകടമായിരുന്നു....

" അയ്യോ മോന് എന്നേ മനസിലായില്ലേ ? ഞാൻ രാഘവൻ മാമൻ ആന്നെ. "

മനസിലായി എന്ന മട്ടിൽ ഞാനൊന്നു തലയാട്ടി...

" ആഹ് ഞാൻ ഇടക്ക് മോന്റെ വീട്ടിലൊക്കെ വന്നതായിരുന്നു . മോനെ മാത്രം കാണാൻ പറ്റിയില്ല.. "

അയാളുടെ ആ അർദ്ധം വച്ചുള്ള നോട്ടവും സംസാരവും കണ്ടപ്പോൾ എന്തോ പന്തികേടെനിക്ക് തോന്നി .. അയാൾ ഞങ്ങളിലേക്ക് കൂടുതൽ അടുത്ത് വരുംതോറും ദേവു എന്റെ പിന്നിലേക്ക് കൂടുതൽ ചേർന്ന് നിൽക്കുന്നത് ഞാൻ കണ്ടു. ഭയന്നിട്ടാകണം...

" എന്താ രാവിലെ തന്നെ ആശുപത്രിയിൽ... മോൾക്ക് വല്ല വിശേഷവും ഉണ്ടോ ? "

കൊളുത്തി വലിക്കുന്ന ചൂണ്ട കണക്കെ അയാൾ ഓരോന്ന് ചോദിച്ചു കൊണ്ടിരുന്നു..

" അതൊന്നും ഇല്ല.. ചേട്ടനിപ്പോൾ പോകു... നമുക്ക് പിന്നെയൊരിക്കൽ സംസാരിക്കാം... "

അയാളോട് തോന്നിയ വെറുപ്പും ദേശ്യവും എല്ലാം ഉള്ളിലൊതുക്കി ഞാൻ പറഞ്ഞു.

" അതെന്താ മോനെ...   ഇനി എന്ന് കാണാനാ... ദേവു മോൾ എന്താ എന്നേ കണ്ടിട്ട് പേടിച്ചിരിക്കുന്നത്?  "

അപ്പോളേക്കും എന്റെ മുന്നിലേക്ക് എത്തിയ അയാൾ അതും ചോദിച്ചു ദേവുവിന്റെ കവിളിലൊന്ന് തൊടാനായി കൈ ഉയർത്തി കൊണ്ട് വരുന്നത് ഞാൻ കണ്ടു...
ആഹ് കൈ അവളുടെ ദേഹത്ത് സ്പർശിക്കാതിരിക്കാനെന്ന വണ്ണം അവളൊഴിഞ്ഞു മാറിയതും ഞാൻ അയാളുടെ കൈ തട്ടി മാറ്റിയതും എല്ലാം ഒറ്റ നിമിഷത്തിൽ ആയിരുന്നു.  ..  അയാളെന്നെ രൂക്ഷമായി ഒന്ന് നോക്കി...

" ചേട്ടൻ ചെല്ലു  "

മുഖത്തെ ദേഷ്യമെല്ലാം ഒതുക്കി അയാൾ ആ വളിച്ച ചിരി മുഖത്തു വരുത്തി.

" ആഹ് എന്നാൽ നടക്കട്ടെ....ഞാൻ പോയേക്കാം..  "

അയാൾ തിരിഞ്ഞു നടന്നു. അപ്പോളേക്കും ദേവുവിന്റെ കണ്ണീരുറവ അണപൊട്ടിയിരുന്നു.. ചുരിധാറിന്റെ ഷാൽകൊണ്ടവളാ കണ്ണുനീരൊപ്പി കളഞ്ഞു  ...  അല്പദൂരം മുന്നിലേക്ക് ചെന്ന അയാൾ എന്തോ ഓർത്തെടുത്ത മട്ടിൽ ഒന്ന് നിന്നു.  എന്നിട്ടു ഞങ്ങളുടെ നേരെ തിരിഞ്ഞു...

" അജയനെ കുറിച്ചു വല്ല വിവരവും കിട്ടിയോ മോളെ ? "

ഉത്തരം പറയാനാവാതെ ഞാനും അവളും നിശബ്ദരായി നിന്നു...

" പോയിട്ടിത്ര നാളായ സ്ഥിതിക്ക് ..  വല്ല റെയിൽവേ പാളത്തിലോ കടലോരത്തോ ഒക്കെ ഒന്ന് അന്വേഷിക്കാമായിരുന്നില്ലേ ?  ഇന്നലെയും കേട്ടു കടൽ കരയിൽ ഒരു ശവം വന്നടിഞ്ഞിട്ടുണ്ടെന്നു..... "

ദേവുവിന്റെ ഉച്ചത്തിലുള്ള അലർച്ച  എന്റെ കാതുകളിൽ മുഴങ്ങിക്കേട്ടു.. ഒരാളിൽ നിന്നും ദേവു കേൾക്കാൻ ആഗ്രഹിക്കാത്ത ആ വാക്ക് കെട്ടവൾ തകർന്നു പോയിരിക്കണം..

അയാളോട് അപ്പോളെനിക്ക് തോന്നിയ ദേഷ്യവും അമർഷവും എല്ലാം കൂടി ചേർന്ന് ഞൊടി ഇടയിൽ ഞാൻ അയാളുടെ ഷർട്ടിന്റെ കോളറിൽ കയറി  പിടിച്ചു.

" താനിനി തന്റെ പിഴച്ച നാക്കു ഒന്നൂടി പൊക്കിയത് എന്റെ കയ്യുടെ ചൂട് താനറിയും.  "

ദേവുവിന്റെ കരച്ചില് കണ്ടിട്ടൊ എന്തോ എനിക്കപ്പോൾ അയാളുടെ ആറടി ഉയരവും ഉറച്ച ശരീരവും കൊമ്പൻ മീശയും  ഒന്നും ഒരു പ്രശ്നമായി തോന്നിയില്ല..  അയാളോടുള്ള ദേഷ്യം എവിടെ നിന്നോ ശരീരത്തിലേക്ക് ഇരച്ചു കയറുന്ന പോലെ...

" അവളുടെ അപ്പൻ എവിടെയെങ്കിലും പോയി കഴുവേറിയതിനു നീ എന്റെ കുത്തിന് പിടിച്ചിട്ടു എന്താ കാര്യം ? "

അത്ര നേരവും ചിരി പടർന്നിരുന്ന അയാളുടെ  മുഖം വേഗത്തിൽ ഭാവം മാറുന്നത് ഞാൻ കണ്ടു..

" ദേവുമോളുടെ ചെക്കനായത് കൊണ്ട് മാത്രം ക്ഷമിക്കാ... അല്ലെങ്കിൽ രാഘവന്റെ ദേഹത്ത് കൈ വക്കാൻ ഒരുത്തനെയും അനിവദിച്ചിട്ടില്ല. അത് കൊണ്ട് മോനാ കൈ അങ്ങ് എടുക്കു.... "

അപ്പോളും എന്നിൽ തെല്ലും ഭയം തോന്നിയില്ല. കൈയുടെ കരുത്തൽപ്പം കൂടി കൂട്ടിയാതെ ഒള്ളൂ..

തന്റെ വിരട്ടൊന്നും എന്നിൽ ഏൽക്കില്ലെന്ന മട്ടിൽ ഞാൻ അയാളുടെ കോളറിലെ പിടി അല്പം കൂടി മുറുക്കി...

എന്റെ കൈ അയാളുടെ കോളറിൽ നിന്നു വിടുവിക്കാൻ ഒരു പാഴ് ശ്രമം അയാൾ നടത്തി. അയാൾ പ്രതീക്ഷിച്ചതിലും കൈ കരുത്തു എനിക്കുണ്ടെന്നു അയാളുടെ ആ പ്രവൃത്തിയിൽ നിന്നും എനിക്ക് മനസിലായി.

" കൈ എടുക്കെടാ... "

എന്നിൽ നിന്നും ഒരു പ്രതികരണവും ഉണ്ടാവാതെ വന്നപ്പോൾ അയാളെന്നെ ശക്തിയായി പിന്നിലേക്ക് തള്ളി.. ഞാൻ അവിടെ കൂടി നിന്നിരുന്ന ആളുകളുടെ ഇടയിലേക്ക് തെറിച്ചു വീണു. എന്നിട്ടും കലിയടങ്ങാതെ ഞാൻ വീണ്ടും അയാളുടെ അടുത്തെത്താൻ മുന്നിലേക്ക് കുതിച്ചതും ആരൊക്കെയോ ചേർന്ന് എന്നേ തടഞ്ഞു.. എങ്കിലും ഞാൻ അവരെ തള്ളി മാറ്റാൻ പരമാവധി ശ്രമിച്ചു കൊണ്ടിരുന്നു. . ഞാൻ എത്രത്തോളം കുതറി മാറുന്നുവോ അത്രത്തോളം അവർ പിടി മുറുക്കി കൊണ്ടിരിക്കുന്നത് ഞാൻ അറിഞ്ഞു....

" നന്ദുവേട്ടാ.... "

www.kambistories.com

അത്രയും നേരവും എല്ലാം കണ്ടുകൊണ്ട് മാത്രം നിന്ന ദേവുവിന്റെ ശബ്ദം അവിടെ ഉയരുന്നു... അവൾ ചാടി എന്റെ കയ്യിൽ കയറി പിടിച്ചു..

" നന്ദുവേട്ടാ വേണ്ടാ.... "

അവളെന്റെ കയ്യിലെ പിടി അയക്കാതെ എന്റെ തോളിൽ തല ചാരി നിന്നു എന്നോട് കെഞ്ചി... അവളുടെ കണ്ണീർ എന്റെ പിന്നിൽ നനവുണ്ടാക്കുന്നത് ഞാൻ അറിഞ്ഞു ... അപ്പോളാണെനിക്ക് അതൊരു പൊതു സ്ഥലം ആണെന്ന് ചുറ്റിനും ആളുകൾ ഞങ്ങളെ വീഷിക്കുന്നുണ്ടെന്നുമുള്ള ബോധം വരുന്നത്...

" ആഹ്. അവനെ പിടിച്ചു നല്ല വഴി പറഞ്ഞു കൊടുക്ക് ടീ കൊച്ചെ... ഇല്ലേ അവനെയും നിനക്ക് ഒരുപാടു നാള് കാണാൻ പറ്റി എന്ന് വരില്ലാ.... "

അയാളുടെ വാക്കുകൾ ദേവുവിന്റെ ഹൃദയം തകർക്കൻ പോന്നതായിരുന്നു.. അവിടെ കൂടി നിന്ന അത്ര ആളുകളെയും തള്ളി മാറ്റി ദേവു ഓടി.. എങ്ങോട്ടെന്നില്ലാതെ.. ഞാൻ ഒന്നും ചെയ്യാനാവാതെ നിസ്സഹായനായി അവിടെ തന്നെ നിന്നു . കൂടി നിന്ന ആളുകൾ കൂട്ടം പിരിയുന്നതിനിടയിലെവിടെയോ രാഘവനും കണ്മുന്നിൽ നിന്നും മാഞ്ഞു പോയി......

മനസ്സ് കലുഷിതമായിരുന്നു... എന്ത് ധൈര്യത്തിലാണ് ഞാൻ അയാളോട് തർക്കിച്ചത് എനിക്കത്ര ആലോചിച്ചിട്ടും മനസിലായില്ല... അയാളുടെ വാക്കുകൾ ദേവുവിലുണ്ടാക്കിയത് ആഴത്തിലുള്ള

മുറിവാണെന്നു എനിക്ക് ഉറപ്പായിരുന്നു . എങ്ങനെ ഇനി അവളെ സമാധാനിപ്പിക്കും എന്നറിയാനാവാതെയാണ് ഞാൻ അമ്മയുടെയും ഏടത്തിയുടെയും അടുത്തേക്കു ചെന്നത്...

" ഞാൻ അപ്പഴേ പറഞ്ഞതാ. ഇവളെ അവന്റെ കൂടെ ഒറ്റയ്ക്ക് വിടണ്ടാ എന്ന്... അവനെന്തോ മോളോട് പറഞ്ഞിട്ടുണ്ട്. ഇല്ലേൽ ഈ കൊച്ചെന്തിനാ ഇങ്ങനെ കിടന്നു കരയുന്നത്.. ? "

ഹോസ്പിറ്റലിലെത്തി ഏടത്തിയുടെ മുറിയിലേക്ക് കടക്കുമ്പോൾ കേട്ടു ഏടത്തിയുടെ ശബ്ധം...

" എന്താ ഉണ്ടായതെന്നു പറ മോളെ. "

ഞാൻ മുറിയിലേക്ക് കയറുമ്പോൾ അമ്മയോട് ചേർന്നു നിൽക്കുന്ന ദേവുവിനെ കണ്ടു. അവൾക്കു കരച്ചിലടക്കാൻ കഴിയുന്നുണ്ടായിരുന്നില്ല...

":എടാ .. നീ അവളോട് എന്താ പറഞ്ഞെ.... "

ഏടത്തിയുടെ ചോദ്യത്തിന് ഉത്തരം പറയാനാവാതെ ഞാൻ തല കുനിച്ചു നിന്നതേ ഒള്ളൂ..

" ഈ പാവത്തിനെ ഇങ്ങനെ ദ്രോഹിക്കൻ അവൾ നിന്നോട് എന്ത് പാപം ചെയ്തേടാ..... "

എന്റെ മൗനം അവർക്കൊരു കുറ്റ സമ്മതമായിരുന്നു.. എല്ല പഴിയും ഞാൻ സ്വയം ഏറ്റെടുത്തു.. ഇല്ലെങ്കിൽ എല്ലാം അവരറിയുമ്പോൾ ചിലപ്പോൾ പ്രശ്നമാകുമെന്നെനിക്കു തോന്നി.....

www.kambistories.com

### ....... ##.....##......####........###.......

വീട്ടിലെത്തിയിട്ടും മനസ്സിനൊരു സമാധാനവും ഉണ്ടായിരുന്നില്ല. ദേവുവിന്റെ കരഞ്ഞു കലങ്ങിയ ആ മുഖം വീട്ടിലെ എല്ലാവരുടെയും മുഖത്തു വിഷാദം കലർത്തിയതായി എനിക്ക് തോന്നി.. ദേവു ആ വീട്ടിലെ ഓവ്വോരുത്തരുടേയും മനസ്സിൽ സ്ഥാനം പിടിച്ചു എന്നതിന് ഒരു തെളിവായിരുന്നു ആ സന്തോഷ ദിനത്തിലെയും എല്ലാവരുടെയും മുഖം .... എല്ലാവരുടെയും മുന്നിൽ അന്ന് ഞാനൊരു പാപം ചെയ്ത വ്യക്തിയായിരുന്നു.. പക്ഷെ എന്റെ മനസ്സിൽ അപ്പോൾ അവൾ മാത്രമായിരുന്നു. ദേവു.. എന്തായിരിക്കും ഇപ്പോൾ അവളുടെ അവസ്ഥ. കരയുക ആയിരിക്കുമോ.. ?

അവളോടെന്തെങ്കിലും ഒരു ആശ്വാസവാക്കു പറഞ്ഞില്ല എങ്കിൽ എനിക്ക് സമാധാനം ഉണ്ടാവില്ലെന്ന് തോന്നിയപ്പോൾ ഞാൻ പതിയെ അമ്മയുടെ മുറിയിലേക്ക് കയറി.. ദേവു മാത്രമേ മുറിലുണ്ടായിരുന്നുള്ളു.. അന്ന് ഏടത്തിക് വയ്യാത്തത് കൊണ്ട് അമ്മ ആയിരുന്നു അടുക്കള ഭരണം മുഴുവൻ.... മുറിയിലേക്ക് കയറി ചെല്ലുമ്പോളും എന്തോക്കേയോ ആലോചിച്ചിരിക്ക ആയിരുന്നു ദേവു. കരഞ്ഞു കലങ്ങിയ കണ്ണുകൾ അപ്പോളും നിറഞ്ഞു തുളുമ്പാൻ വെമ്പുന്ന പോലെ..

" എഡോ... "

എന്റെ വിളി കേട്ടു എന്ന മട്ടിൽ എന്നേ ഒന്ന് തലയുയർത്തി നോക്കുക മാത്രം ചെയ്തു അവൾ...

" അയാൾ പറഞ്ഞത് ശരി ആയിരിക്കും അല്ലെ നന്ദുവേട്ടാ..... "

അതേ ഇരുപ്പിൽ അവളെന്നോട് ചോദിച്ചു....

" അച്ഛൻ ഇനി വരില്ലാ അല്ലെ ? "

അവൾ തലയുയർത്തി എന്നേ നോക്കി... എന്റെ മറുപടിക്കായി എന്നവണ്ണം... ....

" തന്റെ അച്ഛനൊന്നും സംഭവിച്ചിട്ടുണ്ടാവില്ല. അയാൾ പറഞ്ഞതൊന്നും ഓർത്തു താൻ വിഷമിക്കണ്ട . എത്രയും പെട്ടന്ന് അച്ഛൻ മടങ്ങി വരും.. "

എനിക്ക് പോലും ഇല്ലാത്ത ആ ഒരു പ്രതീക്ഷ ഞാൻ അപ്പോഴും അവളിലേക്ക് നിറച്ചു...

" താനിനി അതും ഓർത്തു കരയാൻ നിൽക്കണ്ടാ.. അയാളപ്പോൾ വായിൽ തോന്നിയത് വിളിച്ചു പറഞ്ഞതായിരിക്കും അല്ലാതെ.. താനീ കരച്ചിൽ ഒന്ന് നിർത്തു. താൻ കരയാതെ തിരുത്തേണ്ടത് ഇപ്പൊ എന്റെ ആവശ്യം അല്ലെ... ഇല്ലേ അതിനു വഴക്കു കേൾക്കുന്നത് ഞാനാ.... "

എന്റെ വാക്കുകൾ കേട്ടെന്ന പോലെ എവിടെ നിന്നോ ഒരു പുഞ്ചിരി മുഖത്തു കൊണ്ടുവന്നവൾ ഈറനണിഞ്ഞ കണ്ണുകൾ തുടച്ചു..

" തനിക്കു വിഷമം ആയോ ? അയാൾ അങ്ങനെ പറഞ്ഞപ്പോൾ "

ഞാനവളുടെ അടുത്തേക്ക് കൂടുതൽ ചേർന്ന് നിന്നു..

" ജീവൻ പോണ പോലെ തോന്നി എനിക്ക്.. "

" സാരമില്ല.. പോട്ടെ.... അല്ല ആയാളെന്താ അവിടെ? "

" അയാളെല്ലാ ആഴ്ചയും അവിടെ പോകുന്നതാ... കണ്ണിനെന്തോ കുഴപ്പം ഉണ്ട് അയാൾക്ക്. "

എന്റെ സംശയതിനുള്ള ഉത്തരം അവൾ നൽകി.

", നന്ദുവേട്ടനെതിനാ അയാളെ തല്ലാൻ പോയത്... "

ദേവുവിന്റെ ചോദ്യമുയർന്നു..

" വേണ്ടായിരുന്നു.... അയാളൊരു രാക്ഷസനാ... അയാൾ ചിലപ്പോ നന്ദുവേട്ടനെ എന്തെങ്കിലും ചെയ്യാനും മടിക്കില്ല "

" എന്നെ അയാളൊന്നും ചെയ്യില്ല താൻ പേടിക്കണ്ടാ... "

" എനിക്ക് പേടിയാ നന്ദുവേട്ടാ... ഞാൻ കാരണം നന്ദുവേട്ടന് എന്തെങ്കിലും പറ്റിയാൽ.......... "

" പറ്റിയാൽ നോക്കാൻ നീ ഇല്ലേ..... "

www.kambistories.com

അവൾ അത് പറഞ്ഞു മുഴുവിപ്പിക്കുന്നതിനു മുൻപേ ഞാൻ പറഞ്ഞു നിർത്തി. അറിയാതെ വായിൽ നിന്ന് ചാടിയ വാക്കുകൾ തിരിച്ചെടുക്കാനാവാതെ ഞാൻ അവളെ നോക്കി. പറഞ്ഞതിനർദ്ധം മനസിലാവാത്തതു പോലെ ദേവു എന്റെ കണ്ണുകളിലേക്കു സൂക്ഷിച്ചു നോക്കി..

" ദേവു..... "

പെട്ടന്നാണ് ഏടത്തി റൂമിലേക്ക് കയറി വന്നത്. എന്നേ ആ റൂമിൽ കണ്ടപ്പോൾ ഏടത്തി ആദ്യം ഒന്ന് അത്ഭുതപ്പെട്ടു ..

" നീ എന്താടാ ഇവിടെ? "

" അത് ഞാൻ... വെറുതെ..... "

" അതിനെ കരയിപ്പിച്ചു മതിയായില്ലേ നിനക്കു... "

" ഞാൻ ഒന്നും ചെയ്തിട്ടില്ല ഏടത്തി.."

" നീ ഒന്നും ചെയ്യാതെ ആണോ അവൾ ഇരുന്നു കരയുന്നത്.. ഇതിന് മാത്രം ഈ കൊച്ചു നിന്നോട് എന്ത് തെറ്റ് ചെയ്തേടാ.... നീ ആദ്യം ഈ മുറീന്ന് ഒന്ന് പുറത്തു പോയെ ..... ":

മറുത്തൊന്നും പറയാൻ നിൽക്കാതെ ഞാൻ വേഗം മുറിക്കു പുറത്തേക്കിറങ്ങി.. അയാളുടെ ഓർമ്മകളിൽ നിന്നും കുറച്ചു നേരത്തേക്കെങ്കിലും ദേവുവിനെ മോചിപ്പിച്ചു എന്ന ആശ്വാസത്തോടെ......

...... #.... ###...... ##........ ##.........

പിറ്റേന്ന് തന്നെ ദേവുവിനോടു പോലും അനുവാദം ചോദിക്കാതെ അച്ഛനെ കാണാനില്ലെന്നും പറഞ്ഞു പോലീസിൽ ഒരു പരാതി കൊടുത്തു. അന്ന് രാഘവനെ പേടിച്ചു വേണ്ടെന്നു വച്ചതാണ്.. പക്ഷെ ഇന്നെന്തോ അയ്യാളോടെനിക്ക് ഭയം ഒന്നും തോന്നുന്നില്ല. അയാളോടുള്ള വെറുപ്പെല്ലാം മനസിലടിഞ്ഞു കൂടി എന്തും വരട്ടെ എന്നൊരു ധൈര്യമായി മാറിയിരിക്കുന്നു ..

പിറ്റേന്ന് രാവിലെ വീട്ടിൽ പോലീസ് വന്നപ്പോളാണ് ദേവു പോലും കാര്യം അറിയുന്നത്. ആവശ്യമുള്ള എന്തൊക്കെയോ അവളോടു ചോദിച്ചറിഞ്ഞു പോലീസ്കാരു പോയപ്പോൾ ദേവു വീണ്ടും എന്റെ അടുത്തേക്ക് വന്നു

" നന്ദുവേട്ടനെന്തു പണിയാ കാട്ടിയത്.. കേസ് കൊടുക്കേണ്ടെന്നു ഞാൻ അന്നേ പറഞ്ഞതല്ലേ.... "

" താൻ പേടിക്കാതിരിയെടോ.... ഒന്നും സംഭവിക്കില്ല.... "

ദേവുവിൻറെ മുഖത്തു നിഴലിച്ച ഭയം തെല്ലു പോലും അപ്പൊഴേന്നിൽ ഉണ്ടായിരുന്നില്ല എന്ന് വേണം പറയാൻ. അന്ന് ആശുപത്രിയിൽ നടന്ന സംഭവം കൊണ്ട് എനിക്കയാളെ എതിർക്കാൻ കഴിയുമെന്നൊരു അഹങ്കാരം എനിക്കുണ്ടായിരുന്നു ..എങ്കിലും .. ആ.... രാഘവനെ ഞാൻ ഒരുപാടു വിലകുറച്ചു കണ്ടു എന്ന് മനസിലാക്കാൻ അയാളെ ഒന്നു കൂടി കാണേണ്ട ആവശ്യമേ എനിക്ക് ഉണ്ടായിരുന്നുള്ളു..

കോളേജിൽ നിന്നു മടങ്ങുന്ന വഴി...  ചീറിപ്പാഞ്ഞു വന്ന ഒരു ജീപ്പ് ബൈകിനു വട്ടം കയറ്റി നിന്നു... എന്താണ് സംഭവം എന്ന് മനസിലാക്കുന്നതിനേക്കാൾ മുൻപേ ജീപ്പിൽ നിന്ന് ചാടി ഇറങ്ങിയ ആൾ എന്റെ മുഖമടച്ചൊരടി ആയിരുന്നു ...  ഒരു നിമിഷത്തേക്ക് ബോധം പോയപോലെ തോന്നി എനിക്ക്... സ്വബോധത്തിലെത്തി കണ്ണ് തുറന്നു നോക്കുമ്പോൾ ബൈക്കിനോടൊപ്പം ഞാനും റോഡിൽ കിടക്കുകയായിരുന്നു ....ആ ആളൊഴിഞ്ഞ വഴിയിൽ അതെ കിടപ്പിൽ  ഒറ്റ നിമിഷം കൊണ്ട് ഞാനയാളെ തിരിച്ചറിഞ്ഞു..  രാഘവനെ..... !

അടിയുടെ ആഘാതത്തിൽ ബൈകിനോടൊപ്പം ഞാനും വഴിയിലേക്ക് മറിഞ്ഞു വീണിരുന്നു.

ബൈക്കിനടിയിൽ പെട്ടുപോയ വലത് കാൽ വലിച്ചൂരി ചാടി എഴുന്നേറ്റു അയാൾക്കിട്ടു രണ്ടെണ്ണം കൊടുക്കണെമെന്നുണ്ടായിരുന്നു..  പക്ഷെ കാലനക്കാൻ എനിക്ക് കഴിഞ്ഞല്ല.  കാലിനു സാരമായി എന്തോ പറ്റിയിട്ടുണ്ടെന്ന് കാലിനുണ്ടായ അസഹനീയമായ വേദനിയിൽ നിന്നെനിക്കു മനസലിയായി.....

" കഴുവേറീടെ മോനെ.....  "

പാഞ്ഞെത്തിയ അയാൾ എന്റെ അരികിലെത്തി  എന്റെ കോളറിൽ കുത്തി പിടിച്ചു.  എന്റെ മുഖത്തൊരു അടി കൂടി അടിച്ചു.

വീഴ്ചയിൽ ശരീരത്തിലെവിടെയൊക്കെയോ ഉണ്ടായിരുന്ന വേദനകൾക്കൊപ്പം ആ അടിയുടെ വേദനയും ലയിച്ചു ചേർന്നു..

" നിന്നോടൊക്കെ ഞാനന്നേ പറഞ്ഞതാ....  ആ പെണ്ണിന്റെ അപ്പനെ അന്വേഷിച്ചു ഇറങ്ങി എന്റെ പിറകെ വരരുതെന്ന്... എന്നിട്ടു ഒന്നും കേൾക്കാതെ പോലീസിൽ കേസ് കൊടുത്തിരിക്കുന്നു... വന്നിരുന്നു ഇന്ന് എന്നെ അന്വേഷിച്ചു പോലീസ് ഏമാന്മാര്...  എന്റെ കുറച്ചു കാശു പോയത് മിച്ചം ... കാശു പോയാൽ ഞാൻ സഹിക്കും....  പക്ഷെ എന്റെ  വീട്ടിൽ കണ്ട പോലീസ് കേറി ഇറങ്ങുന്നത്...  അത് എനിക്ക് ഇഷ്ടമുള്ള കാര്യമല്ല......"

അയാൾ പറയുന്നതത്രയും കാതിൽ ചെറിയൊരു മൂളലിന്റെ അകമ്പടിയോടെ ഞാൻ കേട്ടു... .

", കഴിഞ്ഞ ദിവസം എന്റെ ദേഹത്ത് കൈ വച്ചപ്പോഴേ നിന്നെ ഞാൻ വെറുതെ  വിട്ടതാ ...  പക്ഷെ നീ ഈ കാണിച്ചത് അതി ബുദ്ധി ആയിപോയി. ആളറിയാതെയാ നീ കളിച്ചത്...  അപ്പോൾ ഞാനാരാണെന്നു നിനക്ക് കാണിച്ചു തരേണ്ടെ ..... ഇനി അച്ഛനെ കാണാനില്ല അമ്മയെകാണാനില്ല അച്ഛന്റെ മീശയുടെ പൂട കാണാനില്ല എന്നും പറഞ്ഞു എന്റെ വഴിയേ വന്നാൽ പുന്നാര മോനെ...  പിന്നെ നീ ഉണ്ടാവില്ല...... കേട്ടോടാ...... "

എല്ലാം ഒരു പാതി ബോധത്തിൽ  കേട്ട് നിൽക്കാനേ എനിക്കായൊള്ളു....  അയാളെന്നെ അവിടെ  വിട്ടു അകന്നുപോകുന്നത് ഞാൻ കണ്ടു. അപ്പോളും ഞാൻ  എന്റെ ദേഹത്തുനിന്നു  ബൈക്ക് മാറ്റി എഴുന്നേൽക്കാനുള്ള പാഴ് ശ്രമത്തിലായിരുന്നു....

പകുതി വരെ നടന്നു നീങ്ങിയ അയാൾ എന്റെ അരികിലേക്ക് തിരികെ വന്നു.  ഇനി എന്ത് എന്ന പേടി എന്നിൽ എവിടെ നിന്നോ ഉയർന്നു വന്നു...

www.kambistories.com

അയാളെന്റെ അടുത്തെത്തി എന്റെ ദേഹത്ത് കിടന്ന ബൈക്ക് ആയാസപ്പെട്ട് എടുത്തു മാറ്റി.. എന്നിട്ടെന്നെ പിടിച്ചെഴുന്നേല്പിച്ചു... ശേഷം അയാളെന്നെ അയാളുടെ ജീപ്പിനോട് ചേർത്ത് നിർത്തി..... നേരെ നില്ക്കാനുള്ള ശേഷി എന്റെ കാലുകൾക്കില്ലെന്ന് ഞാൻ തിരിച്ചറിഞ്ഞു.... ആ വീഴ്ചയിൽ ശരീരത്തിൽ സാരമായി പരിക്കുകൾ ഉണ്ടായിട്ടുണ്ടെന്നു എനിക്ക് ബോധ്യമായി.

" ഒരു കാര്യം പറയാൻ വിട്ടു പോയി... "

എന്റെ ചെവിക്കടുത്തേക്കു മുഖം അടുപ്പിച്ചു..... സ്വരം താഴ്ത്തി അയാൾ പറഞ്ഞു തുടങ്ങി.

" അവളുടെ അച്ഛനെ അന്വേഷിച്ചു നീ ഇനി വെറുതെ സമയം കളയണ്ടാ.... അയാളെ ഞാൻ തീർത്താതാ..... "

രാഘവന്റെ വാക്കുകൾ എന്നിൽ ഞെട്ടലുളവാക്കി.. ഞാൻ എന്ത് കേൾക്കരുതെന്നു ആഗ്രഹിച്ചുവോ അത് തന്നെ അതും അയാളുടെ വായിൽ നിന്നും കേട്ടതിന്റെ ഭീതി എന്റെ കണ്ണുകളിൽ ഇരുട്ടു നിറച്ചു....

" പണ്ടേ അവനെനിക്ക് ഒരു ശല്യമായിരുന്നു.... അന്നേ തീർക്കാൻ തീരുമാനിച്ചതാ... അന്നേരമാ ആ ജാനകി തടഞ്ഞത്... പിഴച്ചവളുടെ ഒടുക്കത്തെ ഒരു ഭർത്താവു സ്നേഹം............തൂഊഫ്.... . എന്നിട്ടൊരു ദിവസം

ഒരു കുഞ്ഞി പിച്ചാത്തിയും ആയി വന്നിരിക്കുന്നു. രാഘവനെ കൊല്ലാൻ.... തല്ലി ചതച്ചു കടലിൽ തള്ളി.... ഈ ഞാൻ.... അവനെ ... നിന്റെ അമ്മായിഅപ്പനെ.... "

www.kambistories.com

അയാളുടെ ഉള്ളിലെ മൃഗം അപ്പോൾ മുഴുവനായും ഞാൻ കാണുകയായിരുന്നു.. ദേവു പറഞ്ഞ രാഘവനെന്ന രാക്ഷസന്റെ തനി സ്വരൂപം എന്റെ മുന്നിൽ നിറഞ്ഞാടി .. കൈ അനക്കാൻ പോലും ആകാത്ത വിധം അയാളെന്നെ തളർത്തി കളഞ്ഞിരുന്നു....

" മൂന്നാം ദിവസം കരക്കടിയേണ്ടി ഇരുന്നതാ അവന്റെ ശവം . എന്ത് ചെയ്യാനാ.... ആ പെണ്ണിന് അതിനു പോലും യോഗം ഇല്ല. വല്ല സ്രാവും കൊണ്ടുപോയി കാണും... "

അയാളുടെ ഓരോ വാക്കുകളും എനിക്ക് വിശ്വസിക്കാവുന്നതിലും അപ്പുറം ആയിരുന്നു.. കണ്ണുകൾ അറിയാതെ നിറഞ്ഞൊഴുകുന്നത് ഞാനറിഞ്ഞു... ഒന്ന് പ്രതികരിക്കാൻ പോലും ആകാതെ ഞാൻ നിസ്സഹായനായി നിന്നു ..

" പിന്നെ ഇതൊക്കെ അറിഞ്ഞു. ഇനിയും നീ പോലീസിനേം പട്ടാളത്തിന്റെയും കൂട്ടി എന്റെ പിറകെ വന്നാൽ കത്തിക്കും ഞാൻ നിന്നെ കുടുംബത്തോടെ..... കേട്ടോടാ... നായേ.... "

അവസാനമൊരു താക്കീതും തന്നു അയാളെന്നെ ബൈക്കിനടുത്തേക്ക് വീണ്ടും തള്ളി ഇട്ടു.. നിൽക്കാനുള്ള നില കിട്ടാനാവാതെ വീണ്ടും ഞാൻ റോഡിലേക്കു വീഴപ്പെട്ടു.... ബോധം മറയുന്നതിനു മുൻപ് അയാളുടെ ആ ക്രൂരമായ ചിരി ഞാൻ ഒന്നുകൂടി കണ്ടു... കണ്ണടയുമ്പോളും മനസിലായാൾ പറഞ്ഞ വാക്കുകളലയടിച്ചു കൊണ്ടിരുന്നു...

ആരൊക്കെയോ ചേർന്ന് എന്നെ എടുത്തു കൊണ്ട് പോകുമ്പോഴും എന്റെ മനസ്സിൽ ഒരു മുഖം മാത്രമേ ഉണ്ടായിരുന്നുള്ളു.... ദേവുവിന്റെ......... !!!!

എപ്പോളോ അടഞ്ഞു പോയ കണ്ണുകൾ തുറന്നത് ഹോസ്പിറ്റലിൽ വച്ചാണ്. കൂടി നിന്ന ബന്ധുക്കൾക്കിടയിൽ കണ്ണ് പാഞ്ഞത് ദേവുവിലെക്കും.... കാണാൻ കഴിഞ്ഞില്ല അവളെ . അവിടെ എങ്ങും ഉണ്ടായിരുന്നുമില്ല.. തലക്കും വലതു കാലിനും അസഹനീയമായ വേദന അനുഭവപ്പെടുന്നുണ്ടായിരുന്നു.. എല്ലാം കടിച്ചു പിടിച്ചു മുന്നിൽ നിന്ന എല്ലാവരെയും ചിരിച്ചു കാണിച്ചു.. എല്ലാവരുടെയും മുഘത് വിഷാദം മാത്രം...

":എല്ലാവരും ഒന്ന് ഒതുങ്ങി നിന്നെ... "

ഉച്ചത്തിൽ ശബ്ദിച്ചു കൊണ്ട് ഒരു പ്രായം ചെന്ന സിസ്റ്റർ റൂമിലേക്ക് ഓടി കയറി വന്നു..

സിസ്റ്ററെ ഡോക്ടർ വല്ലതും പറഞ്ഞോ . കുഴപ്പം വല്ലതും... ..? "

www.kambistories.com

മുന്നിലേക്ക് കയറി നിന്ന് ഏട്ടൻ ചോദിച്ചു..

" പേടിക്കാനൊന്നുല്ല. സ്കാൻ ചെയ്തതിൽ തലയ്ക്കു ചെറിയ മുറിവ് മാത്രമേ ഒള്ളു. പിന്നെ കാലിനു ചെറിയ ചതവേ ഒള്ളു. .. .... നിങ്ങൾ ഒന്ന് ഒതുങ്ങി നിന്നാൽ എനിക്കിയാളേ ഡ്രസ്സ് ചെയ്യിക്കാൻ കൊണ്ട് പോകാമായിരുന്നു ... "

എല്ലാവരും വഴി ഒതുങ്ങിയ നേരം കൂടെ ഉണ്ടായിരുന്ന ആരോ എന്നെയും തള്ളി കൊണ്ട് മുന്നോട്ടു നടന്നു.... റൂമിന് വെളിയിലേക്കിറങ്ങിയപ്പോൾ ഒരു മിന്നായം പോലെ ഞാൻ ദേവുവിനെ കണ്ടു.. ആ കണ്ണുകൾ നിറഞ്ഞു ഒഴുകുക ആയിരുന്നോ ? അറിയില്ല........

ഡോക്ടർമാർ എന്റെ ശരീരത്തിലെ മുറിവുകളെല്ലാം കണ്ടെത്തി മരുന്നുകൾ വക്കുമ്പോളോ

അവ തുന്നി കെട്ടുമ്പോളോ ഒന്നും ആരും എന്റെ മനസിലെ മുറിവ് കണ്ടതേ ഇല്ല..എല്ലാം കഴിഞ്ഞു ഹോസ്പിറ്റലിലെ ഒരു ദിവസത്തെ നിരീക്ഷണം നിർദേശിച്ചു ഡോക്ടർ.... തലയ്ക്കു പറ്റിയ ക്ഷതം ആയിരുന്നു കാരണം.

ആശുപത്രി വാസം പരിതാപകരമായിരുന്നു. ശരീരത്തിനുണ്ടാകുന്ന വേദനയേക്കാൾ കൂടെ നിൽക്കുന്നവരുടെ കുത്തു വാക്കുകളും ദയനീയത നിറഞ്ഞ നോട്ടവുമാണ് സഹിക്കാൻ കഴിയാതെ വരുന്നത്.. ആകെ ഉള്ള ആശ്വാസം തല്ലുകൊണ്ട് പറ്റിയതാണിവയെല്ലാം എന്ന് ആരും അറിയാതെ ഇരുന്നാണ്... ബൈക്കിൽ നിന്ന് വീണു അത്ര മാത്രം.. അതിനുള്ള ശകാരങ്ങളെല്ലാം വരുന്നവരിൽ നിന്നും പോകുന്നവരിൽ നിന്നും എനിക്ക് നന്നായി കിട്ടി..

www.kambistories.com

അപ്പോളും എന്നെ തളർത്തിയ വേദന മറ്റൊന്നായിരുന്നു...

അച്ഛൻ തിരിച്ചു വരും എന്ന് ദേവുവിനോട് ഓരോ തവണ പറയുമ്പോളും ഒരു തരി പ്രതീക്ഷയെങ്കിലും എന്നിൽ അന്നും അവശേഷിച്ചിരുന്നു. ഞാൻ അന്ന് നൽകിയ ഓരോ വാക്കുകളിലും അവളുടെ കണ്ണികളിൽ നിറയുന്ന തിളക്കം അതൊരു മനോഹര ദൃശ്യവുമായിരുന്നു.അന്ന് ഞാൻ പലതവണ ദേവുവിന് വാക്ക് കൊടുത്തതാണ് അവളുടെ അച്ഛനെ കണ്ടെത്തി കൊടുക്കാം എന്ന്. പക്ഷെ ഇനി... ഇനി എങ്ങനെ ഞാനവളോട് പറയും അവളുടെ അച്ഛനിനി തിരിച്ചെത്തില്ലെന്നു ... ഞാനിതു വരെ അവളിൽ നിറച്ച പ്രതീക്ഷകളത്രയും വെറും വാക്കുകൾ മാത്രമായിരുന്നു എന്ന്?????....... അവൾക്കിനി ആരുമില്ലെന്ന്... ഞനെങ്ങനെ അവളോട് പറയും... അനുസരണ ഇല്ലാത്ത കണ്ണുകൾ നിറഞ്ഞൊഴുകുന്നതു പോലെ തോന്നി..

നല്ല വേദന ഉണ്ടോ മോനെ.... ? "

കണ്ണുനീര് തുടച്ചു നെറുകയിലെ കെട്ടിനു മുകളിലൂടെ കൈ ഓടിച്ചു കൊണ്ട് 'അമ്മ അത് ചോദിക്കുമ്പോൾ ആണ് ഞാൻ ചിന്തകളിൽ നിന്ന് പുറത്തേക്കു വന്നത്. ...

ഈ ചെക്കനോട് ഞാൻ പല തവണ പറഞ്ഞിട്ടുണ്ട് ബൈക്കിൽ പതിയെ പോണമെന്നു... കേക്കണ്ടേ..... കുറച്ചു ദിവസം ഇങ്ങനെ കിടക്ക് അപ്പൊ പഠിച്ചോളും.... "

ഏടത്തിയുടെ സ്നേഹപ്രകടനം എന്നും അങ്ങനെ ആണ്. എല്ലാവര്ക്കും എന്റെ അവസ്ഥയിൽ വിഷമം ഉണ്ടെന്നു എനിക്ക് മനസിലായി.. പക്ഷെ ആരോടെങ്കിലും എന്തെങ്കിലും ഒന്ന് പറയാനോ.. എനിക്ക് ഒന്നും പറ്റിയിട്ടില്ല എന്ന് പറഞ്ഞു സമാധാനിപ്പിക്കാനോ കഴിയുന്ന ഒരവസ്ഥയിൽ ആയിരുന്നില്ല ഞാൻ..... മനസ് നിറയെ രാഘവനും അയാൾ പറഞ്ഞ വാക്കുകളും ആയിരുന്നു... അയാളെ ഒന്ന് തിരിച്ചു തല്ലാനോ എന്തിനു മറുത്തു ഒന്നും പറയാനോ കഴിയാതെ പോയതിൽ എനിക്ക് എന്നോട് തന്നെ ലജ്ജ തോന്നി...

www.kambistories.com

'അമ്മ ഓരോ തവണ മുറിപാടുകളിലൂടെ കൈ ഓടിക്കുമ്പോളും വേദനയെക്കാളേറെ ഇതിനു കാരണക്കാരനായ രാഘവനോട് ഏത് വിധേനയും പകരം ചോദിക്കണമെന്ന് മനസിനുള്ളിൽ നിന്നാരോ പറയുന്നത് പോലെയാണ് തോന്നിയത് .. പക്ഷെ മറുവശത്തു അപ്പോളും ദേവനന്ദ ആയിരുന്നു. അവൾക്കിനി ഞാനല്ലാതെ ആരുമില്ലെന്ന സത്യം എന്റെ ഉൾമനസിൽ തോന്നി തുടങ്ങിയിരിക്കുന്നു...

അവളെ കുറിച്ച് ആലോചിക്കുമ്പോൾ തന്നെ ഭയമാണിപ്പോൾ. സത്യങ്ങളെല്ലാം അറിയുമ്പോൾ അവളതിനെ എങ്ങിനെ ഉൾക്കൊള്ളും എന്നതിനെ കുറിച്ച് ഒരു പിടിയും എനിക്കില്ലായിരുന്നു.....

" ഞങ്ങളെന്നാൽ പോകുവാ അമ്മേ.... രാവിലെ വരാം. "

ആലോചനയുടെ ഇടയിൽ ഏടത്തിയുടെ ശബ്ദം ഉയർന്നു..

" അമ്മയാണോ നിൽക്കുന്നത്... അമ്മയും കൂടി പോയി രാവിലെ വന്നാൽ മതി അമ്മെ. എനിക്ക് ഒരു കുഴപ്പവും ഇല്ല. "

" കുഴപ്പം ഇല്ല... നിനക്കു എന്തെങ്കിലും ആവശ്യം വന്നാലോ. ഞാൻ നിന്നോളം നിങ്ങൾ പൊയ്ക്കോ.... "

അമ്മയുടെ അഭിപ്രായം കേട്ട ഉടനെ ഞാൻ നോക്കിയത് ഏടത്തിയെ ആണ്...

" ഞാൻ പറഞ്ഞതാ ഏട്ടൻ നിന്നോളും എന്ന്. അമ്മ.. സമ്മതിക്കാത്തത് കൊണ്ടാ... "

ഏടത്തിയും കൈ മലർത്തി..

" സമയം വൈകാണ്ടു നിങ്ങളിറങ്ങാൻ നോക്ക്.. "

ഞങ്ങളോടെല്ലാവരോടും യാത്ര പറഞ്ഞു ഏട്ടനും ഏടത്തിയും പുറത്തെക്കിറങ്ങി ...

www.kambistories.com

" പോകാം...... "

ഏടത്തി പുറത്തു നിന്ന ആരോടോ ചോദിക്കുന്നത് ഞാൻ കേട്ടു...

" ഇല്ല.. ചേച്ചി  പൊയ്ക്കോ..  ഞാൻ അമ്മക്ക് ഒരു കൂട്ടിനു ഇവിടെ നിന്നോളാം... "

ദേവുവിന്റെ ശബ്ദം....  ഇത്ര നേരവും കാണാനും കേൾക്കാനും മിണ്ടാനും കൊതിച്ച ആൾ ഒരു കതകിനു അപ്പുറം  ഇത്രയും നേരവും ഉണ്ടായിരുന്നെന്ന് ഞാനപ്പോളാണ് അറിഞ്ഞത്...

" ഇവിടെ വേറെ ആവശ്യങ്ങൾ ഒന്നും ഇല്ല..  നീ വാ.... "

www.kambistories.com

" ഇല്ല ചേച്ചി നിങ്ങൾ പൊയ്ക്കോ. എനിക്ക് പ്രശനം ഇല്ല .. "

" ആ ചെക്കന് ഇഷ്ടാവില്ല പെണ്ണെ.....എന്ന പിന്നെ  എന്താന്ന് വച്ചാൽ ചെയ്യൂ..... ചില സമയത് ഈ അമ്മയുടെ അതേ സ്വഭാവമാ ഇവൾക്കും ..  എന്ന ഇവിടെ തന്നെ നിക്കാതെ അകത്തു വല്ലതും കേറിയിരിക്കു.. "

. ദേവുവിനെ മുറിയിലേക്ക് കയറ്റി വിട്ടിട്ടാണ് ഏടത്തി  പോയത് . കാത്തിരുന്നും കരഞ്ഞും തളർന്ന മുഖത്തോടെ ദേവു റൂമിനുള്ളിലേക്കു കയറി വന്നു. ദേവുവിനെ കണ്ടതേ എന്റെ ഉള്ളു നീറുകയായിരുന്നു....  അന്ന് ദേവു പറഞ്ഞത് കേട്ടിരുന്നു എങ്കിൽ എനിക്കിങ്ങനെ ആകുമായിരുന്നില്ല .... എങ്കിലും എന്നെ അലട്ടിയത് ഞാനറിഞ്ഞ സത്യം അവളെ ഞാൻ എങ്ങനെ അറിയിക്കും എന്നതായിരുന്നു...   ..  എന്റെ മുഖത്തേക്ക് കൂടി നോക്കാൻ ദേവു കൂട്ടാക്കിയില്ല.  മുറിയുടെ ഒരു

മൂലയിൽ മാറി നിന്ന് അമ്മ ചോദിക്കുന്ന ചോദ്യങ്ങൾക്കു ഉത്തരം കൊടുക്കുകയാണവൾ. അതും വെറും മൂളലുകൾ കൊണ്ട് മാത്രം ... എനിക്കവളെ കണ്ടപ്പോൾ സഹതാപം തോന്നി....

കഴിച്ച മരുന്നുകളുടെയും മറ്റും കടുപ്പം കൊണ്ടാകാം എപ്പോളോ ഞാൻ ഉറങ്ങി പോയി. എന്റെ കയ്യിൽ ഒരു നനവ് സ്പർശിക്കുന്നതറിഞ്ഞാണ് പിന്നീട് ഞാൻ ഉണരുന്നതും... കണ്ണ് തുറന്നു നോക്കുമ്പോൾ എന്റെ കൈകളിൽ കമ്പിസ്റ്റോറിസ്.കോം കയ്യിൽ കോർത്ത് പിടിച്ചു അടക്കി പിടിച്ചു കരയുകയുന്ന ദേവുവിനെയാണ് കണ്ടത് .ആദ്യമൊന്നു ഞെട്ടിയെങ്കിലും ഞാൻ വേഗം സ്വബോധം വീണ്ടെടുത്തു . പാവം... ആളുകൾക്കിടയിൽ വച്ചവൾക്ക് അവളുടെ സ്നേഹവും സങ്കടവും പ്രകടിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടാവില്ല... . എല്ലാം ഉള്ളിലൊതുക്കി ഇപ്പോൾ എല്ലാം കരഞ്ഞു തീർക്കയാണവളെന്നു എനിക്ക് തോന്നി. അവളുടെ ഉള്ളിലിപ്പോഴും എന്നോടുള്ള സ്നേഹം ബാക്കിയുണ്ടെന്നു ഞാൻ ഉറപ്പാക്കി..അമ്മ.അപ്പോഴേക്കും അടുത്ത് ആളൊഴിഞ്ഞ ഒരു കട്ടിലിൽ കയറി ഉറക്കം പിടിച്ചിരുന്നു.

ദേവുവിന്റെ ഓരോ ചെറു സ്പർശവും ഒരു കുളിരുററ പോലെ തോന്നി എനിക്ക്. കണ്ണ് തുറന്നു അവളെ നോക്കാനോ അവളെ ശല്യം ചെയ്യാനോ എനിക്കപ്പോൾ തോന്നിയില്ല. അവളുടെ സമീഭ്യം ഞാൻ നേരത്തെ ആഗ്രഹിച്ചിരുന്നതാണ്......

കണ്ണുകളടച്ചിരുന്നു എങ്കിലും അവളെപ്പോലും കരയുക ആയിരുന്നു എന്ന് അവളുടെ അടക്കിപ്പിടിച്ച ഏങ്ങലടിയിൽ നിന്നും ഞാൻ ഊഹിച്ചു.

www.kambistories.com

" ഞാൻ പറഞ്ഞതല്ലേ നന്ദുവേട്ടാ അയാളോട് വഴക്കിനു പോകണ്ടാ എന്ന്... എന്നിട്ടിപ്പോ ഞാൻ കാരണം... അല്ലെ ഇങ്ങനെ ഒക്കെ.. .....? "

എന്റെ കൈകൾ മുറുകെ പിടിച്ചുകൊണ്ടവൾ ആരോടെന്നില്ലാതെ പുലമ്പികൊണ്ടിരുന്നു. കരച്ചിലടക്കാനവൾ പാടുപെടുന്നുണ്ടായിരുന്നു .. പക്ഷെ എന്നെ അതിശയിപ്പിച്ചത് രാഘവൻ മൂലമാണ് ഞാനിവിടെ വന്നതെന്ന് ഇവൾക്കെങ്ങനെ മനസിലായി എന്നാണ്...

" വണ്ടിയിൽ നിന്ന് വീണതല്ലെന്നു എനിക്കുറപ്പാ... എല്ലാറ്റിനും കാരണം ഈ ഞാനാ....... "

ദേവു ആത്മഗതം എന്നോണം പറഞ്ഞു. . ഞാനുണർന്നു കിടക്കയാണെന്ന് അറിയാതെ...സങ്കടം കൊണ്ടാവാം അവയിൽ പകുതിയും അവ്യക്തമായിരുന്നു..

" ഇഷ്ടല്ലല്ലോ എന്നെ....ഒരു തരിപോലും.... പിന്നെ എന്തിനാ എനിക്ക് വേണ്ടി വഴക്കിനു പോയെ.... എന്താ ഞാനിതിനൊക്കെ പകരം തരുകാ ...... എന്റെ ഈശ്വരാ .... എന്റെ നന്ദുവേട്ടന് ഒന്നും വരുത്തരുതേ എന്നല്ലേ ഞാൻ എന്നും പ്രാർഥിക്കാറുള്ളു.... എന്നിട്ടും

www.kambistories.com

ഇതിനു മാത്രം എന്ത് തെറ്റാ ഈ പാവം ചെയ്തേ...... തെറ്റ് ചെയ്തത് ഞാനല്ലേ... എന്നെ എന്ത് വേണേലും ചെയ്തൂടെ... ഈ ആർക്കും വേണ്ടാത്ത എന്നെ.... "

അവളെന്റെ കൈകളിൽ ഇറുക്കി പിടിച്ചു കൊണ്ട് അടക്കി പിടിച്ചു കരയുകയാണ്. അവളുടെ ഓരോ വാക്കുകളും എന്നിൽ ആഴത്തിൽ പതിക്കുകയായിരുന്നു. അറിയാതെ കണ്ണുകൾ നിറയുന്നത് പോലെ.. ഇത്ര ഇഷ്ടം മനസിലൊതുക്കിയാണ് ദേവു ഇന്നും നടക്കുന്നതെന്ന സത്യം ഞാൻ അറിയതെ പോയി

അവളുടെ ജല്പനങ്ങൾക്ക് അപ്പോളും അറുതി ഇല്ലായിരുന്നു.

" വേറെ ഒന്നും വേണ്ടാ .   മുറിവെല്ലാം ഉണങ്ങി കഴിയുമ്പോൾ നന്ദുവേട്ടന് വീണ്ടും അയാളോട് വഴക്കിനു പോകാതെ ഇരുന്നാൽ മതി.  ഈ കിടപ്പു കണ്ടിട്ട് തന്നെ നെഞ്ചു പൊളിയുവാ .... "

അവളുടെ കണ്ണുനീർ തുള്ളികൾ എന്റെ കൈയിലേക്കും ഒഴുകി പതിക്കുന്നതായി ഞാൻ അറിഞ്ഞു ... സ്നേഹം അത്രയും ഉള്ളിലൊതുക്കിയാണിതുവരെയും ഇവൾ എന്റെ മുന്നിൽ അഭിനയിച്ചതെന്ന് ഓർത്തപ്പോൾ എനിക്ക് അവളോട് അമർഷം  തോന്നി. അവളുടെ ഉള്ളിലെ നിഷ്കളങ്ക സ്നേഹം ഞാൻ അറിയാതെ പോയതിൽ ചെറിയ വിഷമവും...

എന്റെ സ്നേഹം ഇവളെ അറിയിക്കാൻ  ഇനിയും എന്തിനു വൈകുന്നു എന്ന് മനസിലിരുന്നാരോ പറയുന്ന പോലെ...

www.kambistories.com

" ദേവു.....  "

അവളുടെ പേര് വിളിക്കാൻ എന്റെ നാവുയർന്നതും അമ്മയുടെ പിന്നിൽ നിന്നുമുള്ള വിളി ഉയർന്നതും ഒരുമിച്ചായിരുന്നു..  ഞെട്ടിത്തിരിഞ്ഞവൾ  എന്റെ  കൈയ്യിലെ പിടി വിട്ടു ചാടി എഴുന്നേറ്റു...

അവൾ പറഞ്ഞതെല്ലാം അമ്മ കേട്ടുകാണുമോ എന്ന ഭീതി അവളിൽ ഉണ്ടായിരുന്നതായി എനിക്ക് തോന്നി

" എന്താ മോളെ ഉറങ്ങുന്നില്ലേ ?  "

" മ്മ് ... ഉണ്ട്... അമ്മേ...  "

" എങ്കിൽ അവിടെ ഇരുന്നു ഉറങ്ങാതെ ഇവിടെ വന്നു കിടക്കു  "

ആ ചെറിയ കട്ടിലിൽ ദേവുവിനായി അല്പം സ്ഥലം നീക്കി വച്ച് 'അമ്മ അവളെ  വിളിച്ചു.  തെല്ലും മറുത്തു പറയാതെ അവൾഅമ്മയോടൊപ്പം പോയി കിടന്നു.  'അമ്മ അവൾ പറഞ്ഞതൊന്നും കേട്ടില്ലെന്നു തോന്നുന്നു .  അതോ കേൾക്കാത്ത പോലെ അഭിനയിക്കുന്നതാണോ.?  എന്തായാലും അവർക്കിടയിൽ മറ്റൊന്നും സംസാര വിഷയമായി കേട്ടില്ല   ..

www.kambistories.com

മനസ്സ് അസ്സ്വസ്ഥമായിരുന്നു.  ചിന്തകൾ വീണ്ടും രാഘവനിൽ നിന്നും ദേവുവിലെക്കു തിരിഞ്ഞു . അയാളോടുള്ള പകയേക്കാൾ ഇപ്പോളവശ്യം ദേവുവിന്റെ സംരക്ഷണം ആണ്.. അതാണ് പ്രധാനം എന്ന് മനസ്സിലുറപ്പിച്ചു...  അറിയാതെ കണ്ണുകൾ ദേവുവിനടുത്തേക്കു എത്തപ്പെട്ടു..  അമ്മയുടെ കൈയിൽ തലചേർത്തു കിടക്കുന്ന ദേവുവിനെ അൽപനേരം നോക്കി കിടന്നു.ഒരമ്മയുടെ ലാളന ഏറ്റുവാങ്ങി കുഞ്ഞി കുട്ടിയെ പോലെ ഉള്ള ദേവുവിന്റെ ഉറക്കം കാണാൻ ഭംഗി ഉള്ള കാഴ്ചയായിരുന്നു. അവൾക്കിതിലും  നല്ലൊരു സംരക്ഷണം  വേറെ കിട്ടാനില്ലെന്നു അവളെ ഇനി എങ്ങും പോകാൻ അനുവദിക്കില്ലെന്നും  ഉറപ്പിച്ചാണ് ഞാൻ അന്ന് വീണ്ടും കണ്ണുകൾ അടച്ചത് ....

****-----***---**----

പിറ്റേന്ന് ഡോക്ടറുടെ എന്തൊക്കെയോ പരിശോധനകളും.  മുറിവുകളുടെ ഡ്രസ്സ് ചെയ്യലും ഒക്കെ നേരത്തെ തീർന്നു.  അന്ന് സഹിക്കാൻ കഴിയാതെ വന്നത് കോളേജിലെ ചില അവന്മാരുടെ വരവായിരുന്നു.  ആശുപത്രിയിൽ ആണെന്ന ബോധം പോലും ഇല്ലാതെ അതൊരു പൂരപ്പറമ്പാക്കിയാണ്

അവര് മടങ്ങിയത്... ഇടക്കെപ്പോളോ സമയം കിട്ടിയപ്പോൾ രാഘവനെ കുറിച്ചൊരു സൂചന മാത്രം ഞാൻ ഹരിക്കു കൊടുത്തു.. ....

പറയത്തക്ക പരിക്കുകളൊന്നും ശരീരത്തെവിടെയും ഉണ്ടായിരുന്നില്ല. എല്ലാം വേഗത്തിൽ ഉണങ്ങുന്നവ. വീണപ്പോൾ തല എവിടയോ ശക്തിയിൽ ഇടിച്ചിരുന്നു. അതിനും കാര്യമായ പ്രശ്നങ്ങൾ ഒന്നുമില്ലെങ്കിലും കുറച്ചു ദിവസത്തേക്ക് തല ഒരുപാടു അനക്കരുതെന്നു ഡോക്ടർ നിർദ്ദേശിച്ചു... കാലിനുണ്ടായ ചതവ് കൊണ്ടും കുറച്ചു ദിവസത്തേക്ക് റസ്റ്റ് എടുക്കണം മരുന്നുകൾ കൃത്യമായി കഴിക്കണം എന്നൊക്കെയുള്ള ചില നിബന്ധനകളോടെ ആണ് ഹോസ്പിറ്റലിൽ നിന്ന് വീട്ടിലേക്കു അവർ എന്നെ വിട്ടയച്ചത്.

വീട്ടിലെ അവസ്ഥക്കും വലിയ മാറ്റങ്ങൾ ഒന്നും ഇല്ലായിരുന്നു. അമ്മയും ഏടത്തിയും എപ്പോളും അടുക്കളയിൽ ആണ്. അവരുടെ വാലിൽ തൂങ്ങി ദേവുവും. അവളെ ഒന്ന് അടുത്ത് കാണണോ മിണ്ടനോ വീട്ടുകാർ അവസരം ഒരുക്കില്ല എന്ന് എനിക്ക് ഉറപ്പായിരുന്നു. പിന്നെ ഉള്ള ഏക മാർഗം കോളേജ് ആണ്. കമ്പിസ്റ്റോറിസ്.കോം പക്ഷെ കാല് ശരിയാവാതെ കോളജിലേക്ക് പോകനുമൊക്കില്ല. അതിനിനിയും മൂന്ന് ആഴ്ചയെങ്കിലും റസ്റ്റ് എടുക്കണമെന്നാണ് ഡോക്ടർ പറഞ്ഞത്. ഇടക്കും വല്ലപ്പോളും മുറിയിലേക്ക് കടന്നു വരുന്ന അമ്മയും ഏടത്തിയും ആയിരുന്നു എന്റെ ഏക നേരംപോക്ക്. കോളേജിൽ പോകുന്നതിന് മുൻപും വന്നതിനു ശേഷവും ദേവു കതകിനു പുറത്തുനിന്നകത്തേക്കു എത്തി നോക്കുന്നത് കാണാം. ആദ്യത്തെ ഒരു ദിവസം ഞാൻ റൂമിനുള്ളിൽ തന്നെ ഇരുന്നു കഴിച്ചു കൂട്ടി.

പിറ്റേന്ന് രാവിലെ കണ്ണ് തുറക്കുമ്പോൾ കാണുന്നത് ദേവുവിന്റെ ഐശ്വര്യമുള്ള മുഖവും അവളുടെ കൈയിൽ ഉള്ള ചൂലും ആയിരുന്നു.

''ആഹാ നല്ല കണി' ..... "

മനസിൽ പറഞ്ഞതാണെങ്കിലും ശബ്ദം അൽപ്പം ഉയർന്നു പോയി. പെട്ടന്ന് ഞെട്ടി തിരിഞ്ഞു നോക്കിയ അവൾ ഞാനുണർന്നൂ കിടക്കുന്നതറിഞ്ഞു വേഗത്തിൽ ചൂലുമെടുത്ത് പുറത്തേക്കു നടന്നു.

"എന്തു പറ്റി പണി മതിയാക്കിയോ ?, '"

എന്റെ ചോദ്യം കേട്ടവൾ ഒരു നിമിഷം വാതിലിനടുത്ത് നിന്നു ' .

" നന്ദുവേട്ട നോട് സംസാരിക്കുന്നത് കണ്ടാൽ ഏടത്തി എന്നെ വഴക്ക് പറയും. "

കുഞ്ഞിക്കുട്ടികളുടെ പരാതിയെന്നവണ്ണം എന്റെ നേരേ തിരിഞ്ഞവൾ ചുണ്ടു മലർത്തി.

www.kambistories.com

അതെന്താടോ അങ്ങനെ? "

" എന്നെ എപ്പോഴും കരയിപ്പിക്കലാ നന്ദുവേട്ടന്റെ പണീന്നാ ഏടത്തി പറയുന്നേ... 'ദേ ഇപ്പോ തന്നെ നന്ദുവേട്ടൻ എഴുന്നേൽക്കുന്നതിന്ന് മുൻപ് വരണമെന്ന് പറഞ്ഞ് വിട്ടതാ എന്നെ!"

അവളുടെ പരാതി കേട്ടിരിക്കെ എനിക്ക ചിരി പൊട്ടി. എന്തോ വലിയ അബദ്ധം പറഞ്ഞെന്ന മട്ടിൽ അവളെന്നെ തന്നെ നോക്കി നിന്നു.

അങ്ങനെയാണെങ്കിൽ  എനിക്കെപ്പോൾ ആണെടോ തന്നോട് ഒന്ന് സംസാരിക്കാൻ പറ്റുന്നത്? "

ചിരിയടക്കി ഞാൻ ചോദിച്ചു.

" അതിന് നന്ദുവേട്ടന് എന്നോടെന്ത സംസാരിക്കാൻ  ഉള്ളത് ? "

ദേവുവിന്റെ ചോദ്യം ഉയർന്നു.  എന്നെ നോക്കിയവൾ  വീണ്ടും  ചുണ്ടുമലർത്തി . അവളെ ഒന്ന് കാണാനും സംസാരിക്കാനും   പറ്റിയതിലുള്ള കൗതുകത്തിൽ ഞാനവളെ എന്റെ അടുത്തേക്ക് വിളിച്ചു. പക്ഷേ അവൾക്ക് പേടിയായിരുന്നു.  അതു മനസിലാക്കി ഞാൻ കട്ടിലിൽ എഴുന്നേറ്റിരിക്കാൻ ഒരു ശ്രമം നടത്തി. പെട്ടന്ന് ചൂല് നിലത്തിട്ട് ഓടിയെത്തി ദേവു എന്നെ നേരെ ഇരിക്കാൻ സഹായിച്ചു..... കട്ടിലിൽ ചാരിയിരുന്ന് ഞാൻ അവളെ നോക്കി. എന്റെ നോട്ടം നേരിടാനാവാതെയെന്നവണ്ണം അവൾ കണ്ണുകൾ വെട്ടിച്ചു.

ദേവു "

www.kambistories.com

മൂളലായിരുന്നു മറുപടി.

" ഞാനത്രക്കു ദുഷ്ടനോ ഡോ ?  "

" ഞാൻ ഒത്തിരി തവണ പറഞ്ഞതാ നന്ദുവേട്ട അവരോട്..  എന്റെ വിഷമങ്ങൾക്ക് ഒന്നും കാരണം നിങ്ങൾ അല്ലായെന്നു....  പക്ഷെ...  അവര്......... ?  "

" തന്റെ വിഷമങ്ങൾക്ക് ഒന്നിനും ഞാനല്ലേ കാരണക്കാരൻ?  "

പറഞ്ഞു മുഴുവിപ്പിക്കുന്നതിന് മുൻപേ ഞാൻ ചോദിച്ചു.. എന്റെ ചോദ്യത്തിനവളുടെ പക്കൽ ഉത്തരം ഉണ്ടാവില്ലെന്ന് എനിക്ക് ഉറപ്പായിരുന്നു. കാരണം അവളുടെ ഇപ്പോളത്തെ സങ്കടങ്ങൾക്ക് എല്ലാം കാരണം ഈ ഞാനാണെന്ന് എനിക്ക് നല്ല ബോധ്യം ഉണ്ടായിരുന്നു..

" ഞാൻ വണ്ടിയിൽ നിന്ന് വീണതല്ലെന്നു ദേവുനോടാരാ പറഞ്ഞെ? "

അവൾക്കു ചിന്തിക്കാൻ അവസരം കിട്ടുന്നതിന് മുൻപേ എന്റെ അടുത്ത ചോദ്യവും അവളെ ഞെട്ടിച്ചു .. ഞാനിന്നലെ ഉറങ്ങി എന്ന് കരുതി അവൾപറഞ്ഞതെല്ലാം ഞാൻ കേട്ടു എന്ന് അറിഞ്ഞ അവൾ വല്ലാതെയായി. വാക്കുകൾക്കായി പരതി......

" അത്..... എനിക്കറിയാം.. നന്ദുവേട്ടാ..... നിങ്ങൾ നന്നായി വണ്ടി ഓടിക്കുമലോ... പിന്നെ... .... എനിക്കറിയാമായിരുന്നു അയാളെന്തെങ്കിലും നന്ദുവേട്ടനെ ചെയ്യുംന്നു.. അയാൾ നന്ദുവേട്ടനെ കൊല്ലാൻ പോലും മടിക്കില്ല....അതുകൊണ്ട്... ..... "

പാടുപെട്ടാണെങ്കിലും അവൾ അത്രയും പറഞ്ഞൊപ്പിച്ചു.. ...... ..

" ദേവു...... "

പ്രതീക്ഷിച്ചിരുന്ന വിളി എത്തി... ഏടത്തിയോട് വരുന്നെന്നു വിളിച്ചു പറഞ്ഞു അവൾ പുറത്തേക്ക് നടന്നു. വാതിൽക്കലെത്തി തിരിഞ്ഞു എനിക്കൊരു പുഞ്ചിരി സമ്മാനിച്ചാണവൾ പോയത് . ദേവുവിന്റെ ഇളം ചുണ്ടുകൾ എന്റെ കവിളിൽ സ്പർശിച്ച ഒരു സുഖാനുഭൂതി ആ പുഞ്ചിരിയിൽ എനിക്ക് കണ്ടെത്താൻ കഴിഞ്ഞു.....

www.kambistories.com

എല്ലാ തിരക്കും തീർത്തു ദേവു കോളേജിൽ പോയി. കാലിനു നീരുള്ളത് കൊണ്ട് അതികം നടക്കാൻ എനിക്ക് വയ്യായിരുന്നു... തുറന്നിട്ട ജനലിലെ കാഴ്ചകൾ ആണ് അന്നെന്റ ഏക സമാധാനം.. മുറ്റത്തെ നിറഞ്ഞ പൂച്ചെടികളും. അതിൽ വിരിഞ്ഞ പൂവുകളും. അവയെ തഴുകി അകലുന്ന തെന്നലും. തെന്നലിൽ പടരുന്ന പൂവിന്റെ സുഗന്ധവും. അതിനുപിന്നാലെ തേൻ നുകരാൻ എത്തുന്ന വർണ ശലഭങ്ങളും എല്ലാം എന്നിൽ ആദ്യമായ് കാണുന്ന കുട്ടിയുടെ കൗതുകമുണർത്തി.... മുമ്പൊരിക്കലും ആ സൗന്ദര്യം ആസ്വദിക്കാൻ ഞാൻ ശ്രമിച്ചിട്ടില്ല.. എല്ലാത്തിനും ഭംഗി ഏറിയിരിക്കുന്നതായി തോന്നി. .

കാലിന്റെ നീര് കുറയാൻ ചൂട് പിടിച്ചാൽ മതി എന്ന് അമ്മ എപ്പോളോ ഏടത്തിയോട് പറഞ്ഞിരുന്നു. വൈകിട്ട് ദേവു വരുമ്പോൾ ഏടത്തിയും ഞാനും അതിന്റെ വഴക്കിലായിരുന്നു.. ചൂട് പിടിക്കേണ്ടന്ന് ഞാനും. വേണമെന്നവരും.. അവസാനം ഏടത്തി തന്നെ ജയിച്ചു.

ഞങ്ങളുടെ വഴക്കും പ്രവൃത്തിയും കണ്ടവൾ ഏറെ നേരം അവിടെ നിന്നു.

എങ്കിലും ചൂട് പിടിച്ചത് ഏറെ ആശ്വാസം ആയി.. നീര് കുറഞ്ഞതിനോടൊപ്പം ഏന്തി വലിഞ്ഞാണെങ്കിലും അല്പം നടക്കാം എന്നാ അവസ്ഥയിൽ എത്തി. ഏടത്തിയുടെ സഹായത്താൽ ഹാളിൽ ടിവിയുടെ മുന്നിൽ വരെ അന്ന് എത്തിപ്പെട്ടു. തലക്കുള്ള വേദനയും മരവിപ്പും മാത്രമായിരുന്നു അസഹനീയം..

മുറിയിലേക്ക് തിരിച്ചു പോകാനുള്ള മടി കാരണം അന്നത്തെ രാത്രി ഹാളിൽ തന്നെ കഴിച്ചു കൂട്ടം എന്ന് തീരുമാനിച്ചു. അതും അമ്മയോട്ള്ള ഒരു വലിയ യുദ്ധത്തിന് ശേഷം.

പക്ഷെ ആ തീരുമാനത്തിൽ നിരാശ തോന്നിയത് രാത്രിത്തിലെ ഏടത്തിയുടെ കണ്ണീർ പരമ്പര വച്ചപ്പോൾ ആണ്. അതും ഹിന്ദി. ! പരിചയമില്ലാത്ത ഭാഷയാണെങ്കിലും അഭിനയിക്കുന്ന നടിമാരെല്ലാം അടിപൊളിയായിരുന്നു. ഇടക് ദേവുവും വന്നു കൂടി.. ഈ ഏടത്തി ഈ പെണ്ണിനേയും ചീത്തയാക്കുകയാണല്ലോ എന്ന് മനസ്സിൽ പഴിച്ചു മിണ്ടാതെ ഇരുന്നു.ഞാൻ. ഇടക് അവർ എന്തൊക്കെയോ പരസ്പരം സംസാരിക്കുന്നുണ്ട്... എന്നെ തിരിഞ്ഞു പോലും നോക്കുന്നില്ല.

" നിങ്ങൾക്ക് വല്ല നല്ല പരിപാടിയും വച്ചു കണ്ടുകൂടെ... വയറ്റിൽ കിടക്കണ കുഞ്ഞും ഇതൊക്കെയ കണ്ടു പഠിക്കാ... വെറുതെ അതിനെ വഴിതെറ്റിക്കാൻ......... "

ഞാൻ ആരോടെന്നില്ലാതെ പറഞ്ഞു..

" എന്ത് കണ്ടു പഠിച്ചാലും കൊച്ചച്ചനെ കണ്ടു പടിക്കരുതേ എന്നാ എന്റ പ്രാർഥന... "

ഒറ്റ വാക്കിൽ ഏടത്തി എന്റെ വായടച്ചു... വിശേഷം ഉണ്ടെന്നു അറിഞ്ഞ അന്ന് മുതൽ വലിയ ആകാംക്ഷയിലാണ് ഏടത്തി. ടീവിയിൽ കുട്ടികളുടെ എന്ത് പരിപാടി ഉണ്ടെങ്കിലും അത് ചെറിയ പരസ്യമാണെങ്കിൽ പോലും ഇരുന്നു കാണും.. പക്ഷെ അതിലും ആവേശം ദേവുവിനാണെന്നു എനിക്ക് ചിലപ്പോൾ തോന്നും .

ഓരോ കുട്ടിയെ ടീവിയിൽ കാണുമ്പോൾ ആ കുട്ടിയുടെ മുടിയൊ ഇട്ടിരിക്കുന്ന ഡ്രെസ്സൊ എന്തെങ്കിലും ശ്രദ്ധയിൽ പെട്ടാൽ " നമുക്കും കുഞ്ഞിനെ ഇതുപോലെ ഒരുക്കണം ചേച്ചി.. കുഞ്ഞിന് ഇതുപോലെ ഉള്ള ഉടുപ്പ് വാങ്ങണം ചേച്ചി " എന്ന് പറഞ്ഞു പിരി കേറ്റി കൊടുക്കുന്നത് ദേവു ആണ്. അതിപ്പോ ആണ്കുട്ടിയായാലും പെണ്കുട്ടിയായാലും.......

www.kambistories.com

ആദ്യമായാണ് ഇവർക്കിടയിൽ ഞാൻ വന്നു പെടുന്നത്. അതുകൊണ്ട് തന്നെ അവരുടെ സംസാരം എനിക്ക് കൗതുകമുണർത്തുന്നതായിരുന്നു.

പണ്ട് കോളേജിലെ തന്നെ മികച്ച പ്രണയ ജോഡികൾ ആയിരുന്നു ഏട്ടനും ഏടത്തിയും എന്ന് കേട്ടിട്ടുണ്ട്. പക്ഷെ വീട്ടുകാർ തമ്മിലുള്ള വാക്ക് തർക്കവും അഭിപ്രായ വ്യത്യാസവും എല്ലാം ചേർന്നപ്പോൾ ഇറങ്ങി പോരുക അല്ലാതെ ഏടത്തിക്കു വേറെ വഴി ഉണ്ടായിരുന്നില്ല. അത് കൊണ്ട് തന്നെ ഏടത്തിയുടെ വീട്ടുകാരിങ്ങോട്ടു തിരിഞ്ഞു കൂടി നോക്കാറില്ല. ഏടത്തിക്കു വിശേഷം ഉണ്ടെന്നു കേൾക്കുമ്പോൾ എങ്കിലും അവരുടെ മനസ്സലിയും എന്ന് കരുതിയതാണ് പക്ഷെ ഫലം ഒന്നും ഉണ്ടായില്ല എന്ന് ഏട്ടൻ പറയുന്നത് കേട്ടു.....

എങ്കിലും ഏടത്തി ഇവിടെ സന്തോഷവതിയാണ്.. പിന്നെ കൂട്ടിനു ദേവു കൂടി വന്നപ്പോൾ മിണ്ടി പറയാനും കൂട്ടിനും ഒക്കെ ഒരാളായി എന്ന് ഏടത്തിയുടെ പെരുമാറ്റത്തിൽ നിന്ന് തോന്നിയിട്ടുണ്ട് പലപ്പോളും.

ടീവിയിലേക്കു നോക്കാൻ തോന്നിയില്ലെങ്കിലും ദേവുവിലെക്കു പലപ്പോഴായി  കണ്ണ് പാഞ്ഞു .. .. സീരിയലിലെ ഓരോ ഭാഗങ്ങൾക്കും ഒപ്പം മാറുന്ന ദേവുവിന്റെ ഭാവങ്ങൾക്കു അഴകേറെ ഉണ്ടായിരുന്നതായി തോന്നി.  വർണനകൾക്കും അപ്പുറം ആണെന്റെ പെണ്ണിന്റെ അഴക്.  ഇതുവരെയും ഞാൻ വിവരിക്കാത്ത അല്ലെങ്കിൽ ഇതുവരെയും ഞാൻ ശ്രദ്ധിക്കാതെ ഇരുന്നതാണെന്റെ ദേവുവിനെ. പക്ഷെ ഇനി അതിന്റെ ആവശ്യം ഇല്ല .. ഇവൾ ഇനി എന്റെയാണ്. എന്റെ മാത്രം..... അവളുടെ മുഖത്തു നിന്ന് കണ്ണെടുക്കാൻ തോന്നുന്നില്ല...  ഓരോ നിമിഷം പോകുന്തോറും അവളോടുള്ള എന്റെ സ്നേഹം കൂടി വരുന്നത് പോലെ തോന്നി.

" മതിയെടാ..  അതിനെ നോക്കി ദഹിപ്പിച്ചത്...  അവൾ നിന്നെ ഒന്നിനും ശല്യം ചെയ്യാൻ വന്നില്ലല്ലോ. പിന്നെ എന്തിനാ ഇങ്ങനെ നോക്കി പേടിപ്പിക്കുന്നെ അവളെ..  "

ഏടത്തിയാണെന്നേ സ്വപ്നത്തിൽ നിന്നും ഉണർത്തിയത്.  അതും ചങ്കു തകരുന്ന വാക്കുകളോടെ.... പ്രേമാർദ്രമായി ഞാൻ എന്റെ ദേവുവിനെ  നോക്കിയ നോട്ടം ഏടത്തിയുടെ കണ്ണിൽ എങ്ങനെ ക്രൂരമായി തെളിഞ്ഞു കണ്ടു...  കഷ്ടം !

www.kambistories.com

" മഞ്ഞപിത്തം പിടിച്ചവർക്കു എന്ത് കണ്ടാലും മഞ്ഞയായെ തോന്നു...  "

തോന്നിയ പഴംചൊല്ല് ആരും കേൾക്കാതെ മനസിലൊളിപ്പിച്ചു നേരെ ചെരിഞ്ഞു അവിടെ തന്നെ കിടന്നു ഞാൻ.  പിന്നെ ദേവു ഇരിക്കുന്ന ഭാഗത്തേക്ക് കൂടി നോക്കാൻ പോയില്ല ഞാൻ.

*** **** **___

കൊടുമ്പിരി കൊണ്ട സീരിയലും കളിയും ചിരിയും എപ്പോളോ  കെട്ടടങ്ങി.... ഇടയിൽ  എപ്പോളോ ഞാൻ ഉറക്കത്തിലേക്കു വഴുതി വീണിരുന്നു..  എന്തോ താഴെ വീഴുന്ന ശബ്ദം കേട്ടാണ് പിന്നെ  ഞെട്ടി

ഉണർന്നത്. നോക്കുമ്പോൾ ടീവി റിമോട് ആണ്. അതങ്ങനെ കയ്യിൽ തന്നെ വച്ച് ഉറങ്ങി പോയി ഞാൻ. അത് എങ്ങനെയോ ഏന്തി വലിഞ്ഞു എടുത്തു വീണ്ടും കിടക്കാൻ ഒരുങ്ങുമ്പോൾ ആണ് ഏടത്തിയുടെ മുറിയുടെ കതകും തുറന്നു ദേവു വെപ്രാളത്തിൽ ഇറങ്ങി വന്നത് കാണുന്നത്. എന്താണിവൾക്കു പറ്റിയതെന്ന് ഞാൻ സംശയിച്ചു നിൽക്കെ അവൾ എന്നെയും എന്റെ കയ്യിൽ ഇരുന്ന റീമോർട്ടും മാറി മാറി നോക്കുന്നത് കണ്ടു.

" എന്താടോ ? എന്തെങ്കിലും പ്രശ്നം ഉണ്ടോ ? "

അവളുടെ ഭാവം കണ്ടെനിക്കിങ്ങനെ ചോദിക്കാതിരിക്കാൻ ആയില്ല...

" എന്തോ താഴെ വീഴുന്ന ശബ്ദം കേട്ടു... "

www.kambistories.com

" അതോ... റീമോർട് ആണ്.. "

എന്റെ കയ്യിൽ ഇരുന്ന റീമോർട് ഉയർത്തി കാട്ടി ഞാൻ പറഞ്ഞു.

" ആഹ്.. ഞാൻ കരുതി......... "

" ഞാൻ താഴെ വീണതാണെന്നാണോ? "

ശബ്ദം കേട്ട് എനിക്ക് വല്ലതും പറ്റിയതാണെന്ന് കരുതി ഓടി പിടിച്ചു വന്നതാണോ എന്റെ ദേവു. എനിക്ക് വിശ്വസിക്കാനാവുന്നില്ല... അത്രക്കിഷ്ടമാണോ അവൾക്കു എന്നോട്.?

മനസിൽ നൂറു ചോദ്യങ്ങളും അതിനെല്ലാം അതെ എന്നൊരൊറ്റ ഉത്തരവും തെളിഞ്ഞു വന്നു... ആ ഇരുട്ടിലും എന്റെ മുഖം നൂറു വോൾട്ടിന്റെ ബൾബ് പോലെ പ്രകാശിച്ചു നിന്നതു ദേവു പോലും കണ്ടില്ല...

" അല്ല . അങ്ങനെ അല്ല....... നന്ദുവേട്ടന് കുടിക്കാൻ വല്ലതും വേണോ ? "

അവൾ വേഗം വിഷയം മാറ്റാനെന്ന വണ്ണം ചോതിച്ചു...

www.kambistories.com

" വേണ്ട... "

" എങ്കിൽ ഞാൻ പോയി കിടന്നോട്ടെ... "

അവൾക്കു പോകാൻ മടി ഉള്ളത് പോലെ. തോന്നി എങ്കിലും ഞാൻ അവളോട് പൊയ്ക്കൊള്ളാൻ അനുവാദം കൊടുത്തു.

പക്ഷേ അവൾ നേരെ പോയത്  അടുക്കളയിലേക്കു ആണ്.   ഒരു ജഗ്ഗിൽ അല്പം വെള്ളം  കൂടി കൊണ്ട് വന്നെന്റെ മുന്നിൽ വച്ചിട്ട് അവൾ  റൂമിലേക്ക് നടന്നു...പാവം പെണ്ണ്.....   ഞാനവളുടെ ഓരോ ചെയ്തികളും നോക്കി അങ്ങനെ ഇരിക്കെ.

" നന്ദുവേട്ട.... ഞാൻ ഒരു കാര്യം ചോദിച്ചോട്ടെ.. ?  "

പകുതിയിട നടന്നവൾ തിരിഞ്ഞെന്നോടു ചോദിച്ചു...

" എന്താ  ....  "

www.kambistories.com

" മുറിവെല്ലാം ഉണങ്ങി കഴിഞ്ഞാൽ നന്ദുവേട്ടൻ പോകുവോ അയാളുടെ അടുത്തു ?  ആ രാഘവന്റെ...? .. "

അവൾ പറയാൻ ഉദ്ദേശിക്കുന്നത് എന്തണെന്നു എനിക്ക് വ്യക്തമായിരുന്നു...

അതുകൊണ്ട് തന്നെ ഞാൻ അവൾക്ക് മറുപടി ഒന്നും കൊടുത്തില്ല ..

" പോവണ്ടാ നന്ദുവേട്ട...  ഇതിന്റെ പേരിൽ ഒരു വഴക്കിനും പോവരുത്.എനിക്ക് പേടിയാ.... ..ഇനിയും ഇങ്ങനെ ഒക്കെ ഉണ്ടായാൽ...... ... "

അവളെന്റെ അടുത്തേക്ക് വന്നു പതിഞ്ഞ സ്വരത്തിൽ  പറഞ്ഞു .. അവളുടെ വാക്കുകളിൽ അപ്പോളും എവിടെയോ ഭയം ഒളിഞ്ഞിരുന്നതായി എനിക്ക് തോന്നി.

അത് കൊണ്ട് തന്നെ

അവളുടെ സമാധാനത്തിനെന്ന വണ്ണം അതിന് ഞാൻ സമ്മതം മൂളി.... എങ്കിലും മനസ്സിൽ അപ്പോളും അയാളോടുള്ള പകയുടെ കനൽ എവിടെയോ എരിയുന്നുണ്ടായിരുന്നു...... പക്ഷേ ഇപ്പോൾ എനിക്ക് ദേവു തന്നെയാണ് മുഖ്യം.. അവൾക്കു പണ്ട് ഞാൻ നിരസിച്ച എന്റെ സ്നേഹമാണ് പ്രധാനമെന്ന് തോന്നി.

" പകരം ഞാൻ ഒന്ന് ചോദിച്ചാൽ അനുസരിക്കുമോ താൻ. ? "

എന്താണവൾ ആകാംഷയോടെ എന്നോട് ചോദിച്ചു...

" അച്ഛൻ വന്നാലും പോകാതിരുന്നു കൂടെ ഇവിടുന്നു.... "

അവൾ പണ്ട് കേൾക്കാൻ ഏറെ ആഗ്രഹിച്ച ചോദ്യം.. വൈകിയാണെങ്കിലും ഞാൻ മുഖാവരണ യൊന്നും കൂടാതെ ചോദിച്ചു.. പക്ഷെ അവളിൽ ഒരു ഭവ വ്യത്യാസവും കാണാൻ എനിക്ക് കഴിഞ്ഞില്ല.... എല്ലാ ആഗ്രഹങ്ങളും നഷ്ടപെട്ടവളേ പോലെ അവളെന്റെ മുന്നിൽ നിന്നു....

" ഇല്ല നന്ദുവേട്ട... പോണം... ! സ്വന്തമെന്നു പറയാൻ എനിക്ക് എന്റെ അച്ഛൻ മാത്രമേ ഒള്ളു... ആ അച്ഛൻ വന്നു വിളിച്ചാൽ പോകാതിരിക്കാൻ മാത്രം എനിക്കിവിടെ ആരാ ഉള്ളത്...? എന്നാണെങ്കിലും ഞാൻ ഇവിടെ നിന്ന് ഇറങ്ങേണ്ടവളല്ലേ ... നന്ദുവേട്ടനും നന്ദുവേട്ടന്റെ ഭാവിക്കും അതല്ലേ നല്ലത് .... "

ദേവു മുൻപ് തന്നെ ഉറപ്പിച്ച തീരുമാനമാണതെന്നവളുടെ വാക്കുകളിൽ നിന്നും വ്യക്തമായിരുന്നു.. അമ്മയുടെയും ഏടത്തിയുടെയും സ്നേഹ സംരക്ഷണത്തിൽ സന്തോഷ വതിയാണ് ഇന്ന് ദേവു. ആ ദേവുവിനോട് ഞാൻ എങ്ങനെ പറയും അവളുടെ അച്ഛൻ ഇനി വരില്ല എന്ന്. .... വീട്ടിൽ എല്ലാവരും

കാത്തിരിക്കയാണ് അയാളുടെ വരവിനായി. അവരോടൊക്കെ ഞാനിതെങ്ങനെ പറയും. എനിക്കറിയില്ല....പറയാൻ എനിക്ക് കഴിയുകയുമില്ല..... എന്നെങ്കിലും ഒരു കാലം എല്ലാവരും എല്ലാം അറിയുന്ന നാൾ വരും. എങ്കിലും ആരറിഞ്ഞാലും ആ സത്യം ദേവു മാത്രം അറിയാൻ ഇടവരുത്തരുതേ എന്ന് ഞാൻ ആ നിമിഷം മനസ്സുരുകി പ്രാർഥിച്ചു.

" അപ്പോൾ തന്റെ ഭാവിയോ ? ഞാൻ കാരണം ഇല്ലാതാവില്ലേ.? "

" എനിക്ക് എന്ത് ഭാവി ആണ് നന്ദുവേട്ട... എവിടെയോ തീരേണ്ട എന്റെ ജീവിതം ഇവിടെ ഇങ്ങനെയൊരു വലിയ വീട്ടിൽ വരെ എത്തി ഇല്ലേ... എല്ലാം ദൈവത്തിന്റെ കൈയിൽ ആാ.... "

ഒരു പുച്ഛത്തോടെ എന്ന വണ്ണം അവൾ അത് പറഞ്ഞു..

www.kambistories.com

" അല്ലെങ്കിലും ഒന്നും നന്ദുവേട്ടന്റെ തെറ്റല്ലല്ലോ എല്ലാം എന്റെ തെറ്റല്ലേ..... ഇനി പറഞ്ഞിട്ട് കാര്യമില്ല... .. "

നിറഞ്ഞു തുളുമ്പുന്ന മിഴികൾ തുടച്ചു കൊണ്ടവൾ പറഞ്ഞു...

" ഞാൻ പോട്ടേ... ഇല്ലേ ചേച്ചി തിരക്കും.... "

ആഗ്രഹങ്ങളും സങ്കടങ്ങളും എല്ലാം മനസിലൊതുക്കി നടന്നു നീങ്ങിയ ദേവുവിനെ നോക്കി നില്ക്കാൻ മാത്രമേ അപ്പോൾ എനിക്ക് കഴിഞ്ഞൊള്ളു... ആ നിമിഷം ഞാൻ എന്ത് പറഞ്ഞാലും അവളുടെ അച്ഛനിലെ അതെത്തി നിൽക്കു എന്നെനിക്കു നന്നായി അറിയാം...

ഞാൻ അറിഞ്ഞ സത്യങ്ങളത്രയും എന്റെ നാവിൽ നിന്നുമവൾ ഒരിക്കലും അറിയാൻ ഇടവരരുതെന്നു തോന്നി... എനിക്ക്...... അതിനിനിയും ഞാൻ എന്റെ മനസിനെ പാകപ്പെടുത്തേണ്ടി ഇരിക്കുന്നു.....

രാവിലെ അമ്മയാണ് എന്നെ പിടിച്ചു വലിച്ചു റൂമിൽ കൊണ്ട് കിടത്തിയത്. അപ്പോൾ തന്നെ ഹരിയെ വിളിച്ചു ഞാൻ ഒരു പണി ഏൽപ്പിച്ചു. പോലീസിൽ നൽകിയ ആ പരാതി പിൻവലിക്കാൻ.. അന്ന് ഞാനും അവനും ചേർന്നാണ് കംപ്ലൈന്റ്റ് ചെയ്തത്.... കാരണമെന്തെന്ന് അവൻ ചോദിച്ചപ്പോൾ " പറയാം "എന്നു മാത്രമേ ഞാൻ മറുപടി കൊടുത്തുള്ളൂ.. .. എങ്കിലും മറുത്തൊന്നും പറയാതെ അവനതു അനുസരിച്ചു. ഉച്ചയോടെ കേസ് പിൻവലിച്ചു എന്നവൻ എന്നെ വിളിച്ചറിയിച്ചു... പിന്നെ അവൻ നേരെ വന്നത് വീട്ടിലേക്കു ആണ്....ഇത്തിരി പാടുപെട്ടിട്ടാണെങ്കിലും എന്നെ കൊണ്ട് എല്ലാ രഹസ്യങ്ങളും അവൻ പറയിപ്പിച്ചു..

.

" എന്നിട്ടു നീ അയാളെ ഒന്നും ചെയ്തില്ലേ ? "

www.kambistories.com

എല്ലാം കേട്ട് കഴിഞ്ഞു അവൻ എന്നോട് ചോദിച്ചു.

"പറ്റിയില്ലേടാ.... തല എവിടെയോ ഇടിച്ചു.. കിളി പോയ അവസ്ഥ ആയിരുന്നു പിന്നെ .. "

" ഒരവസ്ഥ... നാണമില്ലല്ലോ ഇത് പറയാൻ ? എന്നിട്ട് എന്ത് തീരുമാനിച്ചു നീയ്..? എന്നാ അയാൾക്കിട്ടൊരു മറുപണി കൊടുക്കുന്നത് ? "

ഹരിയുടെ വാക്കുകളിൽ രാഘവനോടുള്ള വെറുപ്പും അതിനപ്പുറം എന്റെ മറുപടി എന്തെന്നു അറിയാനുള്ള അതിയായ ആകാംഷയും ഉണ്ടായിരുന്നു..

" ഇല്ലെടാ... ഈ വിഷയത്തിൽ ഇനി അയാളുടെ പിറകെ ഞാൻ ഇല്ല....അത് വിട്ടേക്ക്.. ഞാൻ ബൈക്കിൽ നിന്നും വീണു അങ്ങനെ തന്നെ അറിഞ്ഞാൽ മതി എല്ലാരും... "

എന്റെ ഉത്തരം കേട്ട ഹരി അതിശയത്തോടെ എന്നെ നോക്കി പോയി..

" അന്ന് കോളേജിൽ വച്ച് ഏതോ ഒരുത്തിയെ റാഗ് ചെയ്തതിന് ആ ശ്യാമിനെ ക്രിക്കറ്റ് ബാറ്റിനു തല തല്ലി പൊളിച്ച നീയാണോ ഇതൊക്ക പറയുന്നത്.....

അളിയാ സത്യം പറ...... തലയ്ക്കു അടി കിട്ടിയപ്പോൾ ഉണ്ടായിരുന്ന വെളിവ് കൂടി പോയോ... "

www.kambistories.com

" ഞാൻ അവൾക്കു വാക്ക് കൊടുത്തെടാ... ഇതിന്റെ പേരിൽ ഇനി ഒരു വഴക്കിനും പോവില്ല എന്ന്.. . "

"ആഹ് അങ്ങനെ പറ... അപ്പൊ അതാണ് കാരണം... "

അവനെന്നെ കളിയാക്കി ചിരിച്ചു കൊണ്ട് ചോദിച്ചു .. അതിനു മറുപടി എന്നവണ്ണം ഒന്ന് പുഞ്ചിരിച്ചു ഞാൻ തുടർന്ന്..

" എനിക്കിപ്പോൾ അത്യാവശ്യം ഒന്നും ദേവു അറിയാതെ ഇരിക്കുക എന്നതാണ്.. അതുകൊണ്ട് തന്നെ ആണ് നിന്നോട് ആ കേസ് പിൻവലിക്കാൻ ഞാൻ പറഞ്ഞതും... അതോടെ ആ രാഘവനും അടങ്ങും.. പിന്നെ എനിക്ക് ദേവുവിനെ എന്റെ ഇഷ്ടം എങ്ങനെ എങ്കിലും പറഞ്ഞു മനസിലാക്കണം... ആരുമില്ല എന്നൊരു തോന്നൽ വരുത്താതെ അവളെ സ്നേഹിക്കണം.... കൂടെ ഇരുത്തണം.... എന്തിനും കൂടെ നിക്കണം... "

മനസ്സിൽ ഉള്ളതെല്ലാം പറഞ്ഞു തീർത്തപ്പോൾ തന്നെ ഒരാശ്വാസം തോന്നി.. ഒരു അത്ഭുത വസ്തു എന്നപോലെ എന്നെ നോക്കി ഇരിക്കയായിരുന്നു അപ്പോൾ ഹരി

" നീ വല്ലാതെ മാറിപ്പോയി... "

ഹരി ഒരു നിമിഷം അങ്ങനെ പറഞ്ഞപ്പോൾ ഞാൻ തന്നെ അത്ഭുതപ്പെട്ടു പോയി.

" എന്ത് കാര്യത്തിനും ദേഷ്യപ്പെട്ടിരുന്ന നീ ആണീ ഡയലോഗ് പറയുന്നതെന്ന് ഓർക്കുമ്പോൾ ചിരി വരുന്നു..... "

ഹരിയുടെ വാക്കുകൾ അക്ഷരാർഥത്തിൽ ശരി ആയിരുന്നു. പ്രണയം നമ്മെ വല്ലാതെ മാറ്റിമറിക്കും എന്ന് പറയുന്നത് സത്യം തന്നെ ആണെന്ന് എനിക്കും തോന്നി...

ഓരോരോ വിശേഷങ്ങൾക്കൊടുവിൽ അവസാനം വൈകുന്നേരം അവൻ തിരിച്ചു പോകാൻ ഒരുങ്ങി..

" ഡാ... ആ കേസ് പിൻവലിച്ച കാര്യം ആരും അറിയണ്ടാ.. "

" അതെന്താ ഞങ്ങൾ കൂടി അറിഞ്ഞാൽ.. "

ഹരിയോടതു പറഞ്ഞു തീർത്തതും  അമ്മയുടെ ശബ്ദം ഉയർന്നു കേട്ടതും  ഒരുമിച്ചായിരുന്നു...  അമ്മ അത് കേട്ടു എന്നെനിക്കുറപ്പായിരുന്നു..അതമ്മയുടെ രൗദ്രഭാവത്തിൽ വ്യക്തമായിരുന്നു.... ..  നടക്കാൻ പോകുന്ന സംഭവങ്ങൾ എല്ലാം മനസിലേക്കോടി വന്നു എന്നെ ഒരു നിമിഷം ഭയപ്പെടുത്തി......

..*****------****-**-------*******

www.kambistories.com

അമ്മയുടെയും ഏടത്തിയുടെയും ഇടയിലേക്ക് ഒരു ബലിയാടെന്ന പോലെ എന്നെ വലിച്ചെറിഞ്ഞു കൊടുത്തു  ഒന്നും പറയാൻ നിക്കാതെ ഹരി സ്ഥലം വിട്ടു. അവരുടെ ചോദ്യങ്ങളെല്ലാം എനിക്ക് ഊഹിക്കാവുന്നതേ ഉണ്ടായിരുന്നുള്ളു..  അത് കൊണ്ട് തന്നെ എന്ത് വന്നാലും സത്യം തുറന്നു പറയരുതെന്ന് ഞാൻ മനസ്സിലുറപ്പിച്ചു  ....

നീ  ആ കേസ് പിൻവലിച്ചോ?  "

അമ്മയുടെ അത്ഭുതത്തോടെ ഉള്ള ചോദ്യം ഉയർന്നു..

ഉവ്വ്..  "

" എന്തിനു ?  അവളുടെ അച്ഛനെ കണ്ടു പിടിക്കാൻ ഉണ്ടായിരുന്ന അവസാനത്തെ വഴിയല്ലേ അത് . ? "

" നീ തന്നെയല്ലേ അന്ന് കേസ് കൊടുത്തത്..  ഇന്ന് നീ തന്നെ അത് പിൻവലിക്കന്നു പറഞ്ഞ...  നിനക്കു എന്താ പറ്റിയത്.. "

ഏടത്തിയും അമ്മയോടൊപ്പം കൂടി ചോദിച്ചു

"ആ കേസ് കൊണ്ട് ഒരു ഗുണവും ഉള്ളതായി എനിക്ക് തോന്നിയില്ല.  അത് കൊണ്ടാണ്. "

www.kambistories.com

" ഗുണവും ദോഷവും ഒക്കെ നീ തന്നെ ആണോ തീരുമാനിക്കുന്നത്.?  "

" ഏടത്തി എന്നോട് ഒന്നും ചോദിക്കണ്ട...  ആ കേസ് കൊണ്ട് മുന്നോട്ടു പോകാൻ എനിക്ക് താല്പര്യം ഇല്ല. അത്ര തന്നെ.. "

" നീ  ഇതെന്തൊക്കെയാ ഈ പറയുന്നേ മോനെ...  ..  അങ്ങനെ ചിന്തിക്കാൻ മാത്രം എന്താ ഇപ്പോ ഉണ്ടായത് ... എന്നോട് പറ... "

അമ്മ എന്നെ പറഞ്ഞു അനുനയിപ്പിക്കാനുള്ള ശ്രമത്തിൽ ആണ്.

" അതൊന്നും അല്ല അമ്മേ..  ഇവന്റെ ഉള്ളിൽ വേറെ എന്തൊക്കെയോ ഉദ്ദേശങ്ങൾ ഉണ്ട്..  അമ്മ എന്താന്നവനോട് ചോദിക്ക്... "

ഏടത്തി എരിതീയിൽ എണ്ണ ഒഴിക്കുന്നത് പോലെ എന്തൊക്കെയോ കൊളുത്തി കൊടുക്കുന്നുമുണ്ട്.

" മോനെ നന്ദു..  അമ്മ പറയുന്ന കേൾക്കു. പോലീസിൽ ആ പരാതി കിടന്നു എന്ന് കരുതി എന്താ കുഴപ്പം?  "

' അമ്മെ.. അമ്മക്ക് അത് ഒന്നും പറഞ്ഞാൽ മനസിലാവില്ല . "

www.kambistories.com

" മനസിലാവാതിരിക്കാൻ മാത്രം മണ്ടന്മാരൊന്നും അല്ല ഞങ്ങൾ.  നീ കളിക്കാതെ  കാര്യം പറ.. '"

ഏടത്തിയും വിട്ടു തരുന്നില്ല... അബദ്ധത്തിൽ പോലും എന്റെ നാവിൽ നിന്നും അവരൊന്നും അറിയരുതേ എന്ന് ഞാൻ മനസ്സുരുകി പ്രാർഥിക്കുന്നുണ്ടായിരുന്നു... ഞാൻ.....

അവരുടെ ചോദ്യങ്ങൾക്കു മുന്നിൽ ഏറെ നേരം  പിടിച്ചു നിൽകാൻ കഴിയില്ലെന്നെനിക്കു ഉറപ്പായിരുന്നു....  എനിക്ക് എന്റെ സമനില തെറ്റുന്നത് പോലെ തോന്നി...

അവരുടെ ഓരോ ചോദ്യങ്ങൾക്ക് മുന്നിലും ഉത്തരം മുട്ടുന്നതിനനുസരിച്ചു.. എവിടെ നിന്നോ എന്നിലേക്ക് ദേഷ്യം ഇരച്ചു കയറാൻ തുടങ്ങിയിരുന്നു...  അമ്മയുടെയും ഏടത്തിയുടെയും ഓരോ വാക്കുകളും എന്നെ മുൾമുനയിൽ നിർത്തുന്നത് പോലെ....

" മോനെ... അതൊരു പാവം പെണ്ണടാ ... ഇത്ര നാളും അതിന് സങ്കടം മാത്രമേ ഉണ്ടായിട്ടുള്ളൂ.... സഹിക്കാവുന്നതിനും അപ്പുറവും അവൾ ഇവിടെ സഹിക്കുന്നുണ്ട്.. ഇനിയും എന്തിനാ അതിനെ ഇങ്ങനെ നീ ദ്രോഹിക്കാൻ നോക്കുന്നത്. പാപം കിട്ടും എന്റെ കുട്ടിക്ക്.... "

അമ്മയുടെ അവസാന വാക്കുകൾ എന്റെ എല്ലാ നിയന്ത്രണങ്ങളും തെറ്റിക്കാൻ പോന്നതായിരുന്നു..

" അമ്മ എന്ത് പറഞ്ഞാലും.. ആ കേസ് ഇനി ഞാൻ കൊടുക്കാൻ സമ്മതിക്കില്ല.... അയാള് ചത്തോ ജീവിച്ചിരിപ്പുണ്ടോ എന്ന് അന്വേഷിക്കൽ അല്ല എന്റെ പണി... അത്രക്ക് മോളോട് സ്നേഹമുള്ള അച്ഛൻ ആയിരുന്നെങ്കിൽ അവളെ ഇട്ടിട്ടു പോകുമായിരുന്നോ...? എല്ലാം വെറും അഭിനയം ആണ്.. അയാൾ വന്നാൽ തന്നെയും ആ പെണ്ണിനെ ഇനി സ്വീകരിക്കുമെന്ന് എനിക്ക് തോന്നുന്നില്ല. .. "

www.kambistories.com

ഞാൻ എന്റെ സർവ്വ ശക്തിയും എടുത്ത് അലറി... എന്റെ ശബ്ദം അവിടെ എങ്ങും മുഴങ്ങി നിൽക്കെ പിന്നിൽ നിന്നു നിസ്സഹായമായ ഒരു ഏങ്ങലടി മുഴങ്ങി കേട്ടു.. ഞങ്ങൾ എല്ലാം ഒരു പോലെ മുൻകതകിനടുത്തേക്കു നോട്ടം തിരിച്ചു ....

" ദേവു..... "

അറിയാതെ ചുണ്ടു മന്ത്രിച്ചു.. പറഞ്ഞതത്രയും ഒരു കതകിൻ മറവിനുമപ്പുറം ഇരുന്നു അവൾ കേട്ടിരിക്കുന്നു എന്ന് അവളുടെ നിറഞ്ഞൊഴുകുന്ന കണ്ണുകൾ സാക്ഷ്യപ്പെടുത്തി..... വായിൽ നിന്നു വീണവയത്രയും അപ്പോഴത്തെ ആവേശത്തിന് അവരുടെ മുന്നിൽ ജയിക്കാൻ വേണ്ടി മാത്രം പറഞ്ഞതാണെങ്കിലും എല്ലാം ഒറ്റ നിമിഷം കൊണ്ട് തകിടം മറിഞ്ഞു...

" ദേവു മോളെ..... "

എല്ലാം കേട്ട് ഒരു വാക്കു പോലും പറയാനാവാതെ നിസ്സഹായയായി നിന്ന ദേവുവിന്റെ അടുത്തേക്ക് ഏടത്തി ഓടി എത്തി. ആശ്വസിപ്പിക്കാനെന്ന വണ്ണം അവളെ അവർ മാറോടണച്ചു .. ഏടത്തിയുടെ ആ പ്രവൃത്തിയോ ആശ്വാസവാക്കുകളോ ഒന്നും ആ നിമിഷം ദേവുവിന്റെ കണ്ണുനീരൊപ്പാൻ മാത്രം പ്രാപതമായിരുന്നവയല്ല....

എല്ലാം കൈവിട്ടു പോയി എന്നെനിക്കു മനസിലായി.. പിന്നെ അവിടെ നിക്കാൻ തോന്നിയില്ല.. ഏന്തി വലിഞ്ഞെങ്ങനെയോ മുറി വരെ എത്തി... എല്ലാത്തിനും കാരണം ഞാൻ ആണെന്ന തോന്നലും ദേവുവിന്റെ ആ കണ്ണുനീരും എല്ലാം മനസിലേക്കോടി വന്നു എന്തെന്നില്ലാത്ത വെറുപ്പ് എനിക്ക് എന്നോട് തന്നെ തോന്നി പോയി... കണ്ണാടിയിലെ എന്റെ പ്രതിബിംബത്തെ നോക്കി നിൽക്കെ ആ വെറുപ്പിരട്ടിച്ചു വരുന്നതായി തോന്നി എനിക്ക്.... ചെയ്തു പോയ തെറ്റിനും പറഞ്ഞു പോയ വാക്കിനും ഞാൻ അവളോടാ നിമിഷത്തിൽ ഒരായിരം തവണ എങ്കിലും മാപ്പപേക്ഷിച്ചിരിക്കണം ...

www.kambistories.com

**********.........***-----**********

കണ്ണിൽ ഇരുട്ടു കയറുന്നതിനൊപ്പം പ്രകൃതിയും കറുപ്പ് ചാലിച്ചു തുടങ്ങിയിരുന്നു... പുറത്തു എന്താണ് നടക്കുന്നതെന്ന് ഒരു ഊഹവും ഉണ്ടായിരുന്നില്ല. എന്തായിരിക്കും ഇപ്പോൾ ദേവുവിന്റെ അവസ്ഥ.. എന്നെ അവൾ തീർച്ചയായും വീണ്ടും ഒരു മോശക്കാരൻ ആയിട്ടാകണം കണ്ടിരിക്കുക.അവളിൽ . ഉണ്ടായിരുന്ന അൽപ സ്നേഹം കൂടി ഇപ്പോൾ വെറുപ്പായി മാറി കാണുമോ....?

എന്നെ അവൾ ശപിച്ചിട്ടുണ്ടാകുമോ.?

ദേവുവിന്റെ ഉള്ളിൽ ആഴത്തിലുള്ള മുറിവാണിന്ന് ഞാൻ ഉണ്ടാക്കിയിരിക്കുന്നതെന്നു എനിക്ക് ഉറപ്പാണ് ... പക്ഷെ അതിലും ആഴമേറിയതായിരുന്നു എന്റെ മനസിലുടലെടുത്ത കുറ്റബോധവും അത് മൂലം ഉണ്ടായ വിഷമവും...

നേരം പൊയ്ക്കൊണ്ടേ ഇരുന്നു. ഭക്ഷണം കഴിക്കാൻ പോലും ആരും എന്നെ തിരക്കിയില്ല. അവര് വല്ലതും കഴിച്ചോ എന്ന് പോലും എനിക്ക് അറിയില്ല. ഞാൻ അന്വേഷിച്ചുമില്ല. മനസിലെന്തൊക്കെയോ ചിന്തകളലട്ടി കൊണ്ടിരുന്നു .

ദേവുവിനെ ഒന്ന് കണ്ടിരുന്നുവെങ്കിൽ എല്ലാം പറഞ്ഞു മനസിലാക്കമായിരുന്നു..എന്ന് തോന്നി പക്ഷെ !എങ്ങനെ?

നേരം നന്നേ ഇരുട്ടിയിരിക്കണം. പുറത്തെ ചീവിടിന്റെ ശബ്ദവും. മുറിയിലെ കറങ്ങുന്ന ഫാനിന്റെ ശബ്ദവും അല്ലാതെ മറ്റൊന്നും കേൾക്കാൻ ഉണ്ടായിരുന്നില്ല..

പെട്ടന്നാണ് കതകു തുറന്നു ദേവു അകത്തേക്ക് വന്നത്. എന്റെ പ്രാർഥന കേട്ടതെന്ന പോലെ.

www.kambistories.com

അന്നേരമത്രയും ഞാൻ പ്രതീക്ഷിച്ചിരുന്നത് അമ്മയോ ഏടത്തിയോ വരുമെന്നാണ്.. എങ്കിലും എനിക്ക് അത് അപ്രതീക്ഷിതം ആയിരുന്നു ..

ഞാൻ കരുതിയത് പോലെ തന്നെ കരഞ്ഞു കലങ്ങിയ മിഴികളും. കണ്ണുനീരൊഴുകി ഉണങ്ങിയ മുഖവും.... അവളുടെ സങ്കടത്തിന്റെ ആഴം എനിക്ക് കാട്ടി തന്നു.... എങ്കിലും അപ്പോളവളുടെ മുഖത്തു ഗൗരവം നിഴലിച്ചിരുന്നു...... തീർച്ചയായും അവൾ പറയാൻ പോകുന്നവയത്രയും എനിക്ക് ഊഹിക്കാവുന്നതേ ഉണ്ടായിരുന്നുള്ളു...

" ദേവു... ഞാൻ....... ! ഞാൻ അങ്ങനെ ഒന്നും ഉദ്ദേശിച്ചു...... "

" നന്ദുവേട്ടനെ അത്രയ്ക്ക് ഇഷ്ടമായത് കൊണ്ട് തന്നെയാണ്... എല്ലാം സഹിച്ചു ഞാൻ ഇവിടെ വീണ്ടും നിൽക്കുന്നത്.... എന്നിട്ടും എന്തിനാ നിങ്ങളെന്നെ ഇങ്ങനെ അവഗണിക്കുന്നേ...അത്രയും വെറുപ്പ് മനസ്സിൽ ചുമന്നെന്റെ മുന്നിൽ അഭിനയിക്കാൻ മാത്രം എന്ത് തെറ്റാ ഞാൻ നിങ്ങളോടു ചെയ്തത് ? "

എന്നെ പറഞ്ഞു മുഴുവിപ്പിക്കാൻ പോലും സമ്മതിക്കാതെ ദേവു ഉച്ചത്തിൽ അലറി ....അവൾക്കെന്നോടുള്ള എല്ലാ വെറുപ്പും അമർഷവും ആ വാക്കുകളിൽ പ്രതിധ്വനിച്ചു. .

" ചെയ്ത തെറ്റിനെല്ലാം ഞാൻ കാലുപിടിച്ചു മാപ്പു പറഞ്ഞതല്ലേ.. നന്ദുവേട്ട.......എന്നിട്ടും എന്തിനാ എന്നോടിത്ര വെറുപ്പ് നിങ്ങള്ക്ക് .. ? "

ഞാനിന്നു വരെ കാണാത്ത ഒരു ദേവു ആണിപ്പോൾ എന്റെ മുന്നിൽ.. എന്റെ വാക്കുകൾ അത്രക്ക് തറച്ചു കയറിയിരുന്നു അവളുടെ മനസ്സിൽ

www.kambistories.com

" ദേവു ഞാൻ .... "

" വേണ്ട നന്ദുവേട്ട എനിക്കെല്ലാം മനസിലായി... നിങ്ങളെന്റെ മുന്നിൽ കാട്ടിയ എല്ലാ പ്രകടനങ്ങളും..... എന്നെ ഇവിടെ നിന്ന് ഒഴിവാക്കാൻ വേണ്ടി മാത്രം ഉള്ളത് ആയിരുന്നല്ലേ..എന്തിനായിരുന്നു നന്ദുവേട്ട എന്റെ മുന്നിൽ അഭിനയിച്ചത്... ? ഒന്ന് പറഞ്ഞിരുന്നുവെങ്കിൽ ഞാൻ തന്നെ ഇവിടെ നിന്നു ഇറങ്ങി തരുമായിരുന്നില്ലേ .? "

അവളുടെ ഓരോ വാക്കുകളും എന്റെ ഉള്ളിൽ കൂരമ്പ് പോലെ തറച്ചു കയറുകയായിരുന്നു... അബദ്ധത്തിൽ ആണെങ്കിൽ പോലും. ആ നിമിഷം ഞാനുരുവിട്ട ഓരോ വാക്കുകളും ഓർത്തെടുത്തു ഞാനെന്നെ തന്നെ ശപിച്ചു..

" ദേവു എനിക്ക് പറയാനുള്ളത് കൂടി കേൾക്കണം... "

കേൾക്കണം നന്ദുവേട്ട. നിങ്ങള്ക്ക് പറയാനുള്ളത് കൂടി കേട്ടിട്ടേ ഞാൻ.. പോകൂ.... . പക്ഷെ....... "

" ദേവു. . അബദ്ധം പറ്റി.... അറിയാതെ നാവിൽ നിന്ന് വീണു പോയതാണ്.... അതിനിത്ര നിമിഷം വരെയും മനസിലൊരായിരം മാപ്പു നിന്നോട് ഞാൻ പറഞ്ഞു കാണണം.... "

www.kambistories.com

" ...മനസ്സിൽ ഉള്ളതെ നാവിൽ വരും നന്ദുവേട്ട ... ..... എല്ലാം ഞാൻ കേട്ടതല്ലേ... ... ഞാൻ കണ്ടതല്ലേ.... ..... "

ഭാഗീകമായും തളർന്ന സ്വരത്തിൽ അവൾ ചോദിച്ചു...

" ആ രാഘവനും ആയി ഇനിയും ഒരു പ്രശനം വേണ്ടെന്നു കരുതിയാണ് ഞാൻ കേസ് പിൻവലിച്ചത് ...... സത്യമായും... ദേവു ...... നി ഇവിടെ എത്ര കാലം വേണമെങ്കിലും കഴിഞ്ഞോളു... എനിക്കതിൽ പ്രശ്നം ഒന്നുമില്ല.... "

" അത്രയും പറയാൻ മാത്രം പിന്നെ എന്താണ് പ്രശ്നം ആണ് നന്ദുവേട്ട നിങ്ങൾക്ക്.ഉള്ളത് ... "

പെട്ടന്നതിനൊരു മറുപടി പറയാൻ എനിക്കായില്ല .... അവളെന്നിൽ നിന്നും നിമിഷങ്ങൾ കൊണ്ടാകന്നു പോകുന്നത് പോലെ തോന്നി ......

" എനിക്ക് നിങ്ങൾ വാക്ക് തന്നതല്ലേ നന്ദുവേട്ട എന്റെ അച്ഛനെ കണ്ടു പിടിച്ചു തരുമെന്നു.. "

അവളുടെ നിസ്സഹായത നിറഞ്ഞ വാക്കുകൾ എന്നെ വല്ലാതെ തളർത്തി . ഇനിയും എന്തിനു വൈകുന്നു എന്ന ചോദ്യം എന്റെ ഉള്ളിലിരുന്നാരോ ചോദിക്കുന്നത് പോലെ....

www.kambistories.com

" അച്ഛൻ വന്നാൽ എന്നെ വിട്ടു പോകും എന്ന് പറയുമ്പോൾ എങ്ങനെയാ.. ദേവു..... ഞാൻ നിന്റെ അച്ഛനെ കണ്ടു പിടിക്കുക.... "

എന്റെ വാക്കുകളിലെ അർദ്ധം മനസിലാകത്തതെന്നവണ്ണം അവളെന്റെ കണ്ണിലേക്കു ഉറ്റുനോക്കി.. ഒരു ശിലകണക്കെ ഉറച്ചു പോയ ദേവുവിന്റെ മുഖം ഞാനെന്റെ ഇരു കരങ്ങളാൽ പൊതിഞ്ഞു.. ഈറനണിഞ്ഞ മിഴികളിലേക്കുറ്റു നോക്കി ഞാൻ ചോദിച്ചു.

" അച്ഛൻ വന്നാലും പോകാതെ ഇരുന്നു കൂടെ ദേവു നിനക്കു... എന്നെ വിട്ടു..... അത്രക്കു ഇഷ്ടാ എനിക്ക് ഇപ്പൊ എന്റെ ദേവുവിനെ.... "

പറഞ്ഞു തീർത്തു അവളുടെ മറുപടിക്കായി ഞാനവളുടെ കണ്ണുകളിലേക്കുറ്റു നോക്കി. നിർവചിക്കാൻ ആവാത്ത ഏതൊക്കെയോ വിഗാരങ്ങൾ അവളുടെ മിഴികളിലൂടെ പായുന്നത് ഞാൻ നോക്കി കണ്ടു.

പെട്ടന്നവൾ എന്റെ കൈകൾ തട്ടി മാറ്റി.. കണ്ണീരുണങ്ങിയ മിഴികൾ വീണ്ടും ഈറനണിഞ്ഞു. എന്നെ നേരിടാനാവാതെയോ അതോ ഞാൻ പറഞ്ഞതത്രയും അംഗീകരിക്കാൻ കഴിയാത്തതു കൊണ്ടോ എന്തോ അവളെന്നെ മറികടന്നു വേഗത്തിൽ മുറിക്കു വെളിയിലേക്കു ഇറങ്ങി ഓടി.. എന്താണവളിൽ പെട്ടന്നുണ്ടായ മാറ്റാമെന്ന് എനിക്കെത്ര ചിന്ദിച്ചിട്ടും ഊഹിക്കാൻ കഴിഞ്ഞില്ല. പറഞ്ഞതത്രയും ആവേശമായി പോയോ എന്നൊരു തോന്നൽ മനസ്സിൽ ഭയത്തെ സൃഷ്ടിച്ചിരുന്നു..

പുറത്തേക്കു പതിയെ കാലുകൾ ചലിച്ചു. അമ്മയും ഏടത്തിയും ഉറങ്ങിയെന്നു തോന്നി. പുറത്തിറങ്ങിയതേ ആദ്യം കാണുന്നത് കൈയിൽ എന്തോ ചുരുട്ടി പിടിച്ചു ഇരുന്നു കരയുന്ന ദേവുവിനെയാണ്...

www.kambistories.com

കാലിനു അനുഭവപ്പെട്ടുകൊണ്ട്ഇരുന്ന വേദനയേക്കാൾ അവളുടെ കണ്ണുനീരിനു ആണ് പ്രാധാന്യം എന്ന് തോന്നി ഞാൻ അവളുടെ അടുക്കെലേക്കു വീണ്ടും നടന്നു...

" ദേവു ...... "

ഞാൻ പതിയെ വിളിച്ചു...

തല ഉയർത്തി നോക്കിയ അവൾക്കു അപ്പോൾ ഒന്നേ പറയാനുണ്ടായിരുന്നൊള്ളു....

" എനിക്ക് വെറുതെ പ്രതീക്ഷ തരരുത് നന്ദുവേട്ടാ...  അത് കൂടി സഹിക്കാൻ ഇനി  എനിക്ക് ആവില്ല... ..  "

പറഞ്ഞു തീർത്തവൾ വീണ്ടും മുഖം കുനിച്ചിരുന്നു കരയാൻ തുടങ്ങി. അവളുടെ മനസ്സിൽ അലയടിച്ച എല്ലാ വിഗരങ്ങളും അവളുടെ ആ ഒറ്റവാക്കിൽ പ്രകടമായിരുന്നു....  പ്രയാസപ്പെട്ടാണെങ്കിൽ കൂടിയും ഞാൻ അവളെ എന്റെയൊപ്പം പിടിച്ചെഴുന്നേല്പിച്ചു നിർത്തി..

" എന്ത് പറഞ്ഞ പെണ്ണെ ഞാൻ നിന്നെ സമാധാനിപ്പിക്കുക... "

ഞാനവളുടെ ഇരു കൈകളിലും എന്റെ കൈകളിൽ മുറുകെ പിടിച്ചിരുന്നു... ഒരു ഉറപ്പെന്നവണ്ണം.

"  നീ ഇന്നെന്നെ എത്രത്തോളം സ്നേഹിക്കുന്നുവോ അത്രത്തോളം ഞാൻ നിന്നെയും സ്നേഹിക്കുന്നുണ്ട്..  ഇത് വെറും തമാശ അല്ല. സത്യം ..ആണ് ..  ! അച്ഛനെന്നല്ല ആര് വന്നാലും എന്റെ ദേവുവിനെ ഇനി ആർക്കും വിട്ടുകൊടുക്കാൻ ഞാനൊരുക്കമല്ല.....അത് കൊണ്ടാണ് അതുകൊണ്ട് മാത്രമാണ് ഞാനപ്പോൾ അങ്ങനെ ഒക്കെ പറഞ്ഞത്. .. അല്ലാതെ എനിക്ക് നിന്നെ ഇഷ്ടം അല്ലാഞ്ഞിട്ടോ അച്ഛനെ കണ്ടു പിടിക്കാൻ കഴിയാഞ്ഞിട്ടോ അല്ല...    "

ഞാൻ അവൾക്കു നൽകിയ എന്റെ ഉറച്ച വാക്കുകളത്രയും  വിശ്വസിക്കാനാവാതെ  അവളെന്റെ കണ്ണുകളിലേക്കു നോക്കി...  അവളുടെ മിഴികളിലൂടെ അപ്പോഴും  കണ്ണുനീർ കണങ്ങൾ ധാരയായി ഒഴുകുന്നുണ്ടായിരുന്നു..

" തനിക്കിനിയും എന്നെ വിശ്വാസമായില്ലേ  ദേവു.  "

അപ്പോളും അവൾ ഒരു സ്വപ്നലോകത്തെന്ന പോലെ എന്നെ തന്നെ നോക്കി നിക്കയായിരുന്നു.... അവളുടെ കൈക്കുള്ളിൽ എന്തോ തടയുന്നതു പോലെ തോന്നിയാണ് വേഗം ഞാൻ അവളുടെ വലതു കരം പിടിച്ചു നിവർത്തി നോക്കിയത്.

താലി.. ! ഞാനവളുടെ കഴുത്തിൽ അന്ന് കെട്ടിയ.. അവൾ പാതിമനസോടെ വേണ്ടെന്നു വച്ച താലി മാല.....

" ദേവു ഇത്..... "

" നന്ദുവേട്ടനിപ്പോളും എന്നെ കളിപ്പിക്കാൻ പറയണതല്ലേ.... ? "

എന്റെ ചോദ്യം കേൾക്കാത്തതെന്ന പോലെ

നിറഞ്ഞ കണ്ണുകൾക്ക് ഉള്ളിലും സ്നേഹം നിറച്ചവൾ ചോദിച്ചു....

" എന്ത് ചെയ്താലാ ദേവു... ഞാൻ... ഇനി നിന്നെ ഒന്ന് വിശ്വസിപ്പിക്കുക.. ? "

പറഞ്ഞു മനസിലാക്കുന്നതിനേക്കാൾ എത്രയോ നല്ലതാണു പ്രവൃത്തിച്ചു തെളിയിക്കുക എന്നെനിക്കു തോന്നി.

www.kambistories.com

ഞാനവളെയും വലിച്ചു നേരെ പൂജാമുറിയുടെ മുന്നിലേക്ക് നടന്നു. അടഞ്ഞു കിടന്ന പൂജാമുറി തള്ളി തുറന്നു.... അവളെ വലിച്ചകത്തേക്കു കയറ്റി.

ഞാൻ എന്താണ് ചെയ്യാൻ പോകുന്നതെന്നറിയാതെ അവളെന്റെ ഓരോ ചെയ്തികളും വീക്ഷിച്ചു നിൽക്കെ അവളുടെ കയ്യിലവൾ ഒളിപ്പിച്ച ആ താലിമാല ഞാൻ പിടിച്ചു വാങ്ങി...

കൊട്ടും കുരവയും ആരവങ്ങളോ ഇല്ലാതെ.... പൂച്ചെണ്ടുകളോ ആൾക്കൂട്ടങ്ങളോ ഇല്ലാതെ... പൂജാമുറിയിലെ കൊളുത്താത്ത വിളക്കുകൾക്കു മുന്നിൽ എന്റെ ദേവു ഏറ്റവും ആരാധിക്കുന്ന കണ്ണനെ സാക്ഷിയാക്കി ഞാൻ അവളുടെ കഴുത്തിലാ താലി ഒരുതവണ കൂടി ചാർത്തി.. നിറഞ്ഞ മനസോടു കൂടി. മൂന്നു തവണ താലിച്ചരട് കഴുത്തിൽ കോർത്തു നേരെ കണ്ണ് പാഞ്ഞത് പുഞ്ചിരി തൂകി എല്ലാറ്റിനും സാക്ഷിയായി നിന്നിരുന്ന കണ്ണന്റെ വിഗ്രഹത്തിലേക്കാണ്.. അവിവേകം പൊറുത്തനുഗ്രഹിക്കണേ..... എന്ന് മനസ്സുരുകി പ്രാർത്ഥിച്ചു കക്ഷിയോട്.... അപ്പോളും കണ്ണന്റെ മുഘതൊരു കള്ളച്ചിരി മാത്രം ആയിരുന്നു.

www.kambistories.com

" ഇപ്പോൾ വിശ്വാസമായില്ലേ തനിക്കെന്നെ.. "

അവളുടെ ഇരു തോളിലും പിടിച്ചവളെ എന്റെ നേരെ നിർത്തി ഞാൻ ചോദിച്ചു. മൗനം ആയിരുന്നു മറുപടി. അവളുടെ തിളക്കമാർന്ന കണ്ണുകളിൽ വീണ്ടും കണ്ണുനീർ അണപൊട്ടി ഒഴുകാൻ തുടങ്ങി....

" വേണ്ട. കരയരുത്. ഒരു ജന്മം മുഴുവൻ അനുഭവിക്കാനുള്ളതെല്ലാം അനുഭവിച്ചു കഴിഞ്ഞല്ലേ.. കരഞ്ഞു തീർക്കാനുള്ളതെല്ലാം കരഞ്ഞു തീർത്തില്ലേ.. ഇനി ഈ കണ്ണുകൾ നിറയരുത് ... "

. എവിടെ നിന്നോ ഒരു പുഞ്ചിരി ചുണ്ടിൽ വരുത്തി അവൾ കണ്ണുകൾ തുടച്ചു.

" എനിക്കറിയില്ല ഈ ചെയ്തതൊക്കെ ശെരിയാണോ എന്ന്.. എല്ലാം ഒരു സ്വപ്നം പോലെയാ തോന്നണേ എനിക്ക്.. ഇകാലമത്രയും ഞാൻ ഒന്നും ആഗ്രഹിച്ചിട്ടില്ല... അന്ന് ഈ താലി എന്റെ കഴുത്തിൽ വീഴുന്നത് വരെ... പിന്നീടെനിക് ഒരു പ്രാർഥനയെ ഉണ്ടായിരുന്നുള്ളു.. ഈ താലി എന്നും എന്റെ കഴുത്തിൽ എന്റെ എല്ലാം ആയി ഇങ്ങനെ തന്നെ ഉണ്ടാകണമേ എന്ന്...ഇന്ന്..! കണ്ണനെന്റെ പ്രാർഥന കേട്ടു.. ഞാൻ വിശ്വസിച്ചോട്ടെ .... എല്ലാം സത്യം തന്നെ ആണെന്ന്? ""

അവളുടെ വാക്കുകൾക്ക് ഉത്തരമെന്ന വണ്ണം ഞാൻ അവളുടെ മുഖം വീണ്ടുമെന്റെ കൈകളാൽ പൊതിഞ്ഞു. അവളുടെ നെറുകയിൽ എന്റെ ചുണ്ടുകൾ ചേർത്തു. എന്റെ ആദ്യ ചുംബനം അവൾക്കുള്ള എന്റെ ഉറപ്പായിരുന്നു.. .... എന്റെ സ്നേഹമായിരുന്നു ... ഞാൻ അവൾക്കു നൽകിയ വിശ്വാസമായിരുന്നു.. മറുത്തൊന്നും പറയാതെ കണ്ണുകളടച്ചു അവളതേറ്റുവാങ്ങി....

www.kambistories.com

കടന്നു പോകുന്ന ഓരോ നിമിഷവും പ്രണയത്തിന്റെ പുതിയ പുതിയ തലങ്ങൾ ഞാൻ കാണുക ആയിരുന്നു... ആ ഇരുട്ടിലും.. പല കോടി നക്ഷത്രങ്ങൾ ഞങ്ങൾക്ക് വേണ്ടി മിന്നി തിളങ്ങുന്നതായി എനിക്ക് തോന്നു.... പല വർണങ്ങളാൽ നിറഞ്ഞ ചിത്ര ശലഭങ്ങൾ ഞങ്ങളെ ചുറ്റി വലം വക്കുന്നതായി അനുഭവപെട്ടു.... എന്റെ പെണ്ണിന്റെ കവിളുകൾ എന്റെ കൈവെള്ളയിൽ ഇരുന്നു ചുവന്നു തുടുക്കുന്നത് ഞാനും കണ്ടറിഞ്ഞു...

" മോളെ... ദേവു..... "

പെട്ടന്നാണ് ഏടത്തി യുടെ ശബ്ദം ഉയർന്നു വന്നത് .... പൂജാമുറിയുടെ വാതുക്കൽ ചാരി നിന്ന ഞാൻ പെട്ടന്ന് തന്നെ പൂജാമുറിയിലെ ഇരുട്ടിലേക്കൊലിച്ചു.... എന്തിനന്നെനിക്കറിയില്ല. പക്ഷെ അപ്പോൾ അങ്ങനെ ചെയ്യാനാണ് മനസ് പറഞ്ഞത്...

" എന്താ മോളെ...  ഇത് ...  ഇങ്ങനെ വിഷമിച്ചിരുന്നിട്ടു  എന്താ കാര്യം...  നന്ദുനെ നിനക്കറിയാലോ അപ്പോഴത്തെ ദേഷ്യത്തിന് പറഞ്ഞതാകും അവൻ.  അതിന് നീ ഇങ്ങനെ ഉറക്കവും കളഞ്ഞു കരഞ്ഞോണ്ടിരുന്നിട്ടു എന്താ കാര്യം..  വാ...  വന്നു കിടക്കു....  ബാക്കി നമുക് നാളെ നോക്കാം....  "

ഏടത്തിയവളുടെ കയ്യിൽ പിടിച്ചു വലിച്ചു കൊണ്ട് നടന്നു.  ആദ്യം ഒന്നു പോകാൻ മടിച്ചെങ്കിലും നിറഞ്ഞ മനസോടെ അവളെന്നെ വിട്ടു എടത്തിയോടൊപ്പം മുറിയിലേക്ക് പോയി..  ഏടത്തി ആ നിമിഷം അവളുടെ മുഖത്തു കണ്ട വിഷാദ ഭാവം എന്റെ കണ്ണിൽ പ്രണയത്തിന്റെ തിരകൾ അലയടിക്കുന്ന ഒരു മഹാ സമുദ്രം തന്നെ അവളുടെ കണ്ണുകളിൽ എനിക്ക് കാണാൻ കഴിഞ്ഞു..

********____**** ****____*******

www.kambistories.com

അങ്ങനെയൊരു രാത്രി ഇതിനു മുൻപ് എനിക്ക് ഉണ്ടായിട്ടില്ല..  ഉറക്കമില്ലാത്ത പല  രാത്രികളെയും ഞാൻ മുൻപ് ശപിച്ചിട്ടുണ്ടെങ്കിലും അന്നത്തെ ദിവസം ഉറക്കം വരരുതേ എന്നായിരുന്നു എന്റെ പ്രാർഥന. വരാനിരിക്കുന്ന പ്രണയ നാളുകളെ കുറിച്ചായിരുന്നു ചിന്ത മുഴുവൻ..  ദേവുവും ഇന്നുറങ്ങില്ലെന്നു എനിക്കുറപ്പായിരുന്നു...  ചെയ്തു കൂട്ടിയവയുടെയെല്ലാം  നല്ല വശങ്ങളും ചീത്ത വശങ്ങളും ആലോചിച്ചു ഞാൻ അണിയിച്ച ആ താലിയും കെട്ടിപ്പിടിച്ചു കിടക്കയായിരിക്കും അവൾ  ...ഇപ്പോളും അവൾക്കെന്നിൽ വിശ്വാസക്കുറവ് ഉണ്ടാകുമോ.  ഇത്രനാളും അകന്നു നിന്ന് ഒരുനാൾ വേഗത്തിൽ ഇഷ്ടമാണെന്നു പറഞ്ഞാൽ ആർകാണെങ്കിലും അത് അംഗീകരിക്കാൻ അല്പം സമയം വേണ്ടിവരും...... എല്ലാം ഓർത്തു ഉറങ്ങിയതെപ്പോൾ ആണെന്ന് അറിയില്ല......

*********_____******________********

രാവിലെ തന്നെ എല്ലാവരുടെയും മുന്നിൽ വച്ച് എല്ലാം ഏറ്റുപറഞ്ഞു ദേവുവിനോട് ഒരു മാപ്പ് അങ്ങ് പറഞ്ഞു.. ഇന്നലത്തെ സംഭവത്തിന്റെയാണോ എന്നറിയില്ല അവളുടെ മുഖത്തു ഒരു നാണം നിഴലിച്ചുന്നു.. എന്റെ മുഖത്തേക്ക് നോക്കാൻ കൂടി മടിയുള്ള പോലെ.

" ഓഹ്...... ഇപ്പൊ സമാദാനം ആയില്ലേ പെണ്ണെ നിനക്ക്.. എന്ത് കരച്ചിലായിരുന്നു ഇന്നലെ... "

ഏടത്തിയത് പറഞ്ഞപ്പോളും ദേവു മുഖം ഉയർത്താതെ പുഞ്ചിരി തൂകിയതെ ഒള്ളൂ..

നീയും വലിയ മോശം ഒന്നുമല്ല.. വന്നു വന്നു എന്താ പറയേണ്ടത് എന്നുള്ള ബോധം പോലും ഇല്ലാതെ ആയിട്ടുണ്ട് നിനക്ക്... "

www.kambistories.com

ഈ ഒരു തവണത്തേക്കു കൂടി ക്ഷമിക്ക് ഏടത്തി... "

മം.. ഒരു ദിവസം നിന്നെ ഞാൻ പിടിക്കുന്നുണ്ട്... "

എന്തോ മുനവച്ചു പറഞ്ഞു ഏടത്തി അവിടെ നിന്ന് അകത്തേക്ക് പോയി... ദേവു അമ്മയോടൊപ്പം കോളേജിലേക്കും.. പോകുമ്പോൾ പോലും എന്നെ ഒന്ന് നോക്കാൻ പോലും അവളുടെ നാണം അവളെ അനുവദിച്ചില്ല........

*****________******_______******

അന്നത്തെ പകൽ എങ്ങനെ ആണ് തള്ളി നീക്കിയതെന്നു എനിക്ക് തന്നെ അറിയില്ല... ഏടത്തിയുടെ കഴുകാൻ കണ്ണുകളിൽ ഇപ്പോളും ദേവുവിനോടുള്ള എന്റെ പ്രണയം തെറ്റായി തന്നെ വ്യാഖ്യാനിച്ചു വച്ചിരിക്കയാണ്. അതിനൊപ്പം ആടാൻ അമ്മയും..അതുകൊണ്ട് തന്നെ അവരോടൊന്നും ഇപ്പോൾ ഒന്നും പറഞ്ഞിട്ട് കാര്യമില്ലെന്നു തോന്നി. പിന്നെ ദേവുവും ഇത് വരെ ഒന്നും അനുകൂലമായി പറഞ്ഞിട്ടില്ലല്ലോ എന്ന ചിന്തയും എന്റെ പ്രണയം അവരുടെ മുന്നിൽ കുറച്ചു നാളത്തേക്കെങ്കിലും മറച്ചു വക്കാൻ ഞാൻ തീരുമാനിച്ചു. ആദ്യം ദേവുവിനോട് ഒന്നടുത്തിട്ടല്ലേ ബാക്കി കാര്യങ്ങൾ.... .

അമ്മയുടേം ഏടത്തിയുടെയും സംരക്ഷണതിനിടയിൽ അവളോടൊന്നു മിണ്ടാൻ ഉള്ള സാഹചര്യം ഇനി എനിക്ക് ഉണ്ടാകും എന്ന് തോന്നുന്നില്ല.. കോളേജിൽ എത്തിയാൽ പിന്നെ പ്രശ്നങ്ങൾ ഒന്നുമില്ല. . പക്ഷെ കാല് ശരിയാവാതെ പോക്കും നടക്കില്ല. അമ്മയൊട്ടു അതിനു സമ്മതിക്കുകയുമില്ല. അതിനിയും കുറച്ചു ദിവസം എടുക്കും. പിന്നെ എന്ത് ചെയ്യും എന്നൊരു പിടിയും ഇല്ല. പല വഴികളും ആലോചിച്ചു അന്നത്തെ ഒരു പകൽ തീർന്നത് പോലും അറിഞ്ഞില്ല... വൈകിട്ട് ദേവു കോളേജിൽ നിന്ന് വരുമ്പോളും ഞാൻ ആലോചനയിൽ ആയിരുന്നു.. മുറിയിൽ വന്നെന്നെ എത്തി നോക്കുന്നത് കണ്ടിട്ടാണ് ഞാൻ അവൾ എത്തി എന്നറിഞ്ഞത് തന്നെ....... കതകിനിടയിലൂടെ തല പകുതി അകത്തേക്ക് ഇട്ടു ഉള്ള അവളുടെ നോട്ടം കണ്ടതേ എനിക്ക് ചിരി വന്നു. അത് മറക്കാൻ ഞാൻ നന്നേ പാടുപെട്ടു..

www.kambistories.com

ഞാൻ അവളെ കണ്ടു എന്നറിഞ്ഞതും ഒറ്റ ഓട്ടമായിരുന്നു അവൾ.. പാവം പെണ്ണ്.........

ദേവു വന്നതേ ഞാൻ പതിയെ മുറിക്കു പുറത്തേക്കിറങ്ങി ടിവിയുടെ മുന്നിൽ ഇരിപ്പുറപ്പിച്ചു. പക്ഷെ എനിക്ക് മുന്നിൽ പിടി തരാതെ അവളെന്നിൽ നിന്നും ഒഴിഞ്ഞു മാറി നടക്കയായിരുന്നു. ചിലപ്പോൾ നാണം കൊണ്ടാകാം എന്ന് കരുതി ആശ്വസിച്ചു.... എങ്കിലും നമ്മുടെ മനസ്സല്ലേ ഓരോന്ന് ചിന്തിച്ചു വെറുതെ വെറുതെ കാടുകയറും.... കോളേജിൽ നിന്ന് വന്നതിൽ പിന്നെ അവളെ മുറിക്കു പുറത്തേക്കു കണ്ടിട്ടില്ല എന്നതാണ് സത്യം ... രാത്രിയായി..

ദേവുവിനോട് ഒന്ന് സംസാരിക്കാൻ പല വഴികളും ആലോചിച്ചു നോക്കി.. രാത്രിയിൽ അവളുടെ മുറിയുടെ ജനലരികിൽ പോയി തട്ടി വിളിച്ചാലോ എന്ന് വരെ ആലോചിച്ചു. പിന്നെ ഈ കാലും വച്ച് അവിടെ വരെ എത്തുക എന്നത് പ്രയാസമാണ്. ഏന്തി വലിഞ്ഞു എത്തിയാൽ തന്നെ ജനലരികിൽ

ദേവുവിന് പകരം ഏടത്തി വല്ലതും ആണ് എങ്കിലോ... എല്ലം തീരും... അതൊന്നും വേണ്ട... ! പാഴ്ചിന്തകൾ എല്ലാം മാറ്റിവച്ചു. അമ്മയുടെ സഹായം കൊണ്ട് മുറിയിൽ തിരിച്ചെത്തി.. ദേവുവിന്റെ കാര്യമൊഴിച്ചാൽ അമ്മക്കിപ്പോൾ എന്നോട് പഴയതു പോലെ സ്നേഹമൊക്കെ ഉണ്ട്.. അന്ന് അമ്മയുടെ മടിയിൽ ഏറെ നേരം കിടന്നു .. എന്തൊക്കെയോ സംസാരിച്ചു.. ദേവുവിന്റെ കാര്യം അമ്മ മനഃപൂർവം ഒഴിവാക്കിയതായി എനിക്ക് തോന്നി. എനിക്ക് ഇഷ്ടപ്പെട്ടില്ലെങ്കിലോ എന്ന് കരുതിയാവും. ദേവുവിന്റെ കാര്യം പറയാനായി പലപ്പോഴായി എന്റെ നാവും പൊങ്ങിയതാണ് പക്ഷെ അമ്മയതെങ്ങനെ ഉൾക്കൊള്ളുമെന്ന പേടി കൊണ്ട് പുറത്തേക്കു വന്ന നാക്ക് അതുപോലെ അകത്തേക്ക് വലിഞ്ഞു. എങ്കിലും ഒന്നും അതികം നീട്ടികൊണ്ടു പോകുന്നത് ശരിയല്ല....

*****_____*****_______******

മുഖത്തു ഒരു കൊട്ട ദേഷ്യവും വച്ചാണ് പിറ്റേന്ന് രാവിലെ ദേവുവിനെ കാണുന്നത് ..... എന്താണ് കാരണമെന്നു ചോദിക്കാൻ കഴിഞ്ഞില്ലെങ്കിലും എന്റെ സമിഭ്യം ആണവളിൽ ആ മാറ്റം ഉണ്ടാക്കുന്നതെന്ന് എനിക്ക് മനസിലായി . അപ്പോൾ അവളുടെ ആ മാറ്റത്തിനും കാരണക്കാരൻ ഞാൻ തന്നെ ആകണമല്ലോ.? അതിന് ഞാൻ ഒന്നും ചെയ്തില്ലല്ലോ..?

www.kambistories.com

വെറുതെ ഏതൊക്കെയോ കാരണങ്ങൾ ആലോചിച്ചു കൂട്ടി.. കാലിന്റെ നീര് കുറയുന്നതിനനുസരിച്ചു ഞാൻ വീടിന്റെ പുറത്തേക്കൊക്കെ ഇറങ്ങാൻ തുടങ്ങി ഇരുന്നു.. അമ്മ സമ്മതിച്ചിരുന്നു എങ്കിൽ കോളേജിൽ പോകാമായിരുന്നു എന്ന് തോന്നി. പക്ഷെ തലയിലെ കെട്ടഴിക്കാതെ അമ്മ അതിന് സമ്മതിക്കുമെന്നെനിക്കു തോന്നുന്നില്ല....

അന്നത്തെ ദിവസവും മനസ്സ് മുഴുവൻ ദേവു തന്നെ ആയിരുന്നു. അവളുടെ വീർത്ത മുഖത്തിന്റെ കാരണം ആലോചിച്ചു വെറുതെ സമയം കളഞ്ഞു.

എന്നും കോളജിലേക്ക് പോകുന്നതിന് മുൻപും വന്നതിനു ശേഷവും കതകിനിടയിലൂടെ മുറിക്കുള്ളിലേക്ക് തലയിട്ടു നോക്കുക എന്നത് പെണ്ണിന്റെ സ്ഥിരം വിനോദമായി മാറി ഇരുന്നു. എന്തുമാകട്ടെ ഇന്നത്തെ ദിവസം അവളോട് സംസാരിച്ചിട്ട് തന്നെ കാര്യമെന്ന് കരുതി തന്നെ ആണ് വൈകിട്ട് അവൾ വരുന്ന സമയം നോക്കി ഞാൻ കതകിനു പിന്നിൽ ഒളിഞ്ഞു നിന്നതു.

പതിവ് പോലെ കോളേജിൽ നിന്ന് വന്നയുടനെ അവൾ മുറിയുടെ കതകിന്റെ പാതി തുറന്നകത്തേക്കു തലയിട്ടു നോക്കി... എന്നെ കട്ടിലിൽ കാണാഞ്ഞിട്ടാകാം അവൾ തല മുഴുവനായും ഉള്ളിലേക്കിട്ടു മുറി മുഴുവനായും ഒന്ന് വീക്ഷിക്കുന്നതായി എനിക്ക് തോന്നി. അവൾ കാണാതെ ഇരിക്കാൻ കതകിനു പിന്നിലേക്കു ഞാൻ കൂടുതൽ ചേർന്ന് ശ്വാസമടക്കി പിടിച്ചു നിന്നു. എന്നിട്ടും ഞാൻ മുറിയിലില്ലെന്ന കണ്ടിട്ടാവാം അവൾ മുറിക്കുള്ളിലേക്ക് കയറിവരാൻ ധൈര്യം കാട്ടിയത് . .

കതകിനു പിന്നിൽ ഒളിച്ചു നിന്നിരുന്ന എന്നെ കണ്ടതും ഞൊടിയിടയിൽ വാതിലിനടുത്തേക്കോടി വന്നവൾ പുറത്തേക്കിറങ്ങാൻ ഒരു ശ്രമം നടത്തി. അങ്ങനെ ഒന്നവളിൽ നിന്ന് പ്രതീക്ഷിച്ചിരുന്നത് കൊണ്ട് ഞാൻ വേഗത്തിൽ അവളുടെ കൈയിൽ കയറി പിടുത്തം ഇട്ടു. അവളെ വലിച്ചു ഭിത്തിയിലേക്ക് ചേർത്തു നിർത്തി വാതിലടച്ചു കുറ്റി ഇട്ടു. എല്ലാം ഞൊടി ഇടയിൽ....

" നന്ദുവേട്ട... കയ്യിന്നു വിട് ... എനിക്ക് പോണം...ഞാൻ കൂവുട്ടോ..... പിന്നെ എല്ലാരും കണ്ടാൽ വഴക്ക് കേൾക്കും. .... . "

www.kambistories.com

ഭീഷണിയോടൊപ്പം അല്പം ഗൗരവം ചേർത്തു അവൾ പറഞ്ഞു...

" അവര് വരട്ടെ.... കാണട്ടെ .. എന്ത് വന്നാലും നിന്നെ ഇന്ന് വിടുന്ന പ്രശനം ഇല്ല..... "

" നന്ദുവേട്ട എനിക്ക് പേടിയാ... മാറു.. ഞാൻ പോട്ടേ . .... "

" എന്ത് സാധനം ആണെടീ പെണ്ണേ നീയ്..... ഒന്ന് മിണ്ടാൻ ആയിട്ട് രണ്ടു ദിവസമായി ഞാൻ പിറകെ നടക്കുന്നു . എന്നിട്ട് കടപ്പുറത്തു വച്ച് കണ്ട പരിജയം പോലും ഇല്ലല്ലോ നിനക്ക് ? "

മറുപടിയൊന്നും പറയാതെ അവൾ തല കുനിച്ചു നിന്നു..

" ദേവു...... തനിക്കിപോഴും എന്നോട് ദേഷ്യമാണോ ? "

മൗനം തന്നെ ആയിരുന്നു മറുപടി....

" എന്തെങ്കിലും ഒന്ന് വാ തുറന്നു പറ പെണ്ണേ.. ഇങ്ങനെ മിണ്ടാതെ ഇരുന്നാൽ ഞാൻ എന്താ കരുതണ്ടേ... തനിക്കെന്നെ ഇഷ്ടമല്ലെന്നാണോ ? ... "

വീണ്ടും മൗനം....

www.kambistories.com

" അപ്പോൾ ഇഷ്ടമല്ലെന്നു ഞാൻ കരുതിക്കോട്ടെ.... "

അതും പറഞ്ഞു ഞാനവളിൽ നിന്നല്പം അകന്നു നിന്നു.

" ഇഷ്ടമല്ലെന്നു ഞാൻ പറഞ്ഞില്ലല്ലോ.. "

പെട്ടന്നവളുടെ മറുപടി എത്തി..

" പിന്നെ തന്റെ പെരുമാറ്റത്തിൽ നിന്ന് ഞാൻ എന്താ കരുതേണ്ടാത്തത്... ? "

" എനിക്കറിയില്ല....  "

" നിനക്ക് എന്താണ് ദേവു...  നീ എന്തിനാ എന്നോട് ഇങ്ങനെ ഓരോന്ന് മറച്ചു വച്ച് സംസാരിക്കുന്നത്.....  "

അവളുടെ കണ്ണുകളിലെ നീരുറവ പൊട്ടൻ അവൾക്കത് മതിയായിരുന്നു...

www.kambistories.com

" താനെന്തിനാ ഇപ്പൊ കരയുന്നെ?  ഏയ്.....  അതിനു ഞാൻ വിഷമിപ്പിക്കാൻ  ഒന്നും പറഞ്ഞില്ലല്ലോ  ?  "

" എന്നെ ശെരിക്കും നന്ദുവേട്ടന് ഇഷ്ടമാണോ ? "

അവളിലിപ്പോഴും ആ സംശയം ബാക്കി ഉണ്ടെന്നെനിക്കു ഉറപ്പായിരുന്നു..

" ദേവു  എന്നെ നിനക്കു വിശ്വാസമില്ലെങ്കിൽ വേണ്ട.  ഈ താലിയിലെങ്കിലും വിശ്വസിച്ചു കൂടെ. ഒന്നുമില്ലെങ്കിലും.......  "

" എനിക്ക് അറിയില്ല നന്ദുവേട്ട.  എന്റെ പൊട്ടബുദ്ധിയിൽ അങ്ങനെയൊക്കെ തോന്നുവാ..  എല്ലാം വെറും സ്വപ്നം ആയിട്ടാ ഇപ്പോളും തോന്നണേ..  അതിനിടയിൽ നന്ദുവേട്ടനും കൂടി.. .....  "

" ഞാൻ എന്ത് ചെയ്തു എന്ന... ?  "

" ഇന്നലെ രാത്രി പൂജാമുറിയിൽ ഞാൻ എത്ര നേരം കാത്തുനിന്നെന്നോ..  ഒന്ന് വരാൻ പോലും തോന്നിയില്ലല്ലോ നന്ദുവേട്ടന് ?  "

ദേവുവിന്റെ ചോദ്യം ഹൃദയത്തിൽ ഞാൻ തീർത്ത സംശയങ്ങളുടെ ഒരു വലിയ കുമിള തകർക്കാൻ പോന്നതായിരുന്നു.. ഇന്നലെ രാത്രിയിൽ അവളെന്നെ കാണാൻ വന്നിരുന്നു എന്നറിഞ്ഞപ്പോൾ തന്നെ മനസ് സന്തോഷം കൊണ്ട് തുള്ളിച്ചാടി...  പക്ഷെ താൻ മനപ്പൂർവം അല്ലെങ്കിൽ കൂടിയും അവളുടെ കാത്തിരിപ്പ് വെറുതെ ആക്കിയതിൽ എന്നോട് തന്നെ അല്പം ദേഷ്യവും തോന്നാതിരുന്നില്ല.

www.kambistories.com

" ഒത്തിരി നേരം കാത്തിരുന്നിട്ടും കാണാഞ്ഞു വന്നു നോക്കിപ്പോ അമ്മേടെ മടിയിൽ കിടന്നുറങ്ങുന്നു.... ദുഷ്ടൻ !  സങ്കടം വന്നു എനിക്ക്...    "

രാവിലെ മുതൽ ദേവുവിൽ കണ്ട പരിഭവത്തിന്റെ പൊരുൾ ഇപ്പോളാണ് എനിക്ക് മനസിലായത് തന്നെ..

" ഞാനിന്നലെ ഉറങ്ങി പോയെടോ..  സോറി......  ഇന്ന് രാത്രി വരുവോ..  ? "

" ഇനി ഇല്ല....  "

ചോദ്യത്തിന് മുൻപ് തന്നെ മറുപടിയും എത്തി..

" ഇന്നലെ ഏടത്തി കണ്ടു.. എന്നെ ഒത്തിരി വഴക്ക് പറഞ്ഞു.... ഇനി ഞാൻ വരില്ല. എനിക്ക് പേടിയാ .... "

ഏടത്തിയെ കൊണ്ട് വലിയ തൊല്ലആയിരിക്കുകയാണല്ലോ..... മനസിലാണെങ്കിൽ കൂടി ഏടത്തിയോടാദ്യമായി ദേഷ്യം തോന്നി.

ഇനി എന്ത് ചെയ്യും ? "

" എനിക്ക് അറിയില്ല.... "

www.kambistories.com

അവളുടെ ഉള്ളിലിപ്പോഴും പരിഭവം ബാക്കിയാണ്......

" എനിക്ക് അറിയില്ല ഒന്നും.... ഞാൻ ചെയ്യുണത് ഒക്കെ ശരിയാണോ എന്നറിയില്ല.... നന്ദുവേട്ടനെ സ്നേഹിച്ചത് ശരിയാണോ എന്നറിയില്ല... എന്റെ കഴുത്തിലെ ഈ താലി... ഇത് ശരിയാണോ എന്നെനിക്കറിയില്ല... നന്ദുവേട്ടന്റെ കൂടെ ഇങ്ങനെ നിൽക്കുന്നത് തന്നെ ശരിയാണോ എന്നെനിക് ഇപ്പോളും അറിയില്ല..... "

അവളുടെ കണ്ണുകൾ നിറഞ്ഞൊഴുകാൻ ആരംഭിച്ചിരുന്നു....

അവളുടെ കണ്ണ് തുടക്കാൻ എന്റെ കൈകൾ വെമ്പുന്നുണ്ടായിരുന്നു... താമസിച്ചില്ല... അവളുടെ കവിളുകളിലൂടെ തഴുകി ഇറങ്ങിയ മിഴിനീരുകൾ ഞാനെന്റെ രണ്ടു കൈകൾകൊണ്ടും തുടച്ചു നീക്കി . അവളുടെ കവിളുകളെ ഞാൻ എന്റെ കൈകളാൽ പൊതിഞ്ഞു... എന്താണ് നടക്കുന്നതെന്ന് പോലും മനസിലാകാത്തവളെ പോലെ അവളെന്റെ മുഖത്തേക്കുറ്റു നോക്കി ...

" ചെയ്തതൊന്നും തെറ്റല്ല പെണ്ണെ... നീ ഒരു ശരിയാണ്... അതറിയാൻ ഞാൻ വൈകി പോയതാണ് തെറ്റ്...... "

www.kambistories.com

അവളുടെ മുഖത്തു തെളിച്ചം വരുന്നത് ഞാൻ കണ്ടു..

" അറിയാതെ പോയി ... നിനക്ക് എന്നുള്ള ഇഷ്ടം. .... അതല്ലേ തെറ്റ്..... അറിഞ്ഞിട്ടും കണ്ടില്ലെന്നു നടിച്ചതല്ലേ തെറ്റ്... അപ്പോൾ തെറ്റ് ചെയ്തതെല്ലാം ഞാനല്ലേ? പക്ഷെ ഇനി വയ്യ... എനിക്ക് വേണം നിന്നെ... അത്രക് ഇഷ്ടമായത് കൊണ്ട് മാത്രമല്ല... ഈ പെണ്ണിനെ വേറെ ആർക്കും വിട്ടുകൊടുക്കാൻ ഇനി വയ്യ...... "

ഞാനവളുടെ മുഖം എന്റെ മുഖത്തോടടുപ്പിച്ചു.. എന്റെ ഉദ്ദേശ്യം എന്താണെന്നു കൃത്യമായി മനസ്സിലാക്കിയിട്ടും അവളെനിക്ക് വേണ്ടി കണ്ണുകളടച്ചു നിന്നതേ ഒള്ളു...

ഞാനവളുടെ നെറുകയിൽ എന്റെ ചുണ്ടുകൾ ചേർത്തു... മതി ! എന്റെ സ്നേഹവും വിശ്വാസവും അവളറിയാൻ.....കണ്ണുകൾ തുറന്നവളെന്നെ നോക്കി.. അവ വെട്ടിത്തിളങ്ങുന്നതായി എനിക്ക് തോന്നി..

" ഏടത്തി അന്വേഷിക്കുന്നതിന് മുൻപ് ചെല്ല്....  "

പോകാൻ മടിയുണ്ടായിരുന്നിട്ടും അവളെന്നെ അകന്നുമാറി  പുറത്തേക്കു നടന്നു... ...

ദേവുവിന്റെ മനസ്സിൽ എനിക്ക് വിശ്വാസം മുളപ്പിക്കാൻ കഴിഞ്ഞു എന്നാണെന്റെ വിശ്വാസം...  ബാക്കി എല്ലാം മുറക്കു അതിന്റെ സമയം പോലെ നടന്നു കൊള്ളും..

*****----******====*******

www.kambistories.com

" ചേച്ചി ഞാനിറങ്ങുവാ......  "

പിറ്റേന്ന് രാവിലെ ദേവുവിന്റെ ശബ്ദം കേട്ടാണ് മുറിക്കു പുറത്തേക്കിറങ്ങിയത്...

" എക്സാം ആണ് പ്രാർഥിക്കണം കേട്ടോ... "

" വിളിച്ചു കൂവണ്ട ഡി പെണ്ണേ...  നന്നായിട്ടു എഴുതിയിട്ട് വാ... "

എടതിയാണതിന് മറുപടി കൊടുത്തെങ്കിലും ദേവുവിന്റെ വാക്കുകളത്രയും എനിക്ക് കേൾക്കാൻ വേണ്ടിയായിരുന്നു... പിന്നീട് അങ്ങനെയാണ് ഞങ്ങളുടെ പ്രേമം മുന്നോട്ടു പോയത് .. വീട്ടിലുള്ളവരുടെ കണ്ണ് വെട്ടിച്ചു ഉള്ള കഥകളിയും ആരും കാണാതെ ഉള്ള അൽപ നേരത്തെ സംസാരങ്ങളും ഒക്കെ ആയി ഒരാഴ്ച ആരുടേയും സംശയത്തിന് പോലും ഇടവരുത്താതെ തള്ളിനീക്കി... ദേവു അതിൽ സന്ദോഷവതിയാണ്.. ഞാനും.... ! വീട്ടുകാരാരും അറിയാതെ ഉള്ള ഈ പഞ്ചാരയടിയിലും അല്പം ആനന്ദം ഉണ്ടെന്നു തോന്നി തുടങ്ങിയിരുന്നു.. എങ്കിലും ഇത് അതികം നീട്ടികൊണ്ട് പോകുന്നതിലും കാര്യമില്ലെന്നു എനിക്ക് അറിയാമായിരുന്നു... ഒരാഴ്ച ദേവുവിന്റെ ഓർമ്മകളും ദേവുവിന്റെ സാമീപ്യവും കൂടി ചേർന്ന് രാഘവനെ കുറിച്ച് ഉള്ള ഓർമ്മകൾ തന്നെ നഷ്ടപ്പെട്ടിരുന്നു... പ്രണയം എന്നെ വല്ലാതെ മാറ്റിയിരിക്കുന്നു..........

ഒരാഴ്ച കൊണ്ട് കാലിന്റെ കാര്യത്തിൽ ഏകദേശം തീരുമാനമായി.. അല്പം ഞൊണ്ടുണ്ട് എന്നതൊഴിച്ചാൽ നടക്കാൻ വലിയ ബുദ്ധിമുട്ടൊന്നുമില്ലാതെ ആയി.. പക്ഷെ തലയുടെ കെട്ടു കൂടി അഴിക്കാതെ പുറത്തു പോലും ഇറങ്ങരുതെന്നാണ് അമ്മയുടെ ആജ്ഞ.. ... എങ്കിലും നമ്മൾ അങ്ങനെ അടങ്ങി ഇരിക്കുവോ... വൈകുന്നേരങ്ങളിൽ ക്രിക്കറ്റ് ഗ്രൗണ്ടിലും പിള്ളേരുടെ കൂടെയും ഒക്കെ ഒന്നിറങ്ങി നടക്കും....അത്ര എങ്കിലും ചെയ്യണ്ടേ.... വീട്ടിലിരുന്നു അത്രക് മടുത്തിരുന്നു...

******_____*****_________*******_________*****

www.kambistories.com

അമ്പലത്തിനു മുന്നിൽ ഏറെ നേരം കാത്തിരുന്നിട്ടാണ് തൊഴുത്തിറങ്ങിയ ദേവുവിനെ ഒന്ന് കാണാൻ കഴിഞ്ഞത്... അവൾ ഒറ്റക്ക് അമ്പലത്തിലേക്കിറങ്ങി എന്ന് കേട്ടപ്പോൾ തന്നെ ഇറങ്ങി ഒരു നടത്തമായിരുന്നു....

" രാവിലെ തന്നെ ഇറങ്ങിയോ ഊരുതെണ്ടാൻ  ? "

പതിവിലും അല്പം ഗൗരവം കലർത്തി അവൾ ചോദിച്ചു... ആൽത്തറയിൽ കാത്തു നിന്ന എന്റെ അടുത്തേക്കവൾ ചേർന്ന് നിന്നു.....

ചോരയിൽ മുക്കിയെടുത്തത് പോലെയുള്ള അവളുടെ ദാവണിയുടെ തിളക്കം അവളിലും വല്ലാത്തൊരു ആകർഷണം ഉള്ളത് പോലെ തോന്നി...

" കുളിച്ചോ?  "

അടുത്തേക്ക് കൂടുതൽ  ചേർന്ന് നിന്ന് കൊണ്ട്  അവൾ ചോദിച്ചു.

www.kambistories.com

ഉവ്വെന്നു മറുപടി നൽകിയപ്പോൾ കയ്യിൽ പൊതിഞ്ഞെടുത്ത ചന്ദനത്തിൽ നിന്നല്പം എന്റെ നെറ്റിയിലും തൊട്ടു  തന്നു എന്റെ പെണ്ണ് .....

" കാവിലെ ദേവി എന്ത് പറഞ്ഞു എന്റെ ഈ ദേവിയോട്   "

" അത് ഞങ്ങൾ ദേവിമാരു തമ്മിലുള്ള സീക്രെട് ആണ്...  "

അല്പം കുറുമ്പു ചേർത്തവൾ പറഞ്ഞു....

"

അമ്മയും ഏടത്തിയും കാണാതെ ആകും അല്ലേ പോന്നത് ?  "

വീണ്ടും അവൾ ചോദിച്ചു.  അതെയെന്ന് മറുപടിയും കൊടുത്തു.

" കറങ്ങി നടന്നു വൈകിട്ടു കാലിനു നീരാണെന്നും പറഞ്ഞു വാ...  അപ്പോൾ പറയാം.....  "

" അതിനു ഞാൻ നടന്നല്ല വന്നത് ബൈക്കിനാണ്....  "

അമ്പലമുറ്റത്ത് നിർത്തിയിട്ട ബൈക്ക് ചൂണ്ടികാട്ടി ഞാൻ പറഞ്ഞു ... അവളുടെ മുഖത്തു ഒറ്റനിമിഷത്തിൽ അത്ഭുതവും ദേഷ്യവും വിഷമവും കലർന്ന പലഭാവങ്ങളും മിന്നി മറഞ്ഞു...

" എന്റെ ദൈവമേ...  ഇതിനാണോ വന്നത്...?  ഞാൻ അമ്മയോട് പറഞ്ഞു കൊടുക്കും..നോക്കിക്കോ.. . ഈ വയ്യാണ്ടിരിക്കുമ്പോൾ എന്തിനാ നന്ദുവേട്ട ഈ ആവശ്യമില്ലാത്ത പണിക്കു പോകുന്നെ ?  "

" ആഹാ..  നിന്നേം കൊണ്ട് ഇതിലൊന്ന് കറങ്ങാം എന്ന് കരുതി വന്ന ഞാൻ ഇപ്പോ തെറ്റുകാരൻ ആയോ ?  "

" കറങ്ങാനൊക്കെ ഇനിയും സമയം ഉണ്ടല്ലോ...  ഇതിപ്പോ ഈ വയ്യാണ്ടിരിക്കുന്നുണ്ടല്ലേ...  "

" എനിക്കിപ്പോ ഒരു വയ്യായികയും ഇല്ല ദേവു.... ഇനിയും ആ വീട്ടിൽ ഇങ്ങനെ ഇരുന്നാൽ എനിക്ക് വട്ടുപിടിക്കും.. അതുകൊണ്ടാണ്.... "

എൻറെ അവസ്ഥ മനസിലാക്കിയിട്ടോ എന്തോ പിന്നെ അവൾ ഒന്നും പറഞ്ഞില്ല.. വെറുതെ മുഖം വീർപ്പിച്ചു നിനത്തെ ഒള്ളു...

" ഇങ്ങനെ കൊതികുതി നിൽക്കാതെ വന്നു വണ്ടിയിൽ കയറാമോ ദേവു നീയ്? "

ബൈക്കിലേക്ക് കയറി ഇരുന്നു കൊണ്ട് ഞാൻ പറഞ്ഞു .

www.kambistories.com

" എങ്ങോട്ടാ... ഞാൻ വരണില്ല ഇതിൽ.. എനിക്ക് പേടിയാ.... "

" എന്ത് പേടി.... "

" താമസിച്ചു ചെന്നാൽ അവര് വഴക്ക് പറയും... "

" ആരും ഒന്നും പറയില്ല. ഒരുപാടു താമസിക്കാതെ തിരിച്ചു വരാം നമുക്... "

എങ്കിലും അവൾക്കു കയറാൻ മടി ആയിരുന്നു...

" എനിക്ക് പേടിയാ... എനിക്കീ കുന്ത്രാണ്ടത്തില് ഒന്നും കേറി പരിചയം ഇല്ല.. കേറി കഴിഞ്ഞാൽ പിന്നെ കഴിഞ്ഞ പ്രാവശ്യത്തെ പോലെ നന്ദുവേട്ടന് എന്നെ വഴക്ക് പറയാനല്ലേ... "

മുൻപൊരിക്കൽ എന്റെയൊപ്പം ബൈക്കിൽ കയറിയ അനുഭവം ഓർമയിൽ വച്ചാണവൾ സംസാരിക്കുന്നതെന്ന് എനിക്ക് മനസിലായി...

" ഞാനൊന്നും പറയില്ല.. സമയം കളയാതെ കേറ് ദേവു.... "

പിന്നെ അവളൊന്നും മറുത്തു പറഞ്ഞില്ല. എന്റെ തോളിൽ കൈ വച്ച് അവൾ ബൈക്കിൽ കയറി ഇരുന്നു... ഒരു വശത്തേക്ക് ചരിഞ്ഞു....

www.kambistories.com

അവൾ കയറിയപ്പോൾ ബൈക്ക് ഒന്ന് ആടിയുലഞ്ഞു.... പെട്ടന്നവൾ പേടിച്ചു പോയി എന്ന് തോന്നി..

" ഞാൻ പറഞ്ഞില്ലേ.. എനിക്ക് ഇതിൽ കേറാനും ഇരിക്കാനും ഒന്നും അറിയില്ലെന്ന്... "

അവളൊരു പരിഭവത്തോടെ പറഞ്ഞു.. അതിനു മറുപടിയെന്നവണ്ണം ഞാൻ ദേവുവിന്റെ വലതു കൈ എടുത്ത് എന്റെ വയറിനെ ചുറ്റി... അത് ഒട്ടും പ്രതീക്ഷിക്കാതെ ഇരുന്ന ദേവു എന്നെ ഇറുകെ പിടിച്ചു..... അവളുടെ മുഘതെന്തെന്നില്ലാതെ ഉദിച്ച തിളക്കം ഞാൻ മിററിലൂടെ നോക്കി കണ്ടു...

" നമുക്ക് പിന്നൊരു ദിവസം പോയാൽ പോരെ.. നന്ദുവേട്ട.... "

അവൾഅവസാനമായി ഒന്ന് കൂടി ചോദിച്ചു..

മറുപടി പറയാൻ നിൽക്കാതെ ഞാൻ വണ്ടി സ്റ്റാർട്ട് ചെയ്തു മുന്നോട്ട് പായിച്ചു...

" അതെ...... "

അല്പം മുന്നോട്ടേക്കു എത്തിയതും അവളെന്നേ പിന്നിൽ തോണ്ടി വിളിക്കാൻ തുടങ്ങി...

" എന്തെ ... പേടിയുണ്ടോ? "

www.kambistories.com

" ഹെൽമെറ്റ് ഇല്ലേ ? "

പെട്ടന്നവളുടെ ചോദ്യം എന്നെ അമ്പരപ്പിച്ചു കളഞ്ഞു ..

" ഇല്ലെടോ.... ഹെൽമെറ്റ് വക്കാൻ വയ്യ.. തലയിലെ മുറിവിൽ താങ്ങുമെന്നുള്ളത് കൊണ്ട് മനപ്പൂർവം എടുക്കാഞ്ഞതാ.... "

പിന്നെ അവളൊന്നും മിണ്ടിയില്ല എന്നെ ഇരു കൈകൾ കൊണ്ടും മുറുകെപ്പിടിച്ചിരുന്നു....

ഏറെ ദൂരം ചെന്നിട്ടും ഒന്നും മിണ്ടാതെ ഇരിക്കുന്ന ദേവുവിനെ ഞാൻ മിററിലൂടെ വീണ്ടും നോക്കി . എന്നെ തന്നെ നോക്കി ഇരിക്കയാണ് അവൾ.. ആ മിഴികൾ നിറഞ്ഞിരുന്നതായി തോന്നി....

" കരയുവാണോ നീയ്... "

" ഏയ്... അത് കാറ്റടിച്ചിട്ടാണ്... "

ദേവുവിന്റെ ഭയം കാരണം മെല്ലെ പൊയ്ക്കൊണ്ടിരുന്ന ബൈക്കിൽ ഇരുന്നവൾ അവിശ്വസനീയമായൊരു കള്ളം പറഞ്ഞു...

www.kambistories.com

അല്പദൂരം കൂടി മുന്നോട്ട് പോയി വണ്ടി ചെന്ന് നിന്നത് കോളേജ് മുറ്റത്താണ്... ശനിയാഴ്ചകളിൽ ചിലരെ മാത്രം കാണപ്പെട്ടിരുന്ന കോളേജിലെ തണൽ മരങ്ങൾ നിറഞ്ഞ വഴിയിലൂടെ ഞാൻ വണ്ടി മുന്നോട്ടു കൊണ്ട് പോയി കൊണ്ടിരുന്നു.....

ബൈക്ക് ഒരു സൈഡിൽ നിർത്തി ദേവുവിന്റെ കൈ പിടിച്ചു നടക്കുമ്പോൾ മുൻപവളെന്നോ ആഗ്രഹിച്ചിരുന്ന തന്റെ സ്വപ്നം യാഥാർഥ്യമായതിന്റെ നിഷ്കളങ്കമായാ സന്തോഷം അവളുടെ കണ്ണുകളിൽ നക്ഷത്രംപോൽ മിന്നി തിളങ്ങുന്നതെനിക്ക് കാണാമായിരുന്നു.....

അവളെയും കൊണ്ട് നരെ പോയത് കോളേജിന്റെ വിശാലമായ ക്രിക്കറ്റ് ഗ്രൗണ്ടിന്റെ വലിയ ഗാലറിയിലേക്കാണ്.... ഇവിടെ വച്ചായിരുന്നത്രെ അവളെന്നെ ദിവസവും നോക്കി ഇരുന്നത്..

അവധി ദിവസം ക്രിക്കറ്റ് പരിശീലനത്തിന് എത്തിയ ചില പിള്ളേരും കോളേജ് ഹോസ്റ്റലിൽ താമസിക്കുന്ന ചില പെൺകുട്ടികളും അവരുടെ കാമുകന്മാരും അവിടിവിടെങ്ങളിലായി ഇരിക്കുന്നുണ്ടായിരുന്നു......

ഗാലറിയിൽ ഒരു മൂല ചേർന്നു ഞങ്ങൾ ഇരിക്കുമ്പോളും അവളുടെ കണ്ണുകൾ നിറഞ്ഞിരിക്കുന്നതായി എനിക്ക് തോന്നി...

" ഇപ്പോളും കണ്ണിൽ കാറ്റടിക്കുന്നതാണോ... അതോ ശെരിക്കും കരയുന്നതാണോ ... , "

" ഞാൻ എത്ര ആഗ്രഹിച്ചിട്ടുണ്ടെന്നറിയോ നന്ദുവേട്ട .... നന്ദുവേട്ടന്റെ കൂടെ ഇത് പോലെ... ഇങ്ങനെ.......... സന്തോഷം കൊണ്ട...... "

വാക്കുകൾ പലയിടത്തായി ചിതറി തെറിച്ചുവെങ്കിലും അവൾ പറഞ്ഞു നിർത്തി.. ഒന്നും പറയാതെ അവളുടെ മുഖത്തേക്ക് നോക്കി ഒരു പുഞ്ചിരി മാത്രം ഞാൻ സമ്മാനിച്ചപ്പോൾ എന്റെ കയ്യിൽ അവളുടെ കൈ കോർത്തു അവളെന്റെ തോളിലേക്ക് ചായിഞ്ഞിരുന്നു...... അവളുടെ ആഗ്രഹമെന്ന വണ്ണം... അവളുടെ അവകാശമെന്നവണ്ണം........

" ദേവി എന്റെ പ്രാർഥന കേട്ടു.... "

അല്പനേരത്തെ മൗനം തെചിച്ചു കൊണ്ടവൾ പറഞ്ഞു .... എന്താണെന്ന ഭാവത്തിൽ ഞാൻ അവളെ നോക്കി..

" ഞാൻ ഇന്ന് കാവിലെ ദേവിയുടെ മുന്നിൽ ചെന്ന് പ്രാർഥിച്ചത് ഇതാണ്....  ഇതുപോലെ നന്ദുവേട്ടന്റെ കൂടെ എന്നും ഇങ്ങനെ ഇരിക്കാൻ പറ്റണേ എന്ന്.....  "

അതും പറഞ്ഞവൾ എന്റെ കൈകളിൽ മുറുകെ പിടിച്ചു.

" അത് മാത്രേ ദേവിയോട് ആഗ്രഹം പറഞ്ഞുവൊളോ ?  "

" എന്നെ പോലെയൊരു പെൺകുട്ടി അത്രയും  ആഗ്രഹിക്കുന്നത് തന്നെ വലിയ കാര്യം അല്ലേ....  "

www.kambistories.com

അവളുടെ വാക്കുകൾ ഒരു മുള്ളുകൾ പോലെ മനസ്സിൽ തറച്ചു കയറുന്ന പോലെ തോന്നി...

" എനിക്ക് ഒന്നും വേണ്ടാ നന്ദുവേട്ട....  എപ്പോളും ഇങ്ങനെ കൂടെ ഉണ്ടായാൽ മതി......... "

നിറഞ്ഞൊഴുകുന്ന കണ്ണുകൾ തുടച്ചു കളഞ്ഞു കൊണ്ട് ഞാനവളെ വീണ്ടും എന്റെ തോളിലേക്ക് ചായ്ച്ചു കിടത്തി...  ഒരക്ഷരം പോലുമാ  നിമിഷം എനിക്ക് പറയാൻ തോന്നിയില്ല....

നിനക്കൊരു കാര്യമറിയുവോ ദേവു...?  "

എന്താ?  "

" സ്വന്തം ഭാര്യയോടുള്ള സ്നേഹം അറിയിക്കൻ പ്രേമലേഖനം എഴുതേണ്ടി  വന്ന ലോകത്തെ ആദ്യത്തെ ഭർത്താവ് ചിലപ്പോൾ ഞാനായിരിക്കും... "

അത് കെട്ടാതെ വലിയ കൗതുകത്തോടെ അവളെന്നെ തന്നെ നോക്കി ഇരുന്നു.

" സത്യം ആണ് ..... ഏടത്തിയും അമ്മയും കാരണം അങ്ങനെയും ഒരു കടുംകൈ ഞാൻ ചെയ്തിരുന്നു.. പക്ഷെ തരാൻ ഉള്ള ധൈര്യം ഉണ്ടായിരുന്നില്ല.....  പൈങ്കിളി ആയിപോകുമോ എന്നൊരു തോന്നൽ "

ചെറു ചിരിയാണ് അവളിലിൽ നിന്ന് ഉയർന്നത്...

"പ്രേമം എന്നും പൈങ്കിളി അല്ലെ നന്ദുവേട്ട.....  നന്ദുവേട്ടന് തരാൻ ഞാനെത്ര കത്തുകൾ എഴുതിയിട്ടുണ്ടെന്നറിയാമോ ? അതൊക്കെ കൂട്ടിയാൽ  ചിലപ്പോൾ ഒരു പുസ്തകം തന്നെ ആയേനെ.. .... "

അത്രയും പറഞ്ഞവൾ വീണ്ടും ചിരിച്ചു..  നിറഞ്ഞ മനസോടെ...

" അത്രക്ക് ഇഷ്ടം ഉണ്ടായിരുന്നുവെങ്കിൽ എന്തെ എന്നോട് ഇത് നീ നേരത്തെ പറഞ്ഞില്ല... "

എന്റെ ചോദ്യത്തിന് മറുപടിക്കു മുൻപായി എന്റെ കൈകളിൽ അവൾ ഒന്നു കൂടി മുറുകെ ചുറ്റി പിടിച്ചു..

" പേടി ആയിരുന്നു നന്ദുവേട്ട...... എല്ലാറ്റിനോടും.... നന്ദുവേട്ടന് ഒരിക്കലും യോജിച്ച പെണ്ണല്ല ഞാൻ എന്ന തോന്നൽ.... എന്നിട്ടും ഞാൻ വന്നിരുന്നു...രണ്ടു തവണ. .. പക്ഷെ അന്ന് പറയാൻ പോയിട്ടു മുന്നിലൊന്നു വന്നു നിൽക്കാൻ പോലും ഉള്ള ധൈര്യം ഉണ്ടായിരുന്നില്ല..എനിക്ക്... . "

ഇതൊക്കെ എന്ന് സംഭവിച്ചു എന്ന ചിന്തകൾ ആയിരുന്നു അപ്പോളെന്റെ മനസ്സിൽ...

www.kambistories.com

" പിന്നെ ദൂരെ നിന്ന് നോക്കി കാണും... നന്ദുവേട്ടന്റെ സന്തോഷത്തിലും സങ്കടത്തിലും എല്ലാം ദൂരെ നിന്നു പങ്കുചേർന്ന് നന്ദുവേട്ടൻ പോലും അറിയാതെ നന്ദുവേട്ടന്റെ കാമുകിയായി ഞാൻ....... ..... "

അവളുടെ ഓരോ വാക്കുകളിലും എന്നോടുള്ള അവളുടെ പ്രണയത്തിലെ ആഴം എനിക്ക് വരച്ചു കാണിക്കുന്നുണ്ടായിരുന്നു. .. .....

" അന്നേ എന്നോട് പറയാമായിരുന്നില്ലേ നിനക്ക്..... ചിലപ്പോ ഇങ്ങനെ ഒന്നിനും വഴിവക്കാതെ.. നിന്റെ കണ്ണീരിനു ഞാൻ കരണമാകാതെ സ്വന്തമാക്കില്ലായിരുന്നോ അന്നേ നിന്നെ ഞാൻ... "

" ദേവി ചിലപ്പോൾ ഇങ്ങനെ ചേരണമെന്നാവാം ആവാം നമുക് വിധിച്ചിരിക്കുന്നത്... .. "

മം..എല്ലാം നല്ലതേ നടക്കു... ഇനി എന്ത് കാരണത്തിനാലും അത് സാക്ഷാൽ കാവിലെ ദേവി തന്നെ നേരിട്ട് വന്നു പറഞ്ഞാൽ പോലും നിന്നെ ഞാൻ എങ്ങോട്ടും വിടില്ല.... "

" നന്ദുവേട്ടന്റെ അമ്മ പറഞ്ഞാലോ..? "

" അമ്മയോടും ഏട്ടനോടും പറയണം.. ഉടനെ തന്നെ .. .... ഈ ദേവൂനെ എനിക്ക് തന്നെ വേണം എന്ന്.... "

" വേണ്ട നന്ദുവേട്ട ഇപ്പൊ പറയണ്ടാ...... "

www.kambistories.com

പെട്ടന്നുള്ള ദേവുവിന്റെ മറുപടി കേട്ടു ഞാൻ ഒന്ന് ഞെട്ടി ..

എനിക്ക് പേടിയാ... എല്ലാം അറിയുമ്പോൾ അവർ എന്നെ വെറുത്താലോ ..... നന്ദുവേട്ടനെ മയക്കി എടുത്ത ഒരു ചീത്ത പെണ്ണായിട്ട് എന്നെ കണ്ടാലോ. .. വേണ്ട നന്ദുവേട്ട... നമുക്കിപ്പോൾ ഒന്നും അവരോടു പറയണ്ടാ... "

നി എന്തൊക്കെയാ ദേവു ഈ പറയണേ.... ഇതറിയുമ്പോൾ ഏറ്റവും സന്തോഷിക്കുന്നത് അവരായിരിക്കും... "

" എനിക്ക് അറിയില്ല നന്ദുവേട്ട....  ചിലപ്പോൾ മറിച്ചാണ് സംഭവിക്കുന്നതെങ്കിലോ..?  എന്നെ വേണ്ടെന്നു അവര് പറഞ്ഞാലോ... "

" അങ്ങനെ അവര് പറഞ്ഞാലും..  ഈ ഞാൻ അതിന് സമ്മതിക്കില്ല പോരെ....  "

" പോരാ... എനിക്ക് അവരും വേണം...... "

അവളുടെ വാക്കുകൾ ചൂണ്ടി കാട്ടുന്നതെന്തിലേക്കാണെന്നു ഏകദേശം രൂപം എനിക്ക് ഊഹിക്കാമായിരുന്നതേ ഒള്ളു. .

www.kambistories.com

" നിനക്ക് ഇപ്പൊ എന്താ വേണ്ടത്..  നമ്മൾ പോലും പറയാതെ അവര് തന്നെ പറയണം ഈ ദേവു പെണ്ണിനെ എനിക്ക് തന്നെ തരണം എന്ന് ..  അങ്ങനെ അല്ലെ?  "

അവളുടെ മനസ് വായിച്ചെടുത്തെന്നു മനസിലാക്കിയ അവളുടെ മുഖത്തു ആശ്ചര്യം മിന്നി മറയുന്നത് ഞാൻ കണ്ടു.   അതെ എന്നർഥത്തിൽ തലയാട്ടി പുഞ്ചിരിക്ക കൂടി ചെയ്തു അവൾ... ........

" ശെരി അങ്ങനെ എങ്കിൽ അങ്ങനെ തന്നെ..  അമ്മയെ കൊണ്ടും ഏട്ടനെ കൊണ്ടും ഏടത്തിയെ കൊണ്ടും നീ തന്നെ മതി എന്റെ പെണ്ണായിട്ടെന്ന് ഞാൻ അവരുടെ നാവിൽ നിന്നും പറയിപ്പിക്കും പോരെ ........  "

അവളുടെ മുഖം സന്തോഷം കൊണ്ട് ചുവന്നിടുന്നു...  സന്തോഷം കൊണ്ടവളെന്നെ കൂടുതൽ ഇറുക്കി തോളിലേക്കവളുടെ മുഖം ചേർത്തു വച്ചു..

ആലോചിക്കുമ്പോൾ അവൾ പറഞ്ഞതിലും കാര്യമുണ്ടെന്നു തോന്നി..  എല്ലാം അവരായി തന്നെ അറിയുമ്പോൾ ചിലപ്പോൾ അവൾ പറഞ്ഞത് പോലെ അവളെ ഒരു മോശക്കാരി ആയി അവർ കാണുമെന്ന പേടി അവളിൽ വല്ലാതെ ഉണ്ട്..  അതുകൊണ്ട് തന്നെയാണ് ഇങ്ങനെ ഒരു ആശയം പറയാൻ ഞാൻ മുൻകൈ എടുത്തതും.....

ഏറെ നേരം നീണ്ടുനിന്ന മൗനം..

" പോകാം  ..  അവരന്വേക്ഷിക്കും..... " ദേവുവിന് മറുപടി കൊടുക്കാതെ അവളുടെ കൈ പിടിച്ചു വീണ്ടും ബൈക്കിനടുത്തേക്കു നടന്നു....

www.kambistories.com

" ഞാനൊരു കാര്യം പറഞ്ഞാൽ ദേഷ്യപ്പെടുവോ നന്ദുവേട്ടൻ ?  "

" എന്താണ്..  "

" അധികാരം കാണിക്കണതാണെന്നു കരുതരുത്.... "

പെണ്ണിന്റെ മനസ്സിലെന്തോ ഉണ്ടെന്ന് തോന്നി.

" നി കാര്യം പറ ദേവു.... "

" ഈ  മുറിവൊക്കെ ഉണങ്ങുന്ന വരെ എങ്കിലും...  ബൈക്ക് ഒക്കെ ഓടിക്കാതെ ഇരുന്നു കൂടെ.... എനിക്ക്  വേണ്ടി....... ?  "

മുഖത്തേക്ക് കൂടി നോക്കതെ അവൾ ആവശ്യപ്പെട്ടു. ഈ ചെറിയ കാര്യത്തിനാണോ ഇത്ര മുഖവുരയുടെ ആവശ്യമെന്നു ഞാൻ ചിന്തിച്ചു പോയി....

" എനിക്ക് പേടിയാ.....  നന്ദുവേട്ട.....  എന്തേലും പറ്റിയാൽ.......  "

www.kambistories.com

" എന്താണ് പെണ്ണെ വെറുതെ ആവശ്യമില്ലാത്ത കാര്യങ്ങൾ ഒക്കെ ചിന്തിക്കുന്നേ...  നിനക്ക് വേണ്ടെങ്കിൽ എനിക്കും വേണ്ട.... ഇന്ന് മുതൽ അനന്ദു ദേവുവിന്റെ അനുവാദം ഇല്ലാതെ ബൈക്ക് ഓടിക്കില്ല പോരെ  .. ! "

" മം...... മതി.... "

ദേവു ആദ്യമായി ആവശ്യപ്പെട്ട കാര്യം പറ്റില്ലെന്ന് പറയാൻ തോന്നിയില്ല ...  കണ്ണുകളിലൂടെ  വെറുതെ ഒഴുകിയ നീർ കൈകൊണ്ട് തുടച്ചു നീക്കി അവളെന്നെ നോക്കി പുഞ്ചിരിച്ചു  ...

" വാ കേറ്..  പോകാം    "

ബൈക്കിൽ കയറി ഇരുന്നു ഇത്തവണ അനുവാദം പോലും വാങ്ങാതെ അവളെന്നെ കെട്ടിപ്പിടിച്ചു ചേർന്നിരുന്നു  .  അധികാരം കൈയിലടക്കിയ ഒരു രാജ്ഞിയുടെ ഭാവത്തോടെ....

പ്രേമം തുളുമ്പുന്ന മിഴികൾ ചിമ്മി അടച്ചു അവളെന്നെ നോക്കി പുഞ്ചിരിച്ചു.  പ്രണയം തഴുകി ഒഴുകുന്ന തണൽ മരങ്ങൾക്കിടയിലൂടെ ഇളം കാറ്റിനെ ഭേദിച്ചു എന്റെ രാജ്ഞിയേയും കൊണ്ട് ഞാൻ എന്റെ രഥം മുന്നോട്ട് പായിച്ചു... എന്തെന്നറിയാത്ത പുതിയ പ്രണയ യാത്രക്ക് തുടക്കം കുറിച്ച്....  എല്ലാം മറന്നെന്നെ അവൾ കെട്ടിപ്പിടിച്ചിരുന്നു.....  ഈ യാത്ര തീരത്തിരുന്നെങ്കിൽ എന്ന് കൊതിച്ചു........ !

ശരീരം ദേവുവിനോടൊപ്പം ആയിരുന്നു എങ്കിലും മനസ്സ് പറക്കുക ആയിരുന്നു.  എങ്ങോട്ടെന്നില്ലാതെ. എന്തെന്നില്ലാത്ത നിലക്കാത്ത സന്തോഷം എന്നിലും അതിലുപരി ദേവുവിലും വന്നു നിറഞ്ഞിരുന്നു.  ഈ നിമിഷങ്ങൾ ഒരിക്കലും അവസാനിക്കാതിരുന്നെങ്കിൽ.

www.kambistories.com

*******.... ------... ****-------********

" എന്റെ പൊന്നേടത്തി ഒന്ന് പതിയെ തിരുമ്മു കാല് പറിച്ചെടുക്കുമല്ലോ പണ്ടാരം .... "

കുഴമ്പിട്ടു കാൽ തിരുമുമ്പോളുണ്ടായ പ്രാണവേദയിൽ ഞാൻ അലറി..

" ദേ...ചെക്കാ....    മിണ്ടാതെ ഇരുന്നോ.....  ആരും കാണാതെ ബൈക്ക് എടുത്ത് കറങ്ങാൻ പോയിട്ടല്ലേ ..ആരും നിർബന്ധിച്ചിട്ടല്ലോ.  ഇത്തിരി വേദന ഒക്കെ സഹിച്ചോ ..... "

നല്ല ചൂടിലാണ് ഏടത്തി.

" അല്ലെങ്കിലും ഈ വയ്യാത്ത കാലും വച്ചു നി എന്ത് കാണാനാ ഇത്ര തിരക്കിട്ടു അങ്ങ് പോയത്?  ആരെ കാണാനാ പോലും?  ആ ബൈക്ക് വിൽക്കാം എന്നാ  ഏട്ടൻ പറഞ്ഞത്...   "

" ഏട്ടനോടൊക്കെ എന്തിനാ ഏടത്തി ഇതൊക്കെ വിളിച്ചു പറയുന്നേ... "

" പിന്നെ പറയാതെ ... നിന്റെ കൂടെ ബൈക്ക് കൂടി കാണാതെയായപ്പോൾ മുതല് തീ തിന്നുകയായിരുന്നു ഇവിടെ ഉള്ളവർ. ..... ചേട്ടൻ കൂടി അറിയട്ടെ പുന്നാര അനിയന്റെ വിശേഷങ്ങൾ..... "

അമ്മയുടെ വക കഴിഞ്ഞു പോയ ഒരു കൊടുംകാറ്റിനേക്കാൾ ഏടത്തിയുടെ ഈ വഴക്കെല്ലാം വെറും ഇളം കാറ്റു ആണ്... പക്ഷെ വരാനിരിക്കുന്ന സുനാമിയെ ഓർത്തയിരുന്നു എന്റെ പേടി. ആ സുനാമി ആണെങ്കിൽ വാതിൽക്കൽ എന്നെ തന്നെ നോക്കി നിൽപ്പുണ്ടയിരുന്നു താനും.

കലങ്ങിയ കണ്ണുകളും വീർത്ത മുഖവും എല്ലാ കൂടി കൂട്ടിവായിച്ചപ്പോൾ കക്ഷി നല്ല ദേഷ്യത്തിലാണ് എന്ന് മനസിലായി....

www.kambistories.com

" എനിക്കെന്നും ഇത് തന്നെ അല്ലാട്ടോ നന്ദു പണി.. എതിലെയെങ്കിലും തെണ്ടി നടന്നു വൈകിട്ടു കാലിനു ഒരു കൊട്ട നീരുമായിട്ട് കയറി വരും.... കാല് തിരുമ്മി തിരുമ്മി എന്റെ കൈ ഒടിയാറായി....... "

" മടുത്തെങ്കിൽ ഞാൻ ചെയ്യാം ചേച്ചി... മാറു... "

അതും പറഞ്ഞു ദേവു മുന്നോട്ടു വന്നു.

" നി മിണ്ടാതെയിരി പെണ്ണെ.... എന്നിട്ടു വേണം ഈ ചെകുത്താനു പ്രാന്തിലാകാൻ.... "

ഏടത്തി നല്ല ദേഷ്യത്തിൽ തന്നെ ആണ്.. അതു കേട്ടപ്പോൾ ദേവുവിന്റെ മുഖം വല്ലാതെയാകുന്നത് ഞാൻ ശ്രദ്ധിച്ചു...

" ആരെങ്കിലും ഒക്കെ ഒന്ന് ചെയ്യാമോ..... ഹോ... ഈ വേദന എന്നെ കൊണ്ടേ പോകു...... "

ആർക്കും ഒരു ചേതവും വരാതെ രീതിയിൽ ഞാൻ പറഞ്ഞൊപ്പിച്ചു.

" ആഹാ. ഇപ്പോ അങ്ങനെ ആയോ .... എന്ന വാ ദേവു.... എന്റെ കൈ കയച്ചിട്ടു വയ്യ.... "

www.kambistories.com

ഏടത്തിയുടെ അനുവാദം കിട്ടേണ്ട താമസം. ദേവു ചാടി എന്റെ മുന്നിലേക്കിരുന്നു....

" ദേ ഞാൻ ചെയ്യ്തത് പോലെ ചെയ്താൽ മതി... ഞാൻ ഇപ്പോൾ വരാ.... "

എന്നെയും എന്റെ കാലും ദേവുവിനെ ഏൽപ്പിച്ചു ഏടത്തി അടുക്കളയിലേക്കു നടന്നു . പുറത്തെ ബാത്റൂമിലേക്ക് ആണെന്ന് തോന്നുന്നു ..

" ഞാൻ വരുമ്പോളേക്കും ആ പെണ്ണിനെ വല്ലതും പറഞ്ഞു കരയിച്ചാൽ എന്റെ സ്വഭാവം മാറും കേട്ടോ നന്ദു...... "

പോകുന്നതിനു  മുൻപ് ഒരു താക്കിത് കൂടി തന്നിട്ടാണവർ പോയത് ....

" ദേവു ......  "

വിളിച്ചത് മാത്രമേ ഓര്മയുള്ളു....  പിന്നെ കണ്ടത് അവളുടെ നിറഞ്ഞൊഴുകുന്ന കണ്ണുകൾ ആണ്...

" എന്നോട് മിണ്ടണ്ടാ...  പോ... ! ഞാൻ പറഞ്ഞതല്ലേ പോവണ്ടാ എന്ന്.....  അതെങ്ങനെയാ ആര് പറഞ്ഞാലും കേൾക്കില്ലല്ലോ....  "

www.kambistories.com

അവൾ പരാതി എന്ന വണ്ണം പറഞ്ഞു .

" എന്റെ പൊന്നു പെണ്ണെ.  നി കരയല്ലേ.... "

" നന്ദുവേട്ടനിങ്ങനെ വേദനയെടുത്തു കരയണത് കാണാൻ പറ്റാത്ത കൊണ്ടല്ലേ ഞാൻ വേണ്ട പോകണ്ട എന്ന് പറയന്നത്..  എന്റെ കാര്യം എന്താ മനസിലാകാതെ.... ഇതിപ്പോ ഞാൻ കാരണം അല്ലെ എന്നോർക്കുമ്പോളാ.... "

" ദേവു..  ആര് കാരണവും അല്ല ഇത്.....  ശെരി...   ഞാൻ ഇനി ബൈക്കെടുക്കുന്നില്ല പോരെ.... സത്യമായിട്ടും ഇല്ല.... ആ  കണ്ണൊന്നു തുടച്ചേ..... "

ഒന്നും മിണ്ടാതെ അവൾ കണ്ണുകൾ തുടച്ചു. അവളുടെ വാക്കുകളിലെ പ്രതിഷേധം പ്രവൃത്തിയിലും തെളിഞ്ഞു കണ്ടു.. കാലിൽ നന്നായി ഒന്ന് അമർത്തി തിരുമ്മിയതും ഞാൻ ഈരേഴുലകവും കണ്ടു...... എന്തോ മനസ്സിൽ വച്ചു പെരുമാറുന്നത് പോലെ.

" ദേവു എനിക്ക് വേദനിക്കുന്നുണ്ടട്ടോ "

" മിണ്ടാതെ ഇരുന്നോ അവിടെ... എനിക്ക് ശെരിക്കും ദേഷ്യോ സങ്കടം ഒക്കെ വരണ്ടു..... ഇങ്ങനെ ചെയ്താലേ വേഗന്നു നീര് മാറു... അല്ലാണ്ട് തലോടികൊണ്ടിരുന്നാൽ മാറില്ല.. മിണ്ടാതെ ഇരിക്ക്.. എനിക്ക് അറിയാം.... "

അവളുടെ അധികാര സ്വരം ഉയർന്നു. ഒന്ന് പുറത്തു പോയി വന്നപ്പോളേക്കും പെണ്ണാകെ മാറിപോയി .... പിന്നെ ഞാൻ ഒന്നും മിണ്ടാൻ പോയില്ല.. ഏടത്തി കൈയും കഴുകി തിരികയെത്തി ദേവുവിനെയും അവളുടെ പ്രവൃത്തിയും നോക്കി ഇരുന്നു..

www.kambistories.com

" അവസാനം ദേവു തന്നെ വേണ്ടി വന്നു.. നിന്നേ സഹായിക്കാൻ... അല്ലെ? "

ഏടത്തി ഒരു പുച്ഛ സ്വരത്തിൽ പറഞ്ഞു ദേവുവിന് നേരെ തിരിഞ്ഞു

" നിന്നെ ആരാ പെണ്ണെ ഇതൊക്കെ പഠിപ്പിച്ചേ? "

" അതു അച്ഛന് കാലിനു വയ്യാത്തതാണ്.... ഇടക്ക് ഇതുപോലെ നീര് കയറും. അപ്പോൾ ഞാൻ തിരുമ്മി കൊടുക്കറുണ്ട്. "

പെട്ടെന്നെവിടെ നിന്നോ ഒരു  മിന്നൽ പിണർ വന്നു പതിച്ചത് പോലെ തോന്നി. ..  ഭൂമയിലല്ല എന്റെ മനസ്സിൽ..  ഞാൻ ഓർക്കാൻ ആഗ്രഹിക്കാത്ത ആ  വലിയ സത്യം എന്റെ മനസിലേക്കോടി എത്തിയിരുന്നു അപ്പോളേക്കും....

" അച്ഛനെപ്പോളും കാലിനു വേദനയും നീരും ഒക്കെ ഉണ്ടാകും അപ്പൊ എന്നെ വിളിച്ചു തിരുമ്മി തരാൻ പറയും.....അങ്ങനെ പഠിച്ചതാ  "

" അതേതായാലും നന്നായി..... ഇവന് വേണ്ടിയിട്ട് ആണെങ്കിൽ കൂടിയും ഉപകാരപ്പെട്ടല്ലോ... "

ഒന്നും കേൾകാത്തവനെ പോലെ കണ്ണുകൾ അടച്ചു കിടന്നതേ ഒള്ളു ഞാൻ...  മനസ്സിൽ എവിടെ നിന്നോ രാഘവനും അയാളുടെ ആ ശബ്ദവും എന്റെ കാതുകളിൽ അലയടിക്കുന്നു പോലെ...

" അച്ഛനെന്തായിരുന്നു പണി ? "

വീണ്ടും ഏടത്തി ചോദിച്ചു

" അങ്ങനെ ഒന്നുല്ല.  എല്ലാ പണിക്കും പോകും. കാലിനു വയ്യാത്തോണ്ട് വലിയ പണിക്കൊന്നും പോകണ്ട എന്ന് ഞാൻ പറയും ... അപ്പോൾ  എന്നെ പഠിപ്പിക്കണ്ടേ എന്നെ കല്യാണം കഴിപ്പിച്ചു വിടണ്ടേ എന്നൊക്കെ ചോദിച്ചു എന്നേ കുറെ വഴക്ക് പറയും....  "

www.kambistories.com

കണ്ണല്പ നിറയുന്നുണ്ടെങ്കിലും അച്ഛന്റെ ഓർമകളിൽ അവൾ വാചാലയാവുകയായിരുന്നു.... പുഞ്ചിരിയോടെ അവളെല്ലാം ഒന്നുകൂടി ഓർത്തെടുത്തു .

" ആഹ്.. നിന്നെ കെട്ടിക്കാനുള്ള കാശൊക്കെ ആയിട്ട് അച്ഛൻ ഉടനെ വരും എന്നെ.... "

" ആഹ്.. കാശൊന്നും ഇല്ലെങ്കിലും വേണ്ടില്ല ഒന്ന് വേഗം വന്നാൽ മതിയായിരുന്നു... "

പ്രതീക്ഷയോടെ ഉള്ള ദേവുവിന്റെ വാക്കുകൾക്കു ശേഷം അവൾ നോക്കിയതിന്റെ മുഖത്തേക്കാണ് . കാലിനു അനുഭവപ്പെട്ടു കൊണ്ടിരുന്ന വേദയെക്കാൾ ഏറെ തോതിൽ എന്റെ മനസ് നീറുന്നുണ്ടായിരുന്നു.... ഇപ്പോളും ദേവുവിൽ പ്രതീക്ഷയുണ്ടെന്ന് എനിക്ക് മനസിലായി.. എന്ത് വേണം എനിക്കിനിയും അറിയില്ല .. വല്ലാത്തൊരു അവസ്ഥയിൽ ആണ് ഞാൻ. വീട്ടിൽ ഉള്ള എല്ലാവരും കാത്തിരിക്കയാണ് അയാളുടെ വരവിനായി ഇപ്പോളും. അവളെ ഒരു കളങ്കവും ഇല്ലാതെ തിരികെ ഏൽപ്പിക്കാൻ.... അവരോടെങ്കിലും പറഞ്ഞു കൂടെ എന്ന് ഞാൻ ചിന്തിച്ചു... പക്ഷെ മനസ്സ് അനുവദിക്കുന്നില്ല. . ഞാൻ അറിഞ്ഞ സത്യം അത് ഞാൻ മാത്രം അറിഞ്ഞു എന്നിലൂടെ ഇല്ലാതാകട്ടെ. .........

ദേവുവിന്റെ ചിരിയും സംസാരവും പതിയെ വിതുമ്പലിലേക്കു വഴി മാറി.... അച്ഛന്റെ ഓർമ്മകൾ ഓരോന്നായി ഓർത്തെടുത്തു അവൾ കരച്ചിലിന്റെ വക്കോളമെത്തി ..

" മതി മതി ... കാല് ഉഴിച്ചിലും പിഴിച്ചിലും ഒക്കെ ... എഴുന്നേറ്റു കൈ കഴുകു നീയ് ..അടുക്കളയിൽ പണി ഉള്ളതാ എനിക്ക് .."

അതു കണ്ടിട്ട് തന്നെ ആകണം ... ഏടത്തി ദേവുവിനോടങ്ങനെ പറഞ്ഞത്.

" ഇത്തിരി കൂടി ഉണ്ട് ചേച്ചി... ഇപ്പൊ കഴിയും..ചേച്ചി അടുക്കളയിലേക്കു പൊയ്‌ക്കോ ഞാൻ ഇത് തീർത്തിട്ട് വരാം... .. "

ബാക്കി ഉണ്ടായിരുന്ന കുഴമ്പു കൂടി കൈയിലേക്കു ഒഴിച്ച് അവൾ പറഞ്ഞു. ഏടത്തി ആദ്യം നോക്കിയത് എന്നെ ആണ്. എന്റെ പ്രതികരണം അറിയാൻ.. കണ്ണുകളടച്ചുള്ള എന്റെ ഇരിപ്പു കണ്ടിട്ടാകാം അവരതിനു സമ്മതിച്ചു . " എന്തെങ്കിലും ഉണ്ടെങ്കിൽ വിളിക്കണം കേട്ടോ... " എന്ന് ദേവുവിനോട് അവസാനമയി പറഞ്ഞിട്ടാണ് ഏടത്തി അടുക്കളയിലേക്കു പോയത്.

ഏടത്തിക്കിപ്പോളും പേടിയുണ്ട് . ദേവുവിനെ എന്റെ മുന്നിൽ ഒറ്റയ്ക്ക് വിടാൻ.. ഞാനെന്തെങ്കിലും പറഞ്ഞു ദേഷ്യപ്പെടും, ഉപദ്രവിക്കും എന്നാണവരുടെ ഇപ്പോഴത്തെയും വിചാരം. ഏടത്തിയെയും പറഞ്ഞിട്ട് കാര്യമില്ല. ദേവുവിനെ പോലെ ഒരു പാവം പെൺകുട്ടിയുടെ കണ്ണുനീർ കാണാൻ ആരും ആഗ്രഹിക്കില്ല... അപ്പോൾ അവളെ സ്നേഹിക്കുന്ന ഏടത്തിയുടെയും അമ്മയുടെയും കാര്യം പറയേണ്ടതില്ലല്ലോ ... സത്യത്തിൽ അവര് ചെയ്‌ത തെറ്റിന്റെ ഫലം ആണിപ്പോൾ ഞാനും ദേവുവും അനുഭവിക്കുന്നത്. ഞങ്ങൾക്ക് പറയാനുണ്ടായിരുന്നതന്ന് കേട്ടിരുന്നു എങ്കിൽ ഈ പ്രശ്നങ്ങൾ ഒന്നും ഉണ്ടാകുമായിരുന്നില്ല.. എന്റെ ദേവുവിന് ഈ അവസ്ഥയും വരില്ലായിരുന്നു ... ദേവുവിന്റെ ജീവിതം നശിപ്പിച്ചു എന്ന കുറ്റബോധം അവരുടെ ഉള്ളിൽ ഇപ്പോഴും ഉണ്ട് . അതുകൊണ്ട് തന്നെയാണവർ ദേവുവിനെ ഇത്രത്തോളം സംരക്ഷിക്കാൻ കാരണവും...പക്ഷെ അവരെ ഞാൻ ഒരിക്കലും കുറ്റം പറയില്ല... അവരുടെ ആ തീരുമാനം ഒന്ന് കൊണ്ട് മാത്രം അല്ലെ എനിക്ക് ഇന്നീ പെണ്ണിനെയും ഈ പെണ്ണിന്റെ സ്നേഹവും കിട്ടിയത്... അല്ലെങ്കിൽ ഈ പൊട്ടി പെണ്ണിന്റെ സ്നേഹം ചിലപ്പോൾ ഒരുകാലത്തും ഞാൻ അറിയാതെ പോയേനെ ......

" നന്ദുവേട്ടാ... "

ദേവുവിന്റെ ശബ്ദം ആണെന്നെ ചിന്തയിൽ നിന്നുണർത്തിയത്..

" വിഷമം ആയോ ഞാൻ അച്ഛന്റെ കാര്യം പറഞ്ഞപ്പോൾ? "

അവളുടെ ചോദ്യം മനസിലാവാതെ ഞാൻ അവളെ നോക്കി.

" ഞാൻ കണ്ടു അച്ഛനെ കുറിച്ച് പറഞ്ഞപ്പോൾ നന്ദുവേട്ടന്റെ മുഖം മാറിയത്.... "

പെട്ടന്നൊരു ഞെട്ടലാണ് ഉള്ളിൽ വീണ്ടും ഉണ്ടായത് എന്ന് പറയേണ്ട കാര്യം ഇല്ലല്ലോ.

" വിഷമിക്കണ്ട.. നന്ദുവേട്ടൻ ഇനി അച്ഛനെ അന്വേഷിച്ചു പോകുവോന്നും വേണ്ട... അങ്ങനെ പോയിട്ടല്ലേ .. നന്ദുവേട്ടന് ഇങ്ങനെ ഒക്കെ ഉണ്ടായത്... അച്ഛൻ ഉടനെ വരും എന്നു എന്റെ മനസ് പറയുന്നുണ്ട് നന്ദുവേട്ട..... അച്ഛനില്ലെങ്കിലും ഞാൻ ഇവിടെ ഹാപ്പി ആണ്.. അമ്മയുണ്ട് ചേച്ചിയുണ്ട്.... പിന്നെ ഇപ്പൊ നന്ദുവേട്ടനും ഉണ്ടല്ലോ..... "

www.kambistories.com

ഈറനണിയൻ വെമ്പുന്ന മിഴികളിൽ കുസൃതി നിറച്ചു അവൾ എന്നെ നോക്കി പുഞ്ചിരിച്ചു. എന്റെ മുഖഭാവത്തിൽ നിന്നും അവളെന്റെ മനസ്സ്

വായിച്ചിരിക്കുന്നു. പറയാൻ വാക്കുകളില്ലയിരുന്നു. എന്റെ ആശ്വാസത്തിന് വേണ്ടി മാത്രം ആണവൾ അത്രയും പറഞ്ഞത്.. ആ സ്നേഹത്തിന് മുന്നിൽ എന്തു പറഞ്ഞാലും മതിയാവില്ല.ഉള്ളിൽ അച്ഛന്റെ വേർപാട് അവളെ തളർത്തുമ്പോഴും അവൾ എന്റെ മുന്നിൽ ചിരിച്ചപ്പോൾ തകർന്നത് എന്റെ മനസ്സാണ്... ഒരു മറുപടി എന്നവണ്ണം ഞാൻ അവളുടെ കവിളിൽ ഞാനെന്റെ വലത്തേ കൈ ചേർത്തു വച്ചു.. അത് സ്വീകരിച്ചു എന്ന മട്ടിൽ അവളാ കൈ പത്തിയിൽ മുഖം ചേർത്തു വച്ചു കണ്ണുകളടച്ചു എന്റെ സ്പർശം ആസ്വദിക്കുന്നുണ്ടായിരുന്നു. അവളുടെ മുഖത്തെ കണ്ണുനീർ കൈ കൊണ്ട് തുടച്ചു നീക്കുമ്പോൾ അച്ഛന്റെ ഓർമ്മകളിൽ ഇനിയും ഈ മിഴികളിൽ നിറയൻ ഇടവരുത്തരുതെന്നു ഞാൻ മനസ്സിൽ ഉറപ്പിച്ചു........

*****==***===**====******====**

രാവിലെ പതിവില്ലാതെ മേശപ്പുറത്തു ചായ ഗ്ലാസ് ഇരിക്കുന്നത് ശ്രദ്ധയിൽ പെട്ടുകൊണ്ടാണ് കട്ടിലിൽ നിന്നും എഴുന്നേൽക്കുന്നത്. അല്പം ആറി തുടങ്ങിയിരുന്ന ചായ ഒറ്റ വലിക്കു കുടിച്ചു പ്രഭാതകൃത്യങ്ങൾ എല്ലാം കഴിഞ്ഞു ഇറങ്ങുമ്പോൾ മുറി എല്ലാം വൃത്തിയായി കിടക്കുന്നു. മുറിക്കു വല്ലാത്തൊരു ആകർഷണത എനിക്ക് തോന്നി. ഏടത്തിയും അമ്മയും ഒന്നും ഏതായാലും ഈ മുറിയിലേക്ക് തിരിഞ്ഞു പോലും നോക്കാറില്ല . സ്വന്തം മുറി സ്വമേധയാ സ്വയം വൃത്തിയായി സൂക്ഷിക്കുക അതാണവരുടെ മുദ്രാവാക്യം. !

അപ്പോൾ പിന്നെ ആരാണ് എന്ന് കൂടുതൽ ആലോചിക്കേണ്ടി വന്നില്ല. ദേവുവിന്റെ ചന്ദ്രിക സോപ്പിന്റെ മണം മുറിയാകെ സുഗന്ധ പൂരിതമാക്കിയിരുന്നു..

ഇപ്പോളും പെണ്ണിൽ ആ ഒളിച്ചു കളി ബാക്കി നിൽപ്പുണ്ടല്ലോ.. എന്ന് ചിന്തിച്ചു നിൽക്കുമ്പോൾ ആണ് പതിവ് പോലെ കതകിനിടയിലൂടെ ദേവുവിന്റെ തല അകത്തേക്ക് വരുന്നത് കണ്ടത്.

" അതെ പല്ലുതേപ്പും കുളിയും കഴിഞ്ഞെങ്കിൽ കാപ്പി എടുത്തു വക്കാം വേഗം വാ.. "

ദേവു അതും പറഞ്ഞൊരു പുഞ്ചിരിയോടെ കതകടച്ചു എങ്ങോട്ടോ പോയി... ഞാനിപ്പോഴും ഉറക്കത്തിൽ തന്നെ ആണ് ... ഞാൻ ഉറപ്പിച്ചു . ദേവുവിന് ഒരിക്കലും ഇങ്ങനെ ഒക്കെ ചെയ്യാൻ ധൈര്യം ഉണ്ടാവില്ല. അതും ഏടത്തിയും അമ്മയും വീട്ടിൽ ഉള്ളപ്പോൾ.

" വരുന്നില്ലേ.....? "

ഹാളിൽ നിന്നു ദേവുവിന്റെ ശബ്ദം മുഴങ്ങി കെട്ടു .

" സ്വപ്നം അല്ല.... "

പിന്നെ എന്തുണ്ടായി എന്ന് ഓർത്തു മുറിക്കു പുറത്തേക്കു അമ്മ വാങ്ങിത്തന്ന സ്റ്റിക്കും കുത്തി പിടിച്ചു ഹാളിലേക്കിറങ്ങി. ടേബിലിന്റെ മുകളിൽ കാപ്പിക്കുള്ള അപ്പവും ചമ്മന്തിയും ഉണ്ടായിരുന്നു. ഞാൻ ചെന്നിരുന്നതും. അവൾ കപ്പിൽ ചായയുമായി ഓടി വന്നു എന്റെ അരികിലേക്ക് പ്ലേറ്റ് മലർത്തി വച്ചു ദോശയും ആവശ്യത്തിനുള്ള ചമ്മന്തിയും വിളമ്പി എന്നെ നോക്കി പുഞ്ചിരിച്ചു ...

" എന്നെ നോക്കി ഇരിക്കാതെ കഴിക്ക്.... "

നടക്കുന്നതത്രയും ഒരു സ്വപ്നത്തിൽ എന്ന പോലെ വായും പൊളിച്ചു നോക്കി നിന്ന എന്നെ നോക്കി അവൾ പറഞ്ഞു...

" എനിക്ക് വട്ടായതാണോ ദൈവമേ? "

ഞാൻ പതിയെ ഒന്ന് പിറുപിറുത്തു .....

" എന്താ ? "

" അല്ല അമ്മയും ഏടത്തിയും എവിടെ? "

" അവര് ഹോസ്പിറ്റലിൽ പോയി.. ഇന്നലെ രാത്രി ചേച്ചിക്ക് എന്തോ വയ്യായിക പോലെ തോന്നി എന്ന്. അപ്പോൾ ഒന്ന് ഡോക്ടറെ കണ്ടിട്ട് വരാമെന്നു പറഞ്ഞു അമ്മ കൊണ്ട് പോയി.... "

ദേവുവിന്റെ മറുപടി കെട്ടു ഞാൻ അമ്പരന്നു. ദേവുവിനെ എന്റെ മുന്നിൽ ഒരിക്കലും വിടാൻ അനുവദിക്കാത്ത അവരെന്തിന് അവളെ ഇവിടെ നിർത്തിയിട്ടു പോയി എന്നായി എന്റെ അടുത്ത ചിന്ത.

" ഇന്ന് ഞായറാഴ്ച അല്ലെ? ഇന്ന് ഡോക്ടർ ഉണ്ടാകുമോ ഹോസ്പിറ്റലിൽ..? "

" ഹോസ്പിറ്റലിൽ അല്ല. ഡോക്ടറെ വീട്ടിൽ പോയി കാണണം എന്ന പറഞ്ഞത്... "

" എന്നിട്ടു നിന്നെ എന്താ കൊണ്ട് പോകാതെ ഇരുന്നത്? "

www.kambistories.com

" ആഹ് അറിയില്ല... ഞാനും വരാമെന്നു പറഞ്ഞപ്പോൾ. വേണ്ട ഇരുന്ന് പഠിച്ചോളാൻ പറഞ്ഞു..ചേച്ചി.... നാളെ എനിക്ക് എക്സാം ഉണ്ട്. "

" അപ്പൊ വീട്ടുകാർക്കെല്ലാം വട്ടായി " എന്നായി എന്റെ അടുത്ത ചിന്ത.

" ആലോചിച്ചിരിക്കണ്ട് കഴിക്കു നന്ദുവേട്ടാ ..... "

സ്നേഹനിധിയായ ഭാര്യയുടെ അധികാരം ചേർത്തവൾ അത് പറഞ്ഞപ്പോൾ തന്നെ എന്റെ മനസ്സ് നിറഞ്ഞിരുന്നു..

" വല്ലതും കഴിച്ചോ ദേവു നീയ്...?  "

" മം ..  ഉണ്ടാക്കി കഴിഞ്ഞു  രുചി നോക്കാൻ രണ്ടെണ്ണം കഴിച്ചു..  "

കഴിച്ചിട്ടില്ല എന്ന് പറയുമെന്ന് കരുതിയ എനിക്ക് അവളുടെ വാക്കുകളിൽ അല്പം സങ്കടം തോന്നി. ഇല്ലെങ്കിൽ അവളെയും കഴിക്കാൻ ഞാൻ നിർബന്ധിക്കുമായിരുന്നു.

എങ്കിലും സ്നേഹനിധിയായ ഒരു ഭാര്യയുടെ കടമ എന്നതു പോലെ എന്നെ ചുറ്റി പറ്റി ഞാൻ കഴിച്ചു തീരും വരെ എന്റെ അവശ്യങ്ങൾ നോക്കി  കണ്ടു ചെയ്തും അവളുണ്ടായിരുന്നു...

കഴിച്ചു എഴുന്നേറ്റു അവൾ പത്രങ്ങൾ  എടുത്തു കൊണ്ട് അടുക്കളയിലേക്കും ഞാൻ ടിവിയുടെ മുന്നിലേക്കും പോയി .

എങ്കിലും എന്ത് കൊണ്ടാകും അമ്മയും ഏടത്തിയും ഇവളെ ഇവിടെ തനിച്ചാക്കി പോയതെന്നെത്ര ആലോചിച്ചിട്ടും പിടികിട്ടിയില്ല.  ഇല്ലെങ്കിൽ എന്റെ മുന്നിൽ പെടാതെ കൊണ്ട് നടക്കുമായിരുന്നു ദേവുവിനെ അവർ.

ആലോചിച്ചിരിക്കെ ദേവു അടുക്കളയിൽ നിന്നും എന്റെ അടുക്കൽ വന്നു നിന്നു... എന്റെ അടുത്തവൾക്കിരിക്കണം എന്നുണ്ടെന്ന്  അവളുടെ മുഖഭാവം എന്നെ അറിയിച്ചു...

" ഇരിക്ക് ..... "

സോഫയിൽ ഒരു വശത്തേക്ക് നീങ്ങി ഇരുന്നു ഞാൻ പറഞ്ഞു.  കേൾക്കേണ്ട താമസം എന്റെ അടുത് ചാടി കയറി അവളിരുന്നു..

www.kambistories.com

ഇന്നലെത്തെ പോലെ അല്ലാതെ രണ്ടു പേർക്കും തമ്മിൽ സംസാരിക്കാൻ പൊതുവേ മടിയായിരുന്നു.. നാണമായിരുന്നു എന്ന് പറയുന്നതാവും അല്പം കൂടി നല്ലത്. ആരാദ്യം എന്നതായിരുന്നു ശെരിക്കും ഉയർന്ന പ്രശ്നം... എങ്കിലും ഞാൻ തന്നെ ആ മൗന പ്രണയ നിമിഷങ്ങൾക്ക് വിരാമം ഇട്ടു.

" അവരെന്താ നിന്നെ കൂടെ കൊണ്ട് പോകാഞ്ഞത്? "

" അറിയില്ലല്ലോ.... എന്നോടിരുന്നു പഠിക്കാൻ പറഞ്ഞു. പിന്നെ ആ മുറിയിൽ തന്നെ ഇരുന്നോളണം. പുറത്തിറങ്ങേണ്ട എന്ന് പറഞ്ഞു.... "

അവളതും പറഞ്ഞു കുഞ്ഞി കുട്ടികൾ ചിരിക്കും പോലെ ഒന്ന് ചിരിച്ചു എന്നെ നോക്കി കണ്ണിറുക്കി.

www.kambistories.com

" ഇല്ലെങ്ങികിൽ ഞാൻ നിന്നെ പിടിച്ചു തിന്നും എന്നാണല്ലോ അവരുടെ വിചാരം... "

പഴയ ഓർമ്മകൾ ചികഞ്ഞെടുത് ഞാൻ തമാശ രൂപേണ പറഞ്ഞു.

" അങ്ങനെ ഒന്നും പറയണ്ട നന്ദുവേട്ട.. അവർക്കറിയില്ലല്ലോ നമ്മള് തമ്മിൽ ഉള്ളതൊന്നും.. അതോണ്ടല്ലേ . "

" അതിനു നമ്മൾ തമ്മിൽ എന്താ ഉള്ളത്... "

" ഒന്നുമില്ലേ അപ്പൊ? "

മുഖത്തല്പം നീരസം കലർത്തി ദേവു ചോദിച്ചപ്പോൾ എനിക്കും അതല്പം കൗതുകമായി തോന്നി.

" ആഹ് എനിക്കറിയില്ല... "

പൊതുവെ ദേവുവിന്റെ ശൈലിയിൽ ഞാൻ പറഞ്ഞു.. പെട്ടന്ന് അവളെന്നെ നോക്കി ഒന്ന് മൗനമായി.

www.kambistories.com

" സത്യായിട്ടും നന്ദുവേട്ടന് ഒന്നും ഇല്ലേ? "

" എനിക്കറിയില്ല ദേവു..എന്താ ഉള്ളേ? .."

പെട്ടന്നവളുടെ കണ്ണുകൾ നിറഞ്ഞു മുഖം ചുവന്നു വരുന്നത് ഞാൻ ശ്രദ്ധിച്ചു.

" അപ്പോൾ അന്ന് പറഞ്ഞതോ ഞാൻ സ്നേഹിക്കുന്ന അത്രേം എന്നെയും നന്ദുവേട്ടൻ തിരിച്ചു സ്നേഹിക്കുന്നെണ്ടെന്നു....... അച്ഛൻ വന്നാലും എന്നെ പോകാൻ സമ്മതിക്കില്ലെന്ന്... ആര്

പറഞ്ഞാലും എന്നെ വിട്ടു കൊടുക്കില്ലെന്ന്..... പിന്നെ..... പിന്നെ..... ഈ താലി എന്റെ കഴുത്തില് കെട്ടിയത്......

പിന്നെ ആ ..... ദേ ഇവിടെ ഉമ്മയൊക്കെ തന്നതോ ... "

ഞാനന്ന് ചുംബനം നൽകിയ ഞെറ്റി തടത്തിൽ തൊട്ടവൾ ചോദിച്ചു .

ദേവു വളരെ വേഗം വിഗരഭരിതയാകുന്നത് ഞാൻ കണ്ടു... മണിച്ചിത്രത്താഴിൽ ശോഭന നാഗവല്ലി ആയി മാറുന്ന രംഗം പോലെ ദേവുവിന്റെ മുഖത്തും പലഭാവങ്ങളും മിന്നി മറഞ്ഞു ...

"എല്ലാം വെറുതെ ആണോ? എന്നെ പറ്റിക്കാൻ ആയിരുന്നോ എല്ലാം.... "

ഒരു പൊട്ടിക്കരച്ചിലിനു തുടക്കം ഇട്ടാണ് ദേവു ആ വാക്കുകൾ അവസാനിപ്പിച്ചത്.. ഞാൻ തമാശക്ക് തുടങ്ങിയത് എല്ലാം ഒറ്റ നിമിഷം കൊണ്ട് ദേവുവിനെ സങ്കടക്കടലിൽ എത്തിച്ചു .. എന്ത് ചെയ്യണം എന്നെനിക്ക് അറിയില്ലായിരുന്നു.. എങ്കിലും അവളുടെ തോളിൽ കയ്യമർത്തി അവളെ അനുനയിപ്പിക്കാൻ ശ്രെമിച്ചു.. പക്ഷെ. എന്റെ കൈ തട്ടി മാറ്റിയതും അല്ലാതെ എന്തൊക്കെയോ പുലമ്പുന്നുണ്ടായിരുന്നു അവൾ.. കളി കാര്യം ആയി.. അവളുടെ കരച്ചിൽ ഉച്ചത്തിലായി. ഗത്യന്തരം ഇല്ലാതെ ഞാൻ അവളെ ബലമായി തന്നെ കെട്ടിപ്പിടിച്ചു.അവളെ ഞാൻ എന്റെ നെഞ്ചോടു ചേർത്തു. .

" എന്റെ പൊന്നു ദേവു. ഞാൻ തമാശക്ക് പറഞ്ഞതാ ...... നീ വെറുതെ.. കരയല്ലേ... ദേ നോക്കിയേ..... സത്യായിട്ടും ഞാൻ വെറുതെ പറഞ്ഞതാ.... കരയല്ലേ പെണ്ണെ..... "

എന്റെ കൈകൾക്കുള്ളിൽ നിന്നും പിടഞ്ഞു മാറാൻ ശ്രമിക്കുന്നതിനിടയിൽ എന്റെ വാക്കുകൾ കേട്ട അവൾ ഒന്നയഞ്ഞു. പിന്നെ ബോധമറ്റത്തു പോലെ എന്റെ നെഞ്ചിലേക്ക് ചാഞ്ഞു...

"'ദേവു. .. "

അല്പനേരം കാത്തിരുന്ന് ദേവുവിന്റെ ശ്വാസഗതി ഒന്ന് നേരെ ആയെന്നു കണ്ടപ്പോൾ ഞാൻ വിളിച്ചു...

" തമാശക്ക് പോലും എന്നെ ഇങ്ങനെ പറ്റിക്കല്ലേ നന്ദുവേട്ട ...... ദേവൂന് അത് താങ്ങുല്ല........ പൊട്ടിപെണ്ണാ ഞാൻ വിശ്വസിച്ചു പോകും..... "

എന്റെ നെഞ്ചിലേക്ക് കൂടുതൽ ചേർന്ന് നിന്നു ദേവു എന്നെ ഇറുകെ കെട്ടിപ്പിടിച്ചു.. ഞാൻ അവളെയും .. അവളുടെ സങ്കടം തീരുന്ന വരെ ഞാൻ ഒന്നും മിണ്ടിയില്ല... അവളുടെ കണ്ണുനീരൊഴുകി എന്റെ ഷർട്ട് നനഞ്ഞിരുന്നു.....

ചെയ്തു കൂട്ടിയ തമാശയെ മനസ്സിൽ പഴിച്ചു ഞാൻ അവളെ കൂടുതൽ എന്നിലേക്ക് ചേർത്തു പിടിച്ചു....

www.kambistories.com

" ദേവു .... "

അൽപനേരം എടുത്ത് ഞാൻ അവളെ വിളിച്ചു. മൂളൽ മാത്രമായിരുന്നു മറുപടി..

" നിന്റെ വിഷമം മാറിയോ? "

മറുപടി വീണ്ടും മൂളലിൽ ഒതുക്കിയവൾ. എന്റെ നെഞ്ചിലെ ചൂട് ആസ്വദിക്കയാണവൾ എന്ന് എനിക്ക് തോന്നി.. തല ചെരിച്ചവളെ നോക്കുമ്പോൾ ആ സങ്കട ഭാവം മാറി പുഞ്ചിരിക്കയാണവൾ എന്ന് തോന്നി. എല്ലാം മറന്നു എന്റെ നെഞ്ചിൽ തലവച്ചവൾ കണ്ണുകളടച്ചു ഇരിക്കുന്നത് കാണാൻ തന്നെ ഭംഗി ഉണ്ടായിരുന്നു...

" എന്തിനാ നന്ദുവേട്ട എന്നോട് ഇങ്ങനെ?  എന്തിനാ എന്നെ ഇങ്ങനെ കരയിക്കണേ ഇനിയും...?  "

എന്നെ ഇരു കൈ കൊണ്ടു ചുറ്റി വരിഞ്ഞവൾ ചോദിച്ചു.  മറുപടി നൽകാതെ ഒന്ന് പുഞ്ചിരിച്ചതേ ഒള്ളു ഞാൻ..

" എന്തിനാ ചിരിക്കുന്നേ..?  ഞാൻ കരയുന്നത് അത്രക്ക് ഇഷ്ടം ആണോ?  "

എന്റെ ഞെഞ്ചിൽ ശക്തിയായി ഒന്ന് ഇടിച്ചു അവൾ ചോദിച്ചു.  എനിക്കല്പം നന്നായി തന്നെ അതു വേദനിക്കുകയും ചെയ്തു.

" നന്ദുവേട്ട...   എന്നെ ശെരിക്കും ഇഷ്ടം ആണോ നിങ്ങൾക്ക്?  "

ദേവു ശബ്ദം താഴ്ത്തി സംശയ രൂപേണ ചോദിച്ചു.  എത്ര പറഞ്ഞാലും അവൾക്കിനിയും എന്റെ മനസ് മനസിലായിട്ടില്ല എന്നറിഞ്ഞതിൽ വല്ലാത്ത വിഷമം വന്നു നിറയുന്നതിനിടയിൽ അവൾ തുടർന്നു.

" എന്നെ കണ്ട അന്നുമുതൽ എന്നോട് വെറുപ്പ് മാത്രമായിരുന്നില്ലേ  ഈ മനസ്സിൽ നിറയെ. എത്രത്തോളം എന്നെ ശപിച്ചിട്ടുണ്ടാകും.  വെറുത്തിട്ടുണ്ടാകും...  അവസാനം വെറുത്തു വെറുത് അതൊരു കുന്നോളം എത്തിയപ്പോൾ പറയുവാ  എനിക്ക് നിന്നോട്  കടലോളം സ്നേഹം ആണെന്ന്... ആ ആകാശത്തോളം പ്രണയം ആണീ മനസ്സ് മുഴുവനും എന്ന്..സത്യത്തിൽ .  എനിക്ക് മനസിലാവാനില്ല ഈ ചെക്കനെ..  "

അവൾ ശക്തിയായി ഇടിച്ച ഭാഗത്തു വിരലുകള്കൊണ്ടു തഴുകി അവൾ പറഞ്ഞു.

" എന്റെ ദേവൂട്ടി...  എന്നെ ഇനിയും സംശയം ആണോ നിനക്ക്?  "

www.kambistories.com

" എന്താ വിളിച്ചേ..?  ദേവൂട്ടിന്നോ?  "

അവളാശ്ചര്യത്തോടെ എന്റെ മുഖത്തെക്കു നോക്കി.

" അതെ എന്താ?   " ഞാനവൾക്കു സംശയത്തോടെ  മറുപടി കൊടുത്തു.  അപ്പോൾ അവളുടെ കണ്ണുകളിൽ ഇതുവരെ കാണാത്ത ഒരു തിളക്കം ഉണ്ടായിരുന്നു.  ഒന്നുമില്ലെന്നവൾ തല വശങ്ങളിലേക്ക് ചലിപ്പിച്ചു പറയുമ്പോളും അവളുടെ കണ്ണുകൾ വ്യക്തമായി എനിക്ക് എല്ലാം പറഞ്ഞു തരുന്നുണ്ടായിരുന്നു..

ദേവൂട്ടി എന്ന എന്റെ വിളി അവളിൽ അത്രമാത്രം സന്തോഷമുളവാക്കിയിരുന്നു എന്നവളുടെ ചുവന്നു തുടുത്ത മുഖവും ആ നിമിഷം  കൈകളാൽ  എന്നെ അവൾ ചുറ്റിവരിഞ്ഞതും എല്ലാം എന്നെ സാക്ഷ്യപ്പെടുത്തി.

www.kambistories.com

" എനിക്കെന്റെ നന്ദൂട്ടനെ വിശ്വാസമാ.... "

എന്റെ അതെ ശൈലിയിൽ അവളും പറഞ്ഞു. സന്തോഷം കൊണ്ടാണോ അതോ മറ്റു വല്ല വിഗാരം കൊണ്ടോ എന്നറിയില്ല ഞാനവളെ ആ നിമിഷം എന്നിലേക്ക് കൂടുതൽ ചേർത്തു പിടിച്ചു.

" പക്ഷെ ദുഷ്ടനാ......  വന്ന അന്ന് മുതൽ എന്നെ കരയിപ്പിക്കാൻ നോക്കുന്നതാ...  എന്നും ഞാൻ കരയും...  സങ്കടം തീരണ വരെ...  അന്നേരം കരയുന്നതെന്തിനാ എന്ന് ചോദിച്ചു പിന്നേം വഴക്ക് പറയും.....  അപ്പോൾ എനിക്ക് പിന്നേം കരച്ചില് വരും....എത്ര ദിവസം ഞാൻ അങ്ങനെ  ഉറങ്ങാതെ കരഞ്ഞിട്ടുണ്ടെന്നറിയുവോ..  നന്ദുവേട്ടന്....  "

ദേവുവും ഞാനും ഓർക്കാനാഗ്രഹിക്കാത്ത പഴയകാല ഓർമകളിൽ ഞാൻ എന്നും ഒരു  ക്രൂരനനാണെന്ന് അവൾ പറയാതെ പറയുക ആയിരുന്നു.. അപ്പോൾ

" മതി മതി എന്നെ ഇങ്ങനെ പുകഴ്ത്തിയത്.... " എന്റെ നെഞ്ചിൽ ചെറുതായി വീണ്ടും മുഷ്ടി ചുരുട്ടി ഒന്ന്കൂടി ഇടിച്ചു അവളതിനൊന്നു ചിരിക്ക മാത്രം ചെയ്തു.

" എന്റെ പെണ്ണിന്റെ കണ്ണീർ ഇനിയും കാണാൻ വയ്യാത്ത കൊണ്ടല്ലേ ഞാൻ ദേ നിന്നെ ഇങ്ങനെ നെഞ്ചോടു ചേർത്തു നിർത്തിയിരിക്കുന്നെ...... "

" മം.. ശെരിയാ... ഇങ്ങനെ നിൽക്കുമ്പോൾ എനിക്ക് കരയാനല്ല. തോന്നണേ...... പക്ഷെ... ചിരിക്കാനാണോ എന്ന് ചോദിച്ചാൽ അതുമല്ല... വേറെ എന്തോ ....... "

അവൾ പറഞ്ഞു മുഴുവിപ്പിക്കാതെ നിർത്തിയ ആ വരികളിൽ പല അർത്ഥങ്ങളും ഞാൻ ഊഹിച്ചെടുത്തു.

ഒന്ന് മുഖമുയർത്തി എന്നെ നോക്കിയാ അവൾ ഒന്നും മിണ്ടാതെ വീണ്ടും നെഞ്ചിലേക്ക് ചാഞ്ഞു. . വീണ്ടും അവിടെമെങ്ങും മൗനം തളം കെട്ടി.

" നന്ദുവേട്ട "

എന്തോ ചിന്തിച്ചിരിക്കെ ദേവുവിന്റെ വിളിയെത്തി

" ഉം ..... "

" അമ്മയും ഏടത്തിയും വരില്ലേ.... " ....

www.kambistories.com

" വരട്ടെ .... " ചോദ്യത്തിന് അതെ ശൈലിയിൽ ഞാനുത്തരം കൊടുത്തു.

" അപ്പോൾ നമ്മളിങ്ങനെ ഇരിക്കുന്നത് കാണില്ലേ....? "

അവളുടെ വാക്കുകളിലത്രയും നിറഞ്ഞത് കുസൃതി ആയിരുന്നു

" കാണട്ടെ .... കണ്ടസൂയപ്പെടട്ടെ..... "

" വേണ്ടാ... ... എനിക്ക് പേടിയാ...... "

വേണ്ടെന്നു അവൾ പറഞ്ഞുവെങ്കിലും അവളെന്റെ നെഞ്ചിലേക്ക് കൂടുതൽ ചേർന്നിരിക്കയാണ് ചെയ്തത്.

www.kambistories.com

" എന്തിനാ പേടി... അവര് വന്നു കാണട്ടെ... എല്ലാം അറിയട്ടെ..... "

" അയ്യോ... അതു വേണ്ട... ഞാൻ പറഞ്ഞതെല്ലേ... എല്ലാം.... അവർ ഇപ്പൊ ഒന്നും അറിയണ്ടാ...... "

" ശെരി വേണ്ടെങ്കിൽ വേണ്ടാ... എഴുന്നേൽക്കു.. ഇനി അതിന്റെ പേരിൽ ആരും കരയണ്ടാ.... "

ഞാനതു പറഞ്ഞവളെ എന്റെ നെഞ്ചിൽ നിന്നു അടർത്തി മാറ്റാൻ ശ്രെമിച്ചു..

" വേണ്ടാ...  അവര് വരുന്ന വരെ നമുക്ക് ഇങ്ങനെ ഇരിക്കാം..  നന്ദുവേട്ടന്റെ നെഞ്ചിനു നല്ല ചൂട്... "

അതു പറഞ്ഞവൾ എന്റെ കൈ തട്ടിമാറ്റി വീണ്ടും എന്റെ നെഞ്ചിലേക്ക് തല വച്ചു.  ഒരു കൊച്ചുകുട്ടിയോടുള്ള വാത്സല്യത്തോടെ ഞാൻ അവളെ എന്റെ നെഞ്ചിലേക്ക് കൂടുതൽ ചേർത്തു ഇറുക്കി.  എന്റെ നെഞ്ചിലെ ചൂടവൾ വല്ലാതെ  ആസ്വദിക്കുകയാണെന്നു എനിക്ക് മനസിലായി. എന്റെ ഒരോ സ്പർശവും അവളെന്നേ  ആഗ്രഹിച്ചതാണ്.  വൈകി കിട്ടിയതാണെങ്കിലും അവളെല്ലാം നിറഞ്ഞ മനസോടെ ഏറ്റു വാങ്ങുന്നുണ്ടായിരുന്നു...

" അന്ന് തറയിൽ കിടന്ന എത്ര രാത്രികളിൽ ഞാൻ കൊതിച്ചിട്ടുണ്ടെന്നോ ഇത് പോലെ ഈ നെഞ്ചിൽ തല വച്ചു കിടക്കാൻ.... "

ദേവു വീണ്ടും പഴയ ഓർമ്മകൾ ചികഞ്ഞെടുക്കുകയാണെന്നു തോന്നി.

www.kambistories.com

" ദേവു....  എന്തിനാ പെണ്ണെ ഓരോന്ന് ഓർത്തു എന്നെ ഇങ്ങനെ കുറ്റപ്പെടുത്തുന്നെ ? "

" അയ്യോ....  കുറ്റം പറഞ്ഞതല്ല...  സന്തോഷം കൊണ്ടാ...നന്ദുവേട്ട.. .  ഇനി ഞാൻ ഒന്നും പറയില്ല. "

എന്റെ നെഞ്ചിന്റെ താളം ആസ്വദിച്ചവൾ അങ്ങിനെ ഇരുന്നു.  ഒന്നും മിണ്ടാതെ.  വേറെ ഒന്നും അവൾ ആ നിമിഷം ആഗ്രഹിക്കുന്നുണ്ടായിരുന്നില്ല...

" നന്ദുവേട്ടന് നമ്മൾ ആദ്യം ആയിട്ട് കണ്ടത് എന്നാണെന്നറിയുവോ?  "

ദേവുവിന്റെ ചോദ്യം ഉയർന്നു... ഇനിയൊന്നും മിണ്ടില്ലെന്നു വാക്കു തന്ന ആളാണ്........ആ ചോദ്യത്തിനുത്തരം എനിക്കൊർമ്മയില്ല. എന്റെ ഓർമയിൽ എന്നും ആദ്യകാഴ്ച എന്റെ റൂമിലേക്ക് ഓടി കയറി വന്ന ആ ദേവുവിന്റെ മുഖം തന്നെ ആണ്. പക്ഷെ അതു പറയാൻ തോന്നിയില്ലെനിക് . മിണ്ടാതെ ഇരുന്നതേ ഒള്ളു.

" അന്ന് കോളേജിൽ ഒരു ചേട്ടനെ ബാറ്റിനു തല്ലിയതോർമ ഉണ്ടോ നന്ദുവേട്ടന്? അതു എന്തിനു വേണ്ടി ആണെന്ന് ഓർമ്മയുണ്ടോ? "

ഏതോ കുട്ടിയെ റാഗ് ചെയ്തു എന്ന് ഹരി വന്നു പറഞ്ഞു. നമ്മുടെ ബാച്ച് ആയിരുന്നത് കൊണ്ടും റാഗിങ് നിരോധനം ഉള്ളത് കൊണ്ടും ചോദിക്കാൻ ചെന്നു. വാക്കുതർക്കമായി.. ഹരിയെ അവൻ കയ്യേറ്റം ചെയ്തു. പിന്നെ അതു ഒരു തല്ലയി മാറാൻ അധികം സമയം എടുത്തില്ല. .. അത്രയേ എനിക്ക് ഓർമയുണ്ടായിരുന്നൊള്ളു... അന്ന് അതൊരു പോലീസ് കേസ് ആകാതിരിക്കാനും ഞങ്ങളുടെ സസ്‌പെൻഷൻ ഒഴിവാക്കാനും ആയി ഞാൻ ഒരുപാടു കഷ്ടപ്പെട്ടതാണ്.

www.kambistories.com

" എനിക്ക് ഓർമയില്ല.... ഏതോ ഒരു കുട്ടിയെ...... "

" അങ്ങനെ ഏതോ ഒരു കുട്ടി അല്ല. അതു ഞാനായിരുന്നു... അന്നവർ റാഗ് ചെയ്തത് എന്നെ ആയിരുന്നു..... "

ദേവു പറഞ്ഞത് ഞെട്ടലോടെ ആണ് ഞാൻ ഉൾക്കൊണ്ടത്. അന്ന് ഞാൻ അത്ര പ്രശ്നങ്ങളത്രയും ഉണ്ടാക്കിയതും നേരിട്ടതും എന്റെ ഈ ദേവുവിന് വേണ്ടി ആയിരുന്നോ? വിശ്വസിക്കാൻ പോലും കഴിഞ്ഞില്ല.

" അന്നാ  ചേട്ടൻ എന്നെ ഒരുപാട് കളിയാക്കി...ഞാൻ എല്ലാവരുടെയും മുന്നിൽ വച്ചു  ഒത്തിരി കരഞ്ഞു .. അപ്പോളാ നന്ദുവേട്ടൻ വന്നു അയാളെ    .... "

ദേവുഎന്റെ നെഞ്ചിൽ പറ്റി ചേർന്നിരുന്നു കൊണ്ട് തന്നെ അതു പറഞ്ഞു....  എന്റെ ഉള്ളമഭിമാനത്താൽ പുളകം കൊണ്ടു.

" പക്ഷെ അതു കൊണ്ടൊന്നും അല്ലട്ടോ ഞാൻ നിങ്ങളെ സ്നേഹിച്ചത്.... "

പെട്ടന്ന് കുസൃതി നിറഞ്ഞ ദേവുവിന്റെ ശബ്‌ദം ഉയർന്നു.

" പിന്നെ?  "

www.kambistories.com

" അതൊന്നും പറയില്ല....  സീക്രെട് ആണ്....  "

വീണ്ടും കുസൃതിയോടെ അവൾ പറഞ്ഞു

" കളിക്കാതെ പറ പെണ്ണെ... "

" പിന്നൊരിക്കെ പറയാം നന്ദുവേട്ട .  എനിക്ക് നാണമാ..... "

ദേവു അതും പറഞ്ഞെന്റെ നെഞ്ചിലേക്ക് മുഖം പൂഴ്ത്തി.  പിന്നെ ഞാനൊന്നും ചോദിക്കാൻ പോയില്ല... ഈ ഒരു ജന്മം മുഴുവനും ഉണ്ട് ചോദിക്കാനും പറയാനുമായി ഞങ്ങൾക്ക് ബാക്കിയായി...  ദേവു അറിയേണ്ടതും അവൾക്കു പറയേണ്ടതുമായ കാര്യങ്ങളിനിയും പലതാണ്.  എല്ലാം വഴിയേ മനസിലാക്കാം എന്ന് തീരുമാനിച്ചു.....

ദേവുവിനെ അങ്ങനെ നെഞ്ചോടു ചേർത്തു പിടിക്കുമ്പോൾ ഈ ലോകത്തെ ഏറ്റവും ഭാഗ്യവാനായതും സന്തോഷവാനും ആയ ഏക വ്യക്തി ഞാനെന്നു തോന്നി പോകും. വല്ലാത്ത ഒരു സുഖം.പറഞ്ഞറിയിക്കാൻ ആവാത്ത ഒരു അനുഭൂതി. കടുത്ത ചൂടിന്റെ കാഠിന്യത്തിനിടയിലും ഒരു ഇളം കാറ്റിനു പോലും നമുക്ക് തരാൻ കഴിയുന്ന ഒരു കുളിരിന്റെ അതെ അനുഭൂതി ഞാൻ ഇവിടെയും അനുഭവിച്ചറിഞ്ഞു....

www.kambistories.com

" നന്ദുവേട്ടന് കോളേജിൽ ഒത്തിരി കൂട്ടുകാരുണ്ടോ? "

ദേവുവിന്റെ സംശയങ്ങൾക്കും സംസാരത്തിനും അറുതി ഇല്ലായിരുന്നു. കുറെ നാളുകൾക്കു ശേഷം ആദ്യമായി മനസ്സ് തുറന്നു എന്നോട് സംസാരിക്കൻ ഒരവസരം കിട്ടിയ സന്തോഷത്തിൽ ആണവൾ.

" ആഹ് കുറച്ചൊക്കെ? "

" അതല്ല പെണ്ണുങ്ങൾ. കൂട്ടുകാരായിട്ടു....? "

" ഇല്ലല്ലോ... അങ്ങനെ അധികം ഒന്നുമില്ല. എന്താ...? "

" ഒന്നുമില്ല ചുമ്മാ ചോതിച്ചതാ. ..... "

പക്ഷെ അവളുടെ മറുപടി അത്രയും തൃപ്തികരം ആയിരുന്നില്ല.  എന്തിനായിരിക്കും അവളെങ്ങനെ ഒന്ന് ചോതിച്ചതെന്നു ചിന്തിച്ചു ഇരുന്നു അല്പം നേരം.

സത്യത്തിൽ പറയത്തക്ക പെൺ കൂട്ടുകാരൊന്നും കോളേജിൽ എനിക്ക് അതികം ആരും ഉണ്ടായിരുന്നില്ല.  പിന്നെ ഉള്ള ഏക കൂട്ടുകാരി ആന്റിയുടെ മകൾ മാളു ആയിരുന്നു.  അവളാണെങ്കിൽ ദേവു വന്നതിൽ പിന്നേ ഇങ്ങോട്ടു തിരിഞ്ഞു കൂടി നോക്കിട്ടില്ല.  പിന്നെയും ഉള്ളത് ഏടത്തി ആണ്. പക്ഷെ ഏടത്തിയും നമ്മളെ ഏകദേശം കൈ ഒഴിഞ്ഞ മട്ടാണ്...

എങ്കിലും ദേവു എന്തിനാകും അങ്ങനെ ചോദിച്ചത് എന്ന ചിന്തയിൽ അല്പ നേരം ഞാൻ മുഴുകി പോയി...

" എന്താ ആലോചിക്കണേ... "

www.kambistories.com

" ഒന്നുമില്ല.. "

ദേവുവിന്റെ ശബ്ദം കെട്ടു വീണ്ടും ചിന്തയിൽ നിന്നു പുറത്തു വന്നു വേഗം ഞാൻ മറുപടി കൊടുത്തു.

പെട്ടന്നാണ് വീട്ടിലെ ലാന്റ് ഫോൺ റിങ് ചെയ്തത്...  അപ്രതീക്ഷിതമായ ആ ശബ്ദം കെട്ടു ഞാനും ദേവുവും ഒരുപോലെ ഞെട്ടി.

പ്രണയ നിമിഷങ്ങളുടെ ആസ്വാദ്യ ലഹരിയിൽ ഭംഗം വരുത്തി വന്നെത്തിയ ആ ഫോൺ കോളിനെയും അതിനുടമയെയും മനസ്സിൽ പഴിച്ചു ദേവു എന്നെ വിട്ടു എഴുന്നേറ്റു. ഫോൺ അറ്റന്റ് ചെയ്തു.

" ആഹ് ചേച്ചി.... "

ആഹ് ഒരു വിളിയിൽ മറുതലക്കൽ ഏടത്തി ആണെന്ന് മനസിലായി.... എവിടെ എത്തിയാലും ഏടത്തി എനിക്ക് പാര ആണല്ലോ.... മനസ്സിൽ ഓർത്തു.

"ഇല്ല കുഴപ്പം ഒന്നുമില്ല.... ചേച്ചി....

നന്ദുവേട്ടൻ റൂമിൽ ഉണ്ട്...

ആഹ് കഴിച്ചു....

ഞാനും കഴിച്ചു....

നിങ്ങൾ എപ്പോളാ വരിക....?

ആഹ് ശെരി...

ആഹ്... ഞാൻ പഠിക്കരുന്നു...... "

ദേവുവിന്റെ മുറിവാക്കുകളിൽ നിന്നും ഏടത്തി ചോതിച്ചതെന്തൊക്കെ ആവാം എന്ന് എനിക്ക് ഊഹിക്കാവുന്നതേ ഒള്ളു ....

www.kambistories.com

" ഡോക്ടറെ കണ്ടു. പോരാൻ തുടങ്ങുവാനെന്നു... "

ഏടത്തിക്കു മറുപടി കൊടുത്ത് ഫോൺ വച്ചു അവൾ എന്റെ അരികിലേക്ക് വരുന്നതിനിടയി പറഞ്ഞു .

" ഓഹ് ഈ ഏടത്തിയെ കൊണ്ട് വലിയ കഷ്ടം ആണല്ലോ? "

" എന്തെ .....? "

എന്റെ അരികിലേക്ക് ചേർന്ന് ഇരുന്നു അവൾ ചോദിച്ചു.

" ഒന്ന് പ്രേമിച്ചു രസിച്ചു വന്നതായിരുന്നു എല്ലാം നശിപ്പിച്ചു....  നാശം.... "

" ചേച്ചിയെ ഒന്നും പറയണ്ടാ ട്ടോ... "

www.kambistories.com

അവളല്പം ശബ്ദം  കനപ്പിച്ചു പറഞ്ഞു.

" ഒന്നും പറയുന്നില്ല.....  പക്ഷെ ചില സമയങ്ങളിലെ അവരുടെ  സ്വഭാവം കാണുമ്പോൾ ഒരു ചവിട്ടു കൊടുക്കാൻ തോന്നും...  ഒന്നിനും സമ്മതിക്കില്ല....നിന്നെ ഇങ്ങനെ എന്റെ അടുത്ത് നിന്നു ഒളിപ്പിച്ചു കൊണ്ട് നടക്കുന്ന കാണുമ്പോൾ ദേഷ്യം വരും. . "

" അങ്ങനെ ഒന്നും പറയല്ലേ നന്ദുവേട്ട.....  അതൊരു പാവമാ....  എല്ലാവരേം സ്നേഹിക്കാൻ മാത്രെ അറിയൂ അതിനു....  അവര് കാരണമാണ് എനിക്കും നന്ദുവേട്ടനും ഇങ്ങനെ ഒക്കെ സംഭവിച്ചതെന്ന് പറഞ്ഞു

എത്ര നാൾ  എന്റെ അടുത്ത് വന്നു കരഞ്ഞിട്ടുണ്ടെന്നറിയുവോ....  എത്ര മാപ്പ് ചോതിച്ചിട്ടുടെന്നറിയുവോ, ? "

ദേവുവിന്റെ വാക്കുകൾ എനിക്ക് അക്ഷരാർഥത്തിൽ ഞെട്ടലാണുണ്ടാക്കിയത്.  എന്നും എപ്പോളും വഴക്ക് മാത്രം പറയുന്ന കളി ചിരി മാത്രം നിറഞ്ഞ ഏടത്തി കരഞ്ഞുവന്നു കേട്ടപ്പോൾ മനസ്സ് വല്ലാതെയായി...

" കഴിഞ്ഞ ദിവസം നന്ദുവേട്ടൻ അച്ഛനെ കുറെ ചീത്ത പറഞ്ഞില്ലേ അന്ന്...ചേച്ചി .. നന്ദുവേട്ടനു വേണ്ടി ഒത്തിരി സോറി പറഞ്ഞു...അല്ലെങ്കിലും ചേച്ചി കൂടി ഇവിടെ ഇല്ലാതിരുന്നു എങ്കിൽ ഞാനെന്നെ ഈ വീട്ടിൽ നിന്നും ഇറങ്ങേണ്ടി വരുമായിരുന്നു. ചിന്തിച്ചിട്ടുണ്ടോ? അവര് മാത്രമേ എനിക്ക് കൂട്ടിനുണ്ടായിരുന്നൊള്ളു അന്നും ഇന്നും.... . ....പാവമാ.... .. "

ഏടത്തി എന്തുകൊണ്ടാണ് ദേവുവിനെ എന്നിൽ നിന്നും ഒളിക്കുന്നതെന്നു എനിക്ക് ഏകദേശം വ്യക്തമായി .. ദേവുവിന്റെ ജീവിതം നശിപ്പിച്ചു എന്ന ചിന്തയിൽ ഉണ്ടായ കുറ്റബോധം ഉണ്ടവർക്കു ഇപ്പോളും .. അതിന്റെ കൂടെ ദേവുവിനോടുണ്ടായിരുന്ന എന്റെ അവഗണനയും ദേഷ്യവും കൂടി ആയപ്പോൾ അവളിവിടെ ഒറ്റപ്പെട്ടു പോകാതിരിക്കാനും ഞാൻ അവളെ ഉപദ്രവിക്കാതിരിക്കാനും ഉള്ള മറയാണ് ദേവുവിനെ എന്നിൽ നിന്നും ഒളിപ്പിച്ചു വക്കുക എന്നത്.... ദേവുവിന്റെ അച്ഛന്റെ കയ്യിൽ അവളെ ഒരു പോറൽ പോലും ഏൽക്കാതെ തിരികെ ഏൽപ്പിക്കുക എന്നതണു അവർക്കു ദേവുവിനോട് ചെയ്യാൻ കഴിയുന്ന ഏറ്റവും നല്ല കാര്യം എന്നതായിരിക്കാം ഇപ്പോഴത്തെ അവരുടെ ചിന്ത.....

www.kambistories.com

" അപ്പോൾ അമ്മയോ? "

അറിയാനുള്ള ആകാംക്ഷയിൽ ഞാൻ ചോദിച്ചു... എല്ലാവക്കും ദേവുവിനോടുള്ള മനോഭാവം എന്തെന്നറിഞ്ഞാൽ എനിക്ക് അവളോടുള്ള ഇഷ്ടം എങ്ങനെ അവതരിപ്പിക്കണം എന്നുള്ളതിൽ ഒരു ധാരണ കിട്ടും എന്ന് ഞാൻ പ്രതീക്ഷിച്ചു.

" ഞാൻ ഇവിടെ ആദ്യത്തെ പോലെ ഇരുന്നോട്ടെ....? "

എന്റെ ചോദ്യം കേൾകാത്തതെന്ന പോലെ അവൾ എന്റെ നെഞ്ചിൽ കൈ അമർത്തി ചോദിച്ചു. എന്റെ നെഞ്ചിൽ ചേർന്നിരിക്കാൻ അവൾ വല്ലാതെ ആഗ്രഹിക്കുന്നത് പോലെ... പിന്നെ ഒന്നും ആലോചിച്ചില്ല.

അവളെ നെഞ്ചിലേക്ക് ചേർത്തു പിടിച്ചു. മുൻപ് പിടിച്ചതിലും ചേർത്ത്. എന്റെ ഹൃദയത്തോട് ചേർത്തു.......

" അമ്മക്ക് ഇപ്പോളും ഞാൻ മോളാ.... അന്നെങ്ങനെ എന്നെ സ്നേഹിച്ചോ. ഇപ്പോളും അങ്ങനെ തന്നെ... പക്ഷെ നന്ദുവേട്ടന്റെ കാര്യത്തിൽ വിഷമം ഉണ്ടെന്നു ഞാനിവിടെ വന്ന സമയത്തെന്നോട് പറഞ്ഞിട്ടുണ്ട്... "

" എന്ത് വിഷമം? "

" നന്ദുവേട്ടന് ഉത്തരവാതിത്വം കുറവാണെന്നു....എപ്പോളും കോലും പിടിച്ചു ഗ്രൗണ്ടിൽ ആണെന്ന്. ഇനി ഞാൻ വേണം അവനെ നന്നാക്കി എടുക്കാൻ എന്ന്... അന്ന് പറഞ്ഞതാ .... "..

www.kambistories.com

അത്രയും പറഞ്ഞു അവൾ ആർത്തു ചിരിച്ചു...

" അല്ലെങ്കിലും ഞാൻ നന്നാക്കി എടുക്കുന്നുണ്ട് നന്ദുവേട്ടനെ "

അത്ര കൂടി കൂട്ടിച്ചേർത്തു അവൾ വീണ്ടും കുലുങ്ങി ചിരിച്ചു..... എന്റെ നെഞ്ചിലെ ചൂട് പറ്റിയവൾ എന്നോട് ഒട്ടി ചേർന്നിരുന്നു. ഇപ്പോൾ എന്റെ ഹൃദയമിടിക്കുന്നതവൾക്കു കേൾക്കാം. ചിലപ്പോൾ എന്റെ ഹൃദയം പറയുന്ന അവളോടുള്ള എന്റെ പ്രണയവും.

ഓട്ടോയുടെ ശബ്ദം മുറ്റത്തേക്ക് എത്തുന്നത് കാതിൽ മുഴങ്ങിയപ്പോൾ ആണ് ഞങ്ങൾ പരസ്പരം വിട്ടു മാറിയത്. എന്നെ മുറിയിലെത്തിച്ചു പുറത്തേക്കു നടക്കുവാൻ അവൾ തുനിയുമ്പോൾ അവളെ ഒന്നും

മിണ്ടാതെ ഞാൻ എന്നിലേക്കു വലിച്ചടുപ്പിച്ചു. മുഖം എന്നിലേക്ക് ചേർത്തു പിടിച്ചു ഞാൻ അവൾക്കു ഒരു സ്നേഹ ചുംബനം നൽകി. നെറുകയിൽ.. എല്ലാം പറയാതെ പറഞ്ഞാ ആ ചുംബനം ഇരു കണ്ണുകളും അടച്ചു അവളേറ്റു വാങ്ങി. ഒരു നിമിഷത്തേക്കു എന്റെ കണ്ണുകളിലേക്കിറ്റു നോക്കിയ അവളുടെ മുഖം നാണം കൊണ്ടു ചുവക്കുകയും കണ്ണുകൾ സന്തോഷം കൊണ്ട് നിറയുകയും ചെയ്തിരുന്നു... ഭൂമിയിൽ നിൽക്കാനാവാത്തത്ര സന്തോഷം അവളുടെ മാനസിൽ നിറഞ്ഞു എന്ന് തോന്നിയ നിമിഷങ്ങൾ ആയിരുന്നു അതു... ഒന്നും മിണ്ടാതെ മുറിക്കു വെളിയിലേക്കു നടന്നകലുന്ന ദേവുവിനെ നോക്കി ഇരിക്കുമ്പോൾ പ്രണയം എന്ന മധുര അനുഭൂതിയുടെ ആദ്യ പടികൾ ഞാൻ കയറിയിരുന്നു.

***____***____****______***

അമ്മയും ഏടത്തിയും അകത്തേക്ക് വരുമ്പോൾ ദേവു മുറിക്കുള്ളിൽ ആയിരുന്നു. ഞാനും... .. അവർക്കു യാതൊരു സംശയവും തോന്നാത്ത വിധം ഞങ്ങൾ തകർത്തഭിനയിക്കുകയായിരുന്നു പിന്നീടങ്ങോട്ട് ഉള്ള ഒരാഴ്ച കാലം....

പിനീടങ്ങൊട്ടു ഏടത്തിയും അമ്മയും കാണാതെ ഞങ്ങൾ തകർത്തു പ്രണയിച്ചു. എന്ത് മായ ആണെന്നറിയില്ല എന്റെ കാലിന്റെ നീരിനുള്ള തിരുമ്മൽ ഏടത്തി ദേവുവിനെ ഏല്പിച്ചു. ഏടത്തിയുടെ സാനിധ്യത്തിൽ മാത്രം. എങ്കിലും ഏടത്തിയുടെ കണ്ണ് തെറ്റുന്ന നിമിഷം ഞങ്ങൾ അല്പം കുസൃതി ഒക്കെ ഒപ്പിക്കും. അതിരു കടക്കാൻ എന്നിട്ടും മനസ്സനുവദിച്ചില്ല... അതും ഞങ്ങൾക്ക് ഒരു അവസരം ആയി എന്ന് തന്നെ വേണം പറയാം. സന്തോഷത്തിന്റെ നാളുകൾ...

പിന്നീടങ്ങോട്ട് ഞാൻ ദേവുവിന്റെ സ്നേഹത്തിന്റെ ആഴം കണ്ടറിയുക ആയിരുന്നു. എത്ര അളന്നാലും തീരാത്തത്ര സ്നേഹം ഒളിപ്പിച്ചു വച്ച കടൽ പോലെ ആയിരുന്നു എന്റെ പെണ്ണിന്റെ മനസ്.. സ്നേഹത്തിന്റെ കാര്യത്തിൽ ദേവുവും ഞാനും തമ്മിൽ മത്സരിക്കയാണെന്നു പോലും തോന്നിയിട്ടുണ്ട് എനിക്ക് പലപ്പോഴും. എപ്പോളും മുൻതൂക്കം അവൾക്കായിരുന്നു. എനിക്കായി കാത്തു വച്ച

സ്നേഹമത്രയും അവളിൽ നിന്നു അണപൊട്ടിയൊഴുകി എന്നിൽ വന്നു ചേർന്നു.. അവളിൽ അന്നേവരെ ഞാൻ കണ്ടതിലുമപ്പുറം അസൂയയും , കുശുമ്പും, വായാടിയും തൊട്ടാവാടിയും, അതിലുപരി സ്നേഹനിധിയുമായ ഒരു യഥാർഥ ദേവു ഒളിഞ്ഞിരുന്നു എന്ന് ഞാൻ കണ്ടറിഞ്ഞു.

കഴിഞ്ഞു പോയ ഒരാഴ്ചക്കുള്ളിൽ എനിക്കവളെന്റെ ദേവൂട്ടി ആയി മാറി.എന്റെ എല്ലാം ആയി മാറി.. ഞാൻ അവളുടെ നന്ദൂട്ടനും..............................

*******=====*****=======******

അന്ന് വൈകിട്ട് മുഖം വീർപ്പിച്ചാണ് ദേവു മുറിയിലേക്ക് കയറി വന്നത്... എന്തുണ്ടായി എന്ന് ചോദിക്കുന്നതിനു മുമ്പേ എന്റെ കാലിൽ പിടിച്ചു ഒരു തിരി ഒരു വലി. കണ്ണിൽ കൂടി പൊന്നീച്ച പറന്നെന്നു പറഞ്ഞാൽ മതിയല്ലോ.?

www.kambistories.com

" എന്താടീ പെണ്ണെ നിനക്ക് വട്ടു പിടിച്ചോ? "

" അടങ്ങി ഇരുന്നേ കാല് ശരിയായോ എന്ന് അറിയാൻ ഇങ്ങനെ ഒക്കെ ചെയ്യണം.... നാളെ മുതൽ കോളേജിൽ പോകാനുള്ളതല്ലേ ? "

വലിയ ഗൗരവത്തിൽ ആണ് കക്ഷി. പക്ഷെ അതിന്റെ കാരണം എന്താണെന്നു ഒരു പിടിയും കിട്ടിയില്ല. എന്റെ ഭാഗത്തു നിന്നൊരു തെറ്റും ഉണ്ടായിട്ടില്ല. പിന്നെ എന്താണാവോ?

ചോദിക്കാൻ വാ തുറക്കുന്നതിനു മുൻപേ ഏടത്തി മുറിയിലേക്ക് കയറി വന്നു... കാലിലേയും തലയിലും ഉള്ള വലിയ കെട്ടെല്ലാം വലിച്ചെറിയപ്പെട്ടു. ചെറിയ

ബാന്റെജും പിന്നെ കാലിനു ചെറിയ ഒരു കെട്ടും മാത്രമായി എല്ലാം ചുരുക്കപ്പെട്ടു. ദേവുവിന്റെ കൈ മികവിലാണ് കാല് വേഗം ശരിയായത് എന്നും അതിന്റെ നന്ദി എന്നും ആ പെണ്ണിനോട് വേണം എന്നും ഏടത്തി എന്നും പറയുന്ന ആ പതിവ് വാചകം അന്നും പറഞ്ഞു. കാലിൽ ബാന്റെജു ചുറ്റുന്നതിടയിൽ ഏടത്തി അടുക്കളയിലേക്കു പോയി. ഇനിയെങ്കിലും പ്രശനം എന്തെന്നറിയാം എന്ന് ചോദിക്കാം എന്ന് കരുതി വന്നപ്പോളേക്കും അവളുടെ ചോദ്യം ഉയർന്നു.?

" ഒരു അഞ്ചുവിനെ അറിയുവോ? "

പെട്ടന്ന പേര് കേട്ടപ്പോൾ എനിക്ക് ഒന്നും തോന്നിയില്ല...

" ഒരു അഞ്ചു മോഹനൻ... "

" ആഹ് എന്റെ ക്ലാസ്സിൽ ഉള്ളതാ. അവൾക് എന്താ ഇപ്പൊ? "

" അവൾക് ഒന്നും ഇല്ല.. നന്ദുവേട്ടനെ അന്വേഷിച്ചു... "

" ആഹ്... അതിനാണോ നീ ഇങ്ങനെ മുഖവും വീർപ്പിച്ചു ഇരിക്കുന്നെ.? "

മറുപടിയായി ഒന്നും തന്നെ പറയാതെ അവൾ എന്റെ കാലിൽ ബാന്റേജ് ചുറ്റി. അങ്ങനെ തന്നെ മുറിക്കു വെളിയിലേക്കു ഇറങ്ങി നടന്നു. പകുതി വരെ നടന്നു അവൾ വേഗത്തിൽ തിരിഞ്ഞു നിന്നു.

www.kambistories.com

" കോളേജിൽ ചെന്നാൽ അവളോട് ഒത്തിരി കൂട്ടുകൂടാൻ നിക്കണ്ടാ.. എനിക്ക് അവളെ അങ്ങ് ഇഷ്ടമായില്ല.... "

അവൾ പറഞ്ഞതിന് അർദ്ധം വ്യക്തയില്ല എങ്കിലും അതൊരു താക്കിത് ആയിരുന്നെന്നും . അതൊരു തുടക്കം മാത്രം ആയിരുന്നെന്നും പിന്നീട് ആണെനിക്ക് മനസ്സിലായത്. ( അതു ഞാൻ വഴിയേ പറയാം... )

****____*****_____****_____******___

ബൈക്ക് ഓടിക്കരുത്. . ക്രിക്കറ്റ് കളിക്കരുത്.. നന്നായി പഠിക്കണം... ക്ലാസ് കഴിഞ്ഞാൽ നേരത്തെ വീട്ടിൽ എത്തണം. അങ്ങനെ അനവധി നിബന്ധനകൾക്ക് സമ്മതം മൂളിയാണ് പിറ്റേന്ന് കോളജിലേക്ക് യാത്ര തിരിച്ചത്. അവർക്ക് എന്നും എന്നിൽ കുറ്റങ്ങളും കുറവുകളും മാത്രമേയുള്ളൂ എന്ന എന്റെ ചിന്തയെ മാറ്റി മറിച്ചത് ദേവു ആണ്. എല്ലാം അവർക്ക് എന്നിൽ ഉള്ള അമിത സ്നേഹം കൊണ്ടൊന്നു മാത്രമാണെന്ന് ചിന്തിക്കാൻ പഠിപ്പിച്ചതുമവൾ തന്നെ ആണ്.

www.kambistories.com

ഹരിയോടൊപ്പം കോളേജിൽ എത്തുമ്പോൾ ചക്കപ്പഴത്തിൽ ഈച്ച വന്നൊട്ടുന്ന പോലെ കുറെ പേരെന്റെ ചുറ്റും കൂടി. എന്റെ വിശേഷങ്ങൾ അറിയാൻ വേണ്ടിയാണു. എല്ലാവരെയും ഒഴിവാക്കി ഒന്ന് ഒറ്റക്ക് ആകാൻ അല്പം പാടുപെട്ടു. ദേവു എത്തേണ്ട സമയം കഴിഞ്ഞിരുന്നു. ക്ലാസ്സിൽ കയറാതെ അലഞ്ഞു നടക്കുന്ന ആളുകൾക്കിടയിലൂടെ കണ്ണൊന്നു പരാതി. അതികം നോക്കേണ്ടി വന്നില്ല. അവസാനം കണ്ണുകൾ അവളിൽ തന്നെ ഉടക്കി നിന്നു. ചെറു പുഞ്ചിരിയോടെ എന്നെ തന്നെ നോക്കി കോളേജ് ഗ്രൗണ്ടിന്റെ ഗാലറിയിൽ ഇരിക്കുന്ന ദേവുവിനടുത്തേക്കു നടന്നു.

അവളുടെ അരുകിൽ ചേർന്നിരിക്കുമ്പോൾ മുൻപെങ്ങും തോന്നാത്ത ഒരു ഭംഗി അവളിൽ ഞാൻ നോക്കി കണ്ടു.. ഇതിനെ ആണോ പ്രണയം എന്ന് വിളിക്കുന്നത്. അറിയില്ല..

" എന്താ ഇങ്ങനെ നോക്കെന്നേ? "

" ഇന്ന് നിന്നെ കാണാൻ നല്ല ഭംഗിയുണ്ട്..?  പതിവില്ലാതെ ഇന്നെന്താ നി കുളിച്ചോ?  "

അവളെ നോക്കി ഒരു തമാശയും പറഞ്ഞു ചിരിക്കാൻ ആഞ്ഞതും കൈയിൽ അവളുടെ നഖം ആഴ്ന്നിറങ്ങിയതും ഒരുമിച്ചായിരുന്നു.

" ഞാനെന്നും കുളിക്കുന്നത.. വെറുതെ കളിയാക്കാൻ നിക്കല്ലേ.... "

നുള്ളിയതിനൊപ്പം പരിഭവം കലർത്തി അവൾ പറഞ്ഞു.

www.kambistories.com

" ഓ ഞാൻ ഒരു തമാശ പറഞ്ഞതല്ലേ.... "

" അല്ലെങ്കിലും നന്ദുവേട്ടന് എല്ലാം തമാശയാ.... ..! "

അവളും എന്നിലേക്ക് കൂടുതൽ പറ്റിച്ചേർന്നു ഇരുന്നു എന്റെ കൈകളിൽ ചുറ്റി വരിഞ്ഞു തോളിലേക് തല ചായ്ച്ചിരുന്നു.

" ഞാനും നിങ്ങൾക്ക് തമാശയാണോ നന്ദുവേട്ടാ?

"

തോളിൽ ചാരിയിരുന്ന അതെ ഇരുപ്പിൽ എങ്ങോട്ടോ നോക്കി കൊണ്ടവൾ ചോദിച്ചു.

എത്ര പറഞ്ഞാലും ദേവുവിൽ ആ സംശയമെന്നും ബാക്കിയാണല്ലോ. ഈ ചങ്കു പിളർത്തി കാട്ടിയാലും ചെമ്പരത്തി പൂ എന്നാരോ പറഞ്ഞത് പോലെ..

" ഇത്ര നാളുകൾക്കിടയിൽ എപ്പോഴെങ്കിലും തോന്നിയിട്ടുണ്ടോ പെണ്ണെ എനിക്ക് നി ഒരു തമാശക്കാണ് എന്ന്. "

എന്റെ എല്ലാ വിഷമങ്ങളും ആ വാക്കുകളിൽ നിറഞ്ഞിരുന്നു.

" നന്ദുവേട്ടന്റെ ഇങ്ങനെയുള്ള മറുപടി കേൾക്കാൻ വേണ്ടി ആണ് ഞാൻ അങ്ങനെ ചോതിക്കുന്നെ... അല്ലാതെ..... !

അങ്ങനെ കേൾക്കുമ്പോൾ ഒരു സുഖ... അതുകേട്ടു ഇങ്ങനെ നന്ദുവേട്ടനോട് ചേർന്നിരിക്കാൻ ഒരു പ്രത്യേക സുഖം തോന്നും. അതുകൊണ്ടാണ്..... "

" വിഷമം ആയെങ്കിൽ ഞാൻ ഇനി അങ്ങനെ പറയില്ല... "

എന്റെ ഭാഗത്തു നിന്നു മറുപടിയൊന്നും കാണാഞ്ഞു അവൾ കൂട്ടിച്ചേർത്തു..

എന്തുവാടെ ഇത്. നിങ്ങള്ക്ക് വീട്ടിൽ ഇരുന്നു പ്രേമിച്ചു മതിയായില്ലേ...... "

രാവിലത്തെ ക്രിക്കറ്റ് പ്രാക്ടീസ് കഴിഞ്ഞു വന്ന ഒരുത്തന്റെ ശബ്ദം കേട്ടാണ് പിന്നെ ബോധം വന്നത്.

www.kambistories.com

" നി ഒന്ന് പോയെടാ.... "

ഞങ്ങളെ നോക്കി ഒരു ആക്കിയ ചിരിയും ചിരിച്ചവൻ അവിടെന്നു നടന്നകന്നു.

" നി വന്നേ...  ഇനിയും ഇവിടെ ഇങ്ങനെ ഇരുന്നാൽ ശരിയാവില്ല. "

അവനെ പോലെ പലരും ഇനിയും ഇതുപോലെ വന്നു ഓരോ വളിച്ച തമാശകളും ആയി എത്തും എന്ന് അറിയാവുന്നത് കൊണ്ടാണ് ഞാൻ അങ്ങനെ പറഞ്ഞത്.  അല്പം നീരസത്തോടെ ആണെങ്കിലും അവൾ എന്നെ അനുസരിച്ചു.  എന്റെ കൈകളിൽ കൈകൾ കോർത്തു അവൾ എന്റെയൊപ്പം കോളേജ് വരാന്തയിലൂടെ നടന്നു.

www.kambistories.com

ക്ലാസ്സിൽ കയറാൻ മനസുണ്ടായിരുന്നില്ല. എനിക്കും അവൾക്കും. അവളുടെ കൈ പിടിച്ചു നേരെ നടുന്നു. അധികം ഒന്നും സംസാരിക്കാൻ ഞങ്ങളിൽ ആരും തയ്യാറായില്ല.

ഞങ്ങളുടേത് മാത്രമായി ഞങ്ങൾ കൊതിച്ച സ്വകാര്യ നിമിഷങ്ങൾ കണ്മുന്നിൽ അരങ്ങേറുമ്പോൾ നിറഞ്ഞ സന്തോഷങ്ങൾക്കു മുന്നിൽ ഞങ്ങളുടെ പക്കൽ വാക്കുകൾ ഇല്ലായിരുന്നു എന്ന് വേണം പറയാൻ.

" ചേച്ചി എന്നെ ഒരു കൂട്ടം പറഞ്ഞു ഏൽപ്പിച്ചിട്ടുണ്ട്..... "

" എന്താണ്...?  "

" നന്ദുവേട്ടൻ ഇവിടെ എന്തൊക്കെ തോന്ന്യവാസങ്ങളാ ഒപ്പിക്കുന്നതെന്നു കണ്ടുപിടിക്കാൻ. എന്നിട് പറഞ്ഞു കൊടുക്കാൻ "

നിറഞ്ഞു വന്ന ചിരി അടക്കി നിർത്തി അവളെന്റെ കൈയിൽ തൂങ്ങി നടന്നു.

" ആഹാ പറ്റിയ ആളെ ആണല്ലോ ഏല്പിച്ചിരിക്കുന്നെ.... "

" എന്താ കുഴപ്പം.? "

www.kambistories.com

" ഇതിപ്പോ കള്ളന്റെ കൈയിൽ താക്കോൽ ഏൽപ്പിച്ച പോലെ ആയില്ലേ ഡി പെണ്ണെ "

" ഒന്നുമില്ല മോനെ... കണ്ടോ.. എല്ലാം ഞാൻ പറഞ്ഞു കൊടുക്കും. "

കുറുമ്പ് പറഞ്ഞവൾ ആ നുണക്കുഴി കാട്ടി എന്നെ നോക്കി ചിരിച്ചു.

" എന്റെ പൊന്നു ദേവു ചതിക്കല്ലേ. ഞാൻ നി പറയുന്ന പോലെ ചെയ്തോളാം... "

അവളെ നോക്കി തൊഴുകൈകളോടെ അതു പറഞ്ഞപ്പോൾ അടക്കി പിടിച്ച ചിരി അണപൊട്ടി ഒഴുകുന്ന പോലെ അവൾ കുലുങ്ങി ചിരിച്ചതിനു ഇല്ലെന്നു ഉത്തരം നൽകി.

വരാന്തയിലൂടെയേലും തണൽ മരങ്ങൾക്കിടയിലൂടെയും ഞങ്ങളുടെ പ്രണയ നിമിഷങ്ങൾ കടന്നു പൊയ്ക്കൊണ്ടിരുന്നു.

പറയാൻ ആശയങ്ങൾ കുറവായിരുന്നു എങ്കിലും വാക്കുകൾ ഒരുപാട് ആയിരുന്നു. ഇടക്കെപ്പോഴോ ഹരി കൂടി ഞങ്ങൾക്കിടയിൽ വന്നു ചേർന്നു. എങ്കിലും അതിൽ അവൾക്കു നീരസമോ പരിഭവമോ ഒന്നും ഉണ്ടായിരുന്നില്ല. എല്ലാം അവൾ ആസ്വദിക്കയായിരുന്നു.

" എന്റെ ആഗ്രഹങ്ങൾ എല്ലാം കുറഞ്ഞു വരുന്നത് പോലെ.... "

ഹരിയുടെ സാമിപ്യം അലപം ഒന്നു മാറിയപ്പോൾ ദേവു പറഞ്ഞു.

www.kambistories.com

" ഇതൊക്കെ ആണോ നിന്റെ ആഗ്രഹങ്ങൾ ? "

" നന്ദുവേട്ടന്റെ കൂടെ ഇങ്ങനെ ഈ മരത്തിന്റെ ചുവട്ടിൽ ഇരിക്കണമെന്ന് വലിയ ആഗ്രഹം ആയിരുന്നു എനിക്ക്.. "

പ്രണയ ജോഡികളുടെ പ്രധന ഇടമായ ആ വലിയ ആലിന്റെ ചുവട്ടിൽ എന്നോട് ചേർന്നിരുന്നവൾ പറഞ്ഞു..

" ഇത്രേം ആഗ്രഹങ്ങളെ ഉള്ളോ നിനക്ക്? "

അറിയാനുള്ള കൗതുകത്തോടെ ഞാൻ ചോദിച്ചു.

" അല്ല ഇനിയും ഉണ്ട്... "

" എന്നാൽ പറ കേൾക്കട്ടെ.... "

" നന്ദുവേട്ടന്റെ കൂടെ ഒരു ദിവസം ബസ്സിൽ പോണം.. നന്ദുവേട്ടന്റെ കൂടെ മഴ നനയണം. "

അവളോരോന്നായി അവളുടെ ആഗ്രഹങ്ങളുടെ കെട്ടഴിക്കാൻ തുടങ്ങി

www.kambistories.com

"ഉമ്മ്മ... നന്ദുവേട്ടന്റെ കൂടെ ഐസ്ക്രീം കഴിക്കണം.. നന്ദുവേട്ടന്റെ കൂടെ ഒരുപാട് നടക്കണം.. പിന്നേ....... "

" അതെ ഈ നന്ദുവേട്ടൻ ഇല്ലാത്ത എന്തെങ്കിലും ആഗ്രഹം ഉണ്ടോ പെങ്ങളെ? "

പെട്ടന്ന് ഹരിയുടെ ശബ്ദം കേട്ടവൾ ഞെട്ടി തിരിഞ്ഞു . നോക്കുമ്പോൾ എല്ലാം കേട്ടു ഒരു കള്ള ചിരിയോടെ അവൾക്കു പിന്നിൽ ഇരിക്കയായിരുന്നു എന്റെ ആത്മാർഥ കൂട്ടുകാരൻ. അവൻ പിന്നിൽ വന്നിരുന്നത് അവളറിഞ്ഞിരുന്നില്ല. പാവം ചുവന്നു തുടുത്ത ആ മുഖത്തെ നാണം മറക്കാൻ അവൾ വല്ലാതെ പാട്പെടുന്നുണ്ടായിരുന്നു....

ഹരിയുടെ കളിയാക്കലിന് മുന്നിൽ നിന്നു രക്ഷിച്ചു അവളെയും കൈ പിടിച്ചു ഞാൻ നേരെ കോളജിനു പുറത്തേക്കു നടന്നു

" ഇതെങ്ങോട്ടാ?  "

അവളുടെ ചോദ്യത്തിന് അറിയില്ല എന്ന മട്ടിൽ ഞാൻ കൈ മലർത്തി.

നേരെ നടന്നത് അടുത്തുള്ള ബസ്റ്റോപ്പിലേക്കാണ്.  അവളുടെ കൂടെ അവിടെ അങ്ങനെ നിൽക്കുമ്പോൾ എന്താണെന്റെ ഉദ്ദേശ്യം എന്നറിയാൻ അവളെന്നെ തന്നെ സൂക്ഷിച്ചു നോക്കുന്നുണ്ടായിരുന്നു. മനസ്സിലും മുഖത്തും ഒരു കള്ള ചിരി മാത്രം നിലനിർത്തി അവളുടെ കൈയിൽ മുറുകെ പിടിച്ചു അടുത്ത് വന്ന കെ.എസ്. ആർ.ടി.സി ബസിലേക്ക് കയറി.  ഒഴിഞ്ഞു കിടന്ന സീറ്റിൽ അവളോടൊപ്പം കയറി ഇരിക്കുമ്പോൾ ആ ബസ് എങ്ങോട്ടാണെന്നോ എവിടേക്ക് പോകണമെന്നോ എന്നൊന്നും എനിക്ക് അറിയില്ലായിരുന്നു.

" ഇതെങ്ങോട്ടാ നന്ദുവേട്ട?  "

ആശ്ചര്യത്തോടെ എന്നെ നോക്കി അവൾ ചോദിച്ചു.

" ഈ ബസ് പോകുന്നതെവിടെ വരെ ആണോ അവിടെ വരെ.... "

www.kambistories.com

അവളുടെ മുഖത്തു ആശ്ചര്യവും സംശയവും  അതിലുപരി സന്തോഷവും നിറഞ്ഞിരുന്നു

" വട്ടായോ?  "

ദേവുവിന്റെ ചോദ്യത്തിന് മറുപടി ഒരു ചിരിയിൽ ഒതുക്കി അവളുടെ

തോളിലൂടെ എന്റെ ഇടതു കൈ അവളെ ചുറ്റി പിടിച്ചു എന്നോട് ചേർത്തു ഇരുത്തി.  അതു അംഗീകരിച്ചു എന്നപോലെ അവളെന്റെ തോളിലേക്ക് തല വച്ചിരുന്നു.

" ഞാൻ അങ്ങനെ ആ ആഗ്രഹം പറഞ്ഞത് കൊണ്ടാണോ..  ഇത് നന്ദുവേട്ട...?  "

അവൾ തലയുയർത്തി എന്നെ നോക്കി

" ആണെങ്കിൽ.?  "

അവളൊന്നും ഇല്ലെന്നു ആംഗ്യം കാട്ടി.

നിറഞ്ഞു വരുന്ന മിഴികൾ എന്നെ കാണിക്കാതെ അവൾ തല ഒരു വശത്തേക്ക് തിരിഞ്ഞു. തോളിൽ വച്ചിരുന്ന എന്റെ കൈയിൽ മുഖം ചേർത്തു വച്ചു.  അവളുടെ കൈകൾ പതിയെ ആ കൈ  പൊതിഞ്ഞു പിടിച്ചു.

ഇടക്കെപ്പോളോ അവളുടെ ഇളം ചുണ്ടുകളുടെ നനുത്ത സ്പർശം കൈവെള്ളയിൽ അറിഞ്ഞപ്പോൾ ആണ് ഞാൻ അവളെ നോക്കുന്നത്. അവൾ പറയാതെ പറഞ്ഞ സന്തോഷത്തിന്റെ സ്നേഹ ചുംബനം ആയിരുന്നു അത്.  അതു അവളുടെ  വെറും ഒരു നന്ദി പ്രകാശനം മാത്രമായിരുന്നില്ല. ആ ഒരു ചുംബനത്തിലും  പല അർത്ഥങ്ങളും ഉണ്ടായിരുന്നു. അവളുടെ എല്ലാ സ്നേഹവും അതിൽ നിറഞ്ഞിരുന്നു.  എന്റെ കൈയിൽ കൈകൾ പിണച്ചും. കൈപ്പത്തിക്കുള്ളിൽ ഇക്കിളി ആക്കിയും അവൾ ആ യാത്ര ആസ്വാതിക്കയായിരുന്നു.  സംസാരം പലപ്പോഴായി മാത്രം ചുരുങ്ങിയ നിമിഷങ്ങൾ.

www.kambistories.com

യാത്ര അവസാനിപ്പിച്ചു ഞങ്ങൾ ബസ് ഇറങ്ങി നടന്നു.  വെയിലിനു കാഠിന്യം ഏറി വരുന്നുണ്ടായിരുന്നു. വല്ലാത്ത ചൂട്.  ദേവുവിനെയും ചേർത്തു പിടിച്ചു വഴിയോരം ചേർന്ന് ഒത്തിരി നടന്നു.  എല്ലാം ആദ്യമായി കാണുന്ന കുട്ടിയുടെ കൗതുകം ആയിരുന്നു അവളുടെ മുഖത്തു ആകെ.

എങ്ങോട്ടെന്നില്ലാതെ ആ വലിയ നഗര വീഥികളിലൂടെ അനവധി നേരം ഞങ്ങൾ ചിലവഴിച്ചു. എന്തൊക്കെയോ സംസാരിച്ചു.  ദേവുവിൽ പണ്ട് കണ്ട എന്നോടുള്ള ആ അകലം ഇപ്പോൾ തീരെ ഇല്ലാതായിരുന്നു.  എന്നോട് പറ്റി ചേർന്ന് നടക്കാൻ അവൾക്കും വലിയ ആവേശം ആയിരുന്നു.

" നന്ദുവേട്ട എനിക്ക് വിശക്കുന്നു. "

ഉച്ചയോടു അടുത്തപ്പോൾ പെണ്ണ് പറഞ്ഞു.  കേൾക്കേണ്ട താമസം അവളെയും

വിളിച്ചു സാമാന്യം വലിയ ഹോട്ടലിൽ തന്നെ കയറി.  അവളുടെ അനുവാദത്തിനു കാത്തു നിൽക്കാതെ ഒരോ ബിരിയാണിക്ക് ഓർഡർ കൊടുത്തു . ഏട്ടൻ ഇടയ്ക്കു തരുന്ന പോക്കറ്റ് മണിയുടെ ബലത്തിൽ ആണ് ഇതെല്ലാം...

" എന്തിനാ നന്ദുവേട്ട ഇങ്ങോട്ടു വന്നേ.....  ചേച്ചി ചോറു തന്നു വിട്ടിട്ടുണ്ടല്ലോ അതു കഴിച്ചാൽ പോരെ ..... "

" ഞാൻ കൊണ്ടുവന്നിട്ടില്ലല്ലോ. പിന്നെ ഒരു ദിവസം അതു കഴിക്കില്ലെന്ന് വച്ചു ഒന്നും സംഭവിക്കില്ല.... "

www.kambistories.com

" നന്ദുവേട്ടന് അങ്ങനെ പറയാം.  അതും കഴിക്കതെയങ്ങോട്ടു ചെന്നാൽ എന്നെ ചേച്ചി കൊല്ലും. "

" എന്റെ പൊന്നു ദേവു..  അതു നമുക്ക് എവിടെ എങ്കിലും കളയാം.  പോരെ..ഇപ്പൊ നമുക്ക് ഇത് കഴിക്കാം. ... "

" കഷ്ട്ടണ്ടട്ടോ നന്ദുവേട്ടാ..  എന്തിനാ അതു കളയുന്നെ.......  ഇത് പോലും കിട്ടാത്ത എത്ര പേരുണ്ടാവും എന്നറിയുവോ.. പാവം കിട്ടും.കളയണ്ടാ നന്ദുവേട്ട...... "

അങ്ങനെ ഒന്ന് ഞാൻ അവളിൽ നിന്നു ഒട്ടും പ്രതീക്ഷിച്ചില്ല.  പറഞ്ഞത് അബദ്ധം ആയി പോയി എന്ന് അപ്പോളാണ് എനിക്ക്  മനസിലായത്.. മുഖം താഴ്ത്തി ഇരിക്കാൻ അല്ലാതെ എനിക്ക് അപ്പോൾ സാധിച്ചില്ല.

" ഞാൻ നന്ദുവേട്ടനെ കളിയാക്കാൻ പറഞ്ഞതല്ല.  എനിക്ക് അറിയാവുന്നത് പറഞ്ഞെന്നെ ഒള്ളു. എന്നെ പട്ടിണി ഒന്നും കിടത്തേണ്ട അവസരം അച്ഛനിതു വരെ ഉണ്ടായിട്ടില്ല.  എങ്കിലും വിശപ്പിന്റെ വില എനിക്ക് അറിയാം..... "

എന്റെ ഇരിപ്പു കണ്ടിട്ടാകണം അവൾ അങ്ങനെ കൂടി പറഞ്ഞത്.  നോക്കുമ്പോൾ ബിരിയാണിയിൽ വെറുതെ ഇരുന്നു ചിത്രം വരക്കയായിരുന്നു കക്ഷി. ഞാൻ പിണങ്ങി എന്ന് കരുതിയാകണം..

" എന്റെ പൊന്നു പെണ്ണേ...  ആ ചോറു കളയാൻ ഒന്നും പോണില്ല.  ഇതിപ്പോ  വാങ്ങി പോയില്ലേ ഇതും കളയാൻ പറ്റില്ലല്ലോ.  അതു കഴിക്കു  ..  "

എങ്കിലും അവൾ മൗനം പാലിച്ചു നിന്നത് എനിക്ക് വിഷമം ആയി.

www.kambistories.com

" എന്റെ ദേവു. നീ ആ ചോറിന്റെ കാര്യം ഓർത്തു ഇനി ബേജാർ ആവണ്ടാ.... ഈ ബിരിയാണി കഴിച്ചിട്ട് ഞാൻ ആ ചോറു കൂടി കഴിച്ചിട്ടേ ഇവിടുന്നു എഴുന്നേൽക്കു... പോരെ.....  "

പതിയെ മുഖത്തൊരു തിളക്കം വച്ചതു പോലെ ഒരു മങ്ങിയ ചിരി അവളിൽ നിറഞ്ഞു. അതു തന്നെ ധാരാളം.

" കഴിക്കു. .. "

പിന്നെ ഒന്നും മിണ്ടാതെ അവൾ കഴിച്ചെഴുന്നേറ്റു.  ബിരിയാണി കഴിച്ചപ്പോളേ വയറു നിറഞ്ഞിരുന്നു. ചോറു കൂടി കഴിക്കാൻ അവളെന്നെ നിർബന്ധിച്ചില്ല.  ഭാഗ്യം.  ! പക്ഷെ കടയിൽ നിന്നു തന്നെ അതൊരു

പാഴ്സൽ പേപ്പറിൽ പൊതിഞ്ഞെടുത്തു പുറത്തു ഒരു പള്ളിമുറ്റത്ത് കണ്ട വയസായ സ്ത്രീക്ക് അവൾ തന്നെ കൊടുത്തു.

എല്ലാം കൗതുകത്തോടെ ഞാൻ നോക്കി കണ്ടു . ഈ പെണ്ണുങ്ങളെ മനസിലാക്കാൻ വലിയ പാടാണ് . പക്ഷെ എന്റെ പെണ്ണിനെ മനസിലാക്കുക എന്നത് അതിലും പാടാണ്. ചിലസമയങ്ങളിൽ എന്തിനും കണ്ണ് നിറക്കുന്ന തൊട്ടാവാടി പെണ്ണാണെങ്കിൽ കുറുമ്പ് നിറഞ്ഞ ഒരു ദേവുവാണ് പലപ്പോഴായും എനിക്ക് അവൾ. എല്ലാം കടന്നു എന്നെ പോലും അതിശയിപ്പിക്കാൻ പോകുന്ന ഒരു നല്ല പക്വതയുള്ള പെണ്ണായും ചിലപ്പോൾ അവൾ അവതരിക്കും. ഇതുപോലെ !

വഴിയോരത്തു വച്ചിരുന്ന കൃഷ്ണ രൂപം അവളെ വല്ലാതെ ആകർഷിച്ചിരുന്നു എന്ന് അവളുടെ മുഖത്തു നിന്നു തന്നെ ഞാൻ ഊഹിച്ചു എടുത്തു ...

" ചേട്ടാ.. ഈ കണ്ണന് എന്താ വില....? "

www.kambistories.com

ദേവു നോക്കി നിന്ന കണ്ണന്റെ രൂപം കൈയിൽ എടുത്തു ഞാൻ ചോദിച്ചു.

" നന്ദുവേട്ട .. എനിക്ക് വേണ്ടാ അതു. ഞാൻ വെറുതെ നോക്കിയാതാ ..... "

മറുപടി കൊടുക്കാതെ ഞാനായാൾ ആവശ്യപ്പെട്ട പണം നൽകി അതു വാങ്ങി.. അതു ദേവുവിന് നേരെ നീട്ടി.

" എന്തിനാ നന്ദുവേട്ട ഇത്... ഞാൻ ഒരു രസത്തിന് നോക്കി നിന്നതല്ലേ..... "

"എന്റെ ദേവൂട്ടിക്കു ഞാൻ ആദ്യമായി വാങ്ങി തരുന്ന സമ്മാനം ആണിത്. വേണ്ടെന്നു പറയാതെ വാങ്ങിക്കോ.. !"

ചെറു വലിപ്പം ഉള്ള ആ കൃഷ്ണന്റെ രൂപം ഒരു പരിഭവവും കൂടാതെ അവൾ ഏറ്റു വാങ്ങി. ഒരു പുഞ്ചിരി മാത്രമായിരുന്നു അവളുടെ മറുപടി. പിന്നെയും എന്റെ കൈയിൽ തൂങ്ങി അവൾ ആ പട്ടണം മുഴുവൻ

ചുറ്റി കണ്ടു. സന്തോഷവതിയാണ് ഇന്നെന്റെ പെണ്ണ്. എനിക്കും അതു തന്നെ ആയിരുന്നു വേണ്ടത്. എന്നും ഇതുപോലെ അവളെ സന്തോഷത്തിന്റെ നെറുകയിൽ എത്തിക്കാൻ ഞാൻ പരിശ്രമിക്കുക തന്നെ ചെയ്യും.

എന്തൊക്കെയോ പറഞ്ഞു നടക്കുന്നതിനിടയിൽ ആണ് റോഡിനു മറുകരയിൽ ഞങ്ങളെ തന്നെ നോക്കി നിൽക്കുന്ന ആ രൂപം എന്റെ കണ്ണിൽ ഉടക്കിയത്. ഒറ്റ നോട്ടത്തിൽ തന്നെ അതാരെന്നു ഞാൻ തിരിച്ചറിഞ്ഞു.

" ജാനകി.. ! ദേവുവിന്റെ ചെറിയമ്മ !"

അവരുടെ നോട്ടവും ലക്ഷ്യവും ഞങ്ങൾ തന്നെ ആയിരുന്നു. അവർ ഞങ്ങളുടെ അടുത്തേക്ക് വരാൻ ഉള്ള തിടുക്കത്തിലും ആണ്. റോഡിൽ നിറഞ്ഞ വണ്ടികൾക്കിടയിൽ ഇപ്പുറത്തെത്താൻ അവർക്ക് സാധിക്കുന്നില്ല. തീർച്ചയായും അവർ ഇങ്ങോട്ടു വരുന്നത് ദേവുവിനെ ചീത്ത വിളിക്കാൻ ആകും എന്ന് എനിക്കുറപ്പായിരുന്നു. അതാണവരുടെ ശീലം. പൊതുസ്ഥലത്തു വച്ചൊരു പ്രശ്നം ഉണ്ടാകുന്നത് എനിക്കും അതിലുപരി ദേവുവിനും നാണക്കേടാണ്. അതുപോലെ അവരുടെ സാനിദ്യം ദേവുവിൽ ഉണ്ടായ ഈ സന്തോഷം അണക്കാൻ പോന്നതാണ് താനും.

പിന്നെ ഒന്നും ആലോചിച്ചില്ല. എന്തോ കാര്യമായി സംസാരിച്ചിരുന്ന ദേവുവിന്റെ കൈ പിടിച്ചു മുന്നോട്ടു നടന്നു. ഓടി എന്ന് പറയുന്നതാവും ശെരി.

എന്താ കാര്യമെന്നവൾ പലപ്പോഴായി ചോദിക്കുന്നുണ്ടായിരുന്നു. മറുപടി കൊടുക്കാതെ ഞാൻ അവളെ വലിച്ചു അടുത്ത് വന്ന ഒരു ബസിലേക്ക് ഓടി കയറി.

ഒഴിഞ്ഞ സീറ്റിൽ അവളോട് ചേർന്നിരിക്കുമ്പോളും അവളെ വിറക്കുന്നുണ്ടായിരുന്നു കാര്യമെന്തെന്നറിയില്ലെങ്കിലും അവൾ നന്നായി പേടിച്ചിരുന്നു.

" എന്താ നന്ദുവേട്ട എന്താ ഉണ്ടായേ? എന്തിനാ ഓടിയെ...  "

അവളതു ചോദിക്കുമ്പോൾ അവൾ കിതക്കുന്നുണ്ടായിരുന്നു.

" സമയം ഒരുപാട് ആയില്ലേ.  ഇനിയും താമസിച്ചാൽ വീട്ടിൽ എത്താൻ വൈകും..... "

" എന്റെ നന്ദുവേട്ട ഇതിനാണോ എന്നെ ഇങ്ങനെ ഇട്ടു ഓടിച്ചെ... ഞാൻ കരുതി ആരേലും കണ്ടിട്ട് ആകും എന്ന്.  എന്റെ നല്ല ജീവനങ്ങു പോയി.... "

www.kambistories.com

അവളുടെ വാചകം കെട്ടു എനിക്ക് ചിരിയാണ് വന്നത്.  ഇത്രയും ഉള്ളോ ഈ പെണ്ണ് എന്ന് ഞാൻ ചിന്തിച്ചു പോയി..

" ചിരിക്കണ്ടാ....  എനിക്ക് നല്ല ദേഷ്യം വരുന്നുണ്ട് ട്ടോ.... "

കിതപ്പടക്കി അവൾ പിണക്കം അഭിമായിച്ചു ഇരുന്നു.  എന്റെ മുഖത്തേക്ക് നോക്കനോ.  എന്നോട് ചേർന്നിരിക്കാനോ അവൾ തയ്യാറായില്ല. ഞാനതിനു ശ്രമിച്ചില്ല താനും.  മനസ്സിൽ നിറയെ അവരായിരുന്നു.  അവരുടെ നോട്ടവും ഞങ്ങളെ നോക്കിയുള്ള വരവും.  അവർക്കെന്തൊ പറയാനുള്ളത് പോലെ ഒരു തോന്നൽ. എങ്കിലും ഒരു സാഹസത്തിന് എനിക്ക് താല്പര്യം ഇല്ലായിരുന്നു. ചിലപ്പോൾ അവരുടെ സ്വഭാവം വച്ചു തീർച്ചയായും ദേവുവിനെ ആ ആളുകളുടെ മുന്നിൽ വച്ചു നാണം കെടുത്താനും അവർ മടിച്ചെന്നു വരില്ല.

കോളേജ് കഴിഞ്ഞ സമയം ആയിരുന്നതിനാൽ പരിസരപ്രദേശത്തെ സ്കൂളിലെയും കോളേജിലേക്കും കുട്ടികൾ ബസിന്റെ നിയന്ത്രണം ഏറ്റെടുത്തിരുന്നു. പകുതിയിൽ അധികവും പെൺകുട്ടികൾ ആണ്. അതുങ്ങളുടെ ശബ്ദം ആണ് ആ പ്രദേശത്തു മുഴുവൻ. എങ്കിലും ചിന്തയിൽ ആണ്ടിരുന്ന എന്നെയും വഴക്കിട്ടിരുന്ന ദേവുവിനെയും ഇതൊന്നും ബാധിച്ചില്ല.

ബസിനുള്ളിലെ തിക്കിലും തിരക്കിലും എന്നോട് ചേർന്ന് നിന്നത് പെൺകുട്ടികളാണ്. ബസ്സ് ആടിയുലയുന്നതിനോടൊപ്പം അവരും എന്റെ ദേഹത്തേക്ക് വന്നു തട്ടാനും മുട്ടാനും തുടങ്ങി. അതു കണ്ടു സഹിക്കാതെ ആവണം ദേവു എന്റെ കൈയിൽ ബലമായി പിടിച്ചവളിലേക്കു വലിച്ചടുപ്പിച്ചു ഇരുത്തി. അപ്പൊ മുഖം മാത്രമേ പുറത്തേക്കുള്ളു പെണ്ണിന്റെ. ബാക്കി കണ്ണും മനസ്സുമെല്ലാം ഇവിടെയാണ്. ഇത്രയെ ഉള്ളോ അവളുടെ പിണക്കം എന്നു ചിന്ദിച്ചിരിക്കുമ്പോൾ ആണ് ആ കൂട്ടത്തിൽ ഒരു പെൺകുട്ടി മറ്റൊരുവളോട് അടക്കം പറയുന്നത് കേട്ടത് ..

" അടങ്ങി നിന്നോട്ടോ.. ഇല്ലെങ്കിൽ ആ ചേച്ചി ഇന്ന് നിന്നെ ശരിയാകുമെന്ന്... "

www.kambistories.com

അതു കെട്ടു ഞനും ദേവുവും പരസ്പരം നോക്കി ഒന്ന് പുഞ്ചിരിച്ചു. ഒറ്റ നിമിഷം കൊണ്ട് പെണ്ണിന്റെ പിണക്കം പമ്പ കടന്നു. മറ്റുള്ളവരെ കാണിക്കാനെന്ന വണ്ണം അവളെന്റെ തോളിലേക്ക് ചാഞ്ഞു കിടന്നു.. എന്റെ കൈയിൽ കൈകൾ കോർത്തവൾ മടിയിലേക്കു വച്ചു,, ഞാൻ അവളുടേതാണെന്നു അവരെ അറിയിക്കാൻ...

ഏതായാലും അറിഞ്ഞു കൊണ്ടോ അറിയാതെയോ എന്നെ മുട്ടി ഉരുമ്മിയ ആ കുട്ടിയെ മനസ്സിൽ നന്ദി പറഞ്ഞു ദേവുവിനെ എന്നിലേക്ക് ചേർത്തു പിടിച്ചു ഞങ്ങൾ ആ യാത്ര തുടർന്നു.

ഇണക്കങ്ങളും പിണക്കങ്ങളും ഇനിയും ബാക്കി വച്ചു കൊണ്ടുള്ള യാത്ര. ദേവുവിന്റെ ഒപ്പമുള്ള സ്വർഗ്ഗയാത്ര.

******___****__===****

വീട്ടിൽ എത്തിയപ്പോളും ദേവു സന്തോഷത്തിൽ ആയിരുന്നു.. ഞാൻ വാങ്ങി നൽകിയ കൃഷ്ണ രൂപം അവൾ പൂജാമുറിയിൽ കൊണ്ടു വച്ചു. എവിടെന്നാണിതെന്നു അമ്മ ചോദിച്ചപ്പോൾ ആരോ ഗിഫ്റ്റ് നൽകിയതാണെന്നോ മറ്റോ കള്ളം പറഞ്ഞു. ദേവുവിൽ വലിയ മാറ്റം തന്നെ സംഭവിച്ചിരുന്നു. എന്നും മൂകയായി കാണപ്പെട്ട ദേവു ഇന്ന് വീട്ടിൽ തുള്ളിച്ചാടി ആണ് നടപ്പ്. ഈ മാറ്റം അമ്മയും ഏടത്തിയും ശ്രദ്ധിക്കുന്നുണ്ടാവണം എന്ന് എനിക്കറിയാമായിരുന്നു. പക്ഷെ അതിനെ കുറിച്ച് ആരും ഒന്നും സംസാരിച്ചില്ല. ചിലപ്പോൾ എനിക്ക് അവളോടുള്ള മനോഭാവത്തിൽ മാറ്റം വന്നു എന്നവർക്ക് തോന്നിയത് കൊണ്ടാകാം. എന്താണെങ്കിലും ദേവുവിന്റെ സാമിപ്യം ഞാൻ വല്ലാതെ ആസ്വദിക്കുന്നുണ്ടായിരുന്നു. ഞാൻ ചെയ്യുന്ന എന്ത് കാര്യത്തിലും ഒരു തിരുത്തുമായി അല്ലെങ്കിൽ എന്റെ നേർ രേഖയായി അവളെന്നും എന്റെ പിന്നാലെ ഉണ്ടായിരുന്നു...

*******=---=====******=====

ഞാൻ പലപ്പോഴായി ചിന്തിച്ചിട്ടുണ്ട് ഇതിനുമാത്രം എന്നെ സ്നേഹിക്കാൻ ഞാൻ എന്താണ് അവൾക്കു വേണ്ടി ചെയ്തിട്ടുള്ളതെന്നു. അവളുടെ നിഷ്കളങ്ക സ്നേഹം ഏറ്റുവാങ്ങാൻ എനിക്ക് എന്ത് യോഗ്യത ആണ് ഉള്ളതെന്ന്.

ചിന്ദിക്ക മാത്രമല്ല ഒരിക്കൽ അവളോട് ചോദിക്കുക തന്നെ ചെയ്തു.

" എനിക്കറിയില്ല നന്ദുവേട്ട. കണ്ട ഉടനെ തോന്നിയതൊന്നും അല്ല എന്റെ ഈ ഇഷ്ടം. കണ്ടു കണ്ടു മനസ്സിൽ പതിഞ്ഞു പോയതാണ്.. ഈ മുഖം.. ഈ ചിരി... എല്ലാം.... ! വീട്ടിൽ നിന്നിറങ്ങി കോളേജിൽ എത്തി ഈ മുഖം കാണുമ്പോൾ ഒരു സുഖം ആണ്.. ഒരാശ്വാസം ആണ്. എന്താ അതിനെ പറയാ.... മുൻജന്മത്തിൽ കൂടെ ഉണ്ടായിരുന്ന പോലെ ഒരു ഫീൽ എന്നൊക്കെ പറയില്ലേ അതുപോലെ...

നന്ദുവേട്ടനെ ഏറ്റവും അധികം കാണാൻ കിട്ടുന്നത് ആ ക്രിക്കറ്റ് ഗ്രൗണ്ടിൽ

വച്ചാണ്... എനിക്ക് ക്രിക്കറ്റ് ഒന്നും അറിയില്ല നന്ദുവേട്ട. എങ്കിലും എന്നും വരും.. അവിടെ ഏതെങ്കിലും ഒരു മൂലയിൽ ഇരിക്കും... നന്ദുവേട്ടന് ഏറ്റവും ആസ്വദിച്ചു ചെയ്യുന്ന കാര്യം എന്താണെന്നറിയുവോ? എനിക്കറിയാം.. ക്രിക്കറ്റ് തന്നെ ആണ്.. എല്ലാം മറക്കും. ഒളിഞ്ഞും മറഞ്ഞും ആണെങ്കിലും പോകെ പോകെ പിരിയാൻ പറ്റാത്തത്ര അടുപ്പം തോന്നി എനിക്ക്. ഇത്ര നാളുകൾക്കിടയിൽ നന്ദുവേട്ടനൊരു

പെണ്ണിനോട് ശെരിക്കും ഒന്ന് സംസാരിക്കുന്നത് പോലും ഞാൻ കണ്ടിട്ടില്ല. എന്നെ പോലെ ഒരു പെണ്ണിന് അതു തന്നെ ദാരാളം അല്ലെ... .. എന്നും കാണും... നന്ദുവേട്ടന്റെ സന്തോഷങ്ങളിലും സങ്കടങ്ങളിലും എന്നും ഒളിഞ്ഞു നിന്നു പങ്കാളിയാവും....... എന്റെ ആഗ്രഹങ്ങളിലും സ്വപനങ്ങളിലും എല്ലാം നന്ദുവേട്ടനുണ്ടായിരുന്നു... എന്തിനു ഞാൻ സ്വപ്നം കാണുന്നത് വരെ എന്റെ നന്ദുവേട്ടന് വേണ്ടി ആയിരുന്നു.

സ്നേഹിക്കാൻ വലിയ കാരണങ്ങൾ ഒന്നും നികത്താൻ എനിക്കും അറിയില്ല നന്ദുവേട്ട.... നന്ദുവേട്ടനെ കാണുമ്പോൾ തോന്നുന്ന എന്തോ ഒന്ന്.... നിങ്ങളെന്റെ എല്ലാം എന്ന് മനസ്സിൽ തോന്നിപ്പിക്കുന്ന ഒന്ന് അതെന്താണെന്നു എനിക്ക് അറിയില്ല. അതു ആകാം എന്നെ എന്റെ നന്ദുവേട്ടനിൽ ഇങ്ങനെ എത്തിച്ചത്.... "

ആ വാക്കുകളിൽ ദേവു എന്ന ഒരു സാധാ പെൺകുട്ടിയിൽ നിന്നും അവൾ വ്യത്യസ്ത ആവുകയായിരുന്നു. ആർക്കും കൊടുക്കാതെ കാത്തുവച്ച ആ സ്നേഹത്തിന്റെ മുഴുവൻ ഉടമയും ഇന്ന് ഞാൻ ആകുന്നു. നിഷ്കളങ്കമായ അവളുടെ മനസ്സ് പോലെ തന്നെ അവളുടെ സ്നേഹവും സത്യമായിരുന്നു. പവിത്രം ആയിരുന്നു.

www.kambistories.com

അവൾ എനിക്കായി കണ്ട സ്വപ്നങ്ങൾ അത്രയും ഇനി അവൾക്കായി ജീവിച്ചു നിറവേറ്റുക എന്നതാണ് എന്റെ ആഗ്രഹം എന്ന് ഞാൻ തീരുമാനിച്ച നിമിഷം ആയിരുന്നു അതു.

എന്റെ ദേവുവിനെ ഇനി ആർക്കും വിട്ടുകൊടുക്കില്ല .. വിധിക്കു പോലും.......

*****====******====******====

ഉറക്കത്തിൽ പോലും ദേവുവിന്റെ സാനിധ്യവും ഉറക്കമില്ലാത്ത രാത്രികളിൽ അവളുടെ ഓർമകുളും മാത്രം ആഗ്രഹിച്ച അന്നത്തെ എന്റെ ഉറക്കം കെടുത്തിയത് അവരായിരുന്നു....ദേവുവിന്റെ ചെറിയമ്മ. ജാനകി. ! അവരുടെ കണ്ണുകളിൽ ഞാൻ കണ്ട ആ വെപ്രാളം.. . അതിനു ശേഷം എന്റെ പെരുമാറ്റം കണ്ടു ദേവു പല തവണ തിരക്കിയതാണ് എന്ത് പറ്റിയെന്നു. പറയാൻ തോന്നിയില്ല. അതിന്റെ പിണക്കം പെണ്ണിൽ അവശേഷിപ്പിച്ചാണ് ഞാൻ അന്നത്തെ ദിവസത്തിന് വിരാമം ഇട്ടതു തന്നെ. എന്തോ അവർ

മനസ്സിൽ നിന്നു മായുന്നില്ല. അവരിനിയും ഞങ്ങളെ തേടി വരും എന്നൊരു തോന്നൽ മനസ്സിൽ ഉരുതിരിഞ്ഞു വന്നു ..

എന്റെ ഊഹം തെറ്റിയില്ല. പിറ്റേന്ന് ദേവുവിനെ ക്ലാസ്സിലേക്ക് കയറ്റി വിട്ടതിനു ശേഷം ആരോ എന്നെ കാണാൻ വന്നിരിക്കുന്നു എന്ന് സെക്യൂരിറ്റി ഇഖ്ബാൽഇക്കയാണ് വന്നു പറഞ്ഞത്. മനസ്സിൽ കണ്ടത് പോലെ അവരു തന്നെ ആയിരുന്നു അത്. അവരെ ഞാൻ കാണാനിടയായ രണ്ടു തവണ കൊണ്ട് തന്നെ അവരുടെ സ്വഭാവം എനിക്ക് മനസിലായതാണ്. അന്നവരുടെ വായിൽ നിന്നു വീണ വാക്കുകളെല്ലാം കാതിൽ മുഴങ്ങുന്നത് പോലെ. അവരുടെ അടുത്തേക്ക് കാലുകൾ ചലിക്കുമ്പോൾ മനസ് പെരുമ്പറ മുഴക്കുക ആയിരുന്നു.... മുൻപ് കണ്ടപ്പോൾ ഉണ്ടായിരുന്നതിനേക്കാൾ വൃത്തിയുള്ള വേഷം ആയിരുന്നു അവരുടേത്. മുഖത്തു പറഞ്ഞറിയിക്കനാവാത്ത ഭാവം..

" സുഖമല്ലേ മോനെ.."

www.kambistories.com

മോനെ എന്ന വാക്കിന് മുന്നിൽ പലതും ചേർത്തു മാത്രം എന്നെ അഭിസംബോധന ചെയ്ത അവരുടെ വായിൽ നിന്നങ്ങനെ ഒന്ന് കേട്ടപ്പോൾ ഞാൻ അത്ഭുതപ്പെട്ടു.

" നിങ്ങളെന്തിനാ... വന്നത്? "

" എനിക്ക് ദേവു മോളെ ഒന്ന് കാണണം... "

" പറ്റില്ല. അവളെ ദ്രോഹിച്ചു മതിയായില്ലേ നിങ്ങൾക്ക്... അനുഭവിക്കാൻ ഉള്ളതെല്ലാം അനുഭവിച്ചു കഴിഞ്ഞാണ് എന്റെ ദേവു എന്റെ അടുത്തെത്തിയത്..ഇനി അവളെ നിങ്ങളുടെ മുന്നിൽ എന്നല്ല കൺവെട്ടത്തു പോലും ഞാൻ കൊണ്ടുവരാൻ ആഗ്രഹിക്കുന്നില്ല..... ".

" മോനെ ഞാൻ.... "

" അറുത്തു മുറിച്ചു കളഞ്ഞതല്ലേ നിങ്ങളവളും ആയുള്ള ബന്ധം . ഇനിയും അവളുടെ പിറകെ നടന്നെന്തിനാ അവളുടെ ജീവിതം നശിപ്പിക്കുന്നത് .... "

മുൻപുണ്ടായിരുന്ന അവരോടുള്ള എല്ലാ ദേഷ്യവും പറഞ്ഞു തീർക്കുകയായിരുന്നു ഞാൻ അപ്പോൾ..

" മോനെ മോനെന്തു വേണമെങ്കിലും പറഞ്ഞു കൊള്ളൂ.... കേൾക്കാൻ എനിക്ക് അവകാശം ഉണ്ട്. പക്ഷെ എനിക്ക് അവളെ കാണണം. എതിര് പറയരുത്.... "

അവരിൽ ഞാൻ മുൻപ് കണ്ട ഒരു ഭാവവും ആയിരുന്നില്ല അവർക്കിന്നു..

അവരെന്നോട് യാചിക്കുക ആണെന്ന് കണ്ടു ഞാനും ഒന്നയഞ്ഞു ..

www.kambistories.com

" എന്തിനാണ്.. അവളെ ഇനിയു ചീത്ത പറയാനോ ? അവളുടെ കണ്ണീരു കാണണോ? സമ്മതിക്കില്ല ഞാൻ. അവളിന്നനുഭവിക്കുന്ന സന്തോഷം കളയാൻ എനികാവില്ല.. നിങ്ങൾ പോകു.. അവളെ കാണാൻ പറ്റില്ല... "

അവരുടെ കണ്ണുകൾ നിറയുന്നുണ്ടായിരുന്നു . പിന്നെ ഒന്നും പറയാതെ അവർ തിരിഞ്ഞു നടന്നു. അവരുടെ അവസ്ഥ കണ്ടെനിക്ക് സഹതാപം തോന്നി.. എന്ത് കാര്യമാണവർക്കു പറയാൻ ഉള്ളതെന്ന് കേൾക്കാതെ അവരെ മടക്കി അയക്കുന്നത് തെറ്റാണെന്നു തോന്നി. ദേവുവിനെ കാണാൻ അനുവദിക്കില്ലെന്ന ഒറ്റ നിബന്ധനയിൽ അവർക്കു പറയാനുള്ളതെന്തെന്നു കേൾക്കാൻ ഞാൻ തീരുമാനിച്ചു...

കോളേജിലെ ആളൊഴിഞ്ഞ സിമെന്റ് ബെഞ്ചിൽ അവരുടെ അരികിൽ ഞാനും ഇരുന്നു . അവർ വല്ലാതെ മാറി ഇരുന്നതായി എനിക്ക് തോന്നി...

" മോന് അപകടം പറ്റി എന്ന് അറിഞ്ഞപ്പോൾ ഞാൻ ഇവിടെ വന്നിരുന്നു... ദേവു മോളെ കാണാൻ.. പക്ഷെ പറ്റിയില്ല.. നിങ്ങളെ നിങ്ങളുടെ വീട്ടിൽ വന്നു കാണാനുള്ള ധൈര്യം ഇല്ലാത്തതു കൊണ്ടാണ് അവിടേക്കു കയറി വരാതിരുന്നത്. ! "

" വളച്ചു കെട്ടാതെ നിങ്ങൾ കാര്യം പറയു എനിക്ക് തിരക്കുണ്ട് .. "

ഞാനല്പം കനത്തിൽ പറഞ്ഞു. അതിനവർ ഒരു ദീർഘ നിശ്വാസം എടുത്തു. വീണ്ടും തുടർന്നു.

" ദേവു മോളെന്നെ കുറിച്ചെന്താണ് മോനോട്

പറഞ്ഞിരിക്കുന്നതെന്നെനിക്കറിയില്ല. എങ്കിലും ഒന്നെനിക്കറിയാം. ഞാൻ പിഴച്ചവൾ ആണെന്ന്.അങ്ങനെ ആവും അവൾ എന്നെ കുറിച്ച് പറഞ്ഞിരിക്കുന്നതും. അല്ലെ ? ശരിയാണ് ഞാൻ പിഴച്ചവൾ തന്നെ ആണ്...കാശിനു വേണ്ടി ശരീരം വിറ്റവൾ..... "

മുഖം പൊത്തി അവരത് പറഞ്ഞു നിർത്തി. എങ്കിലും ആ നിറഞ്ഞ കണ്ണുകളിൽ നിന്നും ഒരിറ്റു കണ്ണുനീർ പോലും പുറത്തേക്കു വന്നില്ല. അവരെന്താണ് പറയാൻ ഉദ്ദേശിക്കുന്നതെന്നു എനിക്കൊരെത്തും പിടിയും കിട്ടുന്നില്ല. വീണ്ടും

അവർ തുടർന്നു.

" എനിക്ക് ഇഷ്ടമായിരുന്നു ദേവു മോളെ... എന്റെ മോളെ പോലെ നോക്കിക്കോളാം അവളെ എന്ന് ഞാൻ ദേവുവിന്റെ അച്ഛന് വാക്കു കൊടുതിട്ടാണ് എന്നെ അജയേട്ടൻ സ്വീകരിച്ചത്. സ്നേഹിച്ചു. എനിക്കാവുന്നവരെ. എന്റെ ജീവൻ പോലെ... പക്ഷെ ! "

www.kambistories.com

അവരൊന്നു പറഞ്ഞു നിർത്തി.

" അജയേട്ടന്റെ പ്രാരാബ്ദതിനിടയിൽ കാശുണ്ടാക്കാൻ ഞാൻ കണ്ടെത്തിയ,,, അല്ല !,,, അയാൾ രാഘവൻ കാട്ടി തന്ന വഴിയാണ് ഒരു വേശ്യയുടെ....... ആരും അറിയില്ലെന്ന് ഞാൻ വിശ്വസിച്ചു അയാളെന്നെ വിശ്വസിപ്പിച്ചു.. ആരും ഇറങ്ങാത്ത ഇറങ്ങിയാൽ കയറാൻ കഴിയാത്ത ഒരു വലിയ ചുഴി ആയിരുന്നു അതെന്നു ഞാൻ അറിയാൻ താമസിച്ചു പോയി. അയാളുടെ വെറും പാവ മാത്രമായിരുന്നു ഞാൻ പിന്നീട്. എല്ലാം അറിഞ്ഞിട്ടും അറിയാത്തതു പോലെ എന്റെ അജയേട്ടൻ നടന്നു. ചെയ്യുന്നത് തെറ്റാണെന്ന് എന്നേ പറഞ്ഞു മനസിലാക്കാൻ അദ്ദേഹം ശ്രമിച്ചില്ല. എന്റെ മോളു പോലും എന്നെ വെറുത്തു തുടങ്ങിയപ്പോഴേക്കും അയാളെനിക്കൊരു വില ഇട്ടിരുന്നു. എന്റെ അജയേട്ടന്റെയും ദേവുമോളുടെയും ജീവൻ !

എനിക്ക് പിന്നെ വേറെ വഴി ഇല്ലായിരുന്നു.. അവർക്കു വേണ്ടി അവരുടെ ജീവിനു വേണ്ടി പിന്നീട് അയാൾ ചൂണ്ടി കാട്ടിയ എല്ലാവർക്കും മുന്നിലും ഞാൻ തുണിയുരിഞ്ഞു... എല്ലാം തെറ്റായിരുന്നു... അജയേട്ടന് പറയാൻ കഴിയാതിരുന്നത് അവൾക്കെങ്കിലും പറയാമായിരുന്നു. ഞാൻ പോകുന്നത് തെറ്റിലേക്കാണെന്നു. തിരുത്തനാരുമില്ലെന്ന ധാർഷ്ട്യം......പണത്തോടുള്ള അടങ്ങാത്ത മോഹം എല്ലാം എന്നെ ഇന്ന് ആരും ഇല്ലാത്തവളാക്കി .. "

www.kambistories.com

ഒരു പൊട്ടിക്കരച്ചിലിന്റെ തുടക്കം ആയിരുന്നു അതു. ഒരു തെറ്റുകാരിയുടെ കുറ്റസമ്മതം. എങ്കിലും അവർ പറഞ്ഞാ വാക്കുകളത്രയും സത്യം ആണെന് ഞാൻ വിശ്വസിച്ചു. അവരുടെ വാക്കുകൾ അത്രക്കു മൂർച്ഛയേറിയത് ആയിരുന്നു. അവരെ ഒന്നു സമാധാനിപ്പിക്കാൻ പോലും കഴിയാതെ ഞാൻ അവിടെ ഇരുന്നു.

" ചെയ്ത്തതെല്ലാം തെറ്റായിരുന്നു.. പക്ഷെ എങ്കിലും എന്റെ മോളെ ഒരു കഴുകാൻ കണ്ണുകളിലും പെടാൻ കൊടുക്കാതെ ഒളിപിച്ചു നിർത്തി ഞാൻ. പക്ഷെ ഒരു ദിവസം അവളും എന്നെ പോലെ ഒരു ഹോട്ടലിൽ മോന്റെ കൂടെ കണ്ടു എന്നറിഞ്ഞപ്പോൾ. എല്ലാം തകർന്ന അവസ്ഥയിൽ ഞാൻ എന്തായിരുന്നു മക്കളെ നിങ്ങളോട് പറയുക... "

അന്ന് ഹോട്ടൽ റൂമിൽ വച്ചു നടന്ന സംഭവത്തിൽ ഇവരും തെറ്റുധരിച്ചിരിക്കുന്നു എന്നറിഞ്ഞതിൽ വലിയ നീരസത്തോടെ ഞാനവരെ നോക്കി.... അവര് വീണ്ടും...

" പക്ഷെ എനിക്കറിയാം എന്റെ അജയേട്ടന്റെ ചോരക്കു അങ്ങനെ ഒന്നും ചെയ്യാൻ കഴിയില്ലെന്ന്...

എങ്കിലും ഞാൻ അവളെ ഞങ്ങളിൽ നിന്നും ആട്ടിപ്പായിച്ചു... ആ നരകത്തിലേക്കാൾ അവൾക്കു സുരക്ഷിതം മോന്റെ വീടാണെന്നറിഞ്ഞു കൊണ്ട് തന്നെ ആണ് അവളെ ഞാൻ നിങ്ങളുടെ വീട്ടിലേക്കു വിട്ടത്.... "

അതൊരു ഞെട്ടലോടെയാണ് ഞാൻ ഉൾക്കൊണ്ടത്. കേട്ടതത്രയും സത്യമാണെങ്കിൽ അവരുടെ ഉള്ളിൽ ഇപ്പോഴും ദേവുവിനോടുള്ള സ്നേഹം ഒളിഞ്ഞു കിടപ്പുണ്ട്..... പക്ഷെ ഉള്ളിൽ ഇനിയും സംശയങ്ങൾ ബാക്കിയാണ്. അതു വായിച്ചെടുത്തതെന്ന പോലെ അവർ തുടർന്നു.

" ഞാൻ കണ്ടിട്ടുണ്ട് മോനെ... നേരിട്ടല്ല അവളുടെ ഡയറിയിൽ അവൾ വരച്ച ചിത്രത്തിലൂടെ. മോൻ നല്ലവനാണ്. അവളെ നന്നായി നോക്കും എന്ന് എനിക്ക് ഉറപ്പായിരുന്നു.... എന്റെ മോളവിടെ സന്ദോഷവതി ആണെന്നെനിക്കറിയാം..... "

അവരുടെ ആ വാക്കിൽ ഞാൻ ദേവുവിനോട് മുൻപ് ചെയ്ത ക്രൂരതകൾ അത്രയും എന്റെ മുന്നിൽ തെളിഞ്ഞു വന്നു...

" അയാൾ ! ആ രാഘവൻ ! കഴിഞ്ഞ ദിവസം വീട്ടിൽ വന്നിരുന്നു.. കുടിച്ചു ലക്ക് കെട്ടു... എന്തൊക്കെയോ പുലമ്പുന്നതിനിടയിൽ ആണ് അയാൾ പറഞ്ഞത് മോനെ അയാൾ ഉപദ്രവിച്ചെന്നും മറ്റും.....കുഴപ്പം വല്ലതും . "

" ഇല്ല ഇപ്പോൾ കുഴപ്പം ഒന്നുമില്ല.... "

രാഘവനോടുള്ള അമർഷം കടിച്ചമർത്തി ഞാൻ പറഞ്ഞൊപ്പിച്ചു.

" എനിക്ക് പേടിയുണ്ടായിരുന്നു മോനിനിയും ആയാളും ആയി പ്രശ്നത്തിന് പോകുമോ എന്ന്. അയാളൊരു ചെകുത്താനാണ്... എന്നെ പോലുള്ള കുറെ സ്ത്രീകളുടെ ജീവിതം നശിപ്പിച്ചയാൾ ആണ്

അയാൾ. സത്യത്തിൽ ആയാളും ഞാനും അല്ലെ തെറ്റുകാരൻ. ദൈവം അയാളെ ഒന്നും ചെയ്തില്ല. പക്ഷെ എന്നെ..... ! എന്നെ ഇന്ന് ആരും ഇല്ലാത്തവളാക്കി........ "

മുഖം പൊത്തിയിരുന്നവർ പറഞ്ഞു നിർത്തി. നിറഞ്ഞൊഴുകിയ കണ്ണുനീർ ഇനിയും ബാക്കി ആയിരുന്നു അവരിൽ.

" എനിക്കിന്ന് ആരും ഇല്ല. ദേവു മോളില്ല. അജയേട്ടനില്ല ആരുമില്ല. "

അവരാരോടൊ എന്നാ പോലെ പുലമ്പി. അവരെ ആശ്വസിപ്പിക്കാൻ എന്നാ വണ്ണം ഞാൻ അവരുടെ കൈകളിൽ ചേർത്തു പിടിച്ചു. അവരൊരു നിമിഷം എന്റെ മുഖത്തേക്ക് നോക്കി. ഒന്ന് പുഞ്ചിരിച്ചു.

www.kambistories.com

" എനിക്കവളെ ഒന്ന് കാണാമോ? "

അവരുടെ അവസാന ആഗ്രഹം എന്നോണം എന്നോട് ചോദിച്ചു. മറുപടി പറയാൻ എനിക്കായില്ല. പക്ഷെ ആലോചിച്ചപ്പോൾ ആരുമില്ലെന്ന ദേവുവിന്റെ തോന്നലിൽ നിന്നും ഇപ്പോളും അവൾ വെറുക്കുന്ന ചെറിയമ്മയെ അവൾക്കു മുന്നിൽ നിർത്തുന്നത് എല്ലാം അവൾക്കു മാറി ചിന്തിക്കാൻ ഒരു അവസരം ആകുമെന്ന് എനിക്ക് തോന്നി...

" എനിക്ക് കാണണം എന്റെ മോളെ... ചെയ്ത തെറ്റുകൾ എല്ലാം ഏറ്റു പറയണം. എല്ലാറ്റിനും മാപ്പ് പറയണം..... എനിക്ക് എന്നും അവളോട് സ്നേഹം മാത്രമേ ഒള്ളു എന്ന് പറയണം... പിന്നെ....... "

അത്രയും പറഞ്ഞവരൊന്നു നിർത്തി. പിന്നെ എന്റെ മുഖത്തേക്ക് ഉറ്റു നോക്കി..

" പിന്നേ.... അവളിനിയും കാത്തിരിക്കുന്ന അവളുടെ അച്ഛൻ,, എന്റെ അജയേട്ടൻ ഇനി മടങ്ങി വരില്ലെന്ന് അവളോട് പറയണം..... "

ഒരു വൻ പേമാരിക്കും മുൻപുള്ള ഇടിമിന്നലിന്റെ പ്രകമ്പനം പോലെ ആയിരുന്നു എന്റെ നെഞ്ചിൽ ആ വാക്കുകൾ തറച്ചത്. ദേവു എന്ത് അറിയരുതെന്ന് ഞാൻ ആഗ്രഹിക്കുന്നുവോ അതെ കാര്യമറിയിക്കാൻ ആണ് ഇവരും ഇന്ന് ദേവുവിനെ തേടി എത്തിയത്..... അറിയാതെ തന്നെ ഞാൻ ഇരുന്നിടത്തു നിന്നു എഴുന്നേറ്റ് പോയി... എന്റെ ഉള്ളം പുളയുക ആയിരുന്നു.

" അയാള് കൊന്നു മോനെ.. എന്റെ അജയേട്ടനെ. എന്റെ ദേവുമോളുടെ അച്ഛനെ..... കുടിച്ചു ലക്കുകെട്ട് എന്റെ ശരീരത്തിൽ പടർന്നു കയറിയ ആ നിമിഷം അയാളെന്നോട് പറഞ്ഞു ചിരിച്ച ഒരു തമാശ... എന്റെ കഴുത്തിലെ താലി അയാൾ അറുത്തെന്നു....... ..... "

www.kambistories.com

നിമിഷങ്ങളോളം എന്തൊക്കെയോ പുലമ്പികൊണ്ടവർ കണ്ണുനീർ ഒഴുകി. അവരെ ആശ്വസിപ്പിക്കാൻ പോന്ന വാക്കുകൾ ഒന്നും എന്റെ പക്കൽ ഉണ്ടായിരുന്നില്ല.

" ആരോടും പറയാൻ വയ്യ.. പറഞ്ഞെന്നറിഞ്ഞാൽ അയാൾ എന്നേം കൊല്ലും.. എല്ലാവരേം കൊല്ലും.. പേടിയാണെനിക്കയാളെ...എല്ലാറ്റിനും കാരണം ഈ ഞാൻ ആണ് .അജയേട്ടന് ഈ ഗതി വരാൻ കാരണവും ഞാൻ ആണ്.. ... ..എല്ലാം എനിക്ക് എന്റെ മോളോട് ഏറ്റു പറയണം. എല്ലാം ഏറ്റു പറഞ്ഞു എനിക്കാ കാലിൽ വീണു മാപ്പിരക്കണം.. "

അവരുടെ വാക്കുകളിൽ അത്രയും ആത്മാർഥത നിറഞ്ഞതായി എനിക്ക് തോന്നി. എങ്കിലു ദേവുവിനെ കാണാൻ അവരെ അനുവദിക്കാൻ അപ്പോളും എന്റെ മനസ് അനുവദിക്കുന്നുണ്ടായിരുന്നില്ല.....

ഏറെ നേരം ഞങ്ങൾ മൗനം പാലിച്ചു.. അവർ ദേവുവിനെ കാണാതെ പോവില്ലെന്നു എനിക്ക് ഉറപ്പായിരുന്നു. പക്ഷെ ദേവു ഒരിക്കലും അറിയാൻ പാടില്ലെന്ന് ഞാൻ കരുതുന്ന സത്യം ആണവർ മനസ്സിൽ സൂക്ഷിക്കുന്നത്. പക്ഷെ അതൊരിക്കലും എന്റെ ദേവു അറിയരുത്.....

അത്രയും നേരത്തെ മൗനത്തിന് ഞാൻ വിരാമം ഇട്ടു...

" എനിക്കറിയാം... അച്ഛൻ ഇനി മടങ്ങി വരില്ലെന്ന്.... ആ രാഘവൻ അച്ഛനെ........ "

വാക്കുകൾ മുഴുവിപ്പിക്കാനാവാതെ ഞാൻ തല കുനിച്ചിരുന്നു. അതിശയം കലർന്ന ഭാവത്തോടെ അവരെന്നെ നോക്കി...

" പക്ഷെ... എന്നെങ്കിലും തിരിച്ചു വരുമെന്ന് കരുതി കാത്തിരിക്കുന്ന അവളോട് ഞാൻ എങ്ങനെ പറയാൻ ആണ് ഇനി അച്ഛൻ മടങ്ങി വരില്ലെന്ന്? അവളുടെ പ്രതീക്ഷകളും സന്തോഷങ്ങളും തല്ലി കെടുത്താൻ എനിക്ക് ആവില്ല..... "

" മോനെ ഞാൻ...... "

www.kambistories.com

ഞാനവരുടെ കൈകൾ രണ്ടും എന്റെ കൈകൾക്കുള്ളിൽ ആക്കി ചേർത്തു പിടിച്ചു.

" അവളറിയരുത്..... ഒന്നും ... ഒരിക്കലും...... "

അതെന്റെ അപേക്ഷ ആയിരുന്നു... കേൾകാത്തതെന്തോ കേട്ട അതിശയ ഭാവത്തിൽ അവരെന്റെ കണ്ണിലേക്കു ഉറ്റു നോക്കി... എന്നിട്ടെന്റെ കവിളുകളിൽ കൈയിൽ ഉയർത്തി തലോടി. എന്റെ അപേക്ഷക്കു സമ്മതം എന്ന മട്ടിൽ.....

********====******====*****

കോളേജ് വരാന്തയിലൂടെ ദേവുവിന്റെ ക്ലാസ്സ് ലക്ഷ്യമാക്കി നടക്കുമ്പോൾ മനസ് ശൂന്യം ആയിരുന്നു.... ക്ലാസ്സിലേക്ക് കടന്നു ചെന്നു ക്ലാസ്സ് എടുത്തു കൊണ്ടിരുന്ന സ്റ്റെല്ല മിസ്സിനെ നോക്കി ഞാൻ നീട്ടി വിളിച്ചു...

" മിസ്സ്..... "

ക്ലാസ്സിലെ എല്ലാ ശ്രദ്ധയും എന്നിലേക്ക് മാത്രമായി..

" ആഹ്...  എന്താ അനന്ദു....?  "

" ദേവുവിനെ....  സോറി...  ദേവാനന്ദയെ കാണാൻ ഒരാള് വന്നിട്ടുണ്ട് ....  ഒന്ന് വിടാമോ ?  "

" ആഹ് ...  അതെന്താടോ..  വീട്ടിൽ വന്നു കണ്ടൽ പോരെ അവളെ.... ?  "

സ്ഥിരം തമാശ രൂപേണ പറഞ്ഞു.... പിന്നെ ദേവുവിനോട് എന്റെയൊപ്പം പോകാൻ അനുവാദവും നൽകി...

" എന്നും ഇങ്ങനെ ഉണ്ടാവില്ലട്ടോ അനന്ദു.  ഇനി പറയാനും മിണ്ടാനും ഉള്ളതൊക്കെ വീട്ടിൽ ഇരുന്നു തന്നെ പറഞ്ഞു തീർത്തിട്ട് ഇങ്ങോട്ടു വന്നാൽ മതി.... "

അവസാനമായി അവരൊരു തമാശ കൂടി തട്ടി വിട്ടു . അതിനു ക്ലാസ്സിലെ എല്ലാവരും ഒരു പോലെ അംഗീകരിച്ചു.  കൂട്ട ചിരികൾക്കു ഇടയിൽ നിന്നും ദേവു എന്റെ അടുത്തേക്ക് ഇറങ്ങി വന്നു ...  ചമ്മിയ മുഖവും ആയി അവളെന്റെ കൈയിൽ പിടിച്ചു വലിച്ചു മുന്നോട്ടു നടന്നു  .....

" എന്തുവാ നന്ദുവേട്ടാ.....    ....  എല്ലാവരുടേം മുന്നിൽ വച്ചു എന്നെ നാണം കെടുത്തിയപ്പോൾ സമാധാനം ആയോ?  അല്ല നന്ദുവേട്ടന് ക്ലാസ്സിൽ

ഒന്നും കേറണ്ടെ.....  വീട്ടിൽ ചെല്ലട്ടെ ഞാൻ അമ്മയോട് പറഞ്ഞു കൊടുക്കുന്നുണ്ട്.......  "

www.kambistories.com

അപ്രതീക്ഷിതമായി ഞാൻ ക്ലാസ്സിൽ വന്നു കയറിയതിനെ പരാതി പെട്ടി തുറക്കുകയായിരുന്നു അവൾ. അതിനു മറുപടി കൊടുക്കാതെ ഉള്ള നിൽപ്പ് കണ്ടപ്പോൾ തന്നെ അവൾക് എന്തോ പന്തികേടുള്ളത് പോലെ തോന്നി...

" എന്താ.. നന്ദുവേട്ട... എന്താ വല്ലാണ്ടിരിക്കണേ...."

" ഒന്നുമില്ല... നീ വാ..... "

ഞാനവളുടെ കയും പിടിച്ചു നടന്നു..

" ഇതെങ്ങോട്ടാ.... നന്ദുവേട്ട എനിക്ക് ക്ലാസ്സിൽ കയറണം.. ട്ടോ.. എങ്ങോട്ടന്നു പറഞ്ഞെ.... "

കാര്യം അറിയാനായി എന്റെ പിന്നാലെ നടന്നു കൊണ്ടവൾ ചോദിച്ചു...

www.kambistories.com

" നീ വാ പറയാം..... "

" വെറുതെ എന്റെ അടുത്തു ജാട കാണിക്കല്ലുട്ടോ നന്ദുവേട്ട... എനിക്കറിയാം ചുമ്മാ അങ്ങ് ഓരോന്ന് പറഞ്ഞേക്കുവാ.. കാണാൻ ആള് വന്നേക്കുന്നു എന്ന്. എന്നെ കാണാൻ ആര് വരാനാ.... "

മറുപടി കാണാഞ്ഞു അവൾ എന്റെ കൈയിലെ പിടി വിടുവിച്ചു അവിടെ തന്നെ നിന്നു.

" എന്തിനാ ഈ മുഖം വീർപ്പിച്ചു വച്ചേക്കുന്നേ.. എന്തേലും ഉണ്ടേൽ പറഞ്ഞു കൂടെ...... "

" ഒന്നുമില്ലെടീ പെണ്ണെ നീ വന്നേ ..... "

അവളുടെ പരാതി മാറ്റാനെന്ന വണ്ണം ഒന്ന് പുഞ്ചിരിച്ചു അവളുടെ തോളിൽ കൂടി കൈ ഇട്ടു അവളെയും വലിച്ചു മുന്നോട്ടു നടന്നു...

" ആഹ്...അങ്ങനെ വഴിക്കു വാ.... വെറുതെ കള്ളോം പറഞ്ഞു എന്നെ ക്ലാസ്സിൽ നിന്നും ഇറക്കിയതും പോരാ... "

പറഞ്ഞു വന്ന തമാശ അവളുടെ തൊണ്ടയിൽ തന്നെ കുരുങ്ങി നിന്നു. മരച്ചുവട്ടിൽ സിമെന്റ് ബെഞ്ചിൽ ഞങ്ങളെ നോക്കി ഇരിക്കുന്ന ചെറിയമ്മയെ അവൾ കണ്ടിരുന്നു... പെട്ടന്നവളുടെ സന്തോഷം മിന്നി മറഞ്ഞു.... ഭയം നിറഞ്ഞ കണ്ണുകളോടെ അവളെന്നെ നോക്കി....

" നന്ദുവേട്ട.... ഇവര്...... "

സംശയരൂപത്തിൽ അവളെന്നെ നോക്കി... എങ്കിലും നടത്തം നിർത്താതെ ഞാൻ അവളെയും കൂട്ടി മുന്നോട്ടു നടന്നു....

" നന്ദുവേട്ട നമുക്ക് അങ്ങോട്ട് പോകണ്ടാ.... "

തോളത്തു നിന്ന എന്റെ കൈ തട്ടി മാറ്റി അവൾ പിന്തിരിയാൻ ഒരു പാഴ് ശ്രമം നടത്തി.. അവളുടെ കൈയിൽ ഞാൻ വട്ടം പിടിച്ചു വീണ്ടും അവളെ കൂട്ടി നടന്നടുത്തു . അവരോട് അടുക്കും തോറും ദേവു വിറക്കുന്നുണ്ടായിരുന്നു... അവരോടുള്ള ദേവുവിന്റെ ഭയവും വെറുപ്പും എനിക്കതിൽ നിന്നും ഊഹിക്കാവുന്നതേ ഒള്ളു ..

അവരോടു അടുത്ത് ചെന്നതും ദേവു പിന്നോക്കം വലിഞ്ഞു എന്റെ പിന്നിൽ ആയി നിന്നു. എന്റെ കൈയിൽ ബലമായി പിടിച്ചിരുന്നു... എനിക്ക് അവളുടെ പ്രവൃത്തിയിൽ ചിരി വരുന്നുണ്ടായിരുന്നു എങ്കിലും പുറത്തു കാട്ടിയില്ല.

www.kambistories.com

" മോളെ...... "

ദേവുവിന്റെ നേർക് അവർ കൈ ഉയർത്തിയതും പേടിച്ചു പോയ ദേവു പൂർണമായും എന്റെ പിന്നിലേക്ക് വലിഞ്ഞു.. അവരുടെ മുഖത്തു വല്ലാത്തൊരു വിഷമം വന്നടിഞ്ഞു കൂടി.. തന്റെ മകൾ തന്നെ എത്രത്തോളം വെറുക്കുന്നു

എന്നവർക്ക് വ്യക്തമായി.... ഞാൻ ദേവുവിനെ ബലമായി തന്നെ പിടിച്ചു എന്റെ മുന്നിലേക്ക് നിർത്തി... ഒന്നുമില്ലെന്ന് പറഞ്ഞവളെ ആശ്വസിപ്പിച്ചു... പണ്ട് സ്കൂളിലെ എന്റെ ആദ്യ ദിവസം ആണെനിക്ക് ഓർമ വന്നത്... ടീച്ചറിനെ കണ്ടു ക്ലാസ്സിൽ കയറാൻ അന്ന് ഞാൻ എത്രത്തോളം ഭയന്നോ അതിന്റെ നൂറിരട്ടി ഭയം ഇന്ന് ചെറിയമ്മയുടെ മുന്നിൽ നിൽക്കുമ്പോൾ ദേവുവിന് ഉണ്ടെന്നു എനിക്ക് തോന്നി..... ദേവുവിനെ പിടിച്ചു മുന്നിലേക്ക് നിർത്തി ഞാൻ പതിയെ തിരിഞ്ഞു നടന്നു.... അവരുടെ സ്വകാര്യതയിലേക്കു ഞാൻ കൈ കടത്തരുതെന്നു തോന്നി.. അവർക്കു തമ്മിൽ പറയാനുള്ളത് അവര് തന്നേ സ്വയം പറഞ്ഞു തീർക്കട്ടെ എന്ന് കരുതി....

ഏറെ നേരം അവര് തമ്മിൽ സംസാരിക്കുന്നുണ്ടായിരുന്നു... എല്ലാം കുറച്ചകലെ മാറി നിന്നു ഞാൻ ശ്രദ്ധിച്ചു.. കെട്ടിപ്പിടിക്കുകയും കരയുകയും ചിരിക്കുകയും ഒക്കെ അവിടെ അരങ്ങേറുന്നുണ്ടായിരുന്നു... ഏറെ നേരത്തെ സംസാരത്തിനൊടുവിൽ അവരെന്നെ അടുത്തേക്ക് വിളിച്ചു.... പോകാനൊരുങ്ങി നിൽക്കുകയായിരുന്ന അവരെന്നോട് യാത്ര പറഞ്ഞു നടന്നു.... ബെഞ്ചിൽ മുഖം പൊതി ഇരിക്കുക ആയിരുന്നു ആ നിമിഷം എന്റെ ദേവു.....

" ദേവു....... "

വിളിച്ചത് മാത്രമേ ഓർമയുള്ളു.. നന്ദുവേട്ട എന്നലറികൊണ്ട് അവളെന്നെ കെട്ടിപ്പിടിച്ചു .. കരയുകയായിരുന്നു അവൾ... എന്റെ നെഞ്ചിൽ തലവച്ചവളെന്നെ ഇറുക്കി പുണർന്നു......

" ദേവു..... എടീ പെണ്ണെ.... ഇത് കോളേജ് ആണ്..ആരെങ്കിലും കാണും .. എന്താ നീ കാണിക്കുന്നേ...... "

" അറിയിലായിരുന്നു നന്ദുവേട്ട.....  ചെറിയമ്മയെ.....  അവർക്കെന്നോട് സ്നേഹം ആയിരുന്നെന്നു അറിഞ്ഞില്ല......  എത്ര ശപിച്ചിട്ടുണ്ടെന്നറിയുവോ ഞാൻ ആ പാവത്തിനെ........ ദൈവം എന്നോട് പൊറുക്കില്ല ...... "

" നീ എന്തൊക്കെയാ പെണ്ണെ ഈ പറയുന്നേ...?  നീ ആദ്യം നേരെ നിന്നേ..... "

ബലമായി ഞാൻ എന്നിൽ നിന്നും അവളെ അടർത്തി മാറ്റി.....

അവൾ വീണ്ടും എന്നെ കടന്നു പിടിച്ചു...  പെണ്ണിന് സന്തോഷം കൊണ്ടാണ്...  അത്രനാൾ തെറ്റുധരിക്ക പെട്ടിരുന്ന തന്റെ ചെറിയമ്മയെ പഴയ സ്നേഹത്തോടെ തിരിച്ചു കിട്ടിയതിന്റെ..  സന്തോഷം..

" അവർക്കു എന്നോട് പറയരുന്നില്ലേ..... എന്റെ അമ്മ പാവം ആയിരുന്നെന്നു.....  എന്നോട് ഒത്തിരി ഇഷ്ടം ആയിരുന്നെന്നു....  അറിഞ്ഞിരുന്നെങ്കിൽ ഞാൻ അവരെ വെറുക്കില്ലാരുന്നല്ലോ...  എന്റെ ദേവി...  പൊറുക്കണേ..... "

www.kambistories.com

അവളെന്തൊക്കെയോ പുലമ്പുകയാണ്.  എന്റെ നെഞ്ചിൽ മുഖം പൂഴ്ത്തി.... പല വാക്കുകളും അവ്യക്തമായിരുന്നു..  അതിലെ പോയ പലരുടെയും കണ്ണുകൾ ഞങ്ങൾക്ക് മീതെ ആയിരുന്നു .

" ദേവൂട്ടി... ദേ എല്ലാരും നമ്മളെ ശ്രദ്ധിക്കുന്നുണ്ട് ട്ടോ...  നീ നേരെ നിന്നേ.....  "

പറഞ്ഞത് ശരിയാണെന്നു തോന്നി അവളെനിൽ നിന്നും അടർന്നു മാറി വീണ്ടും ആ ബെഞ്ചിൽ തന്നെ പോയി ഇരുന്നു.. മുഖം പൊത്തിയിരുന്നു കുറെ നേരം...  കരയുകയാണെന്നു തോന്നിയെങ്കിലും എതിർത്തില്ല.  കരഞ്ഞു തീർക്കട്ടെ എന്ന് കരുതി...  അല്പ നേരത്തിനു ശേഷം അവള് തന്നെ കണ്ണുകൾ തുടച്ചു നേരെ ഇരുന്നു.  എന്നെ നോക്കി പുഞ്ചിരിച്ചു..  ആ പുഞ്ചിരിയിൽ കണ്ണുനീർ പൊടിഞ്ഞ അവളുടെ മിഴികളും കണ്ണുനീരുങ്ങിയ കവിളുകളും തിളങ്ങി നിന്നു.....

" സങ്കടം ഒക്കെ മാറിയോ ?  "

" സങ്കടം അല്ല....  സന്തോഷാ....  "

അവൾ കൊഞ്ചിക്കൊണ്ടെന്റെ തോളിലേക്ക് ചാഞ്ഞു....

" നന്ദുവേട്ടനെങ്കിലും എന്നോട് പറമായിരുന്നില്ലേ.... എന്തിനാ എന്നെ ഇങ്ങനെ കളിപ്പിച്ചേ......  "

" എങ്ങനെ?  "

" ചെറിയമ്മ പറഞ്ഞല്ലോ.  നന്ദുവേട്ടൻ പോയി സംസാരിച്ചു ആണ് അവരെ കൂട്ടി കൊണ്ട് വന്നതെന്ന്.... "

www.kambistories.com

എന്ത് കൊണ്ടാകാം അവരങ്ങനെ ഒരു കള്ളം പറഞ്ഞതെന്നെനിക്ക് അറിയില്ല.  എങ്കിലും അവളെ ഞാൻ തിരുത്താനും പോയില്ല.

" എന്തിനാ നന്ദുവേട്ട എന്നെ ഇങ്ങനെ സ്നേഹിക്കുന്നെ  ...  എന്താ ഞാൻ ഇതിനു പകരം തരുക.... !"

എന്റെ നെഞ്ചിലേക്ക് മുഖം പൂഴ്ത്തി വച്ചവൾ ചോദിച്ചു.... ഉത്തരം ഉണ്ടായിരുന്നില്ല എന്റെ പക്കൽ. മൗനം എങ്ങും താളം കെട്ടി.  പല കുട്ടികളുടെയും കണ്ണുകൾ ഞങ്ങൾക്ക് മേലായിരുന്നോ.  ഒരു കോളേജിൽ ആണ് തങ്ങളെന്ന കാര്യം അല്പം നേരത്തേക്കെങ്കിലും ഞങ്ങൾ മറന്നിരുന്നു...  ഞാൻ ദേവുവിനെ അടർത്തി മാറ്റി അവളെയും കൊണ്ട് ക്ലാസ്സിലേക്ക് നടന്നു.  എന്നെ വിട്ടു പോകാൻ മടിയുണ്ടായിരുന്നിട്ടും അവൾ ഒന്നും മിണ്ടാതെ ക്ലാസ്സിലേക്ക് കയറി പോയി.  പുഞ്ചിരിയോടെ...

23

ജാനകിയമ്മയുടെ വരവ് അപ്രധീക്ഷിതം ആയിരുന്നെങ്കിലും. അതു ദേവുവിൽ ഉണ്ടാക്കിയ സന്ദോഷം ചെറുതെന്നും ആയിരുന്നില്ല.. മുൻപുണ്ടായിരുന്ന അല്പ അകലം കൂടി ഞങ്ങളിൽ കുറഞ്ഞു വന്നു. അതിനു ഞാൻ ജാനകിയമ്മയോട് കടപ്പെട്ടിരിക്കുന്നു. സന്തോഷം അലയടിച്ച ദിവസങ്ങൾ. സൂര്യ പ്രകാശമേറ്റ് മഞ്ഞുതുള്ളികൾ വെട്ടി തിളങ്ങുന്ന പോലെ എന്റെ ദേവൂട്ടിയും എന്റെ മുന്നിൽ തിളങ്ങി നിന്നു. അവൾക്കെല്ലാം ആയി ഞാനും........

****-****======******=====****

" നീ എന്തുവാ നന്ദു ഈ തിരയുന്നേ? "

" എന്റെ ഒരു ബുക്ക് കാണുന്നില്ല ഏടത്തി... "

" അതിനു അടുക്കളയിൽ ആണോ അതു നീ വച്ചത് ....? "

www.kambistories.com

" എല്ലായിടത്തും നോക്കി. ഇനി ഇവിടെ കൂടിയേ ബാക്കി ഉള്ളു...... "

" അതാ റൂമിൽ തന്നെ കാണും ചെക്കാ.... അടുക്കളയിൽ കിടന്നു തിരിഞ്ഞു കളിക്കണ്ട റൂമിൽ തന്നെ പോയി നോക്ക്.... "

" അവിടെ എങ്ങും കണ്ടില്ല ഏടത്തി അതല്ലേ..... "

ഏടത്തിയെ ജോലി ചെയ്യാൻ അനുവതിക്കാതെ ഞാൻ അടുക്കളയിൽ നിറഞ്ഞു നിന്നു... അടുക്കളയുടെ ഒരു ഓരം ചേർന്ന് എന്റെ ദേവുവും നിൽപ്പുണ്ടയിരുന്നു.. ചിരിയടക്കി....

" ഈ ചെക്കനെ കൊണ്ട് തോറ്റല്ലോ..... ദേ ഈ പെണ്ണാ ഇന്നലെ ആ മുറിയൊക്കെ അടിച്ചു വാരി വൃത്തിയാക്കിയത് .. അതെവിടെ ആണ്എന്ന് വച്ചാൽ ഒന്ന് നോക്കി എടുത്തു കൊടുക്ക് ദേവു..... "

കേൾക്കേണ്ട താമസം ഒരു പുഞ്ചിരിയും ചുണ്ടിൽ നിറച്ചു അവൾ മുറിയിലേക്ക് നടന്നു. പിന്നാലെ ഞാനും...

" ഏത് ബുക്ക് ആ വേണ്ടേ ? "

മുറിക്കകത്ത് കയറ്റി വാതിൽ ചാരിയ എന്നെ ചോദ്യഭാവത്തിൽ നോക്കി അവൾ ചോദിച്ചു...

മറുപടി പറയാനായിരുന്നില്ല ചെയ്യുന്നതിൽ ആയിരുന്നു എനിക്ക് ആവേശം... ഒറ്റ നിമിഷത്തിൽ അവളെ എന്നിലേക്ക് ചേർത്ത് മുറുകെ പിടിച്ചു അവളെ ഞാൻ ഒന്ന് വട്ടം കറക്കി... അതൊട്ടും അവൾ പ്രതീക്ഷിച്ചിരുന്നില്ല...

www.kambistories.com

" അയ്യോ.. നന്ദുവേട്ട എന്നെ താഴെ നിർത്തിക്കെ... എനിക്ക് തല കറങ്ങും ട്ടോ....

എന്നെ വിട്ടേ നന്ദുവേട്ട..... ഞാൻ ദേ ചേച്ചിയെ വിളിക്കൂട്ടോ.... "

ഒരു ഭീഷണി സ്വരത്തിൽ അവൾ അതു പറഞ്ഞപ്പോൾ ഞാൻ അവളെ താഴെ നിർത്തി.. പക്ഷെ അവളിലെ പിടി വിടാൻ എനിക്ക് മനസ്സുണ്ടായിരുന്നില്ല.

" എന്റെ പെണ്ണിനെ ഒന്ന് സ്നേഹിക്കാൻ എനിക്ക് ഇനി ഏടത്തിയുടെ അനുവാദം വേണോ? "

താഴെ നിർത്തി പരിഭവം കലർന്ന സ്വരത്തിൽ ഞാൻ ചോദിച്ചു.

" ചേച്ചിയുടെ അനുവാദം വേണ്ട..  പക്ഷെ ആ പെണ്ണിന്റെ അനുവാദം വേണ്ടേ...?  ഇങ്ങനെ ഒക്കെ കെട്ടിപ്പിടിച്ചു സ്നേഹിക്കാൻ ആണേൽ.  സ്നേഹിക്കാൻ അവൾ അധിക കാലം ഉണ്ടാവുല്ലട്ടോ... ചത്തുപോകും പാവം..... "

" അങ്ങനെ അനുവാദം ചോദിച്ചിട്ടാണോ ആരെങ്കിലും സ്നേഹിക്കുന്നെ ?  "

" അതല്ല..   എന്നാലും..... "

" ഒരെന്നാലും ഇല്ല...  പിന്നെ അങ്ങനെയൊന്നും ഞാൻ എന്റെ ദേവൂട്ടിനെ കൊല്ലാൻ ഉദ്ദേശിച്ചിട്ടില്ല.... അവളെ ഞാൻ ഇങ്ങനെ ചേർത്തു നിർത്തി സ്നേഹിച്ചു കൊല്ലാകൊല ചെയ്യും.... "

www.kambistories.com

അവളെ അങ്ങനെ കൂടുതൽ നെഞ്ചിലേക്ക് ചേർത്ത് നിർത്തി ഞാൻ പറഞ്ഞു.

" മം...  ഇതെന്താ ഇപ്പൊ എന്റെ നന്ദുട്ടന് പെട്ടന്നൊരു സ്നേഹം തോന്നാൻ... "

എന്റെ മൂക്കിന്റെ തുമ്പിൽ വിരലുകൾ കൊണ്ടമർത്തി അവൾ ചോദിച്ചു.

" ഒന്നുല്ലല്ലോ....  പെട്ടന്ന് ഒന്ന് സ്നേഹിക്കണം എന്ന് തോന്നി...  അത്ര തന്നെ..... "

" ഓഹോ...   എന്നാൽ മോനങ്ങോട്ട് മാറിക്കെ.  സ്നേഹിക്കാൻ കണ്ട സമയം. എനിക്ക് അടുക്കളയിൽ പണി ഉണ്ട്... "

" അതൊക്കെ ഏടത്തി നോക്കി കൊള്ളും പെണ്ണേ...നീ ഇവിടെ നിക്ക്  "

" പിന്നെ ആ വയ്യാത്ത ചേച്ചിയെ കൊണ്ടാണോ പണി എടുപ്പിക്കണേ..  പിന്നെ ഞാൻ എന്തിനാ ഇവിടെ ഉള്ളേ..... "

" എന്നെ നോക്കാൻ..... "

www.kambistories.com

" നല്ല കഥയായി...  ഇതിപ്പോ എന്താ ഇങ്ങനെ ഒക്കെ ആവോ....ന്റെ ദേവിയെ... . "

അവളെന്റെ നെഞ്ചിലേക്ക് തല ചായ്ച്ചു നിന്നു കൊണ്ടു ചോദിച്ചു..

" ദേവു..... "

" മ്മം... "

" ദേവൂട്ടി..... "

" എന്തുവാ...... "

", എനിക്കൊരു ഉമ്മ തരുവോ..... "

" അയ്യോ..... "

അരുതാത്തതെന്തോ കേട്ട മട്ടിൽ അവൾ എന്നെ ഒന്ന് സൂക്ഷിച്ചു നോക്കി .

" അതൊന്നും പറ്റില്ലാട്ടോ .. നന്ദുവേട്ട.... എനിക്ക് പേടിയാ .... "

" എന്തിനാ പേടി....ഇനി അതിനും ഏടത്തീടെ സമ്മതം വേണോ... "

" എനിക്ക് ഇതൊന്നും ശീലമില്ല നന്ദുവേട്ട..... പ്ലീസ് ..... "

", പിന്നെ എനിക്ക് ഇത് തന്നെ ആയിരുന്നല്ലോ അല്ലെ പണി? "

" കളിക്കണ്ട് പോയെ നന്ദുവേട്ട.... എനിക്ക് വയ്യാട്ടോ..... "

ചെറിയ പരിഭവത്തോടെ അതു പറഞ്ഞവൾ ചുണ്ടു മലർത്തി.. അവളുടെ മുഖം അത്രയും സന്ധ്യക്കു കാണപ്പെടുന്ന ആകാശം പോലെ ചുവന്നു തുടുത്തിരുന്നു. നാണം കൊണ്ട്. !

അനുവാദം ചോദിക്കാനോ പറയനോ ഉണ്ടായിരുന്നില്ല.... അവളുടെ ഇടുപ്പിൽ കൈ അമർത്തി അവളെ ഞാൻ എന്നിലേക്ക് ചേർത്തു വലിച്ചു.... ആദ്യമായി അവളിൽ വിഗാരത്തിന്റേതായ ഒരു ഭാവം മിന്നി മറഞ്ഞത് ഞാൻ കണ്ടു... അവളുടെ മുഖത്തേക്ക് എന്റെ മുഖം അടുക്കും തോറും അവൾ ഈർഷ്യയോടെ മുഖം മാറ്റുന്നുണ്ടായിരുന്നു.....

www.kambistories.com

പെട്ടന്നവളെന്റെ മുഖം പിടിച്ചു ഒരു വശത്തേക്ക് ചെരിച്ചു കവിളിൽ അവളുടെ ചുണ്ടുകൾ ചേർത്തു.....

..... എല്ലാം ഒറ്റ സെക്കന്റിൽ കഴിഞ്ഞു. അവളുടെ ആദ്യ ചുംബനം എനിക്കൊന്നു ആസ്വദിക്കാൻ പോലും കഴിഞ്ഞില്ല.....

" പോരെ... ഇനി പോട്ടേ...... "

എന്നെ തള്ളി മാറ്റി വേഗത്തിൽ അവൾ പുറത്തേക്കു നടന്നു... പക്ഷെ അതവളുടെ വെറും പാഴ് ശ്രമം മാത്രം ആയിരുന്നു. ഞൊടിയിടയിൽ അവളെ ഞാൻ ഭിത്തിയിലേക്കു ചേർത്തു നിർത്തി..

" ഇനി എന്താ നന്ദുവേട്ട.. ഞാൻ തന്നല്ലോ.. മാറിക്കെ... ചേച്ചി അന്വേക്ഷിക്കുട്ടോ..... "

എന്നെ തള്ളി നീക്കാൻ അവൾ ഒരു വിഫല ശ്രമം നടത്തി.

www.kambistories.com

" കഷ്ടം ഉണ്ടുട്ടോ നന്ദുട്ട.... ചോതിച്ച സാധനം ഞാൻ തന്നല്ലോ.... "

മുഖത്തൊരു പുഞ്ചിരി മാത്രം വരുത്തി ഞാൻ അവളുടെ അരികിലേക്ക് ചേർന്ന് നിന്നു... അവളുടെ അരികിലേക്ക് ഞാൻ ചേർന്ന് വരുന്നതിനനുസരിച്ചു അവളുടെ ശ്വാസഗതിയിൽ മാറ്റം വരുന്നുണ്ടായിരുന്നു. എന്റെ ഉദ്ദേശം എന്താണെന്നും അടുത്ത എന്റെ നീക്കം എന്തെന്നും അവൾക് വ്യക്തമായി അറിയാമായിരുന്നു.... അതു കൊണ്ടു തന്നെ ആവാം എന്റെ ചുണ്ടുകൾ അവളുടെ നേരെ എത്തിയപ്പോൾ അവൾ മുഖം ചെരിച്ചത്. അവളുടെ പവിഴ ചുണ്ടുകൾ ആയിരുന്നു എന്റെ ലക്ഷ്യം.. ആ ചുവന്ന ചുണ്ടുകൾ നുണഞ്ഞു അതിന്റെ രുചി അറിയാൻ പലപ്പോഴും എന്റെ മനസ്സ് ആഗ്രഹിച്ചിട്ടുണ്ട്. പക്ഷെ ഉന്നം തെറ്റി... മുഖം ചെരിച്ചതിനനുസരിച്ചു എന്റെ ചുണ്ടുകൾ പതിച്ചത് അവളുടെ കവിളുകളിൽ ആണ്.. ചുവന്നു തുടുത്ത കവിളുകളിൽ എന്റെ ചുണ്ടു പരതി നടന്നു. വിട്ടു കൊടുക്കാൻ ഞാൻ ഒരുക്കം അല്ലായിരുന്നു. അവളുടെ കവിളിൽ പല്ലുകൾ ഇറക്കി പതിയെ ഒന്ന് കടിച്ചു...

" ആഹ് .. ..... "

അറിയാതെ അവളിൽ നിന്നൊരു ശബ്ദം ഉയർന്നു. അതു വേദനയുടെ ആയിരുന്നോ. അറിയില്ല.

അവളെന്റെ മുഖത്തേക്ക് ഒന്ന് ഉറ്റു നോക്കി. എന്റെ ഭാവം എന്തെന്നറിയാൻ. എന്റെ കണ്ണുകളിൽ അവളുടെ ചുണ്ടുകൾ എന്നെ മാടി വിളിക്കുന്നത് പോലെ തോന്നി . അവളെന്നെ ദയനീയമായി ഒന്ന് നോക്കി.. ശേഷം കണ്ണുകൾ ഇറുക്കി അടച്ചു.

" നന്ദുവേട്ട വേ........ "

പറഞ്ഞു തീർക്കാൻ അവൾക്ക് അവസരം ഒരുക്കുന്നതിന് മുൻപേ അവളുടെ ചുണ്ടുകൾ ഞാൻ പൂട്ടിയിരുന്നു. എന്റെ ചുണ്ടുകൾ കൊണ്ട്.

ചുണ്ടുകൾക്കിടയിൽ കുടിങ്ങിയ അവളുടെ ആ നനുത്ത ഇതളുകളെ നുണഞ്ഞു കൊണ്ടിരിക്കെ അവളിലൂടെ കറന്റ് കടന്നു പോകുന്നത് പോലെ അവൾ വിറക്കാൻ തുടങ്ങി.. ആസ്വാദ്യകരമായ ചുംബനം.. ഒരു പെണ്ണിന്റെ ചുണ്ടിതളുകൾക്കു അത്രമേൽ മൃദുലതയും സ്വാതും ഉണ്ടെന്നറിഞ്ഞ നിമിഷം. ആ ചുണ്ടുകൾക്കും നമ്മളെ കീഴടക്കാനാകും എന്ന് ഞാൻ അനുഭവിച്ചറിഞ്ഞ നിമിഷം. അതായിരുന്നു അതു.

www.kambistories.com

ആവേശം അലയടിച്ച ആ നിമിഷം അറിയാതെ എന്റെ കൈകൾ അവളിലൂടെ ഇഴഞ്ഞു നടന്നു... അവസാനം ആയി അതു വിശ്രമിച്ചത് അവളുടെ ആ ചെറു മുഴുപ്പുള്ള മൃതുവാർന്ന മുലകളിൽ ആണ്....അതുവരെയും എല്ലാം ആസ്വദിച്ചു നിന്ന ദേവുവിലൂടെ ഒരു വിറയൽ ഒന്ന് കൂടി കടന്നു പോലെ. തകൃതിയായി നടന്നു വന്ന ചുംബനത്തിന്റെ താളം തെറ്റി. അവൾ അതെല്ലാം ആസ്വദിക്കയാണെന്നു ഞാൻ ധരിച്ചു. അതുവരെ ക്രിക്കറ്റ് ബോൾ മാത്രം പിടിച്ചു പരിജയം ഉള്ള എനിക്ക് ആ മുലകൾ അതിനോട് സാമ്യം തോന്നി.... ആദ്യമായ് ഒരു പെണ്ണിന്റെ മുലകൾ കൈയിൽ കിട്ടിയ ആഹ്ലാദം കൊച്ചുകുട്ടിയുടെ കൈയിൽ കളിപ്പാട്ടം കിട്ടിയത് പോലെ ഒരു കൗതുകം. എല്ലാം ചേർന്ന് വന്നു. എങ്ങനെ അത് കൈകാര്യം ചെയ്യണം എന്ന് പോലും അപ്പോൾ എനിക്ക് അറിയില്ലായിരുന്നു...

ചുംബനത്തിന്റ തീവ്രത ഏറിവന്നതും എന്നിലെ ആവേശവും വർധിച്ചു. എല്ലാ ശക്തികളും കൈകളിൽ ആവാഹിച്ചു ഞാൻ അവളുടെ കുഞ്ഞി മുലകളിൽ തഴുകി... പഞ്ഞി പന്തിൽ കൈ അമർത്തുന്നു പോലെ അവ ഒരുപോലെ എന്റെ കൈയിൽ ഞെങ്ങി അമർന്നു....

" മ്മ്മ്മ് ...... " അസഹ്യമായ ഒരു മൂളൽ അവളിൽ നിന്നും ഉയർന്നു. അവളെന്നെ ബലമായി തന്നേ തള്ളി മാറ്റി. എന്താണ് കാര്യമെന്നറിയാതെ ഞാൻ അവളെ തന്നെ നോക്കി നിന്നു.. മിഴികൾ നിറഞ്ഞു തുളുമ്പിയ അവസ്ഥ. ചുംബന സുഖം തെല്ലും തൊടാത്ത അവളുടെ ആ മുഖഭാവം എന്നെ അമ്പരിപ്പിച്ചു.

" ദേവു.... "

വിളിക്കുന്നതിന് മുൻപേ അവളെന്നെ തള്ളി നീക്കി പുറത്തേക്കോടി ഇരുന്നു. എന്റെ കൈ അവളിൽ വേദന ഉണർത്തി എന്നെനിക്കു ഉറപ്പായി. മുൻപരിചയം ഇല്ലാതെയുള്ള എന്റെ ആ പ്രവൃത്തിയെയും അങ്ങെനെ ചെയ്യാൻ അപ്പോൾ എന്നെ പ്രേരിപ്പിച്ച മനസിനെയും ആ നിമിഷം ഞാൻ പഴിച്ചു...

ആദ്യമായി ലഭിച്ച സുഖത്തിന്റെ അവസ്ഥയെ മനസ്സിൽ പഴിച്ചു ദേവുവിന്റെ പിന്നാലെ ഓടി പുറത്തേക്കിറങ്ങുന്നത് അമ്മയുടെ മുന്നിലേക്കാണ്... അടുത്തല്പം മാറി ഏടത്തിയും കൂടെ ദേവുവും നിൽക്കുന്നു..ദേവുവിന്റെ കൈയിൽ ഏടത്തി മുറുകെ പിടിച്ചിരുന്നു.... അപ്പോഴും അവളുടെ മിഴികളിൽ നനയവുണ്ടായിരുന്നു. .. ചെയ്ത അബദ്ധത്തിനു മുന്നിൽ പിടിക്കപ്പെട്ടു എന്നെനിക്കു ഉറപ്പായിരുന്നു.

www.kambistories.com

" കഴിഞ്ഞോ? " അവളുടെ കൈയും പിടിച്ചു മുന്നിലേക്ക് നടന്നടുത്ത

ഏടത്തിയുടെ ചോദ്യം കെട്ടു ഞാൻ ഒന്ന് പകച്ചു പോയി...

" എന്ത്...? "

" ബുക്ക് തിരഞ്ഞു കഴിഞ്ഞോ എന്ന് ? "

" ആഹ് കഴിഞ്ഞു...? "

ചെറിയൊരു ആശ്വാസത്തോടെ ഞാൻ പറഞ്ഞു. പെട്ടന്ന് അമ്മ എന്റെ മുന്നിലേക്ക് കടന്നു നിന്നു...

" എന്നിട്ടു കിട്ടിയോ നിന്റെ ബുക്ക്? "

" ഇല്ലമ്മേ..... "

തല താഴ്ത്തി ഞാൻ അങ്ങനെ പറഞ്ഞൊപ്പിച്ചതും അമ്മയുടെ കൈ എന്റെ മുഖത്തു പതിച്ചതും ഒരുമിച്ചായിരുന്നു...... അസഹനീയമായ വേദനയിൽ എന്റെ കണ്ണ് മങ്ങി പോയത് പോലെ തോന്നി.... അമ്മ എല്ലാം അറിഞ്ഞു എന്നും നടന്നതെല്ലാം കണ്ടു കാണുമെന്നു എനിക്ക് ഊഹിക്കാവുന്നതേ ഉണ്ടായിരുന്നുള്ളു...

" നീ എന്താ കരുതിയത് ഞങ്ങളെയെല്ലാം വെറും മണ്ടന്മാരാക്കി ഈ പാവം കൊച്ചിനെ പറ്റിക്കാം എന്നോ? "

അമ്മയുടെ ഉച്ചത്തിലുള്ള വാക്കുകൾ കാതിൽ മുഴങ്ങി നിന്നു....

" ഒരു പെണ്ണിനെ ചതിക്കാൻ മാത്രം എന്റെ മകനു ധൈര്യം ഉണ്ടായിരുന്നോ..... "

അമ്മ ഒരുനിമിഷം എന്നെ ദയനീയമായി ഒന്ന് നോക്കി. അവരുടെ വാക്കുകളിൽ ഒളിഞ്ഞു കിടന്ന അർദ്ധം എനിക്ക് അപ്പോഴും വ്യക്തമായിരുന്നില്ല.

" അമ്മെ അമ്മ കരുതുന്ന പോലെ ഒന്നും അല്ല കാര്യങ്ങൾ... "

" പിന്നെ ഞാൻ കണ്ടത് എന്താ...... അമ്മയുടെ മുഖത്തു നോക്കി കള്ളം പറയാനും പഠിച്ചോ നീയ്? ഈ പാവം പെണ്ണിനോട് അങ്ങനെ ഒക്കെ ചെയ്യാൻ നിനക്ക് എങ്ങനെ തോന്നി.... "

അമ്മയുടെ വാക്കുകൾ എന്താണ് ഉദ്ദേശിക്കുന്നത് എന്ന് എനിക്ക് അപ്പോൾ ആണ് മനസിലായത്. ഞാൻ അവളെ ബലമായി ചുംബിച്ചിരിക്കുന്നു.. അവളുടെ നിറഞ്ഞൊഴുകിയ കണ്ണുകൾ അതിന്റെ തെളിവുകൾ ആണ്.

" അമ്മെ അവനു പറയാൻ ഉള്ളതെന്തെന്ന് കൂടി കേൾക്കു അമ്മെ... "

ഏടത്തി പറഞ്ഞു..

www.kambistories.com

" നീയും കണ്ടതല്ലേ മോളെ ഇവൻ ഇവളെ.... ച്ചെ... "

" അമ്മെ .... നന്ദുവേട്ടൻ അല്ല... ഞാനാ... ഞാനാ തെറ്റ്കാരീ... എനിക്ക് ഇഷ്ടമാ നന്ദുവേട്ടനെ........ "

ഏടത്തിയുടെ പിടിവിട്ടു അമ്മയുടെ മുന്നിലേക്ക് കയറി നിന്നു എന്നെ അടിക്കാനായി ഓങ്ങിയ കൈയിൽ പിടിച്ചു ദേവു കരഞ്ഞു പറഞ്ഞു.. അമ്മ കേട്ടത് വിശ്വസിക്കാനവാതെ അവളെ നോക്കി..

" ദേവു ... മോളെ... നിനക്ക് അറിയാവുന്നതല്ലേ ഇവനെ... ഇത്രയും നിന്നേ ഇവൻ ദ്രോഹിച്ചിട്ടും എങ്ങനെ ഇവനെ വിശ്വസിക്കാൻ തോന്നുന്നു മോളെ നിനക്ക്? "

അവളുടെ കവിളുകളിലൂടെ തലോടി അമ്മ ചോതിച്ചു. അമ്മയുടെ വാക്കുകൾ ശെരി ആയിരുന്നു. പുറത്തു നിന്നു നോക്കുന്ന ആർക്കും ഇത് ഒരുനിമിഷത്തിൽ അംഗീകരിക്കാൻ കഴിയുന്നതല്ല.പ്രതികരിക്കാൻ എനിക്ക് കഴിഞ്ഞില്ല.

" എനിക്കറിയില്ല അമ്മെ...... ഒന്നും..... പക്ഷെ എനിക്ക് എന്റെ നന്ദുവേട്ടനെ വിശ്വാസ.. എന്നെ പറ്റിക്കുവല്ല..... എന്നെ ഒത്തിരി ഇഷ്ടാ..... "

" മോളെ.... നീ... വെറുതെ..... "

അമ്മക് അവളെ എങ്ങനെ പറഞ്ഞു മനസിലാക്കണം എന്ന് അറിയാത്ത പോലെ.

" അമ്മെ ഞാൻ..... "

www.kambistories.com

എന്റെ ശബ്ദം ഉയർന്നു. അമ്മക്കു മുന്നിൽ എന്നും അനുസരണയോടെ നിന്നേ എനിക്ക് ശീലം ഉള്ളു. എങ്കിലും ഇനിയും മൗനം പാലിക്കുന്നത് തെറ്റാണ്എന്ന് മനസ് പറഞ്ഞു.

" നീ ഇനി ഒന്നും പറയണ്ടാ....എനിക്കിനി ഒന്നും കേൾക്കുകയും വേണ്ടാ.. "

അമ്മ എന്റെ നേരെ അലറി.

" ഇല്ലമ്മേ എനിക്ക് പറയണം..... എനിക്ക് പറയാൻ ഉള്ളതൊന്നും അന്നും ആർക്കും കേൾക്കാൻ ഉണ്ടായിരുന്നില്ലല്ലോ.. എന്നും പറയാൻ ഉള്ളതെല്ലാം പറയാതെ മിണ്ടാതിരുന്നതാണ് എനിക്ക് ഇന്നീ പറ്റിയ അവസ്ഥക്ക് കാരണം ....... "

ഞാനൊരു മുഖാവരയോടെ തുടക്കം ഇട്ടു. ദേവുവിൽ നിന്നു മാറി എല്ലാവരും എന്നെ നോക്കി നിൽക്കെയാണ് എനിക്ക് എന്താണ് പറയാൻ ഉള്ളതെന്നറിയാൻ.

" എനിക്ക് പറയാനുള്ളതെന്തെന്ന് എപ്പോഴെങ്കിലും കേൾക്കാൻ അമ്മ കൂട്ടാക്കിട്ടുണ്ടോ.. എന്റെ മനസ്സിൽ എന്താ ഉള്ളതെന്ന് അറിയാൻ എങ്കിലും ശ്രമിച്ചിട്ടുണ്ടോ ? "

അമ്മയുടെ മുഖത്തു നോക്കി ആദ്യമായാണ് ഞാൻ ശബ്ദം ഉയർത്തുന്നത്.

" നന്ദു ആരോടാ നീ പറയുന്നതെന്നറിയാമോ? "

www.kambistories.com

അത്രയും നേരവും മൗനത്തിൽ നിന്ന ഏടത്തി ഇടയ്ക്കു കയറി ചോദിച്ചു. അതു കാര്യം ആക്കാതെ ഞാൻ തുടർന്നു. എല്ലാവരോടും ആയി....

" എനിക്ക് ദേവുവിനെ ഇഷ്ടം ആണ്. അതു പക്ഷെ അമ്മ കരുതുന്നത് പോലെ ആരെയും ചതിക്കനോ വഞ്ചിക്കാനോ അല്ല... വെറുപ്പായിരുന്നു സമ്മതിച്ചു.... പക്ഷെ ഇവളുടെ ഈ മനസു നിറയെ എന്നോടുള്ള സ്നേഹം മാത്രമേ ഒള്ളു.... അതു കണ്ടില്ലെന്ന് വക്കാൻ മാത്രം ക്രൂരൻ അല്ല അമ്മയുടെ മോൻ.... (ഏടത്തിയുടെ നേരെ തിരിഞ്ഞു ) ഇഷ്ടപ്പെട്ടു പോയതാ ഏടത്തി.. എപ്പോഴോ..... ഇനി ആര് പറഞ്ഞാലും പറിച്ചു മാറ്റാൻ പറ്റില്ല...."

കണ്ണുകൾ നിറയുന്നുണ്ടായിരുന്നു....... എല്ലാവരിലും അതെ അവസ്ഥ... ദേവുവിനെ നോക്കി. കരച്ചിലടക്കാൻ ആവാതെ എല്ലാം കേട്ടു നിശബ്ദം ആയി കണ്ണീരൊഴുക്കയാണവൾ. എല്ലാവരും കാൺകെ അവളുടെ കണ്ണുകളിലെ കണ്ണുനീർ തുടച്ചു ഞാൻ അവളോട് ആയി തുടർന്നു.

" മുൻപ് നീ പറഞ്ഞത് പോലെ. ഒരു കുന്നോളം ദേഷ്യം മനസ്സിൽ ഉണ്ടായിട്ടു ഇപ്പൊ എനിക്ക് നിന്നേ ഇഷ്ടാ.ഒത്തിരി .. ഒരു കടലോളം...... "

അറിയാതെ തന്നെ വാക്കുകൾ മുറിഞ്ഞു പോയി.

"നന്ദുവേട്ട..... "

അത്രനേരവും എന്റെ കണ്ണുകൾക്ക് നോക്കി നിന്ന ദേവു എന്റെ നെഞ്ചിലേക്കു ചാഞ്ഞു.....

കണ്ടുനിൽക്കാൻ ശേഷി ഇല്ലാതെ ഏടത്തിയും പൊട്ടിക്കരഞ്ഞു.... പക്ഷെ അമ്മ.... നിറഞ്ഞു വന്ന കണ്ണുനീർ തുടച്ചു നീക്കി അമ്മ സ്വന്തം മുറിയിലേക്ക് നടന്നു നീങ്ങി. ഞാൻ പറഞ്ഞതത്രയും അമ്മക്ക് അംഗീകരിക്കാൻ കഴിയില്ല എന്ന മട്ടിൽ... അതു കണ്ടു ദേവുവും എന്നെ വിട്ടു മാറി അമ്മയുടെ പിന്നാലെ ഓടി... പറഞ്ഞത്രയും മനസ്സിൽ തട്ടി തന്നെ ആയിരുന്നു. എന്നേ പറയേണ്ട കാര്യങ്ങൾ വൈകി ആണെങ്കിലും എല്ലാവരെയും അറിഞ്ഞതിന്റെ സമാധാനമായിരുന്നു മനസ് നിറയെ. പക്ഷെ ദേവു ആഗ്രഹിച്ചത് പോലെ ആവാതെ എല്ലാം നാടകതെ ഇരുന്നതിൽ സങ്കടവും.

എല്ലാം നോക്കി കണ്ടു മാത്രം നിന്ന ഏടത്തി അപ്പോഴാണെന്റെ അരികിലേക്ക് വന്നത്...

" ഏടത്തി ഞാൻ.... ഏടത്തിക്കു തോന്നുന്നുണ്ടോ ഒരു പെണ്ണിനെ പറഞ്ഞു ചതിക്കാൻ മാത്രം ദുഷ്ടനാണ് ഞാൻ എന്ന്.... "

" അവളുടെ കഴുത്തിൽ ആ താലി വീണ്ടും കണ്ടപ്പോഴേ എനിക്ക് അറിയാമായിരുന്നു നിങ്ങൾ തമ്മിൽ.... "

പറഞ്ഞു മുഴുവിപ്പിക്കാതെ അവരെന്റെ തോളിൽ കൈകൾ വച്ചെന്നേ സമാധാനിപ്പിച്ചു..അതിശയം ആയിരുന്നു അവരുടെ ആ വാക്കുകൾ. .

" എനിക്ക് സന്തോഷമേ ഒള്ളു.... നിങ്ങൾ ഒന്നാകുന്നത് ഏറ്റവും ആഗ്രഹിച്ചത് ഈ ഞാൻ അല്ലേടാ....... "

ഏടത്തിയെ കുറിച്ചുള്ള എന്റെ ചിന്തകളെ എല്ലാം മാറ്റി മറിക്കാൻ പോന്നതായിരുന്നു ആ വാക്കുകളെല്ലാം.

ഏടത്തിയുടെ വാക്കുകൾ മനസ് വെന്തുരുകുന്ന ആ നിമിഷത്തിലും ഒരു കുളിർ മഴ ആയിരുന്നു.

" ഏടത്തി പക്ഷെ അമ്മ..... "

www.kambistories.com

" അമ്മക്ക് അവളെ അത്രക്ക് ഇഷ്ടം ആടാ.. അതുകൊണ്ടല്ലേ...അവൾക് ഇനിയും എന്തെങ്കിലും പറ്റുന്നത് സഹിക്കാൻ പറ്റില്ല ആ പാവത്തിനു എല്ലാം മനസ്സിലാക്കുമ്പോൾ അമ്മ തന്നെ എല്ലാം സമ്മതിക്കും. നീ വിഷമിക്കണ്ടാ.... "

അപ്പോഴും എന്റെ മനസ്സ് അമ്മയുടെ മുറിക്കു മുന്നിൽ ആയിരുന്നു. അമ്മയുടെ മുറിയിൽ കയറിയ ദേവുവിനെ ഓർത്തു ഉരുകുക ആയിരുന്നു അതു.

******======*****-==*****

എപ്പോളോ അടഞ്ഞു പോയ കണ്ണുകൾ. അടുത്തരോ ഉണ്ടെന്നു തോന്നിയാണ് തുറന്നത്..... നോക്കുമ്പോൾ അമ്മയാണ്....
" ഉറങ്ങിയോ? "

ചോദ്യം കേട്ടു നിൽക്കെ ചാടിയെഴുന്നേറ്റു ഞാൻ നേരെ ഇരുന്നു..

" അമ്മയോട് ദേഷ്യമാണോ? "

അടി കൊണ്ട് ചുവന്ന കവിളുകളിൽ കൈ ഓടിച്ചു അമ്മ ചോദിച്ചു.

അതൊരു പാവം പെണ്ണടാ..... നല്ലതേത് ചീത്തയെതെന്നു പോലും തിരിച്ചറിയാൻ കഴിയാത്ത ഒരു പാവം..അനുഭവിക്കാൻ ഉള്ളതെല്ലാം അനുഭവിച്ച ആ കൊച്ചു ഇങ്ങോട്ടു വന്നത്. ഇവിടെ വന്നപ്പോഴും അതിനു അതു തന്നെ ആയിരുന്നില്ലേ അവസ്ഥ... പക്ഷെ നിങ്ങളെ ആ ഒരവസ്ഥയിൽ കണ്ടപ്പോൾ ....... എന്റെ മോന് തെറ്റ് പറ്റി എന്നൊരു തോന്നൽ..... അമ്മക് അറിയില്ലായിരുന്നല്ലോ ഡാ കുട്ട നിനക്ക് അവളെ ഇഷ്ടം ആണെന്ന്.. "

ഒരു കരച്ചിലിന്റെ വക്കോളം എത്തിയാണ് അമ്മ അതു പറഞ്ഞു തീർത്തത്...

" അമ്മെ ഞാൻ.... "

" സന്തോഷമേ ഒള്ളു.. എൻറെ കുട്ടീടെ പെണ്ണായിട്ടു തന്നെയാ അവളെ ഞാൻ സ്നേഹിച്ചു തുടങ്ങിയത്.. അങ്ങനെ തന്നെ കാണാനാ എനിക്ക് ഇഷ്ടവും.... പക്ഷെ അവളെ നീ ചതിക്കരുത്. പാതി വഴിയിൽ ഉപേക്ഷിക്കുകയും അരുത്. ... "

" ഇല്ലമ്മേ ദേവുവിനെ ഇനി പിരിയാൻ എനിക്ക് ആവില്ല.... "

" അവളെ കുറിച്ച് അറിയാൻ നിനക്ക് ഇനിയും ഉണ്ടല്ലോ.. എല്ലാം അറിയുമ്പോഴും എന്റെ മോൻ ഇത് തന്നെ പറയുമോ "

അമ്മയുടെ ചോദ്യത്തിനർദ്ധം മനസിലായില്ല എങ്കിലും അമ്മയുടെ ഭാഗത്തു നിന്നും ഒരു പച്ചകൊടി കാട്ടിയ സന്തോഷത്തിൽ ഞാൻ എല്ലാറ്റിനും തലയാട്ടി സമ്മതിച്ചു...

അമ്മയുടെ മടിയിൽ തലവച്ചു കിടക്കുമ്പോൾ ആണ് അമ്മ മറ്റൊരു കാര്യം കൂടി പറഞ്ഞത്.....

ഞങ്ങൾ ഒന്നിക്കണം എങ്കിലും ദേവു മോളുടെ അച്ഛന്റെ സമ്മതം കൂടി വേണം എന്ന്.... ആരും അറിയാതെ ഞാൻ നെഞ്ചിലൊളിപ്പിച്ച രഹസ്യം അമ്മയും അറിയണം എന്നെനിക്കു തോന്നി... പറയാൻ തോന്നിഇല്ല. മനസ്സ് നീറുകയായിരുന്നു.പറയാൻ പല തവണയായി നാവു പൊന്തി വന്നു പക്ഷെ കഴിഞ്ഞില്ല.. അപ്പോഴേക്കും ഏടത്തി മുറിയിലേക്ക് കയറി വന്നിരുന്നു പിന്നാലെ ദേവുവും .. ദേവുവിന് ആരും ഇല്ലെന്ന സത്യം അതോടെ എന്നിൽ തന്നെ ഞാൻ ഒതുക്കി വച്ചു...

കഴിഞ്ഞു പോയ സങ്കടങ്ങൾക്ക് അപ്പുറം എന്നോ മറന്നു പോയ ചിരിയും കളിയും തമാശയും ആയി എന്റെ കുടുംബത്തോടൊപ്പം എന്റെ ജീവിതം മുന്നോട്ടു.... എന്റെ ദേവുവിനൊപ്പം..

ഇനി ദേവു ഒറ്റക്കല്ല.. കൂടെ നടക്കാൻ ഞാൻ ഉണ്ട് .....

അച്ഛൻ എന്തെന്നോ അച്ഛന്റെ സ്നേഹം എന്തെന്നോ തിരിച്ചറിയുന്നതിനു മുന്നേ നഷ്ടപ്പെട്ടതിനെനിക്ക് എന്റെ അച്ഛനെ. ഫോട്ടോയിൽ കണ്ട പരിചയം അല്ലാതെ അങ്ങേരും ആയി എനിക്കൊരു ആത്മ ബന്ധവും ഇല്ല. അച്ഛന്റെ സ്നേഹവും സ്വഭാവവും അല്പമെങ്കിലും കിട്ടിയത് ഏട്ടനാണ്. അതു കൊണ്ട് തന്നെ എന്റെ ലോകം എന്റെ അമ്മ ആയിരുന്നു. അച്ഛന്റെയും അമ്മയുടെയും സ്നേഹം എനിക്ക് അമ്മയുടെ കൈകളിൽ നിന്നും കിട്ടി അതുകൊണ്ട് തന്നെ ഞാൻ തോന്ന്യവാസി ആയില്ലെങ്കിലേ അതിശയമുള്ളൂ. കുഞ്ഞിലേ തന്നെ എന്റെ തെറ്റുകൾക്കെല്ലാം അടി വാങ്ങി ഇരുന്നത് ഏട്ടനാണ്. എങ്കിലും ഞങ്ങൾ വലുതാകുന്നതിനോടൊപ്പം വീട്ടിൽ പലപ്പോഴും അമ്മയും തനി ടീച്ചർ ആകും.

മുഖത്തു തടിച്ചു കിടന്ന കൈ പാടിലൂടെ അമ്മയുടെ കൈ ഓടി നടന്നു. അമ്മയുടെ മടിയിൽ തലവച്ചു കിടക്കാൻ നല്ല സുഖം. ഏറെ നാളായി ഇങ്ങനെ ഒന്ന് കിടന്നിട്ടു. എന്നെ ഓർത്തു ഈ ലോകത്തു ഏറ്റവും കണ്ണീർ ഒഴുക്കിയത് എന്റെ അമ്മയാകും. എല്ലാവർക്കും ഉള്ളത് പോലെ സ്നേഹനിധിയായ ഒരമ്മ . എന്നെ നൊന്തു പ്രസവിച്ച എന്റെ അമ്മ. ആ അമ്മയുടെ കൈയിൽ നിന്നു കിട്ടിയ ഒരു തല്ലിന്റെ പേരിൽ എനിക്ക് അവരോടു ഒരു വെറുപ്പും തോന്നിയില്ല. അമ്മമാരങ്ങനെ ആണ്. തെറ്റ് ചെയ്താൽ തല്ലും... ഇതിപ്പോ ടീച്ചർ അമ്മ ആയി പോയില്ലേ. അപ്പോൾ ഈ തല്ലൊക്കെ ചെറുത്.....

സത്യത്തിൽ എന്റെ മനസ്സ് തുള്ളി കുതിക്കുകയായിരുന്നു. അമ്മയുടെ ഭാഗത്തു നിന്നും ഒരു നല്ല അഭിപ്രായം കൂടി കിട്ടിയതോടെ ആരെയും ഭയമില്ലാതെ എനിക്ക് ഇനി എന്റെ ദേവുവും ആയി സല്ലപിക്കാം .. സ്നേഹിക്കാം.... അവളുമൊത്തു ആ സ്നേഹ കടലിൽ നീരാടാം.......

" മോനോട് അമ്മ ഒരു കാര്യം പറയട്ടെ....? സമ്മതിക്കുവോ "

ചിന്തകളിൽ നിന്നും ഉണർത്തി അമ്മ ചോതിച്ചു.

" എന്താ അമ്മെ .... "

" ദേവു മോൾക് ആകെ ഉള്ളത് അവളുടെ അച്ഛൻ അല്ലെ? സ്വന്തം മോൾ നല്ല ഒരു കുടുംബത്തിൽ കയറി ചെല്ലുന്നത് കാണാൻ ആ അച്ഛനും മോഹം ഉണ്ടാവില്ലേ? "

അമ്മയുടെ വാക്കുകളിൽ ദേവുവിന്റെ അച്ചൻ നിറഞ്ഞു വന്നത് എനിക്ക് അരോചകമായി തോന്നി . വല്ലാതെ.!

" ആ അച്ഛന്റെ അനുഗ്രഹം കൂടി ഇല്ലാതെ നിങ്ങൾ ഒരു ജീവിതത്തിലേക്ക് കടക്കുക എന്ന് പറയുമ്പോൾ വളർത്തി വലുതാക്കിയ സ്വന്തം അച്ഛനോട് ദേവുമോൾ ചെയ്യുന്ന ഒരു വലിയ തെറ്റായി പോവില്ലേ അതു....? "

www.kambistories.com

അമ്മയുടെ ചോദ്യം വിരൽ ചൂടുന്നത് എന്തിലേക്ക് ആണെന്ന് എനിക്ക് മനസിലായില്ല....

" അതുകൊണ്ട് നീ കുറച്ചു കൂടി ക്ഷമിക്കണം... അച്ഛൻ വരുന്നത് വരെ. അല്ല അച്ചനെ കണ്ടു പിടിക്കുന്നത് വരെ. ആ അഛന്റെ അനുഗ്രഹം വാങ്ങി വേണം എന്റെ ദേവു മോൾ എന്റെ നന്ദുട്ടന്റെ ജീവിതത്തിലേക്ക് കടന്നു വരാൻ... അതു ഈ അമ്മയുടെ ഒരു ആഗ്രഹം ആണ്... "

അമ്മ എന്റെ മുടിയിഴകളിലൂടെ തഴുകികൊണ്ട് പറഞ്ഞു നിർത്തി. ഓർത്തെടുത്തു വന്ന എന്റെ എല്ലാ പ്രണയ രംഗങ്ങളും ഒരു ചില്ലു കൊട്ടാരം പോലെ പൊട്ടി തകർന്നടിഞ്ഞു.. മടങ്ങി വരില്ല എന്ന് തീർച്ചപ്പെടുത്തിയ ഒരാളുടെ അനുഗ്രഹത്തോടെയെ ഞങ്ങള്ക്ക് ഒന്നാവാന് കഴിയു എന്ന് പറയുമ്പോൾ........ ഒരു തരം മരവിച്ച അവസ്ഥയിലേക്ക് ഞാൻ പെട്ടന്ന് തന്നെ എറിയപെട്ടു..അമ്മയും ഏടത്തിയും എല്ലാം എല്ലാം അറിയേണ്ട നിമിഷം ഇതാണ്. ഞാൻ എല്ലാം പറയേണ്ടതും..... പക്ഷെ ദേവു ! അവളെയെല്ലാം അറിയിക്കാൻ ഉള്ള ധൈര്യം ഇന്ന് എനിക്ക് ഇല്ല. അവളതെങ്ങനെ ഉൾക്കൊള്ളും എന്നും എനിക്ക് അറിയില്ല. ചിലപ്പോൾ അവളെന്നിൽ നിന്നു പിരിയുമോ എന്ന എന്റെ ഭയം ആകാം. എല്ലാം എല്ലാവരിൽ നിന്നും മറച്ചു വക്കാൻ എന്നെ ഇന്നും പ്രേരിപ്പിക്കുന്നത്.

" അമ്മെ........ "

എന്ന വിളിക്കു വേണ്ടി നാവുയർന്നതും ഏടത്തി ആ വിളിയുമായി മുറിക്കുള്ളിലേക്ക് കടന്നു വന്നു. പിന്നാലെ ഏടത്തിയുടെ കൈയും പിടിച്ചു ദേവുവും....

കൊച്ചു കുട്ടിയുടെ നാണം ആയിരുന്നു അപ്പോൾ എന്റെ ദേവുവിന്റെ മുഖത്തു.. അമ്മയുടെ മടിയിൽ കിടക്കുന്ന എന്നെ അവൾ കൗതുകത്തോടെ നോക്കി.... പതിയെ ഏടത്തിയുടെ പിന്നിലേക്ക് ഒളിച്ചു.

" ആഹാ.. ഞാൻ പറഞ്ഞതല്ലേ പെണ്ണെ.... ഇപ്പൊ എന്തായി... ദേ നോക്ക്..... അടയും ചക്കരയും പോലെ ഇരിക്കുന്ന കണ്ടില്ലേ.....? "

ഏടത്തി ദേവുവിനോടായി പറഞ്ഞു.

" നന്ദുവേട്ടനെ അമ്മ വഴക്ക് പറയുവാരിക്കും തല്ലുവാരിക്കും എന്നൊക്കെ പറഞ്ഞു വലിയ ബഹളം ആയിരുന്നു പുറത്തു കിടന്നു....... " അവരുടെ വരവിന്റെ ഉദ്ദേശ്യം എന്തെന്ന് ഏടത്തി വിവരിച്ചപ്പോൾ ഒരു കൂട്ടചിരി അവിടെ ഉയർന്നു.. ഏടത്തിയുടെ പിന്നിൽ പൂർണമായും ഒളിച്ച ദേവു എന്നിൽ നിന്നും തന്റെ ചമ്മൽ ഒഴുവാക്കി നിന്നു. .

" ഞാൻ പറഞ്ഞില്ലേ പെണ്ണെ.. ഇതേ ഇവിടെ നടക്കു എന്ന്... കുറെ ആയില്ലേ കാണുന്നു. ഞാൻ ഈ അമ്മേനേം മോനേം... "

ദേവുവിനോടങ്ങനെ പറഞ്ഞു ഏടത്തി അമ്മയുടെ അടുത് കട്ടിലിൽ ഇരുന്നു....

" മോളെന്താ അവിടെ നിക്കുന്നെ വാ. വന്നിരിക്കുന്നു.... "

എന്ത് വേണമെന്നറിയാതെ നിന്ന ദേവുവിനെ അമ്മ അടുത്തേക്ക് വിളിച്ചു. ഏടത്തിയുടെയും അമ്മയുടെയും നടുക്കായി ദേവു വന്നിരുന്നു... അപ്പോളും ഞാൻ അമ്മയുടെ മടിയിൽ തല വച്ചു കിടക്കുകയായിരുന്നു. എല്ലാം കണ്ടു കൊണ്ട്...

" മോളിതൊന്നും കണ്ടു പേടിക്കണ്ടാ.... ട്ടോ. ഇതൊക്കെ ഇവിടെ സാധാരണ ആണ്.. പിന്നെ ഇവന് അല്ലേലും ഒരു അടിയുടെ കുറവുണ്ടായിരുന്നു..... "

എന്നെ തഴുകി ഇരുന്ന കൈ ദേവുവിലെക്കു മാറ്റി അമ്മ പറഞ്ഞു..

" അതു നേരാ... ഒരെണ്ണം ഇവൾക്കും കൊട്. അമ്മെ . ഒന്നും പറയാതെ ഒളിപ്പിച്ചു വച്ചില്ലേ... രണ്ടും...."

www.kambistories.com

" അതു ഞാനാ ചേച്ചി പറഞ്ഞത്.... ആരോടും ഒന്നും പറയേണ്ടാ എന്ന്.... എല്ലാം അറിഞ്ഞു കഴിഞ്ഞാൽ നിങ്ങൾ എന്നെ....... "

പറഞ്ഞു മുഴുവിക്കാതെ അവൾ തല താഴ്ത്തി..

" അങ്ങനെ ആണോ മോളെ നീ ഞങ്ങളെ കണ്ടിരിക്കുന്നെ... എന്റെ നന്ദുട്ടന്റെ പെണ്ണായിട്ടാ ഞങ്ങൾ നിന്നെ ആദ്യം കാണുന്നത്.

അന്ന് മുതൽ ഇന്ന് വരെ നീ ഇവിടെത്തെ കുട്ടി തന്നെയാ.... ഇനി അതിൽ ഒരു മാറ്റവും ഇല്ല... "

" ചേച്ചി ഞാൻ.... "

ചെറിയൊരു വിതുമ്പലോടെ ദേവു ചേച്ചിയെ നോക്കി...

" ഇനി അതൊന്നും ഓർത്തു മോൾ വിഷമിക്കണ്ടാ..... ഞങ്ങൾക്ക് ഇതിൽ ഒരെതിർപ്പും ഇല്ല. നിന്റെ അച്ഛന്റെ സമ്മതം കൂടി കിട്ടിയാൽ മാത്രം മതി ഇനി... "

എല്ലാം കേട്ടു കൗതുകത്തോടെ കിടന്ന എനിക്ക് അതു വീണ്ടും ഒരു പ്രഹരം ആയിരുന്നു. ദേവുവിന്റെ മുന്നിൽ വച്ചു എനിക്ക് അമ്മയോടൊന്നും പറയാൻ കഴിയാത്തതിൽ ദുഃഖം തോന്നി

" അതൊക്കെ ശരി ! പക്ഷെ ഇന്നത്തെ പോലെ കുരുത്തക്കേട് വല്ലതും കാട്ടിയാൽ ഞാൻ ചൂരൽ എടുക്കും കേട്ടോ.... "

അമ്മ ഒരു തമാശ എന്ന രൂപേണ ഒരു താക്കിത് ആണ് തന്നത്. അവളുടെ അച്ഛൻ വരുന്നത് വരെ ഇനി ഒന്നും നടക്കില്ലേ ആവോ?

" ഞാൻ ഒന്നും ചെയ്തില്ല... ഈ നന്ദുവേട്ടനാ..... "

ദേവു കുസൃതിയോടെ എന്റെ നേരെ വിരൽ ചൂണ്ടി.

" അവനെ നീ നോക്കണ്ടാ മോളെ.... പണ്ടേ വിവരം ഇല്ലാത്തവനാ...നിന്നേ. നീ തന്നെ നോക്കിയാൽ മതി..... "

കിട്ടിയ അവസരം ഏടത്തിയും മുതലെടുത്തു.

" നന്ദുട്ടാ.. അമ്മ പറഞ്ഞത് ഓർമയുണ്ടല്ലോ.... അല്ലെ ...? " അമ്മയുടെ ഓർമ്മപ്പെടുത്തൽ വീണ്ടും എന്നെ പൊള്ളിച്ചു. എന്ത് മറുപടി പറയണം എന്നറിയാതെ ഞാൻ കുഴങ്ങി. ദേവുവിന് നേരെ കണ്ണോടിക്കുമ്പോൾ അമ്മയുടെ മടിയിൽ കിടക്കുന്ന എന്നെ കൗതുകത്തോടെ നോക്കുകയാണവൾ... അമ്മയുടെയും ഏടത്തിയുടേം സ്നേഹം ഏറ്റുവാങ്ങി അവരുടെ നടുക്കായി ഇരുന്നു എന്റെ പെണ്ണിന്റെ കണ്ണുകൾ നിറഞ്ഞിരുന്നോ.. അറിയില്ല. അത്രക്ക് സന്തോഷവതി ആണിന്നെന്റെ ദേവൂട്ടി..... ഈ കാഴ്ച കൺകുളിർക്കെ നോക്കി കണ്ടു അതൊരു മായാത്ത ചിത്രമായി മനസ്സിൽ പതിപ്പിച്ചിരുന്നു ഞാൻ ...

ഈ ഒരു നിമിഷത്തിനു വേണ്ടി ആണ് ഞാൻ കത്ത് നിന്നത്. ഈ ഒരു നിമിഷം ആണ് ഞാൻ സ്വപനം കണ്ടത്. എന്റെ ദേവുവിനെ എനിക്ക് തന്നെ എന്ന് അവർ തീരുമാനിച്ചിരിക്കുന്നു...

പണ്ടെങ്ങോ ഞാൻ മൂലം നഷ്പ്പെട്ട സന്തോഷം തിരികെ വന്നിരിക്കുന്നു.. ആ സന്തോഷം പങ്കിടാൻ ഇനി എന്റെ ദേവൂട്ടി കൂടി..... ഈ വീട്ടിൽ.... അമ്മയുടെ മകൾ ആയി. ഏട്ടന്റെയും ഏടത്തിയുടെ കുഞ്ഞനുജത്തിയായി.... എന്റെ എല്ലാം എല്ലാം ആയി ...........

എങ്കിലും എന്നെ കുഴപ്പിച്ചത് അമ്മയുടെ ആ തീരുമാനം തന്നെ ആയിരുന്നു. ഒരു മടങ്ങി വരവില്ലാത്ത യാത്രയിലാണ് അച്ഛനെന്നു അമ്മയോടും എല്ലാവരോടും ഉറക്കെ വിളിച്ചു പറയണം എന്നുണ്ട്. പക്ഷെ എനിക്കാവില്ല ഒന്നും ആരെയും അറിയിക്കാൻ.....

ചിന്തയിലിടക്ക് കണ്ണ് പാഞ്ഞത് ദേവുവിലേക്കാണ്. അമ്മയുടെ അരികിൽ ഇരിക്കുന്ന ദേവുവിൽ അല്പം കുസൃതിയും അതിലേറെ സന്തോഷവും നിറഞ്ഞു നിന്നു. അതെ കുസൃതിയോടെ അവളെന്നേയും നോക്കി. പുഞ്ചിരിച്ചു..എന്താണ് എന്ന് എന്നോട് കണ്ണുകൾ കൊണ്ട് ആംഗ്യം കാട്ടി..

ഒന്നുമില്ലെന്ന് പറയാനാണ് തോന്നിയതെങ്കിലും ആരും കാണാതെ ഒരു കണ്ണടച്ചൊന്നു ചിരിച്ചു ഉമ്മ കൊടുക്കുന്നത് പോലെ ആംഗ്യം കാട്ടാനാണ് എനിക്ക് കഴിഞ്ഞത്...

" നന്ദുട്ട....... "

എല്ലാം കണ്ടുകൊണ്ടിരുന്ന അമ്മയുടെ താക്കിത് വീണ്ടുമെത്തി. പിന്നെ ഞാൻ ഒന്നിനും പോയില്ല..

കളിയും ചിരിയും തമാശകളും ആയി ദേവുവിനെയും കൂട്ട് പിടിച്ചു ഞങ്ങൾ സന്തോഷത്തിന്റെ തേരിൽ ഏറി പറന്നുയരുക ആയിരുന്നു പിന്നീടങ്ങോട്ട്..

=====*****=====*****=====****

പിറ്റേന്ന് കോളേജിൽ എത്തുമ്പോൾ പതിവില്ലാതെ ഹരിയുടെ കൂടെ അഞ്ജുവും ഉണ്ടായിരുന്നു.. എന്തൊക്കെയോ സംസാരിച്ചു. ചിരിച്ചു. തമാശപറഞ്ഞു.... കോളേജ് ബസ് പടിക്കൽ എത്തുമ്പോഴേ കണ്ടു. പുറത്തേക്കു തലയിട്ട് ഞങ്ങളെ നോക്കുന്ന ദേവുനെ... ശരവേഗത്തിൽ ബസ്സിൽ നിന്നും ഇറങ്ങി ഓടി കിതച്ചു അവളെന്റെ അടുത്തെത്തി ....

" ആഹ് വന്നല്ലോ. അനന്തുവിന്റെ നന്ദു..... ! "

അഞ്ജുവിന്റെ വക ഡയലോഗ് എത്തി.

അഞ്ജുവിനെ ഒന്നു നോക്കി പുഞ്ചിരിക്ക മാത്രം ചെയ്തു ദേവു എന്റെ കൈയിൽ തൂങ്ങി നിന്നു..

" ആഹ് എന്നാ നിങ്ങളുടെ പണി നടക്കട്ടെ. ഞങ്ങള് പോയേക്കുവാ... അപ്പൊ രണ്ടു നന്ദുസിനും ടാറ്റാ...... "

അഞ്ചു അത്രയും പറഞ്ഞു ഹരിയോടൊപ്പം നടന്നു നീങ്ങി.. ഞാൻ ദേവുവിനെ കൂട്ടി ഞങ്ങളുടെ സ്ഥിരം സ്ഥലമായ ഗാലറിയിലേക്കും. .

www.kambistories.com

" നന്ദു നല്ല പേരാണല്ലോ... ഞാൻ ഇനി അങ്ങനെ വിളിക്കട്ടെ എന്റെ പെണ്ണിനെ.... "

അവളോട് ചേർന്ന് നടക്കുന്നതിനിടയിൽ ഞാൻ ചോദിച്ചു.

" അവള് വിളിച്ചത് കൊണ്ടാവും അല്ലെ? "

അവളുടെ ഒറ്റ ഡയലോഗ് കൊണ്ട് തന്നെ ഞാൻ അഞ്ജുവും ആയി സംസാരിച്ചു നിന്നത് അവൾക് അത്ര ബോധിച്ചിട്ടില്ലെന്നു എനിക്ക് മനസിലായി..

" അല്ലെങ്കിലും ആ പേര് നല്ലതല്ലേ... അനന്തുവിന്റെ നന്ദു.... കൊള്ളാം....... "

" അങ്ങനെ ഇപ്പൊ കൊള്ളണ്ട.....  ഇത്രനാളും വിളിക്കാൻ തോന്നിട്ടില്ലല്ലോ അങ്ങനെ ഒന്ന്..  ഇന്ന് ആ പെണ്ണ് വിളിച്ചപ്പോൾ അല്ലെ അങ്ങനെ ഒക്കെ തോന്നിയെ.......?  എന്നെ മര്യാദക്ക് ദേവുന്ന് വിളിച്ചാൽ മതി.  എനികതാ ഇഷ്ടം..... "

രാവിലെ തന്നെ നല്ല ദേഷ്യത്തിൽ ആണ് കക്ഷി.  വീട്ടിൽ നിന്നും കൂടി അനുവാദം കിട്ടിയതിൽ പിന്നെ പഴയ തൊട്ടാവാടിത്തത്തിനൊക്കെ ഇത്തിരി കുറവ് വന്നു ഒരു തനി വാഴക്കാളിയിലേക്ക് ഉള്ള അവളുടെ മാറ്റം വളരെ പെട്ടന്നായിരുന്നു....

" എന്തായിരുന്നു അവളും ആയിട്ട് ഒരു വർത്തമാനം....  "

വൈകാതെ തന്നെ അവളുടെ ചോദ്യമെത്തി..

" അതു വെറുതെ.... "

" എന്ത് വെറുതെ ഇത്ര നാളും ഇല്ലാത്ത എന്താ ഇന്ന് മിണ്ടാൻ... "

www.kambistories.com

" ഞങ്ങൾ ഒരു ക്ലാസ്സിൽ അല്ലെ ദേവൂട്ടി അതു കൊണ്ട് ...... "

" എന്നിട്ടും  ഇത്ര നാളും നിങ്ങടെ പിറകെ നടന്നിട്ട് .  ഇത് വരെ ഒരു പെണ്ണിനോട് പോലും നന്ദുവേട്ടൻ മിണ്ടണ ഞാൻ കണ്ടിട്ടില്ല...  ഇന്ന് മാത്രം എന്താ ഇത്ര മിണ്ടാൻ?  "

" ദേവു നീ ഇനി അതൊരു പ്രശ്നമാക്കേണ്ട. ഞാൻ ഇനി അവളോട് സംസാരിക്കില്ല പോരെ...... "

മുഖത്തൊരു തെളിച്ചം വന്നെങ്കിലും ആ വിഷമം മുഴുവനായും പോകാതെ അവളിരുന്നു.

" എനിക്കിഷ്ടല്ല അതിനെ...  ഒരു വക കൊഞ്ചികുഴയൽ.....  ഇനി അവളോട് മിണ്ടണ്ടാ ട്ടോ നന്ദുവേട്ട..... "

" ഇല്ല ..  "

" വേറെ ആരോട് മിണ്ടിയാലും എനിക്ക് കുഴപ്പമില്ല നന്ദുവേട്ട..... അവളോട് മാത്രം മിണ്ടണ്ടാട്ടോ..... "

" ഇല്ല... മിണ്ടില്ലാ.... വാക്കു..... "

അത്രയും കേട്ടതും അവളൊന്നയഞ്ഞു.. പതിയെ ഒരു പുഞ്ചിരിയോടെ എന്റെ തോളിലേക്ക് ചാഞ്ഞു...

" ഇന്നലെ അമ്മ തല്ലിയപ്പോൾ വേദനിച്ചോ? ""

എന്റെ കവിളിലൂടെ കൈകൾകൊണ്ട് തഴുകി അവൾ ചോദിച്ചു.

" ഇല്ല അമ്മയല്ലേ..... "

" വിഷമം ആയൊ? "

" എന്തിനു.... "

" അവര് ചീത്ത പറഞ്ഞില്ലേ....? "

" ഇല്ല... അതും ഞാൻ കേൾക്കേണ്ടതല്ലേ.... എന്നാണെങ്കിലും ഞാൻ അതു പ്രതീക്ഷിച്ചതാ.... ഇത്തിരി നേരത്തെ ആയെന്നെ ഒള്ളു... "

" ഇന്നലെ ഞാൻ വല്ലാതെ പേടിച്ചു.. അമ്മ നന്ദുവേട്ടനെ തല്ലുകൂടി ചെയ്തപ്പോൾ നിന്ന നിൽപ്പിൽ ഇല്ലാതാവണ പോലെ തോന്നി... പിന്നെ അമ്മയുടെ മുറിയിൽ പോയി ഒത്തിരി കരഞ്ഞു ഞാൻ.... കാല് പിടിച്ചു.... നന്ദുവേട്ടനോട് ദേഷ്യം തോന്നല്ലേ എന്നും പറഞ്ഞു...... , "

അവളുടെ ആ വാക്കുകളിൽ അത്രയും നിറഞ്ഞു നിന്നത് എന്നോടുള്ള സ്നേഹം ആയിരുന്നു.. എനിക്ക് വേണ്ടിയും എന്റെ സ്നേഹത്തിനു വേണ്ടിയും അമ്മയോടവൾ ഇന്നലെ യാചിച്ചിരുന്നുവത്രേ....

" എന്നിട്ട് അമ്മ ദേഷ്യപ്പെട്ടോ ദേവുനോട്? "

" ഇല്ല... എന്നെ കെട്ടിപ്പിടിച്ചു ഒത്തിരി നേരം..... നേരത്തെ പറയാമായിരുന്നില്ലേ എന്ന് ചോദിച്ചു..... "

" മം... സാരമില്ല... എല്ലാം നന്നായില്ലേ...? നീ ഇപ്പൊ ഹാപ്പി അല്ലെ? "

" ഈ ലോകത്തു ഏറ്റവും ഹാപ്പി ആയിട്ടുള്ള ആള് ഞാൻ അല്ലെ നന്ദുവേട്ട ഇപ്പൊ ? പിന്നെ ഈ നെഞ്ചിൽ ഇങ്ങനെ ചേർന്ന് ഇരിക്കുമ്പോൾഒരു പ്രത്യേക സുഖാ..... "

അതെ ഇരുപ്പിൽ എന്റെ നെഞ്ചിലേക്ക് പടർന്നു കയറി എന്നിലേക്ക് ചേർന്നിരുന്നു അവൾ പറഞ്ഞു...

" പിന്നെ അമ്മ ഇന്നലെ ഒരു കാര്യം പറഞ്ഞു... "

" എന്താ? "

" അച്ഛന്റെ സമ്മതം കിട്ടിയാലേ നമ്മുടെ ബന്ധം അംഗീകരിക്കു എന്ന്.... അതു വരെ ഇന്നലത്തെ പോലെ അബദ്ധം ഒന്നും കാട്ടരുതെന്നു.... "

ഒരു നാണം കലർന്ന ശബ്ദത്തിൽ അത്രയും പറഞ്ഞു ദേവു എന്റെ നെഞ്ചിൽ മുഖം ഒളിപ്പിച്ചു.. അവളുടെ ചെയ്തികളിൽ എനിക്ക് ചിരി ആണ് വന്നത്. കോളേജിൽ ആണ് എന്ന ബോധം പോലും ഇല്ലാതെ എന്നോട് ഒട്ടി ചേർന്നിരിക്കുന്ന ദേവു എനിക്ക് ഇന്നൊരു കൊച്ചു കുട്ടിയോട് എന്ന പോലെ ഒരു കൗതുകം ആണ്.... അവരെ കാണുമ്പോൾ തോന്നുന്ന അതേ സന്തോഷവും ആശ്വാസവും ഇന്ന് എന്റെ പെണ്ണിന്റെ സാമിപ്യത്തിലും എനിക്ക് കാണാൻ കഴിയുന്നുണ്ട്.....

" ആഹ് നിങ്ങൾക് ഇത് തന്നെ ആണോ പണി ? "

ഹരിയുടെ ശബ്ദം.... ! പിടഞ്ഞെഴുന്നേറ്റ ദേവു പിന്നിൽ നിന്നിരുന്ന ഹരിയെ കണ്ടു നാണിച്ചു...

" ഇതിപ്പോൾ എപ്പോൾ നോക്കിയാലും ഇങ്ങനെ ആണല്ലോ. ഈ തള്ള കുരങ്ങിന്റെ ദേഹത്ത് അള്ളി പിടിച്ചിരിക്കുന്ന കുട്ടി കുരങ്ങനെ പോലെ ഉണ്ട് രണ്ടിനേം കാണുമ്പോൾ.... "

ഹരിയുടെ തമാശയ്ക് ഏറ്റവും ചിരിച്ചത് ദേവു ആണ്....

" സ്നേഹം ഉള്ളോടത്തു അങ്ങനെയാ ഹരിയേട്ടാ... അതിൽ അസൂയപെട്ടിട്ട് കാര്യമില്ല.... "

ദേവുവിന്റെ മറുപടി ഉടനെത്തി.

"ആഹ് നമുക്കൊന്നും യോഗം ഇല്ല പെങ്ങളെ..... " ഹരി കൈ മലർത്തി ചിരിച്ചു. കൂടെ ഞങ്ങളും.

" അല്ലാളിയാ നീ ഇനി പ്രാക്ടിസിനു ഒന്നും ഇറങ്ങുന്നില്ലേ? "

ഹരിയുടെ ചോദ്യം കേട്ടു ഞാനൊന്നമ്പരുന്നു. മുറിവുകളെല്ലാം ഭേദം ആകുന്ന വരെ ക്രിക്കറ്റ് കളിക്കില്ലെന്നു അമ്മയ്ക്കും ഏടതിക്കും വാക്കു കൊടുത്തതാണ്. എന്നെ നോക്കാൻ അവരേല്പിച്ച ദേവുവിന്റെ മുന്നിൽ വച്ചു അവൻ അങ്ങനെ ചോദിച്ചപ്പോൾ ദേവുവിനെ ഞാനൊന്നു പാളി നോക്കി.. എന്തോ ചിന്തിച്ചെന്ന പോലെ അവളെന്നെ തന്നെ നോക്കി നിക്കയാണ്...

" നീ ഇല്ലാത്തതു കൊണ്ട് കഴിഞ്ഞ കളി രണ്ടും തോറ്റു. ഓപെനിംഗിന് ഇറങ്ങുന്ന ആ തെണ്ടി അരുൺ പോരെടാ.... അതാണ് പ്രശ്നം..... നീ ഇനിയും ഇല്ലെങ്കിൽ അടുത്ത മാച്ചും നമ്മൾ തോൽക്കും..... "

മിണ്ടാതെ ഇരിക്കെടാ തെണ്ടി എന്ന് പല തവണ കണ്ണ് കൊണ്ടു ആംഗ്യം കാട്ടിയെങ്കിലും എല്ലാം പറഞ്ഞു തീർത്താണ് അവൻ വായ അടച്ചത്. ശരിയാണ് പരിക്കുകൾ ഒക്കെ മാറി വരുന്നുണ്ടെങ്കിലും പിന്നെ ഞാൻ ക്രിക്കറ്റ് പ്രാക്ടീസ്നോ കളിക്കനോ ഇറങ്ങിയിരുന്നില്ല. ഇതിപ്പോൾ ദേവുവിന്റെ മുന്നിൽ നിന്നും അവൻ ചോദിച്ചതാണ് പ്രശനം. ഇല്ലെങ്കിൽ എങ്ങനെ എങ്കിലും പോകാമായിരുന്നു...

എന്ത് വേണം എന്ന രീതിയിൽ ഞാൻ അവളെ നോക്കി...

" നന്ദുവേട്ടൻ നാളെ മുതൽ പ്രാക്ടിസിന് വരും ഹരിയേട്ടാ... ഇപ്പൊ കുഴപ്പമൊന്നും ഇല്ല.. കാലിനു ഒരുപാടു സ്ട്രെസ് കൊടുക്കാതിരുന്നാൽ മതി.... "

എന്റെ മനസ്സ് വായിച്ചെന്ന പോലെ ദേവു ആണതിന് മറുപടി കൊടുത്തത്.... സന്തോഷം തുളുമ്പുന്ന മനസോടെ ഞാൻ അവളെ നോക്കി...

" ഞാൻ അമ്മയോട് പറഞ്ഞോളാം... കുഴപ്പമില്ല...., "

അവളെന്നെ നോക്കി കണ്ണടച്ച് കൊണ്ട് പറഞ്ഞു.

ഇവളാണ് പെണ്ണ്. എന്റെ പെണ്ണ്. എന്റെ മനസ്സിൽ ഉള്ളതെന്തോ അതെനിക്കായി കണ്ടറിഞ്ഞു ചെയ്യുന്ന എന്റെ പാതി.... മനസു സ്നേഹം കൊണ്ടു നിറഞ്ഞു തുളുമ്പിയ നിമിഷം കെട്ടിപ്പിടിച്ചു ഒരു ഉമ്മ കൊടുക്കണം എന്ന് മനസ് വെമ്പുന്നുണ്ടായിരുന്നു. പക്ഷെ വേണ്ടെന്നു വച്ചു... !

===***====***=====***===

പിറ്റേന്ന് മുതൽ പ്രാക്ടീസ്നു ഇറങ്ങി. പഴയതു പോലെ അല്ലെങ്കിലും നന്നായി തന്നെ കളിക്കുന്നുണ്ട്. പക്ഷെ പെട്ടന്ന് മടുക്കുന്നു. കുറെ നാൾ വെറുതെ ഇരുന്നിട്ടാവാം.. ഇടക്കെപ്പോഴോ ദേവുവിനെ ഗാലറിയിൽ ഒരു മിന്നായം പോലെ കണ്ടിരുന്നു. പക്ഷെ അവളെ ശ്രദ്ധിക്കാൻ കഴിഞ്ഞില്ല. അവളെന്നോ പറഞ്ഞത് പോലെ ഗ്രൗണ്ടിൽ ഇറങ്ങിയാൽ ഞാൻ എല്ലാം മറക്കും...

" മടുത്തോ "

പ്രാക്റ്റീസിനു ശേഷം കയറി വന്നത് ദേവുവിന് മുന്നിലേക്കാണ്.

" കുറെ ആയില്ലേ.. അതിന്റെ ആണ്.... "

" കാലിനെങ്ങനെ ഉണ്ട്... ? "

" വേദനയുണ്ട്... ചെന്നിട്ടു കുഴമ്പിട്ടു തിരുമ്മാൻ എന്റെ ദേവൂട്ടി ഉള്ളപ്പോൾ എനിക്ക് എന്താ കുഴപ്പം.. "

അവളുടെ കവിളുകളിൽ നോവിക്കാതെ ഒന്ന് പിച്ചി ഞാൻ ചിരിച്ചു.

" ഒരുപാടു കൊഞ്ചണ്ടാ.... കളിക്കാൻ ഞാൻ സമ്മതിച്ചു എന്ന് കരുതി അതൊരു കരണമായി എടുക്കണ്ടാ ട്ടോ... ഞാനെത്ര നേരമായി ഇവിടെ ഇരിക്കുന്നു എന്നെ ഒന്ന് തിരിഞ്ഞു കൂടി നോക്കി ഇല്ലല്ലോ . എന്നിട്ട് ഞാൻ കാല് തിരുമ്മണം പോലും.... "

പിണക്കത്തോടെ അല്ലെങ്കിലും അതും ചെറിയൊരു പരാതി ആയിരുന്നു..

" കണ്ടില്ല പൊന്നേ... ഞാൻ.... നീ ക്ഷമിക്.... "

അവളെ ചേർത്തു പിടിച്ചു ക്രിക്കറ്റ് കിറ്റ് തോളിലേക്കിട്ടു ഞാൻ നടന്നു...

" മം ഇത്തവണ ക്ഷമിച്ചിരിക്കുന്നു.... ഇതാണോ ബോൾ ? "

കയ്യിലിരുന്ന ബോൾ പിടിച്ചു വാങ്ങി അവൾ ചോദിച്ചു. അതെ എന്ന് ഞാൻ മറുപടി കൊടുത്തു....

" ഇതിനെന്തു കട്ടിയ... ഇതൊക്കെ ദേഹത്ത് കൊണ്ടാൽ ആള് ചത്തു പോവുമല്ലോ.... "

www.kambistories.com

സ്റ്റിച്ചു ബോൾ കൈകളിലൂടെ ഉരുട്ടിയും ഞെക്കി നോക്കിയും അവൾ ചോദിച്ചു... അവളുടെ മുഖത്തു ആശ്ചര്യവും കൗതുകവും ഉണ്ടായിരുന്നു..

" അതിനല്ലേ നമുക്ക് ഈ പാഡും ഹെൽമെറ്റും ഒക്കെ ഉള്ളത്... "

" മം... എങ്കിലും സൂക്ഷിക്കണൂട്ടോ....നന്ദുവേട്ട .. "

അപ്പോളും അവളുടെ ശ്രദ്ധ ബോളിൽ ആയിരുന്നു. അതു തന്റെ രണ്ടു കൈകളിലും ഉരുട്ടി കളിക്കയാണവൾ....

" നന്ദുവേട്ടൻ പന്തെറിയുവോ... "

" ഇല്ല... ഞാൻ ബാറ്റ്സ്മാൻ ആണ്... "

" ബാറ്റസ്മാനോ? "

എന്റെ നേരെ ഒന്ന് നോക്കി അവൾ ചോദിച്ചു..

" ആഹ് ബാറ്റ്സ്മാൻ.... " കിറ്റിൽ ഇരുന്നു ബാറ്റ് അവളെ കാട്ടി ഞാൻ പറഞ്ഞു...

" എനിക്കറിയട്ടോ... ... ഞാൻ അത്രക്ക് മണ്ടി ഒന്നും അല്ല.... "

അവൾ ചെറിയൊരു കുറുമ്പൊടെ പറഞ്ഞു..

" ഏതോ സിനിമയിലെ പോലെ സച്ചിൻ ടെണ്ടുൽക്കർ ആരാണെന്നു അറിയാത്ത പെണ്ണൊന്നും അല്ല ഞാൻ. ഒന്നും ഇല്ലെങ്കിലും കുറെ നാളായി ഞാൻ കാണുന്നതല്ലേ നന്ദുവേട്ടന്റെ ക്രിക്കറ്റ് മാച്ച്...... "

എന്റെ നേരെ ബോൾ ഉയർത്തി ഇട്ടു അവൾ പറഞ്ഞു .. പെട്ടന്ന് അവളെങ്ങനെ ഒന്ന് ചെയ്തപ്പോൾ ആ ബോൾ കൈപ്പിടിയിൽ ആക്കാൻ എനിക്ക് ആയില്ല.. നിലത്തു വീണ പന്ത് നോക്കി അവൾ ആർത്തു ചിരിച്ചു...

" അയ്യേ ഒരു പന്തു പിടിക്കാൻ പോലും അറിയാത്ത നിങ്ങളൊക്കെ എന്ത് ക്രിക്കറ്റ് കളിക്കാരൻ ആണോ.... "

അവളുടെ ആ പ്രവൃത്തിയിൽ ഞാൻ ചമ്മി പോയി... അവളോട് മറുപടി പറയാതെ ബോൾ എടുത്തു ബാഗിലിട്ട് അവളെയും ചേർത്തു പിടിച്ചു കോളജിനു പുറത്തേക്കു നടന്നു..... വൈകുന്നേരം ആയിരുന്നു. പകുതിയിൽ അതികം പേരും വീടണഞ്ഞിരുന്നു. ഇന്നൊരുമിച്ചു പോകം എന്ന് നേരത്തേയെ അവൾ എന്നെ പറഞ്ഞു ചട്ടം കെട്ടിയിരുന്നു. ബാറ്റും സാധനങ്ങളും എല്ലാം സ്റ്റോർ റൂമിൽ ഏൽപ്പിച്ചു ഞാൻ തിരികെ വന്നു. ഹരിയുടെ ബൈക്ക് നേരത്തെ പറഞ്ഞുറപ്പിച്ച പ്രകാരം പാർക്കിങ്ങിൽ ഉണ്ടായിരുന്നു..

" പോകാം..... "

ബൈക്കിൽ എന്നെ വട്ടം ചുറ്റിപ്പിടിച്ചിരിക്കെ ഞാൻ ദേവുവിനോട് ചോദിച്ചു.

" ഹെൽമെറ്റ് വക്കു..... "

വെറുതെ ഹാൻഡിലിൽ തൂങ്ങിയാടുന്ന ഹെല്മറ്റിനെ ചൂണ്ടി കാട്ടി അവൾ പറഞ്ഞു...

" ബൈക്കിൽ യാത്രചെയ്യുമ്പോൾ രണ്ടു പേർക്ക് ഹെൽമെറ്റ് വേണമെന്ന നിയമം... "

ദേവുവിനെ നോക്കി ഹെൽമെറ്റ് ഇടുന്നതിനിടയിൽ ഞാൻ ആരോടെന്നില്ലാതെ പറഞ്ഞു.

" ഓഹ് വലിയ കാര്യമായി പോയി. അന്ന് മര്യാദക്ക് ഹെൽമെറ്റ് എങ്കിലും ഇട്ടിരുന്നേൽ തലയ്ക്കു എങ്കിലും ഒന്നും പറ്റാതെ ഇരിക്കുമായിരുന്നല്ലോ..... "

പിന്നെ ഞാൻ ഒന്നും മിണ്ടാൻ പോയില്ല. വണ്ടി നേരെ വിട്ടു... വീട്ടിലേക്....എന്റെ അല്ല ദേവുവിന്റെ. ചെറിയമ്മയെ ഒന്നുകൂടി കാണണം എന്ന് അവളിടക്കെപ്പോളോ ഒരാഗ്രഹം എന്നവണ്ണം പറഞ്ഞിരുന്നു.

അവൾക്കു സുപരിചിതമായ ആ വഴിയിലൂടെ ബൈക്ക് പാഞ്ഞു. എന്റെ ഉദ്ദേശം മനസ്സിലായിട്ടാകാം. ഒന്നും ചോദിക്കാതെ എന്നെ മുറുകെ പിടിച്ചിരുന്നതേ ഒള്ളു അവൾ..

******===**===***======

വീട്ടുവളപ്പിലേക്കു വണ്ടി തിരിക്കുമ്പോഴേ ജാനകിയമ്മ ഞങ്ങളെ കണ്ടിരുന്നു.... വളരെ സന്തോഷത്തോടെയും സ്നേഹത്തോടെയും അവര് ഞങ്ങളെ എതിരേറ്റു.... അന്ന് ഞാൻ കണ്ടത്

പോലെ ആയിരുന്നില്ല ഇന്ന് ആ വീട്... മുഴുവൻ കാടുപിടിച്ച രീതിയിൽ വൃത്തിയാക്കാൻ പോലും ആരുമില്ല എന്ന രീതിയിൽ... അന്ന് കണ്ട മുറ്റത്തെ പൂച്ചെടികൾ എല്ലാം കാടു കയറി നശിച്ചിരുന്നു....

ഒറ്റ നോട്ടത്തിൽ ഒരു ആൾതാമസമില്ലാത്ത വീട്...

" മോനെന്താ ഈ നോക്കി നിൽക്കുന്നെ. അകത്തേക്ക് കയറി വാ...."

അമ്മ ദേവുവിനോടൊപ്പം എന്നെയും അകത്തേക്ക് വിളിച്ചു.

" ദേവു മോൾ ആയിരുന്നു ഈ വീട് മുഴുവൻ നോക്കി ഇരുന്നത്.. ഇവള് പോയതിൽ പിന്നെ ഞാനൊന്നിലേക്കും തിരിഞ്ഞു നോക്കിയിട്ടില്ല.. "

മുറ്റത്തെ കാടുപിടിച്ച പൂതോട്ടത്തിലേക്കു നോക്കി നിന്ന എന്നോടായി അവർ പറഞ്ഞു... ചെറിയൊരു പുഞ്ചിരി അവർക്കു സമ്മാനിച്ചു ഞാൻ അവർക്കൊപ്പം അകത്തേക്ക് കയറി....

നിങ്ങളെന്താ വിശേഷിച്ചു ഇങ്ങോട്ട് വന്നതെന്ന് "ചോദിച്ച ജാനകിയമ്മയോട് ദേവു ആണ് മറുപടി കൊടുത്തത് . വീട്ടിലെ വിശേഷങ്ങളും മറ്റും പറയുന്ന തിരക്കിലായിരുന്നു ദേവു പിന്നീട്....

ഹാളിലെ കസേരയിൽ ഇരിക്കുമ്പോൾ ഭിത്തിയിൽ തൂങ്ങിയാടുന്ന ചിത്രത്തിൽ ദേവുവിന്റെ അച്ഛൻ എന്നെ നോക്കി ചിരിക്കുന്നുണ്ടായിരുന്നു.....

" എന്റെ മകളെ നന്നായി നോക്കണം എന്ന് ആ ചിത്രം എന്നോട് പറയുന്ന പോലെ..... "

മരിച്ചു പോയി എന്നറിഞ്ഞിട്ടും ആ മനുഷ്യന് വേണ്ടി ഒന്നും ചെയ്യാൻ പറ്റാതെ വന്ന എന്റെ അവസ്ഥയെ ഞാൻ ആ നിമിഷം പഴിച്ചു..

" കഴിഞ്ഞ വർഷം ഞങ്ങൾ ടൗണിൽ പോയപ്പോൾ എടുപ്പിച്ചതാ.... "

എനിക്കുള്ള ചായയുമായി കടന്നു വന്ന ദേവു ഫോട്ടോ നോക്കി നിൽക്കുന്ന എന്നോടായി പറഞ്ഞു എന്റെ നേരെ ചായ ഗ്ലാസ് നീട്ടി..

പിന്നീടെന്റെ കണ്ണ് പാഞ്ഞത് ചുവരിൽ ഉള്ള മറ്റൊരു ചിത്രത്തിലേക്കായിരുന്നു.. ദേവുവിന്റെ അമ്മയുടെ . ആദ്യമായ് കണുന്നതാണെങ്കിലും അവരെ ഞാൻ തിരിച്ചറിഞ്ഞു. കാരണം അമ്മയുടെ തനി പകർപ്പായിരുന്നു എന്റെ ദേവു...

" അമ്മയാ... " എന്റെ നോട്ടം കണ്ടു അവൾ പറഞ്ഞു...

" അമ്മയെ പോലെ തന്നെ ആണല്ലോ എന്റെ ദേവൂട്ടിയും.... "

ചായ ഗ്ലാസ് ചുണ്ടിലേക്കു മുട്ടിച്ചു ഞാൻ പറഞ്ഞു..

ചെറിയൊരു പുഞ്ചിരി സമ്മാനിച്ചു അവൾ അവളുടെ മുറിക്കകത്തേക്കു പോയതും ചെറിയമ്മ അടുക്കളയിൽ നിന്നും ഇറങ്ങി വന്നതും ഒരുമിച്ചാണ്...

www.kambistories.com

" നിങ്ങൾ വരേണ്ടി ഇരുന്നില്ല...... " എന്നെ നോക്കി അവർ പറഞ്ഞു.

" ഇടയ്ക്കു കയറി വരും അയാൾ.... നിങ്ങളെ ഇവിടെ വച്ചു കണ്ടാൽ പിന്നെ..... ..... "

ജാനകിയമ്മ ഉദ്ദേശിച്ചത് രാഘവനെ കുറിച്ചായിരുന്നു..

" കുറച്ചു ദിവസമായി ഇവിടെ ഇല്ല.. എവിടെയോ പോയിരിക്കുകയാണ്.... "

അവര് വീണ്ടും കൂട്ടി ചേർത്തു.....

" ദേവുവിന് അമ്മയെ ഒന്ന് കാണണം എന്ന് പറഞ്ഞു അതാണ്...... "

അതിനവർ ആദ്യം ഒന്ന് പുഞ്ചിരിക്കയാണ് ചെയ്തത്...

" അവൾ സ്നേഹം ഉള്ളവളാ.... സ്നേഹിക്കാൻ മാത്രം അറിയാവുന്നവൾ.... അല്ലെങ്കിൽ ഇത്രയും ഞാൻ അവളെ ദ്രോഹിച്ചിട്ടും എന്നെ തേടി വരില്ലല്ലോ .... "

അവര് പറഞ്ഞത് നേരാണ്... എത്രത്തോളം ഞാൻ അവളെ ദ്രോഹിച്ചിട്ടുണ്ടാകും എന്നിട്ടും ഇന്നും അവളെന്നെ സ്നേഹിക്കുകയാണ്.. ജീവന് തുല്യം..... അതേ എന്റെ ദേവു സ്നേഹമുള്ളവളാണ്.

" എന്റെ മോളെ കൈ വിടരുത് മോനെ..... " ഒരു വിതുമ്പലോടെ അവരെന്നോട് അപേക്ഷിച്ചു.എല്ലാവർക്കും എന്നോടിപ്പോൾ ഒരേയൊരു അപേക്ഷയെ ഉള്ളു എന്നു തോന്നി. .മറുപടി ഉണ്ടായിരുന്നില്ല എന്നിൽ..

" നന്ദുവേട്ട....ഒന്നിങ്ങു വന്നേ.. "

ദേവുവിന്റെ വിളിയെത്തി അവരെ മറികടന്നു ഞാൻ മുറിക്കുള്ളിലേക്ക് കടന്നു. പണ്ടെങ്ങോ അച്ഛൻ വാങ്ങി കൊടുത്ത സാധനങ്ങൾ മുതൽ പല നിറം മങ്ങിയ വസ്തുക്കളും ഇന്നും കാത്തുസൂക്ഷിക്കുന്ന ഒരു പെട്ടി എനിക്കായി തുറന്നു വച്ചിരിക്കുകയായിരുന്നു അവൾ .... എല്ലാ വസ്തുക്കളും അതിന്റെ സവിശേഷതകളും അവയും ദേവുവും തമ്മിൽ ഉള്ള ആത്മബന്ധവും എല്ലാം ഒരു കൊച്ചു കുട്ടിയെന്ന പോലെ എനിക്ക് വിവരിച്ചു തന്നു അവൾ ... ആദ്യമായ് ഞാൻ തന്റെ വീട് കാണുന്നതിന്റെ കൗതുകത്തിൽ ആണവൾഎന്നെനിക്കു മനസിലായി.... എല്ലാറ്റിനും പിന്നിൽ അവളുടെ അച്ഛന്റെ ഓർമ്മകൾ ഒളിഞ്ഞു കിടന്നിരുന്നു... അതെന്നെ വല്ലാതെ നോവിക്കുന്നുണ്ടായിരുന്നു താനും.. വാതിലിൽ ചാരി നിന്ന ജാനമ്മയുടെ കാര്യവും വ്യത്യസ്തമായിരുന്നില്ല....

www.kambistories.com

നേരം വൈകി ഇറങ്ങാൻ നേരം അവൾ അവരെ കെട്ടിപ്പിടിച്ചു ഒത്തിരി കരഞ്ഞു..

" അച്ഛൻ വിളിച്ചിരുന്നോ? "

എല്ലാറ്റിനും ഒടുവിൽ അവളുടെ ആ ചോദ്യം എന്നെ നൊമ്പരപ്പെടുത്തി.. സങ്കടമില്ലെന്നവൾ എത്ര ആണയിട്ടു പറഞ്ഞാലും അച്ഛന്റെ ഈ അസാന്നിധ്യം അവളെ വല്ലാതെ നൊമ്പരപ്പെടുത്തുന്നുണ്ടായിരുന്നു...

" ഇല്ല മോളെ...... "

വിതുമ്പി വന്ന കണ്ണുനീർ അടക്കിപ്പിടിച്ചു അവർ മറുപടി പറഞ്ഞു... അവരിൽ നിന്നും അടർന്നു മാറിയ ദേവു ചുവരിൽ ഉള്ള അച്ഛന്റെ നിറപുഞ്ചിരിയോടെ ഉള്ള ചിത്രത്തിലേക്ക് നോട്ടം തിരിച്ചു...

" തിരിച്ചു വരുമ്പോൾ എന്നോട് ദേഷ്യമായിരിക്കുവോ അച്ഛന് "

" മോളെ.... "

വിതുമ്പി നിന്ന ജാനമ്മ അലറി കരഞ്ഞു പോയി ആ നിമിഷം...  ഒരു നിമിഷത്തേക്കെങ്കിക്കും ശില കണക്കെ നിന്നു പോയി ഞാനും .

കരഞ്ഞു കലങ്ങിയ കണ്ണുകളോടെ ജാനമ്മ ദേവുവിന്റെ മുഖം കൈകളിൽ കോരിയെടുത്തു...  കരയാൻ വെമ്പി നിൽക്കുകയായിരുന്നു ദേവുവിന്റെ ആ മിഴികളും...

" എന്റെ പൊന്നു മോളെ അച്ഛന് അങ്ങനെ വെറുക്കാൻ പറ്റുവോ...... "

അത്രയും പറഞ്ഞൊപ്പിച്ചു അവരവളെ കെട്ടിപ്പിടിച്ചു...  എല്ലാ സങ്കടങ്ങളും അവരാ നിമിഷം കരഞ്ഞു തീർക്കുകയാണെന്നു തോന്നി എനിക്ക്..  കണ്ടു നില്കാൻ ശേഷി ഇല്ലാതെ ഞാൻ പുറത്തേക്കു നടന്നു... ഏറെ നേരത്തെ കാത്തിരിപ്പിനു ശേഷം ആണ് അവർ ഒരുമിച്ചു പുറത്തേക്കു വന്നത്..  ബൈക്കിൽ കയറുന്നതിനു മുൻപ് ഒരു സ്നേഹ പ്രകടനം എന്ന വണ്ണം ജാനമ്മ അവളെ ചേർത്തു പിടിച് നെറ്റിയിൽ ഒരു ഉമ്മ കൊടുത്തു.  അതേറ്റു വാങ്ങി എന്ന വണ്ണം ദേവു അവരെ നോക്കി ഒന്ന് പുഞ്ചിരിച്ചു..

" പോയിട്ടു വരാം... "

ബൈക്കിൽ കയറി പോരാൻ നേരം ഞാനവരോട് പറഞ്ഞു.

" ഇനി ഇങ്ങോട്ടു വരണ്ടാ മക്കളെ....ഇതൊരു ചെളി നിറഞ്ഞ സ്ഥലമാ..  ഇവിടെ വന്നാൽ നിങ്ങൾക്കും ആ നാറ്റം അടിക്കും...... "

www.kambistories.com

എല്ലാ വിഗാരങ്ങളും അടക്കി വച്ചുള്ള അവരുടെ ആ വാക്കുകൾ കേട്ടു ഒന്ന് പുഞ്ചിരിക്ക മാത്രം ചെയ്തു ഞാൻ വണ്ടി മുന്നോട്ടെടുത്തു....  മനസാകെ മരവിച്ച അവസ്ഥയിൽ ആയിരുന്നു.  ദേവുവിനെ ഇവിടേയ്ക്ക് കൊണ്ടു വന്നത് അപധമായി പോയി എന്ന് തോന്നി....

" വരേണ്ടി ഇരുന്നില്ല അല്ലേ നന്ദുവേട്ട... "

എന്റെ മനസ് വായിച്ചെന്ന പോലെ അവൾ പറഞ്ഞു..

" വേണ്ടായിരുന്നു.... അവിടെ ചെന്നു എവിടെ തിരിഞ്ഞാലും അച്ഛന്റെ ഓർമ്മകൾ ആണ്... മറക്കാൻ പറ്റണില്ല ഒന്നും..... "

നിറഞ്ഞ കണ്ണുകൾ തുടച്ചു അവൾ പറഞ്ഞു. ഒന്നും മറുപടി പറയാതെ ഞാൻ വണ്ടിക്ക് അല്പം കൂടി വേഗത കൂട്ടി..

സമയം ഒരുപാട് വൈകിയിരുന്നു...വീട്ടുമുറ്റത്തു ബൈക് കയറ്റി നിർത്തുമ്പോൾ ഞങ്ങളെ കാത്ത്എന്ന വണ്ണം ഏടത്തിയും അമ്മയും ഉമ്മറത്ത് തന്നെ ഉണ്ടായിരുന്നു..

" ഇതെവിടെ ആയിരുന്നെടാ ഇത് വരെ..... ബൈക്കിൽ കറങ്ങേണ്ട എന്നെത്ര പറഞ്ഞാലും കേൾക്കില്ല അല്ലെ .... "

അപ്പോഴാണ് ഏടത്തി ദേവുവിനെ ശ്രദ്ധിക്കുന്നത്..

" ഇതെന്ന ഇവൾക്ക് പറ്റിയത്.. എന്താ നിന്റെ മുഖം വല്ലാതിരിക്കുന്നെ.... "

www.kambistories.com

" ഞങ്ങൾ ഇവളുടെ വീട്ടിൽ പോയിരുന്നു... "

ഏടത്തിയുടെ എല്ലാ ചോദ്യത്തിനുമുള്ള ഉത്തരം ആയിരുന്നു അതു.. പിന്നെ അവരൊന്നും അവളോട് ചോദിച്ചില്ല.....

====***(******=======*****

രാത്രിയിൽ എപ്പോളോ ഏടത്തി വന്നു എന്നെ തട്ടി വിളിച്ചപ്പോൾ ആണ് കണ്ണ് തുറക്കുന്നത്..

" എടാ.. വന്നപ്പോൾ മുതൽ ആ കൊച്ചു വല്ലാണ്ടിരിക്കുന്നതാ.. ഇത് വരെ ഒന്നും കഴിച്ചിട്ടില്ല. ഞാൻ പറഞ്ഞിട്ട് കേൾക്കുന്നില്ല. നീ ഒന്ന് ചെല്ല്... ആ പെണ്ണങ്ങനെ ഇരിക്കുന്ന കണ്ടിട്ട് സഹിക്കുന്നില്ല...... "

ഈ കുടുംബത്തിലെ ഓരോരുത്തക്കും എന്റെ ദേവുവിനോടുള്ള സ്നേഹം ഞാൻ തിരിച്ചറിയുക ആയിരുന്നു അപ്പോൾ.

ഏടത്തിയുടെ അനുവാദത്തോടെ ഞാൻ ദേവുവിനരികിലെക് നടന്നു.. മുറിയിലേക്ക് കയറുമ്പോൾ ഏടത്തി സൂചിപ്പിച്ചതു പോലെ അവൾ സങ്കടപ്പെട്ടിരിക്ക ആയിരുന്നു. കോളേജിൽ നിന്നു വന്ന അതേ കോലം. എന്നെ മുറിക്കുള്ളിൽ കണ്ടതും അവൾ ചാടി എഴുന്നേറ്റു കട്ടിലിൽ ഇരുന്നു..

" ഏടത്തി പറഞ്ഞു വലിയ കരച്ചിലാണെന്നു.... "

അവളുടെ അടുത്തെക്ക് ചേർന്ന് നിന്നു ഞാൻ എന്റെ വരവിനു ഉദ്ദേശ്യം പറഞ്ഞു.

" സങ്കടം വരുവാ നന്ദുവേട്ട..... ചെറിയമ്മ ഒറ്റക്ക് അല്ലെ.. അവിടെ ..? "

അവളുടെ വാക്കുകളിൽ ഇത്ര നാൾ അവരോടു കണ്ട വെറുപ്പ് അല്ലാതെ സ്നേഹം നിറഞ്ഞിരുന്നു....

" അവരിത്ര നാളും അവിടെ ഒറ്റയ്ക്ക് തന്നെ ആയിരുന്നില്ലേ പെണ്ണെ.... ഇപ്പോൾ ആണോ നിനക്ക് അങ്ങനെ ഒന്ന് തോന്നുന്നേ.... "

" അതു പിന്നെ..... ഇന്നലെ വരെ ഉള്ളത് പോലെ അല്ലല്ലോ എനിക്ക് ഇന്ന്... .... "

" അതിനു ഇങ്ങനെ പട്ടിണി കിടന്നാൽ ശെരി ആകുവോ .. ദേ.. നിനക്ക് വയ്യെന്ന് പറഞ്ഞു എല്ലാവരും സങ്കടപ്പെട്ടിരിക്കാ ഇവിടെ.... "

ഒരു നിമിഷം എന്റെ കണ്ണുകളിലേക്കു നോക്കിയാ ദേവു പെട്ടെന്നെന്റെ നെഞ്ചിലേക്ക് ചാഞ്ഞു... കരയാൻ വെമ്പി നിൽക്കുകയായിരുന്നു അവൾ.

" എന്തൊക്കെ. മാറ്റമാണ് എനിക്ക് വന്നത്... .. സ്നേഹിക്കാൻ മാത്രം ഇന്ന് കുറെ പേരുണ്ടെനിക് ചുറ്റും.....ഞാൻ എത്ര ഹാപ്പി ആണെന്നറിയുവോ നന്ദുവേട്ട....... "

എന്റെ നെഞ്ചിലേക്ക് ചേർന്നിരുന്നു എന്നെ ഇറുകെ പിടിച്ചു അവൾ പറഞ്ഞു..

" എല്ലാറ്റിനും കാരണം എന്റെ ഈ നന്ദുവേട്ടനാ.... എന്തിനാ എന്നെ ഇങ്ങനെ സ്നേഹിക്കണേ..... ഇതിനൊക്കെ എന്താ ഞാൻ പകരം തരുകാ.... .... "

" ആഹാ അപ്പൊ ഇതിനായിരുന്നോ ഈ പെണ്ണ് മുഖവും വീർപ്പിച്ചിരുന്നതല്ലേ..... "

ഏടത്തിയുടെ ശബ്ദം കെട്ടവൾ വേഗം ഞെട്ടി തിരിഞ്ഞു എന്റെ നെഞ്ചിൽ നിന്നു പിടഞ്ഞെഴുന്നേറ്റു..... നോക്കുമ്പോൾ അമ്മയോടൊപ്പം വാതിൽക്കൽ ചാരി ഞങ്ങളെ തന്നെ നോക്കി നിൽക്കയായിരുന്നു ഏടത്തി...

" ദൈവമേ അമ്മ..... " അവരെ കണ്ട ആശ്ചര്യത്തിൽ

അറിയാതെ അവളുടെ വായിൽ നിന്നും അവ്യകതമായി ഞാനത് കേട്ടു.....

www.kambistories.com

" കണ്ടോ അമ്മെ.... ഇപ്പോൾ മനസിലായില്ലേ നമ്മുടെ ചെക്കനിട്ടല്ല ഈ മിണ്ടാപ്പൂച്ചക്കിട്ടാ രണ്ടു പൊട്ടിക്കേണ്ടത്..... "

ഇരമ്പി വന്ന നാണം മറക്കാൻ ആവാതെ അവൾ മുഖം പൊത്തി. അമ്മയ്ക്കും ചിരി വരുന്നുണ്ടായിരുന്നു.. എന്ത് വേണമെന്നറിയാതെ ഞാൻ അവിടെ ഇരുന്നു ഉരുകി. .

" മം. മതി മതി.... വന്നു കഴിക്കാൻ നോക്ക് എല്ലാവരും... "

ആ നേരമത്രയും ആ വീട്ടിലേ ആരും ഒന്നും കഴിച്ചിരുന്നില്ല. ദേവുവിന്റെ വിഷമത്തിൽ അവരും പങ്കാളികളായിരുന്നു.....

കഴിക്കാനിരിക്കുമ്പോഴേക്കും ദേവു പഴയ പോലെ സന്തോഷവതി ആയിരുന്നു... എല്ലാവരും ഒരുമിച്ചു ആണ് കഴിച്ചത്.. തമാശകളും കളി പറയലും ഒക്കെയായി വേഗം ഞങ്ങൾ കഴിച്ചെഴുന്നേറ്റു...

" പണ്ട് ഇവന്റെ ഏട്ടൻ ഉണ്ടായിരുന്നപ്പോൾ ഞങ്ങൾ എല്ലാം ഒരുമിച്ചു ഇവിടെ കിടക്കുമായിരുന്നു..... "

അമ്മയുടെ മുറിയിലെ വലിയ കട്ടിലിൽ എല്ലാവരുമൊത്തു കഥ പറഞ്ഞു ഇരിക്കുമ്പോൾ അമ്മ ദേവുവിനോടായി പറഞ്ഞു..

www.kambistories.com

" അങ്ങനെ കിടക്കാൻ വേണ്ടി ഏട്ടൻ പ്രത്യേകം പറഞ്ഞു ചെയ്യിച്ച കട്ടിൽ ആണിത്... "

ഏടത്തിയും പറഞ്ഞു.. എല്ലാം കേട്ടിരുന്ന ദേവുവിന്റെ ശ്രദ്ധ പക്ഷെ അമ്മയുടെ മടിയിൽ തല വച്ചു കിടന്ന എന്നിൽ ആയിരുന്നു...

" നമുക്കെല്ലാം ഇന്നിവിടെ കിടക്കാം അമ്മെ? "

ഞാൻ ചോദിച്ചു

" അതിനെന്താ കിടക്കാം.... "

അമ്മയുടെ അനുവാദത്തിന് കത്ത് നിൽക്കാതെ ഞാൻ ചാടി കട്ടിലിൽ കയറി കിടന്നു ...

", ചെക്കന്റെ ഒരു ആവേശം കണ്ടില്ലേ....  നീ എന്തിനാ ഈ കിടന്നു കളിക്കുന്നതെന്നു എനിക്ക് മനസ്സിലാവുന്നുണ്ട് ട്ടോ ... "

എന്റെ ഉദ്ദേശ്യം മനസിലായെന്ന പോലെ ഏടത്തി എന്നെ രൂക്ഷമായി നോക്കി.

ഒരവിഞ്ഞ ചിരി അവർക്കു സമ്മാനിച്ചു ഞാൻ അവർക്ക് എതിരെ തിരിഞ്ഞു കിടന്നു..  എന്റെ അടുത്തമ്മയാണ് കിടന്നത്...  അതിനപ്പുറം ദേവു പിന്നെ ഏടത്തി....

" ലൈറ്റ് ഓഫ് ചെയ്യണ്ടാ ട്ടോ അമ്മെ....  ഇവിടെ ഒരാൾക്ക് ഇരുട്ട് പേടിയാ..... "

ദേവുവിനെ കുറിച്ചാണ് ഏടത്തി പറഞ്ഞതെന്ന് എനിക്ക് മനസ്സിലയ്...

" അതു കുഞ്ഞിലേ തൊട്ടു പേടിയാ..  പക്ഷെ ഇപ്പൊ എല്ലാരും ഉണ്ടല്ലോ ലൈറ്റ് ഓഫ് ആക്കിയാലും കുഴപ്പമില്ലമ്മേ.... "

ശബ്ദത്തിൽ അല്പം കൊഞ്ചലും ചേർത്തവൾ പറഞ്ഞു.

www.kambistories.com

" വേണ്ട വേണ്ടാ.....  ഇനി ഇരുട്ട് കണ്ടു എന്റെ മോളു പേടിക്കണ്ട.... "

അമ്മയും അവൾക്കു അനുകൂലമായി പറഞ്ഞു.  ഞാൻ ഉറങ്ങാനെന്ന വണ്ണം പതിയെ കണ്ണുകളടച്ചു.

എന്റെ കുഞ്ഞിലേ മുതലുള്ള കുസൃതിയും ഞാൻ ചെയ്ത  മണ്ടത്തരങ്ങളും ഏടത്തി വന്നതിനു ശേഷമുള്ള എന്റെ ഓരോ അനുഭവങ്ങളും തമാശകളും ഓരോന്നായി നിരത്തി ഇത്തിരി ചേരുവകൾ ഒക്കെ ചേർത്തു കുഴച്ചു ദേവുവിന് മുന്നിൽ വിളമ്പാൻ അമ്മയ്ക്കും ഏടത്തിക്കും വലിയ ആവേശം ആയിരുന്നു പിന്നീട് ... പെണ്ണിന്റെ മുന്നിൽ ഉള്ള വില കൂടി കളയാനുള്ള ശ്രമം ആണിവരെന്നു തോന്നുന്നു... ഞാൻ ഉറങ്ങിയെന്നു കരുതി കാണണം....

" അപ്പൊ ഞാൻ വിചാരിച്ച പോലെ പാവം ഒന്നും അല്ല നന്ദുവേട്ടൻ അല്ലെ അമ്മെ..... "

" നീയ് എന്തിനാ ദേവു അങ്ങനെ ആവശ്യമില്ലാത്തതൊക്കെ വിചാരിച്ചു വച്ചിരിക്കണേ.... നിനക്ക് ഇനിയും മനസിലായിട്ടില്ലേ ഇവനെ.... "

ഏടത്തി പറഞ്ഞു കൊണ്ടിരിക്കെ ഞാൻ അമ്മയുടെ നേരെ തിരിഞ്ഞു അമ്മയെ കെട്ടിപ്പിടിച്ചിരുന്നു....

" ഇപ്പോഴും കുട്ടികളിക്ക് വലിയ കുറവൊന്നും ഇല്ല... . നീ വരുന്നത് വരെ എന്തൊക്കെ പുകിലായിരുന്നെന്നോ...ഇവിടെ ...? "

അവരുടെ തമാശയ്ക് വെറുതെ ഇരുന്നു ചിരിക്കുന്ന ദേവുവിനെ കണ്ടു എനിക്ക് അസൂയ തോന്നി... എന്ത് പെട്ടന്നാണ് ഈ പെണ്ണ് വീട്ടിലെ എല്ലാവരുടെയും മനസ്സിൽ വലിയൊരു സ്ഥാനം പിടിച്ചെടുത്തത്....

ഞാൻ പതിയെ കൈകൾ അമ്മയുടെ ദേഹത്ത് നിന്നും ദേവുവിന്റെ ദേഹത്തേക്ക് എത്തിച്ചു പിടിച്ചു. പതിയെ അവളുടെ വയറിന്റെ ഭാഗത്തു ചെറുതായൊരു ഞുള്ളു വച്ചു കൊടുതു .....

അമ്മെ..... ഒരലറലോടെ അവൾ കട്ടിലിൽ നിന്നു ചാടി എഴുന്നേറ്റു...

" അമ്മെ ഈ നന്ദുവേട്ടനെന്നെ ഞുള്ളി പറിച്ചു.... "

വേദന എടുത്ത ഭാഗം തിരുമ്മി കൊണ്ട് അവൾ എന്നെ ചൂണ്ടി കൈ മലർത്തി ....

" എടാ നന്ദു അടങ്ങി കിടക്കുന്നുണ്ടോ അവിടെ... എന്റെ കൈയിൽ നിന്ന് വാങ്ങിക്കും നീയ്..... "

വെറുതെ ഒന്നു വിരട്ടി അമ്മ കൈ നീട്ടി എന്നെ ഒന്ന് അടിച്ചു.. വേദനിച്ചില്ലെങ്കിലും പിന്നെ ഞാൻ ഒന്നും ചെയ്യണോ മിണ്ടനോ പോയില്ല... ഒരു ചിന്തകൾക്കും മനസ്സിൽ ഇടം കൊടുക്കാതെ.........അന്ന് ഞാൻ .. സുഖമായി ഉറങ്ങി...

ഇടക്കെപ്പഴോ കണ്ണ് തുറന്നു നോക്കി... അമ്മയോട് പറ്റി ചേർന്നു കിടക്കുന്ന ദേവുവിനെ കണ്ടു കണ്ണും മനസ്സും നിറഞ്ഞിരുന്നു.........

തനിക് കിട്ടാതെ പോയ സ്നേഹം അത്രയും ഇന്നവൾ ആവോളം ആസ്വദിക്കുന്നുണ്ടെന്ന് അവളുടെ മുഖത്തു തെളിഞ്ഞു കാണാമായിരുന്നു.. ഉറങ്ങുന്ന പെണ്ണിനും അഴകേറുമെന്നും അപ്പോൾ അവൾക്കു ഇരുട്ടിന്റെ കാവൽക്കാരനായ നിലാവിന്റെ ഭംഗിയുണ്ടാകുമെന്നാരോ എപ്പോഴോ പറഞ്ഞത് ഞാൻ അപ്പോൾ ഓർത്തെടുത്തു.......

ശെരിയാണ് എന്റെ ദേവുവും സുന്ദരിയാണ്...

കോളേജിലും നാട്ടിലും ചുണ്ടത്തു ചായവും മുഖത്തു വെള്ളയും മുടിക്ക് പല വർണവും പൂശി നടക്കുന്ന ഞാൻ ഇന്നുവരെ കണ്ട സുന്ദരിമാരെ പോലെ അല്ല. കണ്ണിൽ കരിമഷിയും നെറ്റിയിൽ കുറിയും മുടിയിൽ തുളസിക്കതിരും മുഖത്തു നാണവും ചാലിച്ച പെണ്ണിന്റെ അഴക് . . അതും ഒരു സൗന്ദര്യം ആണ്..... എന്റെ ദേവുവും ഒരു സുന്ദരി തന്നെ ആണ്............

www.kambistories.com

===*****====****=====*****====******

പലപ്പോഴും ഉറക്കത്തിൽ അവളുടെ അച്ഛനെ ഞാൻ കാണാറുണ്ട്. " എന്റെ മകളെ നന്നായി നോക്കണേ..... " എന്ന അപേക്ഷയുമായി. "

രാവിലെ എഴുന്നേറ്റപ്പോൾ ആരും അടുത്തുണ്ടായിരുന്നില്ല.. ആ വലിയ കട്ടിലിൽ ഞാൻ മാത്രം. ഏടത്തി ചായയും ആയി വന്നു. കോളേജിൽ പോകാൻ ഉള്ള ഒരുക്കങ്ങൾ ആയിരുന്നു പിന്നെ. ദേവുവിനോടൊപ്പം ചിലവഴിക്കുന്ന കോളേജിലെ നിമിഷങ്ങൾ ആണ് ഇന്ന് ഞാൻ ഏറെ കൊതിക്കുന്നത്. കാരണം ആ സമയങ്ങളിൽ എല്ലാം എന്റെ ദേവൂട്ടി സന്തോഷവതിയാണ്. അവളിലെ ആ ചിരി കാണാൻ എന്തും ചെയ്യാം എന്ന ഒരു അവസ്ഥയിൽ അവളെന്നെ ഇന്ന് എത്തിച്ചിരുന്നു.

അവളുടെ അച്ഛന് ഇതെല്ലാം കേൾക്കുന്നുണ്ടോ എന്നെനിക്കറിയില്ല. എങ്കിലും " എന്നിൽ ജീവൻ അവസാനിക്കും വരെ ദേവുവിനെ ഞാൻ ചേർത്തു പിടിക്കും...എന്റെ നെഞ്ചോടു ." അതെന്റെ വാക്കാണ്

******====*****=====*****

ഇത്തവണയും ചെക്കപ്പിനായി പോകുമ്പോൾ ദേവുവിനെ കൂട്ടാതെ ഏടത്തി പോയതിൽ എനിക്കൊരാശ്ചര്യവും തോന്നിയില്ല. കാരണം ഏടത്തിക്കിന്ന് ഞങ്ങളെ അറിയാം. ഞങ്ങളുടെ മനസ്സും. ക്ലാസ്സില്ലാത്തതു കൊണ്ട് താമസിച്ചെഴുന്നേൽക്കാം എന്ന് തീരുമാനിച്ചതാണെങ്കിലും ദേവുവിനോടൊപ്പം

ഒറ്റക്ക് ഇരിക്കാൻ വീട്ടിൽ വച്ചു കിട്ടുന്ന അപൂർവ അവസരങ്ങളിൽ ഒന്നായതു കൊണ്ട് നേരത്തെ എഴുന്നേറ്റു അവര് പോകുന്നത് വരെ ഞാൻ  അവരെ ചുറ്റിപറ്റി നിന്നു. ....

" എന്നെ തൊടണ്ടാട്ടോ നന്ദുവേട്ട..... " അവരെ യാത്രയാക്കി വെറുതെ

എന്നോട് ചേർന്നിരിക്കെ പെട്ടന്നവൾ ആവശ്യപ്പെട്ടു.

"എന്തേ...?  "

" നമ്മൾ അമ്മക്ക് വാക്കു കൊടുത്തല്ലേ...  ഇനി അങ്ങനെ ഒന്നും ഇണ്ടാവില്ല എന്ന്....? "

ആശ്ചര്യത്തോടെ ഞാൻ നോക്കി നിൽക്കേ അവൾ പറഞ്ഞു.

www.kambistories.com

എന്നും എന്നെ പറ്റി ചേർന്നിരിക്കാൻ വാശി പിടിക്കുന്നവളുടെ കുസൃതി കെട്ടു ഞാൻ ഒന്ന് പുഞ്ചിരിച്ചു.

" അതിന് ഞാൻ നിന്നെ ഒന്നും ചെയ്തില്ലല്ലോ...ദേവു .?  "

" ഇല്ല..  എങ്കിലും ഈ ചെക്കന്റെ സ്വഭാവം എപ്പോഴാ മാറുന്നതെന്ന് പറയാൻ പറ്റില്ലേ...  അനുഭവം അങ്ങനെ അല്ലെ.....  "

പഴയ ഓർമ്മകൾ വാക്കുകളിൽ നിറച്ചു ദേവു എന്നെ നോക്കി ചിരിച്ചു..

" അതിനെന്താ ഇപ്പൊ ഒന്ന് തൊട്ടാൽ...  അങ്ങനെ ഒക്കെ നടന്നത് കൊണ്ടല്ലേ  അവരൊക്കെ എല്ലാം അറിഞ്ഞതും എല്ലാം സമ്മതിച്ചതും .....  അല്ലെങ്കിലും ഞാനതെങ്ങനെ പറയും എന്നാലോചിച്ചിരിക്ക

ആയിരുന്നു.  ഇതിപ്പോൾ അവരെല്ലാം അറിയുകയും ചെയ്തു.  എനിക്ക് ഒരടിപൊളി ഉമ്മയും കിട്ടിയില്ലേ......? "

സന്തോഷമെന്നവണ്ണം അവളെ എന്നിലേക്ക് ചേർത്തു പിടിച്ചു ഞാൻ പറഞ്ഞു.

" ഉവ്വ...  എനിക്കൊരടി പൊളിയും തോന്നില്ലാട്ടോ....  ആളെ നോവിച്ചിട്ട ഒരടിപൊളി...  എനിക്കെത്ര വേദനിച്ചുന്നറിയുവോ അന്ന്.  ജീവൻ പോണ പോലെ തോന്നി..... "

എന്റെ കൈ തട്ടി മാറ്റി കേറുവോടെ അവൾ പറഞ്ഞു.  അന്നെന്റെ കൈ അവളുടെ മാറിടങ്ങളിൽ അമർന്നപ്പോൾ അവൾക്കുണ്ടായ വേദന ഇന്നും അവളുടെ മുഖത്തു നിന്നെനിക്കു വായിച്ചെടുക്കാൻ കഴിഞ്ഞു.

www.kambistories.com

" ഉമ്മ വക്കാൻ സമ്മതിച്ചാൽ ഉമ്മ വച്ചാൽ പോരെ...  ഇത് ചുമ്മാ...  കൈയും അനങ്ങാതിരിക്കില്ല ആളും വെറുതെ ഇരിക്കില്ല.. "

ആരോടെന്നില്ലാതെ ആണ് പറയുന്നതെങ്കിലും എല്ലാം എന്റെ നേർക്കുള്ള അവളുടെ ഒളിയമ്പുകളായിരുന്നു .  അവളുടെ പരാതി കേട്ടു എനിക്ക് ചിരിയാണ് വന്നത്.

" ആഹ് ചിരിച്ചോ... ചിരിച്ചോ....  ഇനിയും വരുമല്ലോ.  ഉമ്മ കുമ്മ എന്നൊക്കെ പറഞ്.  അപ്പോൾ ഇതിന്റെ ബാക്കി പറയാം.... സമ്മതിക്കില്ല ഞാൻ ഒന്നിനും..  "

" എന്റെ പൊന്നു ദേവു നി ഇങ്ങനെയുള്ള കടുത്ത തീരുമാനങ്ങൾ ഒന്നും എടുക്കരുത് ട്ടോ...  "

" എടുക്കും.. എനിക്കന്നെത്രക്കു വേദനിച്ചിട്ട... എന്നിട്ടു പറഞ്ഞപ്പോൾ ചിരിക്കുവല്ലേ ചെയ്തേ... അല്ലേലും പണ്ടേ എന്നെ കരയ്ക്കുന്നതും നോവിക്കുന്നതുമൊക്കെ ആണല്ലോ നന്ദുവേട്ടന് ഇഷ്ടം. ... "

അവളുടെ കണ്ണുകൾ പതിയെ നിറയുന്നത് ഞാൻ കണ്ടു. എന്തൊക്കെയോ ഇന്നും അവളുടെ മനസ്സിൽ ഉണ്ടെന്നു ഒരു തോന്നൽ.പരാതി പെട്ടി മുഴുവനായി തുറക്കപ്പെടുന്നതിനു മുൻപേ അവളെ സമാധാനപ്പെടുത്താൻ ഞാൻ തീരുമാനിച്ചു. ..

" എന്തിനാ പെണ്ണെ ഈ കഴിഞ്ഞ കാര്യങ്ങൾ ഒക്കെ ഓർത്തു ഇരുന്നു കരയുന്നത്. അതൊക്കെ കഴിഞ്ഞതല്ലേ...? ഇപ്പൊ ഞാൻ നന്നായില്ലേ... ....? "

" മം.. എങ്കിലും ഇടക്കതൊക്കെ ഓർമ വരും നന്ദുവേട്ട... എല്ലാം ഓർക്കും. അച്ഛനേം അമ്മേനേം.... ഒക്കെ.... രാത്രി കിടക്കുമ്പോൾ എന്നും ഓർക്കും..ചിലപ്പോൾ സങ്കടം വരും. . "

" രാത്രി അതൊന്ന് ഓർക്കാതിരിക്കാൻ എന്റെ കൈയിൽ ഒരു മരുന്നുണ്ട്.... "

എന്റെ കള്ള ചിരി കണ്ടിട്ടും മനസിലാവാതെ അവൾ എന്നെ ചോദ്യ ഭാവത്തിൽ നോക്കി.

" എന്താ....? " ചോദിക്കേണ്ട താമസം. ഞൊടിയിടയിൽ അവളുടെ കവിളിൽ എന്റെ ചുണ്ടു ഞാൻ പതിച്ചിരുന്നു... അവളുടെ തുടുത്ത കവിളിൽ എന്റെ ചുംബനത്തിന്റെ നനവ് അവൾ അറിഞ്ഞു. ഒന്ന് ഞെട്ടിയത് പോലെ തോന്നി. എല്ലാം ഒറ്റ സെക്കന്റിൽ..

" രാത്രി ഇതോർത്തു ഇന്ന് കിടന്നാൽ മതി. അപ്പോൾ വിഷമം വരില്ല.. " നാണം കൊണ്ടു ചുവന്നു തുടുത്ത അവളുടെ മുഖം അപ്പോൾ അസ്തമയ സൂര്യന്റെ പ്രകാശത്തോളം

ഭംഗിയുള്ളതായിരുന്നു..എന്നിൽ നിന്നവൾ അങ്ങനെ ഒന്ന് പ്രതീക്ഷിച്ചിട്ടുണ്ടാവില്ല.... .. എങ്കിലുമാ കണ്ണുകളിൽ തിളക്കത്തിന് പുറമെ കൂടുതൽ നിറഞ്ഞിരുന്നതായി തോന്നി.

" ഇനി എന്തിനാ പെണ്ണെ.. നീ ഈ കരയുന്നെ..... ? "

അവളുടെ മുഖമെന്റെ നേരെ ഉയർത്തി ഞാൻ ചോദിച്ചു...

" പോ നന്ദുവേട്ട..... "

എന്റെ വാക്കും എന്റെ നോട്ടവും നേരിടാനാവാതെ അവളെന്റെ നെഞ്ചിലേക്ക് മുഖം പൂഴ്ത്തി.. നാണം കൊണ്ട്....

"എന്റെ ദേവൂട്ടിയുടെ ഈ കണ്ണുകൾ ഇനിയും നിറയാതിരിക്കാൻ ഞാൻ എന്താ ചെയ്യണ്ടേ..... ? "

അവളെ മാറോടു ചേർത്തു നിർത്തി ഞാൻ ചോദിച്ചു....

www.kambistories.com

" എന്നെ എന്നും ഇത് പോലെ സ്നേഹിക്കുവോ.... ? "

അവളുടെ ആവശ്യം ഞാൻ പ്രതീക്ഷിച്ചിരുന്നതാണ്. മറുപടിയായി അവളെ എന്നിലേക്ക് ഞാൻ കൂടുതൽ ചേർത്തു വച്ചു..

" എന്റെ ഈ ജീവിതം മുഴുവൻ ഇനി എന്റെ പെണ്ണിനെ ഇങ്ങനെ ചേർത്തു പിടിച്ചു സ്നേഹിക്കാൻ ഉള്ളതല്ലേ...? "

ആാ വാക്കുകൾ അവളിലും ആശ്വാസമായി എന്നവളെന്നിലേക്കു കൂടുതൽ ചേർന്നിരുന്നപ്പോൾ എനിക്ക് മനസ്സിലായി....

" ദേവൂട്ടി..... "

" മം..... "

എന്റെ നെഞ്ചിലെ ചൂട് ആസ്വദിക്കേ മറുപടി അവളൊരു മൂളലിൽ ഒതുക്കി.

" ഇനി രാത്രി അച്ഛനേം അമ്മേനേം സ്വപനം കണ്ടു കരയുവോ...? "

" പോ നന്ദുവേട്ട കളിയാക്കതേ.... "

എന്റെ നെഞ്ചിൽ ശക്തിയായി അവളൊന്നിടിച്ചു ചിണുങ്ങി കൊണ്ട് പറഞ്ഞു.

" തമാശ അല്ല പെണ്ണെ.... പറ.. ഇനി അവരെ സ്വപനം കാണുമോ? "

www.kambistories.com

" ഇല്ല... " ഉടനെ തന്നെ മറുപടി എത്തി.

" പിന്നെ ആരെ കാണും....? "

" നന്ദൂട്ടനെ.... !"

അല്പം നാണം കലർത്തി ചൂണ്ടു വിരൽ എന്റെ നെഞ്ചിൽ കുത്തി എന്നെ നോക്കാതെ അവൾ ഉത്തരം തന്നു..

" പിന്നെ എന്താ... ഇനി കാണുക...? "

എന്റെ ചോദ്യങ്ങൾക്ക് അറുതി ഇല്ലായിരുന്നു. വെറുതെ അവളെ വട്ടാക്കാനൊരു ശ്രമം. പക്ഷേ എന്നെ അത്ഭുതപ്പെടുത്തിയത് അവളുടെ അടുത്ത നീക്കം ആയിരുന്നു..

ചോദിച്ചു തീരുന്നതിനു മുൻപേ അവളുടെ ആ നനുത്ത ചുണ്ടുകൾ എന്റെ കവിളിൽ പതിച്ചിരുന്നു.. അപ്രതീക്ഷിതമായിട്ടാണെങ്കിൽ കൂടിയും ആ ചുംബനത്തിൽ മനസ്സിൽ ഒരായിരം ലഡ്ഡു പൊട്ടിയ സന്തോഷം ഞാൻ അപ്പോൾ ആസ്വദിച്ചു.

" ഇത്.... "

മറുപടിയായി പറഞ്ഞവളെന്റെ കണ്ണുകളുടെ കോണിൽ നിന്നും നാണം മറക്കാൻ മുഖം തിരിച്ചു.

ഇത്ര നേരവും അവളിൽ കണ്ട പരിഭവവും കുറുമ്പും എല്ലാം ഒറ്റ നിമിഷത്തിൽ മാറി നാണം മാത്ര അവളിൽ തളം കെട്ടി.

എന്തെന്നില്ലാത്ത സന്തോഷവും ആനന്ദവും വന്നു മൂടി എന്ത് വേണമെന്ന അവസ്ഥയിൽ ആയിരുന്നു ഞാൻ. അവളുടെ ഒരു ചുംബനത്തിൽ അല്ല അതിനു ശേഷമുള്ള അവളുടെ ഈ ചെറു നാണം ആണെന്നെ കൂടുതൽ ആസ്വാദ്യകരമാക്കിയത്...

" എന്നാൽ ഈ ചെറിയ സ്വപ്നം ഒക്കെ മാറ്റി നമുക്കല്പം വലിയ സ്വപ്നം കാണാൻ പഠിച്ചാലോ ദേവൂട്ടി....? "

www.kambistories.com

ചെറിയ കൊഞ്ചലോടെ അവളെ എന്നിലേക്ക് ചേർത്തിരുത്തി ഞാൻ ചോദിച്ചു.

എന്റെ വാക്കുകളിൽ ഒളിഞ്ഞിരുന്ന ദുരൂഹത അവൾക്കപ്പോൾ കൃത്യമായി മനസിലായി. ഞാൻ പറഞ്ഞതിനർദ്ധം മനസിലായി എന്ന രീതിയിൽ അവൾ എന്നെ രൂക്ഷമായി ഒന്ന് നോക്കി..

" അതൊന്നും വേണ്ടാ ട്ടോ ... ഞാനിതൊക്കെ വച്ചു കുഞ്ഞി സ്വപ്നമൊക്കെ കണ്ടു നേരം വെളുപ്പിച്ചോളാം... മോൻ അത്രക്ക് ബുദ്ധിമുട്ടണ്ടാ... "

" ശെരി വേണ്ടെങ്കിൽ വേണ്ട. ഏതായാലും ഇത്ര ആയില്ലേ.. എന്നാൽ ഒരു ഉമ്മ കൂടി താ ദേവു.. "

" പറ്റില്ലാട്ടോ നന്ദുവേട്ട.... അതൊന്നും വേണ്ട. അവരറിഞ്ഞാൽ ചീത്ത കേൾക്കുവേ...."

" അതിനവര് അറിയാതിരുന്നാൽ പോരെ... "

ഞാൻ അവളിലേക്ക് അടുക്കാൻ ശ്രമിക്കുംതോറും അവൾ പിന്നോക്കം മാറി ഇരിക്കാൻ ശ്രമിക്കുന്നുണ്ടായിരുന്നു... പെട്ടന്നവളെന്നെ രണ്ടു കൈ കൊണ്ടും എന്നെ ശക്തിയായി പിന്നിലേക്ക് തള്ളി മാറ്റി.

" മാറിക്കെ... വെറുതെ കള്ളത്തരം കാട്ടാൻ നിക്കണ്ടാ ട്ടോ നന്ദുവേട്ട. ഞാൻ സമ്മതിക്കില്ല.... "

മൗനത്തിന് എന്നും ചില നേരങ്ങളിൽ പല അർത്ഥങ്ങളും ഉണ്ടാകും . ആ നേരവും അവളുടെ മുന്നിൽ ഞാൻ പാലിച്ച ആ മൗനത്തിനും വെടക്ക് ചിരിക്കും ഉണ്ടായിരുന്നു പല അർത്ഥങ്ങളും . അതു മനസിലായി എന്ന വണ്ണം ദേവു എന്റെ അടുത്ത് നിന്നകന്നു മാറി നിന്നു.

www.kambistories.com

" നന്ദുവേട്ട.... വേണ്ടാട്ടോ.. എനിക്ക് പേടിയാ... അമ്മ ഒക്കെ ഇപ്പൊ തന്നെ വരും.... "

വെറുമൊരു കാരണമെന്ന വണ്ണം അവളതു പറഞ്ഞു തിരിഞ്ഞു നടക്കാൻ തുടങ്ങിയതും ഞാൻ അവളുടെ കൈയിൽ കയറി പിടിച്ചു.

ഒരു നിസ്സഹായ ഭാവം അവളിൽ വന്നു നിറഞ്ഞു. എങ്കിലും അവളെ അങ്ങനെ വിടാൻ എന്തോ മനസ്സനുവദിക്കുന്നില്ല.

അതു കൊണ്ട് തന്നെയാവാം എന്നെ തള്ളി നീക്കി അവൾ മുറിയിലേക്ക് പോയപ്പോഴും പിന്നാലെ പോകാൻ എന്നെ പ്രേരിപ്പിച്ചതും. മുറിക്കുള്ളിലെ ചുവരുകൾക്കുള്ളിൽ എന്റെ ദേവുവിന്റെ നാണവും സ്നേഹവും ഒതുങ്ങി കൂടി. പിന്നിൽ നിന്നു കയറി അവളെ ചുറ്റി വരിയുമ്പോൾ അത് പ്രതീക്ഷിച്ചെന്ന മട്ടിൽ അവൾ നിന്നതേ ഒള്ളു..

" നന്ദുവേട്ട എനിക്ക് പേടിയാ.... അച്ഛനൊക്കെ വന്നിട്ട് എല്ലാരും സമ്മതിച്ചിട്ടു പോരെ നമുക്ക് എല്ലാം .... പ്ലീസ്..... "

അവസാനമായി അവളൊന്നു കൂടി ചോദിച്ചു.. അവളുടെ ശരീരത്തിലെ ചൂട് നെഞ്ചിലറിഞ്ഞപ്പോഴേ എന്റെ രക്തം തിളക്കാൻ തുടങ്ങിയിരുന്നു. അവളോട് ചേർന്ന് നിൽക്കുമ്പോൾ ആദ്യമായി മനസ്സിൽ മറ്റൊരു ചിന്ത കടന്നു വന്നു....

" അച്ഛന്റെ വന്നിട്ട് ആണെങ്കിൽ ഈ ജന്മത്ത് നടക്കുമെന്ന് തോന്നുന്നില്ല..... "

ആവേശം വര്ധിക്കുന്നതിനിടയിൽ എന്റെ നാവിനെ പോലും എനിക്ക് നിയന്ത്രിക്കാൻ കഴിഞ്ഞില്ല. കേട്ട പാടെ അവളെന്റെ നേർക്കു തിരിഞ്ഞു നിന്നു. എന്റെ കണ്ണുകളിലേക്കു ദയനീയമെന്ന വണ്ണം ഒന്ന് നോക്കി...

" അപ്പൊ എന്റെ അച്ഛൻ ഇനി വരില്ലെന്നാണോ നന്ദുവേട്ടനും വിചാരിച്ചേക്കണേ.... " .

എന്റെ ആ വാക്കുകൾ അവളെ നോവിച്ചെന്നു ആ നിമിഷം എനിക്ക് മനസിലായി... എന്റെ കണ്ണുകളിലേക്കു നോക്കി നിൽക്കേ തന്നെ അവളുടെ കണ്ണുകൾ നിറഞ്ഞൊഴുകാൻ തുടങ്ങുക ആയിരുന്നു.....

www.kambistories.com

" എന്റെ പൊന്നു പെണ്ണെ.. നീ ഇങ്ങനെ തൊട്ടതിനും പിടിച്ചതിനും ഒക്കെ കരയാൻ നിൽക്കല്ലേ..... "

" പിന്നെ എന്തിനാ നന്ദുവേട്ടൻ അങ്ങനെ പറഞ്ഞെ..... "

എന്റെ മുന്നിൽ കേറുവോടെ എന്നെ നോക്കി അവൾ ചോതിച്ചു. അച്ഛന്റെ കാര്യം ഓർക്കുമ്പോൾ എന്നും തോന്നുന്ന വിഷമത്തിനു പുറമെ ഇന്നെന്നിൽ അല്പം ദേഷ്യവും കൂടി ചേർന്നു.

" അതിനു ഞാൻ എന്ത് പറഞ്ഞു എന്ന? ശെരി ഇനി അത് പറഞ്ഞു കരയാൻ നിക്കണ്ടാ.. നിന്റെ അച്ഛന്റെ വന്നിട്ട് മതി എല്ലാം പോരെ....? ഓരോന്ന് പറഞ്ഞിനീ കരയാൻ നിക്കണ്ടാ "

അല്പം കനത്ത ശബ്ദത്തിൽ തന്നെ പറഞ്ഞു

അവളുടെ അടുത്ത് നിന്നും അല്പം നീങ്ങി നിന്നു... .. അച്ഛന്റെ കാര്യം പറഞ്ഞു അവളുടെ മനസ്സെത്രത്തോളം നീറുന്നുണ്ടോ അതിനേക്കാളേറെ എന്റെ ഹൃദയവും നീറുന്നുണ്ടായിരുന്നു. അവളോടത്തിനെ കുറിച്ച് സംസാരിക്കാൻ തന്നെ ഒരു പേടിപോലെ.. പക്ഷേ പുറമെ കാട്ടി അവൾക്കു സംശയം കൊടുക്കാതിരിക്കാൻ ഞാനപ്പോഴും ശ്രദ്ധിച്ചു...

" അപ്പോഴേക്കും പിണങ്ങിയോ... ഞാൻ വെറുതെ പറഞ്ഞതാ നന്ദുവേട്ട..... "

എന്റെ ആ നിൽപ്പ് കണ്ടിട്ടാകാം.ഞാൻ അവളോട് പിണങ്ങി എന്ന മട്ടിൽ അവൾ അങ്ങനെ പറഞ്ഞത്. ഞാൻ മറുപടി ഒന്നും പറയാതെ തിരിഞ്ഞു തന്നെ നിന്നു. കണ്ണുകൾ തുടച്ചു നീക്കി അവളെന്നെ നോക്കി പുഞ്ചിരിച്ചു. എങ്കിലും എനിക്കാ പുഞ്ചിരി മാത്രം മതിയായിരുന്നില്ല.

" പിണങ്ങല്ലേ നന്ദുവേട്ട.. ഞാൻ ചുമ്മാ പറഞ്ഞതാ... ദേ... നന്ദുവേട്ടന് ഇപ്പൊ ഉമ്മ അല്ലെ വേണ്ടത്.. ഞാൻ തരാം വാ.... "

കുഞ്ഞി കുട്ടികളെ താലോലിക്കാൻ കൈകൾ നീട്ടി വിളിക്കുന്ന പോലെ അവളെന്റെ നേരെ കൈകൾ നീട്ടി... എനിക്കതെല്ലാം കണ്ടു ചിരി വരുന്നുണ്ടായിരുന്നു എങ്കിലും ദേവുവിലെ നിഷ്കളങ്ക ഭാവം കാണാൻ ഞാൻ അല്പം പിണക്കം അഭിനയിച്ചു..

" നന്ദുവേട്ട... ഇങ്ങോട്ടു നോക്കിക്കേ.... "

തിരിഞ്ഞു നിന്ന എന്റെ മുന്നിലെക്കു കയറി നിന്നു അവൾ പറഞ്ഞു. എങ്കിലും പിണക്കം കുറക്കാൻ എനിക്ക് തോന്നിയില്ല.

" എന്ത് കഷ്ടം ആന്നു നോക്കിക്കേ.. ഞാൻ അല്ലെ വഴക്ക് ഇട്ടേ.. എന്നിട്ട് എന്നോട് എന്തിനാ പിണങ്ങുന്നേ... ദേ... ഞാൻ ഉമ്മ തരാന്നു പറഞ്ഞല്ലോ... പിന്നെ എന്താ.... "

നിന്ന നിൽപ്പിൽ എന്നെ ചുറ്റി വരിഞ്ഞു അവൾ പറഞ്ഞു നിർത്തി..

" ഇനി ഉമ്മ മാത്രം പോരെ..  നന്ദുവേട്ടന്റെ ഇഷ്ടം പോലെ.... എന്നെ എന്ത് വേണമെങ്കിലും ചെയ്തോ.. എന്നോട് പിണങ്ങല്ലേ നന്ദുവേട്ട.... ദേവൂട്ടി ഒരു തമാശ പറഞ്ഞതല്ലേ നന്ദുവേട്ട.  എനിക്കറിയാലോ എന്റെ അച്ഛനെ എന്നാണെങ്കിലും എന്റെ നന്ദൂട്ടൻ കണ്ടുപിടിച്ചു കൊണ്ടുവരുമെന്ന്...  "

അധികമായാൽ അമൃതും വിഷമാണെന്ന് പഴമക്കാർ പറയുന്നതു പോലെ എന്റെ കുസൃതിയും അല്പം കൂടി പോയി...  അവളുടെ അവസാനത്തെ വാക്കുകൾ അല്പം വിതുമ്പലോടെ ആണവൾ അവസാനിപ്പിച്ചത്... അവൾ ആത്മാർഥമായി പറഞ്ഞതല്ലെങ്കിലും ആ വാക്കുകൾ എന്റെ ഉള്ളം നീറിച്ചു. ഇനിയും ഇത്  തുടർന്നു പോകാൻ താല്പര്യമില്ലാത്ത കൊണ്ട് ഞാൻ ദേവുവിനെ ഇടുപ്പിലൂടെ കൈകൾ കടത്തി അവളെ എന്നിലേക്ക് ചേർത്തു പിടിച്ചു.. ഒരു പുഞ്ചിരിച്ചു മാത്രം ആയിരുന്നു അവളുടെ മറുപടി..

" താ..... "

കണ്ണുകൾ അടച്ചു ഇടത്തെ കവിൾ എന്റെ നേരെ ചരിച്ചവൾ ആവശ്യപ്പെട്ടു...

" വേണ്ട ദേവു അമ്മ അറിഞ്ഞാൽ വഴക്ക് പറയും .....  "

അവളുടെ അതെ ശൈലിയിൽ അല്പം കുസൃതി കലർത്തി ഞാൻ പറഞ്ഞു.

" കളിക്കാതെ ഉമ്മ താ നന്ദുവേട്ട..... "

ചോദിച്ചു തീരേണ്ട താമസം.  അവളുടെ കവിളിൽ എന്റെ ചുണ്ടുകൾ വീണ്ടും പതിച്ചിരുന്നു...  ഇത്തവണ ചുണ്ടുകൾ കവിളിൽ കവിത രചിക്കുക ആയിരുന്നു..  അവളുടെ കവിളിലും നെറ്റിയിലും ആ തുടുത്ത മുഖത്തു എല്ലാം ഞാൻ ഞങ്ങളുടെ സ്നേഹത്തിന്റെ പുതിയ കാവ്യം രചിക്കാൻ തുടങ്ങി ഇരുന്നു.. ഒരെതിർപ്പും കൂടാതെ  എന്നെ ചേർത്തു പിടിച്ചവൾ അതെല്ലാം ആസ്വദിക്കുന്നു എന്നറിഞ്ഞപ്പോൾ എന്നിൽ ആവേശം ഇരട്ടിക്കുകയായിരുന്നു...

പതിയെ അവളെയും കൊണ്ടു കട്ടിലിലേക്കു മറിയുമ്പോൾ ആർത്തലച്ചുള്ള അവളുടെ ചിരി എന്റെ കാതുകളിൽ മുഴങ്ങി.

അവളെ അങ്ങനെ ഒരവസ്ഥയിൽ കണ്ട എനിക്ക് അധികം പിടിച്ചു നിൽക്കാൻ പറ്റില്ലായിരുന്നു..

ദേവുവിന്റെ വിയർപ്പു പൊടിഞ്ഞ കഴുത്തിൽ എന്റെ ചുണ്ടുകൾ പതിഞ്ഞു.. അവളിലെ വിയർപ്പിന്റെ ഉപ്പു രസമെന്റെ നാവറിഞ്ഞ നിമിഷം അവളിൽ നിന്നും അവ്യക്തമായി ഒരു ശബ്ദം ഉയർന്നു. എന്റെ ദേവുവിൽ ഒളിഞ്ഞിരിക്കുന്ന രതി എന്ന വിഗാരത്തിന്റെ ആദ്യ കവാടം അവളുടെ കഴുത്തിന്റെ നേർത്ത കണികകൾ ആണെന്നു ഞാൻ ഉണർന്നു.. അവളിലെ കാമ രസങ്ങൾ ഓരോന്നായി എന്റെ ചുണ്ടുകൾ ഉണർത്തി എടുക്കുന്നതായി എനിക്ക് തോന്നി...... ഒന്നെതിർക്കുക കൂടി ചെയ്യാതെ എന്റെ ദേവു എന്റെ പ്രവൃത്തികളിൽ ആസ്വാദനം കണ്ടെത്തി. മുൻപത്തെ പോലെ ആവേശം കാണിക്കാൻ ഞാൻ തയ്യാറായിരുന്നില്ല. എന്റെ ദേവുവിനെ ഇനി ഒരു തവണ കൂടി നോവിക്കാനും എനിക്കാവില്ലായിരുന്നു..... അമ്മക്ക് കൊടുത്ത വാക്കിന്മേൽ തുടങ്ങിയ സംഭാഷണം അതെ കാരണത്താൽ ഇന്ന് കാറ്റിൽ പറന്നിരുന്നു....

എങ്കിലും ആ ആസ്വാദനത്തിനധികം ആയുസ്സുണ്ടായിരുന്നില്ല.... ഞങ്ങളെ ഇരുവരെയും ഞെട്ടിച്ചു കൊണ്ട് ഹാളിലെ ഫോൺ വൻ ശബ്ദത്തോടെ ഞങ്ങളിലെ നിശബ്ദതയെ ഇല്ലാതാക്കി.. ഒരു ഞെട്ടലോടെ അവളെന്നെ അവളിൽ നിന്നും തള്ളി നീക്കി .. ഹാളിലേക്കോടി... ഫോൺ എടുത്തു...

www.kambistories.com

" ഹലോ.... "

" ആഹ് ചേച്ചി..... നിങ്ങലെത്താറായോ..? "

" ആഹ് ഞാൻ അടുക്കളയിൽ ആയിരുന്നു.... "

മറുപടികൾ മാത്രമായി ഫോണുമായി അവളെന്റെ അരികിൽ കട്ടിലിൽ കയറി ഇരുന്നു.. എന്തോ പോയ അണ്ണാനെ പോലെ ഉള്ള എന്റെ ഇരിപ്പു കണ്ടവൾ ചിരിയടക്കുന്നുണ്ടായിരുന്നു...

എന്തൊക്കെയോ പറഞ്ഞു അവൾ ഫോൺ കട്ട് ആക്കി വീണ്ടും എന്റെ ഒപ്പം കയറി കിടന്നു.. എന്നെ ചുറ്റി പിടിച്ചു.

" ചേച്ചിയാ .. അവർ കവലയിൽ എത്തി എന്ന്..  എനിക്കെന്തെങ്കിലും വേണോ എന്നറിയാൻ വിളിച്ചതാ....
"

എന്നും ഞങ്ങളുടെ പ്രേമം സല്ലാപത്തിൽ കരടായി കടന്നു വരുന്ന ഏടത്തിയെ ഇന്നു വീണ്ടും ഞാൻ മനസ്സിൽ ശപിച്ചു..

" ഓഹ്..  എന്നാൽ പിന്നെ നമ്മൾ ഇങ്ങനെ ഇരിക്കുന്നത് കാണണ്ട അല്ലെ.  "

ആരോടോ ഉള്ള ദേഷ്യം എന്ന പോലെ ഞാൻ ദേവുവിനോട് പറഞ്ഞു മുഖം വീർപ്പിച്ചു.  പാതിയിൽ നിന്നു പോയ സുഖത്തിന്റെ വിഷമത്തിൽ ആയിരുന്നു ഞാൻ..

" എന്തിനാ നന്ദുവേട്ട എന്നോട് വഴക്കിടുന്നെ...  ഞാൻ ഒന്നും ചെയ്തില്ലല്ലോ.... ഇങ്ങനെ ആണെങ്കിൽ ഞാൻ മിണ്ടില്ലാട്ടോ.... "

www.kambistories.com

വഴക്കു കൂടാൻ ആണെങ്കിൽ ഇവളെ കഴിഞ്ഞേ വേറെ ആരും കാണു...  ചെറിയ കാര്യങ്ങൾക്കു പോലും വഴക്ക് കണ്ടുപിടിക്കാനും അതിൽ കണ്ണ് നിറക്കാനും ദേവു മിടുക്കി ആണെന്ന് കുറച്ചു നാളുകൾ കൊണ്ട് തന്നെ തെളിയിച്ചതാണ്.

" എനിക്കെന്റെ കെട്ട്യോളെ ഒന്നു തൊടാൻ പോലും ഇപ്പോളും മറ്റുള്ളവരുടെ അനുവാദം വേണമെന്നായല്ലോ...? "

പിണക്കം നടച്ചു തിരിഞ്ഞു കിടന്ന ദേവു കേൾകാനായി ഞാൻ പറഞ്ഞു.

" ആഹ് അതെ...  കെട്ട്യോളെ വേണ്ടെന്നു പറഞ്ഞപ്പോൾ ഓർക്കണമായിരുന്നു... "

ഉടനെ തന്നെ മറുപടി കിട്ടി.

" അതിൽ ഞാനിന്നു ഖേദിക്കുന്നു...  "

ദേവുവിന്റെ ഇടുപ്പിലൂടെ കൈ കടത്തി അവളെ ഇക്കിളിയാക്കി കൊണ്ട് ഞാൻ അത് പറയവേ പൊട്ടിച്ചിരിച്ചു കൊണ്ടവൾ കട്ടിലിൽ കിടന്നുരുണ്ടു പോയി...

" നന്ദുവേട്ട....  ഒന്നടങ്ങി ഇരുന്നെ. എന്തുവാ.ഇത് ...  "

ചിരിക്കിടയിലും എന്റെ നേരെ അവൾ തിരിഞ്ഞു കിടന്നു .  പരാതിയും പരിഭവവും പോയ്മറഞ്ഞ കണ്ണുകളിൽ പ്രേമത്തിന്റെ തിളക്കമാർന്ന ഭാവത്തോടെ അവളെന്നെ ഉറ്റു നോക്കി... അല്പ നേരം ഞങ്ങളുടെ കണ്ണുകൾ തമ്മിൽ ഉടക്കി നിന്നിരുന്നോ...

" എന്തിനാ ദേവു നീ എന്നെ ഇങ്ങനെ സ്നേഹിക്കുന്നെ.....? "

മറുപടിക്കു കാത്തു നിൽക്കേണ്ടി വന്നില്ല മുറ്റത്തു ഓട്ടോ വന്നു നിൽക്കുന്ന ശബ്ദം കെട്ടു ദേവു കട്ടിലിൽ നിന്നും ചാടി എഴുന്നേറ്റു.  പുറത്തേക്കിറങ്ങി ഒരോട്ടമായിരുന്നു അവൾ പിന്നെ... മുൻവാതിൽ തുറക്കപ്പെട്ടപ്പോൾ ആണ് സത്യത്തിൽ ഞാൻ ഇരിക്കുന്നത് ഏടത്തിയുടെ മുറിയാണെന്ന ബോധം വന്നത്.  ദേവു ഓടി കയറിയത് ഈ മുറിയിലേക്കായിരുന്നോ..  വെപ്രാളത്തിൽ മുറിക്കു പുറത്തേക്കു ഇറങ്ങി ഓടി എത്തിയത് ഏടത്തിയുടെ മുന്നിലേക്കാണ്.

" എന്താടാ....?  "

എന്റെ വെപ്രാളം കണ്ടു ഏടത്തി പുരികമുയർത്തി ചോദിച്ചു..

" ഞങ്ങൾ വെറുതെ സംസാരിക്കുകയായിരുന്നു.... "

അവരുടെ ചോദ്യത്തിന് ഉത്തരം അതല്ലെങ്കിലും അടുത്ത ചോദ്യം അതാകുമെന്നു കരുതി ഞാൻ പറഞ്ഞു..

" മം..സംസാരിക്കാൻ.. ! നീയ്? .. " ചോദ്യങ്ങളിൽ മാത്രം വാക്കുകൾ ഒതുക്കി ഏടത്തി എന്റെ മുന്നിലേക്ക് കയറി നിന്നു.. കൈ എത്തിച്ചു എന്റെ നെറ്റിയിൽ നിന്നെന്തോ തൂത്തു കളഞ്ഞു. കുങ്കുമം... ദേവുവിന്റെ നെറുകയിലെ കുങ്കുമം എന്റെ നെറ്റിയിൽ അച്ചു കുത്തിയത് പോലെ പതിഞ്ഞിരുന്നു. അത് ഞാനോ അവളോ കണ്ടില്ല.... ഏടത്തിയുടെ മുന്നിൽ ഞാൻ നിന്നുരുകി വിയർത്തു. എല്ലാം കണ്ടു നിന്ന ദേവു ഏടത്തിയുടെ പിന്നിൽ ഒളിച്ചു... ഏടത്തിയുടെ മുന്നിൽ ഒരിക്കൽ കൂടി നാണംകെട്ടതിന്റെ വിഷമത്തിൽ ഞാൻ തല കുനിച്ചു നിന്നു.

ഓട്ടോയിക്ക് കാശ് കൊടുത്തു കയറി വന്ന അമ്മ കാണുന്നത് ഏടത്തിയുടെ മുന്നിൽ നിന്നു പരുങ്ങുന്ന എന്നെയാണ്.

" എന്താ മോളെ...? "

www.kambistories.com

" ഒന്നുമില്ലമ്മേ......"

ഏടത്തിയുടെ മറുപടിക്ക് കാത്തു നിൽക്കാതെ അമ്മ മുറിക്കകത്തേക്കു കയറി പോയി.

" നിങ്ങളെ ഒറ്റക്കിരുത്തി പോയപ്പോഴേ എനിക്കറിയാമായിരുന്നു എന്തെങ്കിലും ഒപ്പിക്കും എന്ന്.. ആ ചേട്ടന്റെ അല്ലെ അനിയൻ... "

കിട്ടിയ അവസരത്തിൽ ഏടത്തിയും എന്നെ കളിയാക്കി.. ഒന്നും മിണ്ടാതെ നിൽക്കാനേ എനിക്കായൊള്ളൂ.

" നിന്നു വിയർക്കാതെ അപ്പുറത്തേക്കെങ്ങാനും പോ ചെക്കാ... ഇനി അമ്മക്ക് കൂടി സംശയം ഉണ്ടാക്കേണ്ട... അമ്മ അറിയാതിരിക്കാനാ.. എത്താറായി എന്ന് നേരത്തെ വിളിച്ചു പറഞ്ഞത്. എന്നിട്ടും രണ്ടിനും ബോധം ഇല്ലല്ലോ ദൈവമേ......... "

അവരങ്ങനെ കൂടി കൂട്ടിച്ചേർത്തപ്പോൾ ആണ് ഏടത്തിക്കുള്ളിലെ വലിയ മനസ്സ് എന്റെ മുന്നിൽ തെളിഞ്ഞു വന്നത് .. നിലവിളക്കിട്ടു പൂജിക്കാൻ പോന്നതാണെന്റെ പൊന്നേട്ടത്തികിന്നെന്റെ ഉള്ളിലെ സ്ഥാനമെന്ന് ഞാൻ ഉണർന്നു. എങ്കിലും ഒന്നും മിണ്ടാതെ ഞാൻ അവിടെന്നു രക്ഷപ്പെട്ടു....

***====****====****====

" ഇന്നലെ ചേച്ചിയുടെ മുന്നിൽ നിന്നു എന്റെ തൊലിയുറിഞ്ഞു പോയി.... "

കടൽ തീരത്തെന്നോട് ചേർന്നിരിക്കെ അവൾ പരാതി പെട്ടി തുറന്നു.

" സാരമില്ല. നമ്മുടെ ഏടത്തി അല്ലെ? "

" പിന്നെ ... എന്നെ അവിടെ ഒറ്റക്കാക്കിട്ടു മുങ്ങില്ലേ ദുഷ്ടൻ. രാത്രി എല്ലാം കിള്ളി കിള്ളി ചോദിച്ചു.. എനിക്കാണെങ്കിൽ നാണം വന്നിട്ട് പാടില്ലായിരുന്നു . "

അവളുടെ സംസാരം കെട്ടു എനിക്ക് ചിരിയാണ് വന്നത്..

" ചിരിച്ചോ.. ചിരിച്ചോ... ഞാനപ്പോഴേ പറഞ്ഞതാ. വേണ്ടന്നു. എന്നിട്ട് എല്ലാം കഴിഞ്ഞു എന്നെ ഒറ്റക്കവിടെ ഇട്ടിട്ടു ഒരു പൊക്കല്ലേ.... ശരിയാക്കി തരണൊണ്ട് ഞാൻ. "

അവളുടെ കെറുവ് കേട്ടു വീണ്ടും ഞാനൊന്നു ചിരിച്ചു.

" എനിക്ക് ദേഷ്യം വന്നൊണ്ട് ട്ടോ നന്ദുവേട്ട.....എന്നെ ചുമ്മാ കളിയാക്കുവാ ല്ലേ ...... ചിലസമയത് നമ്മുടെ പൂജാമുറിയിലെ കണ്ണന്റെ അതെ വെടക്ക് ചിരിയാ ഈ നന്ദുവേട്ടനും... രണ്ടും കള്ളന്മാരാ....... "

ഒരു കള്ളപ്പിണക്കം പുറമെ കാട്ടി അവൾ കടലിന്റെ വിരിമാറിലേക്കു കണ്ണുകൾ പായിച്ചു. ചിലനേരം അവൾ ദേഷ്യം പിടിക്കുന്നത് കാണാൻ ഒരു കൗതുകമാണ്...

" ഇനി കണ്ടോ.. എല്ലാം അമ്മ പറഞ്ഞത് പോലെ മതി... അച്ഛൻ വന്നിട്ട് അച്ഛന്റെ അനുഗ്രഹമൊക്കെ കിട്ടിയിട്ട് മതി ഇനി എല്ലാം..... "

അതെ അഭിപ്രായം വീണ്ടും അവൾ എടുത്തിട്ട നിമിഷം എന്നിലുണ്ടായ ഭാവമാറ്റങ്ങൾ അവളറിയാതിരിക്കാൻ കഴിയും വിധം ഞാൻ പരമാവധി ശ്രമിച്ചു. അവളിൽ ഇനിയും അവശേഷിക്കുന്ന ആ പ്രതീക്ഷ എന്നെ വല്ലാതെ സങ്കടത്തിൽ ആഴ്ത്തുന്നുണ്ടായിരുന്നു .... ഇനിയെങ്കിലും എല്ലാം അവളോട് പറഞ്ഞു കൂടെ എന്ന് ഉൾമനസ്സിൽ ഇരുന്നാരോ പറയുന്നതിന്റെ കാതുകളിൽ മുഴങ്ങി . പക്ഷെ അതെ മനസ്സിന് ഇന്ന് ഒന്നറിയാം.. എനിക്കതിനു കഴിയില്ല എന്നത്...

" വിഷമം ആയോ എന്റെ നന്ദൂട്ടനു? "

അച്ഛന്റെ ഓർമകളിൽ സങ്കടം കൊണ്ട എന്റെ ഭാവം കണ്ടു അവൾ ചോദിച്ചു.

" സാരമില്ലാട്ടോ... നമുക്ക് വേണ്ടി അല്ലെ..... "

സമാധാനിപ്പിക്കാനെന്ന വണ്ണം പറഞ്ഞെന്റെ തോളിലേക്ക് തലചായ്ച്ചു അവൾ.

" എന്താ നന്ദുവേട്ട ആലോചിക്കുന്നേ...? "

ഏറെ നേരമായിട്ടും ഒന്നും മിണ്ടാതെ വന്നപ്പോൾ അവൾ ചോദിച്ചു.

" എനിക്കറിയാം എന്താ..  ആലോചിക്കുന്നതെന്നു...  ഞാൻ പറയട്ടെ..... "

വാക്കുകളിൽ അല്പം കൗതുകവും അതിലേറെ കുസൃതിയും ചേർത്തു ദേവു അത് ചോദിക്കുമ്പോൾ അവൾ പറയാൻ പോകുന്നതെന്തെന്നു എന്നിക് വ്യക്തമായി അറിയാമായിരുന്നു.

" അച്ഛനെ കണ്ടുപിടിക്കുന്ന കാര്യം അല്ലെ...  ഇനി ഇപ്പോൾ പെട്ടന്ന് കണ്ടു പിടിക്കുമല്ലോ...  നന്ദുവേട്ടന്റെ കൂടെ ആവശ്യം ആണല്ലോ.... എന്നല്ലെ......?  "

മനസ്സനാവശ്യമായി നീറുന്നുണ്ടായിരുന്നെങ്കിലും പുറമെ ദേവുവിന് മുന്നിൽ പുഞ്ചിരിക്കാൻ ഞാൻ ഇന്ന് പഠിച്ചിരിക്കുന്നു..  അവളുടെ തോളിലൂടെ കൈ ഇട്ടു ഞാനവളെ എന്നിലേക്ക് ചേർത്തു ഇരുത്തി.  ഇടം കൈയിൽ അവളുടെ കൈകൾ കോർത്തു  കണ്ണെത്താ ദൂരത്തെ കടൽ പരപ്പിലേക്കു കാഴ്ച തിരിച്ചു..

കടൽ കാറ്റിന്റെ തണുപ്പും തിരമാലയുടെ ആർത്തലക്കുന്ന ശബ്ദവും..... ദേവുവിന്റെ സ്നേഹം പോലെ കണ്ണെത്താ ദൂരത്തോളം പരന്നു കിടക്കുന്ന കടലും എന്റെ ദേവുവിന്റെ സാമിപ്യവും എല്ലാം  ആസ്വദിച്ചു എത്ര നേരം അവിടെ ഇരുന്നു എന്നറിയില്ല...  എങ്കിലും എല്ലാം ആദ്യമായി അനുഭവിക്കുന്ന ഒരു കൊച്ചുകുട്ടിയുടെ അവസ്ഥയിൽ ആയിരുന്നു ഞാൻ...........

കടലിന്റെ മായാലോകത്ത് സൂക്ഷിച്ചിരിക്കുന്ന രഹസ്യങ്ങൾ പോലെ അവളുടെ അച്ഛനേ കുറിച്ചുള്ള ആ രഹസ്യവും ഇന്നെന്റെ മനസ്സിൽ ഞാൻ ഒളിപ്പിച്ചു വച്ചിരിക്കയാണ്..  കടലിന്റെ ഭംഗി ആസ്വദിക്കുന്ന എന്റെ

ദേവൂട്ടിക്കറിയില്ലല്ലോ താനിന്നും കാണാൻ കാത്തിരിക്കുന്ന സ്വന്തം അച്ഛൻ ഈ കടലിന്റെ വിരിമാറിലെവിടെയോ ഉണ്ടെന്ന സത്യം...  ചിലപ്പോൾ അദ്ദേഹം എല്ലാം കാണുന്നുണ്ടാവാം കേൾക്കുന്നുണ്ടാവാം..  ഞങ്ങളെ തഴുകി കടന്നു പോകുന്ന ഈ തണുത്ത കാറ്റു ചിലപ്പോൾ അച്ഛന്റെ സാമിപ്യം ആകാം...  ദേവുവിന്റെ കാലിൽ തട്ടി തിരികെ പോകുന്ന ഓരോ തിരമാലകളും ഇന്നദ്ദേഹത്തിന്റെ അനുഗ്രഹം ആകാം...

" ഹലോ .....  "

ഒരു പെൺകുട്ടിയുടെ ശബ്ദം ആണ് ഞങ്ങളെ ഉണർത്തിയത്.  പരസ്പരം  അടർന്നു മാറി ഞങ്ങൾ അവരെ തുറിച്ചു നോക്കി.  മുൻ പരിചയമൊന്നും ഇല്ലാത്ത രണ്ടു മുഖങ്ങൾ. ഒരു സ്ത്രീയും പുരുഷനും.

" ഞങ്ങളെ മനസിലായില്ലേ..?  "

എന്റെ നോട്ടം കണ്ടിട്ടാവാം അവരങ്ങനെ ചോദിച്ചത്.. പക്ഷെ എന്റെ ഓർമകളിൽ ഒന്നും അവരുടെ മുഖം തെളിഞ്ഞു വന്നില്ല.

" തനിക്ക് ഓർമ കാണാൻ വഴിയില്ല.  പക്ഷെ കുട്ടിക്കെന്നെ ഓർമ വരുന്നില്ലേ.... ?  "

എന്നിൽ നിന്നു തിരിഞ്ഞു അവർ ദേവുവിനോടായി ചോദിച്ചു..

www.kambistories.com

" ഇല്ല... " പതിഞ്ഞ സ്വരത്തിൽ അവൾ അങ്ങനെ പറഞ്ഞു മുഖം താഴ്ത്തി...

" എന്താണ് കുട്ടി....നിങ്ങടെ ജീവിതത്തിലെ ഒരു പ്രധാന ദിവസത്തിൽ കൂടെ ഉണ്ടായിരുന്ന ഞങ്ങളെ ഓർമ ഇല്ലെന്നു വച്ചാൽ.... കഷ്ടം ആണുട്ടോ  .  ....... "

എല്ലാം സംസാരിക്കുന്നത് ആ സ്ത്രീ ആയിരുന്നു.

" നിങ്ങൾ എന്തൊക്കെയാണീ പറയുന്നത്....  നിങ്ങൾ ഉദ്ദേശിക്കുന്ന കാര്യം എന്താണെന്ന് പറയു.... "

ഞാനല്പം ശബ്ദം ഉയർത്തി ചോദിച്ചു.

" ആഹാ...  അപ്പോൾ അന്ന് ഹോട്ടലിൽ വച്ചു നടന്നതൊക്കെ മറന്നോ നിങ്ങൾ.. നിങ്ങൾ മറന്നാലും എനിക്കും സുധിക്കും നിങ്ങളെ മറക്കാൻ പറ്റില്ല....  അന്ന് ഞങ്ങൾ വന്നില്ലായിരുന്നെങ്കിൽ കാണാമായിരുന്നു... ഇവളുടെ ബന്ധുക്കൾ തന്നെ കൊന്നേനെ.... "

എല്ലാറ്റിനും മറുപടി അവരയിരുന്നു പറഞ്ഞിരുന്നത് . അതികം ആലോചിക്കേണ്ടി വന്നില്ല. ഞങ്ങളുടെ ജീവിതം മാറ്റി മറിച്ച ആ ഹോട്ടലിൽ അവരും ഉണ്ടായിരുന്നു എന്നെനിക് മനസിലായി... എനിക്കവരെ കണ്ടതായി ഓർമ ഇല്ല. കാരണം അപ്രതീക്ഷിതമായി കിട്ടിയ ഒരടിയിൽ എന്റെ ബോധം നഷ്ടപ്പെട്ടിരുന്നു.. പക്ഷെ ദേവു..... ! എങ്കിൽ ഇവൾക്ക് അവരെ ഓർമ കാണേണ്ടതാണല്ലോ....

" തൊട്ടടുത്ത റൂമിൽ ആയിരുന്നു ഞങ്ങൾ... ശബ്ദം കേട്ടു ഓടി വന്നതാണ്... ഞങ്ങൾ തന്നെ ആണ് പോലീസിൽ വിവരം അറിയിച്ചതും ഇല്ലെങ്കിൽ ചിലപ്പോൾ അവർ തന്നെ കൊന്നേനെ....... "

അല്പം അഭിമാനം കലർത്തി അവർ പറഞ്ഞു.

" ഓഹ് .. എനിക്ക് ഓർമ കിട്ടുന്നില്ല സോറി..... "

ഞാനവരെ നിരാശപ്പെടുത്താത്ത വണ്ണം പറഞ്ഞു.

www.kambistories.com

"ഹേയ്.. അല്ലെങ്കിലും തനിക്കെന്നെ ഓർമ കാണില്ലെടോ... ബോധം ഉണ്ടായിരുന്നില്ലല്ലോ.. "

അവരെന്നെ കളിയാക്കുന്ന മട്ടിൽ പറഞ്ഞു.

" പക്ഷെ ഈ കുട്ടി.... കുട്ടി ഞങ്ങളെ ഓർക്കുന്നില്ലേ...? "

അവർ ദേവുവിനോടായി ചോദിച്ചു. അവളെന്തു ഉത്തരം പറയുമെന്നറിയാതെ ഞാൻ അവളെ തന്നെ നോക്കി ഇരിക്കയാണ്....

" എനിക്ക് ഇവരെ അറിയില്ല നന്ദുവേട്ട... നമുക്ക് പോകാം... " അവരുടെ മുഖത്തേക്ക് കൂടി നോക്കാതെ അവൾ എന്റെ കൈയിൽ പിടിച്ചു വലിച്ചു കൊണ്ട് പറഞ്ഞു...

" അറിയില്ലെന്നോ... കഷ്ടം ഉണ്ട് കുട്ടി... അന്നവിടെ എന്നെ കെട്ടിപിടിച്ചു കരഞ്ഞു നന്ദി പറഞ്ഞതൊക്കെ മറന്നോ...താൻ . "

" എനിക്ക് നിങ്ങളെ അറിയില്ല എന്ന് പറഞ്ഞില്ലേ... പിന്നെയും എന്തിനാ ചോതിക്കുന്നെ.. നന്ദുവേട്ടൻ വാ.... ഓരോരോ ശല്യങ്ങൾ...... "

ആദ്യമായി ഒരാളോട് ശബ്ദം ഉയർത്തി ദേവു സംസാരിക്കുന്നതിന്റെ അമ്പരപ്പിൽ ഞാനും ഒന്നും മനസിലാകാത്ത വണ്ണം അവരും ശിലാകണക്കെ നിന്ന നേരം എന്റെ കൈയിൽ പിടിച്ചു വലിച്ചവൾ നടക്കാൻ തുടങ്ങി.. ദേവുവിൽ നിന്നേറ്റ അപമാനത്തിൽ അവരോട് ക്ഷമ പോലും ചോതിക്കനാവാതെ അവിടെ നിന്ന് ഞങ്ങൾ നടന്നു നീങ്ങി...

" എന്താ ദേവു ... എന്താ പറ്റിയെ.. നിനക്ക്.... അവരെ അറിയുവോ നീയ്.... "

" എനിക്കൊരാളെയും അറിയില്ല... ഓരോന്നും പറഞ്ഞു വലിഞ്ഞു കേറി വന്നോളും..... ഞാൻ നന്ദുവേട്ടനോട് പറഞ്ഞതല്ലേ ഇങ്ങോട്ട് വരണ്ടാ എന്ന്.... ഇനി ക്ലാസ്സ് കട്ട് ചെയ്യാൻ ഞാൻ ഇല്ല ട്ടോ........ "

നടത്തിനിടയിൽ അവൾ എന്നോടും ദേഷ്യപ്പെട്ടു.... ആദ്യമായാണവൾ ഇങ്ങനെ പെരുമാറുന്നത്.... എന്തോ ഒന്നവൾ മറക്കാൻ പാടുപെടുന്നത് പോലെ ഒരു തോന്നൽ... അവളുടെ പെരുമാറ്റത്തിൽ നിന്നും എനിക്കൊരു കാര്യം ഉറപ്പായിരുന്നു. അവൾക്കു അവരെ അറിയാം എന്ന്....

ബൈക്കിൽ കയറാൻ നേരം എന്നത്തേയും പോലെ ഹെൽമെറ്റ് വക്കാൻ എന്നെ ഓർമിപ്പിച്ചതല്ലെതെ തിരിച്ചു കോളജിലേക്ക് പോകുന്ന വഴി നീളെ ദേവു നിശബ്ദത പാലിച്ചു..... വലിയ ചിന്തയിൽ മുഴുകി ഇരിക്കയാണവളെന്നു തോന്നി.. ഞാനും ഒന്നും ചോദിക്കാനായി പോയില്ല....

കോളേജ് വളപ്പിലേക്ക് വണ്ടി കയറ്റി നിർത്തി വണ്ടിയിൽ നിന്നിറങ്ങിയ നേരം തന്നെ അവളെന്നേയും വിളിച്ചു നേരെ ഒരു മരച്ചുവട്ടിലേക്കു നടന്നു... ഒന്നും മിണ്ടാതെ ഒരധികാര ഭാവത്തോടെ. കാര്യം എന്തെന്നറിയാതെ ഒരു പൊട്ടനെ പോലെ ഞാൻ കൂടെയും ..

മരച്ചുവട്ടിൽ അവളോട് ചേർന്നിരിക്കെ ഏറെ നേരം അവളൊന്നും മിണ്ടായില്ല. എന്റെ തോളിലേക്ക് തല ചായ്ച്ചു അവൾ എത്ര നേരം ഇരുന്നു എന്നെനിക്കു തന്നെ അറിയില്ല.

www.kambistories.com

" ക്ലാസ്സ് കട്ട് ചെയ്യണ്ട..  തിരിച്ചു കയറണം എന്ന് പറഞ്ഞു വിളിച്ചു കൊണ്ടു വന്നത് ഇവിടെ ഇരിക്കാൻ ആണോ ഡി പെണ്ണെ... "

എന്റെ ചോദ്യമുയർന്നു നിമിഷം പെട്ടന്നവളെന്നെ കെട്ടിപിടിച്ചു.  ഇറുക്കി....

" എന്നോട് ദേഷ്യമുണ്ടോ നന്ദുവേട്ട....?   "

ശബ്ദത്തിൽ അല്പം സങ്കടം കലർത്തി അവൾ ചോദിച്ചു

" എന്തിന് ? "

" ഞാൻ അറിയാതെ അവരോട് ദേഷ്യപ്പെട്ടതാ...  അല്ലാതെ...  ഒന്നും മനസ്സിൽ വച്ചല്ല.....  സോറി... "

" എന്നോട് അല്ലല്ലോ ..  അവരോട് ആയിരുന്നില്ലേ പറയേണ്ടി ഇരുന്നത്...  "

" എനിക്ക് എന്റെ നന്ദുവേട്ടനെ ബോധിപ്പിച്ചൽ മതി..  ഞാൻ മനസ്സിൽ ഒന്നും ഉദ്ദേശിച്ചല്ല പറഞ്ഞത്. അപ്പോഴങ്ങനെ പറഞ്ഞു പോയതാ.... എന്നോട് ദേഷ്യം തോന്നരുത്... "

www.kambistories.com

" സാരമില്ല പോട്ടേ.....  "

" എന്നെ ഇട്ടിട്ടു പോകുവോ നന്ദുവേട്ട....?  "

അല്പം കൂടി  എന്നിലേക്ക് ചേർന്നവൾ അവസാനമായി ചോദിച്ചു.

" എനിക്ക് വേറെ ആരും ഇല്ല നന്ദുവേട്ട.. ... "

അവളപ്പോഴേക്കും ഒരു കരച്ചിലിന്റെ വക്കോളം എത്തിയിരുന്നു.

എന്ത് മറുപടി പറയണം എന്നെനിക് അറിയില്ലായിരുന്നു.  അവളെ ചുറ്റി വലിഞ്ഞു നെഞ്ചിലേക്ക് ചേർത്തതല്ലാതെ.  അവളെ കൈ വിടില്ലെന്ന് ഉറപ്പോടെ.......

*****===**---=====*--

ദേവുവിൽ എന്തൊക്കെയോ ഒളിഞ്ഞിരിപ്പുണ്ടെന്നൊരു തോന്നൽ. അല്ലെങ്കിൽ അവളെന്തോ എന്നിൽ നിന്ന് മറക്കുന്നു എന്നു തോന്നി തുടങ്ങിയത് ആ സംഭവത്തിന് ശേഷം ആണ്.. ഇത് വരെയും അവളോട് ചോദിക്കാത്ത അന്നത്തെ ദിവസത്തെ പറ്റി ഇനി എങ്കിലും ചോദിക്കാതിരിക്കുന്നത് തെറ്റാണു. അമ്മ പറഞ്ഞതോർമ്മ ഉണ്ട്. എല്ലാം അറിയുമ്പോഴും ഞാൻ അവളെ ചേർത്തു പിടിക്കണം എന്ന്. അപ്പോൾ ഞാൻ അറിയാനായി ഇനിയും എന്തൊക്കെയോ ബാക്കി ഉണ്ടെന്നല്ലേ... അതറിയണം. അറിയേണ്ട സമയമായെന്ന് തോന്നി. അറിയുമ്പോൾ എന്റെ ദേവു കുറ്റക്കാരി ആകുമോ? അറിയില്ല.. എങ്കിലും എനിക്കിനി അവളെ വിട്ടുകളയാൻ വയ്യ. എത്ര വലിയ തെറ്റവൾ ചെയ്തിട്ടുണ്ടെങ്കിലും അവളെ ഞാൻ ചേർത്തു പിടിക്കും.. എന്റെ ഈ നെഞ്ചോട്......

****===***===****==****====

www.kambistories.com

അന്ന് അവിചാരിതമായി ദേവുവിന്റെ ഡയറി മുറിയിൽ കാണുകയുണ്ടായി. പെട്ടന്ന് ചെറിയമ്മ പറഞ്ഞതാണെനിക്ക് ഓർമ്മ വന്നത്.. എന്റെ ചിത്രം അതിൽ അവര് കണ്ടിരുന്നു എന്ന്...... എടുത്തു നോക്കാതിരിക്കാൻ മനസ്സനുവദിച്ചില്ല. ഒരിക്കൽ തുറന്നു നോക്കിയതാണ്. അന്നവൾ ആരും കാണാതെ അതിൽ സൂക്ഷിച്ച ഞങ്ങളുടെ ആ വിവാഹ ചിത്രം ഇന്ന് എന്റെ കൈയിൽ സുരക്ഷിതമാണ്. . . ഡയറി കൈയിൽ പിടിച്ചു ചുറ്റും ഒന്ന് നോക്കി അവളെവിടെ എങ്കിലും ഉണ്ടോ എന്ന്. കാണാൻ കഴിഞ്ഞില്ല. ഇല്ലെങ്കിൽ എവിടെ നിന്നെങ്കിലും ചാടി വീഴേണ്ടതാണ്....

ഞാൻ പതിയെ ഓരോ താളുകളായി മറിച്ചു നോക്കാൻ തുടങ്ങി .. ഒന്നും മനസിലാവാത്ത കുറെ വരികൾ. എല്ലാറ്റിലും പ്രണയം ആണ് വിഷയം എന്ന് വ്യക്തം. താളുകൾ ഓരോന്നായി മറിക്കെ ഓരോരോ വരികൾ അവൾ വരച്ച ചെറു ചിത്രങ്ങൾ എല്ലാം കണ്ണിലുടക്കി അതൊരു കൗതുകം ആയി തീർന്നു. ഞാൻ കരുതിയതിലും വലിയൊരു പ്രതിഭ അവളിൽ ഉണ്ടെന്നു എനിക്ക് കാട്ടി തരിക ആയിരുന്നു ആ ഡയറിയിലെ ഓരോ താളുകളും..

മുഴുവൻ നോക്കാൻ അനുവദിച്ചില്ല. കാറ്റുപോലെ പറന്നെത്തി അവൾ എന്റെ അടുത്ത്..

" എന്റെ ഡയറി എന്തിനാ എടുത്തേ...... "

എൻറെ കൈയിലിരുന്ന ഡയറിയുടെ ഒരു വശത്തു പിടുത്തമിട്ടവൾ ചോദിച്ചു..

" ഒന്ന് കാണട്ടെ ടീ പെണ്ണെ...  എന്ത് രസാ ഇതിലെ ഓരോ വരകളും... "

" വേണ്ട.  അതൊന്നും കാണണ്ടാ...  അതിങ്ങു താ.... "

അവൾ അതു ശക്തിയായി വലിക്കുംതോറും ഞാൻ അതിലെ പിടി മുറുക്കി.  അവളുടെ കൈ ഒന്നയഞ്ഞതും ഞാനതു തട്ടി പറിച്ചു മുകളിയ്ക്കുയർത്തി പിടിച്ചു ..... എന്റെ ഒപ്പം അവൾക്കു പൊക്കം ഇല്ലാത്തതു കൊണ്ട് അവൾക്കതൊരിക്കലും എത്തി പിടിക്കാൻ പറ്റില്ലെന്നെനിക്ക് ഉറപ്പായിരുന്നു..

" കഷ്ടം ഉണ്ടുട്ടോ നന്ദുവേട്ടാ.. അതിങ്ങു തന്നേ .   നന്ദുവേട്ടന് കാണാൻ ഒന്നുല്ല അതിൽ..."

അവളതെത്തി പിടിക്കൻ ചാടിയും മറിഞ്ഞും ഒക്കെ ശ്രമിച്ചും നടക്കാതെ വന്നപ്പോൾ പറഞ്ഞു.  എന്നെ ഇക്കിളി ഇട്ടു നോക്കിയും നടക്കാതെ വന്നപ്പോൾ അവളെന്നെ ചാടി കെട്ടിപ്പിച്ചു....  അവളുടെ അവസാനത്തെ അടവ്.  അവളിങ്ങനെ ചേർന്ന് നിൽക്കുമ്പോൾ ഒരു സുഖം ആണ് മനസ്സിൽ. അതവൾക്കും അറിയാം... അറിയാതെ തന്നെ ഞാൻ അവളെയും തിരിച്ചു കെട്ടിപ്പിടിച്ചു..  അതു പോലെ തന്നെ സംഭവിച്ചു.  ഞാൻ അവളെയും ചുറ്റി വരിഞ്ഞ നിമിഷം എന്റെ കൈയിലെ ഡയറി തട്ടി പറിച്ചെന്നെ തള്ളി മാറ്റിയവൾ പുറത്തേക്കോടൻ ശ്രമിച്ചു.  എങ്കിലും എന്റെ പിടുത്തത്തിൽ നിന്നവൾക്ക് രക്ഷപെടാൻ ആയില്ല...  എന്റെ കൈകളിൽ കിടന്നു പിടച്ചു കൊണ്ട് അവൾ കുതറി ഓടാൻ ഉള്ള ശ്രമം തുടങ്ങി...  ചിരിക്കയാണവൾ...എല്ലാം  ഒരു തമാശ എന്ന പോലെ.....

www.kambistories.com

ഇനിയും കയ്യിൽ കിടന്നു  പിടച്ചൽ അവൾ രക്ഷപ്പെടുമെന്ന് കണ്ടു ഞാനവളെ പൊക്കി എടുത്തു കട്ടിലിലേക്കിട്ടു..   ഡയറി ഒക്കെ എങ്ങോട്ടോ തെറിച്ചു പോയിരുന്നു .  അവളുടെ ചിരിയും കളിയുമായിരുന്നു അപ്പോൾ എനിക്ക് കൗതുകം..  കട്ടിലിൽ അവളെ മെരുക്കാൻ എന്ന വണ്ണം അവളെയും കൊണ്ടു ഞാൻ ഉരുണ്ടു നടന്നു.  അവളും വിട്ടു തരാൻ തയ്യാറല്ലായിരുന്നു.  സർവ്വ ശക്തിയും എടുത്ത് എന്നെ എതിർക്കുന്നുണ്ടവൾ....  അവളുടെ ബലപ്രയോഗത്തെക്കാൾ എന്നെ ഹരം കൊള്ളിച്ചത് അവളുടെ ചിരിയാണ്.  ആാ ചിരി കാണാൻ അവളെ ഇനിയും കളിപ്പിക്കാൻ ഞാൻ തയ്യാറായിരുന്നു...  അവളുടെ ഒപ്പം കട്ടിലിൽ കിടക്കുമ്പോൾ അവളുടെ ശരീരത്തിന്റെ ചൂട് വല്ലാതെ കൂടുന്നതായി എനിക്ക് തോന്നി...

അവളെ ഇങ്ങനെ ചേർന്ന് കിടക്കുന്നതാദ്യമായാണ്....  ഒരു സുഖം.  അവളുടെ ചിരി കാതിൽ മുഴങ്ങി കേട്ടു കൊണ്ടേ ഇരുന്നു.  എന്റെ പിടിയിൽ നിന്ന് രക്ഷെപ്പെടാനായി അവൾ ചെറുതായി എന്നെ നോവിക്കാൻ തുടങ്ങി ഇരുന്നു എങ്കിലും എനിക്കതൊരു സുഖം ആയിരുന്നു....  അവസാനം സഹികെട്ടു അവളുടെ രണ്ടു കയും ഉയർത്തി പിടച്ചു കട്ടിലിൽ അവളെ മലർത്തി കിടത്തി അവളുടെ മുകളിലായി

കയറി ഇരുന്നു . ഇനി അവൾക് അനങ്ങാൻ കഴിയെല്ലുന്നുറപ്പ്... എങ്കിലും രക്ഷപെടാൻ അവൾ ശ്രമം തുടർന്നു. അവസാനം തോൽവി സമ്മതിച്ചു അനങ്ങാതെ കിടന്നു. കൂടെ ഞാനും ഇറങ്ങി കിടന്നു. എങ്കിലും അവളുടെ മുഖത്തപ്പോഴും ആ പുഞ്ചിരി നിലനിന്നിരുന്നു....

" എനിക്കൊരു ഉമ്മ താടീ ദേവൂട്ടി... "

ഉയർന്നു താഴ്ന്ന അവളുടെ മാറിടങ്ങളും ചുവന്നു തുടുത്ത അവളുടെ മുഖവും നോക്കി അവളോടൊപ്പം കിടക്കെ ഞാൻ ചോതിച്ചു...

അരുതാത്തതെന്തോ കേട്ട ഭാവത്തിൽ അവളെന്നെ നോക്കി. ശേഷം ഒന്ന് പുഞ്ചിരിച്ചു.

" അപ്പോൾ അമ്മക്ക് കൊടുത്ത വാക്കോ.... അങ്ങനെ ഒന്നും പാടില്ലെന്ന അമ്മ പറഞ്ഞേക്കണേ...ഞാൻ പറഞ്ഞതല്ലേ എല്ലാം. "

എന്നെ ഒട്ടിച്ചേർന്നിരിക്കാൻ ഒരു മടിയും കാട്ടാത്തവളുടെ കുസൃതി നിറഞ്ഞ വാക്കുകൾ....

www.kambistories.com

" ഒരു മുത്തം തരാൻ പാടില്ലെന്നൊന്നും അന്റെ അമ്മ പറഞ്ഞിട്ടില്ലല്ല.... "

ഏതോ സിനിമയിൽ ശ്രീനിവാസൻ പറഞ്ഞ ഡയലോഗ് ആണെനിക്കപ്പോൾ ഓർമ വന്നത്.

" മേത്തു തൊട്ടാൽ അപ്പോൾ പ്രശ്നം ആണെന്ന അമ്മ പറഞ്ഞെ... "

അതെ സിനിമയിലെ ഡയലോഗുമായി അവൾ തിരിച്ചടിച്ചു... വെറുതെ കുറച്ചു നേരം ചിരിച്ചു....

ആ കിടപ്പിൽ അവളുടെ ചിരിക്ക് അല്പം കൂടി ഭംഗി ഉള്ളതായി എനിക്ക് തോന്നി... അറിയാതെ തന്നെ എന്റെ കൈകൾ അവളുടെ ചുവന്നു തുടുത്ത കവിളുകളെ തഴുകൻ തുടങ്ങി. എതിർപ്പൊന്നും കൂടാതെ അവൾ അത് രസിച്ചങ്ങനെ തന്നെ കിടന്നു... പതിയെ കൈകൾ കവിളിലൂടെ തഴുകി താഴേക്കു

ഇറങ്ങാൻ തുനിഞ്ഞതും അവളെന്റെ കൈയിൽ കയറി പിടിച്ചു... " അതു വേണ്ട മോനെ..... വെറുതെ എന്നെ നോവിക്കാനാണോ ശ്രമം..? "

എന്റെ ഉദ്യമം മനസിലാക്കി എന്നെ തടഞ്ഞ അവളുടെ മുഖം കോരിയെടുത്തു ഞാൻ അവളുടെ കവിളിൽ എന്റെ ചുണ്ടു ചേർത്തു...

കണ്ണിൽ.. കവിളിൽ.. മൂക്കിൽ.. നെറ്റിയിൽ എല്ലാം പരതി നടന്ന എന്റെ ചുണ്ട് അവസാനം ആയി അവളുടെ ചുണ്ടുകളെ പൂട്ടിയിരുന്നു... ഒന്ന് എതിർക്കാൻ പോലും നിൽക്കാതെ അവളെല്ലാം ആസ്വദിക്കയാണ്. ഈ മുറിക്കപ്പുറം അമ്മയും ഏടത്തിയും ഉണ്ടെന്ന സത്യം ഞങ്ങൾ രണ്ടുപേരും മനപ്പൂർവം മറന്നു.. ചുണ്ടുകൾ തമ്മിൽ കഥ പറഞ്ഞിരിക്കെ അവളുടെ തേൻ ഇതളുകളുടെ രുചി ഞാൻ അറിയുക ആയിരുന്നു.. പ്രേമത്തിന്റെ ഓരോ തലങ്ങൾ താണ്ടുന്ന ഞാനും എന്റെ ദേവുവും ആ ചുംബനം ആവോളം ആസ്വദിച്ചു.. എന്റെ മുടിയിഴകളിലൂടെ തഴുകി ഇറങ്ങുന്ന അവളുടെ വിരലുകൾ അതിനു തെളിവായിരുന്നു.... മുൻപരിജയം രണ്ടാൾക്കും ഇല്ലെങ്കിലും ചുംബനത്തിന്റെ താളം ഞങ്ങൾ വേഗം കണ്ടെത്തി. ആവേശം ആയിരുന്നു പിന്നെ അങ്ങോട്ട്... ഒരു മത്സരർത്ഥികൾ എന്ന പോലെ തമ്മിൽ ചുണ്ടിലെ മധുരം നുകർന്നെടുക്കാൻ ഇരുവരും മത്സരിച്ചു. ഒടുവിൽ ശ്വാസം നിലച്ചു പോകുമെന്ന് തോന്നി അവളെന്നെ തള്ളി മാറ്റി......

www.kambistories.com

" എന്നെ കൊല്ലുവോ മനുഷ്യ നിങ്ങൾ.....? "

കിതപ്പടക്കാനാവാതെ അവളെന്നെ നോക്കി ചോദിച്ചു. കിതക്കുമ്പോൾ ഉയർന്നു താഴുന്ന അവളുടെ മാറിടങ്ങൾ ആണ് ആദ്യം കണ്ണിലുടക്കിയത്.. പക്ഷെ അതിരു വിടാൻ എനിക്ക് തോന്നിയില്ല.....

പ്രണയമെന്ന വലിയ അനുഭൂതി എന്നെ വല്ലതെ മൂടി ഇരിക്കുന്നു . മനസിലെ മൂടുപടങ്ങളെല്ലാം മാറ്റി നിർത്തി ദേവുവിനോടുള്ള എന്റെ പ്രണയം പുറത്തു വന്നതിൽ പിന്നെ ഞാൻ ആണീ ലോകത്തേറ്റവും വലിയ ഭാഗ്യവാനെന്നു പലപ്പോഴും തോന്നിയിട്ടുണ്ടെനിക്ക്... ചിലപ്പോൾ അതാകാം സത്യവും..

മലർന്നു കിടന്ന എന്റെ നെഞ്ചിലേക്ക് തല കയറ്റി വച്ചവൾ കിടന്നു. ആദ്യമായി..!

" ദേവൂട്ടിയോട് ഞാനൊരു കാര്യം ചോദിക്കട്ടെ...?  "

"'മം..... "

" അന്ന് ബീച്ചിൽ വച്ചു കണ്ടവരെ അറിയുവോ നീയ്?  "

എന്റെ ചോദ്യ അവളിൽ ഞെട്ടലുണ്ടാക്കി.  ചാടി എഴുന്നേറ്റു ഇരുന്നവളെന്നെ തുറിച്ചു നോക്കി.  ഇത്ര നേരവും അവളുടെ മുഖത്തു മിന്നിയ പ്രണയ ഭാവം മാറി മറിഞ്ഞു പകരം ഭയം ഇരച്ചു കയറുന്നത് ഞാൻ കണ്ടു..  അവൾക്കവരെ അറിയാം എന്നതിനു അതിലും വലിയ തെളിവ് എനിക്ക് വേണ്ടി ഇരുന്നില്ല....

"  അന്നാ ഹോട്ടലിൽ എന്താ നടന്നതെന്ന് ഞാനിതുവരെയും നിന്നോട് ചോദിച്ചിട്ടില്ല.  പക്ഷെ...  എന്തോ .. ഇനിയും അതറിയാതെ ഇരിക്കുന്നത് തെറ്റാണെന്നു തോന്നുന്നു ദേവു...എനിക്കറിയാം നിനക്കവരെ അറിയാം എന്ന് . "

" നന്ദുവേട്ട... അതു ... വേണ്ടാ. നന്ദുവേട്ടനതു അറിയണ്ടാ...  ഞാൻ പറയില്ല... . "

ദേവു ഉറച്ച സ്വരത്തിൽ പറഞ്ഞു.

www.kambistories.com

" പലതവണ തോന്നിട്ടുണ്ട് പറയാൻ...  പക്ഷെ പേടിയാണെനിക്ക്.  എല്ലാം അറിയുമ്പോൾ നന്ദുവേട്ടൻ.... "

അവളതു പൂർത്തീകരിക്കാത്ത തല താഴ്ത്തി ഇരുന്നു.

"അപ്പൊ എന്നെ അങ്ങനെ ആണോ നീ കരുതിയിരിക്കുന്നെ...എല്ലാം അറിഞ്ഞാൽ . ഞാൻ നിന്നെ ഉപേക്ഷിക്കുമെന്നു .... "

അവളുടെ മനസ്സിൽ എന്താണെന്നറിയാതെ ഞാൻ നിന്നുരുകുക ആയിരുന്നു...  ദേവു എന്ത് തെറ്റ് ചെയ്താലും ക്ഷമിക്കാനായി ഞാൻ എന്റെ മനസിനെ പാകപ്പെടുത്തി.  എങ്കിലും മനസ്സിൽ തെളിഞ്ഞു വന്ന കാര്യം"  അവൾ ഒരു ചീത്തയാണെന്നു " അതു മാത്രം കേൾക്കാൻ ഇടവരരുതേ എന്ന് ഞാൻ ദൈവത്തോട് മനസ്സുരുകി പ്രാർഥിച്ചു...

" അയ്യോ അതു കൊണ്ടല്ല.. എന്നാണെങ്കിലും നന്ദുവേട്ടനെല്ലാം അറിയണം.. പക്ഷേ നന്ദുവേട്ടൻ അതറിയാതിരിക്കുന്നതാണ് നല്ലതെന്നു തോന്നുന്നു......."

" ദേവു... ഇത്രയും നാൾ നീ അതെന്നോട് സ്വയം പറയുമെന്ന് കരുതി ആണ് കാത്തിരുന്നത്. പക്ഷെ.... ഇനി എങ്കിലും എനിക്ക് എല്ലാം അറിയണം... "

എന്റെ കടുംപിടുത്തതിന് മുന്നിൽ അവൾ തോറ്റു. എല്ലാം പറയാനായി അവൾ തയ്യാറെടുത്തു...

കുറച്ചു നേരത്തെ മൗനത്തിനു ശേഷം അവളെന്റെ നെഞ്ചിലേക്ക് ചാഞ്ഞു വീണു.. നെഞ്ചിൽ തല വചവൾ പറഞ്ഞു തുടങ്ങി.. എന്റെ നെഞ്ച് പെരുമ്പറ മുഴക്കുകയായിരുന്നു അപ്പോൾ....

. " ചെറിയമ്മയുടെ രഹസ്യക്കാരൻ എന്നു മാത്രമേ എനിക്ക് രാഘവനെ കുറിച്ചറിയുമായിരുന്നുള്ളു..... അന്ന് വരെ.

www.kambistories.com

അന്നാദ്യമായി ആ രാഘവന്റെ തനി സ്വരൂപം ഞാൻ കണ്ടു. നന്ദുവേട്ടനറിയുവോ കാശിനു വേണ്ടി പെണ്ണുങ്ങളുടെ ശരീരം വിൽക്കാൻ മടിക്കാത്ത ഒരു ചെകുത്താനാണയാൾ.. അന്ന് ആ ഹോട്ടലിൽ . അയാളന്നെന്നെയും വിറ്റതാണ്... അച്ഛനില്ലാത്ത നേരം നോക്കി ഏതോ ഒരു പണക്കാരനു എന്നെ കാഴ്ച വക്കാൻ നോക്കിയതാണ്... "

ഭൂമിയിൽ പതിച്ച ഒരു വലിയ മിന്നൽ പിണർ പോലെയായിരുന്നു അവളുടെ ആ വാക്കുകൾ എന്റെ നെഞ്ചിൽ തറച്ചത്... ഇതുവരെയും ഞാൻ ചിന്തിക്കാത്ത തലത്തിലേക്ക് ആണ് എല്ലാം എത്തിച്ചേരുന്നത്.. എന്റെ നെഞ്ചിൽ നിന്നവൾ തലയുയർത്തി എന്റെ മുഖത്തേക്ക് നോക്കി.. അവൾ എന്നിൽ പ്രതീക്ഷിച്ച അതെ ഭാവം ആയിരുന്നു എനിക്കപ്പോൾ...

" അന്ന് അച്ഛനെ കാണാതായി ഒരാഴ്ച കഴിഞ്ഞു അച്ഛനെന്തോ അപകടം പറ്റി എന്ന് അയാൾ വന്നു പറഞ്ഞപ്പോൾ കൂടെ പോയത് ആണ്...... പക്ഷെ ചെന്നത് അവിടെ ആ ഹോട്ടലിൽ ആയിരുന്നു.. എനിക്ക് പേടിയുണ്ടായിരുന്നു കൂടെ പോകാൻ. പക്ഷെ അച്ഛനവിടെ ഉണ്ടെന്നയാൾ തറപ്പിച്ചു പറഞ്ഞപ്പോൾ വിശ്വസിച്ചു കൂടെ പോയതാണ്.... ഏതോ ഒരു റൂമിലേക്ക് എന്നെ പിടിച്ചു വലിച്ചു കയറ്റുമ്പോൾ ഞാൻ കണ്ടു.. തൊട്ടടുത്ത റൂമിലേക്ക് കയറുന്ന നന്ദുവേട്ടനെ... പിന്നെ എനിക്കൊന്നും നോക്കാനില്ലായിരുന്നു ഇറങ്ങി ഓടി കയറി വരാൻ എനിക്ക് ആ റൂം മാത്രമേ ഉണ്ടായിരുന്നുള്ളു....സഹായം ചോദിക്കാൻ നിങ്ങളും . "

അവളതു പറഞ്ഞോന്നു നിർത്തി

ഉറച്ച ശംബ്ദത്തിൽ ഉച്ചത്തിൽ അവൾ അങ്ങനെ പറഞ്ഞപ്പോൾ അക്ഷരാർഥത്തിൽ ഞാൻ ഞെട്ടുകയായിരുന്നു... എന്റെ ദേവുവിനെ അയാൾ കാശിനു വേണ്ടി ........

" എൻറെ ചെറിയമ്മയെ പോലെ എന്നെയും അയാൾ....." മുഴുവിപ്പിക്കാനാവാതെ അവൾ കരഞ്ഞു പോയി ....

www.kambistories.com

" എന്നെ പോലെ ഉള്ള പല പാവം പെണ്ണുങ്ങളുടെയും ജീവിതം അയാൾ നശിപ്പിച്ചിട്ടുണ്ടാകും അല്ലെ നന്ദുവേട്ടാ... "

എന്റെ നെഞ്ചിലേക്ക് പക ഇരച്ചു കയറുന്നതായി തോന്നി... ശരീരം ആകെ പുകയുന്നത് പോലെ. അൽപ നേരം എന്നിലേക്ക് ചാരി ഇരുന്ന അവൾ കണ്ണുകൾ തുടച്ചെന്നെ നോക്കി.

"പക്ഷെ അവര് നന്ദുവേട്ടനെ ഉപദ്രവിക്കും എന്ന് എനിക്ക് അറിയില്ലായിരുന്നു ..... അന്ന് ബീച്ചിൽ കണ്ട ആ ചേച്ചിയും ചേട്ടനും ആണ് എന്നെ രക്ഷിച്ചത്. പോലീസിനെ വിളിച്ചതും വീട്ടിലറിയിച്ചതും എല്ലാം അവരായിരുന്നു... അവര് വന്നില്ലായിരുന്നു എങ്കിൽ എനിക്ക് ഈ ജീവിതം ഉണ്ടാകുമായിരുന്നില്ല.. തിരിച്ചു വീട്ടിൽ ചെല്ലാൻ എനിക്ക് പേടിയായിരുന്നു..

നന്ദുവേട്ടന്റെ കൂടെ അല്ലാതെ നിൽക്കാൻ വേറെ എനിക്കൊരിടവും ഇല്ലായിരുന്നു... എനിക്കറിയാം ഞാൻ കാരണം എത്രത്തോളം നന്ദുവേട്ടൻ നാണം കെട്ടിട്ടുണ്ടെന്നു വിഷമിച്ചിട്ടുണ്ടന്നു.. എത്ര രാത്രികളിൽ ഞാൻ ആ കാലിൽ പിടിച്ചു മാപ്പ് പറഞ്ഞിട്ടുണ്ടെന്നറിയാമോ? പക്ഷെ എനിക്ക് ഇന്ന് പരാതി ഒന്നുമില്ല ആരോടും.... ഞാൻ ആഗ്രഹിച്ച ജീവിതം അയാൾ മുഖേന ആണെങ്കിലും എനിക്ക് ഇന്ന് കിട്ടി... "

എന്റെ നെഞ്ചിൽ ചുണ്ടുകൾ ചേർത്തു മുത്തം തന്നവൾ പറഞ്ഞു നിർത്തി.. എല്ലാ വിഷമങ്ങളും മനസിലൊതുക്കി ജീവിക്കാൻ പെണ്ണിനെ കഴിഞ്ഞേ ഒള്ളു വേറെ ആരും എന്ന് എനിക്കാ നിമിഷം മനസിലായി....

" എന്നിട്ടെന്താ ഇതൊന്നും നീ ഇത് വരെയും പറയാതെ ഇരുന്നത്...? "

എല്ലാം കേട്ടതിനു അവസാനം ഒരൊറ്റ ചോദ്യമേ എനിക്കവളോട് ചോദിക്കൻ ഉണ്ടായിരുന്നുള്ളു..

" ആരോടും പറഞ്ഞിട്ടില്ല. നന്ദുവേട്ടന്റെ അമ്മയോടല്ലാതെ.... പേടിയായിരുന്നു... എല്ലാം അറിഞ്ഞാലും നന്ദുവേട്ടൻ വിശ്വസിക്കില്ലെന്നൊരു തോന്നൽ ആയിരുന്നു... പിന്നെ ഇതൊരിക്കലും നന്ദുവേട്ടൻ അറിയരുതെന്ന് അമ്മ എന്നോട് പറഞ്ഞു. അറിഞ്ഞാൽ നന്ദുവേട്ടൻ പോകുമെന്ന് അയാളോട് പകരം ചോദിക്കാൻ.... അതുകൊണ്ട്.... ഞാൻ.... "

ഇരച്ചു കയറിയ സങ്കടം അവളുടെ വാക്കുകളിൽ പകുതിയും വിഴുങ്ങി.

" ഇതിന്റെ പേരിൽ ഇനി ഒരു വഴക്കിനും പോകരുത് നന്ദുവേട്ട... എനിക്ക് ആരോടും ഒരു പരാതിയും ഇല്ല.... അയാളിപ്പോൾ നമ്മളെ ശല്യം ചെയ്യാൻ ഒന്നും വരുന്നില്ലല്ലോ.... എനിക്ക് വാക്കു താ നന്ദുവേട്ട..അയാളുടെ. അടുത്തേക്ക് പോവില്ലെന്നു.....എനിക്ക് നന്ദുവേട്ടൻ അല്ലാതെ വേറെ ആരും ഇല്ല... ഞാൻ കാരണം ഇനി നന്ദുവേട്ടന് ഒന്നും സംഭവിക്കരുത്. . "

അവളുടെ വാക്കുകൾക്ക് ഞാൻ മൗനം പാലിച്ചു... പകയുടെ കനലെരിയുക ആയിരുന്നു മനസ്സ് നിറയെ.. അമ്മ പറഞ്ഞത് നേരാണ്... ഞാൻ പോകും.. എന്റെ പെണ്ണിനെ കൂട്ടിക്കൊടുക്കാൻ നോക്കിയ ആ നായയെ കാണാതിരിക്കാനും പകരം ചോതിക്കാതിരിക്കാനും മാത്രം എന്നിലെ ആണത്തം ക്ഷയിച്ചിട്ടില്ലെന്നു തോന്നി....

" നന്ദുവേട്ടനെന്താ ഒന്നും മിണ്ടാത്തെ..... ഞാൻ പറഞ്ഞത് ഒന്നും വിശ്വസായില്ലേ.... അതോ ഞാൻ ചീത്തയാണെന്നു തോന്നുന്നുണ്ടോ.. "

എന്റെ നെഞ്ചിലേക്കൊരിക്കൽ കൂടി അവൾ വീണു.. കരഞ്ഞു കലങ്ങിയ കണ്ണിലെ കണ്ണുനീരിന്റെ നെഞ്ച് നനച്ചു...

" നന്ദുവേട്ടന്റെ ദേവു ചീത്തയല്ല നന്ദുവേട്ടാ....മനസ്സുകൊണ്ടു പോലും.... ഞാൻ എന്റെ നന്ദുവേട്ടന്റെ പെണ്ണാ....വിശ്വസിക്ക് . "

അവളുടെ വാക്കുകൾക്കു മുന്നിൽ എനിക്ക് മറുപടി ഇല്ലായിരുന്നു . പകരം അവളുടെ മുഖം കൈകളിൽ കോരിയെടുത്തു ഞാൻ ചുംബിച്ചു... ഒരു ഭ്രാന്തന്റെ ചുംബനം പോലെ എന്റെ ചുണ്ടുകൾ അവളുടെ മുഖം ആകെ ഒഴുകി നടന്നു....

" എന്റെ പെണ്ണിനെ എനിക്ക് വിശ്വാസം ആ...നീ എന്റെ പെണ്ണാ....ഈ അനന്തുവിനെ.....അതു ദൈവം വിധിച്ചതാ.. .. "

ആാ വാക്കുകൾ കേൾക്കെ ഒരു ചെറു പുഞ്ചിരി അപ്പോഴും മുഖത്ത് വരുത്തി അവളെന്നെ മുറുകെ പുണർന്നു... എത്ര നേരം അങ്ങനെ ഞങ്ങൾ ഇരുന്നു എന്നെനിക്കറിയില്ല.... ദേവുവിന്റെ സങ്കടം കെട്ടടങ്ങി എങ്കിലും എന്റെ നെഞ്ചിലെ തീ ആളി കത്തുകയായിരുന്നു.. ഒരു നിമിഷമെങ്കിലും അന്ന് ഞാൻ അവിടെ എത്തി ഇല്ലായിരുന്നുവെങ്കിൽ എന്ന് ചിന്തിച്ചു പോയി... മനസ്സും ശരീരവും മരവിച്ച ഒരു ദേവുവിനെ എനിക്ക് ചിന്തിക്കാൻ കൂടി വയ്യ..

എന്തിനു വേണ്ടിയാണിന്നും ആ രാഘവൻ ഇവളെ പിന്തുടരുന്നതെന്നതിനും അച്ഛനെ എന്തിനായാൾ കൊന്നു എന്നതിനും ഇന്നെന്റെ മുന്നിൽ ഉത്തരം ഉണ്ട്... ആ ഉത്തരമാണിന്നെന്റെ ജീവൻ..... എന്റെ ദേവൂട്ടി... !!

അയാൾക്ക് വേണ്ടത് ഇവളെ ആണ്.... അതെർത്തിത്തപ്പോൾ ആകാം അച്ഛനെ അയാൾ ഇല്ലാതാക്കിയതും.. അയാളിൽ ഒളിഞ്ഞിരിക്കുന്ന ചെകുത്താനെ ഞാനിന്നു മനസിലാക്കുകയായിരുന്നു... അപ്പോൾ അവൾക്കായി ഇനിയും അയാൾ വരും . എന്നലയാൾ അച്ഛനെ പോലെ എന്നെയും...? ഇല്ല അതിനവസരം ഒരുക്കരുതെന്നു തോന്നി...

പക്ഷെ എന്റെ മനസ്സിനെ അലട്ടിയ ചോദ്യം മറ്റൊന്നായിരുന്നു. ഒരിക്കൽ പോലും ഒരിറ്റു സ്നേഹം പോലും ദേവുവിനോട് കാട്ടാത്ത ജാനമ്മയുടെ ഇന്നത്തെ മാറ്റം.. രാഘവന്റെ ചൊല്പടിക്കെന്നും വഴങ്ങിയിരുന്ന അവരുടെ ഈ മാറ്റത്തിൽ ഇന്നെനിക്കു സംശയം തോന്നുന്നു. അവരിന്നു ഓരോന്ന്

പറഞ്ഞു കൂടിയത് എന്റെ ദേവുവിനേ കൊണ്ട് പോകാൻ ആണോ ? ആാ രാഘവന് വേണ്ടി.. സംശയങ്ങൾ ഒന്നും ബാക്കി വെക്കേണ്ട കാര്യം ഇല്ലല്ലോ.

ബൈക്കെടുത്തു നേരെ ജാനമ്മയുടെ വീട്ടിലേക്ക് പാഞ്ഞു . വണ്ടി നിർത്തി ചാടി ഇറങ്ങി അകത്തു കയറുമ്പോഴേക്കും അവരെന്നെ കണ്ടിരുന്നു..

" വാ മോനെ.... എന്താ വിശേഷിച്ചു.... "

ഒരു പുഞ്ചിരിയോടെ അവരെന്നെ അകത്തേക്ക് ക്ഷണിച്ചു...

" ഞാൻ നിങ്ങളുടെ സൽക്കാരം ഏറ്റുവാങ്ങാൻ വന്നതല്ല. എന്റെ ദേവുവിന് എല്ലാവരും കൂടി വില പറഞ്ഞുറപ്പിച്ചതിൽ നിങ്ങൾക്കും പങ്കുണ്ടോ എന്നറിയാനാണ്.... "

ഒരു മുഖവരയുടെയും ആവശ്യം ഇല്ലാതെ ഞാൻ ചോദിച്ചു. കാരണം കേട്ടറിഞ്ഞവ എല്ലാം എന്റെ നിയന്ത്രണം തെറ്റിക്കുന്നവ ആയിരുന്നു...

www.kambistories.com

"വിലപറഞ്ഞെന്നോ . മോനെന്തൊക്കെയാ പറയുന്നേ.... എനിക്ക് ഒന്നും മനസിലാകുന്നില്ല... "

" എന്നെ ഇനിയും പൊട്ടനാക്കാം എന്ന് കരുതണ്ടാ. നിങ്ങളെന്റെ മുന്നിൽ ഇത്ര നാൾ കാട്ടിയത് അഭിനയം ആണോ.. ഇന്നും നിങ്ങൾ ആ പാവം പെണ്ണിനെ പറ്റിക്കുകയാണോ... "

" മോനെ കാര്യമെന്തെന്നറിയാതെ സംസാരിക്കരുത്.... "

അവരുടെ ഒന്നുമറിയില്ല എന്ന ഭാവം എന്നെ വല്ലാതെ ചൂടാക്കി.

" ഇനി എന്തറിയാനാണ്... സ്വന്തം മകളെ പോലെ ആണെന്ന് പറഞ്ഞു അവളുടെ സ്നേഹവും വിശ്വാസവും പിടിച്ചു പറ്റിയത് അവളെ വീണ്ടും അയാൾക്ക് മുന്നിൽ കാഴ്ച വക്കാൻ വല്ലതും ആയിരുന്നോ.. നിങ്ങൾ ഒരു സ്ത്രീ തന്നെ ആണോ.. മകളെ വിൽക്കാൻ മാത്രം അധപധിച്ചോ നിങ്ങൾ.

? അതെങ്ങനെ സ്വന്തം ശരീരം വിറ്റു ജീവിക്കുന്ന നിങ്ങൾക് എന്ത് മകൾ അല്ലെ ? അല്ലെങ്കിലും ദേവു നിങ്ങളുടെ സ്വന്തം മകൾ അല്ലല്ലോ ? "

മനസ്സിൽ തോന്നിയതെല്ലാം വിളിച്ചു പറഞ്ഞു നിർത്തിയ ആ നിമിഷം തന്നെ അവരുടെ കൈ എന്റെ മുഖത്തു പതിച്ചിരുന്നു .. അവരുടെ ദേഷ്യമത്രയും ആ കൈത്തലത്തിൽ ഞാൻ അറിഞ്ഞു.

" വെറുതെ വായിൽ തോന്നിയത് വിളിച്ചു പറയരുത് ... എന്റെ ദേവു മോളെ ഞാനെന്തു ചെയ്തെന്ന നീ ഈ പറയുന്നത്? "

അവരുടെ അടിയുടെ വേദനയേക്കാൾ പതിന്മടങ്ങപ്പൊഴും എന്റെ നെഞ്ചു നീറുന്നുണ്ടായിരുന്നു.

www.kambistories.com

" എന്തിനാണീ അഭിനയം.. എനിക്കറിയണം അന്ന് ആ ഹോട്ടലിൽ അവളെത്തിയതിനു പിന്നിൽ നിങ്ങളുടെ അറിവുണ്ടോ എന്ന്.. അന്ന് അവളെ വില പറഞ്ഞുറപ്പിക്കുമ്പോൾ അതിൽ നിങ്ങളുടെ പങ്കെത്രെ ആണെന്ന്.... "

ഒന്നും മനസിലാവാത്തത് പോലെ അവരെപ്പോഴും എന്നെ നോക്കി നിൽക്കുകയായിരുന്നു...

നീ എന്തൊക്കെയാ മോനെ ഈ പറയുന്നത്.. തെളിച്ചു പറ.... "

ദയനീയ സ്വരം അവരിൽ നിന്നുയർന്നു.

ദേവുവിൽ നിന്നറിഞ്ഞതും എനിക്കറിയാവുന്നതുമായാ എല്ലാ കാര്യങ്ങളും ഞാൻ അവർക്കു മുന്നിൽ വിവരിച്ചു. കേട്ടതത്രയും വിശ്വസിക്കാനാവാതെ ഒരു തേങ്ങലോടെ അവർ അടുത്ത് കണ്ട കസേരയിലേക്കിരുന്നു.....

" എന്നവൾ ആ ഹോട്ടലിൽ വന്നത് എന്നെ കാണാൻ അല്ല... അയാൾ ചതിച്ചു കൊണ്ടു വന്നതാണ്... അന്ന് ഞാൻ അവിടെ ഉണ്ടാവണം എന്നത് എന്റെ വിധി ആയിരുന്നു..ദേവുവിന്റെയും. . "

എല്ലാം കെട്ടു സ്വയം നിയന്ത്രിക്കാനാവാതെ അവർ മുഖം പൊത്തി ഇരുന്നു കരഞ്ഞു.

" എന്റെ ജീവിതം നശിപ്പിച്ചതും പോരാഞ്ഞു. അയാളെന്റെ മകളെയും.... ദുഷ്ടൻ ആണയാൾ.... ദൈവമേ.. ഒന്നുമറിയാതെ ഞാനെന്റെ മോളെ എത്ര ശപിച്ചിട്ടുണ്ടാകും... എല്ലാറ്റിനും കാരണം ഞാൻ ആണ്.. എന്റെ അജയേട്ടന്റെ വരെ മരണത്തിനു കാരണക്കാരി ഈ ഞാനാണ്.. എനിക്കിനി ജീവിക്കാൻ വയ്യ.... "

അവരത്രയും പറഞ്ഞു നിർത്തി കണ്ണുകൾ തുടച്ചു പകയോടെ ചാടി എഴുന്നേറ്റു ജനലിൽ പിടിപ്പിച്ചിരുന്ന വെട്ടുകത്തി എടുത്തു പുറത്തേക്കു നടന്നു... എന്താണ് സംഭവിക്കന്നത് എന്നറിയുന്നതിനു മുന്നേ ഞാൻ അവരുടെ കൈ കയറി പിടിച്ചു അവരെ തടഞ്ഞു...

" എന്നെ വിട്.. ഈ ലോകത്തു ഞാനോ ആ ചെകുത്താനോ ഇനി ആവശ്യമില്ല. അങ്ങനെ എനിക്ക് ഒറ്റക്ക് മരിക്കാനും കഴിയില്ല. ചാകുന്നതിനു മുൻപ് എന്റെ മോൾക്ക് വേണ്ടി എനിക്ക് ഒന്നേ ചെയ്യാനുള്ളു. നിങ്ങളുടെ നല്ലതിന് വേണ്ടി ആ ചെകുത്താന്റെ ചോര അയാളുടെ മരണം..... "

കൈകൾ തട്ടി മാറ്റാൻ ശ്രമിക്കുന്നതിനിടയിൽ അവരലറി. എങ്ങനെ അവരെ പറഞ്ഞു മനസ്സിലാക്കണം എനിക്കറിയില്ലായിരുന്നു..

" ജാനമ്മ ഒന്നനടങ്ങു. അങ്ങനെ അയാളെ കൊന്നാൽ നിങ്ങൾക്കെന്തു കിട്ടാൻ ആണ്... അയാൾക്ക് വേണ്ടത് ഞാൻ കൊടുത്തോളാം.. ഇനി പറയാനും ചെയ്യാനുമുള്ള അവകാശം എനിക്കാണ്... "

പഴയ കണക്കുകൾ ബാക്കി നിൽക്കെ അയാൾക്കുള്ള പുതിയ കണക്കുകൾ കൂടി കൂട്ടി വക്കാൻ എന്റെ മനസ്സ് എന്നെ അനുവദിച്ചില്ല. ജാനമ്മയെ ഓരോന്ന് പറഞ്ഞു മനസ്സിലാക്കി ഞാൻ പതിയെ അവിടെ നിന്നിറങ്ങി.. ജാനമ്മ പറഞ്ഞത് നേരാണ്. എന്റെയും എന്റെ ദേവുവിന്റെയും സന്തോഷത്തിന് അയാൾ ജീവനോടെ ഉണ്ടാക്കാൻ പാടില്ലെന്ന് തോന്നി.....

പകയുടെ കണക്കുകൾ തീർക്കാൻ സമയം ആയി...

====****=====***====*****===

ഹരിയേയും കൂട്ടി നേരെ പോയത് അയാളുടെ വീട്ടിലേക്കാണ്.... മുൻവാതിൽ ചവിട്ടി തുടന്ന് കയറുമ്പോഴേ അകത്തു നിന്നെവിടെന്നോ അവ്യക്തമായ എന്തോ ഒന്നു കേൾക്കാമായിരുന്നു .. ഓടി കയറി ശബ്ദം കേട്ട വാതിൽ തള്ളി തുറക്കുമ്പോൾ കാണാം മദ്യലഹരിയിൽ ഒരു പെൺകുട്ടിയോടൊപ്പം കട്ടിലിൽ പൂർണ നഗ്നനനായി ആറാടുന്ന  രാഘവനെ.  എന്നെ കണ്ടതേ അയാൾ ചാടി എഴുന്നേറ്റു. ഉടുതുണി പോലും ഇല്ലാതെ അയാളെന്റെ മുന്നിൽ നിന്നലറി.

" നീ എന്താടാ നായെ എന്റെ വീട്ടിൽ..  നിനക്ക് കിട്ടിയതൊന്നും പോരെ... "

www.kambistories.com

അയാളുടെ ശബ്ദം ഉയർന്നു കേട്ടു. പറഞ്ഞു തീർക്കാൻ അയാളെ ഞാൻ അനുവദിച്ചില്ല.  കൈയിൽ കരുതിയ ക്രിക്കറ്റ് സ്റ്റമ്പ് അയാളുടെ തലയ്ക്കു നേരെ ആഞ്ഞു വീശി...

" ആആആ...... "

ഇടി മുഴക്കം പോലെ അയാളുടെ ആർത്ത നാദം ആ വീട്ടിലാകെ മുഴങ്ങി കേട്ടു... ഒറ്റ പ്രഹരത്തിൽ തന്നെ അയാൾ നിലം തൊട്ടിരുന്നു.. തലയിൽ നിന്നും രക്തം വരാൻ തുടങ്ങും മുൻപേ ഞാൻ അയാളുടെ മുകളിൽ കയറി ഇരുന്നു..  തിരിച്ചു ഒന്ന് പ്രതികരിക്കാൻ അയാൾക്ക് ആകുന്നതിനും മുൻപ് അയാളുടെ മുഖം അടച്ചെന്റെ അടുത്ത അടിയും വീണിയുന്നു....

എന്താണ് നടക്കുന്നതെന്ന് പോലും മനസ്സിലാവാതെ കട്ടിലിൽ കിടന്ന പെൺകുട്ടി പേടിച്ചു കട്ടിലിലെ പുതപ്പെടുത്തു തന്റെ നഗ്നത മറച്ചു മുറിയുടെ മൂലയിലേക്ക് ഓടി മാറിയിരുന്നു.

മുറിക്കുള്ളിൽ നിന്നുയരുന്ന അയാളുടെ ശബ്ദം കേട്ടെന്നോണം എവിടെ നിന്നോ സെക്യൂരിറ്റി ഓടി എത്തി.... ഹരി അയാളെ പിടിച്ചു മാറ്റി ചെകിട്ടത്തൊന്നു പൊട്ടിക്കുന്നത് കണ്ടു... ആയാളും ഒറ്റ അടിയിൽ നിലം പതിച്ചു.

അവിടെ വച്ചു നിർത്താൻ എനിക്ക് തോന്നിയില്ല.

ഇത് വരെ അയാൾക്ക് വേണ്ടി കാത്ത് വച്ച കണക്കുകളെല്ലാം എണ്ണി എണ്ണി പറഞ്ഞു ഞാൻ അയാളെ പ്രഹരിച്ചു... ഭയം ഒരുതരി പോലും തോന്നിയില്ല. രക്തം വാർന്നൊഴുന്ന അയാളുടെ മുഖം കാണുമ്പോൾ എല്ലാം ഒരാനന്ദം തോന്നി... അപ്പോഴും ഉള്ളിൽ ദേവു ആയിരുന്നു. അന്ന് പേടിച്ചോടി എന്റെ മുറിക്കുളിലെത്തിയ അവളുടെ മുഖം ആയിരുന്നു..

" എന്റെ ദേവുവിനെ... നീ..... "

ഒന്നെതിർക്കാൻ പോലു ആവാത്ത വിധം അയാൾ അവശനായിരുന്നു... അന്ന് ഞാൻ കിടന്നതു പോലെ .. അന്നയാൾ എന്റെ കോളറിന് കുത്തി പിടിച്ചു പറഞ്ഞവ എല്ലാം എന്റെ കാതുകളിൽ അപ്പോൾ മുഴങ്ങി കൊണ്ടിരുന്നു.. ഇന്നെന്റെ ദിവസം ആണ്....

കലി തീരാതെ ഞാൻ അയാളെ തലങ്ങും വിലങ്ങും തല്ലി.. എന്തോ ഒരു നികൃഷ്ട ജീവിയെ എന്ന പോലെ.. ഇങ്ങനൊരു ചെകുത്താനിനി ലോകത്തു വേണ്ടെന്നു മനസിലിരുന്നാരോ പറയുന്ന പോലെ...

" നന്ദു.... അളിയാ മതി.. ഇനി തല്ലിയാൽ അയാൾ ചത്തു പോകും.. "

അയാളുടെ അടുത്ത് നിന്നെന്നെ പിടിച്ചു മാറ്റുമ്പോൾ ഹരി പറഞ്ഞു..

" ചാകട്ടെ...ഈ നാറി ഇനി ലോകത്തിനു ആവശ്യമില്ല.... ഇവനിനിയും ജീവിച്ചിരുന്നൽ എനിക്കും എന്റെ ദേവുവിനും സമാധാനം ഉണ്ടാവില്ല..... "

ഞാൻ അവന്റെ പിടിയിൽ നിന്നും കുതറി മാറാൻ ശ്രമം നടത്തി.

ചാടി മാറി ഞാൻ അയാളുടെ കോളറിന് കുത്തി പിടിച്ചു...

"എല്ലാം ഞാൻ മറന്നതാണ്.. എന്റെ ദേവുവിന് വേണ്ടി.. പക്ഷെ ഇത് നീ ആ കണക്കിൽ കൂട്ടണ്ട.... "

അയാളൊന്നും മനസിലാകാത്ത മട്ടിൽ എന്നെ നോക്കി . അയാളെ പൊക്കി എടുത്തു അയാളുടെ കാതോരം ചേർന്ന് നിന്നു ഞാൻ പറഞ്ഞു.

" ഇനിയും എന്റെ പെണ്ണിന്റെ പിന്നാലെ നിന്റെ നിഴലെങ്കിലും പതിഞ്ഞൽ... കൊല്ലും ഞാൻ തന്നെ...... "

അയാളുടെ ബോധം മറയുന്നതിനു മുൻപ് എന്റെ ആ വാക്കുകൾ കേട്ടിരിക്കാം... അവസാനം ആയി അയാളെന്തോ പറയാൻ തുനിഞ്ഞു. പക്ഷെ അതിനുള്ള ശേഷി അയാൾക്കുണ്ടായിരുന്നില്ല.. പൂർണമായും അയാൾ ബോധ രഹിതനായി....

ബോധം നിലച്ചിട്ടും അയാളെ പ്രഹരിക്കുന്ന എന്നെ ബലമായവൻ പിടിച്ചു വലിച്ചു ഹരി പുറത്തേക്കിറങ്ങി..

" എന്നെ വിട്.. കൊല്ലും ഞാനിന്നയാളെ.. എന്റെ ദേവുവിന്റെ കണ്ണീരിനു പകരം ചോദിക്കണം എനിക്ക്... "

" എന്നാൽ പോയി കൊല്ല്. കൊന്നിട്ട് ജയിലിലോ എവിടെയാന്നെന്നു വച്ചാൽ പോയി കിടക്കു... "

എന്നെ ശക്തിയായി പുറകിലേക്ക് തള്ളി മാറ്റി ഹരി അലറി.

" അയാളെ കൊന്നിട്ട് നിനക്ക് എന്ത് കിട്ടാനാ.. ആ പെണ്ണിന് വേണ്ടി ആണെങ്കിൽ അവളുടെ സന്തോഷത്തിനു വേണ്ടി ആണെങ്കിൽ. അയാളെ കൊന്നാൽ എല്ലാം ശരിയാകുമോ. "

അവന്റെ വാക്കുകളിൽ നിറഞ്ഞ സത്യം നിമിഷങ്ങൾക്കുള്ളിൽ ഞാൻ തിരിച്ചറിഞ്ഞു. അയാളെ കൊന്നു ജയിലിൽ പോയാൽ എന്റെയും ദേവുവിന്റെയും ജീവിതം ഇല്ലാതെ ആകും എന്നതല്ലാതെ മറ്റൊന്നും ജീവിതത്തിൽ ബാക്കി ആവില്ല..

" അളിയാ നീ ഒന്നടങ്. നമുക്ക് വഴിയുണ്ടാക്കാം..."

എന്നെ അനുനയിപ്പിച്ചു ഹരി തിരിഞ്ഞത് ആ പെൺകുട്ടിയുടെ നേരെ ആയിരുന്നു.. എല്ലാം കണ്ടു നിന്നു പേടിച്ചു കരയുകയായിരുന്നു ആ പാവം.

" എന്നെ ഒന്നും ചെയ്യല്ലേ ചേട്ടാ.... എനിക്കൊന്നും അറിയില്ല. കടം വാങ്ങിയ കാശു തിരികെ കൊടുത്തില്ലെങ്കിൽ എന്നേം അമ്മേനേം കൊല്ലും എന്ന് അയാൾ പറഞ്ഞു പേടിപ്പിച്ചപ്പോൾ എനിക്ക് വേറെ വഴിയില്ലായിരുന്നു.... "

അവൾ ഞങ്ങൾക്ക് നേരെ കൈകൾ കൂപ്പി അപേക്ഷിച്ചു..

" അതിനു സ്വന്തം ശരീരം വിൽക്കണോടീ കഴുവേറീടെ മോളെ..... "

അപ്പോഴും കെട്ടടങ്ങാത്ത ദേഷ്യം അത്രയുംകൂട്ടി വച്ചു ഞാനവളോട് അലറി...

" ഞങ്ങൾക്ക് ആരും ഇല്ല ചേട്ടാ.. അമ്മക്ക് വയ്യ.. ഇത്രയും കടം വീട്ടാൻ വേറെ വഴി ഇല്ലാഞ്ഞിട്ട... എന്നെ രക്ഷിക്കണം.. ആരോടും പറയരുത്.... അമ്മക്ക് പോലും അറിയില്ല ഇത്... "

കരച്ചിലടക്കാൻ ആവാതെ അവൾ പറഞ്ഞു. എല്ലാം കേട്ടവളോട് എനിക്കും സഹതാപം തോന്നി. സത്യത്തിൽ അന്ന് ഞാനില്ലാതിരുന്നു എങ്കിൽ എന്റെ ദേവുവിന്റെ അവസ്ഥയും ഇത് തന്നെ ആകുമായിരുന്നില്ലേ...

" ഇല്ല.. നിന്നെ ഞങ്ങൾ ഒന്നും ചെയ്യില്ല. ആരുമൊന്നും അറിയുകയുമില്ല. . പകരം നീ ഞങ്ങൾ പറയുന്നത് പോലെ കേൾക്കണം... "

ഹരിയുടെ വാക്കുകലിൽ അവൾ ആശ്വാസം കൊണ്ടു........ അവളത്തിനു സമ്മതം മൂളി....

www.kambistories.com

എല്ലാ പ്ലാനിങ്ങിനും ഒടുവിൽ ആ കുട്ടിയെ സ്വന്തം വീട്ടിൽ ആക്കിയിട്ടാണ് ഞങ്ങൾ തിരികെ മടങ്ങിയത്...

====***====****=====***

" നന്ദുവേട്ടനൊരു കാര്യം അറിഞ്ഞോ? "

പതിവിലും സന്തോഷത്തോടെ പിറ്റേന്ന് ഓടി മുറിയിലേക്ക് കയറി വന്ന ദേവു ചോദിച്ചു...

" എന്താ...? "

" അയാളില്ലേ?  ആ രാഘവൻ. അയാളെ ഇന്നലെ പോലീസ് പിടിച്ചു...."

" പോലീസോ  എന്തിനു...?  "

അത്ഭുതത്തോടെ ഞാൻ ചോദിച്ചു..

" ഏതോ ഒരു പെണ്ണിനെ പീഡിപ്പിക്കാൻ ശ്രമിച്ചു എന്ന്....  കാശിന്റെ പേരിൽ വീട്ടിൽ വിളിച്ചു വരുത്തി.  "

" അയ്യോ എന്നിട്ട്..? . "

" എന്നിട്ടെന്താ.  ആ കൊച്ചിന് ഇത്തിരി തന്റേടം കൂടുതലായിരുന്നു എന്ന തോന്നുന്നേ...  കൈയിൽ കിട്ടിയ എന്തോ കൊണ്ട് തലക്കടിച്ചു എന്നു.  ഇപ്പൊ ആശുപത്രിയിലാ അയാൾ.  ആ കൊച്ചു കേസ് കൊടുത്തിട്ടുണ്ടെന്നു.  ഇത് കഴിഞ്ഞാൽ അയാളെ പോലീസ് കൊണ്ടു പോകുമെന്ന കേട്ടത്. "

www.kambistories.com

സംഭവിച്ചതൊന്നും അറിയാത്ത മട്ടിൽ ഞാൻ അവളെ നോക്കി.

ഉള്ളിലെ കള്ളത്തരം അവളറിയാതിരിക്കാൻ ഞാൻ കഴിവതും ശ്രമിക്കുന്നുണ്ടായിരുന്നു. ഇതിനെല്ലാറ്റിനും പിന്നിൽ ഞാനാണെന്ന സത്യം അവളറിയുന്നതു നല്ലതല്ലെന്ന് നേരത്തെ തോന്നിയതാണ്...

" ദൈവം ഉണ്ട് നന്ദുവേട്ടാ...  അയാൾക് അങ്ങനെ തന്നെ വേണം..  ജയിലിൽ നിന്നിറങ്ങാതിരുന്നാൽ മതിയായിരുന്നു.അയാൾ ...  ഏതായാലും ഈ ചെക്കൻ കലി തുള്ളി അങ്ങോട്ട് ചെല്ലുന്നതിനു മുൻപേ അയാളെ പോലീസ് കൊണ്ടോയല്ലോ..  ഭാഗ്യം... "

ആശ്വാസത്തോടെ അവളതു പറയുമ്പോൾ ഞാൻ ഉള്ളിൽ ചിരിക്കയായിരുന്നു...

" അങ്ങനെയാ ധൈര്യം ഉള്ള പെൺപിള്ളേര്.... അവർക്ക് ആണുങ്ങളെ നിലക്ക് നിർത്താനും അറിയാം..
"

ഞാൻ വെറുതേ തട്ടി വിട്ടു.

" കളിയാക്കുവൊന്നും വേണ്ടാട്ടോ നന്ദുവേട്ട....  എനിക്കിച്ചിരി ധൈര്യം ഒക്കെ ഉണ്ട്..  പിന്നെ എന്റെ ചെക്കനെ നിലക് നിർത്താനോക്കെ എനിക്ക് അറിയാം...  "

" ആണോ..  എന്നെ നിലക്ക് നിർത്തുവോടി നീയ്... "

" ആഹ് നിർത്തും..  എന്താ സംശയം.... "

" എന്ന ഒന്നു കാണണം അല്ലോ... "

അവളെ എന്നിലേക്ക് ചേർത്തു നിർത്തി ഞാൻ പറഞ്ഞു..

www.kambistories.com

" അയ്യേടാ ഇപ്പോ സമയമില്ല മോനെ..  അമ്മ അന്വേക്ഷിക്കും..  പോയി കുളിച്ചു റെഡി ആയി കോളേജിൽ പോകാൻ നോക്കു.....  "

എന്റെ ഷർട്ടിന്റെ തുറന്നു കിടന്ന ബട്ടണുകൾ ഇട്ടു എന്നിലേക്കു ചേർന്ന് നിന്നവൾ പറഞ്ഞു.

" ഇന്നു നമുക്ക് ബീച്ചിൽ പോയാലോ?  "

" ഇന്നോ..  അപ്പോൾ എനിക്ക് പഠിക്കണ്ടേ..  എന്നും ഇങ്ങനെ കറങ്ങാൻ  പോയാൽ ശരിയവില്ലാട്ടോ.... "

" വലിയ ജാട ഒന്നും കാട്ടല്ലേ ഡി പെണ്ണെ...   കോളേജിന്റെ മുന്നിൽ ഞാൻ ഉണ്ടാകും.   മിണ്ടാതെ വന്നു വണ്ടിയിൽ കേറിക്കോളണം.... "

മറുപടി ഒരു പുഞ്ചിരിയിൽ ഒതുക്കി അവളെന്നെ വിട്ടു പുറത്തേക്കിറങ്ങി നടന്നു... ദേവുവിൽ ഇന്ന് കണ്ട സന്തോഷം അതായിരുന്നു എന്നെ ഇന്നലെ എല്ലാറ്റിനും പ്രേരിപ്പിച്ചത്.. ഇന്നലെ നടന്ന കാര്യങ്ങൾ ഒന്നും ഞങ്ങളല്ലാതെ മറ്റാരും അറിയാതിരിക്കാൻ ഞങ്ങൾ ശ്രദ്ധിച്ചിരുന്നു.

ജയിലിൽ നിന്നിറങ്ങുന്ന നേരം അയാളെന്നെ തേടി വരും. എനിക്കുറപ്പുണ്ട്. പക്ഷെ ഇന്നെനിക്ക് ഭയമില്ല. പകരം ധൈര്യമാണ്. എന്റെ ദേവുവിന് വേണ്ടി എന്തും ചെയ്യാൻ തയ്യാറാണെന്ന ചങ്കൂറ്റവും.

ദേവു പോയതിനു പിന്നാലെ മുറിയിൽ നിന്നിറങ്ങിയ ഞാൻ ചെന്നു പെട്ടത് എന്നെ നോക്കി നിൽക്കുന്ന ഏടത്തിയുടെ മുന്നിലാണ്.. ദേവുവിന്റെ കൂടെ മുറിയിൽ നിന്നതവരറിഞ്ഞാൽ ചീത്ത കേൾക്കും എന്നിനെക്കറിയാമായിരുന്നു.. എങ്കിലും ഒന്നും സംഭവിക്കാത്ത പോലെ ഞാൻ ഏടത്തിയെ മറി കടന്നു പോകാൻ തുനിഞ്ഞതും അവരെന്നെ പിടിച്ചു നിർത്തിയതും ഒന്നിച്ചായിരുന്നു.

" നന്ദു.... "

പെട്ടു എന്ന ഭാവത്തിൽ ഞാൻ ഏടത്തിയുടെ മുഖത്തേക്ക് നോക്കി. വളരെ ഗൗരവത്തിൽ ആയിരുന്നു അവരുടെ മുഖം.

" ഏടത്തി ഞങ്ങൾ വെറുതെ സംസാരിക്കുകയായിരുന്നു....അല്ലാതെ വേറെ ഒന്നും അല്ല... .. "

അവരുടെ ചോദ്യം മുൻകൂട്ടി കണ്ടു ഞാൻ പറഞ്ഞു.. ..

പക്ഷെ എന്നെ ഞെട്ടിച്ചത് അവരുടെ മറുപടി ആയിരുന്നു.

" ജയിലിൽ നിന്നറങ്ങിയാൽ അയാൾ വരുമോടാ.. ഇനി.. "

ഒരു നിമിഷം ഞാൻ ശില കണക്കെ നിന്നു പോയി.... ഏടത്തി എങ്ങനെ അറിഞ്ഞു എന്ന് അധികം എനിക്ക് ചിന്തിക്കേണ്ടി വന്നില്ല.

" ദേവുവിന്റെ ചെറിയമ്മ വിളിച്ചിരുന്നു.. "

എന്ത് മറുപടി പറയണം എന്നറിയാതെ ഞാൻ നിന്നു കുഴങ്ങി.

" പണ്ട് കോളേജിൽ പഠിക്കുമ്പോൾ എന്നെ കളിയാക്കിയതിനു ഒരു ചെക്കന്റെ മൂക്കിടിച്ചു പൊളിച്ച ഒരു കഥയുണ്ട് നിന്റെ ചേട്ടന്. അന്നെനിക്കു മനസ്സിലായതാ സ്നേഹിക്കുന്ന പെണ്ണിന് വേണ്ടി ആണൊരുത്തൻ എന്തും ചെയ്യും എന്ന്... ആ ചേട്ടന്റെ അനിയൻ അല്ലെ.. ഇതല്ല ഇതിനപ്പുറവും ചെയ്യുമെന്നെനിക്കറിയാം.... "

ഏടത്തിയുടെ വാക്കുകൾ എന്നിൽ അത്ഭുതം ആണുണ്ടാക്കിയത്.. എല്ലാം അറിഞ്ഞതിനു ശേഷം പ്രതീക്ഷിച്ച താക്കിതുകൾക്കും കുറ്റപ്പെടുത്തലുകൾക്കും പകരം ഇങ്ങനെയൊന്നു ഞാൻ പ്രതീക്ഷിച്ചില്ല.

" നീ ചെയ്തതിൽ ഒരു തെറ്റുമില്ല. പക്ഷെ ജയിലിൽ നിന്നിറങ്ങുമ്പോൾ അയാൾ വരില്ലേ ഇനിയും. "

www.kambistories.com

" എനിക്ക് പേടിയില്ല ഏടത്തി.. അയാൾ വരട്ടെ.. കണക്കുകൾ ഇനിയും ബാക്കി ആണ്... "

" വേണ്ട മോനെ... ഇനി ഒന്നും വേണ്ട. ദേവുവിനെയും കൊണ്ട് നീ എങ്ങോട്ടെങ്കിലും പോ. അയാളുടെ കണ്ണെത്താത്ത എവിടെ എങ്കിലും പോയി സന്തോഷമായിട്ടു ജീവിക്കു. ഏട്ടൻ വിളിച്ചിരുന്നു. നിന്നോടും കൂടെ ചെല്ലാൻ പറഞ്ഞു. അവിടെ ഒരു ജോലി കണ്ടു പിടിക്കാൻ വലിയ പാടൊന്നും ഇല്ലല്ലോ... "

" ഒളിച്ചോടാനോ.. അതും അയാളെ പേടിച്ചിട്ടോ... "

" പേടിച്ചു പോകണം എന്നല്ല ഞാൻ പറഞ്ഞത്. പക്ഷെ ഇനി ഒരു പ്രശ്നം ഉണ്ടായാൽ അത് ദേവുവിനോ അമ്മക്കോ സഹിക്കാൻ പറ്റി എന്ന് വരില്ല. നിന്റെ പഠിപ്പ് തീരാൻ ഇനി അധികം ഇല്ലല്ലോ.. നീ ശെരിക്കും

ചിന്തിക്കു..  നിനക്കും ദേവുവിനും എന്തുകൊണ്ടും ഇവിടുത്തേക്കാൾ നല്ലത് എന്നും മറ്റൊരിടം തന്നെ ആണ്... "

മനസ്സില്ല മനസ്സോടെ ആണെങ്കിലും അവരുടെ ആ അഭിപ്രായം ഞാനും അംഗീകരിച്ചു.  ദേവുവിന് എല്ലാം മറക്കാനും മറ്റൊരിടം തന്നെ ആണ് നല്ലത്... എന്ന് എനിക്കും തോന്നി.

" പക്ഷെ ദേവു അവളെ എങ്ങനെപറഞ്ഞു മനസിലാക്കും... "

" പറയണം.  പറഞ്ഞു സമ്മതിപ്പിക്കണം..... ! "

" എനിക്ക് കഴിയില്ലെടത്തി..  സ്വന്തം വീട്ടിൽ നിന്നിവിടെ വന്നു പൊരുത്തപ്പെടാൻ അവൾ നന്നേ കഷ്ടപ്പെട്ടതാ..  അവൾക്കിന്നെല്ലാം ഈ വീടല്ലേ.  നിങ്ങളൊക്കെ അല്ലെ.  അതൊക്കെ ഉപേക്ഷിച്ചു അവൾ പോകാൻ തയ്യാറാകുമെന്നെനിക്കു തോന്നുന്നില്ല...  "

www.kambistories.com

എന്റെ അഭിപ്രായം ശരിയാണെന്നു അവർക്കും തോന്നിയിരിക്കാം.

" എന്നാൽ ഞാൻ അവളോട് സംസാരിക്കാം.  അവളെ പറഞ്ഞു സമ്മതിപ്പിക്കാം.... "

" പക്ഷെ ഏടത്തി അവളൊന്നും അറിഞ്ഞിട്ടില്ല...  ഒന്നും അറിയാനും പാടില്ല.... "

" ഇല്ലെടാ ഇനിയും ആ പെണ്ണിന്റെ കണ്ണുനീർ കാണാൻ വയ്യ.  ഞാൻ അവളോട് സംസാരിച്ചോളാം...  "

എനിക്കതിനു സമ്മതം മൂളുക അല്ലാതെ വേറെ വഴി ഇല്ലായിരുന്നു.  ജീവിതവും മനസ്സും വേരുറച്ചു പോയ സ്വന്തം നാട്ടിൽ നിന്നൊരു പറിച്ചു മാറ്റം അതെത്രത്തോളം ജീവിതത്തെ ബാധിക്കും

എന്നെനിക്കപ്പോഴും അറിയില്ലായിരുന്നു. എങ്കിലും ദേവുവിന്റെ ചുണ്ടിലെ ആ പുഞ്ചിരി.. അതങ്ങനെ തന്നെ നിലനിൽക്കാൻ ഈ യാത്ര അനിവാര്യമാണ്.......

====***====****====

" പക്ഷെ.. അമ്മ.. അമ്മ സമ്മതിച്ചോ.. ദേവുവിന്റെ അച്ഛൻ വരുന്നത് വരെ കാത്തിരിക്കാൻ അമ്മ പറഞ്ഞതല്ലേ..... "

എന്റെ ചോദ്യത്തിന് ഏടത്തിയിൽ ഒരു പുഞ്ചിരിയാണ് ഉണ്ടായത്..

www.kambistories.com

" ഒരു രഹസ്യവും ഒരുപാട് കാലത്തേക്കു മൂടി വക്കാൻ പറ്റില്ല നന്ദു. ഒരു കാലത്തു അതും മറനീക്കി പുറത്തു വരും.... "

ഏടത്തി മറച്ചു പിടിച്ച വാക്കുകളിൽ നിന്നും എനിക്ക് മനസ്സിലായി. അച്ഛനിനി ഇല്ല എന്നാ സത്യം അവരും അറിഞ്ഞിരിക്കുന്നു എന്ന്. ജാനമ്മ എല്ലാം പറഞ്ഞിരിക്കാം. ദയനീയ ഭാവത്തിൽ ഞാനവരെ നോക്കി. എന്റെ കണ്ണുകൾ അവരോട് മാപ്പപേക്ഷിക്കുകയായിരുന്നു.

" നീ ഉള്ളിലൊതുക്കിയ രഹസ്യം അതങ്ങനെ തന്നെ ഇരുന്നോട്ടെ... ആരറിയരുതെന്നു ആഗ്രഹിച്ചോ അവളറിയാതെ.... "

എന്റെ കണ്ണിലൂടെ ഒഴുകി ഇറങ്ങിയ ദയനീയതയുടെ നീർക്കങ്ങൾ അവർ കൈകൾ എത്തിച്ചു ഒപ്പിയെടുത്തു. എന്റെ മനസ്സറിഞ്ഞ അമ്മയ്ക്കും എന്റെ ഈ പൊന്നേടത്തിക്കും എത്ര നന്ദി പറഞ്ഞാലും തീരില്ലെന്നു തോന്നി.

എല്ലാം പര്യവസാനിക്കാൻ പോകുന്നു. എന്റെ ദേവുവിന്റെ സങ്കടങ്ങൾക്ക് അറുതി വരാൻ പോകുന്നു. എല്ലാവരുടെയും സമ്മതത്തോടെ അനുഗ്രഹത്തോടെ ഞാനും എന്റെ ദേവുവും പുതിയ ജീവിതത്തിലേക്ക് താമസിക്കാതെ കാലടികൾ എടുത്തു വക്കാൻ പോകുന്നു. സന്തോഷവും ഒപ്പം സങ്കടവും ഒരുമിച്ചനുഭവിച്ച നിമിഷങ്ങൾ. ഏടത്തിയുടെ കൈകൾ എന്റെ കൈകൾക്കുള്ളിൽ ചേർത്തു പിടിച്ചു ഞാൻ കരഞ്ഞു തീർത്ത നിമിഷങ്ങൾ... അമ്മയെ മാത്രം കണ്ടില്ല ഞാൻ. കാണാൻ കഴിഞ്ഞില്ല. എല്ലാം ഒളിപ്പിച്ചു വച്ചു സ്വയം നീറി പുകയാൻ തീരുമാനിച്ച എന്റെ കള്ളങ്ങൾ കണ്ടുപിടിച്ച അമ്മയുടെ മുന്നിൽ പോയി നിൽക്കാൻ മനസ്സനുവദിച്ചില്ല.

===*===*====*====*==

രാവിലെ കണ്ട ഉന്മേഷമോ സന്തോഷമോ ഒന്നും പിന്നീട് അങ്ങോട്ട് ദേവുവിൽ കണ്ടില്ല. കടൽ തിരമാലകലെണ്ണി തിട്ടപ്പെടുത്തുകയാണവളെന്നു തോന്നി..

" നന്ദുവേട്ട.... എല്ലാരേം വിട്ടു പോവുകയാണോ നമ്മൾ .... അമ്മയെയും ചേച്ചിയെയും ഒക്കെ...? "

ഏറെ നേരത്തെ മൗനത്തിനൊടുവിൽ അവളിൽ നിന്നുയർന്ന ചോദ്യത്തിനെന്റെ പക്കൽ ഉത്തരമുണ്ടായിരുന്നില്ല.

" എന്റെ ഒപ്പം വരാൻ മടിയാണോ നിനക്ക്.... "

" നന്ദുവേട്ടന്റെ കൂടെ ഏത് നരകത്തേക്കാണെങ്കിലും ഞാൻ വരും.. നന്ദുവേട്ടൻ ഉണ്ടേൽ നരകവും എനിക്ക് സ്വർഗമാ.... "

എന്റെ കൈയിൽ തൂങ്ങി തോളിലേക് ചേർന്നിരുന്നവൾ കടലിനെ നോക്കി പറഞ്ഞു.

" നിനക്ക് വിഷമം ഇല്ലേ..? "

" എന്തിന് ഞാൻ എന്റെ നന്ദുവേട്ടന്റെ കൂടെ അല്ലെ വരുന്നത്... "

ഏടത്തി പറഞ്ഞു മനസ്സിലാക്കിയ വാക്കുകൾ അവൾ ആഴത്തിൽ മനസ്സിനെ പറഞ്ഞു പഠിപ്പിച്ചിരിക്കുന്നു എന്ന് എനിക്ക് മനസിലായി.

" അമ്മ പറഞ്ഞു അവിടെ ചെന്നൽ നന്ദുവേട്ടനെ ക്രിക്കറ്റ് കളിക്കാനും ആൾക്കാരോട് വഴക്കുണ്ടാക്കാനൊന്നും വിടാതെ നോക്കണം എന്ന്. "

" മം... എല്ലാം നിർത്തണം... നന്നവണം... "

വികാരങ്ങൾ ഒന്നും തീണ്ടാത്ത ഞാൻ പറഞ്ഞൊപ്പിച്ചു.

" വേണ്ട നന്ദുവേട്ട ഒന്നും വേണ്ടെന്നു വക്കണ്ട. നന്ദുവേട്ടന്റെ ആഗ്രഹം അല്ലെ ക്രിക്കറ്റിലെ വലിയ കളിക്കാരൻ ആകണം എന്ന്. എനിക്ക് വേണ്ടി എന്തിനാ ആ ആഗ്രഹം വേണ്ടെന്നു വക്കുന്നെ... അവിടെയും ഉണ്ടാവില്ലേ ഈ ക്രിക്കറ്റും ഗ്രൗണ്ടും ഒക്കെ... "

മനസ്സറിയുന്നവളുടെ ഹൃദയം തൊടുന്ന വാക്കുകൾ. കേട്ടു നിൽക്കെ അവളെ ഒന്നു വാരി പുണരാൻ മനസ്സ് വെമ്പുന്നുണ്ടായിരുന്നു. മടിച്ചില്ല. അവളെ ഞാനെന്റെ നെഞ്ചോടു ചേർത്തു നിർത്തി. സ്വന്തം ആഗ്രഹങ്ങൾക്ക് മുന്നേ പങ്കാളിയുടെ ആഗ്രഹങ്ങൾക്കും പ്രാധാന്യവും വിലയും നൽകുന്നവളാണൊരുത്തമ പങ്കാളി...

" നിനക്ക് ആഗ്രഹങ്ങളൊന്നുമില്ലേ ദേവു.... "

എന്റെ ചോദ്യം കേട്ടു മുഖമുയർത്തി അവളെന്നെ ഒന്നു നോക്കി.

":ഇതുവരെ അറിയില്ലേ. എന്റെ ആഗ്രഹമൊന്നും..... "

ഇല്ലെന്നു തലയാട്ടിയതും കിട്ടി നെഞ്ച് ചേർത്തൊരടി.  നന്നായി വേദനിച്ച എനിക്ക് അവൾ തന്നെ ആ മൃദുലമാർന്ന വിരലുകൾ കൊണ്ട് ആ വേദനയെ തുടച്ചു നീക്കി... പിന്നെ തന്റെ ചൂണ്ടു വിരലിൽ നീട്ടി വളർത്തിയ നഖമെന്റെ നെഞ്ചിൽ പതിയെ കുത്തി ഇറക്കി മുഖമെന്റെ നെഞ്ചിൽ ചെർത്ത് വച്ചു.. എന്റെ ഹൃദയതാളം ആസ്വദിച്ചവൾ നിന്നു. .

" ഇതാണെന്റെ ആഗ്രഹം. ..  ഈ നെഞ്ചിൽ ഇങ്ങനെ ചേർന്നിരിക്കണം..  ഈ നെഞ്ചിലെ ചൂടറിഞ്ഞുറങ്ങണം... ഉണരണം. പിണങ്ങുമ്പോ ഈ നെഞ്ചോട് എന്നെ ചേർത്തു പിടിക്കണം. എന്റെ ശ്വാസം നിലക്കുന്ന വരെ.... "

പറഞ്ഞു നിർത്തിയവളെന്റെ നെഞ്ചിൽ ചുണ്ടുകൾ ചേർത്തു.  പറഞ്ഞറിയിക്കാനാവാത്ത ആനന്ദം എന്റെ ദേവു എന്നോട് ചേർന്ന് നിൽക്കുമ്പോൾ എനിക്കനുഭവപ്പെട്ടു.

www.kambistories.com

ദേവൂട്ടിയുടെ കൂടെ ഉള്ള ഓരോ നിമിഷവും വർണനകൾക്കും അപ്പുറം ആസ്വാദ്യകരമാണ് എന്ന് തെളിയിക്കുന്നതായിരുന്നു പിന്നീടുള്ള ഓരോ നിമിഷങ്ങൾ . ഓരോ ദിവസം  ചെല്ലുംതോറും എന്നോടുള്ള അവളുടെ ഇഷ്ടം കൂടി വരുന്നതല്ലാതെ ഒരു തരി പോലും കുറഞ്ഞതായി എനിക്ക് തോന്നിയിട്ടില്ല. ഇന്നവളെന്നെ കൊല്ലുകയാണ് സ്നേഹം കൊണ്ട്.

ആ പ്രണയ നിമിഷത്തിന് ആരുടെയോ അനുഗ്രഹം എന്നവണ്ണം ഭൂമിയെ പതിക്കാൻ കുതിച്ചെത്തിയ ആദ്യ മഴതുള്ളി സ്പർശിച്ചത് എന്റെ ദേവുവിന്റെ കവിളിൽ ആണ്.  നോക്കി നിൽക്കെ മാനം കറുത്തു കണ്ണിൽ നിന്നും സൂര്യനെ കരി മേഘങ്ങൾ മറക്കുമ്പോഴും ദേവുവിന്റെ കവിളിൽ പതിച്ച മഴത്തുള്ളി എന്റെ പെണ്ണിന്റെ കാന്തിയിൽ

വെട്ടി തിളങ്ങുന്നത് പോലെ തോന്നി.. ........

അതുകണ്ടിട്ടാകാം ആ ഒരു തുള്ളിക്കൊപ്പം ദേവുവിനെ തൊട്ടു അവളുടെ ശരീരത്തിൽ പറ്റി ചേർന്ന് വെട്ടിത്തിളങ്ങാന് ശേഷിച്ച ഓരോ മഴതുള്ളികൾ തമ്മിലും മത്സരിക്കുകയായിരുന്നു പിന്നീടങ്ങോട്ട്.

" അയ്യോ നന്ദുവേട്ട മഴ..... "

ചുറ്റും നിന്ന ആളുകൾ ഞങ്ങൾക്ക് മുന്നിലൂടെ ഓടി മറയുമ്പോൾ ദേവു എന്നെയും വലിച്ചോടാൻ തുടങ്ങി. പെട്ടന്ന് ഞാൻ ഒന്നു നിന്നു. കൂടെ അവളും...

" മഴ നനയല്ലേ നന്ദുവേട്ട. പനി പിടിക്കുവേ...വേഗം വാ... . "

ചോദ്യഭാവത്തിൽ അവളെന്നെ നോക്കി നിൽക്കെ ഒരിക്കൽ കൂടി ഞാനവളെ എന്നിലേക്ക് ചേർത്തു നിർത്തി..

www.kambistories.com

" ഇതെന്തു ഭ്രാന്ത ഈ കാട്ടണേ... നന്ദുവേട്ടൻ വന്നേ... പോകാം... "

" ഈ മഴ നമുക്കായിട്ടു ദൈവം അറിഞ്ഞു കനിഞ്ഞ അനുഗ്രഹിച്ചതാടീ പെണ്ണെ... നമ്മൾ ഇത് നനഞ്ഞില്ല എങ്കിൽ മോശമല്ലേ... "

" രണ്ടു തുള്ളി വെള്ളം തലയിൽ വീണപ്പോൾ എന്റെ ചെക്കന് വട്ടായെന്നാ തോന്നുന്നേ..... "

അവളുടെ കുസൃതി നിറഞ്ഞ വാക്കുകൾക്ക് കേട്ടു ഞാൻ പൊട്ടിച്ചിരിച്ചു. ഇരമ്പിയെത്തുന്ന മഴയുടെ ശബ്ദത്തിൽ അതും അലിഞ്ഞില്ലാതെ ആയി. മഴ വെള്ളം എത്ര ശക്തിയായി ഞങ്ങളിൽ പതിക്കുന്നുവോ അതിലും ശക്തിയിൽ ഞങ്ങൾ പരസ്പരം ഇറുകെ പുണർന്നു... തണുപ്പ് ഞങ്ങളെ വന്നു പൊതിയുമ്പോഴും പരസ്പരം ആലിംഗനം ചെയ്തു നിന്ന ഞങ്ങളുടെ ശരീരത്തിന്റെ ചൂട് ഉയരുന്നത് പോലെ തോന്നി.. അവളുടെ ശ്വാസഗതി ഉയരുന്ന പോലെ.... ആ വലിയ കടൽ തീരത്തു

പരസ്പരം ചേർന്ന് നിന്നു ഞങ്ങൾ മാത്രമാ മഴ ആസ്വദിച്ചു... പെട്ടന്നൊരു മിന്നൽ പിണർ ഭൂമിയിൽ വന്നു പതിച്ചു. അതി ഭയങ്കര ശബ്ദത്തോടെ... ഞെട്ടി തരിച്ച ദേവു എന്നിൽ നിന്നടർന്നു മാറി.. എന്നെ വലിച്ചു കൊണ്ട് നടന്നു.. ആളുകൾ തിങ്ങി കൂടി നിന്ന പാർക്കിംഗ് ഏരിയയിലെ ഒരു ഷെഡിനുള്ളിൽ ഞങ്ങളും കയറി കൂടി....

അപ്പോഴേക്കും ഞങ്ങൾ നന്നായി നനഞ്ഞിരുന്നു.. ചില കണ്ണുകൾ മാത്രം നനഞ്ഞൊട്ടിയ അവളുടെ വസ്ത്രത്തിലേക്കും അത്ര വലിപ്പമില്ലാത്ത എന്നാൽ അഴകോട്ടും കുറയാത്ത ശരീരത്തിലേക്കും ആർത്തിയോടെ നോക്കുന്നുണ്ടായിരുന്നു.... അത് കണ്ടെന്ന പോലെ ഞാൻ എല്ലാവരുടെയും ദൃഷ്ടിയിൽ നിന്നും അവളെ മറച്ചു അവൾക്കു മുന്നിൽ കയറി നിന്നു... ദേവു ഇതൊന്നും അറിയുന്ന കൂടി ഉണ്ടായിരുന്നില്ല.. അവളാ മഴയിലും ഞാൻ നൽകുന്ന സ്നേഹത്തിലും അലിഞ്ഞു ചേർന്നിരുന്നു...

മുന്നിലേക്ക് കയറി നിൽക്കെ ചുരിധാറിന്റെ ഷാൾ എടുത്തു അവളെന്റെ തല തുവർത്താൻ തുടങ്ങി.

" മഴയും നനഞ്ഞു ഇനി പനി കൂടി പിടിക്കട്ടെ ട്ടോ... ഞാൻ അപ്പോൾ പറയാമെ... ഓരോരോ ആഗ്രഹങ്ങൾ..... "

അവൾ കൈ പരമാവധി എത്തിച്ചു എന്റെ തല തുവർത്തുന്നത് കൗതുകത്തോടെ ഞാൻ നോക്കി നിന്നു....

www.kambistories.com

" ഇനി ഈ കോലത്തിൽ എങ്ങനെയാ കോളേജിൽ പോവുക..... "

" നമുക്ക് ഈ മഴ നനഞ്ഞങ്ങനെ പോകാം... ഒരു തീരാത്ത യാത്ര..... "

" നന്ദുവേട്ടന് ശെരിക്കും വട്ടായെന്നാ തോന്നണേ... നനഞ്ഞു കുളിച്ചു വീട്ടിൽ ചെല്ലുമ്പോൾ എന്ത് പറയുന്ന ഞാൻ ചിന്തിക്കണേ അപ്പോൾ ഇവിടെ നാട് വിടണ കാര്യം ഒക്കെയാ പറയണേ........ മിക്കവാറും ചെക്കനെ ഊളമ്പാറക്കെടുക്കേണ്ടി വരുന്ന തോന്നുന്നത്..... "

അവളതു പറഞ്ഞു ചിരിച്ചു. എങ്കിലും എന്റെ തലയിലെ വെള്ളം തുടച്ചു മാറ്റുന്നതിൽ അവൾ ശ്രദ്ധ കൊടുത്തു...ഞാൻ അവളെ നോക്കി പുഞ്ചിരിക്കെയാണ് ഒരു തുള്ളി അവളുടെ മുടിയിഴകളിലൂടെ ഒഴുകി ഇറങ്ങി അവളുടെ കവിളിലെ സ്പർശിച്ചത്. അവളറിയാതെ ആ തുള്ളി ഒരു അഹങ്കാരത്തോടെ കവിളിൽ നിന്നും കഴുത്തിലൂടെ അതി വേഗം അവളുടെ മാറിടങ്ങളിലേക്കു ഒഴുകി ഇറങ്ങി... കണ്ടു നിൽക്കാൻ എനിക്ക് ശേഷി ഇല്ലായിരുന്നു. ഞാൻ പോലും കാണാത്ത ആ പൊൻകുടങ്ങളിലേക്കുള്ള അതിന്റെ യാത്രയേ ഞാൻ പാതിയിൽ വച്ചു തുടച്ചു നീക്കി. എന്റെ കൈ അവളുടെ കഴുത്തിന്റെ ഭാഗത്തു പതിച്ചതും അവളൊന്നും ഞെട്ടി.... പതിയെ വിറച്ചു....

" എന്തുവാ നന്ദുവേട്ട..  ഇത്...  ആൾക്കാരു നോക്കുന്നുണ്ട്...  അടങ്ങി നിൽക്കുന്നുണ്ടോ...  "

മഴയുടെ തണുപ്പിന്റെ കാഠിന്യത്തിൽ വിറച്ചു കൊണ്ടവൾ പറഞ്ഞു..  ദേവുവിന്റെ കൈയിൽ നിന്നും ഷാൾ പിടിച്ചു വാങ്ങി  ഞാൻ അവളുടെയും തലയിലെ വെള്ളം പരമാവധി തുവർത്തി എടുത്തു...  എല്ലാം ഒരു ആശ്ചര്യത്തോടെ ദേവു നോക്കി നിന്നു...  അറിയാതെ എങ്കിലും ഞങ്ങളുടെ കണ്ണുകൾ ഒന്നുടക്കിയ നേരം അവളുടെ മിഴികൾ ഈറനണിഞ്ഞത് ഞാൻ കണ്ടിരുന്നു........

ഇന്ന് ഞാൻ ഒരു കാമുകനാണെന്നു തിരിച്ചറിഞ്ഞു..  ഒരു പ്രണയത്തിന്  ഒരാളെ എത്രത്തോളം മാറ്റിമറിക്കാൻ കഴിയുന്നുവോ അത്രത്തോളം ഞാനിന്നു മാറിയിരിക്കുന്നു. അല്ലെങ്കിൽ അവളെന്നെ സ്നേഹം കൊണ്ട് മാറ്റി എടുത്തിരിക്കുന്നു..  ഒരു വെള്ളത്തുള്ളി പോലും അവളെ സ്പർശിക്കുന്നതിൽ എനിക്കിന്ന് അംഗീകരിക്കാൻ പറ്റാത്തത്ര ഒരു തരം അവസ്ഥയിലേക്ക് ദേവു എന്നെ കൊണ്ടെത്തിച്ചിരിക്കുന്നു....

www.kambistories.com

വീട്ടിൽ എത്തുമ്പോഴേക്കും ജലദോഷത്തിന്റെ ലക്ഷണങ്ങൾ കാട്ടി തുടങ്ങിയിരുന്നു..  എങ്കിലും അമ്മയുടെയും ഏടത്തിയുടെയും പതിവിൽ കൂടുതലുള്ള സ്നേഹവും കരുതലും ദേവുവിന്റെ മേൽ കാട്ടുന്നത് എനിക്ക് സന്തോഷം തോന്നി... അച്ഛന്റെ കാര്യം അറിഞ്ഞതിൽ പിന്നെ അവർക്കും ദേവു ശെരിക്കും ഈ വീട്ടിലെ ഒരു അംഗം തന്നെ ആണ്.....

=====***====****===**======****

"'ഞാൻ പറയണതൊന്നും കേൾക്കൂലാ ഈ നന്ദുവേട്ടൻ....  "

ചെറിയൊരു പിണക്കത്തോടെ അവൾ പറഞ്ഞു.  പറഞ്ഞതത്രയും ചുമച്ചു തീർത്തവളെന്നെ സൂക്ഷിച്ചു നോക്കി.....

" മഴ നനയണമെന്ന് ആഗ്രഹം ഞാൻ ആണോ പറഞ്ഞത്.. "

" പിന്നെ ഞാനാണോ.. വേണ്ടെന്നു പറഞ്ഞതല്ലേ..... എന്നിട്ടെന്നെ അവിടെ പിടിച്ചു നിർത്തി ഉള്ള മഴ മൊത്തോം നനയിച്ചു.... "

നന്ദുവേട്ടൻ എന്നോട് മിണ്ടണ്ട.. .... മഴ നനഞ്ഞതു നമ്മൾ ഒരുമിച്ചു. ആ മഴയത്തു ഐസ്ക്രീം തിന്നതും ഒരുമിച്ചു. എന്നിട്ട് പനി വന്നപ്പോൾ എനിക്ക് മാത്രം.... എന്ത് കഷ്ടം ആന്നെന്നു നോക്കണേ.... "

" അതിനാനോ എന്റെ ദേവൂട്ടി ഈ മുഖം വീർപ്പിച്ചിരിക്കുന്നെ... വാ... നോക്കട്ടെ..... "

എന്നിലേക്ക് ചേർത്തിരുത്തി ഞാൻ അവളെ കെട്ടിപ്പിടിച്ചു.. പനിയുടെ ചൂട് അവളിൽ അല്പം കൂടുതലായിരുന്നു...

www.kambistories.com

" വേണ്ടാട്ടോ നന്ദുവേട്ട... പനി പകരുട്ടോ... "

" എനിക്കും പിടിക്കട്ടെ. അങ്ങനെ എങ്കിലും നിന്റെ പിണക്കം അങ്ങ് തീരുമല്ലോ.... "

" എനിക്ക് പിണക്കമൊന്നുമില്ല... "

അവളങ്ങനെ പറയുന്നത് മുന്നേ തന്നെ കട്ടിലിലെ പുതപ്പെടുത്തു ഞാൻ ഞങ്ങളെ മുഴുവനായും മൂടി ഇരുന്നു. പുതപ്പിനുള്ളിൽ കട്ടിലിൽ ദേവുവിനെ ചേർത്തു പിടിച്ചു ഞാൻ അങ്ങനെ ഇരുന്നു... അമ്മയെയോ ഏടത്തിയെയോ ഇന്നെനിക്കു ഭയമില്ല. കാരണം എല്ലാറ്റിനും മൗന സമ്മതം അവർ തന്നിരുന്നു..

" ഇനി ഏട്ടന്റെ അടുത്ത് പോയാൽ നമ്മൾ എന്നാ നന്ദുവേട്ട ഇങ്ങോട്ടു തിരികെ വരിക... "

" ഇനി നമ്മൾ ഇങ്ങോട്ടില്ല... "

എന്റെ ഉറച്ച തീരുമാനം ഉയർന്നു.

" അപ്പോൾ അച്ഛൻ വന്നാലോ.. എങ്ങനെ കണ്ടു പിടിക്കും നമ്മളെ.... "

ദേവുവിന്റെ ചോദ്യം വീണ്ടും മുറിവേൽപ്പിക്കുന്നതായിരുന്നു എങ്കിലും ഇന്ന് ഞാനാ സാഹചര്യത്തോട് പൊരുത്തപ്പെട്ടിരുന്നു.

" അതിനല്ലേ ജാനമ്മ ഉള്ളത്.. അച്ഛൻ വന്നാൽ ജാനമ്മ പറയില്ലേ... ഈ ദേവൂട്ടി.. പാവപ്പെട്ട ഒരു അനന്തുവിന്റെ കൂടെ സന്തോഷത്തോടെ നാട്ടിൽ എവിടെയോ ഉണ്ടെന്നു ..... "

www.kambistories.com

" പാവമോ . എന്നാരു പറഞ്ഞു... "

പുതപ്പിനുള്ളിൽ അരിച്ചു കയറുന്ന വെളിച്ചത്തിൽ നിന്നും കുസൃതി നിറഞ്ഞ ദേവുവിന്റെ മുഖഭാവം ഞാൻ കണ്ടു..

" നിന്റെ നന്ദുവേട്ടൻ പാവമല്ലേ ....? "

" പിന്നല്ലേ.. അല്ലെങ്കിൽ എന്നെ പോലെ ഒന്നും ഇല്ലാത്തൊരു പെണ്ണിനെ ഇങ്ങനെ സ്നേഹിക്കുവോ.... എന്റെ നന്ദുവേട്ടൻ പഞ്ച പാവമാ..... "

എന്റെ കവിളിലൂടെ തഴുകി അവൾ പറഞ്ഞു.

" എന്റെ പെണ്ണിന് അതിന് എന്താ ഒരു കുറവ്...? "

" അതിന് എനിക്കെന്താ നന്ദുവേട്ട ഉള്ളത്?  "

ഇടറിയ ശബ്ദത്തോടെ അവൾ ചോദിച്ചു.

" നന്ദുവേട്ടന് തരാൻ എന്റെ കൈയിൽ ഒന്നുല്ലല്ലോ... ?  " വിറയലോടെ

എന്റെ കണ്ണുകളിലെക്ക് ഉറ്റുനോക്കിയവൾ പറഞ്ഞു നിർത്തുമ്പോൾ എന്റെ ചുണ്ടിൽ വിരിഞ്ഞത് പുഞ്ചിരി ആയിരുന്നു.

" എന്റെ ഈ ജന്മം തീർന്നാലും തീരാത്തത്ര സ്നേഹം ഇല്ലേ എന്റെ പെണ്ണിന്റെ ഈ  മനസ്സ് നിറയെ... അതിൽ കൂടുതലൊന്നും വേണ്ട എനിക്ക്.... "

എന്നെ ഇറുകെ കെട്ടിപ്പിടിക്കയല്ലാതെ അവളൊന്നും മറുത്തു പറയാൻ നിന്നില്ല.  അവൾക്കറിയാം എന്റെ മറുപടി അത് തന്നെ ആയിരിക്കാം എന്ന്...

www.kambistories.com

" പോകുന്നതിനു മുൻപ്.  എനിക്ക് ചെറിയമ്മയെ ഒന്നു കാണണം നന്ദുവേട്ട.... "

മൗനം വെടിഞ്ഞവൾ ആവശ്യപ്പെട്ടു.

"  നാളെ പോകാം.... "

**==**===***===

പിറ്റേന്ന് ഞാനെന്റെ വാക്കു പാലിച്ചു ദേവുവിനെ ചെറിയമ്മയെ കാണാൻ കൊണ്ടു പോയി.. എന്നത്തേയും പോലെ സ്നേഹത്തോടെ അവരെന്നെയും എതിരേറ്റു..

മുൻപ് മനസ്സിൽ ഒളിപ്പിച്ചു വച്ച സ്നേഹം അവരിന്നു ഒരു മറയും കൂടാതെ ദേവുവിന് നൽകുന്നുണ്ട്. സ്വന്തം മകളാണെന്ന് പലപ്പോഴും പറയുമെങ്കിലും അത് നാവിൽ നിന്നു വെറുതെ വന്ന വാക്കല്ല എന്നവർ ഓരോ നിമിഷവും തെളിയിക്കുക ആയിരുന്നു...

അടുത്ത ദിവസത്തെ യാത്രയെ പറ്റി ദേവു ആണ് അവരോട് സൂചിപ്പിച്ചത്. അല്പം വിഷമം തോന്നിയെങ്കിലും അവർക്കും തോന്നിയിരിക്കാം അതാവും നല്ലതെന്നു.. അവരുടെ വിശേഷങ്ങൾ കെട്ടു നിൽക്കേ ഞാൻ പതിയെ ബാത്‌റൂമിൽ ഒന്നു കയറി ....

" നാട്ടിൽ ഒക്കെ പോകുമ്പോൾ മോനെ സൂക്ഷിച്ചോണെടീ പെണ്ണേ... നല്ല നല്ല പെണ്ണുങ്ങളെ ഒക്കെ കാണുമ്പോൾ ആണുങ്ങൾക്ക് ഒക്കെ ഒരിളക്കം കൂടുതലാ... "

തമാശ എന്നവണ്ണം ദേവുവിനുള്ള ഉപദേശങ്ങൾ കൊടുക്കുന്നതിനിടയിലാണ് ഞാൻ ബാത്‌റൂമിൽ നിന്നിറങ്ങി വരുന്നത്. അതവരാരും കണ്ടുമില്ല.

www.kambistories.com

" ആ പേടി എനിക്കില്ലാട്ടോ അമ്മേ... ഇത്ര നാളായിട്ടും നന്ദുവേട്ടന് ഒരു പെണ്ണിനോട് മിണ്ടണ പോലും ഞാൻ കണ്ടിട്ടില്ല.. പിന്നെ നമ്മുടെ സ്നേഹം കുറഞ്ഞാൽ അല്ലെ നന്ദുവേട്ടൻ വേറൊരാളുടെ സ്നേഹം തേടി പോകൂ.. എനിക്കെന്റെ നന്ദുവേട്ടനെ വിശ്വാസാ...... "

ജാനമ്മക്ക് മറുപടി കൊടുത്തു ദേവു നേരെ തിരിഞ്ഞത് എന്റെ നേർക്കാണ്. എന്നെ കണ്ടവൾ ആദ്യം ഒന്നു പതറിയെങ്കിലും അത് പുറത്തു കാട്ടാതിരിക്കാൻ അവൾ പരമാവധി ശ്രമിച്ചു.

" കണ്ടോ മോനെ.. എന്റെ മോൾടെ സ്നേഹം..... "

എന്നെ കണ്ട് പുറത്തേക്കിറങ്ങി പോകുന്നതിനിടയിൽ ജാനമ്മ പറഞ്ഞു. മറുപടിയായി ഞാനവരെ നോക്കി ഒന്നു പുഞ്ചിരിച്ചു...

" ഞാൻ ചായ എടുക്കാം.... "

ജാനമ്മ അഭിമാനത്തോടെ പറഞ്ഞുഅടുക്കളയിലേക്കു നടന്നു.

നാണിച്ചു തല താഴ്ത്തി നിന്ന ദേവുവിനെ ഞാനെന്റെ നെഞ്ചിലേക്ക് വലിച്ചടുപ്പിച്ചു്....

" ആണോടീ....ദേവൂട്ടി . നിനക്കെന്നെ അത്രയ്ക്ക് ഇഷ്ടം ആണോ?? "

" അതിപ്പോ എന്താ നിങ്ങൾക് ഇത്ര സംശയം? "

ഒരു കൊഞ്ചലോടെ അവൾ ചേർന്ന് നിന്നു ചോദിച്ചു

" നിനക്കെന്നെ അത്രക്ക് വിശ്വാസം ആണോ? "

" ആണെകിൽ...? "

" എന്നിട്ടാണോ... കോളേജിൽ ഉണ്ടായിരുന്ന ആ അഞ്ജുവിനോട് മിണ്ടരുതെന്നു നീ പറഞ്ഞത് .... "

www.kambistories.com

" അത് പിന്നെ എനിക്ക് ഇഷ്ടം അല്ല ആ പെണ്ണിനെ. ഒരു വക കെട്ടി കേറിയുള്ള വർത്താനോം ഒലിപ്പീരും....അത് കൊണ്ടല്ലേ.... "

" അപ്പോ... ബാക്കി ഉള്ളതൊടീ...? അഞ്ചു മാത്രമേ ഒള്ളു... ആ മീനു... ചിന്നു... സാന്ദ്ര. ഒക്കെ പോട്ടേ സ്റ്റെല്ല മിസ്സിനോട് പോലും മിണ്ടരുതെന്നു പറഞ്ഞില്ലെടീ പട്ടി നീയ്.. എന്നിട്ട് എന്നെ വിശ്വാസം ആണ് പോലും ? "

എന്റെ നെഞ്ചിൽ കൈവിരലുകൾ കൊണ്ടു കോറികൊണ്ടവളെന്നെ നോക്കി ചിരിച്ചു.

" അത് പിന്നെ അവരൊന്നും ശെരി അല്ല.. അതോണ്ടാ... നന്ദുവേട്ടൻ വേറെ ആരോട് മിണ്ടിയാലും എനിക്ക് പ്രശ്നം ഇല്ല. അവരോടു മിണ്ടുന്നത് എനിക്കിഷ്ടം അല്ല. "

" എനിക്കാകെ അറിയാവുന്ന പെണ്ണുങ്ങൾ അവരാടീ കുരുപ്പേ..... "

എന്റെ ദയനീയ ഭാവം കണ്ടവൾ പൊട്ടിച്ചിരിച്ചു...

" സാരമില്ലാട്ടോ... നന്ദുവേട്ടന് ഞാനില്ലേ...? "

എനിക്ക് പുറമെ എന്നെയും ഇരു കൈകൾ കൊണ്ട് ചേർത്തു പിടിച്ചവളെന്റെ നെഞ്ചിലേക്ക് തല ചേർത്തു നിന്നു......

" മോളെ ചായ.... "

എല്ലാം കണ്ടു വാതിൽക്കൽ ചാരി നിന്ന ജാനമ്മയുടെ ശബ്ദം കേട്ടാണ് ഞങ്ങൾക്ക് പരിസര ബോധം വന്നത് തന്നെ. ഞങ്ങളൊരു പോലെ നിന്നു നാണിച്ചുരുകി.

അവരുടെ കയ്യിൽ നിന്നും ചായ വാങ്ങി കുടിക്കുമ്പോഴും അവരുടെ ചോദ്യങ്ങൾക്കു ഉത്തരം കൊടുക്കുമ്പോഴും ഒന്നും എന്റെ ചമ്മൽ മാറി ഇരുന്നില്ല.

ഇനി ഒരു കൂടി കാഴ്ച ഉണ്ടാകുമോ എന്നറിയില്ല എന്നത് കൊണ്ട് ദേവുവിനോട് അൽപനേരം കൂടി അവിടെ നിന്നുകൊള്ളൻ അനുവാദം നൽകി ഞാൻ പതിയെ ഹരിയെ കാണാനിറങ്ങി. ജനിച്ച നാടിനെ പിരിയുന്നതിലും വിഷമം ഉറ്റ സുഹൃത്തിനെ പിരിയുന്നതിലായിരുന്നു.... ഏറെ നേരം ഞങ്ങൾ പരസ്പരം എന്തൊക്കെയോ തമാശകളും വിശേഷങ്ങളും പറഞ്ഞിരുന്നു.

പിരിയാൻ നേരവും എനിക്കൊരു വിശ്വാസം ഉണ്ടായിരുന്നു. എത്ര അകലങ്ങളിൽ ആണെങ്കിൽ കൂടിയും ഈ ചങ്കു തന്ന കൂടപ്പിറപ്പിനെ മാത്രം മറക്കില്ലെന്ന്.. എന്നാണെങ്കിലും കണ്ടുമുട്ടുമെന്നു...

ഒരിക്കൽ കൂടി ഹരിയോട് യാത്ര പറഞ്ഞു ഞാൻ ബൈക്കിനടുത്തേക്ക് നടന്നു. അവനിൽ നിന്നോരോ അടി അകലുമ്പോഴും വല്ലാത്തൊരു ഭാരം മനസ്സിൽ നിറയുന്ന പോലെ.

പെട്ടെന്നെന്റെ നിശബ്ദതയെ കീറിമുറിച്ചു ഫോൺ ഉച്ചത്തിൽ ശബ്ദിച്ചു... " ദേവു ആണ്.. വൈകിയതിന് ഉള്ളത് ഇപ്പോ കേൾക്കാം..... "

ഹരിയോട് പറഞ്ഞു ഒരു പുഞ്ചിരിയോടെ ഞാൻ ഫോൺ എടുത്തു ചെവിയിൽ വച്ചു...

" നന്ദുവേട്ടാ.................. "

ദേവുവിന്റെ ഉച്ചത്തിലുള്ള ശബ്ദം മാത്രമേ കേൾക്കനുണ്ടായിരുന്നൊള്ളു... അവൾ കരയുകയാണോ.... മനസ്സിലൊരു വെള്ളിടി വെട്ടിയ പ്രതീതി...

" ദേവു... എന്താ... എന്താ പറ്റിയെ.... "

www.kambistories.com

മറുപടിക്ക് മുന്നേ ഫോൺ കട്ട് ആയിരുന്നു....

ചിന്തിച്ചു നിൽക്കാൻ സമയമുണ്ടായിരുന്നില്ല. എന്റെ ദേവുവിനെന്തോ ആപത്തു സംഭവിച്ചു എന്ന് മനസ്സ് പറഞ്ഞു...അല്ലെങ്കിൽ അവളുടെ ആ ശബ്ദമെന്നോട് പറഞ്ഞു. ഹരിയേയും കൂട്ടി ബൈക്ക് പായുമ്പോൾ മനസ്സ് പെരുമ്പറ മുഴക്കുക ആയിരുന്നു... ഓരോ നിമിഷവും കാതുകളിൽ മുഴങ്ങുന്ന ദേവുവിന്റെ ആ വിളി ...." ദൈവമേ എന്റെ ദേവുവിന് ഒന്നും സംഭവിക്കരുതേ..... "

മനമുരുകി ആദ്യമായ് സകല ദൈവങ്ങളെയും വിളിച്ചു പ്രാർഥിച്ച നിമിഷം..

ഹരിയുടെ നിയന്ത്രണത്തിൽ ബൈക്ക് കുതിക്കുകയായിരുന്നു. നിമിഷങ്ങൾക്കുള്ളിൽ മാറി മറിഞ്ഞു വരുന്ന ചിന്തകൾക്ക് മുന്നിൽ കണ്ണ് നിറഞ്ഞു ഒഴുകി.. ..

ദേവുവിന്റെ വീടിനു മുന്നിൽ വണ്ടി കയറുമ്പോഴേ കാണാം...  നിറഞ്ഞു നിന്ന ജനക്കൂട്ടത്തെ..  ആ ഇരുട്ട് നിറഞ്ഞ വഴിയിൽ എവിടെയോ വണ്ടി നിർത്തിയതും ഞാൻ ചാടി ഇറങ്ങി ഓടി..  കൂടി നിന്ന ആളുകളിൽ ആരെയൊക്കെയോ തട്ടി മാറ്റി ഞാൻ വീടിനു മുന്നിൽ എത്തി..  അടഞ്ഞു കിടന്ന കതകു ശക്തിയായി തള്ളി തുറന്നു.  അകത്തു കണ്ട കാഴ്ച എന്റെ ഹൃദയം തകർക്കാൻ പോന്നതായിരുന്നു.  വീടിനുള്ളിൽ ചോരയിൽ കുളിച്ചു നിലം തൊട്ടു കിടക്കുന്ന രാഘവൻ.....  !

തൊട്ടരികിൽ കരഞ്ഞു തളർന്ന ദേവു... !

ഒരു നിമിഷം എന്റെ സകല നാഡി ഞെരമ്പുകളും വലിഞ്ഞു പൊട്ടുന്നത് പോലെ തോന്നി.. എന്ത് നടക്കരുത് എന്നാഗ്രഹിച്ചോ എന്തിനു വേണ്ടി ഇവിടം വിടാൻ തീരുമാനിച്ചോ അത് തന്നെ സംഭവിച്ചിരിക്കുന്നു....ദൈവം എന്റെയും ദേവുവിന്റെയും പ്രാർഥന കേട്ടില്ല.

ദേവുവിന്റെ കണ്ണുകൾ ചുറ്റും നിന്ന പോലീസുകാർക്കിടയിൽ നിന്നും എന്നെ  കണ്ടെത്തി.. പ്രതീക്ഷിച്ചു നിന്ന മുഖമെന്ന വണ്ണം.  പിടിച്ചു നിർത്തിയ സകലരെയും തട്ടി മാറ്റി അവളെന്നെ വന്നു കെട്ടിപിടിച്ചു.. ഉടുമ്പ് കണക്കെ..

www.kambistories.com

" നന്ദുവേട്ടാ..... "

ആൾക്കൂട്ടം കണ്ടു നിൽക്കെ അവളെന്റെ പെരലറി വിളിച്ചു....

" മോളെ...  ദേവു..... "

കണ്ണുനീരൊഴുകുന്ന അവളുടെ കണ്ണുകൾ തുടച്ചു ഞാനവളെ സൂക്ഷിച്ചു നോക്കി.....

" നന്ദുവേട്ട...   ചെറിയമ്മ...... "വാക്കുകൾ  പറഞ്ഞു പൂർത്തിയാക്കാനാവാത്തത്ര കരഞ്ഞു  തളർന്ന അവൾ അടുത്ത് കണ്ട മുറിയിലേക്ക് കൈകൾ ചൂണ്ടി.

ഞാൻ നോക്കി നിൽക്കെ എല്ലാവരും കാൺകെ കൈകളിൽ വിലങ്ങുകളോടെ ജാനമ്മ മുറിക്കുള്ളിൽ നിന്നും ഇറങ്ങി വന്നു..  ചുറ്റും കൂടി നിന്ന പോലീസ് അവരെയും കൊണ്ടു പുറത്തേക്കു നടന്നു.  എന്താണ് നടക്കുന്നതെന്ന് പോലും മനസ്സിലാവാതെ നിന്ന എന്നെ നോക്കി ഒന്നു പുഞ്ചിരിച്ചതല്ലാതെ അവരൊന്നും പറയാതെ ഞങ്ങളെ മറികടന്നു പോയി. ..

ആ പുഞ്ചിരിയുടെ അർദ്ധവും നടന്ന കാര്യങ്ങളത്രയും എനിക്ക് ഊഹിക്കാവുന്നതേ ഉണ്ടായിരുന്നുള്ളു....

" താനാരാ ഈ പെണ്ണിന്റെ....? "

കൂട്ടത്തിൽ നിന്ന പോലീസ്കാരിൽ ഒരാൾ ഞങ്ങളെ പിടിച്ചു മാറ്റികൊണ്ട് ചോദിച്ചു....

" എന്റെ ഭാര്യയാണ് സാർ... "

"ഇവളുടെ മൊഴി എടുക്കാൻ ഉണ്ട്.. അതുകൊണ്ട് അവളെയും ഞങ്ങൾക്ക് കൊണ്ടു പോണം... "

" സാർ അത്... "

www.kambistories.com

" പേടിക്കാനൊന്നും ഇല്ലെടോ. ചുമ്മാ കുറച്ചു ചോദ്യങ്ങൾ ചോദിക്കണം.. അത്രെ ഒള്ളു... പിന്നെ ആ തള്ള കുറ്റം സമ്മതിച്ചിട്ടുണ്ട്. രാത്രി വീട്ടിൽ കയറി ആക്രമിക്കാൻ ശ്രമിച്ചതാണ്.... അവർക്കതെ ചെയ്യാനുണ്ടായിരുന്നുള്ളൂ... വെട്ടുകത്തി കൊണ്ട് ഇരുപത്തഞ്ചോളം വെട്ടുകൾ.. എന്തോ പക തീർക്കാനെന്ന പോലെ....ഇയ്യാലിന്നു ജാമ്യത്തിൽ ഇറങ്ങിയതേ ഒള്ളു. അയാൾക്കത്രയേ ആയുസുണ്ടായിരുന്നൊള്ളു. . താൻ പേടിക്കുവൊന്നും വേണ്ട.... ഇതൊക്കെ ഞങ്ങളുടെ ഒരു ഫോർമാലിറ്റി മാത്രം ആണ്... "

പിന്നീടുള്ള ദിവസങ്ങൾ ഒരു നൂൽപ്പാലത്തിലൂടെ നടക്കുന്ന പോലെ ആയിരുന്നു എനിക്ക്. ദിവസങ്ങളോളം നീണ്ടുനിന്ന കേസിനും വിചാരണക്കും ഒടുവിൽ എന്റെ ദേവുവിനെ എനിക്ക് തിരികെ കിട്ടി. ചെറുത്തു നില്പിനാണെങ്കിൽ കൂടിയും കൊലപാതകം ആയതു കൊണ്ട് ശിക്ഷയിൽ ഇളവ് നൽകി ജാനമ്മ അഴികൾക്കുള്ളിൽ ആയി.. എങ്കിലും അവർക്കതിൽ പരിഭവമോ പരാതിയോ ഉണ്ടായിരുന്നില്ല. ഒരു നന്മ ചെയ്തു എന്ന ചെറുധാർഥ്യത്തോടെ അവർ പുഞ്ചിരിക്കയാണ് ചെയ്തത്...

എല്ലാം ദൈവം മുൻപേ കരുതി വച്ചതായിരിക്കാം

എങ്കിലും ദേവുവിന്റെ  മനസ്സിൽ ഉറച്ചു പോയ ആ ഭയം കണ്മുന്നിൽ ഒഴുകി കൂടിയ ആ ചോരയുടെ ചുവന്ന നിറം  ഇല്ലാതാക്കാൻ എനിക്ക് ദിവസങ്ങളെടുത്തു.... എന്റെ നെഞ്ചിലെ അളവറ്റ  സ്നേഹം കൊണ്ട് ഞാനവളെ മാറ്റി എടുത്തു.  പഴയ എന്റെ ദേവുവായി... എന്റെ മുറിയുടെ പുതപ്പിനുള്ളിൽ എന്നോട് ചേർന്നിരിക്കുമ്പോഴും അവൾക്കൊരാവശ്യമേ പറയാൻ ഉണ്ടായിരുന്നുള്ളു...

"എന്നെ വിട്ടു എങ്ങും പോകല്ലേ നന്ദുവേട്ട..... "

" എന്റെ ദേവൂട്ടിയെ വിട്ട് ഞാനെവിടേം പോവില്ല.... "

രണ്ടാഴ്ചയോളം ദേവുവിന്റെ ഒപ്പം ഒരു മുറിക്കുള്ളിൽ ഞാൻ കഴിഞ്ഞു കൂടി.  എന്റെ നെഞ്ചിൽ തല താഴ്ത്തി അവൾ പല രാത്രികളും കണ്ണീരൊഴുക്കി. എന്തിനോ വേണ്ടി....  പക്ഷെ സ്നേഹത്തിനു മുന്നിൽ മാറി മറിയാത്തതായി ഒന്നും ഇല്ല.  എല്ലാം മറന്നു അവൾ എന്നെ നോക്കി പുഞ്ചിരിച്ച ആ ഏഴാം ദിവസം ഞാനായിരുന്നു ഈ ലോകത്തെ ഏറ്റവും സന്തോഷവാനായ മനുഷ്യൻ....

അത് കഴിഞ്ഞീ നിമിഷം വരെ ആ കണ്ണുകൾ നിറയാൻ ഞാനോ ഏടത്തിയോ അമ്മയോ അനുവദിച്ചിട്ടില്ല...

ഇന്ന് എന്റെ നെഞ്ചിൽ തല ചായ്ച്ചുറങ്ങാൻ ദേവുവിനാരുടെയും അനുവാദം വേണ്ട..  എന്നോട് ചേർന്നുറങ്ങാൻ എന്നെ സ്നേഹിക്കാൻ കുറുമ്പ് കാട്ടാൻ വഴക്കുണ്ടാക്കാൻ കൊഞ്ചിക്കാൻ ഉമ്മ തരാൻ ഇന്നവൾക്ക് ഒരു മറയുടെയും ആവശ്യമില്ല..  ഇന്നവളെന്റെ സ്വന്തം ആണ്.  എന്റെ മാത്രം എന്റെ സ്നേഹനിധിയായ ഭാര്യ ആണ്.....

www.kambistories.com

====****===***====****==***

പതിവില്ലാതെ അമ്പലത്തിന്റെ പടി വാതുക്കൽ എന്റെ മുഖം കാണുമ്പോൾ ശ്രീ കോവിലിൽ ഇരുന്നു ശ്രീ കൃഷ്ണ ഭഗവാൻ വരെ ഞെട്ടി കാണണം..  ഇവനെന്താ ഇവിടെ കാര്യം എന്ന് ചിന്തിച്ചിട്ടുണ്ടാകും.....

പിന്നാലെ വന്ന ദേവുവിനെ കണ്ടപ്പോൾ കണ്ണന്റെ മുഖത്തു കണ്ട ആ പുഞ്ചിരിയിൽ എന്റെ വരവിന്റെ ഉദ്ദേശ്യം പുള്ളിക്ക് മനസ്സിലായി കാണണം..

അവളോടൊപ്പം കൈകൾ കൂപ്പി നിന്നപ്പോൾ കണ്ണനോട് പ്രാർഥനയേക്കാൾ കൂടുതൽ പറയാൻ ഉണ്ടായിരുന്നത് നന്ദിയാണ്.  ഈ ദേവൂട്ടിയെ മറ്റാരുടെയും കണ്ണിൽ പെടാതെ എനിക്കായി കത്ത് വച്ചതിനു..  എനിക്ക് കാട്ടി തന്നതിന്...  എന്റെ പക്കൽ എത്തിച്ചതിന്.....  തെറ്റുധരിക്കപ്പെട്ടെങ്കിലും അവളെ മനസ്സിലാക്കി തന്നതിന്......  അവളുടെ സ്നേഹം എന്നേ കാട്ടി തന്നതിന്.  എനിക്ക്

അവളോടുള്ള പ്രേമം കണ്ടെത്തി തന്നതിന്...  എല്ലാം ബാക്കിയാക്കി ഒരാപത്തിനും വിട്ടുകൊടുക്കാതെ എനിക്കവളെ തിരിച്ചു തന്നതിന്...

എല്ലാറ്റിനും മനസ്സുരുകി ഒരു നന്ദി അങ്ങ് പറഞ്ഞു...

നെറ്റിയിൽ കുളിർമ ഉള്ള സ്പർശനം അറിഞ്ഞപ്പോൾ ആണ് കണ്ണ് തുറന്നു നോക്കിയത്..  കണ്ണന്റെ സന്നിധിയിൽ എന്റെ ദേവു  ദേവിയെ പോലെ തിളങ്ങി നിൽക്കുന്നു.

ആദ്യമായി ദേവുവിനെ സാരി ഉടുത്തു കാണുന്നത്.  അതും ചോര വർണ്ണമുള്ള അവൾക്കേറെ ഇണങ്ങുന്ന ഞാൻ വാങ്ങി കൊടുത്ത ഒരു സാരിയിൽ. നെറ്റിയിൽ ചന്ദനം ചാർത്തി അവളെന്നെ നോക്കി പുഞ്ചിരിച്ചു.

" കുറെ നേരം ആയല്ലോ.. ഇതിനു മാത്രം എന്താ കണ്ണനോട് പറയാൻ ഉള്ളേ...  "

www.kambistories.com

" അതെ ഞങ്ങൾ തമ്മിൽ ഉള്ള രഹസ്യം ആ.... "

" ആഹ്..  കാണും കാണും...  രണ്ടും കള്ളന്മാരാ.... "

അവളത് പറഞ്ഞു എന്നെ നോക്കി പുഞ്ചിരിച്ചു.  തിരിച്ചു ഞാനും...

" പോകാം..  അവര് നോക്കി നിൽക്കുന്നു.... "

ദേവുവിന്റെ കൈ പിടിച്ചു ആ നടയിറങ്ങുമ്പോൾ ഞാൻ ഒരിക്കൽ കൂടി ആ കണ്ണന്റെ ശിലാമുഖത്തേക്ക് നോക്കി.  അന്നു പൂജാമുറിയിൽ വച്ചു അവളുടെ കഴുത്തിൽ താലി ചാർത്തുമ്പോൾ കണ്ണനിൽ കണ്ട അതെ പുഞ്ചിരി ഇന്നും ഞാൻ ആ മുഖത്തു കണ്ടു..

" ഇതേതാ ഇത്ര താമസിച്ചത്...?  "

അമ്മയോടും ഏട്ടനോടും ഒപ്പം പുറത്തു ഞങ്ങൾക്കായി കത്ത് നിന്ന ഏടത്തിയുടെ ചോദ്യം ഉയർന്നു.

" ഈ നന്ദുവേട്ടന്റെ പ്രാർഥന ഒന്നു തീരണ്ടേ.... "

" ആഹ് കുറെ ആയില്ലേ അമ്പലത്തിൽ ഒക്കെ കയറിയിട്ട്.  അപ്പോൾ പിന്നെ പറയാൻ ഒരുപാട് കാണും... "

അമ്മയതു പറയുമ്പോൾ എല്ലാവരും ഒരുപോലെ ചിരിച്ചു. കൂടെ ഞാനും...

www.kambistories.com

" ശരി വാ വീട്ടിലേക്കു പോകാം..  വാടാ... "

ഏട്ടന്റെ ഒപ്പം കാറിൽ കയറി ഞങ്ങളെല്ലാവരും വീട്ടിൽ എത്തി.  ഏടത്തിയുടെ വിശേഷം പ്രമാണിച്ചു ഏട്ടൻ ഒരു ലോങ്ങ് ലീവ് എടുത്തിരുന്നു.  സത്യത്തിൽ ജാനമ്മയുടെ കേസ് നടത്തനും  ദേവുവിന്റെ അവസ്ഥയറിഞ്ഞും ഓടിയെത്തിയതാണ് എന്റെ ഏട്ടൻ...  ഇനി കുഞ്ഞുണ്ടായിട്ടേ പോകുന്നുള്ളൂ എന്നാണ് തീരുമാനം. ചിലപ്പോൾ ഇവിടെ തന്നെ ട്രാൻസ്ഫർ കിട്ടാനും വഴിയുണ്ടെന്നു കേട്ടു.... ഏതായാലും ഏടത്തിക് ആശ്വാസം ആയി .....

വീട്ടിൽ എത്തി മുറിക്കുള്ളിൽ കയറി ഇരിക്കുമ്പോൾ ആണ് ദേവു കയറി വരുന്നത്....   സാരിയിൽ തിളങ്ങി നിന്ന ദേവു ഒരു പുഞ്ചിരിയോടെ എന്നെ നോക്കിയവൾ കണ്ണാടിക്കു മുന്നിൽ പോയി നിന്നു.

" നന്ദുവേട്ടൻ ഡ്രസ്സ് മാറുന്നില്ലേ... "

കട്ടിലിൽ കിടന്നവളെ നോക്കി ഇരുന്ന എന്നെ കണ്ണാടിയിലൂടെ കണ്ടവൾ ചോദിച്ചു. ഇല്ലെന്നു ഞാൻ തോളുകളനക്കി മറുപടി കൊടുത്തു.

" എന്നാ ഒന്നു പുറത്തോട്ടു പോയെ.. എനിക്ക് ഒന്നു ഡ്രസ്സ് മാറണം...... "

അവളുടെ ആവശ്യം കേട്ട പാടെ ഞാൻ കട്ടിലിൽ നിന്നെഴുന്നേറ്റു പതിയെ കതകിനടുത്തേക്കു നടന്നു... ഞാൻ പോകുന്നതും നോക്കി നിന്ന ദേവുവിനെ ഒന്നു കണ്ണടച്ച് കാട്ടി ഞാൻ കതകു അടച്ചു ലോക്ക് ചെയ്തു ഓടി ദേവുവിനെ പിന്നിൽ നിന്നും എന്നിലേക്ക് ചേർത്തു വലിച്ചു മുറുക്കി...

" ആഹ് ... നന്ദുവേട്ട... എന്താ ഇത്... എനിക്ക് ഡ്രസ്സ് മാറണം.... "

www.kambistories.com

" നീ മാറികൊടീ... പെണ്ണെ.... "

" അതിനല്ലേ പുറത്തേക്കു പോകാൻ പറഞ്ഞത്..... "

" അതെന്താ... നിനക്ക് എന്റെ മുന്നിൽ നിന്നു ഡ്രസ്സ് മാറിയാൽ.. ഒന്നുമില്ലെങ്കിലും ഞാൻ നിന്റെ കെട്ട്യോനല്ലേ..... "

" പിന്നെ ഒരു കെട്ട്യോൻ.. ഞാൻ ദേ അമ്മേനെ വൈകിക്കൂട്ടോ ഇപ്പോ......"

" നീ വിളിക്കുന്നതെന്തിനാ... ഞാൻ വിളിക്കാം.... അമ്മേ............ "

", എന്താടാ....... "

എന്റെ വിളി കേട്ടതും അമ്മ കതകിനടുത്തെത്തി വിളിച്ചു ചോദിച്ചു...

" അമ്മേ ഈ ദേവു എന്നേ..  ...... "

പറഞ്ഞു തീരാൻ അനുവദിക്കാതെ ദേവു എന്റെ വായ പൊതി പിടിച്ചു...

" ഒന്നുമില്ലമ്മേ...  ഈ നന്ദുവേട്ടൻ വെറുതെ ഇരുന്നു വിളിക്കുന്നതാ... "

അമ്മയോട് വിളിച്ചു പറഞ്ഞവൾ എന്നെ നോക്കി കണ്ണുരുട്ടി.

കൈകൾ ഒന്നയഞ്ഞ നിമിഷം ഞാനവളുടെ കൈകളിൽ ചെറുതായി ഒന്നു കടിച്ചു....

" ആഹ്.... "

www.kambistories.com

എന്നെ വിട്ടു മാറി അവൾ കൈകൾ കുടഞ്ഞു...

" ദുഷ്ടൻ....  എപ്പോളും എന്നെ നോവിക്കാൻ തന്നെയാ ഇഷ്ടം അല്ലെ.....?  "

അവളുടെ കണ്ണുകൾക്കപ്പോൾ മുമ്പത്തേതിലും കാന്തി ഉള്ളതായി തോന്നി...

" ഞാൻ പോകുവാ .  മാറിക്കെ..... "

കെറുവോടെ എന്നെ തള്ളി നീക്കി അവൾ നടന്നകന്നു.

**==**===*===

രാത്രി ഒരു നാണത്തോടെ ആണവൾ മുറിക്കുള്ളിലേക്ക് കയറി വന്നത്.. പക്ഷെ കട്ടിലിൽ എന്നോട് ചേർന്ന് കിടക്കുമ്പോഴോ ഒരേ പുതപ്പിനുള്ളിൽ ഒരേ ചൂടറിഞ്ഞുമിരിക്കുമ്പോഴോ ഒന്നും അവളിൽ ഒരു നാണവും കണ്ടില്ല.. ആവേശമായിരുന്നു എനിക്കവൾ. പലപ്പോഴും ചുംബിക്കുമ്പോൾ ആ ചുണ്ടുകളുടെ മധുരം നുകരാൻ ഇനിയും കൊതിക്കാറുണ്ട്... അവളുടെ ആ ചെറു മാമ്പഴങ്ങളുടെ രുചി ഇന്നും എന്നെ കൊതിപ്പിക്കാറുണ്ട്... എനിക്കായി കാത്തുവച്ച അവളുടെ സ്വന്തമെന്നു പറയാനുള്ള എല്ലാം മഴയുള്ള ഏതോ ഒരു രാത്രിയിൽ എനിക്കായി അവളാ നോവറിഞ്ഞു എല്ലാം പകർന്നു തരുമ്പോൾ അവൾ ഒരു ഭാര്യ ആവുകയായിരുന്നു. എന്റെ പാതിയും.

ഓർക്കുമ്പോൾ ഇന്നും കുളിരു കോരുന്ന ഓർമയാണത്. അവളെ എന്നും എന്നിൽ ചേർത്തു നിർത്തുന്ന ഒത്തിരി ഓർമകളിൽ എനിക്ക് ഏറ്റവും പ്രീയപ്പെട്ടത്.

" ഇന്നമ്പലത്തിൽ പോയിട്ടു എന്തായിരുന്നു..... കണ്ണനോടു വലിയ രഹസ്യം പറച്ചിൽ ആയിരുന്നല്ലോ.... "

നഗനമായ എന്റെ നെഞ്ചിൽ തല ചേർക്കുമ്പോൾ അവൾ ചോദിച്ചു..

" വെറുതെ ഒരൊ വിശേഷങ്ങൾ ചോതിക്കുവാരിയിരുന്നു. കുറെ നാളായില്ലേ കണ്ടിട്ട് ...... "

" പറയണ കേട്ടാൽ തോന്നും നിങ്ങടെ കൂടെ മൂന്നാം ക്ലാസ്സിൽ ഒരുമിച്ചു പഠിച്ചതാ കണ്ണനെന്നു...... "

അവളർത്തു ചിരിക്കെ മനസ്സിൽ ഒരു കുളിരുറവ പോലെ ഒരു നനുത്ത സുഖം.

" ഞാനെന്താ പ്രാർഥിച്ചെന്നറിയുവോ നന്ദുവേട്ടന്...? "

" എന്താ....? "

" മം... മം... വേണ്ട... പ്രാർഥിച്ചത് പുറത്തു പറഞ്ഞാൽ ഫലം ഉണ്ടാവില്ലെന്ന.. ഞാൻ പറയില്ല..... "

ഒരു കൊഞ്ചലോടെ എന്റെ നെഞ്ചിൽ അവൾ കൈകൾ കൊണ്ടു ചിത്രം വരച്ചു.

" നീ നമ്മുടെ പിള്ളേരുടെ കണക്കു പറയാൻ പോയതല്ലേ...... "

ആശ്ചര്യത്തോടെ എന്റെ മുഖത്തേക്ക് നോക്കി അവൾ കട്ടിലിൽ കൈ കുത്തി ഇരുന്നു...

" ആയോ... എങ്ങനെ മനസിലായി..... "

" അതൊക്കെ മനസ്സിലായി...... "

www.kambistories.com

" പറ നന്ദുവേട്ട....  എങ്ങനെയാ..  മനസ്സിലായെ..  ഞാൻ ആരോടും പറഞ്ഞിട്ടില്ലല്ലോ......  "

എന്റെ നെഞ്ചിൽ കൈ അമർത്തി എന്നെ ശക്താമായി കുലുക്കി കൊണ്ടവൾ ചോദിച്ചു...  ചെറിയോടു പുഞ്ചിരിയോടെ ഞാനവളെ വീണ്ടും എന്റെ നെഞ്ചിലേക്ക് ചേർത്തു കിടത്തി...

നിന്റ മനസ്സറിയാൻ പഠിച്ചതൊന്നുമല്ല പെണ്ണെ.  സ്വകാര്യമാണെന്നു നീ കരുതി പ്രാർഥിച്ചത് നാട്ടുകാർക്ക് മുഴുവൻ കേൾക്കാൻ പാകത്തിന..  .  "

" അയ്യേ.....  "

നാണം കൊണ്ടവളെന്റെ നെഞ്ചിൽ മുഖം പൂഴ്ത്തി...

, " ശെരിക്കും എല്ലാവരും കേട്ടോ നന്ദുവേട്ട.... "

" പിന്നെ പൂജാരിയും.... അടുത്ത് നിന്ന കുറെ പേരും..  പുറത്തു നിന്ന അമ്മയും ഏട്ടനും വരെ കേട്ടു .......
"

www.kambistories.com

" പോ നന്ദുവേട്ട കളിയാക്കാതെ..  ശെരിക്കും എല്ലാരും കേട്ടോ.....  ശേ.. നാണക്കേടായി... "

" എന്ത് നാണക്കേട്....  അവരൊക്കെ കേട്ടാലും പോകാൻ പറ ദേവു....  പിന്നെ നിനക്ക് അങ്ങനെ ഒരാഗ്രഹം ഉണ്ടായിരുന്നെങ്കിൽ അമ്പലത്തിൽ പോയി പറഞ്ഞിട്ടെന്താ കാര്യം എന്നോട് ആയിരുന്നില്ലേ പറയേണ്ടത്..  ഏതായാലും ഇന്ന് മുതൽ അതിനുള്ള പ്രയത്നത്തിൽ ആണ് ഞാൻ....... "

" പോടാ വൃത്തികെട്ടവനെ...  ആദ്യം ഒരു ജോലി ഒക്കെ ആവട്ടെ.  എന്നിട്ടു മതി കുട്ടിം ചട്ടിയും ഒക്കെ........
"

" ഓഹോ...  ഇപ്പൊ എനിക്കയോ കുറ്റം.... "

ഞാനവളുടെ നഗ്നമായ വയറിലും ഭാഗത്തും കൈകൾ ഓടിക്കാൻ തുടങ്ങിയതും അവൾ ഇക്കിളി കൊണ്ട്  തുള്ളാൻ തുടങ്ങി...

എന്റെ കൈകൾ അവളുടെ ശരീരത്തിലൂടെ ഓടി നടക്കുമ്പോൾ അവളുടെ ചിരിയും കൂടി വന്നു.

ഈ ഒരു ചിരിക്കായി ആണ് ഞാനിന്നു ജീവിക്കുന്നത്.  എൻറെ പെണ്ണിന്റെ സന്തോഷം കാണാൻ മാത്രം കൊതിക്കുന്ന എന്റെ മനസ്സിന് അവളുടെ പുഞ്ചിരിക്കുന്ന മുഖം ഒരു ആവേശം ആയിരുന്നു....

രാഘവന്റെ മരണത്തെ തുടർന്നു പോകാൻ ഒരുങ്ങിയിരുന്ന ഞങ്ങളുടെ യാത്ര മുടങ്ങുകയും ആ ജോലി പോവുകയും ചെയ്തിരുന്നു. പിന്നെ ഈ നാട് വിട്ടു പോകാൻ മനസ്സില്ലാത്തതു കൊണ്ട് ഇവിടെ തന്നെ നിൽക്കാം എന്ന എന്റെ തീരുമാനത്തിന് പിന്നെ ആരും എതിരും പറഞ്ഞില്ല.

എല്ലാം കഴിഞ്ഞ് ഒരു കിതപ്പോടെ എന്റെ നെഞ്ചിലേക്ക് അവൾ വീണ്ടും ചാഞ്ഞു....

" നന്ദുവേട്ടൻ ഹാപ്പി ആണോ ? "

വിരലുകൾ കൊണ്ടെന്റെ നെഞ്ചിൽ ചിത്രം വരക്കേ അവൾ ചോദിച്ചു.

" നന്ദുവേട്ടന്റെ ആഗ്രഹത്തിൽ ഉള്ള പോലെ ഒരു പെണ്ണായിരുന്നോ ഞാൻ.. "

" അല്ല.... "

എടുത്തടിച്ചുള്ള എന്റെ ഉത്തരം കെട്ടവൾ എന്നെ സൂക്ഷിച്ചു നോക്കി. ആ കണ്ണുകൾ അതായിരുന്നില്ല ഉത്തരമായി പ്രതീക്ഷിച്ചതെന്നു തെളിയിച്ചു.

" എന്റെ സ്വപനത്തിലുള്ള പെണ്ണെ ആയിരുന്നില്ല നീ.. പക്ഷെ ആഗ്രഹങ്ങൾ എല്ലാം മാറ്റി ചിന്തിക്കാൻ എന്നെ പഠിപ്പിച്ചത് നീയാണ്.. ഒരു പെണ്ണെങ്ങനെ ആയിരിക്കണം എന്നെന്നേ പഠിപ്പിച്ചത് നിയാണ്... ഒരു പെണ്ണിന്റെ സ്നേഹം കാട്ടിത്തന്നത് നിയാണ്....ആ നീ അല്ലെ ഇന്നെന്റെ എന്റെ സന്തോഷം..? ദേവൂട്ടി ഇല്ലാതെ ഈ നന്ദു ഇനി ഉണ്ടെന്നു തോന്നുന്നുണ്ടോ...? "

നിറ കണ്ണുകൾ തുടച്ചു നീക്കി അവളുടെ പവിഴ ചുണ്ടുകൾ എന്റെ ചുണ്ടുകളെ കവർന്നെടുത്തു അവൾ അതിനു മറുപടി തന്നു.... മുൻപെങ്ങും കാണാത്ത ആവേശത്തോടെ അവളെന്നെ വല്ലാതെ വലിഞ്ഞു മുറുക്കി... എന്നിലെ ശ്വാസം നിലക്കുമെന്നു തോന്നുന്ന നിമിഷം വരെ അവളെന്റെ ചുണ്ടിനെ രുചിച്ചു കൊണ്ടിരുന്നു...

ഒരു ദീർഘ ശ്വാസത്തോടെ ഞാൻ ദേവുവിനെ എന്നിലേക്ക് ചേർത്തു കിടത്തി.....

" എന്റെ ജീവിതം ഇവിടെ വരെയേ ഒള്ളു നന്ദുവേട്ട... എത്ര വലിയ സങ്കടം പോലും എന്റെ അച്ഛന്റെ ഓർമ്മകൾ പോലും ഈ നെഞ്ചിൽ ചേർന്നിരിക്കുമ്പോൾ ഞാൻ മറക്കും.... സ്നേഹിക്കാനാരുമില്ലാതിരുന്ന എന്നെ സ്നേഹിക്കാൻ ഇന്ന് ചുറ്റും എത്ര പേരാണ്.... ഞാൻ എത്രത്തോളം ഹാപ്പി ആണെന്ന് നന്ദുവേട്ടൻ ചിന്ദിച്ചിട്ടുണ്ടോ...? "

അച്ഛനെന്ന വാക്കു കേട്ടതേ തെളിഞ്ഞു വന്നത് ജാനമ്മ പറഞ്ഞ കാര്യങ്ങളാണ്... ഇന്നും ചെറിയൊരു വേദനയാണ് ദേവുവിന്റെ അച്ഛൻ. ഇനിയും ദേവുവിനോട് മറച്ചു വെക്കേണ്ട കാര്യമില്ല എന്നൊരു തോന്നൽ. എല്ലാമറിഞ്ഞാലും അതിനെ ഉൾകൊള്ളാൻ ഇന്ന് ദേവുവിന്റെ മനസിന് പ്രാപ്തിയുണ്ട്..

" ദേവൂട്ടി....... "

" ഉം .? "

" നിനക്കിപ്പോഴും അച്ഛനെ കാണാൻ ആഗ്രഹം ഉണ്ടോ ? നിനക്കൊരു വിഷമവും ഇല്ലേ പെണ്ണെ....? "

" നന്ദുവേട്ടൻ കൂടെ ഉള്ളപ്പോൾ ഞാൻ എന്തിനാ സങ്കടപ്പെടുന്നെ....?  "

ഞാൻ പ്രതീക്ഷിച്ച ഉത്തരം ആയിരുന്നില്ല അത്.

" അച്ഛനെ കണ്ടെത്താം എന്ന് ഞാൻ തന്ന വാക്കല്ലേ...  അത് പാലിക്കാൻ എനിക്ക് കഴിഞ്ഞില്ലല്ലോ.. ദേഷ്യം ഉണ്ടോ എന്നോട്...?  "

ചോദിച്ചു തീരുംമുമ്പേ അവളെന്റെ വായ പൊത്തിയിരുന്നു....

ദേഷ്യമോ.. എനിക്കോ ..?  നന്ദുവേട്ടനറിയുവോ....  മുൻപൊന്നും കിട്ടാത്ത ഒരു സുരക്ഷിതത്വം എനിക്ക് ഇന്ന് നന്ദുവേട്ടനോട് ചേർന്ന് കിടക്കുമ്പോൾ തോന്നാറുണ്ട്.  ഒരു പെണ്ണിന് ഇതിൽ കൂടുതലെന്താ വേണ്ടത്..  അന്ന് ഭയന്ന് പേടിച്ചു ഉറക്കം കളഞ്ഞ രാത്രികളൊന്നും ഇല്ലാതെ ഇന്നെനിക് ഈ നെഞ്ചിലെ ചൂടറിഞ്ഞുറങ്ങാം.... ഞാൻ ആഗ്രഹിച്ച ജീവിതം ഞാൻ കൊതിച്ചതിനേക്കാൾ സുന്ദരമാക്കിയ എന്റെ നന്ദുട്ടനോട് എനിക്ക് എന്തിനാ ദേഷ്യം.?  "

" ദേവു... അതല്ലാ.... "

" നന്ദുവേട്ടനിനി ഒന്നും പറയണ്ടാ....  അച്ഛനില്ലെങ്കിലും ഞാൻ ഇവിടെ ഹാപ്പിയാ.... ആരുമില്ലാത്ത എനിക്ക് ഇന്ന് സ്വന്തമെന്നു പറയാൻ  ഒരമ്മ ഉണ്ട്.  ചേച്ചി ഉണ്ട്...  ചേട്ടനുണ്ട്..... പിന്നെ എനിക്ക് നന്ദുവേട്ടനില്ലേ....  അച്ഛനെവിടെ എങ്കിലും സന്തോഷത്തോടെ ഉണ്ടെന്നു കരുതി ജീവിക്കാനാ എനിക്കിന്നിഷ്ടം....  അതിൽ എനിക്കിപ്പോൾ പരാതികൾ ഒന്നുമില്ല.... "

അവളെ എന്നിലേക്ക് ചേർത്തു പിടിക്കുമ്പോൾ എനിക്കറിയാം അവളുടെ മനസ്സ് പിടക്കുന്നത്. വിഷമമൊന്നും ഇല്ലെന്നു പറഞ്ഞാലും ആ കണ്ണ് നനയുന്നത് ഞാൻ അറിഞ്ഞു..

കണ്ണുകൾ അറിയാതെ നിറഞ്ഞൊഴുകുമ്പോൾ മനസ്സ് ഒന്നു പുറകോട്ടു പാഞ്ഞു.

ജയിലിൽ ജാനമ്മയെ കാണാൻ ചെന്ന അന്ന്...

അഴിക്കുളിലും ആ ചിരി മായാതെ അവരെന്നെ നോക്കി നിന്നു...

" ദേവു മോൾ വന്നില്ലേ...?  "

" ഇല്ല.... "

" എന്റെ മോളെ പൊന്നു പോലെ നോക്കണേ ടാ മോനെ "

അഴിക്കുളിലൂടെ അവരുടെ വിരലുകൾ കോർത്തു പിടിക്കുമ്പോൾ ഞാൻ അവർക്കു വാക്കു കൊടുക്ക ആയിരുന്നു.  ഇനിയും ആ കണ്ണ് നിറയാതെ ഞാൻ നോക്കും എന്ന്.

" അറിയില്ലായിരുന്നു ആ ചെകുത്താൻ അന്ന് കയറി വരുമെന്ന്.. അറിഞ്ഞിരുന്നു എങ്കിൽ അവളെ അവിടെ നിൽക്കാൻ ഞാൻ അനുവദിക്കില്ലായിരുന്നു.. എന്റെ മുന്നിൽ വച്ചു എന്റെ മോളെ അയാൾ ഒത്തിരി തല്ലി.. എന്നെയും... സഹിക്കാൻ പറ്റാതെ വന്നപ്പോളാ ഞാൻ വെട്ടു കത്തി എടുത്തത്........ "

പറഞ്ഞു തീർക്കും മുൻപേ പല വാക്കുകളും അവ്യക്തമായിരുന്നു.

" സാരമില്ല... എല്ലാം ശരിയാകും..... "

"എനിക്ക് സങ്കടം ഒന്നുമില്ല മോനെ...ജീവിതത്തിൽ ആദ്യമായ് ഒരു നല്ല കാര്യം ചെയ്തു. എന്നെ പോലെ അയാൾ മൂലം ജീവിതം നശിച്ച പലർക്കും ഞാൻ ഇന്ന് ചെയ്തത് ഒരു പുണ്യം തന്നെയാ...... പക്ഷെ.. എനിക്ക് ഒരു വിഷമമേ ഒള്ളു... മോന് ഞാൻ തന്ന വാക്കു അത് എനിക്ക് പാലിക്കാൻ പറ്റിയില്ല.... "

സംശയ രൂപേണ അവരെ ഞാൻ നോക്കി നിൽക്കേ അവർ തുടർന്നു...

" ദേവു മോളെന്തു അറിയരുതെന്ന് മോൻ ആഗ്രഹിച്ചോ അത് അയാളുടെ വായിൽ നിന്നു തന്നെ മോൾ കേട്ടു....... "

ഒരു നടുക്കത്തോടെ കേട്ടു നിൽക്കാനല്ലാതെ എനിക്കപ്പോൾ ഒന്നിനും കഴിഞ്ഞില്ല. ശ്വാസം നിലച്ചു പോകും എന്ന് തോന്നിയ നിമിഷം. ദേവു എന്തറിയരുതെന്നു കരുതി മറച്ചു വച്ചോ അതവളറിഞ്ഞിരിക്കുന്നു..

" മദ്യത്തിന്റെ ലഹരിയിൽ മുങ്ങി അയാൾ അലറിയ നേരം ആ ചെകുത്താന്റെ നാവിൽ നിന്നു തന്നെ വീണു.... അജയേട്ടനെ കൊന്നു കടലിൽ തള്ളി എന്ന്.......... "

ശിലകണക്കെ ഉറച്ചു പോയ എന്റെ മിഴികളിൽ നിന്നും കണ്ണുനീരൊഴുകി ഇറങ്ങുന്നുണ്ടായിരുന്നു... എന്ത് പറയണം എന്നെനിക്കയില്ലായിരുന്നു.... എങ്കിലും അവർ തുടർന്നു..
" എന്റെ മോൾ പാവമാ..മോനെ.. . മോനെന്ന് പറഞ്ഞാൽ അവൾ ചാവും.... മോനറിയുവോ എല്ലാം അറിഞ്ഞും എന്റെ മോളെന്നോട് എന്താ പറഞ്ഞതെന്ന്...... നന്ദുവേട്ടൻ ഒന്നും അറിയരുതെന്ന്.... ഇന്നും ആ പാവം അച്ഛനെ അന്വേഷിച്ചു നടക്കുവാനെന്നു...... "

ഇരുമ്പ് ദണ്ഡിൽ തലവച്ചവർ കരഞ്ഞു തീർക്കുമ്പോഴും ഞാൻ അനങ്ങിയില്ല.. എന്റെ ജീവൻ പതിയും അന്നേരം നഷ്ടപ്പെട്ടിരുന്നു...

" അച്ഛനെ കണ്ടു പിടിക്കാം എന്ന് നന്ദുവേട്ടൻ വാക്കു കൊടുത്തതാണെന്നു... ആ പാവം ഒന്നും അറിയേണ്ടന്നു ......"

ഒന്നു ഉച്ചത്തിൽ കരയാൻ പോലും ആകാതെ ഞാൻ അവിടെ നിന്നുരുകുക ആയിരുന്നു.. സമയം കഴിഞ്ഞെന്നാരോ വന്നു പറയുമ്പോഴും എന്നെ നോക്കി അവർ കടന്നു പോകുമ്പോഴും ഒന്നും എനിൽ ജീവനുണ്ടായിരുന്നതായി കൂടി എനിക്കന്നു തോന്നിയില്ല....

===***===**====**==
ഇന്ന് എന്റെ ജീവിതം എന്റെ ദേവൂട്ടിക്കു വേണ്ടിയാണ്.. ആ മിഴികൾ നിറയാതിരിക്കാൻ വേണ്ടിയാണ്.....

ഇന്നവൾക്കെല്ലാം അറിയാം... എന്റെ മനസും.. എനിക്കൊന്നും ഇനിയും അറിയില്ലെന്ന തോന്നൽ അവളിലും എല്ലാം അറിഞ്ഞെന്ന സത്യം എനിലും മാത്രം ഒതുങ്ങി നിൽക്കും..

എന്റെ ദേവുവിന്റെ ജീവിതം അനന്ദു എന്ന എന്നിൽ മാത്രം ഒതുങ്ങുന്നതാണെന്നു ഞാൻ ഇന്ന് തിരിച്ചറിഞ്ഞിരിക്കുന്നു....

ഈ ചെറിയ ദിവസങ്ങൾക്കുള്ളിൽ ഒരു പെണ്ണിന് നമ്മളെ എത്രത്തോളം മാറ്റിയെടുക്കാം എന്ന് ഞാൻ അറിഞ്ഞു.... ഒരാൾക്ക് മറ്റൊരാളോട് തോന്നുന്ന ആത്മാർത്ഥ സ്നേഹത്തിന് ഒരിക്കലും അറുതി ഇന്നെന്ന് ഞാൻ തിരിച്ചറിഞ്ഞു. എല്ലാം എന്റെ ദേവൂട്ടി മൂലം..

ഇനി എന്റെ ദേവുവിന് സങ്കടങ്ങൾ ഒന്നുമില്ല.. ഇനി ഉണ്ടായാൽ തന്നെ അതിനുള്ള മരുന്നെന്റെ സ്നേഹം ആണ്..

ഇനി എനിക്കെന്റെ ദേവൂട്ടിയെ സ്നേഹിക്കണം. മറ്റാർക്കും കൊടുക്കാത്തത്ര സ്നേഹം കൊണ്ടവളെ മൂടണം... പക്ഷെ എത്ര സ്നേഹം കൊടുത്തു അവളെ വീർപ്പുമുട്ടിച്ചാലും ഒരേഴു ജന്മം വരെ സൂക്ഷിക്കാൻ ഉള്ള സ്നേഹം എന്ന് എന്റെ ദേവുവിന്റെ ഉള്ളിൽ ഉണ്ടാകും....

ഇനി കാലങ്ങൾ കാത്തിരിക്കുന്ന സന്തോഷങ്ങൾക്കായി അവളെന്റെ ദേവുട്ടിയായും ഞാൻ അവളുടെ നന്ദുട്ടനായും മാറി ഇരിക്കുന്നു........ എല്ലാം നല്ലതിനെന്ന ചിന്തയോടെ...... !!!!!!

ദൈവത്തിന് നന്ദി !!!!!

www.kambistories.com

അവസാനിച്ചു

ദേവനന്ദ ഇവിടെ അവസാനിക്കുകയാണ്.... ഇതിൽ കൂടുതൽ എന്നിൽ ഉണ്ടെന്നു ഞാൻ കരുതില്ല. ദേവനന്ദ എന്റെ മാക്സിമം ആണ്...

ഇതുവരെയും ഓരോ ഭാഗങ്ങളും കാത്തിരുന്നു ക്ഷമ നശിച്ചിട്ടും ഇത്തിരി പോലും പിണക്കം കാട്ടാതെ എന്നെ സപ്പോർട്ട് ചെയ്ത എല്ലാ സുഹൃത്തുക്കൾക്കും നന്ദി.

ഒരേ ഒരു വിഷമം മാത്രം.. സ്വന്തം സൃഷ്ട്ടി മറ്റൊരാളുടെ പേരിൽ മറ്റൊരിടത്തു കണ്ടപ്പോൾ തോന്നിയ വിഷമം മാത്രം. ഈ ഭാഗവും മറ്റൊരിടത്തും ഞാൻ പ്രസിധീകരിക്കുന്നില്ല. മോഷണം ആവാം പക്ഷെ അതിലും കുറച്ചു നിലവാരം പുലർത്തു....

എങ്കിലും ആരോടും പരാതികൾ ഒന്നും ഇല്ല.

എല്ലാവരോടും സ്നേഹം മാത്രം...

ദേവാനന്ദയോടൊപ്പം ഈ കലയാളവത്രയും ഒപ്പം സഞ്ചരിച്ച ദേവൂട്ടിയെ നെഞ്ചിലേറ്റിയ എല്ലാവർക്കും നന്ദി.....

Vishnu_Villy | www.kambistories.com